*The Forgotten Command:*

# BE HOLY

WILLIAM MACDONALD

Malayalm Translation

**Parayil Publications**

P.O.Box.5, Kallissery,

Kerala, India-689124

വിസ്മരിക്കപ്പെട്ട കല്പന:

# വിശുദ്ധരായിരിപ്പീൻ

(മലയാള വിവർത്തനം)

വില്യം മാക്ഡോണാൾഡ്

# VISMARIKKAPETTA KALPANA: VISUDHARAYIRIPPIN

Malayalam Translation

By

William MacDonald

Copy Right: To Publisher

First Published December 2005

Ist Impression : 1000

Printed at : Puthethu Offset Printers, Kallissery.
Phone: 0479-2426561

Price: Rs. 120

# പ്രസാധകക്കുറിപ്പ്

ആംഗലേയ ക്രിസ്തീയ സാഹിത്യ മണ്ഡലത്തിലെ അറിയപ്പെടുന്ന വേദവ്യാഖ്യാതാവും ബ്രദറൺ സഭാ മണ്ഡലത്തിലെ മികവുറ്റ വേദാദ്ധ്യാപകനുമായ ശ്രീ വില്യം മാക്ഡൊണാളിന്റെ "ബിലീവേഴ്സ് ബൈബിൾ കമന്ററി"യുടെ പുതിയനിയമ മലയാള വിവർത്തനം 2002 ജൂലൈയിൽ ദൈവത്തിന്റെ കൃപയാൽ പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. അതിന്റെ പഴയനിയമവിവർത്തനവും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

ദൈവത്തേയും ദൈവമക്കളേയും സ്നേഹിച്ച് നമ്മുടെ കർത്താവിനെ സേവിക്കുന്ന അനേകം വിശുദ്ധന്മാർ ഈ ഭൂതലത്തിൽ ഉണ്ട്. അവർക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എന്നാൽ,

"നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ, ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്നുള്ള ദൈവീക കല്പന മറന്നുപോയെന്ന് ചിന്തിക്കുവാൻ പ്രേരിപ്പിക്കത്തക്കവണ്ണം സഭാവ്യത്യാസമെന്യേ ഭൂരിപക്ഷം വിശ്വാസികളും തങ്ങളുടെ ജീവിതം തുടരുന്നതിനാൽ പല ദൈവമക്കളും ദുഃഖിക്കാറുണ്ട്. നമുക്കു ലഭിക്കുന്ന ചില ക്രിസ്തീയ വാരികകളും മാസികകളും മറ്റു പല പ്രസിദ്ധീകരണങ്ങളും വായിക്കുമ്പോൾ ഇത് നമുക്ക് മനസ്സിലാക്കാവുന്നതാണ്. പോരുവിളികളും, പഴിചാരലും, നീതീകരിക്കലും ഒക്കെ ഇതിൽ ഉൾപ്പെടുന്നു. തങ്ങളുടെ പ്രവർത്തനങ്ങളും കഴിവുകളും മറ്റുള്ളവരേക്കാൾ ഏറ്റവും മെച്ചമെന്ന് ബോദ്ധ്യപ്പെടുത്തുവാൻ സഹായിക്കുന്ന സ്വന്ത പ്രസിദ്ധീകരണങ്ങളും കുറവല്ല. അക്രൈസ്തവരോട് സുവിശേഷം പറയുന്ന സദസ്സിൽപോലും സഹോദരന്മാരെ പോർവിളിക്കുന്ന സാഹചര്യങ്ങളും ഉണ്ടാകുന്നുണ്ട്. ഞായറാഴ്ച കർത്താവിനെ ഓർക്കുവാനും ആരാധിപ്പാനും കൂടി വരുമ്പോൾ ദൈവഭയമില്ലാതെ ചെറിയ കാര്യങ്ങൾ മൂലം ശണ്ഠയിടു

കയും ഒച്ചപ്പാടുകൾ സൃഷ്ടിക്കുകയും ചെയ്ത് ദൈവത്തെ അപമാനിക്കുന്ന ഒരുകൂട്ടം ക്രിസ്ത്യാനികളെ ചുറ്റുപാടുമുള്ള അവിശ്വാസികൾ കാണുവാനും കേൾക്കുവാനും ഇടയാകുന്നു. തൻമൂലം അവരോട് കർത്താവിന്റെ മഹത്വമുള്ള സുവിശേഷത്തിന് സാക്ഷികളായിരിപ്പാൻ ഈ വിശ്വാസികൾക്ക് കഴിയാതെ പോകുന്നു. അതുപോലെ, മറ്റൊരുകൂട്ടം വിശ്വാസികൾ "ജീവനത്തിന്റെ പ്രതാപം" (Pride of Life) മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നത് കാണുമ്പോൾ "ലോകത്തെയും, ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്" എന്ന ദൈവവചനം അവർ ത്യജിച്ചിരിക്കുന്നു എന്ന് ബോധ്യം ആകും. ഇതിൽ ദൈവവചന പാണ്ഡിത്യം ഉള്ളവരും ഉൾപ്പെടുന്നു.

ഇങ്ങനെയുള്ള കാര്യങ്ങൾ വായിക്കുകയും കേൾക്കുകയും കാണുകയും ചെയ്തപ്പോൾ എനിക്ക് വളരെ ഹൃദയഭാരം ഉണ്ടാകുകയും ദൈവസന്നിധിയിൽ മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. ആ അവസരത്തിലാണ് ശ്രീ വില്യം മാക്ഡൊണാളിന്റെ "The Forgotten command. BE HOLY" എന്ന പുസ്തകം വായിക്കാനിടയായത്. നമ്മുടെ ക്രിസ്തീയ ജീവിതം എങ്ങനെയായിരിക്കണം. കർത്താവ് നമ്മെക്കുറിച്ച് എന്താണ് ആഗ്രഹിക്കുന്നത്; ഏതു സാഹചര്യങ്ങളിൽ നമ്മുടെ സാക്ഷ്യം നഷ്ടപ്പെടാം; എങ്ങനെ നമുക്ക് വിശുദ്ധജീവിതം നയിച്ച് കർത്താവിന്റെ സാക്ഷികളായി ജീവിക്കാം; ഇങ്ങനെ വളരെ പ്രാധാന്യമുള്ള വിഷയങ്ങൾ ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇത് മലയാളത്തിൽ വിവർത്തനം ചെയ്ത് വിശ്വാസികൾക്ക് ലഭ്യമാക്കണമെന്ന ഒരു ആഗ്രഹം കർത്താവ് എനിക്കു നല്കി. തന്മൂലം ഗ്രന്ഥകർത്താവ് അതിനുള്ള അനുവാദം വളരെ സന്തോഷത്തോടുകൂടി എനിക്ക് തരികയും ചെയ്തു. അദ്ദേഹത്തിന്റെ ജീവിതത്തെ അല്പം അടുത്ത് പരിചയപ്പെടുവാൻ ദൈവം എനിക്ക് കൃപ ചെയ്തു. തന്റെ ജീവിത രീതിയും സ്വഭാവവിശേഷതകളും ദൈവത്തോടുള്ള ഭക്തിയും, സ്നേഹവും, താഴ്മയും, ദൈവവചനത്തോടുള്ള അനുസരണവും, ലോകാഡംബരങ്ങളോടുള്ള വിരക്തിയും മറ്റും മനസ്സിലാക്കുമ്പോൾ, ഈ പുസ്തകം രചിക്കുവാൻ ഏറ്റവും യോഗ്യനായ കർത്താവിന്റെ ദാസൻ അദ്ദേഹം തന്നെയാണെന്ന് പറയുവാൻ കഴിയും. താൻ പ്രസംഗിക്കുന്ന കാര്യങ്ങൾ

ജീവിതത്തിലൂടെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്ന ഒരു ദൈവ ദാസനാണ് അദ്ദേഹം. എൺപത്തെട്ട് കഴിഞ്ഞെങ്കിലും, ശരീരത്തി ലുള്ള ബലഹീനതകളോടെ,. അദ്ദേഹം ഇപ്പോഴും കർത്താവിന്റെ വേലയിൽ തുടരുന്നു.

ഈ പുസ്തകത്തിന്റെ വിവർത്തനം ഏറ്റവും ശ്രദ്ധയോടുകൂടി ചെയ്തു തന്ന സഹോദരന്മാരായ ഷിബു കെ. പോൾ, M.Th, കോശി കെ. പോൾ M. Div. കൈയ്യെഴുത്തു പ്രതികൾ വ്യക്തമായി എഴുതി സഹായിച്ച സഹോദരി ജോയ്സ് ഷിബു പോൾ എന്നിവരോടും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഇതിന്റെ എഡിറ്റിംഗ് വളരെ വേഗത്തിൽ ചെയ്തു തന്ന സഹോദരൻ ജിജോയ് മൈനാഗപ്പള്ളി യോടും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. പുസ്തകത്തിന്റെ ഡി. റ്റി. പി, പ്രൂഫ് റീഡിംഗ് ഇതെല്ലാം കൃത്യമായി ചെയ്യിച്ച് ഇതിന്റെ പിന്നിൽ അങ്ങേയറ്റം അദ്ധ്വാനിച്ച എന്റെ ജ്യേഷ്ഠസഹോദരൻ പി. റ്റി. എബ്രഹാം കല്ലിശ്ശേരിയുടെ നിസ്വാർത്ഥമായ അദ്ധ്വാനങ്ങൾക്ക് ദൈവം പ്രതിഫലം നല്കാതിരിക്കുകയില്ല. ഈ പുസ്തകം ചന്ത മായും ഉചിതമായും തക്കസമയത്ത് അനുവാചകർക്ക് എത്തിച്ചു കൊടുക്കുവാൻ ഇടയായത് പുത്തേത്ത് ഓഫ്സെറ്റ് പ്രിന്റേഴ്സ് കല്ലിശ്ശേരിയുടെ അശ്രാന്ത പരിശ്രമത്താലാണ്. അതിന്റെ ഭാരവാ ഹികളോടുള്ള ഞങ്ങളുടെ നന്ദിയും ഇത്തരുണത്തിൽ പ്രകാശി പ്പിച്ചു കൊള്ളുന്നു.

ഈപുസ്കം വായിക്കുന്ന വിശ്വാസികൾ തങ്ങളുടെ ജീവി തത്തെ ശോധന ചെയ്യുവാനും ഒരു വിശുദ്ധ ജീവിതം കർത്താവി ന്റെ ഹിതപ്രകാരം ചെയ്യുവാനും സർവ്വശക്തൻ സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്താവിന്റെ പാദത്തിൽ സമർപ്പിക്കുന്നു

പ്രസാധകൻ

**റ്റോം തോമസ്**

**കാനഡ**

# ആമുഖം

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നു പറയുകയും നാശ ഗർത്തത്തിൽ പതിക്കുകയും ചെയ്യുന്നവരുടെ സംഖ്യ നമ്മെ ഞെട്ടിപ്പിക്കുന്നു. വിശ്വാസപൂർണ്ണതയിൽ ആരംഭിച്ച അവരുടെ ജീവിതം ശരിയായ പാതയിലാണെന്ന് ആദ്യം നമുക്ക് തോന്നും. എന്നാൽ പാപത്തിൽ വീണ് കീർത്തിക്ഷയം സംഭവിച്ച് നിറം മങ്ങിപ്പോകുന്ന അവസ്ഥയിലാണ് അവരിൽ പലരും. ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്ന എല്ലാവരും രക്ഷയുടെ മാഹാത്മ്യം മനസ്സിലാക്കിയവരല്ല. ശരിയായി രക്ഷിക്കപ്പെട്ടവരുടെ ഇടയിലും ഈ അത്യാഹിതം തന്നെ സംഭവിക്കുന്നു.

ഒരു വ്യക്തി പാപത്തിൽ വീണു കഴിഞ്ഞാൽ ക്രിസ്തീയ പ്രവർത്തനങ്ങളിൽ നിന്നും വിരമിച്ച് ജീവിതം പാഴാക്കുന്നത് സർവ്വസാധാരണമാണ്. പാപത്തെ ഏറ്റുപറഞ്ഞ് അനുതപിച്ചതിനു ശേഷവും കാർമേഘത്തിൽ മറഞ്ഞിരിക്കുന്നതിനാണ് അവൻ ആഗ്രഹിക്കുന്നത്. സാക്ഷ്യം നഷ്ടപ്പെട്ട ധാരാളം വ്യക്തികളെ നമ്മുടെ സഭയിലും കാണുന്നു. എന്നാൽ ദൈവത്തിന്റെ പക്കൽ ധാരാളം പാപമോചനവും ക്ഷമയുമുണ്ട്. ഒടിഞ്ഞ ചിറകുള്ള പക്ഷിക്ക് വീണ്ടും ഉയരങ്ങളിലേക്ക് സഞ്ചരിക്കുവാൻ കഴിയും. വെട്ടുക്കിളികൾ തിന്ന സംവത്സരങ്ങൾ ദൈവത്തിന് യഥാസ്ഥാനപ്പെടുത്തുവാൻ സാധിക്കും. എന്നാൽ ദൈവം നല്കുന്ന ക്ഷമ (മാപ്പ്) ജീവിതത്തിൽ എങ്ങനെ പ്രായോഗികമാക്കുവാൻ സാധിക്കും എന്നുള്ളതിനെപ്പറ്റി

പലരും അജ്ഞരാണ്. ജീവിതത്തിൽ പാപം ഏറ്റു പറയുമെങ്കിലും ദൈവം ക്ഷമിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ പലരും പ്രയാസപ്പെടുന്നു. പാപമോചനത്തെപ്പറ്റി മനസ്സിലാക്കാത്തവർ ഒരുപക്ഷേ പരാജയപ്പെട്ട ക്രിസ്ത്യാനിയായി ജീവകാലം ചെലവഴിക്കുന്നു.

സമൂഹത്തിൽ പരാജയം അനുഭവിക്കുന്നവർക്കുവേണ്ടിയാണ് ഈ പുസ്തകത്തിന്റെ രചനകൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ യഥാർത്ഥ വിശ്വാസികളെ നേർവഴിയിലേക്ക് നയിക്കുവാനും ഈ പുസ്തകം സഹായിക്കും. ജീവിതാനുഭവങ്ങൾ വളരെ ചെലവുള്ള ഒരു പാഠശാലയാണ്. ദൈവവചനത്തിൽനിന്നും യഥാർത്ഥമായി പഠിക്കുവാൻ തയ്യാറായാൽ ജീവിതത്തിലെ കഠിനമായ പാഠങ്ങൾ നാം പഠിക്കേണ്ടിവരുകയില്ല. ദൈവവചനം അനുസരിക്കുന്നതു കൊണ്ട് ഒരു വിശുദ്ധജീവിതത്തിലെ എല്ലാ അനുഗ്രഹങ്ങളും നേടിയെടുക്കുവാനും പാപത്തിന്റെ അനന്തരഫലങ്ങൾ ഒഴിവാക്കുവാനും സാധിക്കും. അപമാനത്തിലും ലജ്ജയിലുംകൂടെയല്ല നാം ദൈവവചനസത്യങ്ങൾ പഠിക്കേണ്ടത്.

ഗ്രന്ഥകർത്താവ്

# ഉള്ളടക്കം

ഗ്രന്ഥകർത്താവിന്റെ ആമുഖം

അദ്ധ്യായങ്ങൾ

1. ക്രിസ്തുവിന്റെ സാദൃശ്യം
2. ക്രിസ്തുവിന് അപമാനം വരുത്തുന്നവർ
3. യേശുക്രിസ്തുവിനെ ഓർക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നവർ
4. എന്തുകൊണ്ട് വിശുദ്ധി പ്രാപിക്കണം ?
5. ശുദ്ധീകരണത്തിന്റെ ചതുർഭാവങ്ങൾ
6. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം
7. ദൈവത്തിന്റെ ഭാഗം - നമ്മുടെ ഭാഗം
8. മനുഷ്യരെ എങ്ങനെ വിശുദ്ധരാക്കാം ?
9. ക്രിസ്തീയ പെരുമാറ്റത്തിന്റെ പ്രമാണങ്ങൾ
10. വസ്തുതകളെ ശരിയായി മനസ്സിലാക്കുക
11. ആത്മാവിൽ നിറയുക - വിജയത്തിലേക്കുള്ള മാർഗ്ഗം
12. ഇരു രാജ്യങ്ങൾ
13. പാപത്തിന്റെ ശരീരഘടനയും മാനസ്സാന്തരവും
14. സാന്മാർഗ്ഗിക വിശുദ്ധിയുടെ വിസ്തൃതി
15. സ്വവർഗ്ഗസംഭോഗം എന്ന പാപം

16. മന:സാക്ഷി-അന്തർസ്ഥിതമായ മദ്ധ്യസ്ഥൻ
17. ഒരുവൻ ചിന്തിക്കുന്നതുപോലെ
18. ശരിയായ വിധത്തിലുള്ള ധ്യാനം
19. നാവിനെ മെരുക്കുക
20. ഞങ്ങളുടെ പരദൂഷണങ്ങളെ ഞങ്ങളോട് ക്ഷമിക്കണമേ
21. ക്ഷോഭിക്കുന്ന സാഹചര്യങ്ങൾ
22. ഞാൻ എന്തു വസ്ത്രം ധരിക്കണം?
23. സത്യം സംസാരിക്കേണ്ടതിന്
24. സദാചാരപ്രതിസന്ധികൾ
25. കർത്താവേ! എന്നെ തകർക്കേണമേ....
26. ലഹരി പദാർത്ഥങ്ങളോട്..... വേണ്ട എന്നു പറയുക
27. ചൂതാട്ടം എന്ന തട്ടിപ്പ്
28. ജനന നിയന്ത്രണം - അനുകൂലവും പ്രതികൂലവും
29. വിശ്വാസിയും രാഷ്ട്രീയവും
30. സ്വയത്തിൽ വിഹരിക്കുന്നവർ - വഞ്ചകൻ
31. വിശുദ്ധിക്കായി സമയം എടുക്കുക
അന്തിമ വാക്ക്
End Notes

# അദ്ധ്യായം 1

## ക്രിസ്തുവിന്റെ സാദൃശ്യം

ക്രിസ്തുവിനെപ്പോലെ ആകുക എന്നതാണ് ഉന്നതമായ സ്വഭാവ സവിശേഷത. ഒരു വിശ്വാസിയോടുള്ള ബന്ധത്തിൽ മാതൃകാപരവും ആത്യന്തികവുമായ പൂർണ്ണതയാണത്. കർത്താവായ യേശുക്രിസ്തുവിനോട് സാദൃശ്യനായി തീരുന്നതിലുമപ്പുറം വിശ്വാസിക്ക് ആഗ്രഹിക്കുവാൻ മറ്റൊന്നില്ല. ആദരണീയവും അതുല്യവുമായ ആഗ്രഹത്തെയാണ് ഇതു സൂചിപ്പിക്കുന്നത്.

ഹെൻട്രി ഡ്രമ്മണ്ടിന്റെ വാക്കുകളിൽ "ക്രിസ്തുവിനെപ്പോലെ ആയിത്തീരുക എന്നതാണ് ഈ ലോകത്തിലെ ശ്രേഷ്ഠവും വിലയേറിയതുമായ ഒരേ ഒരു കാര്യം. ഈ മഹത്തായ ആഗ്രഹത്തെ ലംഘിച്ചുള്ള മറ്റേതു ശ്രമങ്ങളും പ്രയത്നങ്ങളുമെല്ലാം തികച്ചും അർത്ഥരഹിതവും അവിവേകവുമാണ്".

ഒരു കവി വ്യക്തമാക്കുന്നു.

*യേശുവെപ്പോലെയാകുക; യേശുവെപ്പോലെയാകുക*

*"അവനെപ്പോലെയാകുക" അതുമാത്രമാണെന്നപേക്ഷ*

*മണ്ണിൽ നിന്നു മഹത്വത്തിലേക്കുള്ള ജീവിതയാത്രയിൽ*

*"അവനെപ്പോലെയാകുക" അതു മാത്രമാണെന്നപേക്ഷ*

ദൈവവചനത്തിന്റെ സ്വാധീനത്താൽ ഹൃദയങ്ങളെ സ്പർശിക്കുവാൻ പ്രാപ്തമായ പ്രഭാഷണ പാടവവും, അദ്ധ്യാപനവരവുമൊക്കെയുള്ളവർ തങ്ങളുടെ കഴിവുകളിലും ശുശ്രൂഷകളിലും വളരെ സംതൃപ്തരാണെന്ന് എനിക്കുറപ്പുണ്ട്. എന്നാൽ ക്രിസ്തുവിനോട് സാദൃശ്യമായിത്തീരുക എന്നത് മറ്റേതു വരങ്ങളെക്കാളും അതിശ്രേഷ്ഠമായ ഒന്നാണ്. അതില്ലാതെ മറ്റെന്തുവരം ഉണ്ടായാലും അത് വെറുതെ മുഴങ്ങുന്ന ചെമ്പിനോ, ചിലമ്പുന്ന കൈത്താളത്തിനോ സമമാണ്. പ്രസംഗപീഠത്തെ കുലുക്കി സദസ്യരെ വാചകത്തിന്റെ മാസ്മരിക വലയത്തിലേക്കാനയിക്കുവാൻ കഴിയുന്ന ഒരു വ്യക്തി ഭവനത്തിൽ വളരെ ദുശ്ശാഠ്യമുള്ളവനായിരിക്കാം. ദൈവീക

പരമാധികാരത്താൽ ലഭിക്കുന്ന ഒന്നാണ് വരമെങ്കിൽ, വ്യക്തിപരമായി പ്രാപിക്കുന്ന കൃപയെ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ അഭിവൃദ്ധിപ്പെടുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.

ആത്മാക്കളെ നേടുന്ന മഹത്തായ വ്യക്തികളായിത്തീരാൻ അനേകർ ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ ജീവിതത്തിന്റെ പ്രധാന ലക്ഷ്യമായി ഇതിനെ മാറ്റിത്തീർക്കുവാനും ചിലർക്ക് സാധിച്ചിട്ടുണ്ട്. തന്മൂലം ശ്വാസോച്ഛ്വാസത്തിന്റെ പ്രാധാന്യം പോലും മറച്ചുവെച്ച് തിരക്കുള്ള സുവിശേഷീകരണത്തിൽ ഏർപ്പെടുന്ന അനേകരെ കാണാൻ സാധിക്കും, എങ്കിലും അവരിൽ പലരുടെയും ജീവിതം ഒരു വിശ്വാസിക്ക് അപമാനം വരുത്തുന്നതാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അത് ഒരു വിശ്വാസിക്ക് യോജിച്ചതാണോ അഥവാ അത്തരം ജീവിതത്തിന് പ്രാധാന്യം ഇല്ല എന്ന തോന്നലോ ഉണ്ടായേക്കാം.

കർത്താവ് അരുളിച്ചെയ്തു.

"എന്റെ പിന്നാലെ വരുവീൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" ഈ വാക്കുകളിൽ ശരിയായ കല്പനയ്ക്കും ശരിയായ മുൻഗണനയ്ക്കും പ്രാധാന്യം നൽകിയിരിക്കുന്നു. ക്രിസ്തുവിനെ അനുഗമിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവൻ ജീവിച്ചതുപോലെ ജീവിക്കുക. നമ്മെ മനുഷ്യരെ പിടിക്കുന്നവരാക്കി തീർക്കുന്നത് അവിടുന്നാണ്. ക്രിസ്തു സാദൃശ്യമായി തീരുന്നതിന്റെ സ്വാഭാവിക ഫലമാണ് 'ആത്മാക്കളെ നേടുക' എന്നുള്ളത്.

## ദൈവിക മുൻഗണന

യേശുക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപമായിത്തീരുക എന്നതാണ് തന്റെ ജനത്തെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ മുഖ്യലക്ഷ്യം. ക്രിസ്തുവിനെപ്പോലെ ആയിത്തീരുന്നവർ സ്വർഗ്ഗരാജ്യത്തിന് അവകാശികളായിരിക്കണം. അതുകൊണ്ടാണ് പിതാവായ ദൈവം യേശുവിൽ പ്രസാദിച്ചത്. നാം കർത്താവിനെ ദർശിക്കുകയാണെങ്കിൽ നാം അവിടത്തോട് സദൃശ്യരായിത്തീരും എന്നത് തീർച്ചയാണ്. എന്നാൽ ആ പ്രക്രിയ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണെങ്കിൽ ദൈവത്തിന് മഹത്വം വർദ്ധിക്കാൻ ഇടയാക്കും.

ഈ അനുഭവത്തിന് വിസ്മരിക്കാനാവാത്ത രണ്ട് ദൃഷ്ടാന്തങ്ങൾ കരോൾ മേയ്ഹാൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

വണ്ണം കുറയ്ക്കാൻ വ്യായാമ കേന്ദ്രത്തിൽപ്പോയ ഒരു സ്ത്രീയെക്കുറിച്ചാണ് ആദ്യദൃഷ്ടാന്തം.

വ്യായാമകേന്ദ്രത്തിലെ മേൽനോട്ടക്കാരൻ, ആ സ്ത്രീ ആയിത്തീരുവാൻ ആഗ്രഹിച്ച വലിപ്പത്തിൽ ഒരു നിഴൽ ചിത്രം അവിടെ സ്ഥാപിച്ചിരുന്ന കണ്ണാടിയിൽ വരച്ചു. വരച്ച രൂപത്തിന്റെ ഇരട്ടിയായിരുന്നു അവരുടെ യഥാർത്ഥ വലിപ്പം. "ഈ രൂപത്തിൽ നിങ്ങളായി തീരുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം" മേൽനോട്ടക്കാരൻ പറഞ്ഞു. ആ സ്ത്രീ, അനേകം ആഴ്ചകൾ ആഹാരം ക്രമീകരിച്ച് വ്യായാമത്തിൽ ഏർപ്പെട്ടു; എല്ലാ ആഴ്ചയിലും കണ്ണാടിയുടെ മുമ്പിൽ നിന്ന് വണ്ണം കുറയുന്നുണ്ടോ എന്ന് പരിശോധിക്കുമായിരുന്നു. എന്നാൽ അവരെ ദുഃഖിപ്പിച്ചുകൊണ്ട്, യാതൊരു വ്യതിയാനവും അവർക്ക് കാണാൻ സാധിച്ചില്ല. എങ്കിലും പ്രതീക്ഷ കൈവിടാതെ കൂടുതൽ സമയമെടുത്ത് കഠിന വ്യായാമ മുറകൾ ഓരോന്നായി ചെയ്തു. ഭക്ഷണം വളരെ കുറച്ചു..... അവസാനം ഏവരെയും വിസ്മയഭരിതരാക്കികൊണ്ട്, കണ്ണാടിയിൽ വരച്ചിട്ട ചിത്രത്തിന്റെ വലിപ്പത്തിലായിത്തീർന്നു അവരുടെ ശരീരം.

രണ്ടാമത്തെ ദൃഷ്ടാന്തം- ഒരു കരിങ്കൽ കഷണത്തിൽനിന്ന് വളരെ മനോഹരമായി, ഒരു സിംഹത്തിന്റെ പ്രതിമ കൊത്തിയുണ്ടാക്കിയ ഒരു ശില്പിയെക്കുറിച്ചാണ്. എങ്ങനെയാണ് ഈ കലാസൃഷ്ടികളുടെ പിറവിയെന്ന ചോദ്യത്തിന് ഉത്തരം "വലിയപ്രയാസമില്ലായിരുന്നു ഇത് വളരെ എളുപ്പമായിരുന്നു" "ഒരു സിംഹത്തിന് ഇല്ലാത്ത ഭാഗങ്ങളൊക്കെ ആ കരിങ്കൽ കഷണത്തിൽ നിന്നും ഞാൻ നീക്കിക്കളഞ്ഞു". എന്നായിരുന്നു ശില്പിയുടെ മറുപടി.

ഒരു പൂർണ്ണമനുഷ്യന്റെ രൂപത്തിലായിത്തീരുന്നതുവരെ ദൈവം എപ്രകാരം നമ്മെ പണിയുന്നു രൂപഭംഗിയുള്ളതാക്കുന്നു എന്നുള്ള വസ്തുതകൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ വിചിന്തനം ചെയ്യാം. തുടർന്നു വായിക്കുമ്പോൾ നമ്മുടെ പ്രാർത്ഥന ഇതായിരിക്കട്ടെ.

"എന്റെ കർത്താവും രക്ഷിതാവുമായ യേശുവേ,
സദാസമയം ഞാനങ്ങയോടൊപ്പം ആയിരിക്കട്ടെ
സദാസമയം ഞാനങ്ങയുടേത് മാത്രം എന്നറിയപ്പെടട്ടെ
എന്റെ എല്ലാ സംസാരത്തിലും പെരുമാറ്റത്തിലും
എല്ലായ്പ്പോഴും ഞാനങ്ങയുടേത് മാത്രം എന്നറിയപ്പെടട്ടെ".

## അദ്ധ്യായം 2

# ക്രിസ്തുവിന് അപമാനം വരുത്തുന്നവർ

ഈ ഭൂമിയിൽ ഓരോ ക്രിസ്ത്യാനിയും യേശുക്രിസ്തുവിനെ പ്രതിനിധീകരിക്കേണ്ടവരാണ്. ക്രിസ്തു ആരായിരുന്നു എന്ന് ജീവിതത്തിലൂടെ വെളിപ്പെടുത്തുകയും, രക്ഷിതാവിനെ മാതൃകയാക്കുകയും ചെയ്യേണ്ടത് നിവർത്തിക്കപ്പെടേണ്ട ഒരു ഉത്തരവാദിത്തമാണ്.

ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാണ് നാം ഓരോരുത്തരും. ഒരു വ്യക്തി തന്നെത്താൻ വെളിപ്പെടുത്താനുള്ള മാർഗ്ഗമാണ് ശരീരം. ക്രിസ്തു തന്നെത്താൻ വെളിപ്പെടുത്താൻ തിരഞ്ഞെടുക്കുന്ന ഒരേ ഒരു മാർഗ്ഗമാണ് അവന്റെ ശരീരമായ സഭ.

ഈ വസ്തുത നമ്മോടൊരു ചോദ്യത്തെ ഉയർത്തുന്നു. "ക്രിസ്തുവിനെക്കുറിച്ചുള്ള ഏതുതരത്തിലുള്ള ചിത്രമാണ് മറ്റുള്ളവർക്ക് എന്നിൽനിന്ന് ലഭിക്കുന്നത്" അഥവാ, ഞാൻ ഏതു രീതിയിലാണ് ക്രിസ്തുവിനെ വെളിപ്പെടുത്തുന്നത്. നാം സ്വയം ചോദിക്കുക. "എന്റെ ആത്മാവേ, മറ്റുള്ളവർ എന്നിൽ കൂടെ എങ്ങനെയാണ് ക്രിസ്തുവിനെ കാണുന്നത്, അവർ എന്താണ് കാണുന്നത്?

ആരോ ഒരാൾ ഇതിന് മറ്റൊരു വിശദീകരണം നൽകിയിട്ടുണ്ട്. ദൈവത്തിന് സ്വന്തം പേരല്ലാതെ മറ്റു ചില പേരുകളുണ്ട്. അബ്രഹാമിന്റെ - യിസ്ഹാക്കിന്റെ - യാക്കോബിന്റെ ദൈവം. "ദൈവം അവരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല" (എബ്രാ. 11:16b). അങ്ങനെയെങ്കിൽ "എന്റെ പേരു ചേർത്ത് തന്റെ നാമം ഉച്ചരിക്കുന്നതിൽ ദൈവം മടിക്കുന്നുണ്ടോ? ചാൾസ് സ്വിൻഡോൾ വ്യക്തമാക്കുന്നു:

ഒരു കടൽകാക്ക വെള്ളത്തിനടിയിൽ കിടക്കുന്ന ഒരു മത്സ്യത്തെ കൊത്തിയെടുക്കാൻ വളരെ സൂക്ഷ്മതയോടെ, നിശ്ചലമായി പഴുതുനോക്കി നിൽക്കുന്നതുപോലെ മുഴുലോകത്തിന്റെയും സൂക്ഷ്മനിരീക്ഷണത്തിന് വിധേയരാണ് നാം ഓരോരുത്തരും. ഒരു വിശ്വാസി വളരെ ശക്തമായ മേൽനോട്ടത്തിലാണ് കഴുകൻകണ്ണുകളെക്കാൾ ശക്തിയുള്ള ദർശനേന്ദ്രിയങ്ങൾ നമ്മെ പിൻതുടരുന്നുണ്ട്.

ഇത് പ്രഥമമായ പരീക്ഷണ ഘട്ടമാണ്. നാം നമ്മുടെ രക്ഷിതാവിനെക്കുറിച്ചും അവൻ തരുന്ന നിത്യജീവനെക്കുറിച്ചും വിശദീകരിക്കുമ്പോൾ, കേൾക്കുന്ന ഓരോരുത്തരും നമ്മുടെ ജീവിതത്തിൽ കാണുന്നപ്രവൃത്തികളുമായി താരതമ്യപ്പെടുത്തിയെ അതു സ്വീകരിക്കുവാൻ തയ്യാറാകൂ. പറയുന്ന കാര്യങ്ങളും പ്രവർത്തികളും തമ്മിൽ സാദൃശ്യപ്പെടുത്തിനോക്കാൻ കഴിവുള്ളവരാണ് ശ്രോതാക്കൾ എന്നുള്ള സത്യം മറക്കേണ്ടാ.

## സ്നേഹിതരുടെ ഭവനത്തിൽവെച്ച് മുറിവേൽക്കുന്ന കർത്താവ്

ക്രിസ്തുവിന്റെ ശിഷ്യന്മാർ എന്ന് അറിയപ്പെടുന്നവരിൽ നിന്നാണ് അവൻ ഏററവും കൂടുതൽ അപമാനവും വേദനയും അനുഭവിക്കുന്നതെന്നുള്ള വസ്തുത വളരെ സങ്കടകരമാണ്. തന്റെ സ്നേഹിതന്മാരുടെ ഭവനത്തിൽ വച്ചാണ് ക്രിസ്തു മുറിവേറ്റുകൊണ്ടിരിക്കുന്നത്.. ജയിംസ് സ്പിങ്ക് ഇതിനെക്കുറിച്ച് പറയുന്നത്.

"ക്രിസ്ത്യാനിത്വത്തിന് അധികം ക്ഷതം ഏറ്റത് അതിന്റെ അനുഭാവികളിൽനിന്നുമാണ്. ലോകം എപ്പോഴും ക്രിസ്ത്യാനി എന്നു പറയുന്നവന്റെ പ്രവൃത്തികളുമായി ക്രിസ്ത്യാനിത്വത്തെ താരതമ്യപ്പെടുത്തിനോക്കുന്നു. കാരണം ക്രിസ്ത്യാനിത്വം ഒരുവന്റെ ജീവിതത്തിൽ തീർച്ചയായും കരണീയമായ മാറ്റങ്ങൾ സൃഷ്ടിക്കണം" ഹഡ്സൺ ടെയ്ലർ ഈ ആശയത്തോട് യോജിക്കുന്നു.

"ബൈബിൾ വിശ്വസിക്കുന്നു" എന്ന് അവകാശപ്പെടുന്ന ക്രിസ്ത്യാനികളുടെ ജീവിതത്തിലെ പൊരുത്തമില്ലായ്മ ശ്രദ്ധിച്ചാൽ ഒരിക്കലും അങ്ങനെ ഒരു പുസ്തകം നിലവിലില്ല എന്നു തോന്നും. ആജ്ഞേയവാദികളുടെ (എല്ലാം സംശയത്തോടെ വീക്ഷിക്കുന്നവർ) വളരെ ശക്തവുമായ വാദമാണിത്. യേശുക്രിസ്തുവിനെ തെറ്റായ രീതിയിൽ പ്രതിനിധീകരിക്കുന്നു എന്ന് വ്യക്തമാക്കുന്ന ധാരാളം ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഒരു ഭാരവണ്ടിയുടെ പിന്നിൽ ഒട്ടിച്ചിരുന്ന രണ്ടു ലേബലുകൾ ഈയിടെ കാണുകയുണ്ടായി. ആദ്യത്തേത് "ഞാൻ യേശുവിനെ സ്നേഹിക്കുന്നു" എന്നാൽ ഈ ആശയത്തിനു തികച്ചും എതിരായി ഒരു വാചകം രണ്ടാമത്തെ ലേബലിൽ കണ്ടു. "You toucha my car, I breaka your Face" അതായത് എന്റെ വണ്ടിയെ തൊട്ടാൽ നിന്റെ മുഖത്തെ ഞാനടിച്ചു ശരിയാക്കും."

പരസ്പര വിരുദ്ധമായ രണ്ട് വാചകങ്ങളുടെയും അർത്ഥം ഉടമസ്ഥൻ ശരിക്കും മനസ്സിലാക്കിയിട്ടില്ല എന്ന് വ്യക്തമാണ്.

കച്ചവട സമ്പ്രദായങ്ങളെക്കുറിച്ച് ജോർജ്ജ് ഡങ്കൻ അവതരിപ്പിക്കുന്ന കഥ ശ്രദ്ധേയമാണ്.

ക്രിസ്തീയ റേഡിയോ പ്രക്ഷേപണത്തിൽ തലേരാത്രിയിൽ ഏർപ്പെട്ടിരുന്ന ഒരു വ്യാപാരിയുടെ ജോലിക്കാരിയായിരുന്ന പെൺകുട്ടി അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രദ്ധിച്ചിരുന്നു. എന്നാൽ പ്രഭാതമായപ്പോൾ അദ്ദേഹം ഏറ്റവും ഈർഷ്യയാലും ദേഷ്യമനോഭാവത്തിലുമായിരുന്നു. അയാളുടെ ദേഷ്യം അവൾക്കും അനുഭവപ്പെട്ടു. ആ അനുഭവത്തോട ഓഫീസിൽനിന്ന വെളിയിലേക്കു പോയ അവൾ ഉള്ളിലേക്ക് വന്ന മറ്റൊരുവളോടു പറഞ്ഞു. "ഞായറാഴ്ച രാത്രിയിൽ യേശുവിന്റെ അടുത്തേക്ക് വരുക, തിങ്കളാഴ്ച രാവിലെ നരകത്തിലേക്ക് പോകുക".

ഒരിക്കൽ ഒരു വ്യാപാരി താൻ ചെയ്യാമെന്ന് ഏറ്റിരുന്ന കാര്യത്തിൽ അവിശ്വസ്തത കാണിച്ചപ്പോൾ അതു മൂലം സങ്കടം അനുഭവിക്കേണ്ടിവന്ന ഒരാൾ ചോദിച്ചു. "താങ്കൾ ഏതു തരത്തിലുള്ള സഭയിൽ ഉൾപ്പെട്ടആളാണ്? അപ്പോൾ അദ്ദേഹത്തിന്റെ മറുപടി "ഈ സംഗതിയിൽ സഭയെ ഉൾപ്പെടുത്തരുത്, ഇതിന് സഭയുമായി ബന്ധവുമില്ല. കാരണം ഇത് പൂർണ്ണമായും വ്യാപാരമാണ്". അത് ശരി തന്നെ, എന്നാൽ ഒരു ക്രിസ്തീയ സഭയിൽ ചേർന്നവന്റെ നീചമായ ജീവിതം തീർച്ചയായും ക്രിസ്തുവിന് അപമാനം വരുത്തും.

ഒരു പക്ഷെ, ഒരു നല്ല സാക്ഷ്യം ഉണ്ടാക്കിയെടുക്കാൻ അവൻ ഇരുപതുവർഷം കഷ്ടപ്പെട്ടുകാണും, എന്നാൽ അത് നശിപ്പിക്കാൻ ഇരുപതു സെക്കന്റുപോലും എടുത്തില്ല.

പ്രസിദ്ധിയാർജിച്ച ഒരു സിനിമാ നടനോ, നടിയോ "രക്ഷിക്കപ്പെട്ടു" എന്ന് അവകാശപ്പെടുമ്പോൾ ദേശത്തിന്റെ മുക്കിലും മൂലയ്ക്കും ആ വാർത്ത അതിവേഗം പരക്കുന്നു. എന്നാൽ അത്തരത്തിലുള്ളവർ പഴയ ജീവിതരീതികൾക്കു വ്യത്യാസമായി ഒരു വിശുദ്ധജീവിതം നയിച്ചില്ലെങ്കിൽ അതും ഏവരും അറിയും. ഉദാഹരണത്തിന്, രക്ഷിക്കപ്പെട്ടശേഷം ഒരു അശ്ലീലചിത്രത്തിൽ അഭിനയിക്കുകയാണെങ്കിൽ ക്രിസ്തു തങ്ങളുടെ ജീവിതത്തിൽ ഒരു മാറ്റ

വും ഉണ്ടാക്കിയിട്ടില്ല എന്നു മനസ്സിലാക്കാം. ഇത്തരത്തിലൊരവസ്ഥയിലേക്കു കടന്നുവരാൻ മറ്റുള്ളവരും ആഗ്രഹിക്കില്ല.

അല്ലെങ്കിൽ ക്രിസ്തീയ സംഗീതജ്ഞന്മാരെ നിരീക്ഷിക്കാം.പലരും ശാരീരിക പ്രദർശനവും, ആധുനിക സംഗീതവും, അശ്ലീലച്ചുവയുള്ള ഗാനങ്ങളുമായി രംഗത്തെത്തുമ്പോൾ ഉയരുന്ന ഒരു ചോദ്യമുണ്ട്. ഇതാണോ ക്രിസ്ത്യാനിത്വം? അതോ കേവലം ലോകാനുകരണം ആണോ?

ഒരിക്കൽ ഒരു വാടകഗുണ്ട വലിയ ഒരു സുവിശേഷ റാലിയിൽ വെച്ച് മാനസാന്തരപ്പെട്ട വാർത്ത കാട്ടുതീ പോലെ പരന്നു. എന്നാൽ അദ്ദേഹം തന്റെ അധോലോകബന്ധങ്ങൾ തുടരുകയും അപകടകരമായ പ്രവർത്തികളിൽ ഏർപ്പെടുകയും ചെയ്തു. ആരോ ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ ഉത്തരം "യേശുവിനെ സ്വീകരിച്ചപ്പോൾ എന്റെ പഴയജീവിതത്തിൽനിന്ന് പിൻതിരിയണമെന്ന് ഒരിക്കലും ആരും എന്നോട് പറഞ്ഞുതന്നിട്ടില്ല. അതുമാത്രമല്ല, ക്രിസ്തീയ ഫുട്ബോൾ കളിക്കാരൻ , ക്രിസ്തീയ രാഷ്ട്രീയക്കാർ എന്നൊക്കെയുള്ളപ്പോൾ എന്തുകൊണ്ട് ക്രിസ്തീയ ഗുണ്ടയായി എനിക്കു ജീവിച്ചുകൂടാ?" അവസാനം ക്രിസ്ത്യാനിത്വത്തെ താൻ തള്ളിക്കളയുകയുണ്ടായി.

യേശുക്രിസ്തുവിനെ ഒരു സമ്പന്നനെപ്പോലെ സകല അലങ്കാരങ്ങളോടും ആഭരണങ്ങളോടും കൂടെ അവതരിപ്പിക്കുന്ന ക്രിസ്ത്യാനികളുമുണ്ട്. ദരിദ്രനായി വളർന്ന എന്റെ നസ്രേത്തിലെ സ്നേഹിതനോടു ഒരു രൂപസാദൃശ്യവും ഇല്ലാത്തരീതിയിലാണ് അവരുടെ പ്രകടനം.

## ക്രിസ്തീയ കൊള്ളക്കാരെ സൂക്ഷിക്കുക

കൊട്ടാരസമാനമായ കെട്ടിടങ്ങളിൽ താമസിക്കുന്നവരും വലിയ കാറുകളിൽ യാത്രചെയ്യുന്നവരുമായ റേഡിയോ, ടെലിവിഷൻ സുവിശേഷ പ്രഭാഷകരേയും, ഭിക്ഷാടനസംഘടനകളേയും മറക്കരുത്. ഈ കളികളെല്ലാം എന്തിനുവേണ്ടിയാണെന്ന് ഒരു ബുദ്ധിമാനായ പത്രപ്രവർത്തകന് വെളിപ്പെടുത്തുവാൻ സാധിക്കും. അങ്ങനെ ക്രിസ്ത്യാനിത്വം ചെളിയിൽ പുരളപ്പെടുന്നു.

നീന്തൽ കുളങ്ങളുടേയും മനോഹര പൂന്തോട്ടങ്ങളുടേയും അകമ്പടിയോടുകൂടി വെർസായില്ലെസ് കൊട്ടാരത്തിന്റെ മാതൃകയിൽ പണികഴിപ്പിച്ച പന്ത്രണ്ടുമുറികളുള്ള ഒരു കൂറ്റൻ കെട്ടിടത്തിൽ താമസിക്കുന്ന പേരുകേട്ട ഒരു അമേരിക്കൻ ടെലിവിഷൻ സുവിശേഷ പ്രഭാഷകനെക്കുറിച്ച് ഒരു ലേഖകൻ രേഖപ്പെടുത്തുകയുണ്ടായി. കേവലം 'ഒരു വിശ്രമസ്ഥലം' എന്നുവിശേഷിപ്പിച്ച് അരമില്ല്യൻ ഡോളർ വിലയുള്ള 'ഒരു കൊട്ടാരം' ലോസ് ആഞ്ചലെസിൽ വേറൊരു പ്രസംഗകൻ വാങ്ങുകയുണ്ടായി. സമ്പന്നതയുടെ പ്രതീകമായ റോൾസ് റോയ്സും ജാഗ്വറും മെഴ്സിഡിസും അതോടൊപ്പം അയാൾക്കുണ്ട്.

ഉയർച്ചയുടെ ഉത്തുംഗത്തിൽ നേതാക്കന്മാരായി ചമഞ്ഞിരിക്കുന്ന എത്രയോ ക്രിസ്തീയ നായകന്മാർ ലൈംഗിക അപവാദങ്ങളിൽ പെട്ടുഴലുന്ന സംഭവങ്ങൾ ശ്രവിക്കുമ്പോൾ ഹൃദയം പൊട്ടിപോകുമോ എന്നു തോന്നിപ്പോകുന്നു.

സ്വന്തം ഭാര്യയുമായിട്ടുള്ള വിവാഹബന്ധം വേർപെടുത്തി സ്വകാര്യ സെക്രട്ടറിമാരുടെ പിന്നാലെ പോയവരുടെ കഥകളും നമുക്കപരിചിതമല്ല. ഭർത്താക്കന്മാരെ വിട്ട് പരപുരുഷന്മാരോടൊപ്പം പോയിട്ടുള്ള സ്ത്രീകളുമുണ്ട്. ക്രിസ്തീയ ലോകത്തിന് ശരിയായ ഒരു ശുചീകരണ പ്രക്രിയ ആവശ്യമാണ്.

ക്രിസ്തീയ രാഷ്ട്രീയ പ്രവർത്തകന്മാരുടെ ലൗകീകഭാഷയും ദുഷ്ടന്മാരുമായിട്ടുള്ള കൂട്ടുകെട്ടും മറ്റും ക്രിസ്തുവിന്റെ പുണ്യനാമത്തിന് എത്രമാത്രം കളങ്കം ചാർത്തി കഴിഞ്ഞു എന്ന ചിന്ത മനസിനെ വല്ലാതെ നോവിക്കുന്നു. ദൈവനാമം ഇത്തരക്കാരിലൂടെ എത്രമാത്രം ദുഷിക്കപ്പെട്ടു എന്നത് വിവരണാതീതമാണ്. 'രക്ഷിക്കപ്പെട്ടു' എന്നവകാശപ്പെടുന്ന കുപ്രസിദ്ധരായ കുറ്റവാളികളുണ്ട്. ന്യായവിധിയിലെ പിഴവിനാലോ, വിശ്വാസികളുടെ സ്വാധീനത്താലോ ഇവർ ജയിൽമോചിതരായാൽ പിന്നെ സംഭവിക്കുന്നത് വ്യത്യസ്തമായ സംഗതികളാണ്. ചില ക്രിസ്തീയ സംഘടനകൾ ഇവരെ വല വീശിപ്പിടിച്ച് പണസമ്പാദനത്തിനുള്ള മാർഗ്ഗമായി പ്രസംഗിക്കുവാനും ഹൃദയസ്പർശിയായ സാക്ഷ്യങ്ങൾ പറയുവാനും അവസരങ്ങൾ കൊടുക്കുന്നു. കുറഞ്ഞ കാലഘട്ടത്തിനുള്ളിൽ തന്നെ അവരിൽ പലരും മുമ്പത്തേക്കാൾ വലിയ പാപകൂപത്തിലേക്ക് കൂപ്പുകുത്തി വീഴുന്നതും സാധാരണമായിരിക്കുന്നു.

പരീക്ഷകളിൽ ക്രിത്രിമത്വം കാണിക്കുന്ന ക്രിസ്തീയ വിദ്യാർത്ഥികളും അയൽക്കാരുമായി ശണ്ഠ കൂടുന്ന വീട്ടിലെ സ്ത്രീകളും, ക്ഷിപ്രകോപികളുമെല്ലാം വേദപുസ്തക നീതിശാസ്ത്രത്തിന്റെ മഹത്വത്തിന് അപകീർത്തി പരത്തുന്നവരാണ്. ക്രിസ്തുവിനോടു നിരക്കാത്ത ചെറുതോ വലുതോ ആയ ഏതു സംഭവങ്ങളും അവന്റെ ശത്രുക്കൾക്ക് അവനെ ദുഷിക്കുവാനുള്ള കാരണങ്ങളായിത്തീരും. മാതൃക കാണിക്കാത്ത നായകന്മാർ രക്ഷിക്കപ്പെടാത്തവരെക്കൊണ്ട് ഇപ്രകാരം പറയുവാൻ പ്രകോപിപ്പിക്കുകയാണ് എന്തുകൊണ്ടാണ് കണ്ഠക്ഷോഭം നടത്തുന്നത്?. "നിങ്ങൾ പറയുന്നത് നിങ്ങളുടെ ജീവിതവുമായി തുലനം ചെയ്യുമ്പോൾ അംഗീകരിക്കാനാവുന്നില്ല". ഈ വസ്തുത തന്നെയാണ് ജോൺ മക്കാർത്തറുടെ വാക്കുകളുടെ പിന്നിലെ പ്രേരകശക്തിയും. I think that Jesus had more class than a lot of His agents have".

ഒരിക്കൽ അലക്സാണ്ടറുടെ കല്പനകളെ അനുസരിക്കാത്ത ഒരുവനെ അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടുവന്നു.

അലക്സാണ്ടർ അവനോട് ചോദിച്ചു, "നിന്റെ പേരെന്താണ്?"

ഭയന്നുവിറച്ച അവൻ ഉത്തരം നൽകി. "അലക്സാണ്ടർ"

"ഒന്നുകിൽ നീ നിന്റെ പേരുമാറ്റുക, അല്ലെങ്കിൽ ജീവിതശൈലി മാറ്റുക" മഹാനായ തന്റെ പേരിലറിയപ്പെടുന്നവനോട് അലക്സാണ്ടർ കല്പിച്ചു.

ക്രിസ്ത്യാനി എന്നറിയപ്പെടുന്ന നാമും ഇങ്ങനെയായിരിക്കണം. "വിശ്വാസത്തിനെതിരായുള്ള പ്രവൃത്തിയും പെരുമാറ്റവും ആകരുത്, നിങ്ങളിൽ നിന്നുണ്ടാകുന്നത് (H.G. Bosch).

ഒരു സംഭാഷണ മദ്ധ്യത്തിൽ സ്റ്റാൻലി ജോൺസ് മഹാത്മാഗാന്ധിയോടു പറഞ്ഞു "ഇന്ത്യയിൽ തദ്ദേശീയമായ ഒരു ക്രിസ്ത്യാനിത്വത്തെ കാണുവാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. വിദേശ സ്വഭാവമുള്ളതോ വിദേശ സർക്കാരിന്റെയോ ഭാഗമല്ലാത്ത ക്രിസ്ത്യാനിത്വം ഇന്ത്യയുടെ ദേശീയ പുരോഗതിക്കും ഉയർച്ചയ്ക്കും വിജയത്തിനും കാരണമായിത്തീരും എന്ന് ഞാൻ വിശ്വസിക്കുന്നു. ഇതു സാധ്യമായി തീരുന്നതിന് അങ്ങേയ്ക്ക് എന്തെങ്കിലും അഭിപ്രായം ഉണ്ടോ? ഗാന്ധിജിയുടെ ഗൗരവപൂർണ്ണമായ മറുപടി വളരെ

ശ്രദ്ധേയമായിരുന്നു. "ഇവിടെയുള്ള എല്ലാ ക്രിസ്ത്യാനികളും യേശു ക്രിസ്തുവിനെപ്പോലെ ജീവിതം നയിക്കുക. മായം ചേർക്കാത്ത ഒരു മതമായി ക്രിസ്ത്യാനിത്വത്തെ ജീവിതത്തിൽ അനുഷ്ഠിക്കുക. സ്നേഹസമ്പൂർണ്ണമായ അനുഭവങ്ങൾക്ക് ഊന്നൽ നല്കുക. ആ സ്നേഹമാണ് ക്രിസ്ത്യാനിത്വത്തിന്റെ ആത്മാർത്ഥവും ജീവവായുവുമായി അറിയപ്പെടുന്നത്".

ഗാന്ധിജി പറഞ്ഞു "ക്രിസ്ത്യാനികൾ ഇതുപോലെ ആയിരുന്നുവെങ്കിൽ, ഞാനും അവരിലൊരാളാകുമായിരുന്നു"

ബ്രയൻ ഗുഡ്‌വിൻ പറഞ്ഞത് നമ്മുടെ ശ്രദ്ധയിൽ പതിപ്പിക്കുന്നത് നന്നായിരിക്കും. ക്രിസ്ത്യൻ സ്കൂളിൽ ഒരു മിഷനറിയുടെ കീഴിൽ വിദ്യാഭ്യാസം നടത്തിയിരുന്ന ചൈനീസ് യുവാവിന് തന്റെ അദ്ധ്യാപകനോട് വളരെയധികം സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. കുറച്ചു വർഷങ്ങൾക്കുശേഷം ആ മിഷനറിയായ അദ്ധ്യാപകൻ തിരിച്ച് ടൗണിലേക്ക് വന്നതറിഞ്ഞ് ഈ യുവാവ് അദ്ദേഹത്തെ കാണാൻ ശ്രമിച്ചു. അദ്ദേഹം ഒരു ഹോട്ടൽ മുറിയിലായിരുന്നു താമസിച്ചത്. തന്റെ അദ്ധ്യാപകനെ കാണാൻ പോയ യുവാവിന് പ്രവേശനം നിഷേധിക്കയും ഹോട്ടൽ മുറിയിൽ കയറുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തു. "എന്ത് ഇതാണോ ക്രിസ്ത്യാനികളുടെ ചെയ്തികൾ" എന്നു പിറുപിറുത്തുകൊണ്ട് ആ യുവാവ് നടന്നുപോയി. അനേകവർഷം ആ മിഷനറി അദ്ധ്യാപകനിൽനിന്നും പരിപാലനവും ശ്രദ്ധയും ലഭിച്ച യുവാവിനെ ഈ വലിയ മാനഹാനി നിഷ്ക്രിയനാക്കി. ആ ചൈനീസ് യുവാവ് മറ്റാരുമല്ല മാവോ-സേതുങ്ങ് (Mao-Tse-Tung) ആയിരുന്നു.

എത്ര ദുഃഖാർത്തമായ വാർത്ത, പക്ഷേ ദൈവത്തിനു നന്ദി. സമ്പൂർണ്ണമായ കഥ ഇതു മാത്രമായിരുന്നില്ല.

# അദ്ധ്യായം 3

# യേശുക്രിസ്തുവിനെ ഓർക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നവർ

കഴിഞ്ഞ അദ്ധ്യായത്തിൽ ലോകരക്ഷിതാവായ ക്രിസ്തുവിനെ അവഹേളിക്കുന്നവരെക്കുറിച്ചാണ് ചർച്ച ചെയ്തത്. തികച്ചും ഹീനമായ പ്രവർത്തിയാണത്. എന്നാൽ ഇതിന്റെ മറുവശത്ത് ദൈവത്തെ സ്തുതിക്കുവാനുള്ള വകയുണ്ട്. തങ്ങളുടെ ചുറ്റിനും ഉള്ളവർക്ക് യേശുക്രിസ്തുവിന്റെ ശരിയായ ചിത്രം വരച്ചു കാട്ടാൻ കഴിഞ്ഞിട്ടുള്ള വിശ്വസ്തരായ ധാരാളം സ്ത്രീപുരുഷന്മാർ ഈ ലോകത്തുണ്ട്.

എന്റെ ഒരു വിദ്യാർത്ഥിയും അടുത്ത സുഹൃത്തുമായ ഒരുവനെക്കുറിച്ച് ഞാനോർക്കുന്നു. മാരകമായി ഒരു രോഗം പിടിപെട്ടിരുന്ന അവൻ കിടന്നിരുന്ന മുറി ഒരു കൊച്ചു സ്വർഗ്ഗമായിരുന്നു. ഒരു നഴ്സ് തന്റെ സന്ദർശനവേളയിൽ പറഞ്ഞു; "റോബ് എന്നെ യേശുവിനെ ഓർമ്മിപ്പിക്കുന്നു.

"അനേകർ ക്രിസ്തുവിനെ പ്രസംഗിക്കുന്നു, എന്നാൽ ചിലർ മാത്രമേ അവനെപ്പോലെ ജീവിക്കുന്നുള്ളൂ; ക്രിസ്തുവിനെപ്പോലെ ജീവിക്കുക" റോബർട്ട് സി. ചാപ്പ്മാൻ വിനയപൂർവ്വം തന്റെ മുമ്പിൽ വെച്ചിരുന്ന ലക്ഷ്യമായിരുന്നു ഇത്. ജോൺ നെൽസൺ ഡാർബിയുടെ വാക്കുകൾ ശ്രദ്ധിക്കുക. "ഞാൻ എന്തു പഠിപ്പിക്കുന്നുവോ അതുപോലെ അവൻ ജീവിക്കുന്നു".

വില്ല്യം അർനോട്ടിനെക്കുറിച്ച് സംസാരിച്ചപ്പോൾ ഒരു സ്നേഹിതൻ പറഞ്ഞു, "അദ്ദേഹത്തിന്റെ പ്രസംഗം നല്ലതായിരുന്നു; രചനകൾ മനോഹരമായിരുന്നു; എന്നാൽ അദ്ദേഹത്തിന്റെ ജീവിതം അതിനേക്കാളേറെ ശ്രേഷ്ഠമായിരുന്നു".

ക്രിസ്ത്യാനിയായി തീർന്ന സാധു സുന്ദർസിംഗ് ഒരിക്കൽ ഒരു ക്രിസ്തീയ ഭവനത്തിന്റെ വാതിൽ മുട്ടിയപ്പോൾ തുറന്നുനോക്കിയ വേലക്കാരി അവനെ കണ്ട് അമ്പരന്ന് ഉള്ളിലേക്ക് തിരിഞ്ഞോടി യജമാനത്തിയോടു പറഞ്ഞു. "ക്രിസ്തു നമ്മുടെ വീട്ടിൽ വന്നിരിക്കു

ന്നു". മറ്റൊരു ഭവനത്തിലും സമാനമായ സംഭവം നടന്നു. കുട്ടികളോടൊപ്പം അല്പനേരം കളിച്ചപ്പോൾ ഉണ്ടാക്കിയെടുത്ത സാക്ഷ്യം വളരെ ശ്രേഷ്ഠമാണ്. പിന്നീട് ആ കുട്ടികൾ തങ്ങളുടെ മാതാവിനോട് പറഞ്ഞു. "യേശു ഞങ്ങളെ താരാട്ട് പാടി ഉറക്കിയിരുന്നുവെങ്കിൽ". അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ പറയുന്നു "തന്നെ കണ്ടുമുട്ടിയവർക്കെല്ലാം ക്രിസ്തുവിന്റെ പ്രതിഛായ ദർശിക്കാൻ കഴിഞ്ഞു എന്നതാണ് സാധു സുന്ദർസിംഗിനെ ഓരോ സംഭവങ്ങളിലും വ്യത്യസ്തനാക്കിയത്. ഇത് ആത്മശക്തിയാൽ ജീവിക്കുന്നതിന്റെ തെളിവായിരുന്നു".

## യേശുവിനെപോലെ ഒരു മനുഷ്യൻ

റോബർട്ട് മുറെ മക്ചേയ്നിയെക്കുറിച്ചുള്ള ജീവിതചരിത്രത്തിൽ ജെയിംസ് സ്റ്റിവാർട്ട് എഴുതി.

"മി. മക്ചേയ്നിന്റെ ജീവിത നൈർമ്മല്യത താൻ ഒരു വാക്കുപോലും സംസാരിക്കാതെ തന്നെ ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ പ്രവർത്തികൾ അദ്ദേഹത്തിനു പകരമായി സംസാരിച്ചു". സ്കോട്ടലണ്ടിനു വടക്കുള്ള ഒരു സഭാശുശ്രൂഷകനുമായി മക്ചേയൻ ഒരു രാത്രി കഴിച്ചുകൂട്ടി. അതിനുശേഷം മക്ചേയൻ മുറിവിട്ടുപോയപ്പോൾ അത്ഭുതപരതന്ത്രനായി ആ ശുശ്രൂഷകൻ നിറകണ്ണുകളോടെ പറഞ്ഞു, "ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടുള്ളവരിൽ ഏറ്റവും ക്രിസ്തുവിനെപ്പോലുള്ള ആളാണ് അദ്ദേഹം".

സ്റ്റിവാർട്ട് മറ്റൊരു ഭാഗത്തും ഇങ്ങനെ എഴുതുകയുണ്ടായി; "കാൽവറി സ്നേഹത്തിൽ നിറഞ്ഞു കുളിച്ച മക്ചേയൻ സ്തുതിസ്തോത്രങ്ങൾ ഉരുവിട്ട് ദൈവത്തെ മഹത്വപ്പെടുത്തികൊണ്ട് മണിക്കൂറുകളോളം ചിലവഴിച്ചിരുന്നു. അതിനുശേഷം ക്രിസ്തുവിന്റെ സൗരഭ്യവാസന എല്ലായിടത്തും പരത്തുവാൻ വീടുതോറും കയറിഇറങ്ങുമായിരുന്നു - അഥവാ ഭവനസന്ദർശനം നടത്തുമായിരുന്നു. ബ്രിട്ടന്റെ തെരുവീഥികളിലൂടെ നടന്ന അദ്ദേഹത്തിന്റെ മുഖത്ത് ജനം യേശുവിനെ ദർശിച്ചു.

സാല്ലി മാഗ്നുസ്സൺ സ്കോട്ട്ലാണ്ടിലെ പേരുകേട്ട ഓട്ടക്കാരനും മിഷണറിയുമായിരുന്ന എറിക് ലിഡ്ഡലിനെക്കുറിച്ച് എഴുതിയത്,

"ജപ്പാനിലെ യുദ്ധതടവുകാരുടെ ഒരു ക്യാമ്പിൽ അദ്ദേഹം യേശു കർത്താവിനെപ്പോലെയായിരുന്നു. വീണ്ടും, വീണ്ടും ജനം അദ്ദേഹത്തെ സമീപിച്ചതിന്റെ കാരണം അദ്ദേഹത്തിന്റെ ക്രിസ്തീയ ജീവിതശൈലിയായിരുന്നു. ആ ക്യാമ്പിലും ക്രിസ്തുവിന്റെ രൂപം ജീവിതത്തിലൂടെ അദ്ദേഹം വരച്ചു കാണിച്ചു. സമൂഹത്തിൽ തഴയപ്പെട്ട വേശ്യകളെയും വ്യാപാരങ്ങളിൽ പരാജയപ്പെട്ട വ്യക്തികളെയും സ്നേഹിതരായി കരുതി. ഭവനങ്ങളിൽ അവഗണിക്കപ്പെട്ട യുവാക്കൾക്ക് വിദ്യാഭ്യാസം നൽകി. തന്റെ സ്വർണ്ണവാച്ചും മറ്റും കുഞ്ഞുങ്ങൾക്ക് കളിക്കോപ്പുകൾ വാങ്ങിക്കുവാൻ വിറ്റു. അപ്പോഴും അദ്ദേഹം ശാന്തനായിരുന്നു. ഏതോ ഒരു വലിയ കാര്യം ചെയ്തു എന്ന പ്രത്യേക ഭാവഭേദങ്ങളൊന്നുമില്ലാതെ ഒരു സാധാരണ മനുഷ്യനായിരുന്നു എറിക്".

റിച്ചാർഡ് ഹില്ലാരിയുടെ 'The Last Enemy' എന്ന ഗ്രന്ഥത്തിൽ താൻ കണ്ടതിലേക്കും ഏറ്റവും നല്ലവനായ സഹപ്രവർത്തകൻ പീറ്റർ പീസ്സിനെക്കുറിച്ച് സൂചിപ്പിക്കുന്നു: "ക്രിസ്ത്യാനിയായ അദ്ദേഹം എന്റെ ജീവിതത്തിൽ ഒരു വലിയ വെല്ലുവിളിയായി തീർന്നു. ആദ്യമൊക്കെ പീറ്ററിനെ ഏകനായി കിട്ടിയാൽ ഒട്ടും കരുണകൂടാതെ അനേകം വാദമുഖങ്ങൾ ഉയർത്തി അദ്ദേഹത്തിന്റെ വിശ്വാസം തകർക്കുവാൻ തക്കം പാർത്തിരുന്നവനാണ് ഞാൻ. ഒരിക്കൽ മൊൺട്രോസ്സിൽ നിന്ന് എഡിൻബർഗിലേക്ക് ഒരുമിച്ച് യാത്ര ചെയ്യേണ്ടി വന്നപ്പോൾ അദ്ദേഹത്തെ അവഹേളിക്കുവാൻ പറ്റിയ അവസരമായി ഞാൻ കരുതി. കണ്ണുകൾ തുറിപ്പിച്ച് മുഖഭാവങ്ങൾക്ക് ഭേദം വരുത്തി ഓരോവാദമുഖങ്ങൾ തൊടുത്തുവിട്ടു, നിങ്ങളുടെ വിശ്വാസം വെറും വ്യാജമാണ്, അടിസ്ഥാന രഹിതമാണ്. പാരമ്പര്യമായ മന്ദബുദ്ധികളാണ് നിങ്ങളുടെ കൂട്ടരെല്ലാം". പീറ്റർ തന്റെ അധരങ്ങൾ സാവധാനം ചലിപ്പിച്ച് ഏതോ ചില ബലഹീനമായ പ്രതിഷേധങ്ങൾ പ്രകടിപ്പിച്ചു. എന്നാൽ എന്റെ ചൂടൻ വാക്കുകളുടെ ക്ഷതമേറ്റ് അദ്ദേഹം മൗനതയിലേക്ക് നിപതിച്ചു. എന്നാൽ അധികനേരം വാക്കുകൾകൊണ്ട് കളിപ്പിക്കുവാൻ എനിക്കായില്ല. ആ മഹാമനുഷ്യന്റെ വ്യക്തിത്വത്തിന്, അതിന്റെ ശ്രേഷ്ഠതക്ക് ഒരു വിശദീകരണം നൽകാനാവാതെ വാദമുഖങ്ങളുടെ ശക്തി ക്ഷയിക്കുന്നതായി ഞാൻ മനസ്സിലാക്കി. അവസാനം അതിൽ

നിന്നും പിൻവാങ്ങാനാവാത്ത അവസ്ഥയിലെത്തിയ എനിക്ക് എന്റെ തത്വചിന്തകളുടേയും വാദമുഖങ്ങളുടേയും പാണ്ഡക്കെട്ടുകൾ വലിച്ചെറിയേണ്ടിവന്നു. ആ മഹാവ്യക്തിത്വത്തിനു മുമ്പിൽ നമ്രശിരസ്കനാകാനെ കഴിഞ്ഞുള്ളൂ".

അതുകൊണ്ടാണ് ജെ.എച്ച്. ജോവ്വെറ്റ് എഴുതിയത്.

"ഒരു മനുഷ്യനെതിരെ ഏതു വാദമുഖങ്ങളും ഉയർത്തുവാൻ കഴിഞ്ഞേക്കും. ബൗദ്ധികമായ വാദമുഖങ്ങൾക്കു മുമ്പിൽ പരാജയപ്പെടുത്താം. എന്നാൽ ഒരു കാരണത്തിനും വീണ്ടെടുക്കപ്പെട്ട ഒരു ജീവിതത്തെ ചോദ്യം ചെയ്യാനാവില്ല". "സൗഖ്യം വന്ന മനുഷ്യൻ അവരോടൊപ്പം നിന്നപ്പോൾ അവനെതിരായി ഒന്നും പറയാൻ അവർക്കു കഴിഞ്ഞില്ല".

ആർ ഡബ്ലിയൂ ഡേഹാൻ എഴുതി

"ഒരു പ്രവർത്തന സ്ഥലത്തെത്തിയ ഒരു മിഷനറി അവിടെയുള്ള ഗ്രാമവാസികളോട് ആദ്യമായി സംസാരിക്കുകയായിരുന്നു. സുവിശേഷം അവരോട് പ്രസംഗിച്ചപ്പോൾ യേശുക്രിസ്തുവിനെ അനുകമ്പയുടെ പ്രതീകമായി അവതരിപ്പിച്ചു. ക്രിസ്തു ദയ കാണിക്കുന്നവനും, സ്നേഹിക്കുന്നവനും, കരുതുന്നവനുമാണെന്നും എല്ലാവർക്കും നന്മചെയ്തുകൊണ്ട് ജീവിച്ചെന്നും പറഞ്ഞു. ശ്രോതാക്കൾ സുപരിചിതമായ എന്തോ സംഗതി കേൾക്കുന്നതുപോലെ മന്ദസ്മിതം തൂകി തലയാട്ടി സമ്മതിക്കുന്നതായി അദ്ദേഹം ശ്രദ്ധിച്ചു. ഒരു നിമിഷം പ്രസംഗത്തിൽ നിന്നും വ്യതിചലിച്ച് അദ്ദേഹം ചോദിച്ചു. "നിങ്ങൾക്കറിയാമോ, ഞാനാരെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന്? ഒരുവൻ വേഗം മറുപടി പറഞ്ഞു. "ഞങ്ങൾക്കറിയാം, നിങ്ങൾ സംസാരിക്കുന്നത് കൂടെക്കൂടെ ഇവിടെ വരാറുണ്ടായിരുന്ന ഒരാളെക്കുറിച്ചാണ്" തങ്ങളെ ചികിത്സിക്കുവാനും മറ്റുമായി ആ ഒറ്റപ്പെട്ട ഗ്രാമത്തിൽ വരാറുള്ള ഒരു മിഷണറി ഡോക്ടറിനെക്കുറിച്ചാണ് അവർ പറഞ്ഞത്. ജനങ്ങളെ കരുതുന്ന കാര്യത്തിൽ അദ്ദേഹം ക്രിസ്തുവിനെപ്പോലെയായിരുന്നു. അവർ ക്രിസ്തുവിനെ അദ്ദേഹത്തിൽ ദർശിച്ചു. "ക്രിസ്തുവിനോടു അനുരൂപനായ ഒരുവനെക്കുറിച്ച് ഒരു മഹത്തായ സാക്ഷ്യം!

സർ. ഹെൻട്രി എം. സ്റ്റാൻലി ഒരിക്കൽ പറഞ്ഞു.

"മതത്തിനെതിരായി മുൻവിധിയുള്ള ഞാൻ ലണ്ടനിൽനിന്ന്

ആഫ്രിക്കയിലേക്ക് പോയി. വാർത്ത ശേഖരിക്കുന്ന ആൾ എന്ന നിലയിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ, യുദ്ധങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് സാധാരണ പരിഗണിക്കാറുള്ളത്, അല്ലാതെ വികാരധിഷ്ഠിത കാര്യങ്ങൾക്ക് ഒരിക്കലും ഒരു പ്രാമുഖ്യം ഞാൻ കൊടുക്കാറില്ല. എന്നാൽ അവിടെ ചിന്തനീയമായ ഒരു സംഗതി നടന്നു. പുറംലോകവുമായി ബന്ധമില്ലാത്ത ആ കാട്ടുപ്രദേശത്ത് ഏകനായി ഇരുന്ന ഒരു വൃദ്ധനെ കണ്ടു. ഡേവിഡ് ലീവിംങ്സ്റ്റൺ ആയിരുന്നു അത്. അദ്ദേഹത്തെ കണ്ടുമുട്ടിയപ്പോൾ ഞാൻ സ്വയം ചോദിച്ചുപോയി. ഇതുപോലൊരു സ്ഥലത്ത് അദ്ദേഹം എന്തുകൊണ്ടാണ് താമസിക്കുന്നത്? എന്താണ് അതിനായി അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത്?"

മാസങ്ങൾക്കുശേഷം വീണ്ടും അദ്ദേഹത്തെ കണ്ടുമുട്ടിയപ്പോൾ അറിയാതെ ഞാൻ അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിച്ചുപോയി. "എല്ലാം ഉപേക്ഷിച്ച് എന്നെ അനുഗമിക്കുക" അദ്ദേഹത്തിന്റെ വിവരവും വിവേകവും ഉത്സാഹവും സ്നേഹവും സമർപ്പണവുമെല്ലാം കണ്ട് ഞാൻ മാനസാന്തരപ്പെട്ടുപോയി. എന്നാൽ എന്നെ മാനസാന്തരപ്പെടുത്തുവാൻ അദ്ദേഹം ഒരിക്കലും ശ്രമിച്ചിട്ടില്ല.

പ്രസിഡന്റായിരുന്ന ജെറാൾഡ് ഫോർഡിനോടും, ജാക്ക് നിക്കോളാസിനോടും മറ്റൊരു ചാമ്പ്യനോടുമൊപ്പം ബില്ലിഗ്രാം ഗോൾഫ് കളിച്ചതിനെക്കുറിച്ച് ആർ. സി. സെപ്രൗൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആ ചാമ്പ്യൻ ഒരു സ്നേഹിതനോട് "ബില്ലിഗ്രാം തന്റെ മതം എന്നെ അടിച്ചേല്പിക്കേണ്ട കാര്യം ഇല്ലായിരുന്നു" എന്നു പരാതി പറഞ്ഞു. ഇത് മനസ്സിൽ വെച്ച് ബില്ലിയുടെ മേലുള്ള ദേഷ്യം ഗോൾഫ് കളിയിൽ തീർക്കാൻ മുതിർന്നുപോലും. ഇതറിഞ്ഞ സ്നേഹിതൻ ചോദിച്ചു. "ബില്ലി നിന്നോട് ചെറിയ രീതിയിലെങ്കിലും സമ്മർദ്ദം ചെലുത്തിയോ. അമ്പരപ്പോടെയായിരുന്നു അയാളുടെ മറുപടി. 'ഇല്ല' ഒന്നും ചെയ്തില്ല. ദൈവം, ക്രിസ്തു ക്രിസ്ത്യാനിത്വം തുടങ്ങിയ ഒരു വിഷയത്തെക്കുറിച്ചും ബില്ലി സൂചിപ്പിക്കപോലുമുണ്ടായില്ല. എന്താണ് വാസ്തവത്തിൽ സംഭവിച്ചത്? ആ സുവിശേഷകൻ ക്രിസ്തുവിന്റെ സ്വഭാവം വെളിപ്പെടുത്തി അത്രമാത്രം. അത് ആ ചാമ്പ്യനിൽ അസന്തുഷ്ടി ഉളവാക്കി. വാക്കുകളേക്കാൾ ജീവിതമാണ് സംസാരിക്കേണ്ടത്?

ഒരിക്കൽ സൈലസ് ഫോക്സ് എന്ന മിഷണറിയെ ഇന്ത്യയിലേക്കു വന്ന മറ്റു ചില മിഷണറിമാർ സത്കരിക്കുകയായിരുന്നു. അപ്പോൾ ഹൈന്ദവ പശ്ചാത്തലത്തിലുള്ള അയൽക്കാരിയായ ഒരു സ്ത്രീ സൈലസ് ഫോക്സിനെ വന്നു കാണുവാനിടയായി, അദ്ദേഹം പോയശേഷം വീണ്ടും അവിടേക്ക് വന്നിട്ട് പറഞ്ഞു, "അദ്ദേഹത്തിന്റെ മുഖത്ത് ഞാൻ ദൈവത്തെ കണ്ടു". അനേക ദൈവങ്ങളിൽ വിശ്വസിച്ചിരുന്ന അവർ ഏകസത്യദൈവത്തെ സൈലസ്ഫോക്സിന്റെ മുഖത്ത് നിന്ന് ദർശിക്കുകയുണ്ടായി.

കഠിനപരിശ്രമമില്ലാതെ വിശുദ്ധി ഒരുവന്റെ മേൽ വരില്ലെന്ന് നമുക്ക് നന്നായറിയാം. മനുഷ്യന് ആ രൂപാന്തര പ്രക്രിയയിൽ വലിയ പങ്കുണ്ട്. വിശ്വാസികൾ തീർച്ചയായും വിശുദ്ധി ആഗ്രഹിക്കുകയും അതിലേക്കു പ്രവേശിപ്പാൻ അവരെ പൂർണ്ണരാക്കുകയും ചെയ്യണം. അതായിരിക്കണം അവരുടെ ലക്ഷ്യം; ഇവിടെ ഒരു ചോദ്യം ഉയരുന്നു "വിശുദ്ധി പ്രാപിക്കുവാൻ മനുഷ്യരെ പ്രേരിപ്പിക്കുന്ന ഘടകം എന്താണ്? തുടർന്ന്വായിക്കുക......!

## അദ്ധ്യായം 4

# എന്തുകൊണ്ട് വിശുദ്ധി പ്രാപിക്കണം ?

എന്തുകൊണ്ടാണ് ഒരു വിശ്വാസി വിശുദ്ധിപ്രാപിക്കാൻ ആഗ്രഹിക്കുന്നത്? യജമാനനെപ്പോലെ പൂർണ്ണനായി തീരണം എന്ന് ആത്മാർത്ഥമായി അവൻ പാടുന്നതെന്തുകൊണ്ട്? ക്രിസ്തുവിനോടു അനുരൂപമായിത്തീരാൻ ഈ പ്രയത്നങ്ങളെല്ലാം എന്തിന് ചെയ്യുന്നു? (പ്രയത്നം എന്നത് മറ്റു മതാചാരങ്ങൾ പോലെ അർത്ഥരഹിതമായ പുണ്യപ്രവർത്തികൾ - സ്വയം വേദനിപ്പിക്കൽ, ദീർഘദൂരയാത്രകൾ... തുടങ്ങിയവയല്ല മറിച്ച് ലോക-ജഡ പിശാചിനോടു പൊരുതിയുള്ള ജീവിതമാണ് അർത്ഥമാക്കുന്നത്).

പ്രഥമമായി രക്ഷിക്കപ്പെടുന്ന അവസരത്തിൽ സ്വതവെ ഉളവാകുന്ന ഒരു സ്വഭാവ സവിശേഷതയാണിത്; പാപത്തോടൊരു വെറു

പ്പും വിശുദ്ധിയോടുള്ള സ്നേഹവും. രക്ഷിക്കപ്പെടുന്ന വ്യക്തിയുടെ ഉള്ളിൽ പ്രവേശിക്കുന്ന പരിശുദ്ധാത്മാവ് നിർമ്മലമായ ഒരു സ്വഭാവത്തെ പ്രദാനം ചെയ്യുന്നതിന്റെ പരിണിതഫലമാണിത്. പുതിയ സ്വഭാവ പ്രകൃതിയാണ് ഒരുവന്റെ വ്യക്തിത്വത്തിൽ ജീവിത വിജയം നേടുവാനുള്ള അഭിവാഞ്ഛ നൽകുന്നത്.

അതൊടൊപ്പം ഒരു വിശ്വാസി എന്തുകൊണ്ട് വിശുദ്ധി ആഗ്രഹിക്കണം? പിശാചിനേയും ലോകത്തേയും ജഡത്തേയും എന്തുകൊണ്ട് പ്രതിരോധിക്കണം. ഇതിന് ശക്തമായ കാരണങ്ങളുണ്ട്. കർത്താവിന്റെ നാമത്തിന് കളങ്കമുണ്ടാക്കുക എന്നതാണ് പാപത്തിന്റെ ഏറ്റവും വലിയ ദൂഷ്യഫലങ്ങളിലൊന്ന്. പുറംലോകം ഒരു ശിഷ്യനും യജമാനനും തമ്മിലുള്ള ബന്ധത്തെ വളരെയധികം വിലയിരുത്താറുണ്ട്. ശിഷ്യൻ അഥവാ വിശ്വാസി പാപം ചെയ്യുകയാണെങ്കിൽ ലോകജനത യജമാനനെ നിന്ദിക്കുകയും, അവന്റെ നാമത്തെ ചെളിവാരിതേക്കുകയും ചെയ്യും. ലജ്ജാവഹമായ രീതിയിൽ അവനെക്കുറിച്ചുള്ള ചിന്താഗതികൾ അവർക്കുണ്ടാകും. 1987-ൽ ഒരു ടി.വി. പ്രഭാഷകൻ ലൈംഗിക അപവാദത്തിനിരയായപ്പോൾ രാജ്യത്തെ പേരുകേട്ട ഒരു നിരീശ്വരവാദി പറഞ്ഞതിപ്രകാരമാണ്. "മതം വൃത്തികെട്ടതും അനാവശ്യവും അർത്ഥരഹിതമാണെന്നുള്ളതിന് മറ്റൊരു തെളിവുകൂടി......!" ദാവീദ് താൻ ചെയ്ത വ്യഭിചാരത്താലും കൊലപാതകത്താലും യഹോവയുടെ നാമത്തിന് ഒരിക്കലും മാറാത്ത നിലയിൽ ഹാനിവരുത്തി. (2 ശമുവേൽ. 12:14). ദാവീദ് പാപം ചെയ്തതിനാൽ നഷ്ടപ്പെട്ടുപോയ നാലുകാര്യങ്ങൾ വിക്ടർ ജാക്ക് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ദൈവമുഖത്തെ പ്രസന്നത നഷ്ടപ്പെട്ടുപോയി. ചെയ്തതു കർത്താവിനെ ലജ്ജിപ്പിച്ചു. (2 ശമു. 11:27). ദാവീദിന്റെ ഹൃദയസമാധാനം ഇല്ലാതെയായി. "ഞാൻ പാപം ചെയ്തുപോയി". ദാവിദിന്റെ സിംഹാസനത്തിന്റെ സ്ഥിരത നഷ്ടപ്പെട്ടു. "വാൾ നിന്റെ ഗൃഹത്തെ ഒരിക്കലും വിട്ടുമാറുകയില്ല". ലോകമുമ്പാകെയുള്ള തന്റെ സാക്ഷ്യം നഷ്ടപ്പെട്ടു. ഈ പ്രവൃത്തികൾ യഹോവയുടെ ശത്രുക്കൾ ദൂഷണം പറവാൻ ഹേതുവായി'

വിശുദ്ധി പ്രാപിക്കുവാൻ ആഗ്രഹിക്കുന്നതിന്റെ മറ്റൊരു കാരണം പാപം നമ്മുടെ രക്ഷിതാവിനു വരുത്തിയ യാതനകളുടെയും വേദ

നകളുടെയും ഓർമ്മകളാണ്. (1 പത്രോസ്. 2:24). കാൽവറി ക്രൂശിൽ ദൈവപുത്രന്റെ കാൽകരങ്ങൾ തറയ്ക്കപ്പെട്ടത് ഓർത്താൽ വീണ്ടും പാപം ചെയ്യുവാൻ എങ്ങനെ തോന്നും. പാപത്തിന്റെ ശമ്പളത്തിന് യജമാനന്റെ രക്തം തന്നെ വിലയായി കൊടുക്കേണ്ടി വന്നുവെങ്കിൽ അവന്റെ അനുഗാമികൾ ചെയ്യുന്ന പാപത്തിന് എങ്ങനെ മാപ്പുകൊടുക്കാനാവും?

ക്രിസ്തുവിന് നമ്മോടുള്ള സ്നേഹം വിശുദ്ധിയെ പ്രാപിക്കുവാൻ നിർബന്ധിച്ചുകൊണ്ടേയിരിക്കണം. ദൈവത്തിനെതിരെ ശത്രുക്കളായിരുന്നപ്പോഴാണ് നമ്മെ സ്നേഹിച്ചത്. നമ്മെ വീണ്ടെടുക്കുവാൻ വേണ്ടി വലിയൊരു വില നൽകി. ദൈവം തന്റെ സ്നേഹം പ്രദർശിപ്പിച്ചു. കാൽവറിയിലെ കൊലക്കളമായിരുന്നു ആ പ്രദർശനശാല. വിശുദ്ധ ജീവിതം നയിക്കുവാൻ അത്യാവശ്യമായ സകലകാര്യങ്ങളും അവൻ നമുക്ക് തന്നു. ഇതിനപ്പുറമായി തന്റെ സ്നേഹം നമ്മോടു കാണിക്കുവാൻ സാദ്ധ്യതയില്ലാത്ത തരത്തിലാണ് അവൻ നമ്മെ സ്നേഹിക്കുന്നത്. അവനിൽ വിശ്വാസമർപ്പിച്ചശേഷം വീണ്ടും പഴയജീവിതവഴികളിലേക്ക് നാം തിരിയുകയാണെങ്കിൽ തികച്ചും അവന്റെ സ്നേഹത്തോടു കാണിക്കുന്ന നീചമായ പ്രതികരണമാണത്.

"ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" (ലേവ്യ. 11:44; 1 പത്രൊ. 1:16) എന്നുള്ള ദൈവത്തിന്റെ മഹത്തായ കല്പന വിശ്വാസികളായ നാം വളരെ എളുപ്പം മറന്നു പോകുന്ന ഒന്നായി മാറുന്നു. പത്രോസ് സംശയത്തിന് ഒരിടവും നമുക്ക് നൽകുന്നില്ല. പഴയ നിയമത്തിലെ ആ കല്പന ഇന്നും പ്രായോഗികവും, അർത്ഥസമ്പുഷ്ടവുമാണ്. ദൈവത്തിന്റെ വിശുദ്ധിയുടെ മാനദണ്ഡം അവിടുന്നുതന്നെയാണ്. പുത്രനെ ജീവിതത്തിൽ സൂക്ഷ്മമായി ദർശിച്ചവർക്കു മാത്രമേ അവൻ തന്നെയാണ് വിശുദ്ധിയുടെ മാനദണ്ഡം എന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളു.

## പാപം ദൈവത്തിന്റെ ഹൃദയത്തെ തകർക്കുന്നു

'ക്രിസ്തുവിനോടുള്ള നമ്മുടെ സ്നേഹം' നമ്മെത്തന്നെ ശുദ്ധിയുള്ള പാത്രങ്ങളായി സൂക്ഷിപ്പാനും അവന്റെ ആവശ്യത്തിനായി ഉപയോഗിക്കപ്പെടാൻ പ്രാപ്തിയുള്ളവരായിരുപ്പാനും ഉള്ള ആഗ്രഹം നമ്മിൽ ജനിപ്പിക്കണം. ക്രിസ്തുവിനെ യഥാർത്ഥമായി നാം

സ്നേഹിക്കുന്നെങ്കിൽ അവനെ പ്രസാദിപ്പിക്കാനും തയ്യാറാകും. പാപം ചെയ്യുന്നത് അവന്റെ കല്പനാ ലംഘനം മാത്രമല്ല അത് അവന്റെ ഹൃദയത്തേയും തകർക്കും. അവന്റെ വിശുദ്ധിക്കത് ക്ഷതമേല്പിക്കുന്നു. ക്രിസ്തു പറഞ്ഞു, "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹ 14:15). വിശുദ്ധരായിരിപ്പാനുള്ള കല്പനയുണ്ട് (1 പത്രൊസ് 1:15,16; എബ്രായർ. 12:14).

വിശ്വാസിയേയും അവിശ്വാസിയേയും പാപം ഒരു പോലെ ബാധിക്കുന്നു. വിശ്വാസിയായ ഒരുവൻ തെറ്റുകളിലേക്ക് പോകുന്നത് ഒരു അവിശ്വാസി ദർശിച്ചാൽ ക്രിസ്തു ഒരു മാറ്റവും വരുത്തുന്നില്ല എന്ന ചിന്തയാൽ ക്രിസ്തുവിനെ വിശ്വസിക്കുന്നതിൽ നിന്നും അവൻ പിൻതിരിയുന്നു എന്ന് മാത്രമല്ല, ക്രിസ്തീയ വിശ്വാസത്തെ തരം താഴ്ത്തി കാട്ടുകയും ചെയ്യും. ക്രിസ്ത്യാനികൾ അടിമത്വത്തെ പ്രോത്സാഹിപ്പിക്കുന്നതും വൃത്തികെട്ട ഭാഷ ഉപയോഗിക്കുന്നതും തെറ്റായ ഇടപാടുകളിൽ ഏർപ്പെടുന്നതും കണ്ടും കേട്ടുമാണ് Mark Twain എന്ന വ്യക്തി ക്രിസ്ത്യാനിത്വത്തെ ഉപേക്ഷിച്ചത്. മുഹമ്മദ് സത്യദൈവത്തെക്കുറിച്ച് അറിയുവാനിടയായി തീർന്നത് യഹൂദന്മാരും ക്രിസ്ത്യാനികളും മൂലമാണ്; എന്നാൽ അവരുടെ ജീവിതനിലവാരം ദർശിച്ചപ്പോൾ അവരോട് ചേരുവാൻ തയ്യാറായില്ല. Brian Goodwin ഇതിനെക്കുറിച്ച് പറയുന്നത്, "ക്രിസ്ത്യാനികൾക്ക് ക്രിസ്തുവിനോടും മറ്റുള്ളവരോടും ഒരല്പം കൂടെ സ്നേഹമുണ്ടായിരുന്നെങ്കിൽ ഇന്ന് ഇത്രയും വളർന്ന മുസ്ലീം. ലോകത്തിന്റെ ചരിത്രം തന്നെ വ്യത്യസ്തമായേനേ"

നമ്മുടെ പാപം മറ്റു വിശ്വാസികളേയും തടസ്സപ്പെടുത്തുന്നു; അത് വിശ്വാസികളിൽ നിരാശ ഉണ്ടാക്കുന്നു. പുതുതായി രക്ഷിക്കപ്പെട്ടു മുന്നോട്ടു വരുന്നവരെ വല്ലാതെ ഇത് ബാധിക്കും. സഭയിലും ആരെങ്കിലും പാപം ചെയ്താൽ അത് പരസ്യമായ ലജ്ജയ്ക്കു കാരണമായിത്തീരും. രഹസ്യപാപങ്ങൾ പോലും ജീവിതത്തിലെ ശുശ്രൂഷകളിലും ആത്മീയ നിലവാരത്തിലും കാര്യമായ വ്യതിയാനം വരുത്തും. കർത്താവിലേക്ക് തന്നെ കൊണ്ടുവന്ന ആൾ തന്നെ ദൈവനാമത്തിനു ദുഷ്പേരുണ്ടാക്കുകയാണെങ്കിൽ

താൻ ചതിക്കപ്പെട്ടുപോയല്ലോ എന്ന് അവൻ ചിന്തിക്കും. കൂട്ടുവിശ്വാസികളുടെ മനസ്സിൽനിന്നും അവരുടെ ചിന്താക്കുഴപ്പങ്ങളെ മാറ്റുവാൻ നമുക്ക് എത്രമാത്രം കഴിയും !.

വിശുദ്ധജീവിതമാണ് ഏറ്റവും ഉത്തമമായ ജീവിതം -ആത്മാവിനും, പ്രാണനും, ശരീരത്തിനും ഒരുപോലെ ഇത് നന്നാണ്. ശാരീരികവും വൈകാരികവുമായ ആരോഗ്യത്തിനും ഇത് അത്യുത്തമമാണ്. അനേക രോഗങ്ങൾ, ദുഷ്പേര്, ലജ്ജാവഹമായ അവസരങ്ങൾ തുടങ്ങിയവയയിൽ നിന്ന് നാം സംരക്ഷിക്കപ്പെടുന്നു. അത് നമ്മെ സന്തോഷപരിപൂർണ്ണതയിലേക്കും അവങ്കലുള്ള പ്രമോദങ്ങളിലേക്കും നടത്തുന്നു. (1 യോഹ. 1:4; സങ്കീ. 16:11). ഒരു യോഗം കഴിഞ്ഞ് വെളിയിലേക്കിറങ്ങിയ ഒരുവന്റെ മുഖത്ത് ദുഃഖം തളം കെട്ടിക്കിടക്കുന്നതുകണ്ട് ആരോ ചോദിച്ചു, "എന്തു പറ്റി?" അവന്റെ മറുപടി "സന്തോഷമായിരിപ്പാനും വിശുദ്ധനായിരിപ്പാനും ഒരേ സമയം കഴിയുകയില്ല". എന്നാൽ വാസ്തവത്തിൽ വിശുദ്ധി കൂടാതെ ഒരിക്കലും യഥാർത്ഥ സന്തോഷമില്ല.

നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമെന്ന ദൃഢമായ ബോധ്യം "ജഡത്തിലേയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ച്" ഒരു ജീവിതം നയിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു (2 കൊരിന്ത്യർ 7:1). ദൈവീക ത്രിത്വത്തിലെ ഒരു ആളത്വം നിരന്തരമായി ഈ മൺകൂടാരങ്ങളിൽ വസിക്കുന്നു എന്നും നമ്മുടെ ഏറ്റവും അടുത്ത സ്നേഹിതനാണെന്നുമുള്ള വസ്തുതകൾ ഉളവാക്കുന്ന ആശ്ചര്യം ഒരിക്കലും നഷ്ടപ്പെട്ടു പോകരുത്.

"ദൈവഭക്തിയോ ഇപ്പോഴത്തെ ജീവന്റെയും വരുവാനിരിക്കുന്നതിന്റെയും വാഗ്ദത്തമുള്ള"താണ് (1 തിമൊഥെയൊസ് 4:8). നിത്യതയിലേക്കു പ്രവേശിക്കാനുള്ള ഉത്തമമായ തയ്യാറെടുപ്പാണിത്. അനതിവിദൂരഭാവിയിൽ നാം നമ്മുടെ കർത്താവിനെ ദർശിക്കാൻ പോകുകയാണ്. നാമേവരും അവന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കുവാൻ പോകുന്നു. ആ മഹാസത്യത്തെ മുന്നിൽ നിർത്തിക്കൊണ്ട് അതിനനുസരിച്ചായിരിക്കണം നമ്മുടെ ഇഹലോകജീവിതം; എങ്കിൽ അതു നമ്മെ വിശുദ്ധ ജീവിതത്തിലേക്ക് നയിക്കും.

## പാപം അധരങ്ങളെ മുദ്രയിടുന്നു

കർത്താവിനെ സേവിക്കാനുള്ള സ്വാതന്ത്ര്യം നമുക്കു വിശുദ്ധിയാൽ ലഭിക്കുന്നു; പാപമോ അധരങ്ങളെ മൗനമാക്കുന്നു. പാപത്തെക്കുറിച്ച് ശരിയായ പശ്ചാത്താപം ഉണ്ടാകാതെ തന്നിൽ തെറ്റുണ്ടെന്നും താൻ അയോഗ്യനാണെന്നുമുള്ള തോന്നൽ ഒരുവനെ തളർത്തും. ആത്മാവിന്റെ സ്വാതന്ത്ര്യം അവൻ ആസ്വദിക്കുന്നില്ല. അവന്റെ സാക്ഷ്യം താല്ക്കാലികമായി നഷ്ടപ്പെടുകയും ആത്മാർത്ഥത ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നു.

വിശുദ്ധി നമുക്ക് പ്രാർത്ഥനയിലുള്ള ആത്മവിശ്വാസം നൽകുന്നു. "ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്കു ദൈവത്തോടു പ്രാഗത്ഭ്യം ഉണ്ടു. അവന്റെ കല്പനകളെ നാം പ്രമാണിച്ചു അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും" (1 യോഹന്നാൻ 3:21,22). ഇതിന്റെ മറുവശം അകൃത്യം ഹൃദയത്തിൽ കരുതിയാൽ ദൈവം പ്രാർത്ഥന കേൾക്കില്ല (സങ്കീർത്തനം 66:18) പാപംപ്രാർത്ഥനാ ബന്ധം വിച്ഛേദിക്കുന്നു.

ഇത് ദൈവവുമായിട്ടുള്ള കൂട്ടായ്മ ഇല്ലാതാക്കുന്നു. ഗൗരവമായി ഇത് തോന്നുന്നില്ലെങ്കിലും വളരെ ശ്രദ്ധിക്കേണ്ട വിഷയമാണ്. ഒരു വിശ്വാസി ദൈവവുമായി അകൽച്ച നിലനിർത്തിക്കൊണ്ടുപോകുന്നത് അത്യന്ത്യം അപകടകരമാണ്. യഥാസ്ഥാനപ്പെടുവാൻ, ബന്ധം പുനസ്ഥാപിക്കുവാൻ ദൃഢമായ തീരുമാനം കൈക്കൊള്ളണം. അല്ലെങ്കിൽ പരീക്ഷണങ്ങൾക്കും പരിശോധനകൾക്കും മുമ്പിൽ മുട്ടുമടക്കേണ്ടിവരും. പരാജയത്തിന്റെപടുകുഴിയിൽ വീണ ആ ജീവിതം കാർമേഘാവൃതമായിരിക്കും.

ദൈവത്തോടുള്ള ഭക്തി വിശുദ്ധജീവിതം നയിക്കുവാനുള്ള ശക്തമായ പ്രേരകഘടകമാണ്. അതിനാൽ യഥാർത്ഥ ദൈവഭക്തി ഉണ്ടായിരിക്കണം. കേവലം ബഹുമാനമോ, ആദരവോ ആയി ദൈവഭക്തിയെ അർത്ഥം കുറച്ചു കാണാറുണ്ട്. 'ആരോഗ്യകരമായ ദൈവഭയം', 'അവന്റെ പ്രമാണങ്ങൾക്കും, അച്ചടക്കനടപടികൾക്കനുസരിച്ചുള്ള ഭയം' എന്നതാണ് ഇതിന്റെ ശരിയായ അർത്ഥമെന്ന് പ്രഖ്യാപിക്കേണ്ട കാലം വന്നിരിക്കുന്നു. ഒരുവന്റെ പാപം അവന്റെ

മൂന്നും നാലും തലമുറയിലും തുടരും എന്ന ആശയവും ഇതിലുണ്ട്; ഭാര്യയോട് അവിശ്വസ്തനായിരുന്ന ഒരുവന് തന്റെ മകനും ആ പാപം ആവർത്തിച്ചത് കാണേണ്ടി വന്ന ചരിത്രമുണ്ട്.

ക്രിസ്തീയ ജീവിതത്തിൽ വിശുദ്ധി അത്യന്താപേക്ഷിതമായ ഘടകമാണെന്നും അതിനെ മാറ്റി നിർത്തിയുള്ള ജീവിതം നയിക്കുവാൻ ഒരു പ്രമാണവുമില്ലെന്നും വ്യക്തമാക്കുന്ന ചിലകാരണങ്ങളാണ് ചിന്തനീയമായി ഭവിച്ചത്. നമ്മുടെ വീണ്ടെടുപ്പുകാരനോട് അനുരൂപനാകുവാൻ പ്രേരിപ്പിക്കുന്ന ഘടകമാണ് വിശുദ്ധി.

ശുദ്ധീകരണത്തെക്കുറിച്ച് ആഴത്തിൽ വിചിന്തനം ചെയ്യുവാനുള്ള സന്ദർഭം ഇപ്പോൾ ഉചിതമായിരിക്കുന്നു. ഓർക്കുക -വിശുദ്ധിയുടെ മറ്റൊരു പദപ്രയോഗമാണ് ശുദ്ധീകരണം.

## അദ്ധ്യായം 5

# ശുദ്ധീകരണത്തിന്റെ ചതുർഭാവങ്ങൾ

രക്ഷിക്കപ്പെടുവാൻവേണ്ടി പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ട ഒരു വ്യക്തിയായിരുന്നു ജോ. ജനനത്തിനു മുമ്പുതന്നെ ദൈവം അവനെ മുന്നറിയുകയും തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. അവൻ വളർന്ന് വന്നപ്പോൾ പ്രത്യേകതകൾ ഒന്നും ജീവിതത്തിൽ സംഭവിച്ചില്ല. ചില നാളുകൾക്കുശേഷം വിശ്വാസികളുമായി അവൻ ബന്ധം സ്ഥാപിക്കുവാൻ തുടങ്ങി. ഒരു ദിവസം അപരിചിതനായ ഒരു വ്യക്തി അവനൊരു ലഘുലേഖ കൊടുത്തു. അവിചാരിതമായി റേഡിയോ ട്യൂൺ ചെയ്തപ്പോൾ ഒരു റേഡിയോ പ്രഭാഷണം കേൾക്കുവാൻ കഴിഞ്ഞു. ടെലിവിഷൻ ഓൺ ചെയ്തപ്പോൾ ഒരു സുവിശേഷയോഗം നടക്കുന്ന രംഗമാണ് പ്രദർശിപ്പിച്ചുകൊണ്ടിരുന്നത്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അവന്റെ ഭാര്യ രക്ഷിക്കപ്പെടുകയും കുടുംബത്തിലൊട്ടാകെ വലിയ മാറ്റം ഉണ്ടാകുകയും ചെയ്തത് അവന്റെ രക്ഷയോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ ക്രമീകരണമായിരുന്നു എന്ന് പിന്നീട് അവന് മനസ്സിലാക്കാൻ കഴിഞ്ഞു.

യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി അംഗീകരിച്ച് വിശ്വസിക്കാൻ സാധിച്ചപ്പോൾ ദൈവമുമ്പാകെ ഒരു വിശുദ്ധജീവിതം നയിക്കുവാനുള്ള ഭാഗ്യം തനിക്ക് ലഭിച്ചിരിക്കുന്നു എന്ന് അവൻ ഗ്രഹിച്ചു. അവന് നീതീകരണം ലഭിച്ചു. "ക്രിസ്തുവിലൂടെ ദൈവം അവനെ കണ്ടു" അതിന്റർത്ഥം അവന്റെ വിശുദ്ധി ക്രിസ്തുവായിരുന്നതിനാൽ സ്വർഗ്ഗം പ്രാപിക്കുവാൻ അവൻ യോഗ്യനായിത്തീർന്നു. പിശാചിനാൽ നിയന്ത്രിക്കപ്പെട്ട ഈ ലോകസമ്പ്രദായങ്ങളുടെ അംഗമല്ല അവൻ, മറിച്ച് ഈ ലോകത്തിൽ നിന്ന് വേർപെട്ടു ക്രിസ്തുവിന്റെ ഒരു ഭാഗമായിത്തീർന്നു.

ജോയുടെ ജീവിതത്തിൽ അത്ഭുതാവഹമായ മാറ്റങ്ങൾ കണ്ടു തുടങ്ങി. പാപത്തെ വെറുക്കുന്ന പരിശുദ്ധിയെ പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന ഒരു മനസ്സുണ്ടായി. പാപം ചെയ്തെങ്കിലും മുമ്പത്തെപ്പോലെയല്ല; പാപത്തിന് അവന്റെമേൽ അധികാരമില്ലാതായി. അവന്റെ ഇഷ്ടപ്രകാരം മനഃപൂർവ്വമായി അവൻ പാപം ചെയ്തിട്ടില്ല. അറിയാതെ ചെയ്ത പാപങ്ങളോർത്ത് സ്വയം ലജ്ജിതനായിത്തീർന്നു. പഴയസ്വഭാവങ്ങൾ ഓരോന്നായി അവനെ വിട്ടുപോകാൻ തുടങ്ങി. അവന്റെ സംസാരം കറതീർന്നവയായി. ഒട്ടും സംശയിക്കേണ്ടതില്ല. അവൻ വിശുദ്ധിയിൽ വളരുകയായിരുന്നു.

കഴിഞ്ഞൊരു ദിവസം ജോ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അവന്റെ രക്ഷിതാവിനെ മുഖദാവിൽ ദർശിച്ചപ്പോൾ ആശ്ചര്യപൂർണ്ണമായ രൂപാന്തരം അവനിൽ സംഭവിച്ചു. ധാർമ്മികമായും ആത്മീകമായും അവൻ യേശുവിനെപ്പോലെയായിത്തീർന്നു. എന്നന്നേക്കുമായി പാപത്തിൽ നിന്ന് അവൻ സ്വതന്ത്രനായി.

## ശുദ്ധീകരണത്തിന്റെ പ്രത്യക്ഷമായ അർത്ഥം

ജോയുടെ ജീവിതത്തിൽ സംഭവിച്ച മാറ്റങ്ങൾ പുതിയനിയമത്തിൽ ശുദ്ധീകരണത്തിനു നൽകിയിരിക്കുന്ന നാലുഭാവങ്ങളെ സൂചിപ്പിക്കുന്നു. അവയെ നിരീക്ഷിക്കുന്നതിനുമുമ്പ് 'ശുദ്ധീകരണം' എന്ന പദത്തിന്റെ അർത്ഥം വിചിന്തനം ചെയ്യാം. 1. ശുദ്ധീകരണം എന്നത് വിശുദ്ധി പ്രാപിക്കുവാനുള്ള പ്രക്രിയ ആണ്. മൂലഭാഷയിൽ ഒരേ പദത്തിൽ നിന്നുത്ഭവിക്കുന്ന ഒരു ക്രിയാവിശേഷണവും നാമവുമാണിത്. ശുദ്ധീകരണം എന്നാൽ "വേർതിരിക്കപ്പെടുക" എന്നാണ് അർത്ഥം. വേദപുസ്തകത്തിലെ എല്ലാ ഭാഗങ്ങളിലും

ഈ പദപ്രയോഗങ്ങൾക്ക് നൽകാവുന്ന ഏറ്റവും ഉചിതമായ നിർവ്വ ചനം ഇതുമാത്രമാണ്.

'ശുദ്ധീകരണം പ്രാപിക്കുക' എന്നതിന് പരിപൂർണ്ണമായി തീരുക എന്നുള്ള അർത്ഥം തെറ്റായി നൽകാറുണ്ട്. ഇത് സ്വീകാര്യമല്ല, കാരണം ക്രിസ്തു അവനെത്തന്നെ ശുദ്ധീകരിച്ചതായി വചന ത്തിൽ വായിക്കുന്നു (യോഹ. 17:19) നാം അവനെ ഹൃദയങ്ങളിൽ കർത്താവായി ശുദ്ധീകരിക്കണം. (1 പത്രൊ. 3:15). ഒരിക്കലും കർ ത്താവിന് അവനായിരിക്കുന്നതിലുമപ്പുറം പൂർണ്ണനാവാനാവില്ല അവന്റെ പൂർണ്ണതയോട് നമുക്കും ഒന്നും കൂട്ടിച്ചേർക്കാനാവില്ല. "പൂർണ്ണതയുടെ പരിപൂർണ്ണതയാണവൻ" എന്നാൽ പിതാവ് അവ നെ ഏല്പിച്ചിരിക്കുന്ന ദൗത്യത്തിനായി അവനുതന്നെ സ്വയം വേർ തിരിക്കാനാവും. നമുക്കും അവനെ ജീവിതത്തിൽ പരമാധികാരി യായ കർത്താവായി വാഴിക്കുവാനാകും.

വേദപുസ്കത്തിൽ പ്രത്യേക വ്യക്തികളോടും സ്ഥലങ്ങളോടും, ദിവസങ്ങളോടും, ഉപകരണങ്ങളോടുമുള്ള ബന്ധത്തിലാണ് 'ശുദ്ധീ കരണം' എന്ന പദം ഉപയോഗിച്ചിരിക്കുന്നത്.

ത്രിത്വത്തിലെ മൂന്നാളത്വങ്ങൾ സ്വഭാവത്തിലായാലും പ്രവർത്ത നങ്ങളിലായാലും, സകലസൃഷ്ടികളെക്കാളും അത്യന്തം പരിപൂർ ണ്ണരാണ് (ലേവ്യ. 11:44,45; യോഹ. 10:36; 1 കൊരി. 6:19). ദൈവീ കന്യായപ്രമാണം ലഭിച്ച സ്ഥലം എന്നർത്ഥത്തിലാണ് സീനായി മലയെ ശുദ്ധീകരിച്ചത് എന്ന് നാം കാണുന്നു (പുറ. 19:23). പഴയ നിയമത്തിൽ ഏഴാം ദിവസത്തെ യഹോവ ശുദ്ധീകരിച്ചതായി കാ ണുന്നു. (ഉല്പ.2:3). തന്റെ പ്രർത്തനങ്ങളിൽ നിന്നൊഴിഞ്ഞ് വിശ്രമ ദിവസമായി വേർതിരിച്ചു എന്നാണതിനർത്ഥം. മനുഷ്യരുടെയും മൃഗങ്ങളുടെയും ആദ്യജാതന്മാരെ കർത്താവിനുവേണ്ടി അഥവാ വേർതിരിച്ചിരുന്നതായി കാണുന്നു. (പുറ. 13:2). സമാഗമനകൂടാ രവും അതിലെ ഉപകരണങ്ങളും ശുദ്ധീകരിക്കപ്പെട്ടിരുന്നതുകൊണ്ട് ദൈവീകശുശ്രൂഷകൾക്കുവേണ്ടി വേർതിരിച്ചതാണെന്ന് വ്യക്തമാ ണ് (പുറപ്പാട് 40:9). യിസ്രായേൽ മക്കൾ അകൃത്യങ്ങൾ ചെയ്യു വാനായി അവരെ സ്വയം ഏല്പിച്ചുകൊടുത്തു (യെശയ്യാവു 66:17). അതായത് ഈ പദത്തിന്റെ സാമാന്യ അർത്ഥത്തിൽ, അവരെ തന്നെ വിശുദ്ധരാക്കാൻ അവർ ശ്രമിച്ചില്ല; മറിച്ച് പാപത്തിന്റെ കരാ ളഹസ്തങ്ങളിലേക്ക് സ്വയം എറിഞ്ഞുകൊടുത്ത ഹതഭാഗ്യരാണവർ.

ഒരർത്ഥത്തിൽ അവിശ്വാസികൾക്കും ശുദ്ധീകരിക്കപ്പെടാം. ഉദാഹരണമായി "അവിശ്വാസിയായ ഭർത്താവു ഭാര്യ മുഖാന്തരം വിശുദ്ധീകരിക്കപ്പെടും" (1 കൊരിന്ത്യർ 7:14). അവിശ്വാസികളുടെ രക്ഷ ഇതിനാൽ ഉറപ്പുവരുന്നു എന്നർത്ഥമില്ല. ഒരു ക്രിസ്തീയ വിശ്വാസിയായ ഭാര്യയെ ലഭിക്കുന്നതോടൊപ്പം ചില ബാഹ്യമായ പദവികൾ ലഭിക്കുമെന്നാണിതിനർത്ഥം. വിശ്വസിക്കയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു കൂട്ടാളിയെ കിട്ടുന്നത് വലിയ ഭാഗ്യമാണ്.

ഈ ഭാഗങ്ങളിൽ നിന്ന് 'ശുദ്ധീകരണം' എന്ന പദം ഉപയോഗിച്ചിരിക്കുന്നത് 'വേർതിരിക്കുക' എന്ന ആശയത്തിലാണെന്നു വ്യക്തമാകുന്നു. പുതിയനിയമത്തിൽ ശുദ്ധീകരണത്തിനു നൽകിയിരിക്കുന്ന നാലു ഭാവങ്ങളെ തുടർന്നു ചിന്തിക്കാം.

1) രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള ശുദ്ധീകരണം

2) സ്ഥാനപരമായ ശുദ്ധീകരണം

3) പ്രായോഗികം അഥവാ നിരന്തരമായ ശുദ്ധീകരണം

4) പരിപൂർണ്ണ ശുദ്ധീകരണം

## രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള ശുദ്ധീകരണം

സകല വിശ്വാസികളും രക്ഷിക്കപ്പെടുന്നതിനു മുമ്പുതന്നെ പരിശുദ്ധാത്മാവിനാൽ ശുദ്ധീകരണം പ്രാപിച്ചവരാണ്; അഥവാ വേർതിരിക്കപ്പെട്ടവരാണ്. തെസ്സലോനിക്യർക്കെഴുതിയ ലേഖനത്തിൽ രക്ഷയുടെ മൂന്നു പടികളെക്കുറിച്ച് പൗലോസ് വിവരിക്കുന്നുണ്ട്. (2 തെസ്സലോനിക്യർ 2:13).

"ദൈവം നിങ്ങളെ ആദിമുതൽ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷക്കായി തിരഞ്ഞെടുത്തതുകൊണ്ടു നിങ്ങൾ നിമിത്തം ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കടപ്പെട്ടിരിക്കുന്നു".

പത്രൊസും സമാനമായ വിശദീകരണം നൽകുന്നു (1 പത്രൊസ്. 1:2).

"ദൈവത്തിന്റെ മുന്നറിവിനു ഒത്തവണ്ണം ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ചു അനുസരണം കാണിപ്പാനും യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനും".

ഈ രണ്ടു ഭാഗങ്ങളിൽ നിന്നും രക്ഷിക്കപ്പെടുന്നതിനു മുമ്പ് തന്നെ ശുദ്ധീകരണം സംഭവിക്കുന്നതായി സൂചന ലഭിക്കുന്നു. പരിശുദ്ധാത്മാവ് ഒരു വ്യക്തിയെ ക്രിസ്തുവിനായി വേർതിരിക്കുന്നു. അപ്പോൾ ആ വ്യക്തി സത്യത്തെ അനുസരിക്കുകയും യേശുവിന്റെ രക്തത്തിന്റെ ശക്തി അവനെ ക്രിസ്തുവിന്റെ പട്ടികയിലേക്കും കൂട്ടായ്മയിലേക്കും ചേർക്കുന്നു.

## സ്ഥാനപരമായ ശുദ്ധീകരണം

ഒരു വ്യക്തി രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ 'ശുദ്ധീകരിക്കപ്പെട്ടവൻ' എന്ന പദവി അവനു ലഭിക്കുന്നു. അതായത് ലോകത്തിൽ നിന്ന് വേർതിരിക്കപ്പെട്ട അവനെ ക്രിസ്തുവിലാണ് ദൈവം ദർശിക്കുന്നത് (1 കൊരിന്ത്യർ 1:2). ശരിയായ അർത്ഥത്തിൽ ക്രിസ്തുവാണ് അവന്റെ ശുദ്ധീകരണം (1 കൊരിന്ത്യർ 1:30).

യഥാർത്ഥ വിശ്വാസികളെല്ലാം വിശുദ്ധന്മാരാണ്; ദൈവത്തിനു വേണ്ടി വേർതിരിക്കപ്പെട്ടവർ. വിശുദ്ധൻ എന്നാൽ മരിച്ച ഒരു ക്രിസ്ത്യാനി എന്ന് ഒരു കുട്ടി നിർവ്വചിക്കുകയുണ്ടായി. മറുവശത്ത് ജീവിച്ചിരിക്കുന്നവനായാലും മരിച്ചവനായാലും ഏതൊരു യഥാർത്ഥ വിശ്വാസിയും വിശുദ്ധന്മാരാണ്. എന്നാൽ അവനൊരു ജഢീകനായിരിപ്പാനും കഴിയും (1കൊരിന്ത്യർ 1:1,2; 3:1,3). ഒരു പക്ഷേ സ്ഥാനപരമായി അവൻ ശുദ്ധീകരിക്കപ്പെട്ടവനായിരിക്കും; എന്നാൽ അവന്റെ പെരുമാറ്റത്തിലും സ്വഭാവത്തിലും അത് വെളിപ്പെടണമെന്നില്ല (1പത്രൊസ് 1:12,15, 16) എന്നാൽ ശുദ്ധീകരിക്കപ്പെട്ടവർ വിശുദ്ധിയിൽ എത്തിച്ചേരുവാൻ ദൈവവചനം അനുശാസിക്കുന്നു.

അപ്പോസ്തല പ്രവർത്തി 20:32-ൽ– "സകല വിശുദ്ധന്മാരോടും" എന്ന് കാണുന്നത് സകലവിശ്വാസികളെയുമാണ് അർത്ഥമാക്കുന്നത്; ലിംഗഭേദമില്ല. 26:18ൽ 'എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരെന്ന്' കർത്താവ് തന്നെ തന്റെ ജനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. കൊരിന്ത്യവിശ്വാസികളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത് "കഴുകി..... ശുദ്ധീകരണവും നീതീകരണവും" പ്രാപിച്ചവരെന്നാണ് (1കൊരിന്ത്യർ 6:11). ഈ ഭാഗങ്ങളെല്ലാം തന്നെ സ്ഥാനപരമായ ശുദ്ധീകരണത്തെയാണ് സൂചിപ്പിക്കുന്നത്.

## പ്രായോഗികം അഥവാ നിരന്തര ശുദ്ധീകരണം

പ്രായോഗികമായ ഒരു ശുദ്ധീകരണവുമുണ്ട്. നാം ദൈനംദിന ജീവിതത്തിൽ എങ്ങനെയായിരിക്കണമെന്ന് ഇത് പഠിപ്പിക്കുന്നു. നാം ഏവരും പാപത്തിൽ നിന്നും ദുഷ്ടതയിൽ നിന്നും വേർപെട്ട് ദൈവത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട ഒരു ജീവിതമാണ് നയിക്കേണ്ടത്. വിശുദ്ധീകരണം എന്ന് ഉത്ബോധിപ്പിക്കുമ്പോഴെല്ലാം പ്രായോഗിക ശുദ്ധീകരണത്തെയാണ് സൂചിപ്പിക്കുന്നത്. ശുദ്ധീകരണത്തിന്റെ ഈ ഭാവമാണ് അധികം സംസാരിക്കപ്പെടുന്നത്.

യേശുക്രിസ്തുവിന്റെ പ്രാർത്ഥനയിൽ തനിക്കുള്ളവർക്കുവേണ്ടിയും അപേക്ഷിച്ചു. "സത്യത്താൽ അവരെ വിശുദ്ധീരിക്കേണമേ" (യോഹന്നാൻ 17:17). പൗലോസ് കൊരിന്ത്യരെ ഉപദേശിക്കുന്നു "ജഡത്തിലേയും ആത്മാവിലേയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചു കൊൾക" (2 കൊരിന്ത്യർ 7:1). പത്രൊസും വ്യക്തമാക്കുന്നു; "നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവീൻ" (1പത്രൊസ് 1:15).

നാം നമ്മെത്തന്നെ ദൈവത്തിനുവേണ്ടി വേർതിരിച്ച് ജീവിക്കുകയാണെങ്കിൽ തീർച്ചയായും അവിശ്വാസികളിൽനിന്ന് വളരെ വ്യത്യസ്തരായിരിക്കും. ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ആ വ്യത്യാസം വെളിപ്പെടും. അംഗീകരിക്കുവാൻ പ്രയാസമുള്ള ഒരു സത്യമായിരിക്കുമിത്. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാകുവാൻ നാം ആഗ്രഹിക്കുന്നില്ല. ചുറ്റുപാടുകളോടു പറ്റിച്ചേരുവാനാണ് എപ്പോഴും മനസ്സിന്റെ വാഞ്ഛ. എന്നാൽ ദൈവം അവയിൽ നിന്നെല്ലാം ഒരു അന്തരം നമ്മിൽ ദർശിക്കുവാൻ ആശിക്കുന്നു.

ദൈവം യിസ്രായേലിനെ വിളിച്ച് വേർതിരിച്ചപ്പോൾ കർത്താവിന്റെ ജനത്തെക്കുറിച്ചുള്ള ആഗ്രഹം ബിലയാം പറഞ്ഞതുപോലെ തന്നെയായിരുന്നു. "ഗിരികളിൽ നിന്നു ഞാൻ അവനെ ദർശിക്കുന്നു; ഇതാ തനിച്ചു പാർക്കുന്നോരു ജനം" (സംഖ്യാപുസ്തകം 23:9). സത്യത്തിനുവേണ്ടി വേർതിരിക്കപ്പെട്ട ഒരു ജീവിതം നയിക്കുവാൻ വിവിധ രീതികളിൽ യഹോവ അവരെ പഠിപ്പിച്ചു. അവരുടെ നിലങ്ങളിൽ കൂട്ടുവിത്തു വിതക്കരുതെന്ന് ദൈവം കല്പിച്ചു (ലേവ്യപു

സ്തകം 19:19). രണ്ടു തരത്തിലുള്ള തുണികൾ കലർന്ന വസ്ത്രം ധരിക്കുവാൻ അനുവാദമില്ലായിരുന്നു (ലേവ്യപുസ്തകം 19:19). കാളയേയും കഴുതയേയും ഒന്നിച്ചു പൂട്ടി ഉഴുതരുതെന്നും കല്പിച്ചിരുന്നു (ആവർത്തനം 22:10). എന്നാൽ യിസ്രായേൽ ജനം ഈ വ്യത്യാസം നിലനിർത്തിക്കൊണ്ടുപോകാൻ തുനിഞ്ഞില്ല, മറ്റു ജാതികളെപ്പോലെ തങ്ങളേയും ഭരിക്കുവാൻ ഒരു രാജാവു വേണമെന്ന് അവർ ശഠിച്ചു (1 ശമുവേൽ 8:5,20).

സഭയിലും ഇതുതന്നെ സംഭവിക്കുന്നു. അധികം വിശദീകരണത്തിന്റെ ആവശ്യമില്ലാതെതന്നെ ചുറ്റുപാടുകൾ ഇത് വ്യക്തമാക്കുന്നു.

## പരിപൂർണ്ണ ശുദ്ധീകരണം

നാലാമത്തെ ഭാവമാണ് പരിപൂർണ്ണ ശുദ്ധീകരണം. ഇത് ഒരു വിശ്വാസിയുടെ ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യമാണ്. രക്ഷകനായ ക്രിസ്തുവിനെ മുഖദാവിൽ ദർശിക്കുന്ന ഭാഗ്യനിമിഷത്തിൽ സർവ്വ പാപങ്ങളിൽ നിന്നും വിമുക്തമാക്കപ്പെട്ട നിത്യമായ ഒരു ശുദ്ധീകരണാവസ്ഥ ലഭിക്കും (1യോഹന്നാൻ 3:2). സകലത്തിലും അവനോട് സദൃശ്യന്മാരായിതീരുന്ന നാം പരിപൂർണ്ണ ശുദ്ധീകരണം പ്രാപിക്കും.

കൊലൊസ്സ്യർ 1:22-ൽ അതാണ് വായിക്കുന്നത്. "അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന്നു....". യൂദായുടെ ലേഖനത്തിൽ കാണുന്നത് കർത്താവ് നമ്മെ "തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തും" (യൂദാ. 24).

ഇവയാണ് ശുദ്ധീകരണത്തിന്റെ ചതുർഭാവങ്ങൾ; രക്ഷിക്കപ്പെടുന്നതിനു മുമ്പ് സംഭവിക്കുന്നത്; രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ സംഭവിക്കുന്നത്; ദൈനംദിന ജീവിതത്തിൽ സംഭവിക്കുന്നത്; കർത്താവിനെ മുഖദാവിൽ ദർശിക്കുമ്പോൾ സംഭവിക്കുന്നത്; മൂന്നാമത്തെ ഭാവമാണ് ഈ ഗ്രന്ഥത്തിൽ പ്രാഥമികമായി പരിഗണിച്ചിരുക്കുന്നത്. സൈനീക ആയുധങ്ങളുടെ ദൃഷ്ടാന്തത്തിൽ ക്രിസ്തീയ സ്വഭാവത്തിന്റെ വളർച്ചയാണ് അടുത്ത അദ്ധ്യായത്തിൽ വിചിന്തനം ചെയ്യുന്നത്.

# അദ്ധ്യായം 6

# ദൈവത്തിന്റെ സർവ്വായുധവർഗ്ഗം

പുതിയ നിയമത്തിൽ വിശുദ്ധിക്ക് വിവിധങ്ങളായ ദൃഷ്ടാന്തങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. പഴയ വസ്ത്രം ഉരിഞ്ഞുകളഞ്ഞു പുതിയ വസ്ത്രം ധരിക്കുന്നതു പോലെയാണ് വിശുദ്ധി. (കൊലൊ.3:9-10). പുതിയവസ്ത്രം അഥവാ പുതിയ മനുഷ്യൻ എന്നത് യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ ജീവിതമാണ്. "കർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിന്നായി ചിന്തിക്കരുത്" എന്ന് അപ്പൊസ്തലൻ ഉത്ബോധിപ്പിക്കുന്നു. (റോമർ. 13:14).

മുന്തിരിവള്ളിയിൽ ഉണ്ടാകുന്ന ഫലത്തോടു സാമ്യപ്പെടുത്തി വിശുദ്ധിയെ ചിത്രീകരിച്ചിട്ടുണ്ട്. ക്രിസ്തുവാണ് മുന്തിരിവള്ളി. ഒരുവൻ ക്രിസ്തുവിൽ വസിക്കുമ്പോൾ അവന് അനുരൂപമായ സ്വഭാവം പുറപ്പെടുവിക്കുന്നു (യോഹന്നാൻ 15:1-17) പൗലോസ് ആത്മാവിന്റെ ഫലമെന്ന് ഇതിനെക്കുറിച്ചു പറഞ്ഞിരിക്കുന്നു (ഗലാ. 5:22,23).

ക്രിസ്തുവിലൂടെ ദൈവം മനുഷ്യർക്ക് വെളിപ്പെടുത്തിയ സ്നേഹത്തെ വിശുദ്ധിയോട് പൗലൊസ് തുലനം ചെയ്യുന്നുണ്ട് (1 കൊരിന്ത്യർ 13). ഫലസമൃദ്ധമായ തന്റെ മനസ് വീണ്ടും പരിശുദ്ധാത്മപ്രേരിതമായപ്പോൾ ഒരു സൈനികന്റെ ആയുധവർഗ്ഗത്തോട് വിശുദ്ധിയെ സാമ്യപ്പെടുത്തുന്നു (എഫേസ്യർ 6:10-18). ഈ ദൃഷ്ടാന്തത്തെ ഒന്ന് അവലോകനം ചെയ്യാം.

## ആയുധവർഗ്ഗത്തിന്റെ ആവശ്യം എന്ത് ?

ക്രിസ്തീയ ജീവിതം ഒരു യുദ്ധക്കളവും ഓരോ വിശ്വാസിയും അതിലെ ഓരോ സൈനികനുമാണ്. യുദ്ധം എപ്പോഴും അതിന്റെ തീവ്രതയിൽ നിൽക്കുന്നു. പെട്ടന്നുള്ള ആക്രമണം ഏതു നിമിഷവും ഉണ്ടാകാം. പടനായകന് പൂർണ്ണമായി തങ്ങളെത്തന്നെ സമർപ്പിച്ച് അവനോട് ചേർന്ന് നിൽക്കുന്ന സൈനീകർക്ക് ശക്തമായ ആക്രമണം ശത്രുവിൽ നിന്നുണ്ടാകും. നാമധേയ വിശ്വാസികളുടെമേൽ വെടിയുണ്ടകൾ പായിക്കാൻ ശത്രു ഒരുങ്ങാറില്ല.

ആത്യന്തികമായ ഫലം ഇവിടെ ഉറപ്പിച്ചിരിക്കുകയാണ്. "നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കും" (റോമർ 8:37). കർത്താവ് നമുക്ക് അനുകൂലമെങ്കിൽ ആർക്കും നമ്മുടെ മേൽ ജയം പ്രാപിക്കാനാവില്ല. (റോമർ 8:31). കാലാന്ത്യത്തിൽ സകല ശത്രുക്കളുടെയും "മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവു" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടിവരും (ഫിലിപ്പ്യർ 2:11).

എന്നാൽ എന്തുകൊണ്ടാണ് നമ്മുടെ സ്നേഹിതരുടെ ശവശരീരങ്ങൾ ഈ യുദ്ധക്കളത്തിൽ തെറിച്ചു വീഴുന്നത്? എന്തുകൊണ്ടാണ് അനേക പ്രഭാഷകരും വേദാദ്ധ്യാപകരും പരാജയത്തിന്റെ പടുകുഴിയിലേക്ക് നിപതിക്കുന്നത്? മുറിവേൽക്കുന്നവരുടേയും, തളർന്നു വീഴുന്നവരുടേയും എണ്ണം കൂടുന്നതെന്തുകൊണ്ട്? കാരണം, പടച്ചട്ടയിലെവിടെയോ ശത്രു ഒരു വിള്ളൽ കണ്ടെത്തി അവിടം നോക്കി ആയുധം പ്രയോഗിച്ചു.

നാമും മറ്റുള്ളവരെപ്പോലെ പരാജിതരാകുവാൻ സാധ്യതയുണ്ട്. നമ്മെ സ്വയം സംരക്ഷിക്കുവാൻ അപ്പൊസ്തലൻ ഒരു സൈനികവേഷവിധാനത്തിന്റെ പട്ടിക എഫേസ്യർ 6:10-18 വരെയുള്ള വാക്യങ്ങളിൽ നൽകിയിട്ടുണ്ട്.യുദ്ധത്തിൽ സ്വയം സംരക്ഷിക്കുവാനും വിജയം പ്രാപിക്കുവാനും ആവശ്യമായ എല്ലാ പടക്കോപ്പുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കർത്താവിന്റെ അമിത ബലം

പ്രഥമമായി, "കർത്താവിലും അവന്റെ അമിത ബലത്തിലും" നാം ശക്തിപ്പെടണം (വാ. 10). നമ്മുടെ ശക്തിയിൽ ആശ്രയിച്ച് പോരാടുകയാണെങ്കിൽ പരാജയത്തെ അഥവാ മരണത്തെ മനഃപൂർവ്വം മാടി വിളിക്കുകയാണ് ചെയ്യുന്നത്. ശത്രുവിനെ കീഴ്പ്പെടുത്താൻ നാം നമ്മിൽ തന്നെ ബലഹീനരാണ്; ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം ബലഹീനത അംഗീകരിച്ചിട്ട് കർതൃശക്തി നമ്മിൽ വ്യാപരിക്കുവാൻ അനുവദിക്കണം. "ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശകതനാകുന്നു" (2 കൊരിന്ത്യർ 12:10) എന്ന് പൗലൊസ് പറഞ്ഞതിന്റെ അർത്ഥം മറ്റെന്താണ്? ദൈവത്തിന്റെ ശക്തി നമ്മുടെ ബലഹീനതയിൽ തികഞ്ഞു വരുന്നതാണ്

(2 കൊരിന്ത്യർ 12:9). ബലഹീനരായ പടയാളികൾ വെന്നിക്കൊടി പാറിക്കുമ്പോൾ അതിന്റെ സകല മഹത്വവും അവർക്ക് ശക്തി പകർന്നവനായിരിക്കും.

**സർവ്വായുധ വർഗ്ഗം / പടച്ചട്ട**

നാം ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണം. അരപ്പട്ട, കവചം. ചെരിപ്പ്, പരിച, ശിരസ്ത്രം, വാൾ എന്നിവ കൂടാതെ അമിതമായ പ്രാർത്ഥനയുമാണ് ഈ ആയുധകൂട്ടത്തിൽ ഉള്ളത്. ഒരു പക്ഷെ, പൗലോസ് എഴുത്തിലൂടെ ഈ ചിത്രീകരണം നടത്തുന്നത്, തനിക്ക് കാവലായി നിന്ന റോമാ പടയാളിയുടെ വേഷവിധാനങ്ങൾ നിരീക്ഷിച്ചു കൊണ്ടായിരിക്കാം; ആത്മീയമായി ഒരു സമാന്തരത്വം താനതിൽ ദർശിക്കുന്നു. അതിനാൽ നാം സ്വയം ചോദിക്കേണ്ട ഒരു ചോദ്യം ഉണ്ട്. "റോമൻ പടച്ചട്ടയുടെ ആത്മീയ പ്രതിരൂപം എന്താണ്? തീർച്ചയായും, അത് സൈനീക ആയുധങ്ങളെയല്ലാ അർത്ഥമാക്കുന്നത്, കാരണം അക്ഷരാർത്ഥത്തിലുള്ള ദൈവവചനം പറയുന്നു. "പോരിന്റെ ആയുധങ്ങൾ ജഡീകങ്ങളല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ" (2കൊരിന്ത്യർ 10:4). ഇത് നമ്മുടെ ക്രിസ്തുവിലുള്ള സ്ഥാനത്തെയാണ് സൂചിപ്പിക്കുന്നത് എന്ന് ചിലർ ചിന്തിക്കുന്നു. ഉദാഹരണത്തിന് നീതിയുടെ കവചം നാം വീണ്ടും ജനിക്കുമ്പോൾ ദൈവം നമ്മെ ധരിപ്പിക്കുന്ന നീതിയാണെന്ന് അവർ പഠിപ്പിക്കുന്നു. ക്രിസ്തുവിനോടുള്ള ബന്ധത്തിൽ നമുക്കു സ്വന്തമാകുന്ന നീതി, സത്യം, വിശ്വാസം, രക്ഷ തുടങ്ങിയവയെയാണ് ഈ ആയുധവർഗ്ഗം അർത്ഥമാക്കുന്നതെങ്കിൽ സകല വിശ്വാസികളും ഒരു ഊനവും ഇല്ലാത്ത പരിപൂർണ്ണ വ്യക്തിത്വങ്ങളായിരിക്കണം. അങ്ങനെയെങ്കിൽ ദുരുപദേശത്താലോ, അധാർമ്മികതയാലോ വിശ്വാസികൾ വീണുപോകുന്ന സംഭവങ്ങൾ ഒരിക്കലും നാം കേൾക്കുകയില്ല; വിശ്വാസികൾക്ക് ഒന്നും പ്രത്യേകമായി ധരിക്കേണ്ടതിന്റെ ആവശ്യം വരികയില്ല, സ്വതവെ എപ്പോഴും സർവ്വായുധവർഗ്ഗധാരികളായിരിക്കും. ഒരിക്കലും ഇത് ക്രിസ്തുവിലുള്ള പദവിയെയല്ല സൂചിപ്പിക്കുന്നത്, മറിച്ച് ദൈനംദിന ജീവിതത്തിലെ പ്രായോഗികമായ സംഗതികളാണിവ.

ശക്തനായ ഒരു ക്രിസ്ത്യാനിയുടെ പ്രായോഗിക ജീവിതത്തിലെ പ്രധാന ഘടകങ്ങളാണ് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം അർത്ഥമാക്കുന്നതെന്ന് നാം വിശ്വസിക്കേണ്ടിയിരിക്കുന്നു. ഒരു ക്രിസ്തീയ പടയാളി കളങ്കമില്ലാത്ത ഒരു ജീവിതം നയിക്കുകയാണെങ്കിൽ ശത്രു ആക്രമിക്കുവാൻ പല പഴുതുകൾ നോക്കും; എന്നാൽ അവന് അല്പം പോലും സാദ്ധ്യമല്ല. ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിക്കുക എന്ന കല്പനയുള്ളതിനാൽ അംഗീകാരയോഗ്യമായ അനേകം കാര്യങ്ങൾ നമുക്ക് ചെയ്യുവാനുണ്ട്. നാം എങ്ങനെയുള്ള പടയാളികളാണ്? എങ്ങനെയാണ് ജീവിതം നയിക്കുന്നത്? എപ്പോഴും ചോദിക്കേണ്ട ചോദ്യങ്ങളാണ്.

## പിശാചിന്റെ തന്ത്രങ്ങൾ

സാത്താന്റെ തന്ത്രങ്ങളിൽ നിന്ന് രക്ഷ നേടുവാൻ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം സഹായിക്കുന്നു (വാ 11b) സാത്താൻ കൗശലക്കാരനാണ്, ചിന്തിക്കാത്ത വിധത്തിൽ ദൈവജനത്തെ അവൻ ആക്രമിക്കും. അവന്റെ ചതിപ്രയോഗങ്ങളേയും നാം അറിഞ്ഞിരിക്കണം. എന്തെല്ലാമാണ് സാത്താന്റെ ചില തന്ത്രങ്ങൾ?

ആദിമുതൽ അവൻ ഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനുമാണ് (യോഹന്നാൻ 8:44). ഹവ്വായോട് ദൈവത്തെ തെറ്റായി പ്രതിനിധീകരിച്ചുകൊണ്ട് അവിടുന്ന് ഒരിക്കലും കല്പിക്കാത്തതു ചെയ്യുവാൻ പ്രേരിപ്പിച്ചു. അവൻ ചതിയനാണ്, "വെളിച്ചദൂതന്റെ വേഷം ധരിക്കുകയും നീതിയുടെ ശുശ്രൂഷക്കാരനായി നടിക്കുകയും ചെയ്യുന്നു". (2 കൊരിന്ത്യർ 11:14,15). ദൈവവചനത്തെ തെറ്റായി ഉദ്ധരിച്ചും ചതി നിറഞ്ഞ അത്ഭുതങ്ങൾ പ്രവർത്തിച്ചും അവൻ ജനത്തെ വഞ്ചിക്കുന്നു (2തെസ്സലോനിക്കർ 2:9). ചതിക്കുന്ന ഒരു സർപ്പത്തെപ്പോലെ ദൈവജനത്തിന്റെ മനസ്സുകളിൽ സംശയം വിതച്ച്, ദൈവത്തെ തള്ളിക്കളയുവാൻ പ്രേരിപ്പിച്ചും അവിടുത്തോടുള്ള ആത്മാർത്ഥതയും, വിശ്വാസവും നഷ്ടപ്പെടുത്തുകയും ചെയ്യുന്നു (2 കൊരി. 11:3).

അവൻ അപവാദിയാണ്. സഹോദരന്മാരെ കുറ്റം ചുമത്തുന്നു. (വെളി. 12:10). ദൈവജനത്തിനെതിരെ അപവാദം പറയുന്നവർ സാത്താന്യ പ്രവർത്തിയാണ് ചെയ്യുന്നത്.

സാത്താൻ അനുകരിക്കുന്നവനാണ്. ദൈവം എന്തൊക്കെ ചെയ്യുന്നോ, അതുപോലെല്ലാം അനുകരിക്കുവാൻ അവനു കഴിയും. മോശ ചെയ്ത അത്ഭുതങ്ങളെല്ലാം അനുകരിക്കുവാൻ ഈജിപ്തിലെ മന്ത്രവാദികളെ അവൻ ശക്തിപ്പെടുത്തി. (2തിമൊ. 3:8)

അവൻ നിരുത്സാഹപ്പെടുത്തുന്നവനാണ്. പിന്മാറ്റക്കാരനായ ഒരു സഹോദരനോട് ക്ഷമിച്ചില്ലെങ്കിൽ അവൻ വീണ്ടും നിരാശയുടെ കാണാക്കയത്തിലേക്ക് നിപതിക്കുകയും ഒരിക്കലും തിരിച്ചു വരാൻ ആവാത്ത അവസ്ഥയിൽ ആയിത്തീരുമെന്നും കൊരിന്ത്യർക്ക് പൗലോസ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. (2 കൊരി. 2:7-11). നിരാശയിലും, നിരുത്സാഹത്തിലും ആണ്ടിരിക്കുന്ന ഒരുവനെ ദൈവം അധികം ഉപയോഗിക്കയില്ല എന്ന് പിശാചിന് അറിയാം.

ഭിന്നത ഉണ്ടാക്കി പിടിച്ചടക്കുക എന്നത് പിശാചിന്റെ വലിയ ഒരു തന്ത്രമാണ്. ഒരു ഭവനത്തിനുള്ളിൽ തന്നെ ഛിദ്രത ഉണ്ടായാൽ അതിന് നിലനിൽക്കാനാവില്ല എന്നറിഞ്ഞ്, വിശുദ്ധന്മാരുടെ ഇടയിൽ അനൈക്യം വിതക്കുവാൻ അവൻ പഴുതു തേടുന്നു.

അലറുന്ന ഒരു സിംഹത്തെപ്പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റി നടക്കുന്ന പിശാച് പലപ്പോഴും പ്രത്യക്ഷപ്പെടാറുണ്ട്. (1പത്രൊസ് 5:8). സാത്താന്റെയും അവനോടൊപ്പമുള്ള ദുരാത്മാക്കളുടെയും ലക്ഷ്യം നശിപ്പിക്കുക എന്നതാണ്. അവൻ സഭയെ പീഡിപ്പിക്കുന്നു. (വെളി. 2:10). മാത്രമല്ല, മയക്കുമരുന്ന്, മദ്യം, അധാർമ്മികത, ദൂതാരാധന തുടങ്ങി നാശഹേതുകങ്ങളായ സംഗതികൾ മുഖാന്തരം മനുഷ്യരെ നശിപ്പിക്കുവാൻ അവൻ പരിശ്രമിക്കുന്നു.

യേശുക്രിസ്തു ക്രൂശുവരിക്കുന്നതു പോലും തടയാൻ പത്രൊസിൽ കൂടെ ശ്രമിച്ചു എന്ന് സൂചനയുണ്ട്. (മർക്കൊ. 8:31-33). ക്രിസ്തുവിനുവേണ്ടി നിന്ദയും പരിഹാസവും സഹിക്കുന്നതിൽ നിന്ന് ഒഴിഞ്ഞുമാറാൻ പിശാച് പ്രോത്സാഹിപ്പിക്കുന്നു.

സാധാരണ ആത്മീയമായി വലിയ വിജയങ്ങൾ കൈവരിച്ചവരെ സാത്താൻ ആക്രമിക്കാറുണ്ട്. അഹങ്കാരം എന്ന മനോഭാവമാണ് ഈ അവസ്ഥയിലെത്തുന്നവരുടെ മഹാശത്രു.

## പിശാചിന്റെ സൈന്യം

സത്യത്തിന്റെ ശത്രുക്കളോടും, ദുരുപദേശക്കാരോടും, കൾട്ടിസ്റ്റുകളോടും നാം പോരാടുന്നുണ്ടെങ്കിലും നമ്മുടെ യുദ്ധം ജഡരക്തങ്ങളോടല്ല എന്ന് സ്പഷ്ടമാണ്. നമ്മുടെ യുദ്ധമോ പിശാചിനോടും അവന്റെ സഹായികളോടുമാണ്. പൗലോസ് ഇവരെ തിരിച്ചറിയുന്നു. "വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രെ" (വാക്യം. 12). ഈ പ്രപഞ്ചം അദൃശ്യരായ ദുരാത്മാക്കളാൽ, വീണുപോയ ദൂതന്മാരാൽ അധീനപ്പെട്ടിരിക്കുന്നു എന്ന പരമാർത്ഥം ഇവിടെ കരുതലോടെ ഓർക്കേണ്ടതാണ്. ഏതൊരു സൈനീകവ്യൂഹത്തിനും ഉള്ളതുപോലെതന്നെ കല്പന പുറപ്പെടുവിക്കുകയും അത് പൂർത്തീകരിക്കുകയും ചെയ്യുന്ന വലിയൊരു സംഘം ഇവർക്കുമുണ്ട്. സംഘടിതമായി ഈ ദുഷ്ടക്കൂട്ടം പ്രവർത്തനനിരതമായിരിക്കുന്നു. ഏതു നിലയിലാണ് അവർ പ്രവർത്തിക്കുന്നതെന്ന് നമുക്കു വ്യക്തമല്ല. എന്നാൽ ആത്യന്തികമായി സാത്താന്യ കല്പനക്ക് അധീനരാണ്. ദൈവീകപ്രവർത്തനങ്ങളെ തടയുവാനും ദൈവജനത്തെ പീഢിപ്പിക്കുവാനും ദുഷ്ടമനുഷ്യരെ അവരുടെ വിരലുകളിലെ കളിക്കോപ്പുകളായി ഉപയോഗിക്കുവാനും ഈ സാത്താന്യശക്തികൾ പരിശ്രമിക്കുന്നു.

ഈ അന്ധകാരശക്തികളോട് നാം യുദ്ധം ചെയ്യുമ്പോൾ അവർ മാത്രമാണ് നമ്മുടെ ശത്രുക്കളെന്ന് പൗലോസ് അർത്ഥമാക്കുന്നില്ല. നമ്മുടെ മൂന്നു ശത്രുക്കൾ ലോകം, ജഡം, പിശാച് ആണ്. എന്നാൽ ആദ്യമായി നമ്മുടെ യുദ്ധം സാത്താനോടും അവന്റെ സൈന്യത്തോടുമാണെന്ന് അപ്പൊസ്തലൻ ചിന്തിക്കുന്നു.

## ഉറച്ചു നിൽക്കുക

ഉറച്ചുനിൽക്കണമെങ്കിൽ ദൈവത്തിന്റെ സർവ്വായുധവർഗ്ഗവും നമുക്കാവശ്യമാണ്. ശത്രു സർവ്വജ്ഞാനിയല്ലെങ്കിലും, നമ്മുടെ മർമ്മസ്ഥാനങ്ങളെ, ബലഹീനതകളെ മനസ്സിലാക്കുവാൻ പ്രാപ്തമായ, പരസ്പരം ബന്ധിക്കുന്ന ഒരു മഹാശൃംഖലതന്നെ അവനു കൂട്ടായുണ്ട്. നമ്മുടെ സ്വഭാവത്തിന്റെ ഒരു വശത്തെയും നാം അവഗണിക്കരുത്.

2 ശമുവേൽ 23:9,10-ലും കൈ തളർന്ന് വാളോടു പറ്റിപ്പോകും വരെ ഫെലിസ്ത്യരോടു യുദ്ധം ചെയ്ത എലെയാസർ എന്ന വ്യക്തിയെ കുറിച്ച് വായിക്കുന്നു. ഇത്തരത്തിലുള്ള ദൃഢനിശ്ച യവും സഹനശക്തിയുമാണ് നമ്മുടെ സ്വന്തം ജീവിതത്തിനാവ ശ്യമായിരിക്കുന്നത്.

പൗലോസ് തുടർന്ന് ഓരോ ആയുധത്തേയും കുറിച്ച് സംക്ഷിപ്ത വിവരണം നൽകുന്നു. ആദ്യത്തെ മൂന്നായുധങ്ങൾ പടച്ചട്ടയോടു ചേർന്നതും അവസാനത്തെ മൂന്നെണ്ണം പ്രായോഗികമായി സ്വീക രിക്കുവാനുള്ളതാണെന്ന് ചില വേദാദ്ധ്യാപകർ അഭിപ്രായപ്പെ ടുന്നു.

## സത്യമെന്ന അരപ്പട്ട

പ്രഥമ ആയുധം സത്യമെന്ന അരപ്പട്ടയാണ്. പടയാളിയുടെ നീള മുള്ള വസ്ത്രം അവന് നടക്കുവാൻ ഒരു തടസ്സം സൃഷ്ടിക്കാതെ മടക്കി കെട്ടിവെക്കാനാണ് അരപ്പട്ട ഉപയോഗിക്കുന്നത് എന്നാണ് സാധാരണയുള്ള വിശദീകരണം. ആ ചിന്തയുടെ അടിസ്ഥാന ത്തിൽ, വിശ്വാസപോരാട്ടത്തിന്റെ മാർഗ്ഗതടസ്സമായി നിൽക്കുന്ന തെല്ലാം വിട്ടൊഴിഞ്ഞ് മുന്നോട്ടുപോകാനാണ് ഒരു വിശ്വാസി സത്യ വചനം ഉപയോഗിക്കേണ്ടത്. അതിഭക്ഷണത്താലും, മദ്യപാന ത്താലും, ഉപജീവനചിന്തകളാലും ഭാരപ്പെട്ടിരിക്കരുതെന്ന് യേശു തന്റെ ശിഷ്യന്മാർക്ക് മുന്നറിയിപ്പ് നല്കി. (ലൂക്കൊസ്. 21:34). ഒരു പടയാളി ജീവനകാര്യങ്ങളിൽ ഇടപെടുന്നതിനെതിരായി പൗലോസു പറയുന്നുണ്ട്. (2 തിമൊ. 2:4). മോഹം, ദ്രവ്യാഗ്രഹം, ആഢംബരം, ലോകസുഖഭോഗങ്ങൾ, പദവിക്കുവേണ്ടിയുള്ള ആഗ്രഹം, പ്രശ സ്തി തുടങ്ങിയ കാര്യങ്ങളിൽനിന്ന് നമ്മെ സംരക്ഷിക്കുവാൻ സത്യമെന്ന അരപ്പട്ട നമുക്കത്യാവശ്യമാണ്.

സത്യത്തിനുവേണ്ടി നിലനിൽക്കണം എന്നും ഇതു നമ്മെ ഓർ പ്പിക്കുന്നു. തിരുവെഴുത്തുകളുടെ പദാനുപദ ദൈവനിശ്വാസ്യത ഉറപ്പോടെ ഉയർത്തികാട്ടണം. പ്രഥമമായി നൽകിയ ദൈവവചന ത്തിൽ ഒരു തെറ്റുമുണ്ടായിരുന്നില്ല എന്ന സത്യത്തിൽ നിലനിൽക്ക ണം. വേദപുസ്തകം ദൈവവചനമാണെന്നുള്ള മഹാസത്യത്തി നെതിരായി സംശയത്തിന്റെ ഒരു അല്പം നിഴൽപോലും നമ്മുടെ മനസ്സിൽ വീഴാൻ അനുവദിക്കരുത്. തിരുവെഴുത്തുകളെ വിധിക്കാൻ

നാം തയ്യാറാകരുത്, മറിച്ച് നമ്മുടെ മനസ്സിനെ വിധിക്കാൻ തിരുവെഴുത്തുകളെ അനുവദിക്കണം.

സത്യത്തിൽ നിലകൊള്ളാൻ ഇതുമാത്രം മതിയാവില്ല. സത്യം നമ്മെ നിലനിർത്തണം. നമ്മുടെ ജീവിതത്തെ അത് നിയന്ത്രിക്കണം. വേദപുസ്തകവുമായി അധികസമയം ചിലവഴിക്കണമെന്ന് ഇത് നമ്മെ ഉത്ബോധിപ്പിക്കുകയും ദൈവവചനം അനുസരിക്കണമെന്ന് ഇത് ഓർമിപ്പിക്കുകയും ചെയ്യുന്നു. നമുക്ക് ഉചിതവും, പ്രായോഗികവും എന്നു തോന്നുന്ന ഭാഗങ്ങൾ മാത്രം അനുസരിക്കണമെന്നല്ല ഇതർത്ഥമാക്കുന്നത്. നമ്മോടു പറഞ്ഞിരിക്കുന്ന സകല കല്പനകളും ഒന്നുവിടാതെ അനുസരിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. വേദപുസ്തകത്തോടുള്ള അവഗണനയാലാണ് പലപ്പോഴും ക്രിസ്തീയ ജീവിതത്തിൽ പരാജയം സംഭവിക്കുന്നത്. "ഈ ഗ്രന്ഥം പാപങ്ങളിൽനിന്ന് നമ്മെ സംരക്ഷിക്കും. പാപം ഈ ഗ്രന്ഥത്തിൽ നിന്ന് നമ്മെ അകറ്റും" എന്നുള്ള പ്രസ്താവന എത്രയോ അർത്ഥസമ്പുഷ്ടമാണ്.

സത്യത്തെ അനുസരിക്കുകയും, ദൈവവചനത്തെ മുറുകെ പിടിക്കുകയും, ദൈവവചനത്തോടുള്ള ബഹുമാനവും, സത്യസന്ധതയും ജീവിതത്തിൽ വെളിപ്പെടുത്തുകയും ചെയ്താൽ ഒരു വിശ്വാസി വളരെ സുരക്ഷിതനാണ്.

## നീതിയുടെ കവചം

ആയുധവർഗ്ഗത്തിൽ രണ്ടാമത്തേത് നീതിയുടെ കവചമാണ്. ലളിതമായ അർത്ഥം ദൈവത്തിന്റെയും മനുഷ്യന്റെയും മുമ്പാകെ നീതിയായതു പ്രവർത്തിക്കുക എന്നാണ്. ചോദ്യം ചെയ്യപ്പെടാവുന്നതും, സത്യമല്ലാത്തതും, സംശയഹേതുവുമായ ഏതുകാര്യവും ഒഴിവാക്കാനുള്ള ഒരു മനസ്സാക്ഷി വേണമെന്നാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. നമുക്ക് നീതിയുടെ കവചമുണ്ടെങ്കിൽ വലിയ തെറ്റുകളിലേക്കു വീഴാവുന്ന ചെറിയ സംഗതികൾ പോലും ചെയ്യുവാൻ മുതിരില്ല.

കോഴയും, കൈക്കൂലിയും, കള്ളത്തരങ്ങളും നാം ഉപേക്ഷിക്കും. പതിവു തെറ്റിക്കാതെ കൃത്യമായി നികുതി അടയ്ക്കും. ഒരു പരീക്ഷയിൽ തോറ്റാലും തെറ്റ് ചെയ്യുവാൻ തയ്യാറാകില്ല. നിയമ

ങ്ങളെ അനുസരിക്കും. പിടിച്ചുപറിയിലൂടെ ചെയ്യുന്ന കാര്യങ്ങൾ ഉപേക്ഷിക്കും. സത്യസന്ധതയും, ആത്മാർത്ഥതയും മാനദണ്ഡ ങ്ങളായി സ്വീകരിക്കും.

യേശുക്രിസ്തു എപ്പോഴും നീതിയുടെ കവചം ധരിച്ചിരുന്നു. (യെശയ്യാവ്. 59:12). അവനാണ് നമ്മുടെ ഉത്തമോദാഹരണം.

## സുവിശേഷമെന്ന പാദരക്ഷ

ഒരു പാദരക്ഷയാണ് അടുത്തത്. "സമാധാനസുവിശേഷത്തി ന്നായുള്ള ഒരുക്കം" ആണിത്. (വാ. 15). എന്താണ് ഇതിന്റെ അർ ത്ഥം? സുവിശേഷം പങ്കുവെക്കുവാനുള്ള ഒരുക്കവും അതിയായ ആഗ്രഹവും ആണ് ഇവിടുത്തെ സൂചന. "കർത്താവേ, ചില ആത്മാക്കളുടെ അടുത്തേക്ക് എന്നെ കൊണ്ടുപോകണമെ! അങ്ങ യെക്കുറിച്ച് ആരോടെങ്കിലും പറയുവാൻ വഴിയും വാതിലും തുറ ന്നുതരേണമേ!" എന്ന് പ്രാർത്ഥനയോടെ ഓരോ പ്രഭാതത്തിലും ഈ ചെരിപ്പ് ധരിക്കണം. ഒരുവന് ആത്മീയമായ ഉന്മേഷവും ആവ ശ്യവും ഉണ്ടെന്ന് മനസ്സിലാക്കി ദൈവം തരുന്ന അവസരത്തി നൊത്ത് പങ്കുവെയ്ക്കുമ്പോൾ ക്രിസ്തുവിലേക്ക് അവനെ പടിപ ടിയായി നയിക്കാൻ സാധിക്കും. മനുഷ്യന്റെ പാപം, ക്രിസ്തുവിന്റെ രക്ഷണ്യശുശ്രൂഷ, പാപിയുടെ പ്രതികരണം തുടങ്ങിയവയോടു ബന്ധപ്പെട്ട വചനങ്ങൾ മന:പാഠമാക്കാൻ പ്രേരണയുണ്ടാകും. കൃത്യസമയത്ത് ഉദ്ധരിക്കുവാനുള്ള വചനഭാഗം പരിശുദ്ധാത്മാവ് ഓർമ്മയിൽ കൊണ്ടുവരും. ഇതാണ് സമാധാന സുവിശേഷമെന്ന ചെരിപ്പ് അണിഞ്ഞാലുള്ള അനന്തരഫലം.

## വിശ്വാസം എന്ന പരിച

ആയുധങ്ങളുടെ കൂട്ടത്തിൽ നാലാമത്തേത് വിശ്വാസം എന്ന പരിചയാണ്. ശത്രുവിന്റെ തീയമ്പുകളെ തകർക്കാനാണിത്(വാ. 16). തിരുവെഴുത്തുകളിൽ സംശയം, ദൈവീക നന്മകളിൽ സന്ദേ ഹം, രക്ഷയുടെ ഭദ്രതയെക്കുറിച്ചുള്ള ആശങ്ക, നിരുത്സാഹം, പാപ ത്തിന്റെ പരീക്ഷണങ്ങൾ, തെറ്റായ ആരോപണങ്ങൾ, അപവാദ ങ്ങൾ, ദുരുപദേശങ്ങൾ തുടങ്ങി അനവധികാര്യങ്ങളുമായി സാ ത്താൻ നമ്മെ സമീപിക്കും. അവന്റെ തന്ത്രങ്ങൾ മനസ്സിലാക്കി ദൈവവചന സത്യങ്ങളിലുറച്ചുനിന്ന്, സകല കല്പനകളും പ്രമാ

ണങ്ങളും അനുസരിച്ച് വിശ്വാസത്തിന്റെ പരിചകൊണ്ട് നാം എതിർത്തു നിൽക്കണം. അപ്പോൾ ശത്രുവിന്റെ തീയമ്പുകളുടെ ലക്ഷ്യം തെറ്റും, തകർന്നുപോകും.

കൈസറിന്റെ മുമ്പാകെ നില്പാൻ കഴിയുമെന്ന് പൗലോസി നോട് ദൈവം വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ താൻ യാത്ര ചെയ്ത കപ്പൽ അപകടത്തിന്റെ വക്കിലെത്തി. ഏവരും, കൂടെ പൗലോസും മരണപ്പെടുമെന്നായി, എന്നാൽ, വിശ്വാസത്തിന്റെ പരിച ഉയർത്തിപിടിച്ചുകൊണ്ട് അപ്പൊസ്തലന് പറയാൻ കഴിഞ്ഞു, "എന്നോടു അരുളിചെയ്തതുപോലെ തന്നേ സംഭവിക്കും എന്നു ഞാൻ ദൈവത്തെ വിശ്വസിക്കുന്നു". അപ്പൊസ്തലപ്രവൃത്തി 27:25).

## രക്ഷ എന്ന ശിരസ്ത്രം

"രക്ഷ എന്ന ശിരസ്ത്രവും.... കൈക്കൊൾവിൻ" (വാ.17a). ശിരസ്ത്രം ശിരസ്സിനെ മറയ്ക്കുന്നതിനാൽ നമ്മുടെ മനസ്സുകളെ കാത്ത് ദൈവചനത്തിലുള്ള അറിവിനെ ആക്രമിക്കാതെ നോക്കുന്നു എന്ന അർത്ഥമാണ് ലഭിക്കുന്നത്. ഹയർ ക്രിറ്റിസിസത്തിന്റെ ആധികാരിക പ്രഖ്യാപനങ്ങളും, ലിബറൽ തിയോളജിയുടെ വിളയാട്ടവും വേദപുസ്തകത്തിൽ അബദ്ധങ്ങളുണ്ടെന്ന് വരുത്തി തീർക്കുന്നു. അനുമാനതെളിവുകളും നമ്മുടെ മനസ്സുകളിൽ വലിയ സ്ഫോടനങ്ങൾ വിതയ്ക്കാറുണ്ട്. ഈ അവസരങ്ങളിലെല്ലാം ശക്തമായ സുരക്ഷാവലയം അത്യാവശ്യമാണ്.

ഹവ്വയുടെ മനസ്സിൽ സാത്താനാൽ വിതയ്ക്കപ്പെട്ട സ്ഫോടനാത്മകമായ ഒരു സംശയം പൊട്ടിതെറിച്ചതാണ് ആദിമപാപത്തിന് കാരണമായി ഭവിച്ചത്. കൊരിന്ത്യർക്കും അതുതന്നെ ഭവിക്കുമെന്ന് പൗലോസ് ഭയന്നു. "സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ?" എന്നു താൻ എഴുതുകയുണ്ടായി. (2 കൊരി. 11:3)

ഇത്തരം ആക്രമണങ്ങളെ ചെറുത്തുനിൽക്കുവാനുള്ള ഉപായം പൗലോസ് പറയുന്നത് 2 കൊരിന്ത്യർ. 10:5 ൽ ദർശിക്കുന്നു. "അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനും

വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അവസരത്തിനായിട്ടു പിടിച്ചടക്കി...." നിലകൊള്ളുക. സകല മാനുഷികയുക്തിയും, നിഗമനങ്ങളും തത്ത്വചിന്തകളും കർത്താവിന്റെ പഠിപ്പിക്കലുകളുമായി യോജിക്കുന്നോ എന്ന് നാം അപഗ്രഥിച്ചറിയണമെന്നാണിതിന്റെ അർത്ഥം; എതിരാണെങ്കിൽ ദൂരെക്കെറിഞ്ഞുകളയുക!

രക്ഷ എന്ന ശിരസ്ത്രത്തിന് ഒരു അർത്ഥം കൂടെയുണ്ട്. 1തെസ്സലോനികൃർ 5:8-ൽ ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊൾവാൻ ഉപദേശിക്കുന്നു. ഈ യുദ്ധത്തിന്റെ അന്ത്യത്തിലേക്ക് "രക്ഷയുടെ പ്രത്യാശ" നമ്മുടെ ചിന്തകളെ നയിക്കുന്നു. പ്രത്യാശയുടെ തീരത്ത് ഇമ്മാനുവേലിന്റെ അരികിൽ നാം സുരക്ഷിതരായി എത്തിച്ചേരും. എങ്ങനെയാണ് ഒരു വിശ്വാസിക്ക് ഈ ശിരസ്ത്രം ധരിക്കുവാൻ കഴിയുന്നത്? യുദ്ധം നമുക്കെതിരെ ശക്തമാകുന്ന സമയമുണ്ട്. നമ്മുടെ പ്രമുഖ നായകന്മാർ വീഴുന്നത് കാണേണ്ടിവരുന്ന സന്ദർഭങ്ങൾ; നന്നായി ആരംഭിച്ച അനേക സംഘടനകളുടെ തല്ലിപ്പിരിയൽ; എവിടെയും അധികാരവടംവലികൾ; മറ്റുള്ളവരുടെ ജീവിതസുഖഭോഗങ്ങൾക്കു പിന്നാലെയുള്ള കുതിച്ചുപായൽ – ക്രിസ്തീയ ധർമ്മശാസ്ത്രവും, ആത്മീയതയും സങ്കല്പിക്കുവാൻപോലും അവർക്ക് സമയമില്ല; അന്ധകാരത്തിന്റെ ശക്തികളുടെ ജയ് വിളികൾ; മാധ്യമങ്ങളുടെ മൂല്യശോഷണം, ആത്മീയലോകത്തെ അനാത്മികതയുടെയും അനൈക്യത്തിന്റെയും അടക്കിവാഴൽ എല്ലാം അധികമാകുമ്പോൾ നമുക്കു പറയാം. "ലോകത്തിന്റെ തിരമാലകളെല്ലാം നമുക്കെതിരെയാകട്ടെ; എന്നാൽ സത്യസുവിശേഷം വിജയിക്കട്ടെ; വിജയം നമുക്കാവട്ടെ; ദൈവീകനാമം മഹത്വപ്പെടട്ടെ"

## ആത്മാവിന്റെ വാൾ

ദൈവവചനമെന്ന ആത്മാവിന്റെ വാളാണ് ആയുധങ്ങളുടെ കൂട്ടത്തിൽ അവസാനത്തേത് (വാ.17b) W.E. Vine ഇതിനെക്കുറിച്ച് വിശദീകരണം നല്കുന്നത് മനസ്സിലാക്കാൻ സഹായിക്കുന്നു. വേദപുസ്തകത്തിന്റെ സമ്പൂർണ്ണ പ്രതിപാദനമല്ല ഇവിടെ സൂചിപ്പിക്കുന്നത്, മറിച്ച് തക്കസമയത്ത് ആത്മാവ് മനസ്സിലേക്ക് കൊണ്ടുവരുന്ന കൃത്യമായ വചനമാർഗ്ഗങ്ങളെയാണ് (അതായത് സാഹച

ര്യത്തിനും ആവശ്യത്തിനുമനുസരിച്ച്). തിരുവെഴുത്തിനെ ധാരാളമായി, മനസ്സിൽ നിക്ഷേപിക്കുക എന്നത് നിരന്തരമായി ചെയ്യേണ്ട ഒന്നാണ്.

സാത്താനാൽ പരിക്ഷീണിതനായപ്പോൾ നമ്മുടെ കർത്താവു തന്നെ ദൈവവചനം ഉദ്ധരിച്ച മാതൃകയാണ് വചനമെന്ന ആത്മാവിന്റെ വാൾ ഉപയോഗിക്കാനുള്ള ഉദാഹരണവും മഹത്തായ മാതൃകയും. യാദൃശ്ചികമായി താനുദ്ധരിക്കുകയല്ല ചെയ്തത്, മറിച്ച് കൃത്യമായി കൃത്യസമയത്ത് പ്രയോഗിക്കുന്നു എന്ന് കർത്താവ് മൂന്നു പ്രാവിശ്യം പറഞ്ഞതു ശ്രദ്ധേയമാണ്. സാത്താനെ പരാജയപ്പെടുത്താൻ ദൈവനിശ്വാസ്യമായ വചനത്തിന്റെ ആധികാരികതയെ ഉറപ്പിച്ചുകൊണ്ടാണ് ദൈവവചനം കർത്താവ് ഉപയോഗിച്ചത്.

പരിശുദ്ധാത്മാവ് തക്കസമയത്ത് നമ്മെ പ്രകാശിപ്പിക്കുകയും ഓർമ്മയിലേക്ക് വചനഭാഗങ്ങൾ തരുകയും ചെയ്യണമെങ്കിൽ നേരത്തെ തന്നെ ആ ഭാഗങ്ങൾ അറിഞ്ഞിരിക്കുകയോ, മനഃപാഠമാക്കുകയോ ചെയ്തിരിക്കണം. തിരുവെഴുത്ത് മനഃപാഠമാക്കുന്നതിന്റെ പ്രാധാന്യം ഈ വസ്തുത ഉയർത്തികാണിക്കുന്നു.

ഒരു കലാലയ വിദ്യാർത്ഥിയുടെ വിശ്വാസത്തെ താറുമാറാക്കുവാൻ അദ്ധ്യാപകർ ശ്രമിച്ചപ്പോൾ അവന്റെ ആത്മാർത്ഥ സ്നേഹിതൻ പറഞ്ഞു. "മകനെ, പരിജ്ഞാനത്തിന്റെ വചനങ്ങളെ വിട്ടുമാറേണ്ടതിന്നുള്ള ഉപദേശം കേൾക്കുന്നതു മതിയാക്കുക" സദൃ. 19:27. ആ വചനം മനപ്പാഠമാക്കിയിരുന്നില്ലെങ്കിൽ ഒരിക്കലും അവന് അത് ആത്മാവിന്റെ വാളായി ഉപയോഗിക്കാൻ സാധ്യമല്ലായിരുന്നു.

## പ്രാർത്ഥന

ആയുധഗണത്തിലെ ആറ് ആയുധങ്ങളേയും പ്രതിപാദിച്ച ശേഷം പ്രാർത്ഥന എന്ന കാഹളത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ആയുധങ്ങളിൽ ഒന്നായി പ്രാർത്ഥനയെ ഗണിക്കേണ്ട. എന്നാൽ പടയാളിക്ക് ആസ്ഥാനവുമായി ആശയവിനിമയം നടത്താനുള്ള ഉപാധിയാണിത്. അതിന്റെ അടിസ്ഥാനത്തിലാണ് പടയാളിയുടെ ജീവിതവും പോരാട്ടവും. പ്രാർത്ഥനമൂലം ദിവസവും തന്നെക്കുറിച്ചുള്ള ദൈവഹിതം മനസ്സിലാക്കുവാൻ സാധിക്കുന്നു. പ്രാർത്ഥനയാൽ അദൃശ്യമായ സ്വർഗ്ഗീയസൈന്യത്തിന്റെ സംര

ക്ഷണം/ബന്ധം ഉറപ്പിക്കുന്നു. (2 രാജ. 6:17). പ്രാർത്ഥനയാൽ വിജയം പ്രാപിക്കുവാൻ കഴിയും.

പ്രാർത്ഥന ഇടയ്ക്കിടെ നടക്കേണ്ട കാര്യമല്ല; തുടർച്ചയായി സംഭവിക്കേണ്ട സംഗതിയാണ്.

പ്രാർത്ഥനയുടെ എല്ലാ വശങ്ങളും നാം ഉപയഗിക്കണം. മദ്ധ്യസ്ഥപ്രാർത്ഥന, അപേക്ഷ, അനുതാപം ഇവയെല്ലാം നന്ദിയുള്ളതും സ്തുതി ഉയരുന്നതുമായ ഹൃദയത്തിൽ നിന്നായിരിക്കണം.

ജാഗ്രതയോടെ പ്രാർത്ഥിക്കണം. ദീർഘക്ഷമയോടെ പ്രാർത്ഥിക്കണം (ചോദിക്കണം, അന്വേഷിക്കണം, തുടരെ മുട്ടണം)

എല്ലാ സകല വിശുദ്ധന്മാർക്കുവേണ്ടിയും പ്രാർത്ഥിക്കണം. കാരണം നാം എല്ലാവരും ഒരുമിച്ച് ഒരു യുദ്ധകളത്തിലാണ്; ശത്രു ഒന്നാണ്; ലക്ഷ്യവും ഒന്നാണ്.

## ഉപസംഹാരം

ഒരു ക്രിസ്തീയ പടയാളിയെ സജ്ജമാക്കുമ്പോൾ പിൻവശം സംരക്ഷിക്കാൻ ഒരു മറവുമില്ല എന്ന സംഗതി സാധാരണ ചൂണ്ടിക്കാണിക്കാറുള്ള വിഷയമാണ്. വ്യക്തമായി പറഞ്ഞാൽ ഒരു പിൻതിരിയൽ എന്ന ആശയം ഉദിക്കുന്നില്ല. ദൈവത്തിന്റെ പടയാളി ഒരിക്കലും പിൻതിരിഞ്ഞ് ഓടുവാൻ പാടില്ല. ഒരിക്കൽ നെപ്പോളിയന്റെ സൈന്യത്തെ എതിർസൈന്യം ചവിട്ടിമെതിച്ചപ്പോൾ പിന്മാറാനുള്ള സൂചനാശബ്ദം പുറപ്പെടുവിക്കുവാൻ അദ്ദേഹം ഡ്രമ്മറിനോടു കല്പിച്ചു. ഡ്രമ്മർ പറഞ്ഞു. "സാർ, താങ്കൾ അതെങ്ങനെ അടിക്കണമെന്ന് എന്നെ ഒരിക്കലും പഠിപ്പിച്ചിട്ടില്ല". ഇത് കേട്ട് ഒരു നിമിഷം നിശ്ചലനായ നെപ്പോളിയൻ ദൃഢനിശ്ചയത്തോടുകൂടി മുന്നോട്ടുകുതിച്ച് ശത്രുക്കളോട് പൊരുതി അതിശയകരമായ വിജയം കൈവരിച്ചു.

പിൻതിരിഞ്ഞോടാൻ ക്രിസ്തീയ പടയാളിക്കാവില്ലെങ്കിലും ഓടി രക്ഷപെടേണ്ട ചില സന്ദർഭങ്ങൾ അവനുണ്ട്. ദുർന്നടപ്പ് വിട്ടോടണം-ലൈംഗിക അധാർമ്മികതയും (1 കൊരി. 6:18). വിഗ്രഹാരാധനയും വിട്ടോടണം. കൊത്തിയുണ്ടാക്കിയ രൂപങ്ങളിൽ നിന്ന് മാത്രമല്ല, ജീവിതത്തിൽ കർത്താവിനു കൊടുക്കേണ്ട സ്ഥാനം പിടിച്ചടക്കിയിരിക്കുന്ന ഏതിൽനിന്നും (1 കൊരി. 10;14) വിട്ടു പിന്മാറണം.

ദ്രവ്യാഗ്രഹം വിട്ടോടണം - പണം സമ്പാദിച്ച് സമ്പന്നനാകാനുള്ള ആഗ്രഹം (1തിമൊ. 6:11). യൗവ്വനമോഹങ്ങളെ വിട്ടോടുക - ആത്മാവിനെതിരെ യുദ്ധം ചെയ്യുന്ന എന്തും (2 തിമൊ. 2:22). പാലായനം ആണ് ഇത്തരം സന്ദർഭങ്ങളിൽ ഉപദേശിച്ചിരിക്കുന്നത്. പോരാട്ടത്തിൽ തുടരുവാനുള്ള ഒരു പ്രധാന വ്യവസ്ഥയാണിത്.

നാമേവരും യുദ്ധത്തിൽ ഒരുമിച്ചാണ്. അന്ത്യം വരെ വിശ്വസ്തതയോടെ നിലനിൽക്കാൻ, വിജയം കൈവരിക്കാൻ ഐക്യത്തോട് പരസ്പരം പ്രാർത്ഥനയിൽ വഹിച്ച് മുന്നോട്ടു പോകാം. പരസ്പരം അപകടകാരികളാകാതിരിക്കാം. ഒരിക്കൽ ഒരു മിഷനറി പാപത്തിൽ വീണു ശുശ്രുഷാരംഗം വിട്ടു പോയതറിഞ്ഞപ്പോൾ ഒരു സ്നേഹിതൻ ഇപ്രകാരം പശ്ചാത്തപിക്കുകയുണ്ടായി. "ഒരു സത്യം പറയുവാൻ ഞാൻ ലജ്ജിക്കുന്നു. ഒരിക്കലും ഞാനദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചില്ല; അദ്ദേഹം അത്തരത്തിലുള്ള പാപത്തിൽ വീണു പോകുമെന്ന് ഞാൻ ഒരിക്കലും ചിന്തിച്ചിട്ടില്ല". നമുക്കേവർക്കും പ്രാർത്ഥന ഒരുപോലെ ആവശ്യമാണ്. അപകടം നമുക്കാർക്കും സംഭവിക്കാം. വിശ്വാസപേടകം തകർന്നുപോകാൻ എപ്പോഴും സാധ്യതയുണ്ട്.

സാത്താന്റെ തന്ത്രങ്ങൾക്കെതിരായി വിശ്വാസിയുടെ പ്രതിരോധത്തെക്കുറിച്ച് John Dorsey പ്രതിപാദിക്കുകയുണ്ടായി:

ഘോരമായൊരു യുദ്ധം ഇന്നെന്റെ പ്രാർത്ഥനാസ്ഥലത്തുണ്ടായി ദൈവത്തെ സന്ധിപ്പാനും സംസാരിപ്പാനും ഞാൻ ചെന്നു, എന്നാൽ സാത്താൻ അവിടുണ്ടായിരുന്നു. അവനെന്റെ ചെവിയിൽ മന്ത്രിച്ചു. "നിനക്കു യഥാർത്ഥമായി പ്രാർത്ഥിക്കാനാവില്ല" നീ എവിടെയോ നഷ്ടപ്പെട്ടു.

മുട്ടിൻമേൽ നിന്നു ചില വാക്കുകൾ ഉച്ചരിച്ചേക്കാം; എന്നാൽ പ്രാർത്ഥിക്കാനാവില്ല, നിനക്കതറിയാം.

ശിരസ്ത്രം ഞാൻ വലിച്ചു താഴ്ത്തി; കർണ്ണങ്ങൾ ഞാൻ മറച്ചു.

അവന്റെ ശബ്ദം നിലച്ചു; എന്റെ ഭയം ശമിച്ചു.

മറ്റായുധങ്ങൾ ഞാൻ പരിശോധിച്ചു; എന്റെ പാദങ്ങൾ സമാധാനത്തിൻ ചെരിപ്പ് ധരിച്ചിരുന്നു;

എന്റെ അര സത്യത്തിനാൽ ചുറ്റപ്പെട്ടിരുന്നു. ദൈവവചനമെന്ന വാൾ കൈയ്യിലുണ്ടായിരുന്നു.

അരുമനാഥനോടുള്ള എന്റെ ഹൃദയസ്നേഹം സംരക്ഷിക്കുവാൻ നീതിയുടെ കവചം എൻ നെഞ്ചിലുണ്ടായിരുന്നു.

വിശ്വാസത്തിന്റെ പരിചയും കേടുവരാതുണ്ടായിരുന്നു - അവന്റെ തീയമ്പുകൾ എന്റെ പിന്നിൽ പതിച്ചു.

ഞാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവത്തെ വിളിച്ചു-വിലയേറിയ രക്തത്തിൽ ഞാൻ ആശ്രയിച്ചു.

അപ്പോൾ സാത്താൻ ലജ്ജിതനായി എവിടെയോ ഒളിച്ചു, ഞാൻ ദൈവത്തെ സന്ധിച്ചു, സംസാരിച്ചു.

സംക്ഷിപ്തമായി പറഞ്ഞാൽ, വിശ്വാസിയുടെ വിദ്യാലയത്തിലെ അദ്ധ്യാപകൻ ദൈവമാണ്, നാം നമ്മുടെ ഉത്തരവാദിത്തങ്ങൾ ചെയ്യണം. പ്രാർത്ഥനയോടു ബന്ധപ്പെട്ട വാസ്തവം തന്നെയാണ് ശുദ്ധീകരണത്തേയും സൂചിപ്പിക്കുന്നത്; ദൈവത്തെ കൂടാതെ നമുക്കാവില്ല; നമ്മെ കൂടാതെ ദൈവം ചെയ്യുകയുമില്ല. ഇതിന്റെ കൂടുതൽ വിവരണങ്ങൾ അടുത്ത അദ്ധ്യായത്തിൽ നമുക്ക് ചിന്തിക്കാം.

## അദ്ധ്യായം 7

# ദൈവത്തിന്റെ ഭാഗം – നമ്മുടെ ഭാഗം

ദൈവവും മനുഷ്യനും തമ്മിലുള്ള പ്രവർത്തന ഫലം ആണ് ഒരു വ്യക്തിയുടെ വിശുദ്ധിയുടെ നിദാനം. നാമേവരും വിശുദ്ധരായിരിപ്പാൻ ദൈവം ആഗ്രഹിക്കുന്നു. അവനു മാത്രമേ നമ്മെ വിശുദ്ധരാക്കാൻ കഴിയുകയുള്ളൂ. അതിനാവശ്യമായ ശക്തി ദൈവം പ്രദാനം ചെയ്യും; എന്നാൽ നമ്മുടെ പങ്കാളിത്തം ഇല്ലാതെ പ്രവർത്തിക്കില്ല.

അനുഗ്രഹത്തിന്റെ പാതയിലേക്ക് നാം നമ്മെത്തന്നെ കൊണ്ടുവരണം.

മാസ്മരികാനുഭവങ്ങളുമായി നമ്മെ സന്ദർശിച്ച് ഉള്ളിൽ കടക്കുന്ന ഒരു സംഗതിയല്ല വിശുദ്ധി, ഒരു വ്യവസ്ഥയും ഇല്ലാതെ ഈ കാര്യം ദൈവത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത് അബദ്ധമാണ്;

പെട്ടന്നൊരു നിമിഷത്തിൽ സംഭവിക്കുന്നതല്ല ഇത്. പച്ചപുൽപ്പുറങ്ങളിൽ എത്തിച്ചേരുവാൻ പ്രത്യേക പാതകളുണ്ട്: അതിലൂടെ നമുക്ക് സഞ്ചരിക്കാം. വിശുദ്ധി ആഗ്രഹിക്കുകയും, അതേ സമയം ഭക്തിയും പ്രാർത്ഥനയും അവഗണിക്കുകയും ചെയ്താൽ ഒരു വഴി ആഗ്രഹിക്കുകയും വേറൊരു വഴിയിലൂടെ നടക്കുകയും ചെയ്യുന്നതു പോലെയാണ്.

വിശുദ്ധി പ്രാപിക്കുന്നത് വിശ്വാസത്തിലൂടെ മാത്രമാണെന്ന് ക്രിസ്ത്യാനികളെ പഠിപ്പിക്കുന്നത് അബദ്ധമാണ്. ഒരു പ്രയത്നവും കൂടാതെ ക്രിസ്തുവിനോട് അനുരൂപമാകാൻ കഴിയുമെന്ന ആശയം ഇതു മൂലമുണ്ടാകുന്നു. സ്വന്തം ഹിതവും ആഗ്രഹങ്ങളും ത്യാഗം ചെയ്ത് പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ച് വിശുദ്ധജീവിതം നയിച്ച അനേകരുടെ ജീവിതദൃഷ്ടാന്തങ്ങളെ അവഗണിച്ചിട്ടാണ് ഇത്തരം ആശയം നിലനിൽക്കുന്നത്.

കേവലം ഒരു 'ആഹ്വാന'ത്തിനു അനുകൂലമായി പ്രതികരിക്കുന്നതോടെ ജീവിതവിജയം പ്രാപിക്കാമെന്നും, എല്ലാം നേടാമെന്നും പഠിപ്പിക്കുന്നതിനു തുല്യമാണിത്. വാസ്തവത്തിൽ തീർച്ചയായും കർത്താവിനു വേണ്ടി ജീവിതം സമർപ്പിക്കുമായിരിക്കും. എന്നാൽ അതിൽ മാത്രം എല്ലാം പൂർണ്ണമാകുന്നില്ല, അവസാനിക്കുന്നില്ല. അതിന് ശരിയായ ആത്മീയ പോഷണം നടത്തിയില്ലെങ്കിൽ അതിന്റെ മൂല്യവും പ്രാധാന്യവും വേഗം മങ്ങിപ്പോകും.

"വാഗ്ദത്തിൽ വിശ്വസിക്കുക; നിറവ് സ്വീകരിക്കുക", "പരിശ്രമിക്കുന്നത് നിർത്തുക, ആശ്രയിക്കുന്നത് തുടരുക". "പോകാൻ അനുവദിക്കുക, ദൈവത്തെ അനുവദിക്കൂ..". തുടങ്ങിയ മുദ്രാവാക്യങ്ങൾ ജാഗ്രതയോടെ മനസ്സിലാക്കുക. Donald Campbell പറയുന്നത് ശ്രദ്ധിക്കുക; "ഒരു വിശ്വാസിയുടെ ജീവിതത്തിൽ ആത്മാവ് സ്വയമെ പ്രവർത്തിക്കുന്നില്ല, വിശ്വാസി അവനിൽ ആശ്രയിക്കുവാൻ അവിടുന്നു കാത്തിരിക്കുന്നു".

## തത്ക്ഷണ വിശുദ്ധി

സകല പാപപ്രശ്നങ്ങളും പരിഹരിക്കത്തക്കവണ്ണം വിശുദ്ധി നിറച്ച ഗുളികകൾ കൊടുക്കുന്നവനല്ല ദൈവം. വിശുദ്ധിപ്രാപിക്കാൻ കുറുക്കുവഴികളൊന്നും ദൈവം നിർദ്ദേശിച്ചിട്ടില്ല, മറിച്ച് ജീവിത

കാലം മുഴുവൻ സംഭവിക്കേണ്ട ഒരു പ്രക്രിയയായിട്ടാണ് വിശുദ്ധിയെ ദൈവം വച്ചിരിക്കുന്നത്. ദൈനംദിന ജീവിതത്തിൽ വിശുദ്ധി പ്രായോഗികമാക്കാനുള്ള ശക്തി ഉയരത്തിൽ നിന്ന് പകർന്നുതരും.

രക്ഷ വിശ്വാസത്താൽ മാത്രമാണ്, എന്നാൽ വിശുദ്ധി വിശ്വാസത്താലും പ്രവർത്തിയാലുമാണ്.

നമുക്കോരൊരുത്തർക്കും മാറ്റം അഥവാ രൂപാന്തരം അനിവാര്യമാണ്. ക്ഷിപ്രകോപികൾ, പ്രകോപിപ്പിക്കുന്നവർ, ക്ഷമയില്ലാത്തവർ, സ്നേഹിക്കാത്തവർ, സ്വാർത്ഥമോഹികൾ, ചതിയർ, തന്ത്രശാലികൾ, കപടഭക്തിക്കാർ, പൊങ്ങച്ചക്കാർ, വഷളർ, ദൈവനാമം ദുഷിക്കുന്നവർ, പ്രശസ്തിയ്ക്കുവേണ്ടി പ്രതിജ്ഞയെടുക്കുന്നവർ, ക്രിസ്തുവിനെ ബഹുമാനിക്കാത്ത സ്വഭാവമുള്ളവർ –ഈ കൂട്ടത്തിൽ ഏതെങ്കിലും സ്വഭാവം ഉള്ളവരായിരിക്കും. വാസ്തവത്തിൽ മാറ്റം ആവശ്യമാണ്. കർത്താവിന് നമ്മിൽ മാറ്റം ഉണ്ടാക്കാനാവും. എന്നാൽ അതു ചെയ്യുവാൻ കാത്തിരിക്കുന്ന കർത്താവിന് നമ്മുടെ സഹകരണവും ആവശ്യമാണ്.

നമ്മുടെ സഹകരണം നേടുവാൻ കൃപയുടെ കീഴിലാണ് ആക്കിയിരിക്കുന്നത്, ന്യായപ്രമാണത്തിൻ കീഴിലല്ല, ശിക്ഷയെ ഭയന്നല്ല, മറിച്ച് രക്ഷിതാവിനോടുള്ള സ്നേഹം മൂലമാണ് ഒരു വിശ്വാസി വിശുദ്ധി ആഗ്രഹിക്കുന്നത്. തുടർന്നും ഈ വിഷയം വിചിന്തനം ചെയ്യാം.

## അദ്ധ്യായം 8

# മനുഷ്യരെ എങ്ങനെ വിശുദ്ധരാക്കാം ?

"ഒരു വ്യക്തി രക്ഷിക്കപ്പെട്ട ശേഷം അവൻ വിശുദ്ധ ജീവിതം നയിക്കുമെന്ന് നമുക്ക് എങ്ങനെ ഉറപ്പിക്കാം? ലോകത്തിൽ നിന്നും പാപത്തിൽ നിന്നും വേർപെട്ട് അവൻ നടക്കുമെന്ന് ഏതു മാർഗ്ഗത്തിൽക്കൂടെ ഉറപ്പാക്കാം?"

ഒരു പക്ഷേ അത്തരത്തിലൊരു പദ്ധതി ആസൂത്രണം ചെയ്യാനുള്ള ഉത്തവാദിത്തം മനുഷ്യന് ലഭിച്ചാൽ തീർച്ചയായും നിയമ

ങ്ങളും ചട്ടങ്ങളും അടങ്ങിയ വലിയൊരു പട്ടിക തയ്യാറാക്കും. ഒരു ക്രിസ്ത്യാനിയെ നിയമങ്ങൾക്കധീതനാക്കാൻ നിർബന്ധിക്കും. പെരുമാറ്റത്തിലെ ചില മാനദണ്ഡങ്ങൾ സൂക്ഷിച്ചാൽ ഒരു വിശ്വാസിക്ക് വിശുദ്ധി പ്രാപിക്കാം എന്ന വ്യവസ്ഥ ഉണ്ടാക്കും. ഇതെല്ലാം അനുസരിച്ചാൽ നിനക്കും ജീവിക്കാം എന്നാകും.

നിയമങ്ങൾ അനുസരിക്കുന്നതിലൂടെയാണ് വിശുദ്ധി പ്രാപിക്കുക എന്ന തത്വമാണിത്. പത്തുകല്പനകൾ, ശബത്താചരണം, മദ്യവർജ്ജനം, മയക്കുമരുന്ന്, ചലച്ചിത്രം, പുകയില, നൃത്തം, അധാർമ്മികത മറ്റും ഉപേക്ഷിക്കൽ തുടങ്ങിയവയായിരിക്കും ഈ നിയമങ്ങൾ. ചെയ്യുക..., ചെയ്യാം, ചെയ്യരുത് എന്ന പ്രമാണങ്ങൾ അസംഖ്യമായിരിക്കും.

ശിക്ഷ നൽകാത്ത നിയമം ഒരു സാരോപദേശം മാത്രമായതിനാൽ നിയമലംഘനം നടത്തുന്നവർക്ക് ശിക്ഷ നൽകണം; രക്ഷയുടെ നഷ്ടമാണ് സാധാരണയായി നിർദ്ദേശിക്കപ്പെടുന്നത്. വിശ്വാസത്താൻ നാം രക്ഷിക്കപ്പെട്ടു എന്നു പറയുമ്പോൾ തന്നെ ക്രിസ്തീയ ജീവിതം ശരിയായി നയിച്ചില്ലെങ്കിൽ നിത്യ ജീവൻ നഷ്ടമാകും. വിശ്വാസികൾ "ശിക്ഷ ഉണ്ടാകും" എന്നുള്ള ഭയംകൊണ്ടാണ് ശരിയായ പാതയിൽ ജീവിക്കുന്നത് എന്ന്. "രക്ഷക്ക് ന്യായപ്രമാണപാലനം ആവശ്യമാണ്" എന്ന് നിർദ്ദേശിക്കുന്നവർ വിശ്വസിക്കുന്നു.

വിശുദ്ധിയോടുള്ള ഈ സമീപനം നാശകാരണവും ന്യൂനത നിറഞ്ഞതുമാണ്; തിരുവെഴുത്തിൻ പ്രകാരമുള്ളതല്ല. ചില നിയമങ്ങൾ അനുസരിക്കുകയും, ചില കാര്യങ്ങൾ വർജ്ജിക്കുകയും ചെയ്താൽ വിശുദ്ധരാകാമെന്ന് വേദപുസ്തകത്തിലൊരിടത്തും നിർദ്ദേശിച്ചിട്ടില്ല. ഇങ്ങനെ ചിന്തിച്ചതിനെതിരായി പൗലോസ് ഗലാത്യ വിശ്വാസികളെ ശാസിച്ചു, "നിങ്ങൾ ഇത്ര ബുദ്ധികെട്ടവരോ? ആത്മാവുകൊണ്ടു ആരംഭിച്ചിട്ടു ഇപ്പോൾ ജഡം കൊണ്ടോ സമാപിക്കുന്നത്" (ഗലാത്യർ 3:3). മറ്റൊരു തരത്തിൽ പറഞ്ഞാൽ ന്യായപ്രമാണം അനുസരിച്ചിട്ട് നിനക്ക് രക്ഷിക്കപ്പെടാൻ കഴിഞ്ഞില്ലയെങ്കിൽ, പിന്നെങ്ങനെ ഈ മാർഗ്ഗം ഉപയോഗിച്ച് വിശുദ്ധി പ്രാപിക്കും?

വിശുദ്ധിയോടുള്ള ഇത്തരം സമീപനങ്ങൾ തിരുവെഴുത്തിന് അനുസൃതമല്ലെന്നു മാത്രമല്ല അത് പ്രായോഗികവുമല്ല. James Denney പറയുന്നു. "സീനായിമലയല്ല കാൽവറി മലയാണ്" വിശുദ്ധന്മാരെ സൃഷ്ടിക്കുന്നത്. അശക്തനിൽനിന്നും ശക്തി ആവശ്യപ്പെടുന്നതാണ് ന്യായപ്രമാണം, അത് ഒരു ശക്തിയും നൽകുന്നുമില്ല; അത് പ്രദർശിപ്പിക്കുവാൻ കഴിയാത്തവനെ ശാപത്തിൻ കീഴിലാക്കുകയും ചെയ്യുന്നു. ന്യായപ്രമാണത്തിൻ കീഴിൽ പാപം വർദ്ധിച്ചു (റോമർ.7:8-13) കാരണം മനുഷ്യന്റെ വീണുപോയ സ്വഭാവത്താൽ ചെയ്യരുത് എന്നു കൽപിച്ചിരിക്കുന്നത് ചെയ്യുവാൻ പ്രേരിതനാക്കുന്നു. ന്യായപ്രമാണത്തിന്റെ കുറ്റമല്ലിത്, മറിച്ച് മനുഷ്യകുലത്തിൽ അധിവസിക്കുന്ന പാപമാണ് അതിന് കാരണം.

## വിശുദ്ധിയുടെ ദൈവീക വഴി

വിശുദ്ധി പ്രാപിക്കുവാൻ ദൈവം ഒരുക്കിയിരിക്കുന്ന മാർഗ്ഗം വ്യത്യസ്തമാണ്. കൃപയാലാണിത്, ന്യായപ്രമാണത്താലല്ല. കർത്താവ് പറയുന്നത്, നിന്നെ ഞാൻ എന്റെ കൃപയാൽ രക്ഷിച്ചിരിക്കുന്നു. ഇപ്പോൾ ഭയത്താലല്ല, മറിച്ച് സ്നേഹത്താൽ വിശുദ്ധിയുടെ ശരിയായ മാർഗ്ഗത്തിലൂടെ ജീവിക്കുക. നിങ്ങളുടെ വിളിക്കനുസരിച്ച് നടക്കുവാൻ ശക്തി പകരാനായി ഞാൻ പരിശുദ്ധാത്മാവിനെ നിങ്ങളുടെ ഉള്ളിൽ തന്നിട്ടുണ്ട്. പാപപ്രേരണകളെ എതിർക്കുന്ന ഓരോ അവസരങ്ങളിലും ഞാൻ നിങ്ങൾക്ക് പ്രതിഫലം തരും.

സ്വതവെ ഉയരാവുന്ന ഒരു ചോദ്യം, "ക്രിസ്തീയ വിളിപ്രകാരം എന്റെ പെരുമാറ്റം എപ്രകാരം ആയിരിക്കണമെന്ന് എങ്ങനെ അറിയാം? അതിനുത്തരം ദൈവം പറയുന്നു," നീതിയിലുള്ള പ്രായോഗിക ഉപദേശങ്ങൾ കൊണ്ട് പുതിയ നിയമം മുഴുവൻ ഞാൻ നിറച്ചിരിക്കുന്നു. അവയിൽ ചിലവയെ കല്പനകൾ എന്നും വിളിക്കാം; എന്നാൽ പ്രത്യേക ശിക്ഷാനടപടികൾ അനുബന്ധിച്ച കല്പനകളല്ല അവ എന്നോർക്കുക. മറിച്ച് എന്നെ പ്രസാധിപ്പിക്കുവാനുള്ള ജീവിതരീതികളുടെ പ്രത്യേക ദൃഷ്ടാന്തങ്ങളാണ്".

രക്ഷിക്കപ്പെടുന്ന അവസരത്തിൽ തന്നെ വിശുദ്ധരെന്ന പദവി നമുക്ക് നൽകിയിട്ടുണ്ട്. കാരണം ക്രിസ്തുവിലായതിനാൽ ഒരു വിശുദ്ധ പദവി നമുക്കുണ്ട്. നിലനിൽപ്പിനോടും, പദവിയോടും നമ്മുടെ പ്രായോഗിക ജീവിതം പൊരുത്തപ്പെട്ടു പോകുന്നോ എന്നു ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്.

## ഭയമല്ല, സ്നേഹം

കൃപയുടെ അടിസ്ഥാനത്തിലുള്ള വിശുദ്ധീകരണത്തിന്റെ പ്രേരക ഘടകം ഭയമല്ല, സ്നേഹമാണ്. കർത്താവ് തങ്ങളുടെ പാപങ്ങൾക്കുവേണ്ടി കൊടുത്ത വില ഓർക്കുമ്പോൾ വിശുദ്ധ ജീവിതം കഴിക്കുവാൻ വിശ്വാസികൾ സ്വാഭാവികമായി ആഗ്രഹിക്കും. ദൈവഭയത്തോടും, നീതിയോടും, വിവേകത്തോടും കൂടെ ജീവിക്കുവാൻ കാൽവറിയുടെ ഓർമ്മകൾ നമുക്ക് പ്രേരകശക്തിയാകണം. വിശ്വാസി ചോദിക്കുകയും ഉടൻ ഉത്തരം പറയുകയും ചെയ്യുന്നു.

"അങ്ങേക്കു വേണ്ടി ജീവിക്കാൻ എന്നെ ഏതെങ്കിലും നിയമങ്ങൾ ബന്ധിച്ചിരിക്കേണ്ട ആവശ്യമുണ്ടോ? എന്റെ ഹൃദയം അങ്ങേയ്ക്കു വേണ്ടി സമർപ്പിച്ചിരിക്കുന്നു. ഒരിക്കലും അങ്ങയിൽനിന്നും വിമുക്തി ആഗ്രഹിക്കുന്നില്ല".

ചിലർ ഇതിനെതിരെ അഭിപ്രായം പറഞ്ഞേക്കാം, "വിശ്വാസികളെ കൃപയ്ക്കധീനരാക്കിയാൽ അവർ ഇഷ്ടമുള്ളതുപോലെ ജീവിക്കും, ഭയക്കേണ്ട ആവശ്യമില്ല; ശിക്ഷാനടപടികളൊന്നും സൂചിപ്പിക്കാത്തതിനാൽ തെറ്റ് ചെയ്ത് ഭയക്കേണ്ട കാര്യമില്ല". അതായത് കൃപ പാപം ചെയ്യുവാൻ പ്രേരിപ്പിക്കുന്നു എന്നാണ് അവരുടെ മതം. Spurgeon അതിനുത്തരം നൽകുന്നു;

പാപത്തിനെതിരായ ദൈവീക നന്മയെക്കുറിച്ച് മനുഷ്യർ വാദിക്കുന്നത് സ്വഭാവികമോ, കൃപയാലോ. എന്നാൽ ദൈവം എന്നോടു കരുണാലുവായതിനാൽ ഞാനവനെ വെറുക്കേണമോ? അവനെന്നെ അനുഗ്രഹിക്കുന്നതിനാൽ ഞാനവനെ ശപിക്കേണമോ?..... യഥാർത്ഥ ബോധമുള്ള വിശ്വാസി വ്യത്യസ്ത നിലയിൽ വിവേചിച്ചറിവാൻ പരിശ്രമിക്കും. ദൈവം വളരെ നല്ലവനാണോ?- എങ്കിൽ ഞാനവനെ ദുഃഖിപ്പിക്കുകയില്ല. എന്റെ അകൃത്യങ്ങൾ ക്ഷമിക്കാൻ അവൻ തയ്യാറാണോ? -എങ്കിൽ ഒന്നും എതിരു പറയാതെ ഞാന

വനെ അധികം സ്നേഹിക്കും... ദുഷ്ടതയെ വിട്ടകലുവാനും, സൗജന്യമായ കൃപയിലേക്കു വരുവാനും ദൈവത്തിനു ഹിതകരമായ ജീവിതം നയിക്കുവാനും വാദപ്രതിവാദങ്ങളും വേറൊരു തെളിവുകളും ആവശ്യമില്ല.

മറ്റേതിനെയും പോലെ കൃപയേയും ദുർവിനിയോഗം ചെയ്യാം. ന്യായപ്രമാണത്തിൽ നിന്നുള്ള ഒഴിവ് പാപം ചെയ്യാനുള്ള അവസരമായി ചിലർ ഉപയോഗിച്ചെന്നിരിക്കാം. എന്നാൽ ഇത് വളരെ അപൂർവ്വമായി മാത്രമേയുള്ളു.

ന്യായപ്രമാണത്തിൽ നിന്ന് നാം സ്വതന്ത്രരാണ്, എന്നാൽ ന്യായപ്രമാണം ഇല്ലാത്തവരല്ല നാം. മറിച്ച് പൗലോസ് 1കൊരിന്ത്യർ 9:21 ൽ പറയുന്നതുപോലെ ക്രിസ്തുവിന്റെ ന്യായപ്രമാണത്തിൽ കീഴുള്ളവരാണ് നാം. ന്യായപ്രമാണമല്ല യേശുക്രിസ്തു എന്ന വ്യക്തിത്വമാണ് വിശ്വാസിയുടെ ജീവിതത്തിന്റെ മാനദണ്ഡം.

നാം ആഗ്രഹിക്കുന്നതുപോലെയാണ് ഏതുകാര്യവും ചെയ്യുന്നത്, എന്നാൽ ഇപ്പോൾ ആഗ്രഹിക്കുന്ന കാര്യങ്ങൾക്ക് വ്യത്യാസമുണ്ട്. നമ്മുടെ ആഗ്രഹം വിശുദ്ധി പ്രാപിക്കാനാണ്. പരീക്ഷകളെ എതിർക്കുവാൻ നാം ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ ഹൃദയത്തിനു പ്രസാദമാകുന്ന കാര്യങ്ങൾ മാത്രം ചെയ്യുവാൻ ആഗ്രഹിക്കുന്നു. ആ അർത്ഥത്തിലാണ് നാം ആഗ്രഹിക്കുന്നതുപോലെയാണ് ഏതു കാര്യവും ചെയ്യുന്നത് എന്നു പറയുന്നത്.

എല്ലാ സഭാവിഭാഗങ്ങളിലും വിശുദ്ധജീവിതം നയിക്കുന്ന അനേക ക്രിസ്ത്യാനികൾ ഇന്നുണ്ട് എന്ന് നിഷേധിക്കുന്നില്ല. എന്നാൽ ചിലർ അതു ചെയ്യുന്നത് കൃപയിൽ ആഴമായി ഉറച്ചുനിൽക്കുന്നതുകൊണ്ടാണ്. മറ്റു ചിലർ നിയമപരമായ നിയോഗത്താൽ ചെയ്യുന്നു എന്നെയുള്ളൂ.

ഇപ്പോൾ ഉയരുന്ന ഒരു ചോദ്യത്തിനു നാം ഉത്തരം കൊടുക്കുവാൻ തയ്യാറാകണം. പരിപൂർണ്ണവിശുദ്ധി ഒരു വിശ്വാസിക്കു പ്രാപിക്കുവാൻ കഴിയുമോ; പാപം ചെയ്യാനാവാത്ത ഒരു സ്ഥലത്ത് അവനെത്തിച്ചേരാനാകുമോ? എന്താണ് തിരുവെഴുത്ത് പറയുന്നത്?

## അദ്ധ്യായം 9

# ക്രിസ്തീയ പെരുമാറ്റത്തിന്റെ പ്രമാണങ്ങൾ

ഒരു വിശ്വാസിയുടെ പെരുമാറ്റം എങ്ങനെയുള്ളതായിരിക്കണം? എന്താണ് അവൻ ചെയ്യേണ്ടത്? ചെയ്യരുതാത്തത്?ഏതു പ്രവർത്തിയാണ് ശരി? തെറ്റ്?

ഒരു വിശ്വാസി തന്റെ സ്വർഗ്ഗീയ വിളിക്ക് യോഗ്യമായി എപ്രകാരം നടക്കണം? ഈ ചോദ്യങ്ങൾക്കെല്ലാം വേദപുസ്തകം പൊതുവായ ഒരു രേഖാരൂപം നൽകുന്നുണ്ട്. കൂടുതലായി വിചിന്തനം ചെയ്യാൻ ആവശ്യമില്ലാത്ത തരത്തിൽ അനേക ചോദ്യങ്ങൾക്ക് നേരിട്ടുള്ള ഉത്തരം ഇതു നൽകുന്നുണ്ട്. ഉദാഹരണത്തിന്, അവിശ്വാസികളോട് ഇണയല്ല പിണകൂടരുതെന്ന് പഠിപ്പിക്കുന്നു (2കൊരിന്ത്യർ 6:14). ഒരു വിശ്വാസി ഒരിക്കലും ഒരു അവിശ്വാസിയെ വിവാഹം ചെയ്യരുത്; അവിശ്വാസികളുമായി വ്യാപാര കരാറിൽ ഏർപ്പെടരുത്; ഒരു ക്രിസ്തീയ ശുശ്രൂഷയ്ക്കും അവിശ്വാസിയുമായി കൂട്ടുചേരരുത്. അത്തരം കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനോ, ഉപദേശം തേടുവാനോ ആവശ്യമില്ല., കാരണം, വേദപുസ്തക പ്രതിപാദനം അത്രയ്ക്ക് വ്യക്തമാണ്.

പക്ഷെ, ക്രിസ്തീയജീവിതത്തിൽ അഭിമുഖീകരിക്കാവുന്ന നൂറു കണക്കിനു സാഹചര്യങ്ങളിൽ എന്തു ചെയ്യണമെന്ന് വേദപുസ്തകം നേരിട്ട് വ്യക്തമാക്കുന്നില്ല. എല്ലാ പ്രശ്നങ്ങളെക്കുറിച്ചും പ്രതിപാദിക്കുകയായിരുന്നെങ്കിൽ വേദപുസ്തകം വളരെ വിപുലവും കൊണ്ടു നടക്കുവാൻ കഴിയാത്തതും ആകുമായിരുന്നു.

അതിനു പരിഹാരമായി ദൈവം ചെയ്തിരിക്കുന്നത് ഒരു കൂട്ടം പ്രമാണങ്ങൾ നൽകിയാണ്. ഞാൻ ഈ കാര്യം ചെയ്യുന്നത് ശരിയാണോ? എന്ന ചോദ്യം ഉണ്ടാകുമ്പോൾ ഈ പ്രമാണങ്ങൾ ഓരോന്നായി കണക്കിലെടുത്ത് തീരുമാനം എടുക്കണം. ഈ മാർഗം ഉപയോഗിച്ച് പരിഹരിക്കുവാൻ കഴിയാത്ത ഒരു പ്രശ്നമെങ്കിലും ഉണ്ടെന്ന് എനിക്ക് ചിന്തിക്കുവാൻ സാധിക്കുന്നില്ല. ഓരോ പ്രശ്നങ്ങൾക്കും കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഉത്തരം കണ്ടുപിടിക്കുന്നതുപോലെയാണിത്. പ്രമാണങ്ങൾ ചോദ്യരൂപത്തിൽ വിചിന്തനം ചെയ്യാം.

## ഇതിൽ ദൈവത്തിനെന്തെങ്കിലും മഹത്വമുണ്ടോ?

നാം എപ്പോഴും ചോദിക്കുന്നത്, "ഇതിൽ എന്തെങ്കിലും പ്രശ്നമുണ്ടോ, അപകടമുണ്ടോ?" എന്നാണ്. എന്നാൽ അത് ചെയ്യുന്നതിനുമുമ്പ് നാം ചോദിക്കേണ്ടത്. "ഇതു മുഖാന്തിരം ദൈവനാമം മഹത്വപ്പെടുമോ?" അല്ലെങ്കിൽ "ഇതിൽനിന്ന് ദൈവത്തിനെന്തെങ്കിലും മഹത്വമുണ്ടോ?". അപ്പൊസ്തലനായ പൗലോസ് ഒരു പ്രമാണം വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു, "നിങ്ങൾ തിന്നാലും കുടിച്ചാലും എന്തുചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്വിൻ" (1 കൊരി. 10:31). പ്രശസ്തനായ ഒരു സുവിശേഷകൻ ദൈവനാമമഹത്വത്തിനായി പ്രസംഗിക്കുമായിരുന്നു. അദ്ദേഹത്തിന്റെ പത്നി പാത്രങ്ങൾ കഴുകിയതും അതേ ലക്ഷ്യത്തോടെയാണ്. അവരുടെ അടുക്കളയിൽ പാത്രം കഴുകുന്ന സ്ഥലത്തിനു മുകളിലായി പതിച്ചിരുന്ന കടലാസിലെ വാചകങ്ങൾ ഇപ്രകാരമായിരുന്നു. "ദൈവീക ശുശ്രൂഷകൾ മൂന്നുപ്രാവശ്യം ഇവിടെ ചെയ്യുന്നുണ്ട്".

ആദരണീയമായ ഏതു പ്രവർത്തിയും ദൈവ നാമ മഹത്വത്തിനുവേണ്ടി ചെയ്യുവാൻ സാധിക്കും. ക്രിസ്തീയ അടിമകൾക്കുപോലും ഇത്തരത്തിൽ ശുശ്രൂഷിക്കാം. "മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെപ്പോലെ ദൈവേഷ്ടം മനസ്സോടെ ചെയ്തും മനുഷ്യരെയല്ല, കർത്താവിനെത്തന്നെ പ്രീതിയോടെ സേവിച്ചുകൊണ്ടു അനുസരിപ്പിൻ" (എഫേ. 6:5-7).

അനീതിയും, അധാർമ്മികതയും, അനാദരവും, അശുദ്ധിയും നിറഞ്ഞ അനേക കാര്യങ്ങൾ ദൈവമഹത്വത്തെ സാരമായി തടസ്സപ്പെടുത്തുന്നു. ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നതിനുമുമ്പ് "കർത്താവായ യേശുവേ, ഞാൻ ചെയ്യാൻ പോകുന്ന കാര്യങ്ങളിലൂടെ നിന്റെ നാമം മഹത്വപ്പെടട്ടെ" എന്ന് പ്രാർത്ഥിക്കുന്നത് അർത്ഥരഹിതവും ആക്ഷേപിക്കലിന് തുല്യവുമാണ്

## ഇത് ലൗകീകമാണോ?

പാപികളായ മനുഷ്യർ വസിക്കുന്ന ഈ ലോകത്തിന് അതിന്റേതായ ജീവിതരീതി, സംഗീതം, കല, മതം, തത്ത്വചിന്ത മുതലാ

യ പലകാര്യങ്ങളുണ്ട്. ആത്മസംതൃപ്തിയേക്കാൾ ജഡീകസംതൃപ്തി നൽകുന്നതാണവ; ക്രിസ്തു കല്പിച്ചതിനെതിരായ പ്രവർത്തികളാണ് മനുഷ്യന്റെ വഷളായ പ്രകൃതിക്കനുസൃതം.

ക്രിസ്തുലോകത്തിൽ നിന്നുള്ളവനല്ലാത്തതുപോലെ വിശ്വാസികളും ലോകത്തിൽ നിന്നുള്ളവരല്ല. (യോഹ. 17:16). കാരണം ലോകം ദൈവത്തോടു ശത്രുത പുലർത്തുന്നു. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ അവൻ ദൈവത്തോടു ശത്രുവത്രെ. (യാക്കോ. 4:4; 1യോഹ. 2:15). ഒരു വ്യക്തി വീണ്ടും ജനിക്കുമ്പോൾ ലോകത്തിന്റെ പ്രവർത്തിയും ദൈവത്തിന്റെ പ്രവർത്തിയും വേർതിരിച്ചറിയാൻ ആത്മാവിനെയും അവനു ലഭിക്കുന്നു. കൃപയിൽ വളർന്നു വരുമ്പോൾ ആ ജ്ഞാനം അധികം വർദ്ധിക്കും. ഒരിക്കൽ ഒരു വിശ്വാസി ടെലിവിഷൻ ഓർഡർ ചെയ്തു. അത് കൊണ്ടു വരുന്ന വാഹനം വന്നപ്പോൾ ജനാലയിലൂടെ നോക്കിയ അദ്ദേഹം അതിന്റെ ഒരുവശത്തായി കുറിച്ചിരുന്ന പരസ്യം ശ്രദ്ധിച്ചു. "ലോകത്തെ നിങ്ങളുടെ ഭവനത്തിലേക്ക് കൊണ്ടുവരുന്നു". വേഗം തന്നെ കൊണ്ടുവന്ന ആളോട് അദ്ദേഹം പറഞ്ഞു. "ദയവായി ഈ ടെലിവിഷൻ തിരിച്ചു കൊണ്ടുപോകുക"

## യേശുക്രിസ്തു ഈ പ്രവർത്തി ചെയ്യുമായിരുന്നോ?

നമ്മുടെ രക്ഷിതാവ് നാം അവന്റെ കാൽച്ചുവടു പിൻതുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിട്ടുണ്ട്. (1 പത്രൊ. 2:21). നമ്മുടെ പെരുമാറ്റത്തിന്റെ ഏതു വശവും പരിശോധിക്കാനുള്ള മാനദണ്ഡമാണിത്. "യേശു എന്താണ് ചെയ്തത്" അഥവാ "യേശു എന്ത് ചെയ്യുമായിരുന്നു?"

ഈ മാനദണ്ഡം ദൈനംദിന ജീവിതത്തിൽ പ്രയോഗിക്കുവാൻ തീരുമാനിച്ച ഒരു സമൂഹത്തെക്കുറിച്ച് വർഷങ്ങൾക്കുമുമ്പ് In His Steps"എന്ന തന്റെ പുസ്തകത്തിൽ Charles sheldon എഴുതുകയുണ്ടായി. അതിന്റെ പരിണിതഫലമായി വലിയൊരു വിപ്ലവം തന്നെ ആ ക്രിസ്തീയ സമൂഹത്തിന് സംഭവിച്ചു.

ചുങ്കക്കാരോടും പാപികളോടും കൂടെ യേശു ഭക്ഷിച്ചു എന്ന് ചിലർ ചൂണ്ടിക്കാണിക്കാറുണ്ട്. (മർക്കൊ. 2:15,16). അത് വാസ്തവമാണ്. എന്നാൽ അവൻ അത് ചെയ്തപ്പോൾ തന്റെ പിതാവിനോടു വിശ്വസ്തനും, തന്റെ പ്രവൃത്തികൾ പൂർണ്ണമായി പിതാവിന്റെ

ഹിത പ്രകാരവുമായിരുന്നു. ഒരിക്കലും താൻ അവരുടെ പാപങ്ങളോടു പങ്കുചേരുകയോ, തന്റെ സാക്ഷ്യത്തിനെതിരായി സന്ധി ചേരുകയോ ചെയ്തിട്ടില്ല. നമുക്കും അവിശ്വാസികളോടൊപ്പം ഭക്ഷിക്കാം. എന്നാൽ അവരുടെ പാപങ്ങളെ ബോധം വരുത്തിയാൽ മാത്രം. അല്ലാതെ പാപങ്ങളിൽ കൂട്ടുചേർന്നിട്ടല്ല. (എഫേ. 5:11b); ആ അവസരം സുവിശേഷം പറയുവാനുപയോഗിക്കണം. (റോമ. 1:14) "വിശുദ്ധിയുടെ മാനദണ്ഡമായി യേശുക്രിസ്തു ഇഹലോകത്തിൽ എങ്ങനെജീവിച്ചു എന്നതു മാത്രമേ അംഗീകരിക്കാനാവൂ" (R.C. Chapman).

## യേശുക്രിസ്തു തന്റെ മടങ്ങിവരവിൽ ഈ പ്രവർത്തി ചെയ്യുന്നവനായി നിന്നെ കാണാൻ നീ ഇഷ്ടപ്പെടുന്നുവോ?

രക്ഷിതാവ് മടങ്ങിവരുന്ന സമയം ആർക്കുമറിയില്ല. ഏതു നിമിഷത്തിലും അത് സംഭവിക്കാം. കർത്താവിന്റെ വരവിങ്കൽ ലജ്ജിതരായി തീരുവാനുള്ള സാധ്യതയെ അപ്പോസ്തലനായ യോഹന്നാൻ ഓർമ്മിപ്പിക്കുന്നു (1 യോഹന്നാൻ 2:28) ജഡീക ദാഹത്തെ പ്രോത്സാഹിപ്പിക്കുക. അശ്ലീലപുസ്തകങ്ങൾ, ദുഷ്ടപ്രവർത്തികൾ, അശ്ലീല സിനിമ തുടങ്ങിയ ഏതെങ്കിലും പ്രവർത്തികളിൽ നാം ഉൾപ്പെട്ടുനിൽക്കുന്നത് അവൻ കണ്ടാൽ എത്രയോ ലജ്ജാവഹമാണ്! "നീ ഇവിടെ എന്തു ചെയ്യുകയാ?" പത്രോസിനോടു ചോദിച്ചതുപോലെ "നീ എന്നെ ഇവയെക്കാൾ അധികമായി സ്നേഹിക്കുന്നുവോ?" എന്നുള്ള ചോദ്യങ്ങൾ അവൻ ചോദിക്കേണ്ടിവന്നാൽ നാം ലജ്ജിതരായിത്തീരേണ്ടി വരും

ക്രിസ്തുവിന്റെ മടങ്ങിവരവ് ഏതു നിമിഷത്തിലും സംഭവിക്കാം എന്ന പ്രത്യാശ ഒരു വിശ്വാസിയുടെ ജീവിതവിശുദ്ധിയെ തീർച്ചയായും സ്വാധീനിക്കും (1യോഹ. 3:3). ബുദ്ധിപരമായിട്ടല്ല, പ്രായോഗികമായ ഈ സത്യം നാം മുറുകെ പിടിക്കണം. അവന്റെ പ്രത്യക്ഷതയെ ഇഷ്ടപ്പെടുന്നവർ ആ മഹത്വകരമായ പ്രത്യാശക്കനുസരിച്ച് ജീവിക്കും (2 തിമൊ. 4:8).

## ഏതുസ്വഭാവത്തെയാണ് ഈ പ്രവൃത്തി പോഷിപ്പിക്കുന്നത്?

അടുത്തദ്ധ്യായത്തിൽ രണ്ടു "സ്വഭാവങ്ങളെ"ക്കുറിച്ച് ആഴത്തിൽ ഒരു പഠനം നടത്തിയിട്ടുണ്ട്. അതിനാൽ ഇവിടെ ചുരുക്കുന്നു. എല്ലാ വിശ്വാസികൾക്കും രണ്ടു സ്വഭാവങ്ങളുണ്ട്.- പഴയതും, പുതിയ

തും. പഴയസ്വഭാവം ദുഷ്ടത നിറഞ്ഞതാണ്. പുതിയത് വിവരിക്കാനാവാത്ത വിധത്തിൽ നന്മ നിറഞ്ഞതാണ്. രണ്ടു സ്വഭാവങ്ങളും ഒന്നിനൊടൊന്ന് ശക്തമായി പോരാടിക്കൊണ്ടിരിക്കുന്നു. നാം ഏതിനെ പോഷിപ്പിക്കുന്നുവോ ആ സ്വഭാവം വിജയം കണ്ടെത്തും.

ദർശനം, കേൾവി, പ്രവർത്തി, പോകുന്നസ്ഥലം, സുഹൃത്ബന്ധം, ചിന്താജീവിതം ഇവമൂലമാണ് നമ്മുടെ സ്വഭാവങ്ങളെ പോഷിപ്പിക്കുന്നത്. നാം നമ്മിൽ ചെന്നായെ പോഷിപ്പിച്ചാൽ കുഞ്ഞാട് വിജയിക്കുമെന്ന് പ്രതീക്ഷിക്കരുത്.

## പരിശുദ്ധാത്മാവിന്റെ മന്ദിരമാണ് നിങ്ങളുടെ ശരീരമെന്നോർക്കുമ്പോൾ ഈ പ്രവർത്തി ചെയ്യുവാൻ സ്വാതന്ത്ര്യം തോന്നുമോ?

ഒരു വ്യക്തി രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ തന്നെ പരിശുദ്ധാത്മാവാം ദൈവം അവനുള്ളിൽ വാസം ഉറപ്പിക്കും. (1കൊരി. 6:19). ത്രിത്വത്തിലെ മൂന്നാമത്തെ ആളത്വം തനിക്കുവസിക്കാവുന്ന ഒരു പരിശുദ്ധസ്ഥലമായി അവന്റെ ശരീരത്തെ കണക്കാക്കും. ഒരു പരിശുദ്ധ ആളത്വം നമ്മുടെ ഉള്ളിൽ വസിക്കുന്നു എന്നു ബോധത്തോടെ വേണം തുടർജീവിതം. ഈ സത്യം ലൈംഗിക അധാർമ്മികതയിൽനിന്നും, അതിഭക്ഷണം, മദ്യപാനം, തുടങ്ങിയവയിൽ നിന്നും ഒഴിവാക്കി ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു; അർബുദത്തിനു കാരണമായി തീരുന്ന പുകയില മനസ്സിനെ മന്ദിപ്പിക്കുന്നു, മരുന്നുകൾ മുതലായവക്ക് അടിമപ്പെടാൻ നാം നമ്മെത്തന്നെ അനുവദിക്കുകയില്ല. നമ്മുടെ ശരീരത്തെ കർത്താവിനെന്നവണ്ണം ആരോഗ്യപരമായി കാത്തുസൂക്ഷിക്കും.

## ഈ പെരുമാറ്റം ഒരു ദൈവപൈതൽ എന്ന പദവിക്കനുസൃതമാണോ?

രാജാവിന്റെ മക്കൾ എന്ന നിലയിൽ നമ്മുടെ നടപ്പ് "പരമവിളി" ക്കനുസരിച്ചായിരിക്കണം. (എപേ. 5:8; കൊലൊ. 1:10).

ഫ്രാൻസിലെ രാജാവായിരുന്ന Louis പതിനാറാമന്റെ മകനെക്കുറിച്ച് ഒരു കഥയുണ്ട്. ഒരു ദുഷ്ട സ്ത്രീ അവനെ നശിപ്പിക്കുവാൻ നികൃഷ്ട കാര്യങ്ങൾ സംസാരിക്കുവാൻ പ്രേരിപ്പിച്ചിരുന്നു. അപ്പോൾ അവൻ മുഷ്ടി ചുരുട്ടി, നിലത്ത് ചവിട്ടിക്കുലുക്കി ഇപ്രകാരം വിളിച്ചു പറയുമായിരുന്നു. "ഞാൻ അത് പറയില്ല; വൃത്തികേട്ട വാക്കുകൾ ഉച്ചരിക്കില്ല. ഒരു രാജാവാകാനാണ് ഞാൻ ജനിച്ചിരിക്കുന്നത്; ഞാൻ അത്തരത്തിൽ സംസാരിക്കില്ല"

ചേരിപ്രദേശത്തെ ഒരുവൻ ഓടയിലെ ചെളിയിൽ കിടന്നുരുളുന്നതു കണ്ടാൽ അതിശയിക്കില്ല, മറിച്ച് സഹതാപം തോന്നിയേക്കാം. എന്നാൽ ഒരു അധികാരിയുടെ മകൻ നീചമായി ജീവിച്ചാൽ നാം നടുങ്ങും. കാരണം ഒരു ഉന്നതപദവിയിലായിരിക്കുന്ന വ്യക്തിയുടെ മകനിൽ നിന്ന് നാം അത് പ്രതീക്ഷിക്കുന്നില്ല.

ലോകജനത അവരുടെ പെരുമാറ്റത്തേക്കാൾ മെച്ചമായ പെരുമാറ്റം ഒരു വിശ്വാസിയിൽ നിന്ന് പ്രതീക്ഷിക്കുന്നു; ഒരു വിശ്വാസിക്കെന്തെങ്കിലും തെറ്റുപറ്റിയാൽ ഉടൻ അവർ പറയും. "അയ്യോ! ഞാൻ വിചാരിച്ചു നീ ഒരു ക്രിസ്ത്യാനിയായിരിക്കുമെന്ന്" ഒരു അവിശ്വാസി എന്തു ചെയ്താലും ലോകർക്ക് അത് വിഷയമല്ല.

അപ്രകാരം തന്നെയായിരിക്കണം. ലോകം നമ്മിൽ നിന്ന് കൂടുതൽ പ്രതീക്ഷിക്കണം; നാം കൂടുതൽ വില നൽകണം; നല്ല പെരുമാറ്റം കാഴ്ച വെക്കണം.

## കൈയ്യിലുള്ള കാശ് ഏറ്റവും നല്ല രീതിയിലാണോ ചെലവാക്കുന്നത്?

ചില കാര്യങ്ങൾ ജീവിതത്തിൽ നല്ലതാണ്; മറ്റുചില കാര്യങ്ങൾ അധികം നല്ലതാണ്. എന്നാൽ വീണ്ടും ചില കാര്യങ്ങൾ എല്ലാത്തിനെക്കാളും ഏറ്റവും അധികം നല്ലതായിട്ടുണ്ട്. നമ്മുടെ പ്രവർത്തികൾ ഏറ്റവും നല്ല ഫലം പുറപ്പെടുവിക്കുവാൻ ശരിയായ മൂല്യനിർണ്ണയത്തിൽ നാം നടത്തേണ്ടതാവശ്യമാണ്. അതിനായി സകല പരിശ്രമവും നാം ചെയ്യണം.

സാധാരണ നല്ലത് ഏറ്റവും അധികം നല്ലതിന്റെ ശത്രുവാണ്. ഒരുപക്ഷെ നാം പാപമയമല്ലാത്ത കാര്യങ്ങൾക്ക് കാശു ചെലവാക്കുമായിരിക്കും; എന്നാൽ അവ ബാലിശവും ക്ഷണികവും അനാശ്യവുമായ കാര്യങ്ങൾ ആയി എന്നുവരാം. നേരേമറിച്ച് നാം സുവിശേഷ പ്രചരണത്തിനായി കാശു ചെലവാക്കിയേക്കാം; എന്നാൽ കൃതജ്ഞത പ്രകടിപ്പിക്കുന്ന ആൾ നമ്മെ വാനോളം പുകഴ്ത്തി പറയുമെന്ന ഉറപ്പോടെയായിരിക്കും അത്. (Luke. 16:9)

ചെലവഴിക്കുന്ന ഓരോ ചില്ലിക്കാശിനും കുറ്റബോധം വരുത്തുവാനുള്ള പ്രമാണം അല്ല ഇത്. മറിച്ച് ദൈവനാമത്തിനു മഹത്വം

ചാർത്തുകയും നിത്യത മുഴുവൻ നിലനിൽക്കുകയും ചെയ്യുന്ന രീതിയിൽ നമ്മുടെ സമ്പത്ത് ചെലവഴിക്കാൻ പ്രേരിപ്പിക്കുന്നതിനു വേണ്ടിയാണ്.

## സമയം ഏറ്റവും നല്ല രീതിയിൽ ഉപയോഗിക്കുന്നുവോ?

സമയം നാം ഉപയോഗിക്കുന്നത് നിയമാനുസൃതമായ ബന്ധത്തിന്റെ പേരിലായിരിക്കരുത്. മഹത്വകരമായി നമുക്കു ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തിനനുസരിച്ചായിരിക്കണം. നമുക്കെല്ലാവർക്കും എല്ലാ ദിവസവും 24 മണിക്കൂറുകൾ നൽകിയിട്ടുണ്ട്. ആ സമയം എപ്രകാരം ഉപയോഗിക്കണമെന്ന് നാമാണ് തീരുമാനിക്കേണ്ടത്. നല്ലതു പ്രവർത്തിക്കാനും ദുഷ്ടത പ്രവർത്തിപ്പാനും വെറുതെ കളയുവാനും നമുക്ക് അപാരമായ സാദ്ധ്യതകളുണ്ട്.

നല്ല ഗൃഹ വിചാരകന്മാരെപ്പോലെ സമയം തക്കത്തിൽ ഉപയോഗിക്കണം (എഫേ. 5:16); അതായത് ലഭിക്കുന്ന അവസരങ്ങളെല്ലാം ഏറ്റവും മെച്ചമായ രീതിയിൽ ഉപയോഗിക്കുക. അനാവശ്യമായ സംഗതികൾ ഒഴിവാക്കി കൂടുതൽ നല്ല സമയം ഉണ്ടാക്കുന്ന പ്രവർത്തികൾക്ക് മുൻഗണന കൊടുക്കുക എന്നാണിതിനർത്ഥം. ചില ക്ഷണങ്ങൾ ഒഴിവാക്കുക; ജോലിസമയം കുറച്ച് പ്രാർത്ഥനയ്ക്കും ദൈവവചനശുശ്രൂഷയ്ക്കുമായി ചെലവഴിക്കുക; സഭായോഗങ്ങൾക്ക് സമയം കണ്ടെത്തുക എന്നൊക്കെ ഇതിനർത്ഥമുണ്ട്.

ഇത്തരം തീരുമാനങ്ങൾ എടുക്കുന്നതിൽ വിശ്വസ്തത കാണിച്ചാൽ കർത്താവിനെ സേവിക്കുന്നതിനുള്ള മേഖലകൾ വിശാലമാകും.

## നിങ്ങളുടെ പെരുമാറ്റം മറ്റുള്ളവർക്ക് ഏതു തരത്തിലുള്ള ഫലം ഉളവാക്കും?

ധാർമ്മികമായി നിഷ്പക്ഷത പുലർത്തുന്ന ചില പ്രവർത്തികൾ ജീവിതത്തിലുണ്ടാകാറുണ്ട്. അവയെ ധാർമ്മികതയുടെ വകുപ്പിലാണ് പെടുത്തേണ്ടത്. ഒരു ക്രിസ്ത്യാനിക്ക് അവ ചെയ്യാനുള്ള അധികാരമുണ്ട്. അവ അവയിൽ തന്നെ തെറ്റല്ല. എന്നാൽ അതേ പ്രവർത്തികൾ മറ്റൊരു സഹോദരനു ഇടർച്ച വരുത്തിയാൽ അത് തെറ്റായി മാറും. റോമർ. 14-ൽ പൗലോസ് ഈ വിഷയം കൈകാര്യം ചെയ്യുന്നത് ശ്രദ്ധിക്കുക.

"സഹോദരനു ഇടർച്ചയോ തടങ്ങലോ വെക്കാതിരിക്കാൻ മാത്രം ഉറച്ചുകൊൾവിൻ" (വാ. 13b)

......നിന്റെ ഭക്ഷണം നിമിത്തം സഹോദരനെ വ്യസനിപ്പിച്ചാൽ നീ സ്നേഹപ്രകാരം നടക്കുന്നില്ല. ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ അവനെ നിന്റെ ഭക്ഷണം കൊണ്ടു നശിപ്പിക്കരുത് (വാ.15)

.......ഭക്ഷണം നിമിത്തം ദൈവ നിർമ്മാണത്തെ അഴിക്കരുത്. (വാ. 20 a)

1 കൊരിന്ത്യർ 8:9-13 വരെയുള്ള വാക്യങ്ങളിൽ അപ്പോസ്തലൻ പറയുന്നു.

എന്നാൽ നിങ്ങളുടെ ഈ സ്വാതന്ത്ര്യം ബലഹീനന്മാർക്കു യാതൊരു വിധത്തിലും തടങ്ങൽ ആയി വരാതിരിക്കാൻ നോക്കുവിൻ. അറിവുള്ളവനായ നീ ക്ഷേത്രത്തിൽ ഭക്ഷണത്തിനിരിക്കുന്നത് ഒരുത്തൻ കണ്ടാൽ ബലഹീനനെങ്കിൽ അവന്റെ മനസ്സാക്ഷി വിഗ്രഹാർപ്പിതങ്ങളെ തിന്നുവാൻ തക്കവണ്ണം ഉറെക്കയില്ലയോ? ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ, ആ ബലഹീന സഹോദരൻ ഇങ്ങനെ നിന്റെ അറിവിനാൽ നശിച്ചുപോകുന്നു. ഇങ്ങനെ സഹോദരന്മാരുടെ നേരെ പാപം ചെയ്തു, അവരുടെ ബലഹീന മനസ്സാക്ഷിയെ ദണ്ഡിപ്പിക്കുമ്പോൾ നിങ്ങൾ ക്രിസ്തുവിനോടു പാപം ചെയ്യുന്നു. ആകയാൽ ആഹാരം എന്റെ സഹോദരന്നു ഇടർച്ചയായിത്തീരും എങ്കിൽ എന്റെ സഹോദരന് ഇടർച്ച വരുത്താതിരിക്കേണ്ടതിനു ഞാൻ ഒരുനാളും മാംസം തിന്നുകയില്ല.

"സകലത്തിനും എനിക്കു കർത്തവ്യം ഉണ്ടു; എങ്കിലും സകലവും ആത്മിക വർദ്ധന വരുത്തുന്നില്ല" (1കൊരി. 10:23 b) എന്ന് പൗലോസ് പറയുമ്പോൾ സ്വന്തം ആത്മിക വർദ്ധനയെക്കാൾ മറ്റുള്ളവരുടെ ആത്മികവർദ്ധനയാണ് സൂചിപ്പിക്കുന്നത്.

"ആത്മിക വർദ്ധന വരുത്തുക" എന്നതാണ് മറ്റുള്ളർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനെ സംബന്ധിച്ച് നൽകപ്പെട്ടിരിക്കുന്ന പ്രമാണം. മറ്റുള്ളവർക്ക് ഹാനി ഉണ്ടാക്കുന്ന തരത്തിലുള്ള ഒരു പ്രവർത്തി ആസ്വദിക്കുന്നത് ഒരുവന് യഥാർത്ഥത്തിൽ ഉപകാരമൊന്നും ചെയ്യുന്നില്ല (W. E. Vine).

പന്നിമാംസം ഭക്ഷിക്കുവാനോ, വീഞ്ഞുകുടിക്കുവാനോ അത്തരം ഏതെങ്കിലും പ്രവർത്തികളിൽ ഉൾപ്പെടുവാനോ ഒരു ക്രിസ്ത്യാനിക്ക് അനുവാദം "ഉണ്ടെങ്കിൽ പോലും" ആ സ്വാതന്ത്ര്യം ക്രിസ്തുവിലുള്ള മറ്റൊരു സ്ഹോദരന് ദുഃഖം ഉളവാക്കുകയാണെങ്കിൽ അത് പരിത്യജിക്കുകയാണ് വേണ്ടത്.

Charles Haddon Spurgeon -ന് പുകവലിക്കുന്ന സ്വഭാവമുണ്ടായിരുന്നു എന്നത് എല്ലാവരും അറിയുന്ന വസ്തുതയാണ്. സഭയ്ക്ക് അദ്ദേഹം ദൈവത്തിന്റെ വലിയൊരു ദാനമായിരുന്നുവെങ്കിലും ആ പ്രവർത്തിയെ താൻ ന്യായീകരിച്ചു. ഒരു ദിവസം പരസ്യ ബോർഡിൽ ഒരു കുറിപ്പ് അദ്ദേഹം കാണുകയുണ്ടായി. "സ്പർജൻ വലിക്കുന്ന പുകയില വലിക്കുക" തന്റെ ദുശ്ശീലം ത്യജിക്കുവാൻ ആ സംഭവം മാത്രം മതിയായിരുന്നു.

## ഈ പ്രവർത്തി സംശയകരമാണൊ?

"വിശ്വാസത്തിൽ നിന്നു ഉത്ഭവിക്കാത്തതൊക്കെയും പാപമത്രെ" (റോമർ. 14:23). ധാർമ്മിക അനാസ്ഥ കാണിക്കുന്നതും, ആന്തരികമായി തെറ്റില്ലാത്തതുമായ പ്രവർത്തികളെയാണിത് സൂചിപ്പിക്കുന്നത്. ഒരു കാര്യം ശരിയല്ല എന്നു തോന്നിയിട്ടും തുടർന്നും അതിൽ മുന്നോട്ടു പോകുകയാണെങ്കിൽ ഞാൻ ചെയ്യുന്നത് പാപമാണ്. ഒരു പക്ഷേ, മറ്റൊരു ക്രിസ്ത്യാനിക്ക് ഞാൻ ചെയ്ത കാര്യം തെറ്റായിരിക്കണമെന്നില്ല; അത് ചെയ്യുവാൻ അവന് പൂർണ്ണ സ്വാതന്ത്ര്യം കാണും. എന്നാൽ എന്റെ മനസ്സാക്ഷി അനുവദിക്കുന്നില്ലെങ്കിൽ അഥവാ വിശ്വാസത്താൽ ചെയ്യാൻ കഴിയുന്നില്ലെങ്കിൽ അഥവാ ശരിയാണെന്നുള്ള ബോദ്ധ്യമില്ലെങ്കിൽ, ഞാൻ അതു ചെയ്യുകയാണെങ്കിൽ പാപം ആണ്.

ചില സമയങ്ങളിൽ തുണിക്ക് വെള്ളനിറമാണോ, നരച്ചനിറമാണോ എന്ന് വ്യക്തമായി പറയാനാവില്ല; എന്നാൽ അതിന്റെ അടിസ്ഥാനത്തിൽ "ഇത് സംശയാസ്പദമാണെങ്കിൽ അഴുക്കാണ്. ധാർമ്മിക അനാസ്ഥയിൽ ആ നിയമം സ്വീകരിക്കുക, സംശയാസ്പദമാണെങ്കിൽ അത് ചെയ്യുന്നത് തെറ്റാണ്".

## ഈ പ്രവർത്തിയിൽ ദുഷ്ടത പ്രത്യക്ഷമാവുന്നുണ്ടോ?

1 തെസ്സലൊനീക്യർ 5:22 ൽ വായിക്കുന്നു: "സകലവിധ ദോഷവും (ദുഷ്ടത) വിട്ടകലുവിൻ".ആധുനിക പരിഭാഷകളിൽ കാണുന്നത് "ദുഷ്ടതയുടെ എല്ലാഭാവങ്ങളിൽ നിന്നും വിട്ടകലുക" എന്നാണ്. അവിവാഹിതരായ ഒരു പുരുഷനും സ്ത്രീയും ഒരുമിച്ച് യാത്ര ചെയ്യുകയോ താമസിക്കുകയോ ചെയ്താൽ അവർ അസന്മാർഗികമായ ഒരു ബന്ധത്തിലും ഏർപ്പെട്ടില്ലെങ്കിൽ പോലും സന്ദേഹത്തിനു വഴി തുറക്കുകയാണ്. ഒരു വേദാദ്ധ്യാപകൻ ദാഹം ശമിപ്പിക്കുവാൻ ഒരു ബാറിൽ നിന്ന് മദ്യമല്ലാതെ ഏതെങ്കിലും ശീതളപാനീയം വാങ്ങി കുടിച്ചാൽ പോലും ഇത് കണ്ടുകൊണ്ട് ആ വഴിപോകുന്ന തന്റെ വിദ്യാർത്ഥികളെ സത്യം ബോധ്യപ്പെടുത്താൻ വളരെ പ്രയാസമാണ്.

## ഈ പ്രവർത്തി ഒരു ഭാരമുള്ളതാണോ?

പാപത്തിനും ഭാരത്തിനും തമ്മിൽ വ്യത്യാസമുണ്ട്. പാപം എല്ലായ്പ്പോഴും തെറ്റാണ്; ഭാരം തെറ്റല്ലായിരിക്കും, മറിച്ച് ഒരു തടസ്സമായിരിക്കും. നമ്മുടെ "സകലഭാരവും......വിട്ടു നമുക്കുമുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക" (എബ്രായർ. 12:1). ഒളിമ്പിക് മത്സരങ്ങളിലെ നിയമങ്ങൾ പാലിക്കേണ്ടതാണ്. ആ നിയമങ്ങൾ അനുസരിച്ചില്ലെങ്കിൽ ഓട്ടക്കാരൻ മത്സരത്തിൽ പങ്കെടുക്കാൻ അയോഗ്യനാണ്. എന്നാൽ ഒരു മത്സരക്കാരൻ അവന്റെ കാൽകുഴയിൽ രണ്ടു പൗണ്ട് ഭാരം തൂക്കിയിട്ടാൽ അത് നിയമവിരുദ്ധമല്ല. അവന് അത് വഹിക്കുവാൻ കഴിയുമെങ്കിലും മത്സരത്തിൽ വിജയിക്കുകയില്ല.

"സകലത്തിനും എനിക്കു കർത്താവും ഉണ്ടു എങ്കിലും സകലവും എനിക്കു പ്രയോജനമുള്ളതല്ല" (1കൊരിന്ത്യർ. 6:12a; 10:33a) എന്ന് എഴുതുമ്പോൾ ഭാരമുണ്ടാക്കുന്ന സംഗതികളായിരുന്നു പൗലോസിന്റെ മനസ്സിൽ. ഭാരം വഹിച്ചുകൊണ്ട് ക്രിസ്തീയ ജീവിതം നയിക്കുന്നവർക്ക് കർത്തൃസേവ മെച്ചമായി ചെയ്യാൻ പ്രേരണ ലഭിക്കുന്നില്ല. അവർ തെറ്റൊന്നും പവർത്തിക്കുന്നില്ല; എങ്കിലും അവരെക്കൊണ്ട് ക്രിസ്തുവിന് പ്രയോജനമില്ല.

ക്രിസ്തീയ ഓട്ടക്കളത്തിൽ എന്താണ് ഭാരമായിരിക്കുന്നത്? ഒരു അനാത്മീയ സുഹൃത്ത് ബന്ധം, അല്പം നേരമ്പോക്ക്, അനാവശ്യ ശീലം, അമിതമായ കായികാഭ്യാസങ്ങൾ, അമിതമായ ടെലിവിഷൻ വീക്ഷണംതുടങ്ങിയ എല്ലാകാര്യങ്ങളും വിജയത്തിലെത്തിച്ചേരുന്ന തിൽ നിന്ന് വിശ്വാസിയെ അകറ്റും. ആത്മീകമല്ലാത്തതും അത്യാവ ശ്യമല്ലാത്തതുമായ കാര്യത്തിനും അമിതമായി സമയം ചെലവാക്കി യാൽ അതെല്ലാം ഒരു ഭാരമായും തടസ്സമായും തീരും.

## ഈ പ്രവർത്തി അടിമയാക്കുന്നുണ്ടോ?

ജീവിതത്തിൽ മറ്റൊരു വശമുണ്ട്, അത് നിയമപരമാണെങ്കിലും അടിമപ്പെടുത്തുന്നുണ്ടെങ്കിൽ ഒഴിവാക്കണം. അപ്പോസ്തലൻ പറ ഞ്ഞു, "സകലത്തിനും എനിക്കു കർത്തവ്യം ഉണ്ടു എങ്കിലും ഞാൻ യാതൊന്നിനും അധീനനാകയില്ല" (1കൊരിന്ത്യർ 6:12b). മനസ്സി ലാക്കിയ വസ്തുതകൾ അവയിൽത്തന്നെ തെറ്റല്ലാത്തവയെക്കു റിച്ചാണ് അദ്ദേഹം പറയുന്നത്, എന്നാൽ അവയുടെ ശക്തിക്ക് നാം അധീനപ്പെട്ടുപോകുകയാണെങ്കിൽ അത് തെറ്റാണ്. ഭക്ഷണപാ നീയങ്ങൾക്ക് അടിമപ്പെടാൻ പൗലോസ് ഒരിക്കലും തന്നെ വിട്ടു കൊടുത്തില്ല. ഈ പട്ടികയിൽ ടെലിവിഷൻ കാണൽ, കായികം തുടങ്ങിയ കാര്യങ്ങളും നമുക്കു ചേർക്കാം.

## യേശുക്രിസ്തുവിന്റെ ദർശനത്തിൽ ഈ പ്രവർത്തി ഏതു നിലവാരം പുലർത്തുന്നു?

ക്രിസ്തീയ പെരുമാറ്റത്തിൽ ഏറ്റവും വലിയ പരിശോധന യേശുക്രിസ്തുവിന്റെ കണ്ണുകളിൽ ഇത് എങ്ങനെ പ്രത്യക്ഷമാ കുന്നു എന്നാണെന്ന് ആരോ പറയുകയുണ്ടായി. അവൻ അത് അംഗീകരിക്കുമോ? ഇതു ചെയ്യുമ്പോൾ അവൻ നമ്മുടെ അടുത്തി രുപ്പുണ്ട് എന്ന വാസ്തവം ഓർക്കുമ്പോൾ എന്തു വിചാരമാണ് നമ്മിൽ ഉളവാകുന്നത്?

കർത്താവ് നമ്മോടൊപ്പം എപ്പോഴും ഉണ്ട് എന്നത് മഹാസത്യ മാണ്. ഒരു വിശ്വാസി പറഞ്ഞതുപോലെ "നാം ചെയ്യുന്നതെല്ലാം അവൻ ദർശിക്കുന്നു, നാം പറയുന്നതെല്ലാം അവൻ ശ്രവിക്കുന്നു; എന്റെ കർത്താവ് സദാസമയം നമ്മോടൊപ്പമുണ്ട്".

നമ്മുടെ രക്ഷിതാവായ കർത്താവ് എപ്പോഴും നമ്മോടുകൂടെ ഉണ്ടെന്നുള്ള ഓർമ്മ ജീവിതത്തെ ശുദ്ധീകരിക്കുന്ന വലിയൊരു സ്വാധീനശക്തിയാണ്.

ധാർമ്മികമായ തീരുമാനമെടുക്കാൻ ദർശനമായി ദൈവം നമുക്കു നൽകിയിരിക്കുന്ന പ്രമാണങ്ങളാണിവ. ഓരോ പ്രവർത്തിയും ചെയ്യുന്നതിനു മുമ്പ് ഈ ചോദ്യരൂപങ്ങളുടെ അടിസ്ഥാനത്തിൽ "നാം വിചിന്തനം ചെയ്തിരിക്കണം". ഈ പ്രമാണങ്ങളെ പ്രായോഗിക തലത്തിൽ കൊണ്ടുവരുമ്പോൾ അവനെ പ്രസാദിപ്പിക്കുന്ന തീരുമാനങ്ങളെടുക്കുവാൻ നമ്മുക്ക് സാധിക്കുകയും വിശുദ്ധ പാതയിൽ നിലനില്പാൻ കഴിയുകയും ചെയ്യും.

നിർഭാഗ്യവശാൽ നമ്മെ ധർമ്മ സങ്കടത്തിലാക്കുന്ന വന്യമായ അനുഭവങ്ങൾ ഉണ്ടാകാറുണ്ട്; വിജയത്തിനും പരാജയത്തിനും മദ്ധ്യേകിടന്ന് നാം ഞരങ്ങുന്നു. പാപത്തിന്റെ ശക്തിയിൽ നിന്നുള്ള പൂർണ്ണ വിടുതലാണ് നമുക്ക് അത്യാവശ്യമായിരിക്കുന്നത്. എപ്പോഴും ഉണർവ്വ് നമുക്കാവശ്യമാണ്. അതിനൊരു മാർഗ്ഗമുണ്ട്...!.

## അദ്ധ്യായം 10

# വസ്തുതകളെ ശരിയായി മനസ്സിലാക്കുക

പാപത്തിന്റെ ശക്തിയിൽ നിന്ന് മോചനം നേടുവാൻ നമ്മെ സഹായിക്കുന്ന അനേക യാഥാർത്ഥ്യങ്ങളുണ്ട്. അവയെ വിചിന്തനം ചെയ്യാം.

### രണ്ടു സ്വഭാവങ്ങൾ

വിശ്വാസികൾക്കേവർക്കും രണ്ടു സ്വഭാവങ്ങളുണ്ടെന്ന് നാം മനസ്സിലാക്കിയിരിക്കണം. (റോമ. 7: 14-25). ഒന്ന് ജനനത്തിങ്കൽ തന്നെ ഉള്ള പഴയ ദുഷ്ടസ്വഭാവം. രണ്ടാമത്തേത് രക്ഷിക്കപ്പെട്ട അവസരത്തിൽ ലഭിച്ച പുതിയ നിർമ്മലമായ വിശുദ്ധ സ്വഭാവം. ആദ്യത്തേത് പാപം ചെയ്ത ആദാമിൽനിന്ന് ലഭിച്ച പാപസ്വഭാവവും രണ്ടാമത്തേത് പരിശുദ്ധനായ ക്രിസ്തുവിന്റെ സ്വഭാവവും. ഒരു

ക്രിസ്ത്യാനി ഇപ്രകാരം പറയുകയുണ്ടായി. "പാപം എന്റെ ഹൃദയത്തിൽ നിന്ന് നീക്കപ്പെട്ടു. എന്നാൽ എന്റെ പൂർവ്വപിതാവിന്റെ സ്വഭാവം എന്റെ കശേരുക്കളിലുണ്ട്.

പഴയസ്വഭാവം പൂർണ്ണമായും കൊള്ളരുതാത്തതാണ്. പൗലോസിന്റെ അനുഭവം തന്നെയാണ് നമുക്കും. എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു" (റോമ. 7:18). പഴയസ്വഭാവത്തിൽ നല്ലതിനെ അന്വേഷിക്കുമ്പോൾ ഒന്നും കണ്ടെത്തിയില്ലെങ്കിൽ നിരാശപ്പെടുകയോ ആശ്ചര്യപ്പെടുകയോ ചെയ്യരുത്. പഴയസ്വഭാവം അല്പംപോലും നന്മ ഉൾക്കൊള്ളാനാവാത്തതാണ്. എത്രനാൾ വിശുദ്ധജീവിതം നയിച്ചാലും ജനിച്ചപ്പോൾ ലഭിച്ച "സ്വഭാവത്തി"നു മാറ്റം വരുന്നില്ല. വാസ്തവത്തിൽ പഴയസ്വഭാവത്തെ അഭിവൃദ്ധിപ്പെടുത്തുകയല്ല ദൈവത്തിന്റെ പ്രവർത്തി. കാൽവറിക്കുരിശിൽ അവൻ അതിനെ ശിക്ഷിച്ചു. പഴയസ്വഭാവത്തിന്റെ സ്വാധീനത്തെ ഇല്ലാതാക്കുവാനും നമ്മുടെ ജീവിതത്തിൽ നിന്ന് അതിന്റെ ശ്രമങ്ങളെ പരാജയപ്പെടുത്തുവാനും ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.

പൗലോസ് പഴയ സ്വഭാവത്തെ തന്റെ പുറകിൽ കെട്ടിവയ്ക്കപ്പെട്ടിട്ടുള്ള ഒരു ശവശരീരത്തോടാണ് സാമ്യപ്പെടുത്തിയിരിക്കുന്നത്. (അത് ജീർണിച്ച് നാറുന്നതാണ്.) അത് എപ്പോഴും കൂടെതന്നെയുണ്ട്. എവിടെ പോയാലും അത് തന്നെ പിന്തുടരുന്നതിനാലാണ് പൗലോസ് ഉത്കണ്ഠാകുലനായത്, "അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിനു അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആര് വിടുവിക്കും?" (റോമ. 7:24).

പുതിയ സ്വഭാവം ക്രിസ്തുവിന്റെ ജീവിതം തന്നെയാണ്. നല്ലതു മാത്രം ചെയ്വാനെ ഇതിനു പ്രാപ്തിയുള്ളു. നിർമ്മലവും നീതിയും, സ്നേഹവും, സത്യവും, മാന്യവുമായ ഈ സ്വഭാവം ക്രിസ്തുവിനെപ്പോലെയാണ്.

തികച്ചും എതിരായ രണ്ടു സ്വഭാവങ്ങൾ തമ്മിൽ ഏറ്റുമുട്ടുന്നതിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല. ഈ സ്വഭാവങ്ങൾക്ക് സമാധാനപരമായി മുന്നോട്ടുപോകാനാകുമോ? രക്ഷിക്കപ്പെടുന്ന അവസരത്തിൽ ആരംഭിക്കുന്നതാണ് ഈ ഏററുമുട്ടൽ. ഒരിക്കലും മുമ്പ് അനുഭവപ്പെട്ടിട്ടില്ലാത്തതുപോലെ ആന്തരികമായ ഒരു സംഘട്ടനം

ഒരു പുതിയ വിശ്വാസി നേരിടുന്നു. ഗുരുത്വാകർഷണം പോലെ അവനെ വലിച്ചു താഴെയിടുവാനും പഴയ ജീവിതത്തിലേക്കു കൊണ്ടുവരുവാനും പഴയസ്വഭാവം കഠിനപരിശ്രമം നടത്തുന്നു. എന്നാൽ പുതിയ സ്വഭാവമോ, അവനെ വിശുദ്ധിയുടെ ഉന്നതങ്ങളിലെത്തിക്കാൻ ഭഗീരഥപ്രയത്നം നടത്തുന്നു. ആന്തരീകമായ ആ പോരാട്ടം വളരെ തീവ്രമായതിനാൽ സ്വന്തം രക്ഷയെപോലും സംശയിക്കാൻ അവന് പ്രേരണയുണ്ടാകുന്നു. എന്നാൽ അവൻ സംശയിക്കുവാൻ പാടില്ല. ഈ ഒരു മാനസികസംഘട്ടനം തന്നെയാണ് അവൻ രക്ഷിക്കപ്പെട്ടു എന്നതിന് ഏറ്റവും വലിയ തെളിവ്. രണ്ട് സ്വഭാവങ്ങൾക്കുടമയല്ലായിരുന്നുവെങ്കിൽ അവന് ഇങ്ങനെ സംഭവിക്കയില്ലായിരുന്നു.

ഇരട്ടകുട്ടികൾ ഗർഭപാത്രത്തിൽ തിക്കിയപ്പോൾ റിബേക്കയ്ക്ക് നേരിട്ട വൈഷമ്യം രണ്ടു സ്വഭാവങ്ങൾ തമ്മിലുള്ള സംഘട്ടനത്തെയാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. അവൾ കരയുകയുണ്ടായി. "ഇങ്ങനെയായാൽ ഞാൻ എന്തിനു ജീവിക്കുന്നു?" റിബേക്കയ്ക്ക് അവളുടെ ഗർഭപാത്രത്തിൽ സംഭവിച്ചതു പോലെയുള്ള അനുഭവം കർത്താവിനെ യഥാർത്ഥമായി പിന്തുടരുന്ന ഓരോ ദൈവമക്കളുടെ ഹൃദയത്തിൽ ഉണ്ടാകും.

ദൈവത്തിന്റെ ആത്മാവ് ഉള്ളിലുണ്ടെന്നുള്ള ബോധ്യം ഉണ്ടാകുമ്പോൾ, നമ്മുടെ ഉള്ളിലുള്ള "ഒറ്റുകാരനെ"ക്കുറിച്ചു ബോദ്ധ്യം ഉണ്ടാകുന്നു. ഒരു പുതു വിശ്വാസി കരയുവാൻ സാദ്ധ്യതയുണ്ട്. "ഞാൻ എന്തിനു ജീവിക്കുന്നു?" അത്രയ്ക്കു തീവ്രമായ സംഘട്ടനം അവന് അനുഭവിക്കേണ്ടി വരുന്നു. പഴയ സ്വഭാവവും ജഡവും അതിന്റെ പിന്നാലെ പോകാൻ ശക്തമായി പ്രേരിപ്പിക്കുന്നു. പുതിയ സ്വഭാവം വളരെ ശാന്തവും സമാധാനപരവുമായതിനാൽ അതിനെ അതി ജീവിക്കുവാനുള്ള ശക്തി വേഗം കാണിക്കില്ല. നമ്മെ സംബന്ധിച്ചിടത്തോളം, റിബെക്കായുടെ കുട്ടികളെപ്പോലെ മൂത്തവൻ ഇളയവനെ സേവിക്കും. ആത്മാവിൽ നിന്നുത്ഭവിക്കുന്നതിനെല്ലാം അനുഗ്രഹം ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട്. എന്നാൽ ജഡത്തിൽ നിന്നുള്ളതിന് ആ വാഗ്ദാനമില്ല. (Barnhouse)

രക്ഷിക്കപ്പെടുമ്പോൾ ആരംഭിക്കുന്ന യുദ്ധം ജീവിതകാലം മുഴുവൻ തുടരുന്നു. മരണത്താലൊ, രൂപാന്തരപ്പെടുന്നതിനാലൊ, ഈ ലോകത്തിൽ നിന്ന് മാറ്റപ്പെടുന്നതുവരെ ഈ യുദ്ധത്തിൽനിന്ന്

മുക്തി നേടാനാവില്ല. രക്ഷിതാവിനെ കാണുന്ന മാത്രയിൽ അവ നോടു സദൃശ്യരായി തീരുകയും പഴയസ്വഭാവം പൂർണ്ണമായി വിട്ടു പോകുകയും ചെയ്യും എന്നുള്ളത് എത്രയോ നല്ല വാർത്തയാണ്.

സകലദൈവമക്കൾക്കും ഈ സംഘർഷം ഉണ്ടെന്ന് മനസ്സിലാക്കിയിരിക്കണം. പൗലോസ് ഓർമ്മിപ്പിക്കുന്നു, "മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല" (1കൊരിന്ത്യർ 10:13). പ്രായവും, പക്വതയും, പരിചയസമ്പന്നരുമായ പ്രഭാഷകർക്കും മിഷനറിമാർക്കും യൗവനമോഹങ്ങളുടെയും, ലൗകീകതയുടെയും ചിന്തകൾ ഉണ്ടാകില്ലെന്ന് യുവവിശ്വാസികൾ ചിന്തിക്കാറുണ്ട്.. ശുദ്ധ മണ്ടത്തരം! റിബേക്കയുടെ ഉള്ളിൽ രണ്ടു കുഞ്ഞുങ്ങളുടെ സംഘട്ടനം ഉണ്ടായതുപോലെ, (ഉല്പത്തി 25:22,23) എല്ലാ വിശ്വാസികൾക്കും രണ്ടു സ്വഭാവങ്ങൾ തമ്മിലുള്ള ആന്തരിക സംഘട്ടനം അനുഭവിച്ചേ പറ്റു.

പഴയസ്വഭാവം അശുദ്ധിയിലേക്ക് നമ്മെ നയിക്കുന്നു. എന്നാൽ പുതിയ സ്വഭാവം നിർമ്മലവും പരിശുദ്ധവുമായ കാര്യങ്ങൾ ചെയ്യുവാൻ കാംക്ഷിക്കുന്നു. നോഹ പെട്ടകത്തിനു പുറത്തുവിട്ട കാക്കയെയും പ്രാവിനെയും പോലെയാണ് രണ്ടു സ്വഭാവങ്ങൾ തമ്മിലും. മലങ്കാക്ക ചീത്തശവങ്ങളും മറ്റും തിന്ന് അലഞ്ഞുതിരിഞ്ഞു. എന്നാൽ പ്രാവ് ശുചിത്വമുള്ള ഒരു സ്ഥലം കണ്ടെത്തുന്നതുവരെ പെട്ടകത്തിൽ മടങ്ങി വന്നുകൊണ്ടിരുന്നു. (ഉല്പത്തി. 8:6-12). പഴയസ്വഭാവം ഹോളിവുഡിന്റെ സകലവൃത്തികേടും ആസ്വദിക്കും. പക്ഷെ പുതിയ സ്വഭാവമൊ ദൈവവചനമെന്ന മായമില്ലാത്ത പാൽ കുടിക്കുവാൻ ഇഷ്ടപ്പെടും. പ്രധാനപ്പെട്ട വസ്തുത നാം ഏതു സ്വഭാവത്തെ പോഷിപ്പിക്കുന്നുവോ ആ സ്വഭാവം വിജയിക്കും എന്നുള്ളതാണ്. ഒരുവൻ തന്റെ രണ്ടു നായ്ക്കൾ തമ്മിൽ എപ്പോഴും ശണ്ഠ കൂടുന്നതായി പരാതിപ്പെട്ടു. അതിൽ "ഏതു നായാണ് വിജയിക്കുന്നത്"? സ്നേഹിതൻ ആരാഞ്ഞു. അവൻ ഉത്തരം പറഞ്ഞു. 'അവനെ പിടിക്കടാ' എന്നു ഞാൻ ആഞ്ജാപി ക്കുന്ന നായ്. നമ്മുടെ രണ്ടു സ്വഭാവങ്ങളും അങ്ങനെതന്നെയാണ്. ഏതു സ്വഭാവത്തോടൊപ്പം നാം നിൽക്കുന്നുവോ, ഏതിനെ പ്രോത്സാഹിപ്പിക്കുന്നുവോ അത് വിജയിക്കും. ചിലർ കുയിലിനെ ദൃഷ്ടാന്തമാക്കാറുണ്ട്. സ്വന്തമായി കൂടുണ്ടാക്കാതെ ആ പക്ഷി മറ്റേതെങ്കിലും

പക്ഷിയുടെ കൂട്ടിൽ മുട്ടയിടും. മറ്റുപക്ഷിയുടെ മുട്ടകളോടൊപ്പം തന്റെ കുഞ്ഞുങ്ങളും അടവിരിഞ്ഞിറങ്ങും. തള്ളപ്പക്ഷി ആഹാരം കൊണ്ടുവരുമ്പോൾ തനിക്കായി കാത്തിരിക്കുന്ന വിടർന്ന ചുണ്ടുകളെയാണ് കാണുന്നത്. ഏതു പക്ഷിക്കുഞ്ഞിനാണോ കൂടുതൽ ആഹാരം ലഭിക്കുന്നത് അത് വേഗം വളരും. കുയിലിന്റെ കുഞ്ഞാണ് ആഹാരം തട്ടിയെടുക്കാൻ മിടുക്കു കാണിക്കുന്നതെങ്കിൽ കൂടുതൽ ആരോഗ്യം പ്രാപിക്കുന്ന അത് മറ്റ് കുഞ്ഞുങ്ങളെ കൂടിന് വെളിയിലേക്ക് തള്ളും. അതുപോലെതന്നെയാണ് നമ്മുടെ ജീവിതമാകുന്ന കൂട്ടിലും......!

## എന്റെ പഴയസ്വഭാവം അത് ചെയ്തുപോയി

പാപം ചെയ്യുമ്പോൾ പഴയ സ്വഭാവത്തെ ചൂണ്ടിക്കാട്ടി ഒഴികഴിവ് പറയരുത്. അത് വെറും പ്രയോജനരഹിതമായ പഴിചാരലാണ്. ദൈവം വ്യക്തിയേയാണ് ഉത്തരവാദിത്തം ഏല്പിച്ചിരിക്കുന്നത്. അല്ലാതെ സ്വഭാവത്തെയല്ല. നിയമം അനുവദിച്ചതിൽ കൂടുതൽ വേഗത്തിൽ കാറോടിച്ച് പിടിക്കപ്പെട്ട് കോടതിയിൽ എത്തിയ ഒരു കാറുടമയുടെ സങ്കല്പകഥ നിങ്ങൾ കേട്ടുകാണും. അദ്ദേഹം ന്യായാധിപനോടു പറഞ്ഞു. "എന്റെ പഴയ സ്വഭാവമാണ് അതിവേഗത്തിൽ കാറോടിക്കാൻ പ്രേരിപ്പിച്ചത്" ന്യായാധിപൻ അവന് ശിക്ഷ വിധിച്ചു. "വേഗതകൂട്ടാൻ നിങ്ങളെ പ്രേരിപ്പിച്ച പഴയ സ്വഭാവത്തിനു പിഴയായി 2000 രൂപായും പുതിയ സ്വഭാവം പ്രായോഗികമാക്കാൻ മറന്നുപോയതിനാൽ 2000 രൂപായും പിഴ അടക്കുക" പഴയ സ്വഭാവത്തിന്മേൽ പഴിചാരുന്നത് അർത്ഥവത്തായ ഒരു കാര്യമല്ല!

## പാപത്തിന്റെ ഭരണവും പാപം പ്രവർത്തിക്കലും

'പാപം ചെയ്യുന്നതും' 'പാപത്താൽ ഭരിക്കപ്പെടുന്നതും' തമ്മിൽ അന്തരമുണ്ടെന്ന് നാം മനസ്സിലാക്കിയിരിക്കേണ്ട വേറൊരു വസ്തുതയാണ്. സകല വിശ്വാസികളും പാപത്താൽ നിയന്ത്രിക്കപ്പെടുന്നില്ലെങ്കിലും പാപം ചെയ്യാറുണ്ട്. അവർ പാപരഹിതരല്ല, മറിച്ച് പാപം വളരെ കുറവ് ചെയ്യുന്നവരാണ്.

വിശ്വാസികൾ പാപം ചെയ്യുമെന്ന് യോഹന്നാൻ തന്റെ പ്രഥമ ലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം പറയുന്നു. "നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു. എങ്കിൽ നമ്മെത്തന്നെ വഞ്ചി

ക്കുന്നു." ......നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു. (1:8,10). 'അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല' എന്നും താൻ പറഞ്ഞിട്ടുണ്ട്. പാപം ചെയ്യുന്നവൻ അവനെ കണ്ടിട്ടുമില്ല; അറിയുകയുമില്ല. പാപത്തിൽ തുടരുന്നവൻ സാത്താന്റെ അനുഗാമിയാണ്. കാരണം സാത്താൻ ആദിമുതൽ പാപം ചെയ്തുകൊണ്ടിരിക്കുന്നു. "ദൈവത്തിൽ നിന്ന് ജനിച്ചവർക്കാർക്കും പാപത്തിൽ തുടരുവാൻ കഴിയുകയില്ല" (3:9) എന്ന് തിരുവെഴുത്ത് വ്യക്തമാക്കുന്നു. പാപം ചെയ്യുന്ന സ്വഭാവം സാത്താനിൽ നിന്നാണെന്ന് ആദിമുതലുള്ള അവന്റെ പാപം ചെയ്യുന്ന പ്രകൃതിയെ ചൂണ്ടിക്കാട്ടി തെളിയിച്ചിരിക്കുന്നു. (3:8); അവന്റെ പെരുമാറ്റരീതിയാണത്. എന്നാൽ വിശ്വാസികൾ സാത്താനുള്ളവരല്ല; പാപത്തിന്റെ സ്വഭാവമല്ല അവർക്കുള്ളത്.

പാപം ചെയ്യുവാൻ ഒരു അനുവാദവും വേദപുസ്തകം നൽകുന്നില്ല. വിശ്വാസി പാപം ചെയ്തുപോയാൽ അനുതപിച്ച് യഥാസ്ഥാനപ്പെടണം. എന്നാൽ പാപത്തിൽ അവൻ തുടരുകയാണെങ്കിൽ ദൈവത്തിൽ നിന്ന് ജനിച്ചതാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

## പൂർണ്ണമായ പാപരഹിതജീവിതം സാധ്യമാണോ?

പൂർണ്ണമായി ശുദ്ധീകരണം പ്രാപിച്ച് പാപമില്ലാത്ത ഒരു അവസ്ഥയിൽ ഒരു ക്രിസ്ത്യാനിയായിത്തീരാൻ കഴിയുമെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നവരുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രത്യേക പരിവർത്തനപ്രക്രിയയാൽ രക്ഷിക്കപ്പെട്ടശേഷം, പാപസ്വഭാവം മാറ്റപ്പെടുമെന്നും ആ സമയം മുതൽ പാപം ചെയ്കയില്ല എന്നും അവർ വാദിക്കുന്നു.

ഇങ്ങനെ അവകാശപ്പെടുന്നവർ വാസ്തവമായി പാപം എന്താണെന്ന് മനസ്സിലാക്കിയിട്ടില്ല. ദൈവത്തിന്റെ പൂർണ്ണവിശുദ്ധിക്കെതിരായുള്ള ഏതു പ്രവൃത്തിയും, ചിന്തയും, വാക്കും പാപമാണ്. (റോമ. 3:23). എല്ലാ അധർമ്മവും പാപമാണ്. (യോഹ.3:4). തെറ്റു ചെയ്യുന്നതു മാത്രമല്ല പാപം, നന്മ ചെയ്യാനറിഞ്ഞിട്ടും ചെയ്യാത്തതും പാപമാണ്. (യാക്കോബ് 4:17). മനസ്സാക്ഷി തെറ്റെന്ന് വിധി

ക്കുന്നത് ചെയ്യുന്നത് പാപമാണ്. (റോമ. 14:23). "വിശ്വാസി ചെയ്യുന്ന ഏറ്റവും നല്ലനല്ല പ്രവർത്തിയെ പാപം അശുദ്ധമാക്കുന്നു. അവന്റെ അനുതാപത്തെയും മാനസാന്തരത്തേയും അത് മലിനമാക്കുന്നു. വിശ്വാസത്തിൽ അവിശ്വാസവും, കണ്ണുനീരിൽ കളങ്കവും ചാലിക്കുന്നു." തന്റെ അനുതാപം പോലും യേശുക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെടേണ്ടതാണെന്ന് ഒരു വിശുദ്ധൻ പറയുകയുണ്ടായി. ചെയ്ത പ്രവർത്തികളിലെല്ലാം പാപം ഉണ്ടെന്ന് മനസ്സിലാക്കിയ ഒരുവൻ എഴുതി:

"മുട്ടിന്മേൽ നിന്ന് പ്രാർത്ഥനയിൽ ചെലവഴിക്കുന്ന പരിശുദ്ധമായ മണിക്കൂറുകളിൽ പാടുന്ന പാട്ടും സ്തുതികളും പ്രസാദിക്കപ്പെടും എന്ന് ചിന്തിക്കുന്ന നിമിഷങ്ങളിൽ ഹൃദയത്തെ ആരാഞ്ഞറിയുന്ന ദൈവമേ എല്ലാ കുറവുകളും ക്ഷമിക്കേണമേ........."!

"ഒരു യഥാർത്ഥ ക്രിസ്ത്യാനി പാപം ചെയ്യുവാനുള്ള കഴിവ് നഷ്ടപ്പെട്ടവനല്ല. മറിച്ച്, അതിനുള്ള ആഗ്രഹവും സമ്മതവും ഇല്ലാതെ വിശുദ്ധജീവിതം നയിക്കുന്നവനാണ്." അവൻ പാപത്തെ വെറുക്കുന്നു. പാപം ചെയ്യുമ്പോൾ അവന് ലജ്ജ തോന്നുന്നു. അശുദ്ധനാണെന്നുള്ള ഭാരം അവനിൽ ക്ഷതം ഏല്പിക്കുന്നു.

ഒരുപക്ഷെ ആരെങ്കിലും ചോദിക്കും. "ഒരു ക്രിസ്ത്യാനി പാപരഹിതനല്ലെങ്കിൽ എന്താണ്. 1 യോഹ. 2:1 പറഞ്ഞിരിക്കുന്നത്, "എന്റെ കുഞ്ഞുങ്ങളെ നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു" ഉത്തരം ദൈവിക മാനദണ്ഡമാണ് നമ്മുടെ പൂർണ്ണതയുടെ അളവ്. പരിശുദ്ധനായ ദൈവത്തിന് യാതൊരുവിധ പാപവും അംഗീകരിക്കാൻ കഴിയില്ല. ഒരിക്കലും അവന് പറയാനാവില്ല. "കഴിയുന്നിടത്തോളം കുറച്ച് പാപം ചെയ്യുക" അത് പാപത്തെ അംഗീകരിക്കുന്നതുപോലെയാകും, അത് അവന് ചെയ്യുവാൻ കഴിയുകയില്ല. കർത്താവിന്റെ മാനദണ്ഡമാണ് തന്റെ ജനത്തിനും നൽകിയിരിക്കുന്നത്. പരാജയം സംഭവിച്ചുപോയാൽ ദൈവം പരിഹാരവും നിർദ്ദേശിക്കുന്നുണ്ട്. "ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു". യോഹ. 1-ാം അദ്ധ്യായത്തിൽ ഒരു ക്രിസ്ത്യാനി പാപം ചെയ്യുവാൻ സാധ്യതയുണ്ടെന്ന് വെളിപ്പെടുത്തിയിരിക്കുന്നു.

"നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെ ത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി (1:8). "നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യ വാദിയാക്കുന്നു; അവന്റെ വചനം നമ്മിൽ ഇല്ലാതെയായി (1:10)

ഒരു വിശ്വാസിക്ക് പാപരഹിതനായിരിപ്പാൻ കഴിയും എന്ന സൂച നകൾ നൽകുന്ന വചനഭാഗങ്ങളുണ്ട്. ഒന്ന് റോമ. 6:2ൽ വിശ്വാസി പാപസംബന്ധമായി മരിച്ചിരിക്കുന്നു എന്നു രേഖപ്പെടുത്തിയി രിക്കുന്നു. വിശ്വാസിയുടെ പദവിയെയാണ് സൂചിപ്പിക്കുന്നത്. ക്രിസ്തുവിനോടൊപ്പം മരിച്ചവനായി ദൈവം അവനെ കാണുന്നു. പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു. എന്നാൽ 11-ാം വാക്യത്തിൽ പൗലോസ് പറയുന്നു. അവ്വണ്ണം നിങ്ങളും പാപസം ബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ. ദൈനംദിന ജീവിതത്തെയാണ് ഇതർത്ഥമാക്കുന്നത്. രണ്ടാം വാക്യം നാം പാപ രഹിതരാണെന്ന് അർത്ഥമാക്കുകയാണെങ്കിൽ 11-ാം വാക്യത്തിലെ പ്രബോധനം അനാവശ്യമായി പോകുമായിരുന്നു.

വിശ്വാസി പാപത്തിൽ നിന്ന് സ്വതന്ത്രനായിരിക്കുന്നു എന്നു വ്യക്തമാക്കുന്ന വേറെ മൂന്നു വചന ഭാഗങ്ങൾ ഉണ്ട്. (റോമ. 6:7, 18,22). ഈ വാക്യങ്ങളിലെല്ലാം തന്നെ പൗലോസ് അടിമകളേയും, യജമാനന്മാരെയും ദൃഷ്ടാന്തമായി ഉപയോഗിക്കുകയാണ്. രക്ഷി ക്കപ്പെടുന്നതിന് മുമ്പ് നാം ഏവരും പാപത്തിന് അടിമ അഥവാ ദാസന്മാരായിരുന്നു. ക്രിസ്തുവിന്റെ മരണത്താൽ പാപം എന്ന യജമാനന്റെ മുമ്പിൽ നാം മരിച്ചിരിക്കയാണ്. നാം ഏവരും പാപ ത്തിന്റെ അധീനതയിൽനിന്ന് സ്വതന്ത്രനാക്കപ്പെട്ട് ദൈവനീതിക്കും ദൈവത്തിനും അടിമകളായിരിക്കുകയാണ്.

ഒരു വിശ്വാസി പാപരഹിതനാണെന്ന് സാധാരണ വായനക്കാ രന് തോന്നുന്നരീതിയിൽ തികഞ്ഞവർ, പൂർണ്ണർ, പൂർണ്ണരാകുക എന്ന പദപ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്ന ധാരാളം വാക്യങ്ങൾ പുതിയ നിയമത്തിലാകമാനം ഉണ്ട്. (മത്താ. 5:48; ഫിലി. 3:12,15; 2തിമൊ. 3:16,17; എബ്രാ. 6:1,2; 9:9; 10:14; 13:20,21; യാക്കോബ്. 3:2b; വെളി. 3:1, 2).

സാധാരണയായി, തികയുക എന്ന പദത്തിന്റെ അർത്ഥം 'പൂർണ്ണത', 'പൂർണ്ണ വളർച്ചയെത്തിയ' എന്നൊക്കെയാണ്.. ഈ ലോകത്തിൽ ആയിരിക്കുന്ന കാലഘട്ടത്തിൽ 'പാപരഹിതമായ ജീവിതത്തെ' ഒരു വിശ്വാസിയോടുള്ള ബന്ധത്തിൽ അർത്ഥമാക്കുന്നില്ല. എബ്രം. 9:9-ൽ മനസ്സാക്ഷിയുടെ പൂർണ്ണതയെയും 10:14-ൽ ദൈവമുമ്പാകെയുള്ള പൂർണ്ണനിലനിൽപ്പിനെയുമാണ് സൂചിപ്പിക്കുന്നത്.

പൂർണ്ണമായും പാപമില്ലായ്മയെ പഠിപ്പിക്കുവാൻ ഉപയോഗിക്കുന്ന മറ്റൊരു വചനഭാഗമാണ് 1തെസ്സ. 5:23; എന്നാൽ ഒരു വിശ്വാസിയുടെ വ്യക്തിത്വത്തിന്റെ എല്ലാ മേഖലയിലും അതായത് - ആത്മാവ്, ദേഹം, ദേഹി, എന്നിവിടങ്ങളിലും ശുദ്ധീകരണം സംഭവിക്കണമെന്ന് പൗലോസിന്റെ പ്രാർത്ഥന വെളിപ്പെടുത്തുന്നു. കർതൃവരവിൽ കളങ്കമില്ലാതെ നില്ക്കാനാണ് ഈ പൂർണ്ണത.

യോഹന്നാന്റെ ഒന്നാം ലേഖനത്തിലെ ചില വാക്യങ്ങൾ വ്യാകുലപ്പെടുത്തുന്നതായിരിക്കാം (3:6,9; 5:18). നേരത്തെ നൽകിയ വിവരണം പോലെ പെരുമാറേണ്ട രീതിയാണിവിടങ്ങളിൽ സൂചിപ്പിക്കുന്നത്. ക്രിയാപ്രയോഗങ്ങൾ തുടർവർത്തമാനകാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തിൽ നിന്ന് ജനിച്ചവൻ പാപം പ്രായോഗികമാക്കുന്നില്ല; പാപത്തിൽ അവൻ ജീവിക്കുന്നില്ല. പാപി എന്നു വിളിക്കപ്പെടാവുന്ന തരത്തിൽ പാപം അവനെ അടക്കിവാഴുന്നില്ല.

പൂർണ്ണമായും പാപരഹിത ഉപദേശം അത്രയ്ക്കു ഗൗരവമുള്ളതാണോ? ദൈവവചനത്തിനെതിരായ ഏതു പഠിപ്പിക്കലും ഗൗരവമേറിയതാണ്. ഈ ഉപദേശം ആത്മാർത്ഥമായി വിശ്വസിച്ച സത്യസന്ധരായ വിശ്വാസികൾ പാപരഹിതമായ അവസ്ഥയ്ക്കുവേണ്ടി കഠിനപരിശ്രമം നടത്തിയിട്ട് എത്തിച്ചേർന്നതോ നിരാശയുടെ ആഴക്കയത്തിലും, മാനസികമായ തകർച്ചയിലുമാണ്!. H.A. Ironside അദ്ദേഹത്തിന്റെ പുസ്തകമായ "Holiness, the False, and the True" എന്ന പുസ്തകത്തിൽ പൂർണ്ണ വിശുദ്ധി പ്രാപിക്കാനുള്ള വിഫലമായ തന്റെ സ്വന്തം അന്വേഷണത്തെക്കുറിച്ച് പറയുന്നുണ്ട്. വൈകാരിക തകർച്ചയിലാണ് താൻ എത്തിച്ചേർന്നത്. എന്നാൽ ക്രിസ്തീയ വിശുദ്ധിയെക്കുറിച്ചുള്ള ശരിയായ ഉപദേശം മനസ്സി

ലാക്കിയപ്പോൾ തന്റെ ജീവിതത്തിലുണ്ടായ സമാധാനത്തെക്കുറിച്ചും താൻ വിവരിച്ചിട്ടുണ്ട്.

## എനിക്ക് ഒന്നും ചെയ്യാനാവില്ല - ഞാൻ പാപം ചെയ്തേ പറ്റൂ

പാപം ചെയ്താലേ പറ്റൂ; ഞാൻ പാപം ചെയ്തു പോകും എന്ന് ഒരിക്കലും നാം പറയരുത്. വേദപുസ്തകത്തിൽ ഇങ്ങനെ ഒരു പരാമർശവും ഇല്ല; അങ്ങനെ പറയുകയാണെങ്കിൽ പ്രലോഭനങ്ങളിൽ നിന്നു രക്ഷിക്കുവാൻ പരിശുദ്ധാത്മാവിനു ശക്തിയില്ല എന്നു നാം പ്രഖ്യാപിക്കുകയാണ്. എന്നാൽ അവിടുന്ന് സർവ്വശക്തനാണ്. പ്രശ്നം കർത്താവിന്റേതല്ല, നമ്മുടെതാണ്. ദൈവത്തിന്റെ ശക്തി നാം സ്വന്തമാക്കുന്നില്ലെങ്കിൽ പാപം ചെയ്യും.

ഞാൻ പാപം ചെയ്തേ പറ്റു എന്നു പറയുമ്പോൾ ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാന ഉപദേശങ്ങളെതന്നെ ത്യജിക്കുകയാണ് ചെയ്യുന്നത്. കാരണം പാപത്തിനു വിശ്വാസിയുടെ മേൽ അധികാരം ഇല്ല (റോമ. 6:14); പാപം ചെയ്യാൻ കഴിയുകയില്ല എന്നു പറഞ്ഞാൽ നമ്മെത്തന്നെ ചതിക്കുകയാണുതാനും (1യോഹ. 1:18); പാപം ചെയ്യേണ്ട ആവശ്യമില്ല എന്നു പറഞ്ഞാൽ അതാണ് ദൈവീക പ്രമാണം. കാരണം ജീവന്റെയും ആത്മാവിന്റെയും പ്രമാണം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തുന്നതാണ് (റോമ. 8:2). പാപത്തിന്മേൽ വിജയം തരുന്ന ദൈവത്തിനു നന്ദി അർപ്പിക്കാം.

## ബന്ധവും കൂട്ടായ്മയും

ഒരു ക്രിസ്ത്യാനി പാപം ചെയ്യുമ്പോൾ അവന്റെ രക്ഷ അവന് നഷ്ടപ്പെടുന്നില്ല. എന്നാൽ രക്ഷയുടെ സന്തോഷം അവന് നഷ്ടമാകും. ദൈവീക കുടുംബത്തോടുള്ള അഥവാ സഭയോടുള്ള കൂട്ടായ്മ തകരും. എന്നാൽ ദൈവവുമായുള്ള ബന്ധം നഷ്ടപ്പെടുന്നില്ല. വീണ്ടും ജനനത്താൽ ഒരുവൻ ദൈവപൈതലായിക്കഴിഞ്ഞാൽ പിന്നെ ഒന്നിനും ഒരിക്കലും ആ അവസ്ഥ മാറ്റാനാവില്ല. എന്നാൽ പാപം ചെയ്യുമ്പോൾ ദൈവവുമായിട്ടുള്ള കൂട്ടായ്മ തകരുന്നു. എന്തെന്നാൽ "ദൈവം വെളിച്ചമാകുന്നു; അവനിൽ ഇരുട്ടു ഒട്ടും ഇല്ല" (1 യോഹ. 1:5). എന്നാൽ പാപങ്ങൾ ഏറ്റു പറഞ്ഞുപേക്ഷിക്കുന്നതുവരെ ദൈവീകഭവനവുമായുള്ള ബന്ധം നഷ്ടപ്പെട്ട അവസ്ഥയിൽ തുടരും (1 യോഹ. 1:9; സദൃ. 28:13).

## പരാജയപ്പെടുത്താനാവാത്ത ഏതെങ്കിലും പാപം ഉണ്ടോ?

ഒരു വിശ്വാസി അവൻ ചെയ്തു പോകാവുന്ന ഏതുതരത്തിലുള്ള പാപത്തിൽ നിന്നും വിടുതൽ ഉണ്ടെന്ന് അറിഞ്ഞിരിക്കണം. (1 കൊരി. 10:13). നമുക്കേവർക്കും നമ്മെ പതിവായി അസഹ്യപ്പെടുത്തുന്ന പാപങ്ങളുണ്ട്. മനഃപൂർവ്വമല്ലാതെ നമ്മെ കെണിയിൽ വീഴ്ത്തുന്ന ചില ദുശ്ശീലങ്ങളുണ്ട്. ഇവയിൽ നിന്ന് എപ്പോൾ പൂർണ്ണവിടുതൽ പ്രാപിക്കും എന്ന ചിന്തയിൽ എത്രയോ പ്രാവശ്യം നാം നിരാശയിൽ ചാടാറുണ്ട്. എന്നാൽ വാസ്തവമൊ, ഒരു പാപസ്വഭാവവും മാറ്റുവാൻ ദൈവത്തിന് പ്രയാസമില്ലെന്നും അവന്റെ ശക്തിക്കു മുകളിലായി ഒരു പാപവും ഇല്ലെന്നുമാണ് ദൈവവചനവും മനുഷ്യ അനുഭവവും തെളിയിക്കുന്നത്.

## ഒരു പ്രവർത്തിയല്ല ഒരു പ്രക്രിയയാണ്

നമ്മിലുള്ള പാപത്തിന്റെ ശക്തിയിൽ നിന്നുള്ള മോചനം കേവലം ഒരു അനുഭവത്തിലൊ മറ്റൊ പ്രാപിക്കുകയില്ല എന്ന വാസ്തവവും അറിഞ്ഞിരിക്കണം. നിർഭാഗ്യവശാൽ ഇന്ന് സഭകളിൽ ഈ സത്യം നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പലപ്പോഴും പ്രഭാഷകർ വിശുദ്ധിക്ക് ഒരു കുറുക്കുവഴി വാഗ്ദാനം ചെയ്യാറുണ്ട്. മുന്നോട്ടുവന്ന് നിറവ് പ്രാപിക്കാനും, സ്നാനത്താൽ ഒരു വിജയകരമായ ജീവിതം സ്വായത്തമാക്കാനും അവർ തങ്ങളുടെ പ്രഭാഷണങ്ങളിൽ ഉദ്ധരിക്കാറുണ്ട്. ആ നിർണ്ണായകമായ അനുഭവത്തിലൂടെ സ്വയമേ വിശുദ്ധിയുടെ ഉത്തുംഗത്തിലെത്തുമെന്ന് ചിന്തിക്കുന്നവർ കബളിപ്പിക്കപ്പെടുകയാണ്.

പാപശക്തിയിൽ നിന്നുള്ള വിടുതൽ പെട്ടെന്നൊരു നിമിഷത്തിൽ നേടിയെടുക്കാവുന്നതല്ല. ഓരോ നിമിഷത്തിലും നിരന്തരമായി സംഭവിക്കേണ്ടതാണ്. ഒരു തുടർമാനപ്രക്രിയ. "നിന്റെ ബലം ജീവപര്യന്തം നില്ക്കട്ടെ" എന്നാണ് വാഗ്ദത്തം. (ആവർത്തനം 33:25). "ആത്മാവിൽ നിറയുന്നവരായി" (എഫെ. 5:18) എന്നു പറയുമ്പോൾ എല്ലായിപ്പോഴും ആത്മാവിൽ നിറയുന്നവരാകണം" എന്നാണ് അർത്ഥം. ഇതൊരു തുടർ വർത്തമാനകാല ക്രിയയാണ്. കഴിഞ്ഞരാത്രിയിലെ ഒരു കേവല ക്ഷണം അനുസരിച്ച് ജീവി

തത്തെ ദൈത്തിനുവേണ്ടി സമർപ്പിക്കുകയാണെങ്കിൽ ഇന്നത്തെ പരീക്ഷണങ്ങളിൽ നിന്ന് അത്ഭുത രക്ഷപെടലോ അതിപരിശുദ്ധി യുടെ അവസ്ഥയോ ഒരു വ്യക്തിയിൽ സംഭവിക്കുന്നില്ല.

## മനഃപൂർവ്വമായ പാപം

എബ്രാ.10:26,27–ലും കാണുന്നതുപോലെ മനഃപൂർവ്വമായി അഥവാ അറിഞ്ഞുകൊണ്ട് പാപം ചെയ്തു പോയി എന്ന് ചിന്തിച്ച് അനാവശ്യമായ ഉത്കണ്ഠമൂലം നീറിപുകയുന്ന ചില വിശ്വാസി കളുണ്ട്. അവരുടെ യുക്തിയിൽ സത്യത്തിന്റെ പരിജ്ഞാനം ലഭി ച്ചശേഷവും മനഃപൂർവ്വമായി പാപം ചെയ്തതിനാൽ ന്യായവി ധിയും ദൈവത്തിന്റെ എതിരാളികളെ ദഹിപ്പിക്കാനുള്ള ക്രോധാ ഗ്നിയും ആണ് അവരെ കാത്തിരിക്കുന്നത്. അവർ ചിന്തിക്കുന്നതു പോലെയല്ലത്. പാപക്രിയക്കും, എബ്രായർ 10ലെ മനഃപൂർവ്വമായ പാപത്തിനും തമ്മിൽ ഒരു വ്യത്യാസം ഉണ്ടെന്ന് അവർ മനസിലാ ക്കേണ്ടിയിരിക്കുന്നു. മനഃപൂർവ്വമായ പാപം വിശ്വാസത്യാഗമാണ്. 29 -ാം വാക്യത്തിൽ അത് നിർവ്വചിച്ചിട്ടുണ്ട്. ദൈവപുത്രനെ ചവി ട്ടിക്കളയുകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്നു നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും ചെയ്യുന്ന പ്രവർത്തിയാണത്. ഒരു യഥാർത്ഥ വിശ്വാസിക്കതു ചെയ്യാൻ കഴിയില്ല! ഈ പാപം ചെയ്തു എന്ന് ചിന്തിച്ച് സങ്കടപ്പെ ടുന്ന ഒരുവൻ അത് ചെയ്തിട്ടില്ല എന്ന് അവന്റെ മനസ്താപം തന്നെ സൂചിപ്പിക്കുന്നു. വിശ്വാസ ത്യാഗം ചെയ്തവർ കഠിനമന സ്ക്കരും, ധിക്കാരികളും അവരുടെ പ്രവർത്തിയെക്കുറിച്ച് രണ്ടാമ തൊരു വിചിന്തനം നടത്താത്തവരുമാണ്. അവർക്ക് ദൈവഭക്തി യൊ, ദൈവീക ശിക്ഷയെക്കുറിച്ചുള്ള ഭയമൊ അല്പംപോലും ഇല്ല.

## വിജയത്തെ തടയുന്നത്

നാം അറിഞ്ഞിരിക്കേണ്ട വസ്തുക്കളുടെ പട്ടികയെ പിന്തള്ളി മുന്നോട്ടു പോകുന്നതിനു മുമ്പ് സ്വയം ഓർമ്മിപ്പിക്കേണ്ട ചില സംഗതികളുണ്ട്; ചില "മനോഭാവങ്ങളും" "പ്രവർത്തികളും", "വേദ പുസ്തകേതര തത്ത്വശാസ്ത്രങ്ങളും" വിശുദ്ധിപ്രാപിക്കാൻ ഒരി

ക്കലും സഹായിക്കുന്നില്ല. ഒരു താപസപ്രവൃത്തിയോ, കഠിനവ്രതമോ സഹായിക്കുന്നില്ല. കൊലൊസ്സ്യർ 2:23 ൽ പൗലോസ് പറയുന്നു, "സ്വേച്ഛാരാധനയിലും, താഴ്മ ഭാവിക്കുന്നതിലും, ശരീരത്തിന്റെ ഉപേക്ഷയിലും രസിക്കുന്നവർക്കു ജ്ഞാനത്തിന്റെ പേരു മാത്രമുള്ളതു; ജഡാഭിലാഷം അടക്കുവാനോ പ്രയോജനമുള്ളതല്ല". ഏകാന്തവാസവും സഹായിക്കുന്നില്ല. ഒരു മനുഷ്യൻ ലോകത്തിൽ നിന്ന് വേർപെട്ട് ഒരു ആശ്രമത്തിലോ മറ്റോ ഏകാന്തവാസം ചെയ്താലും ഒരിക്കലും തന്റെ സ്വഭാവത്തിൽ നിന്ന് വേർപെടുവാൻ അവന് കഴിയുകയില്ല. ആത്മപരിശോധനയും സഹായിക്കുകയില്ല. സ്വയത്തിൽ ഒരു വിജയവും ഇല്ല. സ്വയവുമായി നടത്തുന്ന വ്യാപാരം പടകിനുള്ളിൽതന്നെ നങ്കൂരം ഇടുന്നതുപോലെയാണ്. സഹനശീലം ഒന്നിനും ഒരു ഉത്തരമല്ല. വെറുതെ കാത്തിരിക്കുന്നവരുടെമേൽ വിശുദ്ധി സ്വയമേ വന്നിറങ്ങുന്നില്ല. പാപത്തിന്റെ പരീക്ഷണവലയങ്ങളെക്കുറിച്ചുള്ള ഒരു തീവ്രമായ പഠനവും വിശുദ്ധി പ്രാപിക്കുവാൻ സഹായിക്കുന്നില്ല. അതിനെക്കുറിച്ചുള്ള അമിതമായ പഠനം അവസാനം പാപത്തിലെത്തിക്കാൻ സാധ്യതയുണ്ട്. അവസാനമായി, ഒരു നൈരാശ്യ അവസ്ഥയിലേക്ക് നമ്മെ തള്ളിവിട്ടാലും വിജയം പ്രാപിക്കില്ല. അത് പരാജയ സമ്മതമാണ്, പരാജിതരെ ദൈവത്തിനുപയോഗിക്കാനാവില്ല.

ഈ വസ്തുതകളാണ് നാം ജീവിതത്തിൽ നേരിട്ട് മനസ്സിലാക്കേണ്ടത്. തുടർന്ന് നാം ശ്രദ്ധിക്കേണ്ട പ്രായോഗിക തലങ്ങളിലേക്കൊന്നെത്തി നോക്കാം.

# അദ്ധ്യായം 11

# ആത്മാവിൽ നിറയുക – വിജയത്തിലേക്കുള്ള മാർഗ്ഗം

ദൈവത്തിനുമാത്രമേ നമ്മെ വിശുദ്ധരാക്കാൻ കഴിയൂ. എന്നാൽ നമ്മുടെ സഹകരണമില്ലാതെ അവനത് ചെയ്യുകയില്ല. ക്രിസ്തീയ ജീവിതത്തിന്റെ ഇതര മേഖലകളെപ്പോലെത്തന്നെ ദൈവത്തിന്റെയും മനുഷ്യന്റെയും അത്ഭുതാവഹമായ ഒരു സഹകരണം ഇതിലുമുണ്ട്. വിശുദ്ധജീവിതം നയിക്കുവാനുള്ള ശക്തി ദൈവം പ്രദാനം ചെയ്യും. എന്നാൽ നാം അത് സ്വീകരിച്ച് പ്രയോജനപ്പെടുത്തണം.'ആത്മാവിൽ നിറയുക' എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. ജഡാഭിലാഷങ്ങൾ നിവർത്തിക്കാതെ ദൈവം നൽകുന്ന ശക്തി സ്വീകരിച്ച് ദൈവാത്മാവിനു പൂർണ്ണമായി വിധേയപ്പെടുന്ന ഒരു ജീവിതം നയിക്കുമ്പോഴാണ് ഇത് സംഭവിക്കുക!

ആത്മാവിൽ നിറയുക എന്നതിന്റെ അർത്ഥമെന്താണ്? നിഗൂഢമായ എന്തോ ഒന്നാണിതെന്നു തോന്നിപ്പോകാം. സുവിശേഷകന്മാർക്കും, ആത്മീയനേതൃത്വം വഹിക്കുന്നവർക്കും മാത്രമുള്ള ഒരു അനുഭവമാണെന്നും ചിന്തിച്ചു പോകാം. ഒരിക്കലും അല്ല! ദൈവ-ജനത്തോടു മൊത്തമായുള്ള കല്പനയാണിത്. ഒരു വിശ്വാസിക്കും അപ്രാപ്യമായ കാര്യമല്ലിത്. ആത്മാവിൽ നിറയുന്നതിനോടുള്ള ബന്ധത്തിൽ പ്രായോഗികവും ലളിതവുമായ ചില സംഗതികൾ ചൂണ്ടിക്കാണിക്കാം.

## പാപങ്ങൾ കുന്നുകൂടാൻ അനുവദിക്കരുത്

നമ്മെത്തന്നെ ശുദ്ധിയുള്ളവരായി സൂക്ഷിക്കുന്നതിന് പാപം ചെയ്തുപോയി എന്ന് മനസ്സിലാക്കുന്ന നിമിഷത്തിൽത്തന്നെ അത് ഏറ്റുപറഞ്ഞുപേക്ഷിക്കേണ്ടത് അത്യാവശ്യമാണ്. (സദൃശ്യവാക്യങ്ങൾ 28:13; 1യോഹ. 1:9) ചെറുതും വലുതുമായ സകലപാപവും ദൈവത്തിനെതിരായ പ്രവർത്തിയാണ്. അതിനാൽ ഒന്നുപോലും വിടാതെ ദൈവത്തോട് ഏറ്റു പറയണം. അന്യരോട് തെറ്റു ചെയ്താൽ അവരോടും ക്ഷമ ചോദിക്കണം. വാസ്തവമായ ഏറ്റുപറച്ചിൽ ഇപ്രകാരമായിരിക്കണം.

**തൽക്ഷണം:** ഒരു ദിവസത്തിന്റെയോ ആഴ്ചയുടെയോ അന്ത്യംവരെ കാത്തിരിക്കരുത്. പാപം ചെയ്തുപോയി എന്ന് മനസ്സിലാക്കുന്ന നിമിഷത്തിൽ തന്നെ ഏറ്റുപറഞ്ഞുപേക്ഷിക്കണം. അന്യോന്യമായാലും ദൈവത്തോടായാലും ഇങ്ങനെതന്നെയായിരിക്കണം.

**നിരുപാധികം:** ഒരു വ്യവസ്ഥയും ഏറ്റു പറച്ചിലിൽ പാടില്ല. "ഞാനെന്തെങ്കിലും തെറ്റുചെയ്തു പോയിട്ടുണ്ടെങ്കിൽ.........." അല്ലെങ്കിൽ "നീ എന്നോട് ക്ഷമിച്ചാൽ ഞാൻ നിന്നോട് ക്ഷമിക്കാം..........." എന്നിങ്ങനെയുള്ള പ്രസ്താവനകൾ ഒരിക്കലും അനുവദനീയമല്ല.

**പൂർണ്ണമായിരിക്കണം:** "ഒരു നീളമുള്ള കയർ താൻ മോഷ്ടിച്ചു എന്നൊരുവൻ കുറ്റസമ്മതം നടത്തുകയുണ്ടായി. എന്നാൽ ആ കയറിന്റെ അറ്റത്ത് ഒരു കുതിരയുണ്ടായിരുന്നു എന്നു പറവാൻ വിട്ടുപോയി. കാര്യങ്ങൾ മറച്ചുവച്ചിട്ടുള്ളതായിരിക്കരുത് ഏറ്റു പറച്ചിൽ.

**കൃത്യമായിരിക്കണം:** എന്ത് തെറ്റ് ചെയ്തു എന്ന് പ്രത്യേകം എടുത്തു പറയണം. പത്രൊസ് ഒരിക്കലും പറഞ്ഞില്ല, "ഞാൻ കുറവുകളുള്ള ഒരു മനുഷ്യനാണെന്ന്", മറിച്ച്, "കർത്താവെ, ഞാൻ പാപിയായൊരു മനുഷ്യൻ" എന്നാണ് പറഞ്ഞത്.

**ദൃഢനിശ്ചയത്തോടുകൂടി:** ചെയ്തുപോയ പാപത്തിൽ തുടരുകയൊ അത് ആവർത്തിക്കുകയോ ചെയ്യില്ലെന്ന ഉറച്ച തീരുമാനത്തോടു കൂടിയായിരിക്കണം ഏറ്റുപറച്ചിൽ

**ഹൃദയത്തിൽ നിന്ന്:** കപടമായിരിക്കരുത്. സ്വർഗ്ഗത്തിലേക്കു നോക്കി ഹൃദയം തകർന്ന് വിളിച്ചു പറയേണം, "അയ്യോ കർത്താവെ ഞാൻ തെറ്റിപോയി, എന്നോടു ക്ഷമിക്കേണമേ........" കണ്ണുനീരിൽ കുതിർന്നതായിരിക്കണം ഏറ്റുപറച്ചിൽ.

സത്യസന്ധമായി പാപങ്ങൾ ഏറ്റു പറഞ്ഞാൽ ദൈവവചനത്തിന്റെ അധികാരത്താൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കാനാവും. പാപങ്ങളെ തന്നോടു ഏറ്റുപറഞ്ഞാൽ ക്ഷമിക്കുമെന്ന് ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ളതാണ്. അവൻ വാഗ്ദത്തം നിവർത്തിക്കുന്നതിൽ വിശ്വസ്തനാണ്. വിശ്വാസത്താൽ നാം പാപക്ഷമ പ്രാപിക്കുന്നു.

ചിലർ പറയാറുണ്ട്, "എന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടതായി എനിക്കു തോന്നുന്നില്ല" തോന്നിയാലും ഇല്ലെങ്കിലും ആത്മാർത്ഥമായി പാപങ്ങളെ ഏറ്റു പറഞ്ഞിട്ടുണ്ടെങ്കിൽ ക്ഷമയും ലഭിച്ചിട്ടുണ്ട്. തോന്നലുകളുടെ മാറ്റത്തിനനുസരിച്ചല്ല ഇത് സംഭവിക്കുന്നത്, മറിച്ച് മാറ്റമില്ലാത്ത ദൈവവചനമാണ് പാപങ്ങൾ ക്ഷമിക്കപ്പെട്ടു എന്നുറപ്പുനൽകുന്നത്.

മറ്റുചിലർ പറയാറുണ്ട്. "ദൈവം എന്നോടു ക്ഷമിച്ചെന്നെനിക്കറിയാം. എന്നാൽ എനിക്കെന്നോടുതന്നെ ക്ഷമിക്കാനാവുന്നില്ല" മാനസിക പീഡനം സ്വയം നൽകുന്ന അത്തരം ഒരു മനോഭാവം തികച്ചും അനാവശ്യമായി അങ്കുരിക്കുന്നതാണ്. ദൈവം ക്ഷമിച്ചെങ്കിൽ, വീണ്ടും എന്തിനാണ് ആ ചെളിക്കുണ്ടിൽത്തന്നെ കിടന്നുരുളുന്നത്?

ദൈവം ക്ഷമിക്കുമ്പോൾതന്നെ മറക്കുന്നു (എബ്രാ. 10:17) ദൈവത്തിന് മറവി ഉണ്ടെന്നല്ല ഇതിനർത്ഥം, മറിച്ച് പാപങ്ങൾ ക്ഷമിച്ചു കഴിഞ്ഞാൽ പിന്നെ അവയൊന്നും അവൻ തിരികെ നമുക്ക് എതിരായി കൊണ്ടുവരികയില്ല. ആ പാപപ്രശ്നങ്ങളെ എന്നന്നേക്കുമായി പരിഹരിച്ചു എന്നാണിതിനർത്ഥം. ഒരിക്കൽ പാപത്തിൽ വീണുപോയ ഒരുവൻ തന്റെ തെറ്റു മനസ്സിലാക്കി തകർന്ന ഹൃദയത്തോടെ കരയുകയുണ്ടായി. "കർത്താവെ, വീണ്ടും ഞാൻ തെറ്റു ചെയ്തു പോയി, എന്റെ പാപം ക്ഷമിക്കേണമേ. കഥയിൽ തുടർന്നും പറയുന്നത്, കർത്താവ് അവനോട് മറുപടിയായി ചോദിച്ചു. "എന്താണ് നീ വീണ്ടും ചെയ്തത്. അതായത് അവൻ പശ്ചാത്തപിച്ച് ഒരു നിമിഷം പോലും കഴിഞ്ഞില്ല. അതിനുള്ളിൽ തന്നെ കർത്താവ് അവന്റെ പാപം മറന്നുപോയി. എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

Corrie Ten Boom ഓർമ്മിപ്പിക്കുന്നത്. ദൈവം പാപത്തെ മറക്കുന്നു എന്ന് മാത്രമല്ല, അതിന്റെ ഒരു അടയാളംപോലും അവശേഷിപ്പിക്കുന്നില്ല എന്നാണ്. പശ്ചാത്തപിച്ചതും ക്ഷമിക്കപ്പെട്ടതുമായ പാപം നമ്മെ ശല്യപ്പെടുത്തുന്ന രീതിയിൽ വീണ്ടും കുത്തിപൊക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ആ പാപം ആവർത്തിക്കരുതെന്ന് ഒരു മുന്നറിയിപ്പായി മാത്രമേ അതിനെ ഓർക്കാവൂ.

നമ്മുടെ പശ്ചാത്താപത്തിന്റെ വ്യാപ്തി പാപത്തിന്റെ വലിപ്പത്തിനനുസരിച്ചായിരിക്കണം. ദൈവത്തോടായാലും ഒരു വ്യക്തി

യോടായാലും അല്ല സഭയോടായാലും അത് പാപത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കണം. Leith Samuel സഹായകരമായ ഒരു ഉപദേശം നൽകുന്നു. "നിങ്ങളുടെ പാപം ചിന്തയിലായിരുന്നെങ്കിൽ, പശ്ചാത്താപവും ചിന്തയിൽതന്നെയായിരിക്കട്ടെ." അല്ലാതെ ഒരു സ്ത്രീയെക്കുറിച്ച് തെറ്റായി ചിന്തിച്ചിട്ട്, അവളുടെ അടുക്കൽ പോയി, "ക്ഷമിക്കണം, നിങ്ങളെക്കുറിച്ച് ഞാൻ തെറ്റായി ചിന്തിച്ചുപോയി" എന്ന് പറയുന്നത് ശുദ്ധമണ്ടത്തരമാണ്. ചില സന്ദർഭങ്ങളിൽ ഇത്തരം 'പരസ്യ' പശ്ചാത്താപങ്ങൾ പാപത്തിലേക്കു വഴി തിരിച്ചു വിട്ടിട്ടുണ്ട്. രഹസ്യമായി ചിന്താമണ്ഡലത്തിൽ ഒരു പാപം കടന്നുകൂടിയാൽ രഹസ്യമായി തന്നെ ആ പാപം ഏറ്റു പറയുക. സഭയോട് പരസ്യമായി ചെയ്ത തെറ്റ് പരസ്യമായിതന്നെ ഏറ്റു പറയണം. ആരോടെങ്കിലും വ്യക്തിപരമായി ചെയ്തിട്ടുണ്ടോ? എങ്കിൽ ആ വ്യക്തിയോട് പറയുക, "എന്നോടു ക്ഷമിക്കണം" നിങ്ങളുടെ വാക്കുകൾ ആരെയെങ്കിലും വേദനിപ്പിച്ചതായി മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ തെറ്റായി പറഞ്ഞുപോയ കാര്യങ്ങൾ ചൂണ്ടിക്കാട്ടി വ്യക്തമായി ക്ഷമ ചോദിക്കണം.

Harry Lloyd എന്ന ക്രിസ്തീയ വ്യാപാരിക്ക് താൻ അർഹിക്കുന്നതിലും അധികം പരിശുദ്ധി മറ്റുള്ളവർ തനിക്ക് കല്പിക്കുന്നതായി ബോധ്യപ്പെട്ടു. സമർപ്പണമുള്ള ഒരു ക്രിസ്ത്യാനിയായി തന്നെ ഏവരും പുകഴ്ത്തുന്നതും സ്തുതിക്കുന്നതും Lloyd നെ അലോസരപ്പെടുത്തി. പരസ്യമായ ഒരു കത്തിൽ അദ്ദേഹം എഴുതി.

വ്യക്തിപരമായ താല്പര്യമനുസരിച്ച്, എന്റെ വ്യാപാരം വിജയിപ്പിക്കുവാൻ കഴിയുംവിധം എല്ലാം ഞാൻ ചെയ്യുന്നു.

ഞാൻ ഒരിക്കലും വേദപുസ്തകം വായിക്കാറില്ല.

ചിന്തയിലും പ്രവർത്തിയിലും ഉള്ള എന്റെ പാപങ്ങൾ അസംഖ്യമാണ്.

കിട്ടുന്ന ലാഭത്തിൽ നിന്ന് 10% ദൈവീക പ്രവർത്തനങ്ങൾക്കു കൊടുക്കുന്നത് എനിക്കു ലഭിക്കുന്നതിനോടു തുല്യപ്പെടുത്തിയാൽ തികച്ചും പരിഹാസ്യമാണ്.

ഞാൻ ചൂഷണം ചെയ്യുന്ന ഒരു മേലധികാരിയാണ്.

ഒരു ഭർത്താവും പിതാവും എന്ന നിലയിൽ എന്റെ ഉത്തരവാദിത്തങ്ങൾ കൃത്യമായി നിർവഹിക്കുന്നില്ല."

എന്റെ കുട്ടിക്കാലത്തു മുടങ്ങാതെ സഭയിൽ പോയതുപോലെ ഇപ്പോൾ പോകാറില്ല.

ജനം എന്നെ പുകഴ്ത്തുമ്പോൾ സ്വയം ഒരു ചതിയനായി തോന്നാനുള്ള കാരണം നിങ്ങൾക്കു മനസ്സിലാകുന്നുണ്ടല്ലോ. ലജ്ജയോടുകൂടി വെളിപ്പെടുത്തുവാൻ നിർബന്ധിതനാകുന്നു. "ഞാൻ ഹീനനായ ഒരു ക്രിസ്ത്യാനിയാണ്. ദൈവത്തെയല്ലാതെ മറ്റാരെയും പുകഴ്ത്തരുത്"

സത്യസന്ധമായ ഇത്തരം പശ്ചാത്താപങ്ങൾ ശ്രവിക്കുവാൻ സാധിക്കുന്നത് വളരെ വിരളമാണ്. അതുപോലെതന്നെ മറ്റുള്ളവരുടെ സ്തുതിപാടലുകൾക്ക് താളം മീട്ടിക്കൊണ്ട് സ്വയം ഒരു പരിശോധന നടത്താനും പലപ്പോഴും നാം മറക്കുന്നു.

## സാധ്യമായിരിക്കുന്നിടത്തോളം യഥാസ്ഥാനപ്പെടുത്തുക

ഭൂതകാലത്തിൽ സംഭവിച്ചുപോയ തെറ്റുകൾ എത്രമാത്രം സാധ്യമായിരിക്കുന്നൊ അത്രമാത്രം തിരുത്തണമെന്ന് ദൈവീക കൃപ ഉത്ബോധിപ്പിക്കുന്നു. തട്ടിയെടുത്ത വസ്തുക്കൾ ഉടമസ്ഥനെ തിരികെയേല്പിക്കുക, മോഷ്ടിച്ച പണം പലിശയോടൊപ്പം തിരികെ കൊടുക്കുക എന്നൊക്കെ ഇതിനർത്ഥമുണ്ട്.

പുതിയനിയമത്തിലെ സക്കായിയാണ് ഇതിന് ഉത്തമോദാഹരണം. അവൻ മാനസാന്തരപ്പെട്ടശേഷം യേശുവിനോടു "കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട്. വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലുമടങ്ങു മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു" (ലൂക്കൊസ്. 19:8). രക്ഷിക്കപ്പെടുവാനല്ല അവനത് ചെയ്തത്, മറിച്ച് രക്ഷിക്കപ്പെട്ടതിനാലാണ്.

പ്രായശ്ചിത്തം പൂർണ്ണവും സത്യസന്ധവും ആയിരിക്കണം. അല്ലാതെ പകുതി ആദായനികുതി അടച്ചിട്ട് ഉറക്കമില്ലാതെ കഴിഞ്ഞ ഒരു മനുഷ്യനെ പോലെയാകരുത്. അവൻ നികുതി പിരിക്കുന്നവർക്ക് ഒരു കത്തെഴുതി. "ഞാൻ നികുതിക്കുള്ള കണക്ക് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ എനിക്കുറക്കം വരുന്നില്ല. കുറച്ചു കാശ് ഇതിനോടൊപ്പം അയക്കുന്നു. തുടർന്നും ഉറക്കം വന്നില്ലെങ്കിൽ ബാക്കികൂടെ അയച്ചു തരാം"

കാലത്തിന്റെയും, വ്യവസ്ഥകളുടെയും മാറ്റത്തിനാൽ യഥാസ്ഥാനപ്പെടുത്തുവാൻ കഴിയാതെ പോകുന്ന സന്ദർഭങ്ങളുണ്ട്. കർത്താവിന് ഇതിനെ കുറിച്ച് നന്നായറിയാം. പാപങ്ങളെ ഏറ്റുപറയുകയാണെങ്കിൽ ഒരുവന്റെ ആത്മാർത്ഥത മനസ്സിലാക്കിയാണ് കർത്താവ് ക്ഷമിക്കുന്നത്.

വർഷങ്ങൾക്കുമുമ്പ് Belfast എന്ന സ്ഥലത്ത് W.P. Nicholson പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ദൈവാത്മാവിന്റെ ഒരു വലിയ പ്രവർത്തനം ഉണ്ടായിട്ട് ഫാക്ടറികളിൽ നിന്ന് മോഷ്ടിച്ച പണിയായുധങ്ങൾ അനേകം പേർ തിരികെ ഏല്പിക്കുവാൻ തുടങ്ങി. തിരികെ ലഭിച്ച ഉപകരണങ്ങൾ സൂക്ഷിക്കുവാൻ കമ്പനികൾക്ക് പ്രത്യേക ഷെഡുകൾ കെട്ടേണ്ടതായിവന്നു. അവസാനം, "സാധനങ്ങൾ സൂക്ഷിക്കുവാൻ സ്ഥലമില്ലാത്തതിനാൽ തിരികെ ഒന്നും ഏല്പിക്കേണ്ട ആവശ്യമില്ല" എന്ന് അധികാരികൾ ജോലിക്കാരെ അറിയിക്കേണ്ടതായി വന്നു. ജനം എത്രയോ നാളുകളായിതുടർന്നുകൊണ്ടിരുന്ന പാപമായിരുന്നു ഇത്! പാപത്തിന്റെ കാഠിന്യതയും പ്രായശ്ചിത്തത്തിന്റെ മഹത്വവും ഇവിടെ വ്യക്തമാക്കുന്നു.

## ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ

പ്രായോഗിക വിശുദ്ധി പ്രാപിക്കുവാനുള്ള മൂന്നാമത്തെ സംഗതിയിലേക്ക് ശ്രദ്ധതിരിക്കാം. നീതിയുടെ ആയുധങ്ങളായി നമ്മുടെ അവയവങ്ങളെ ഉപയോഗിക്കപ്പെടുവാൻ നമ്മെത്തന്നെ കർത്താവിന് ഏല്പിച്ചു കൊടുക്കേണം (റോമർ 12:12; 6:19). പ്രാഥമികമായി കഠിനമായി തോന്നുമെങ്കിലും ഒരു പ്രക്രിയയായി ഇതു സംഭവിക്കേണ്ടതാണ്. ആദ്യമായി നമ്മുടെ ശരീരങ്ങളെ ജീവനുള്ള യാഗമായി അർപ്പിക്കണം. അതിനുശേഷം ദിനംതോറും, നിമിഷംതോറും ഈ പ്രക്രിയ തുടരണം. നമ്മുടെ ഇച്ഛകളുടെ സ്ഥാനത്ത് ദൈവത്തിന്റെ ഹിതം നടക്കുവാൻ അനുവദിക്കണം. നമ്മുടെ സമ്പൂർണ്ണ നിയന്ത്രണവും അവന്റെ കൈകളിലേല്പിക്കണം. സ്വയത്തെ ത്യജിച്ച് ക്രൂശുമെടുത്ത് കർത്താവിനെ നാം അനുഗമിക്കണം. നമ്മുടെ ഏറ്റുപറച്ചിൽ നമ്മെ ശുദ്ധിയുള്ളവരായി സൂക്ഷിക്കുന്നതുപോലെ നമ്മെതന്നെ ഏല്പിച്ചുകൊടുക്കുമ്പോൾ കർത്താവിന് നമ്മെത്തന്നെ ലഭ്യമാക്കുകയാണ്. അവന്റെ പൂർണ്ണ അധികാരത്തിൻ കീഴിൽ നാം ആയിത്തീരുകയാണ്.

Taylor Smith എന്ന ബിഷപ്പ് എന്നും രാവിലെ കിടക്കവിട്ടെഴുന്നേൽക്കുമ്പോൾ കിടക്കയോട് ചേർന്ന് മുട്ടുകുത്തി ഒന്നു രണ്ടു വാചകങ്ങൾ പ്രാർത്ഥനയായി ഉരുവിടുമായിരുന്നു. "കർത്താവെ, എന്റെ കിടക്ക നിന്റെ യാഗപീഠം. ഞാൻ നിനക്ക് ജീവനുള്ള യാഗം" ദിനവും അവനെത്തന്നെ ദൈവീക നടത്തിപ്പിന് ഏല്പിച്ചുകൊടുക്കുമായിരുന്നു.

George Muller നോട് Arthur Pierson ഒരിക്കൽ ചോദിക്കുകയുണ്ടായി. "നിന്നിൽ കൂടെ അത്ഭുതാവഹമായ രീതിയിൽ ദൈവം വലിയ കാര്യങ്ങൾ പ്രവർത്തിക്കുന്നതിന്റെ പിന്നിലെ രഹസ്യമെന്താണ്?" Muller ഒരു നിമിഷത്തേക്കു അദ്ദേഹത്തെ ഒന്നു നോക്കി. അതിനുശേഷം തന്റെ ശിരസ്സ് നമിച്ച് പ്രശംസിക്കുവാനും, പറയുവാനും ഒന്നുമില്ലാത്ത ഭാവത്തിൽ ഇരുന്നു. രണ്ടു മൂന്നു നിമിഷങ്ങൾ നിശബ്ദത പാലിച്ചിട്ട് താൻ പറഞ്ഞു. "അനേക വർഷങ്ങൾക്കുമുമ്പ് ഒരു ദിവസം George Muller മരിച്ചുകഴിഞ്ഞിരുന്നു. യൗവനകാലത്ത് അനേകം വലിയ ആഗ്രഹങ്ങൾ മനസ്സിലുണ്ടായിരുന്നു. എന്നാൽ അവയോട് വിടപറഞ്ഞ് മരിച്ച ഒരു ദിവസം എനിക്കുണ്ടായി. അതിനുശേഷം ദൈവത്തോട് പറഞ്ഞു. "ഇനി മുതൽ എന്റെ ഹിതമല്ല കർത്താവെ, നിന്റെ ഹിതം എന്നിൽ നിറവേറട്ടെ. അന്നുമുതൽ ദൈവം എന്നിൽകൂടെ പ്രവർത്തിക്കുവാൻ ആരംഭിച്ചു."

General Booth ന്റെ വാക്കുകളും ശ്രദ്ധേയമാണ്. "ഞാൻ പതിനേഴു വയസ്സുകാരനായിരുന്നപ്പോൾ William Booth ന്റെ സകലവും കർത്താവിന്റേത് മാത്രമായിരിക്കണമെന്ന് തീരുമാനിച്ചു."

## ജീവിതം ദൈവവചനത്താൽ നിറയ്ക്കുക

ദൈവവചനത്തോടു അടുത്തു വസിക്കുക എന്നതാണ് നാലാമത്തെ ആവശ്യകത. ജീവിതത്തിന്റെ എല്ലാ മേഖലകളേയും വചനത്തിന്റെ പൂർണ്ണമായ സ്വാധീനത്തിനു വിട്ടുകൊടുക്കുന്നതാണിത്. വചനപാരായണം, മനഃപാഠം, പഠനം, ധ്യാനം, അനുസരണം എന്നീ കാര്യങ്ങളിലൂടെയാണ് ഇത് നേടിയെടുക്കുവാൻ സാധിക്കുന്നത്.

വചനപാരായണത്തിലൂടെ വിശ്വാസികളായ നാം, എങ്ങനെയുള്ള ജീവിതം നയിക്കണമെന്ന് ദൈവം നല്കിയിട്ടുള്ള പൊതു

രൂപരേഖ മനസ്സിലാക്കുവാൻ കഴിയുന്നു. മനഃപാഠമാക്കലിലൂടെ സുവിശേഷം പങ്കുവെക്കുന്ന വേളകളിൽ പരീക്ഷണ പരിശോധന ഘട്ടങ്ങളിൽ, അനിശ്ചിതത്വത്തിന്റെ നിമിഷങ്ങളിൽ കൃത്യമായ വേദ ഭാഗങ്ങളാൽ നമ്മെ ശക്തരാക്കുവാൻ പരിശുദ്ധാത്മാവിനെ സഹാ യിക്കുകയാണ് ചെയ്യുന്നത്. വചനപഠനത്തിലൂടെ ദുരുപദേശങ്ങ ളിൽനിന്നും വൃഥാശങ്കകളിൽനിന്നും ഒഴിഞ്ഞിരിക്കുവാൻ ഇടയാ കുന്നു. വചനം ധ്യാനിക്കുമ്പോൾ അത് ചൂണ്ടിക്കാണിക്കുന്ന വ്യക്തിപ്രഭാവത്തിൽ നോട്ടം അർപ്പിച്ച് ജീവിതത്തിൽ രൂപാന്തരം പ്രാപിക്കുവാൻ സഹായകമാകുന്നു. ദൈവവചനത്തെ അനുസരി ക്കുമ്പോൾ നാം നീതിപാതകളിലൂടെ നയിക്കപ്പെടുന്നു.

ജീവിത വിശുദ്ധിയുടെയും ദൈവവചനത്തിന്റെയും ബന്ധം വ്യക്തമായി മനസ്സിലാക്കിയ സങ്കീർത്തനക്കാരൻ എഴുതി. ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതു എങ്ങനെ? നിന്റെ വചനപ്ര കാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ. ഞാൻ പൂർണ്ണഹൃ ദയത്തോടെ നിന്നെ അന്വേഷിക്കുന്നു. നിന്റെ കല്പനകൾ വിട്ടു നടപ്പാൻ എനിക്ക് ഇടവരരുതെ. ഞാൻ നിന്നോട് പാപം ചെയ്യാതി രിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു" (119:9-10). യേശുക്രിസ്തുവും ഈ ബന്ധത്തെ ഉറപ്പിക്കുന്നു. "സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു" (യോഹ. 17:17). രണ്ടു ആധുനിക മഹത് വച നങ്ങളും ഇതിനെ കൂടുതൽ വ്യക്തമാക്കുന്നു.

"ഈ ഗ്രന്ഥം നിന്നെ പാപത്തിൽനിന്നകറ്റി നിർത്തുന്നു, അല്ലെ ങ്കിൽ പാപം നിന്നെ ഈ ഗ്രന്ഥത്തിൽ നിന്നകറ്റി നിർത്തുന്നു"

"ബൈബിളിന്റെ പുറത്തെ പൊടിയും മനുഷ്യഹൃദയത്തിലെ ഹിമവും കർത്താവിന് മാറ്റുവാൻ കഴിയാത്ത രണ്ടു കാര്യങ്ങളാണ്"

ആത്മാവിനാലുള്ള നിറവും, ദൈവവചനത്താലുള്ള നിറവും പര സ്പരം വേർപിരിക്കാനാവാത്ത ബന്ധം പുലർത്തുന്ന വസ്തുത കളാണ്. എഫേസ്യർ 5ൽ ആത്മാവിൽ നിറയുന്നതിനെ തുടർന്ന് സംഭവിക്കുന്നത് പൗലോസ് വ്യക്തമാക്കുന്നു. സങ്കീർത്തനങ്ങ ളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും തമ്മിൽ സംസാ

രിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവനു എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തു കൊൾവിൻ" (വാക്യം 19,20) കൊലൊ. 3 ൽ കാണുന്ന ക്രിസ്തുവിന്റെ വചനം സമ്പന്നമായി നമ്മിൽ വസിക്കുമ്പോൾ, "തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ ..........ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും" (വാ. 16) ഉള്ള ജീവിതമായിരിക്കും. ഒരേ കാര്യങ്ങളോടു സമാനത പാലിക്കുന്ന വസ്തുതകൾ അന്യോന്യവും സമാനതയുള്ളതുമായിരിക്കും. അതായത് ആത്മാവിൽ നിറയുന്നതുപോലെ തന്നെയാണ് ദൈവവചനത്തെ നമ്മുടെ ഉള്ളിൽ ധാരാളമായി വസിക്കുവാൻ അനുവദിക്കുന്നതും.

വേദപുസ്തകേതര വിശുദ്ധി ഒരിക്കലും സാധ്യമല്ല. ദൈവഭക്തനായ മാക്ചേയൻ പറയുകയുണ്ടായി. "വചനത്തിന്റെ സഹായമില്ലാതെ ദൈവത്തിനു നമ്മെ ശുദ്ധീകരിക്കുവാൻ കഴിയും. വചനം കൂടാതെ ദൈവം ദൂതന്മാരെയും ആദാമിനെയും വിശുദ്ധരായി സൃഷ്ടിച്ചു.. എന്നാൽ ഇപ്പോൾ അതവൻ ചെയ്യുകയില്ല" യേശുക്രിസ്തു ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു. "സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാകുന്നു. ഒരു മാതാവ് തന്റെ കുഞ്ഞിനെ പോഷിപ്പിക്കുന്നതുപോലെ അവൻ ഒരു ആത്മാവിന് മായമില്ലാതെ പാലായ ദൈവ വചനത്താൽ പോഷണം നൽകുന്നു. ആഴ്ചാരംഭം മുതൽ അവസാനം വരെ വിശുദ്ധ വേദപുസ്തകം തുറക്കാതെ, സ്വന്തം അനുഭവങ്ങളിൽ ആശ്രയിക്കുന്നവർ വഞ്ചിക്കപ്പെടുകയാണ്. തന്മൂലം വാസ്തവമായ വിശുദ്ധി അവരുടെ ജീവിതത്തിൽ ഉണ്ടാകുന്നില്ല.

## ഇടവിടാതെ പ്രാർത്ഥിപ്പിൻ

വിശുദ്ധജീവിതത്തിന് അത്യന്താപേക്ഷിതമായ മറ്റൊരു ഘടകമാണ് പ്രാർത്ഥന. ക്രിസ്തുവിന്റെ മാതൃകാപ്രാർത്ഥനയിൽ നിന്നും അത് വ്യക്തമാണ്. "ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ: ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ. പാപത്തിൽ നിന്നും എന്നെ സൂക്ഷിക്കേണമേ" എന്ന ഹൃദയംഗമായ കരച്ചിൽ കൂടാതെ ഒരിക്കലും ഒരു പ്രാർത്ഥന പൂർണ്ണമാകില്ല.

ദൈനംദിന പ്രാർത്ഥനയുടെ പട്ടികയിൽ ചേർക്കാവുന്ന ചില അപേക്ഷകൾ ചുവടെ കൊടുക്കുന്നു.

“കർത്താവെ, ഒരു വിശുദ്ധജീവിതം നയിക്കുവാൻ എന്നെ ശക്തിപ്പെടുത്തേണമെ;

പരിശുദ്ധാത്മാവ് എന്നുള്ളിൽ വസിക്കുന്നു അതിനാൽ അവനെ ദുഃഖിപ്പിക്കുന്നതൊന്നും ഞാൻ ചെയ്യാതിരിപ്പാൻ എന്നെ സഹായിക്കേണമേ:

സ്വർഗ്ഗത്തെ പ്രസാദിപ്പിക്കുന്ന കാര്യങ്ങൾ ചെയ്യുവാൻ എന്നെ ശുദ്ധീകരിക്കേണമെ:

ഞാൻ ചെയ്യുവാൻ ആഗ്രഹിച്ചാൽ പോലും പാപത്തിൽ നിന്നും സംരക്ഷിക്കേണമെ:

പരീക്ഷണങ്ങളിൽ പരാജയപ്പെടുവാൻ ഇടയാക്കരുതേ...

അവിടുത്തെ നാമത്തെ ദുഷിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതിൽ നിന്നും എന്നെ വിടുവിക്കേണമേ

ദുഷ്ടത നിറഞ്ഞ വ്യക്തിയായി ഞാൻ മരിക്കുവാൻ ഇടയാക്കരുതേ.....

പാപത്തിലേക്ക് വീഴാനിടയാക്കുന്നതിനു പകരം സ്വർഗ്ഗത്തിലേക്കെന്നെ എടുക്കേണമേ.....”

മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കാത്ത ഒരുവന് ഒരിക്കലും ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ ആവില്ല. പ്രാർത്ഥന കൂടാതെ ഒരു വിശുദ്ധ ജീവിതം പ്രതീക്ഷിക്കുവാനെ സാധ്യമല്ല.

## ക്രിസ്തീയ കൂട്ടായ്മയിൽ പങ്കാളിത്തം വഹിക്കുക

വിശുദ്ധരായി തീരുവാനുള്ള മറ്റൊരു സ്വാധീനശക്തി കൂട്ടുവിശ്വാസികളുമായി കൂട്ടായ്മയിൽ പങ്കു ചേരുന്നതാണ്. ഒരേ ഇനത്തിലുള്ള പക്ഷികൾ ഒരുമിച്ചിരിക്കുന്നതുപോലെ ദൈവജനങ്ങൾ ഒരുമിച്ച് കൂട്ടായ്മയിൽ വസിക്കണം. പത്രൊസും യോഹന്നാനും കാരാഗൃഹവാസത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെട്ടപ്പോൾ ആദ്യമായി തങ്ങളുടെ ക്രിസ്തീയ സ്നേഹിതരെ അന്വേഷിക്കുകയാണു ചെയ്തത്. (അപ്പൊ. പ്രവൃത്തികൾ. 4:23). സഭായോഗങ്ങളെ അഥവാ വിശ്വാസികൾ ഒരുമിച്ച് കൂടുന്ന യോഗങ്ങളെ ഉപേക്ഷയായി

വിചാരിക്കുവാൻ പാടില്ലെന്നാണ് വചനം പ്രബോധിപ്പിക്കുന്നത്. (എബ്രാ. 10:24). അപ്പൊ. പ്രവൃത്തികളിൽ പരിശുദ്ധാത്മാവ് ഇറങ്ങി വരുന്ന പ്രത്യേക സന്ദർഭത്തിൽ "ജനം ഒരുമിച്ചുകൂടി" ഇരുന്നിരുന്നു എന്നു കാണാം. ആത്മാവിന്റെ 'സഹകരണാത്മകമായ അനുഭവം' എന്നാണ് ഇത് അറിയപ്പെടുന്നത്.

"തിരുവത്താഴത്തിൽ" നാം തുടർച്ചയായി പങ്കെടുക്കുമ്പോൾ, രക്ഷകൻ നമ്മുടെ പാപങ്ങൾക്കായി കൊടുത്ത വില ഓർക്കുവാനും തന്മൂലം പാപത്തിൽനിന്ന് പിന്തിരിവാനും ഇടയാകുന്നു. ദൈവം പാപത്തെ എങ്ങനെ വീക്ഷിക്കുന്നുവെന്ന് തിരുവത്താഴം മുഖേന വെളിപ്പെടുത്തുന്നു. അങ്ങനെ 'പിശാചിനെ എതിർക്കുവാനുള്ള ശക്തിയും ലഭിക്കുന്നു. പ്രാദേശിക സഭയിലെ എല്ലാ കൂടിവരവുകളിലും ഇത് സംഭവിക്കുന്നുണ്ട്. ക്രിസ്തീയ കൂട്ടായ്മ മറ്റുള്ള സ്വാധീനശക്തികളിൽ നിന്ന് വിശ്വാസികളെ വേർപെടുത്തി നിർത്തുന്നു. ഒഴിച്ചുകൂടാനാവാത്ത ഒരു വസ്തുതയാണിത്.

## കർത്താവിനുവേണ്ടി തിരക്കുള്ളവരായിരിക്കുക

കർത്താവിനുവേണ്ടി തിരക്കുള്ളവരായിരിക്കുന്നതിന്റെ മൂല്യം വിജയകരമായ ക്രിസ്തീയജീവിതം നയിക്കുന്നവർ തെളിയിച്ചിട്ടുണ്ട് (സഭാ പ്രസംഗി.9:10).

ഐസക് വാട്ട്സ് എഴുതുന്നു.

"തിരക്കു പിടിച്ച ജോലികളിൽ എന്നെ ഉൾപ്പെടുത്തേണമേ; വെറുതെയിരുന്നാൽ ഞാൻ സാത്താന്റെ കരങ്ങളിൽ പെട്ടു പോകും......!"

വേറെവിധത്തിൽ പറഞ്ഞാൽ–അലസമായി അനങ്ങാപാറയായി ജീവിതത്തിൽ ഒരു തിരക്കിലും ഉൾപ്പെടാതിരിക്കുകയാണെങ്കിൽ പരീക്ഷണങ്ങളിൽ അകപ്പെടുവാനും പരാജയത്തിലേക്കു നിപതിക്കുവാനും പറ്റിയ സന്ദർഭമാണിത്. ദാവീദ് താൻ ലജ്ജിതനായി തീരുവാനുണ്ടായ സംഭവം ഇത്തരമൊരു സന്ദർഭത്തിൽ നടന്നതാണ്. രാജാക്കന്മാർ യുദ്ധത്തിനായി പുറപ്പെട്ടപ്പോൾ ദാവീദ് പോകാതെ ഏകനായി കഴിയുന്ന സാഹചര്യത്തിൽ ഒരു സ്ത്രീയെ 'കണ്ടു' 'മോഹിച്ചു' 'പാപത്തിലേക്കു വീണു' (2 ശമു. 11). വ്യഭിചാരം ചെയ്തതു മാത്രമല്ല, കൊലപാതകത്തിലൂടെ അത് മറയ്ക്കുവാനും ശ്രമിച്ചു.

സ്വവർഗ്ഗരതിയാണ് സൊദോമിന്റെ പാപമെന്നു നാം ചിന്തിക്കുമ്പോൾ യെഹസ്കേൽ ഓർമിപ്പിക്കുന്നു. സൊദോമിന്റെ അകൃത്യമോ: ഗർവ്വവും തീൻപുളെപ്പും ......" (യെഹ. 16:49). സോദോം അധാർമ്മികതയുടെ വിളനിലമായിരുന്നു എന്നതിൽ അതിശയോക്തിയില്ല.

കർത്താവിനുവേണ്ടി നാം സ്വയം തിരക്കുള്ളവരായി തീരുകയാണെങ്കിൽ മറ്റനാവശ്യ കാര്യങ്ങളിൽ നിന്നൊഴിഞ്ഞ് ഒരു പ്രത്യേക ശുദ്ധീകരണാവസ്ഥ പ്രാപിക്കുവാൻ സാധിക്കും. ശരീരത്തിന്റെ അധാർമ്മികമായ ചിന്താഗതികളെ വിട്ട്, ചിന്താമണ്ഡലത്തെ ശരിയായ പാതയിലൂടെ തിരിച്ചുവിടുവാനും സംസ്ക്കാരികമായും ധാർമികമായും ഉന്നതമായ ഒരു അവസ്ഥയിലേക്ക് സ്വയം എത്തിച്ചേരുവാനുമാകും. പ്രത്യേകമായി വിവാഹജീവിതത്തെ ഇഷ്ടപ്പെടാതെ കഴിയുന്നവർ (ബ്രഹ്മചാരികൾ) തങ്ങളുടെ ശാരീരിക ഊർജ്ജത്തെ ഉപയോഗിച്ചു തീർക്കുവാൻ നിരന്തരമായ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാണ്. മനസ്സിന്റെ ഗതിവിഗതികളേയും ഉൾപ്പെട്ടിരിക്കുന്ന കാര്യങ്ങളിലേക്ക് പൂർണ്ണമായി തിരിച്ചുവിടുകയും വേണം. ഒരാൾ പറയുകയുണ്ടായി, അങ്ങനെയുള്ളവർ ജോലികളിൽ തങ്ങളെത്തന്നെ കൊല്ലണം, പിന്നെ പ്രാർത്ഥനയാലായിരിക്കണം വീണ്ടും ജീവൻ പ്രാപിക്കേണ്ടത്. തിരക്കുള്ള പ്രവൃത്തികൾ നിറഞ്ഞ ദിനങ്ങൾ വളരെ സുരക്ഷിതമായിരിക്കും; പാപങ്ങളിൽ നിന്നുള്ള സംരക്ഷണം.

## ശരീരത്തെ നിയന്ത്രിക്കുവാൻ അഭ്യസിക്കുക

ശരീരത്തെ പൂർണ്ണനിയന്ത്രണത്തിനു വിധേയമാക്കുന്നതും ആത്മനിറവ് ആഗ്രഹിക്കുന്ന ജീവിതത്തിൽ അനിവാര്യമായ ഒരി സംഗതിയാണ്. പൗലോസ് പറഞ്ഞു. "മറ്റുള്ളവരോടു പ്രസംഗിച്ച ശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്നു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രെ ചെയ്യുന്നത്" (1 കൊരി. 9:27) മറ്റൊരു പരാവർത്തന പരിഭാഷയിൽ

'ഒരു മുഷ്ടിയുദ്ധക്കാരനെപോലെ ഞാൻ എന്റെ ശരീരത്തെ അടിച്ച് ഇടിച്ച് മെരുക്കിയെടുക്കുന്നു. ഇല്ലെങ്കിൽ മറ്റുള്ളവരോടു പ്രസംഗിച്ച ഞാൻ തന്നെ അയോഗ്യനായിത്തീരും'

ശാരീരികക്ഷതം ഏല്പിച്ചു എന്നല്ല പൗലോസ് അർത്ഥമാക്കുന്നത്. മറിച്ച് ഉറക്കം, ആഹാരം, ലൈംഗികം, വ്യായാമം തുടങ്ങിയ കാര്യങ്ങളിൽ നേടിയെടുത്തിരിക്കുന്ന ആത്മ നിയന്ത്രണത്തെയാണ് സൂചിപ്പിക്കുന്നത്. ജഡീകേച്ഛകളെ താലോലിച്ച് അദ്ദേഹം അതിൽ രസിച്ചിരുന്നില്ല. "രമിപ്പിക്കുന്നത് എന്ന് തോന്നുന്നു എങ്കിൽ ചെയ്തുകൊള്ളൂ" എന്ന ലോകജ്ഞാനം, ത്യജിക്കുകയാണ് ഇതിനർത്ഥം. പരീക്ഷണങ്ങളിൽ ജയിച്ചാൽ ദൈവം പ്രതിഫലങ്ങൾ നല്കുന്നു. യാക്കോബ് വ്യക്തമാക്കുന്നു. "പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും" (1:12)

അധികം ഉറക്കംപോലും നിയന്ത്രിക്കണമെന്ന സൂചനയുണ്ട്. മുന്നറിയിപ്പ് നൽകുന്ന ചെറിയ ഘടികാരം ഒരു ആത്മീയ സഹായിയാണ്. അമിതഭക്ഷണവും പാടില്ല. "തീൻപുളപ്പാണ്" സൊദോമിന്റെ ഒരു പാപം (യെഹെ 16:49). ശാരീരിക വ്യായാമവും നല്ലതാണ്. "അല്പ പ്രയോജനമുള്ളതത്രെ" എന്ന് പൗലോസ് സൂചിപ്പിക്കുന്നു. (1 തിമൊ. 4:8).

സംക്ഷിപ്തമായ അർത്ഥം: പരീക്ഷണങ്ങൾ ഹൃദയവാതിൽക്കൽ നിന്നു മുട്ടുമ്പോൾ യേശുവിനെ അവിടേക്കയക്കുക.

## ചിന്താമണ്ഡലത്തെ സംരക്ഷിക്കുക

ശാരീരിക നിയന്ത്രണത്തിൽ പ്രധാനമായ പങ്കു വഹിക്കുന്ന മറ്റൊരു വസ്തുതയാണ് ചിന്താമണ്ഡലത്തിന്മേലുള്ള നിയന്ത്രണം. അനിയന്ത്രിതമായി, സമയകാലഭേദമെന്യെ ഏതു തരത്തിലുള്ള ചിന്തകളെയും മനസിന്റെ ഉള്ളറകളിലേക്കു വലിച്ചിഴക്കുവാനാകും. ജീവിതത്തിന്മേൽ അതിന് വലിയ സ്വാധീനം ചെലുത്തുവാനാകും. പാപത്തിന്റെ ചതിക്കുഴികളിലാണ് പല 'ചിന്തായാത്രകളും' അവസാനിക്കുന്നത്. ചിന്തിക്കരുതെന്നല്ല പ്രബോധിപ്പിക്കുന്നതിനർത്ഥം. അത് ജീവിതത്തിനാവശ്യമായ സംഗതിയാണ്. എന്നാൽ നല്ലതാകിലും തീയതാകിലും ചിന്തകളിന്മേൽ ശക്തമായ നിയന്ത്രണം വരുത്തേണ്ടതാവശ്യമാണ്. മനസ്സാണ് സകലപ്രവൃത്തികളുടെയും ഉറവിടം (സദൃശ്യ. 4:23). പാപം മനസ്സിലാണ് ഉത്ഭവിക്കുന്നതെന്ന്

യാക്കോബ് വ്യക്തമാക്കിയിട്ടുണ്ട്. (1:13-15). ചിന്തകളെ ലാളിച്ചാൽ പ്രവൃത്തികളിലേക്ക് നയിക്കപ്പെടുന്നു. പാപമയമായ പ്രവൃത്തികൾ മരണത്തിൽ കലാശിക്കുന്നു. ഇത് ജീവിതചക്രം പോലെയാണ്. ഗർഭധാരണം, ജനനം, വളർച്ച, മരണം.

നാം ചിന്തിക്കുന്നതു പോലെയായിത്തീരുന്നു. ഒരു മനുഷ്യൻ "തന്റെ മനസ്സിൽ കണക്കു കൂട്ടുന്നതുപോലെ ആകുന്നു" (സദൃ.23:7) അതിനാൽ ടെലിവിഷൻ, വീഡിയോ കാസെറ്റുകൾ, റേഡിയോ, സിനിമകൾ, ഗ്രന്ഥങ്ങൾ, മാസികകൾ തുടങ്ങി നമ്മുടെ ഉള്ളിലെ മൃഗീയ സ്വഭാവത്തെ ഉണർത്തുന്ന എന്തിന്റെ മേലും നിയന്ത്രണം വരുത്തേണ്ടത് വളരെ അത്യാവശ്യമായിരിക്കുന്നു.

സങ്കീർത്തനക്കാരന്റെ ദൃഢതീരുമാനം. 'ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിനുമുമ്പിൽ വെക്കുകയില്ല' (101:3) ഒരാൾ തന്റെ ടെലിവിഷൻ സെറ്റു കേടായപ്പോൾ കേടുപാടു തീർക്കണമോ വേണ്ടയോ എന്ന് പ്രാർത്ഥിച്ചപ്പോൾ ഈ വേദഭാഗത്തിലേക്ക് ദൈവാത്മാവ് തന്നെ നയിക്കുന്നതായി തോന്നിയിട്ട് വേണ്ടാ എന്ന് തീരുമാനിച്ചു. പാപമയമുള്ള മാധ്യമങ്ങൾ എല്ലാം ജീവിതത്തിലും ഉണ്ട്. ചിന്തകളെ ഉദ്ദീപിപ്പിച്ച് പാപത്തിലേക്ക് നയിക്കുന്ന അത്തരം കാര്യങ്ങൾക്ക് ജീവിതത്തിൽ 'അനാവശ്യമായ' സ്ഥാനം കൊടുക്കരുത്.

ചിന്താമണ്ഡലത്തിന്മേലുള്ള നിയന്ത്രണത്തിന് അനിഷേധാത്മകമായി ഒരു നല്ല വശമുണ്ട്. ആ വശത്തേക്ക് നമ്മുടെ ചിന്താഗതികളെ തിരിച്ചു വിടണം. ദുഷ്ടചിന്തകളെ വിടുക മാത്രമല്ല, "സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും രമ്യമായതു ഒക്കെയും സല്ക്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ" (ഫിലി. 4:8). ഇതാണ് ശരിയായ ചിന്തകൾക്ക് "ദൈവവചനത്തിന്റെ ശക്തമായ താങ്ങൽ"

രണ്ടു തരത്തിലുള്ള ചിന്തകളെ ഒരേ സമയം താലോലിക്കുവാൻ നമുക്കാവില്ല എന്ന് അനുഭവം പഠിപ്പിക്കുന്നു. ഉദാഹരണമായി, പാപത്തെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും ഒരേ സമയത്ത് ചിന്തിക്കുവാനാവില്ല. കൂടുതലായി ക്രിസ്തുവിനെ ചിന്തിക്കുമ്പോൾ കൂടുതലായി ജീവിതം ശുദ്ധീകരിക്കപ്പെടും. വ്യക്തമായി പറഞ്ഞാ

ൽ കൂടുതലായി കർത്താവിനെ ചിന്തിക്കുമ്പോൾ അധികം അവനെപ്പോലെയായിത്തീരും. 2 കൊരി. 3:18ൽ പൗലോസ് ഇത് സ്പഷ്ടമാക്കിയിരിക്കുന്നു.

'എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു."

ഈ വേദഭാഗം അപഗ്രഥന വിധേയമാക്കുവാൻ തക്കവണ്ണം ക്രിസ്തീയ വിശുദ്ധിയിൽ ഒരു നിർണ്ണായക പങ്കു വഹിക്കുന്നു.

**എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു** - നമ്മുടെ മുഖത്തിനും കർത്താവിന്റെ മുഖത്തിനും മദ്ധ്യേ പാപം ഒരു മറയായി നിൽക്കുന്നു. പാപങ്ങളെ ഏറ്റു പറഞ്ഞുപേക്ഷിക്കുമ്പോൾ ആ മൂടുപടം മുഖത്തുനിന്ന് നീങ്ങിപ്പോകുന്നു. അപ്പോൾ നമുക്കും രക്ഷകനും മദ്ധ്യേ ഒന്നും തടസ്സമുണ്ടാകുന്നില്ല.

**കർത്താവിന്റെ തേജസ്സിനെ** - കർത്താവായ യേശുവിന്റെ സാന്മാർഗികമായ മഹത്വവും നിർമ്മലമായ സ്വഭാവത്തിന്റെ പരിപൂർണ്ണതയും അവന്റെ പ്രവൃത്തികളുടെ മനോഹാരിതയും ആ വ്യക്തിത്വത്തിന്റെ അതുല്യശ്രേഷ്ഠതയും വേദപുസ്തകത്തിലാകമാനം നാം ദർശിക്കുന്നു.

**കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി** -ആ അവർണ്ണനീയമായ ശ്രേഷ്ഠതയുടെ പ്രദർശനം. അതായത്, നമ്മെ നോക്കിയാൽ കർത്താവിനെ കാണണം. ദൈവവചനത്തെ കണ്ണാടി എന്ന് വിളിച്ചിട്ടുണ്ട്. അത് അതിലെ നായകന്റെ മഹത്വം ഉറക്കെ പ്രഖ്യാപിക്കുന്നുണ്ട്. അതുപോലെ നാമും ആയിത്തീരണം.

**നാം എല്ലാവരും** - വാസ്തവമായി ക്രിസ്തുവിൽ വിശ്വസിച്ച ഏവരും.

**ആത്മാവാകുന്ന കർത്താവിന്റെ ദാനമായി (ആത്മാവിനാൽ)** - പരിശുദ്ധാത്മാവാണ് നമ്മുടെ സ്വഭാവരൂപീകരണത്തിൽ പ്രധാന പങ്കുവഹിക്കുന്നത്. വേദപുസ്തകം വെളിപ്പെടുത്തുന്ന ആ രക്ഷകനെ വിശ്വാസത്താൽ ദർശിക്കുന്ന ഏവരും ക്രിസ്തുവിനോടു സാദൃശ്യന്മാരായി തീരുവാൻ സഹായിക്കുന്നത് ആത്മാവാണ്.

**തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു** - മഹത്വത്തിന്റെ അഥവാ തേജസ്സിന്റെ ഒരു അളവിൽ നിന്ന് മറ്റൊരു അളവിലേക്കാണ് മാറ്റം സംഭവിക്കുന്നത്. അല്ലാതെ, ഒറ്റനിമിഷം കൊണ്ടല്ല ഇത് സംഭവിക്കുന്നത്, അവനോട് സാദൃശ്യന്മാരായി തീരുന്നതുവരെ ഈ പ്രക്രിയ തുടരുന്നു.

**അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു** - അവനോട് സാദൃശ്യന്മാരായി തീരുന്നു. അവനെ ഉറ്റുനോക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ നാം വാസ്തവമായി അവനെപ്പോലെയായി തീരുകയാണ് ചെയ്യുന്നത്. അവനിന്മേലുള്ള നോട്ടം നമ്മെ രൂപാന്തരപ്പെടുത്തുന്നു. ഒരാൾ പറയുകയുണ്ടായി. “നോക്കിയാൽ രക്ഷിക്കപ്പെടുന്നു, നോക്കി കൊണ്ടേയിരുന്നാൽ ശുദ്ധീകരണം പ്രാപിക്കുന്നു.”

William D. Longstaff വ്യക്തമാക്കുന്നു.

“യേശുവിനെ നോക്കുമ്പോൾ നീ അവനെപ്പോലെയായിത്തീരും. നിന്റെ സുഹൃത്തുക്കൾ നിന്റെ പെരുമാറ്റത്തിൽ അവനെ ദർശിക്കും”

## വീഴുന്നതിനുമുമ്പ് വിട്ടോടുന്നത് നല്ലത്

പലായനം ഒരു ധൈര്യസമേതമുള്ള തിരഞ്ഞെടുപ്പായി തീരുന്ന സന്ദർഭങ്ങൾ ഉണ്ട്. അക്രമിക്കുവാൻ വരുന്ന പരീക്ഷണവുമായി മൈലുകളുടെ ഒരു വിടവ് കാത്തുസൂക്ഷിക്കുന്നതാണ് നല്ലത്. യോസെഫ് അതു ചെയ്തു (ഉല്പത്തി. 39:12) അവന് ഉടുതുണി നഷ്ടപ്പെട്ടു. എന്നാൽ കിരീടം ലഭിച്ചു. ഇന്ന് ഓടിപോകേണ്ടിവന്നാലും യുദ്ധം ചെയ്ത് ജയിക്കുവാൻ നാളെ ഒരു അവസരം കിട്ടുമെന്ന് അവൻ തെളിയിച്ചു. ദുർന്നടപ്പു (1കൊരി. 6:18); വിഗ്രഹാരാധന (1കൊരി. 10:14); ദ്രവ്യാഗ്രഹം (1 തിമൊ. 6:10,11); യൗവ്വനമോഹങ്ങൾ (2 തിമൊ. 2:22) എന്നീ കാര്യങ്ങളെ വിട്ടോടണമെന്ന് പ്രത്യേകമായി തിരുവെഴുത്ത് പ്രബോധിപ്പിക്കുന്നു.

ശക്തമായ തീരുമാനങ്ങൾ എടുക്കണമെന്ന് യേശുക്രിസ്തു പഠിപ്പിച്ചു. നിന്റെ കയ്യോ കാലോ നിനക്ക് ഇടർച്ച ആയാൽ അതിനെ വെട്ടി എറിഞ്ഞുകളയുക; രണ്ടു കയ്യും രണ്ടു കാലും ഉള്ളവനായി നിത്യാഗ്നിയിൽ വീഴുന്നതിനേക്കാൾ അംഗഹീനനായിട്ടോ മുടന്തനായിട്ടോ ജീവനിൽ കടക്കുന്നതു നിനക്കു നന്ന്. (മത്തായി. 18:8-9).

അക്ഷരീകമായി അംഗച്ഛേദനം ചെയ്യുന്ന കാര്യമല്ല അവൻ അർത്ഥമാക്കിയത്. നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാണെന്ന വാസ്തവം വിസ്മരിക്കരുത്. എന്നാൽ പാപത്തെ നിസ്സാരമായി കാണരുതെന്ന് അവൻ പ്രബോധിപ്പിക്കുകയാണ്. മറിച്ച് നിഷ്ക്കരുണം അതിനെ നേരിടണം.

പരീക്ഷണങ്ങളെ വിട്ടോടി രക്ഷപെടുമ്പോൾ നമ്മുടെ പുതിയ വിലാസം അവിടെ ഇട്ടിട്ട് പോകരുതെന്ന് ഒരാൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

## ഒരു മരിച്ച വ്യക്തിയെപ്പോലെ പരീക്ഷണങ്ങളോടു പ്രതികരിക്കുക

നമ്മുടെ മുന്നോട്ടുള്ള യാത്രയിൽ ചെയ്യേണ്ട കാര്യങ്ങളുടെ പട്ടിക പൂർണ്ണമായി പ്രതിപാദിച്ചു കഴിഞ്ഞിട്ടില്ല. 'പാപസംബന്ധമായി മരിച്ചവർ' എന്ന് നമ്മെത്തന്നെ കരുതണമെന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു. (റോമ. 6:11). ഈ അലങ്കാരപ്രയോഗം വളരെ വ്യക്തവും അവിസ്മരണീയവുമാണ്. ശവപ്പെട്ടിയിൽ കിടത്തിയിരിക്കുന്ന ഒരുവന്റെ ശവശരീരത്തെ സങ്കല്പിക്കുക. അതിനടുത്തേക്ക് ഒരു പഴയ കാമുകി വന്നിട്ട് ആ ശവത്തെ വന്ദനം ചെയ്യുന്നു....! എന്താണ് സംഭവിക്കുക? ഒരു പ്രതികരണവും ലഭിക്കില്ല. അവളുടെ വീട്ടിലേക്ക് വരുവാൻ ക്ഷണിക്കുന്നു. നിശബ്ദമായി നിശ്ചലമായി ആ ശവം കിടക്കുന്നതല്ലാതെ വേറൊന്നും ദർശിക്കാനാവില്ല. പാപത്തിലേക്കു ഇളക്കിവിടുവാൻ അവൾ ശ്രമിക്കുന്നു. വിശുദ്ധ അഗസ്റ്റിന്റെ ഒരു അനുഭവത്തെ ഇതോർപ്പിക്കുന്നു. അദ്ദേഹം മാനസാന്തരപ്പെടുന്നതിനു മുമ്പ് താൻ സന്ദർശിച്ചിരുന്ന ഒരു കാമുകി ഒരിക്കൽ അദ്ദേഹത്തെ കണ്ടുമുട്ടുവാനിടയായി. അദ്ദേഹം അതിവേഗം തിരിഞ്ഞ് നടന്നപ്പോൾ അവൾ ഉറക്കെ വിളിച്ചു, "അഗസ്റ്റിൻ, ഇതു ഞാനാണ് നിന്റെ പ്രിയപ്പെട്ടവൾ" വേഗം നടന്നുകൊണ്ട് തന്നെ അദ്ദേഹം മറുപടി പറഞ്ഞു. "എനിക്കറിയാം എന്നാൽ അത് ഞാനല്ല... പഴയ അഗസ്റ്റിൻ മരിച്ചുപോയി..."

പാപത്തോടു മരിച്ചവരെന്നു നമ്മെത്തന്നെ കരുതുവാൻ സാധിച്ചാൽ പാപത്തിന്റെ പ്രലോഭനങ്ങളോടും, മിഥ്യ സ്തുതിപാടകരോടും ഒരു ശവം പ്രതികരിക്കുന്നതുപോലെ തന്നെ നിശബ്ദത, നിശ്ചലത കാണിക്കുവാൻ കഴിയും. എന്നാൽ അതു മാത്രമല്ല നാം

ക്രിസ്തുവിൽ ജീവിക്കുന്ന എന്ന ബോധ്യവും നമുക്കുണ്ടാകണം. കർത്താവിനോടുള്ള പെട്ടെന്നുള്ള അനുസരണമാണിതർത്ഥമാക്കുന്നത്. അനന്തരഫലമായി അവന്റെ ഹൃദയത്തെ പ്ര സാദിപ്പിക്കുന്ന കാര്യങ്ങൾ മാത്രം ചെയ്യുവാൻ നാം ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യും.

**അപായത്തെ ഒഴിഞ്ഞു പോകുക**

പ്രായോഗികമായ ഉപദേശത്തിൽ മറ്റൊരു കാര്യംകൂടി ശേഷിപ്പിച്ചിട്ടുണ്ട്. - അനാവശ്യ ചങ്ങാത്തം, സ്പർശനങ്ങൾ, ലാളനകൾ, സ്നേഹപ്രകടനങ്ങൾ, വാചക കസർത്തുകൾ, ശാരീരിക ഭാഷ, കുസൃതി, പെരുമാറ്റം ആശ്വസിപ്പിക്കലുകൾ തുടങ്ങിയവയെല്ലാം അപകടകരമാണ്. ഇവയൊന്നും വേണ്ടാ എന്നല്ല; എന്നാൽ പ്രായത്തിനും ബന്ധത്തിനും സമയത്തിനും അതീതമായ അനാവശ്യമായ ഇത്തരം പ്രവൃത്തികൾ ഒഴിവാക്കണം. അത്തരം ചതിക്കുഴികളിൽ അകപ്പെടുവാനും ഇടയാകരുത്.

സ്വന്തം വ്യക്തിത്വം, സ്വന്തകുടുംബം, ഭാര്യ, വേലക്കാരൻ, സഭ തുടങ്ങിയവരെ സംരക്ഷിക്കേണ്ടതിനും ക്രിസ്തുവിന്റെ നാമത്തിനു അപമാനം വരാതിരിക്കുവാനും Jerry Jenkins പ്രാവർത്തികമാക്കുന്ന ഒരുകൂട്ടം നിയമങ്ങളുടെ പട്ടിക മൂഡി മാസികയിൽനിന്നും ചുവടെ ചേർക്കുന്നു.

1. മുൻപരിചയമോ, ബന്ധമൊ ഇല്ലാത്ത ഒരു സ്ത്രീയുമായി കൂടി കാഴ്ചയോ, ആഹാരം കഴിക്കയോ, യാത്രയോ ആവശ്യമായി വന്നാൽ എന്റെ ഭാര്യയെകൂടെ കൂട്ടും. അല്ലെങ്കിൽ അത്തരം സാഹചര്യം ഒഴിവാക്കാൻ സാധിക്കാതെ വന്നാൽ അക്കാര്യം ഞാൻ ആദ്യംതന്നെ എന്റെ ഭാര്യയോടു പറയും
2. സ്പർശിക്കേണ്ട സാഹചര്യത്തിൽ വളരെ കരുതലുള്ളവനാണ് ഞാൻ. ഹസ്ത ദാനത്തിലൂടെയോ, ആലിംഗനത്തിലൂടെയോ വന്ദനം ചെയ്യേണ്ടിവന്നാൽ അടുത്ത സുഹൃത്തുക്കളോടൊ ബന്ധുക്കളോടോ അങ്ങനെ ചെയ്യുകയുള്ളു. അതും മറ്റുള്ളവരുടെ മുമ്പിൽ വെച്ച് മാത്രം.
3. ഒരു അനുമോദനം അറിയിക്കുകയാണെങ്കിൽ അത് വസ്ത്രത്തെക്കുറിച്ചോ, മുടിയുടെ ഭംഗിയെക്കുറിച്ചോ ആയിരിക്കും,

അല്ലാതെ ആ വ്യക്തിയെക്കുറിച്ചല്ലായിരിക്കും. അവളുടെ സൗന്ദര്യത്തെക്കുറിച്ച് പുകഴ്ത്തുന്നതും വേഷവിധാനത്തെ അനുമോദിക്കുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നാണ് എന്റെ അഭിപ്രായം.

4. ശൃംഗാരം, ദ്വയാർത്ഥ സംഭാഷണങ്ങൾ, ഹാസ്യം തുടങ്ങിയവ ഞാൻ ഒഴിവാക്കുന്നു.

5. സംസാരത്തിലും എഴുത്തിലും കൂടെക്കൂടെ എന്റെ വിവാഹ പ്രതിജ്ഞകളെ ഭാര്യയെ ഓർമിപ്പിക്കാറുണ്ട്. "നാം മരിക്കുവോളം നീ മാത്രമായിരിക്കും എന്റെ ഭാര്യ........" ഡയാന ഇങ്ങനെയൊന്നും പ്രതീക്ഷിക്കുന്ന തരക്കാരിയല്ല. എങ്കിലും എന്റെ പ്രതിജ്ഞകൾ നിവർത്തിക്കാൻ ഞാനത് ചെയ്യും.

6. എന്റെ ജോലിയിൽനിന്ന് മടങ്ങി ഭവനത്തിൽ പ്രവേശിക്കുന്ന സമയം മുതൽ കുട്ടികൾ ഉറങ്ങുന്നതു വരെ ഞാൻ എഴുതുകയോ മറ്റ് ഓഫീസ് ജോലികൾ ചെയ്യുകയോ ഇല്ല; ഇത് എന്റെ ഭാര്യയും കുഞ്ഞുങ്ങളുമായി ചിലവഴിപ്പാൻ ധാരാളം സമയവും ഉണ്ടാക്കിത്തരുന്നു.

## ഇച്ഛാശക്തിയെ ബലഹീനമാക്കുന്ന സംഗതികൾ ഒഴിവാക്കുക

മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ പാപത്തെ പ്രതിരോധിക്കാനുള്ള ശക്തി നഷ്ടപ്പെടുത്തുന്ന പ്രവർത്തികളിൽ നിന്നും ഒഴിവായിരിക്കണം.

മദ്ധ്യപാനത്തിന്റെയോ മയക്കുമരുന്നിന്റെയോ പിടിയിലാണെങ്കിൽ സാധാരണ ചെയ്യാത്ത കാര്യങ്ങളും ചെയ്തുപോകും, സ്വയം നിയന്ത്രിക്കുവാനുള്ള കഴിവും ബോധവും നഷ്ടമാകും.

Erin Lutzer അഭിപ്രായപ്പെടുന്നു.

മദ്ധ്യപാനം ബോധവും നാണവും നശിപ്പിക്കുന്നു എന്ന് നോഹയുടെ അനുഭവം ദൃഷ്ടാന്തീകരിക്കുന്നു. മദ്യപാനത്തെക്കുറിച്ച് ബൈബിൾ പ്രതിപാദിക്കുന്ന പ്രഥമ സംഭവമാണിത്. – നോഹ തന്റെ കൂടാരത്തിൽ നഗ്നനായി കിടന്നു. മദ്യപാനം വ്യക്തിപരമായ ധാർമ്മിക ബോധത്തെ നശിപ്പിക്കുന്നു. മനസ്സിന്റെ വിലക്കുകളെ നശിപ്പിച്ച് ഏതു ഹീനപ്രവൃത്തിയും ചെയ്യുവാൻ പ്രേരിപ്പിക്കുന്നു.

വലിയ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ടി കുടിക്കുന്നവർ വലിയ പ്രശ്നങ്ങളിൽ ചെന്നു ചാടുന്നു. മദ്യപാനം മനുഷ്യനെ മൃഗമാക്കുന്നു.

## സഹായത്തിനുവേണ്ടി വിളിക്കുക

തീവ്രമായ പരീക്ഷണങ്ങളുടെ നിമിഷങ്ങളിൽ, നിസ്സഹായർ എന്നു തോന്നുന്ന സന്ദർഭങ്ങളിൽ എന്താണ് ചെയ്യേണ്ടത്? ഉത്തരം "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുക" യഹോവയുടെ നാമം ബലമുള്ള ഗോപുരം നീതിമാൻ അതിലേക്ക് ഓടിച്ചെന്ന് അഭയം പ്രാപിക്കുന്നു." (സദൃ. 18:10). തിരമാലകൾ ആഞ്ഞടിച്ചപ്പോഴും ആഴസമുദ്രത്തിലേക്കു മുങ്ങുമെന്നു തോന്നിയപ്പോഴും പത്രൊസ് നിലവിളിച്ചു, "കർത്താവേ, എന്നെ രക്ഷിക്കേണമെ, (മത്തായി. 14:30). തത്ക്ഷണം കർത്താവ് അവനെ രക്ഷിച്ചു. എപ്പോഴും അവൻ അത് ചെയ്യുന്നു.

## നിന്നിൽകൂടെയും നീ മുഖാന്തരവും ദൈവം പ്രവർത്തിക്കുന്നു എന്നു വിശ്വസിക്കുക

Samuel Rutherford ഉപദേശിക്കുന്നു. "ദൈവത്തിന്റെ തിരഞ്ഞെടുപ്പിന് അനുസരിച്ചുള്ള സാഹചര്യങ്ങളിലേക്ക് നിന്നെത്തന്നെ വിട്ടുകൊടുക്കുക" എന്നാണ് ഇതിന്റെ അർത്ഥം. John L. Bairdന്റെ വിശദീകരണം രാവിലെ ഞാനും നീയും നമ്മെത്തന്നെ ദൈവകരങ്ങളിൽ സമർപ്പിക്കുമ്പോൾ ആ ദിവസത്തെ മുഴുവൻ അവനായി വേർതിരിക്കുമ്പോൾ ഓർക്കുക. ആ ദിവസത്തിൽ ഒന്നും അവന്റെ അനുവദനീയ ഹിതത്തിനെതിരായി വരില്ല. എല്ലാത്തിനും അതിന്റേതായ സ്ഥാനവും ലക്ഷ്യവും ഉണ്ട്. നമ്മുടെ ചെറിയ പദ്ധതികൾക്ക് കുറുകെ ചിലത് വന്നേക്കാം. എന്തെങ്കിലും മാറ്റങ്ങൾക്കനുസരിച്ച് ചിലത് ശല്യപ്പെടുത്തിയേക്കാം. എന്നാൽ ആ ദിനത്തെ ദൈവത്തിനു സമർപ്പിച്ചിരിക്കുകയാണെങ്കിൽ എന്തുവന്നാലും സകലതും ദൈവത്തിന്റെ അനുവദനീയ ഹിതത്തിനനുസരിച്ചുള്ളതാണെന്ന് നാം വിശ്വസിച്ചേ പറ്റു. അതിനെതിരെ പ്രവർത്തിക്കുവാൻ പാടില്ല. അഥവാ എതിരായ മനോഭാവം നമ്മിൽ ഉടലെടുക്കുകയാണെങ്കിൽ അത് ആത്മാവിനു വേദനയും മനസ്സിന് ദുഃഖവും ഉണ്ടാക്കുന്നു. ദൈവം നമുക്ക് തരുവാൻ ആഗ്രഹിക്കുന്ന അനുഗ്രഹങ്ങൾ നഷ്ടമാക്കുകയാണ് ചെയ്യുന്നത്. എന്നാൽ നമ്മെതന്നെ അതിന് വിട്ടുകൊടുക്കുക. ഏതു തരത്തിലുള്ള സാഹചര്യമായാലും

പൂർണ്ണ മനസ്സാലെ സ്വീകരിക്കുക."

Harold Wildish -ഉം സമാനമായ ഒരു പ്രബോധനം തന്റെ ബൈബിളിന്റെ പ്രഥമ താളിൽ നൽകിയിട്ടുണ്ട്.

"നിന്റെ പാപഭാരത്തെ വിട്ട് ക്രിസ്തു പൂർത്തിയാക്കിയ രക്ഷ ണ്യപ്രവൃത്തിയിൽ ആശ്രയിക്കുന്നതുപോലെ നിന്റെ ജീവിതത്തി ന്റെയും പ്രവൃത്തികളുടെയും ഭാരം വിട്ട് ഇപ്പോൾ നിന്നിലുള്ള പരി ശുദ്ധാത്മാവിന്റെ ആന്തരിക പ്രവൃത്തികളിൽ ആശ്രയിക്കുക. രാവി ലെതോറും പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുവാൻ നിന്നെ തന്നെ വിട്ടുകൊടുക്കുക. ദിനം മുഴുവൻ നിന്നെ നിയന്ത്രിക്കുവാൻ അവനെ അനുവദിച്ച് നന്ദിയോടെ മുന്നോട്ടുപോകുക. അവനെ അനുസരിക്കുന്നതു ശീലമാക്കുക. അവന്റെ ഹിതപ്രകാരം നിന്നെ നയിക്കുവാനും വിവേകം നല്കുവാനും ശാസിക്കുവാനും പഠിപ്പി ക്കുവാനും ഉപയോഗിക്കുവാനും സമർപ്പിക്കുക"

ആത്മാവിൽ നിറയുക എന്നത് വികാരക്ഷോഭമല്ല, ഇത് വിശുദ്ധി പ്രാപിക്കലാണ്. ഓരോ ദിനവും കഠിനപ്രവൃത്തികളും, അനുഭവ ങ്ങളും കൊണ്ട് നിറഞ്ഞതായിരിക്കും. ഉയർച്ച താഴ്ചകൾ കാണും. സുഖദുഃഖ സമ്മിശ്രമായിരിക്കും. ലോകത്തിന്റെ കെണികളും പാപ ത്തിന്റെ ചതിക്കുഴികളും പോകുന്ന പാതകളിൽ മറഞ്ഞു കിടക്കും. കരുതലോടെ കടന്നുപോകുക. നാം ആശ്രയിച്ചിരിക്കുന്നത് സർവ്വ ശക്തനായ ദൈവത്തെയാണ്. അവൻ പകർന്നു തരുന്ന ശക്തി പ്രാപിക്കുവാൻ നമുക്കു കഴിയണം. ദൈവം നമ്മിലും നാം മുഖാ ന്തരവും പ്രവർത്തിക്കുന്നു എന്ന് ബോധമുള്ളവരായിരിക്കുക. നമ്മുടെ ജീവിതം കൊണ്ട് മറ്റുള്ളവരെ സ്പർശിക്കുമ്പോൾ നാം ദൈവത്തിനുവേണ്ടി ചില കാര്യങ്ങൾ പ്രവൃത്തിക്കുകയാണ്.

ആത്മാവിൽ നിറയുമ്പോൾ ശക്തി പ്രാപിക്കും (ലൂക്കൊസ് 24:49; അപ്പൊ. 1:8) സാക്ഷികളാകുവാൻ ധൈര്യം ലഭിക്കും (അ പ്പൊ, പ്രവൃത്തി.13:52); സ്തുതികളാൽ ദൈവത്തെ മഹത്വപ്പെ ടുത്തും (ലൂക്കൊസ് 1:67-75; എഫെ. 5:19,20) അന്യോന്യം കീഴ്പ്പെട്ടിരിക്കും (എഫേ, 5:21)

വിശുദ്ധീകരണത്തിന്റെ മറ്റൊരു വശത്തേക്കു തിരിയുകയാണ്. ഇതു രാജ്യങ്ങളിലാണ് ഒരു ക്രിസ്ത്യാനി കർത്താവിന്റെയും ലോകത്തിന്റെയും..! ഒരു ക്രിസ്ത്യാനി ഇതിന്റെ വ്യത്യാസം അറിഞ്ഞ് ഏതു രാജ്യത്തോടു കൂറു പുലർത്തേണ്ടതെന്ന് മനസ്സി ലാക്കേണ്ടതാവശ്യമാണ്.

# അദ്ധ്യായം 12

## ഇരുരാജ്യങ്ങൾ

ഘടനയിലും ലക്ഷ്യത്തിലും തികച്ചും പരസ്പരവിരുദ്ധങ്ങളായ രണ്ടു രാജ്യങ്ങളേക്കുറിച്ചുള്ള വിശദീകരണമാണീഭാഗം. ആദ്യത്തേത് ലോകത്തെക്കുറിച്ചും രണ്ടാമത്തേത് ദൈവപുത്രന്റെ രാജ്യത്തേക്കുറിച്ചുമാണ്. ഒരു ഉടമ്പടിയിലേർപ്പെടാനാവാത്ത അവസ്ഥയിലുള്ള രാജ്യങ്ങൾ. ഒന്നിൽ അധാർമ്മികതയും, അനാത്മീകതയും, അന്ധകാരവും കൊടികുത്തിവാഴുന്നു; മറ്റേതിൽ വെളിച്ചവും. രണ്ടിനും മദ്ധ്യേ ഒന്നിക്കുവാനാവാത്ത ഒരു വലിയ വിടവുണ്ട്.

### ലോകം

ലോകത്തെക്കുറിച്ച്സംസാരിക്കുമ്പോൾ മനോഹര ഭൂമിയേയോ നഷ്ടപ്പെട്ട വർഗ്ഗത്തെയോ അല്ല അർത്ഥമാക്കുന്നത്. മറിച്ച് ദൈവത്തിൽ നിന്നകന്ന മനുഷ്യൻ സ്വയം കെട്ടിപ്പടുത്ത ജാതീയ സംസ്കാരമാണിത്. ദൈവത്തെ പുറത്താക്കിയിട്ട് സന്തോഷിക്കുവാനും, സുഖിക്കുവാനും മനുഷ്യൻ ഉണ്ടാക്കിയ അധാർമ്മിക പ്രവർത്തികളാണിത്. വ്യാജപ്രമാണങ്ങളും, തെറ്റായ മൂല്യങ്ങളും കപടദൈവങ്ങളും വാഴുന്ന രാജ്യമാണിത്. നികൃഷ്ടമായ ആഗ്രഹങ്ങളും, അഹംഭാവവും, സ്വാർത്ഥതയും ആണ് ഈ രാജ്യത്തിന്റെ പെരുമാറ്റചട്ടം. ദുഷ്ടതയാണ് ഈ രാജ്യത്തിന്റെ മാനദണ്ഡം. വാസ്തവത്തിൽ ദൈവത്തിനെതിരായി മനുഷ്യൻ സൃഷ്ടിച്ചെടുത്ത കൃത്രിമ രാജ്യം; ദൈവീക നീതിശാസ്ത്രത്തിനു നിരക്കാത്ത കർമ്മാനുഷ്ഠാനങ്ങൾ, തേർവാഴ്ച നടത്തുന്ന സാത്താന്യ രാജ്യം. അധാർമ്മികതയുടെ കൂർത്ത പല്ലുകൾക്കിടയിൽപ്പെട്ട മനുഷ്യരുടെ അട്ടഹാസമാണ് ഇവിടെ നിന്നുയരുന്നത്. കർത്താവിനെ അവഗണിക്കുക മാത്രമല്ല, അവനെതിരെ വലിയ ശത്രു നിലനിർത്തുന്ന ഇടമാണിത്. ദൈവത്തിൽ നിന്നുള്ള ഒളിച്ചോട്ടത്തെക്കാൾ അവനെതിരെയുള്ള യുദ്ധമാണിത്.

### നമ്മുടെ കർത്താവിന്റെ രാജ്യം

ദൈവപുത്രന്റെ രാജ്യമെന്നത് യേശുക്രിസ്തുവിനെ കർത്താവും, രക്ഷിതാവുമായി അംഗീകരിക്കുന്നവരുടെ സമൂഹമാണ്. ജീവി

തത്തിന്റെ സകല പ്രായോഗിക തലത്തിലും ക്രിസ്തീയ നീതി ശാസ്ത്രം കാത്തുസൂക്ഷിക്കുന്നവർ (ദൈവരാജ്യത്തിനും, സഭയ്ക്കും തമ്മിൽ സാങ്കേതികമായ വ്യത്യാസമുണ്ടെങ്കിലും ഇവിടെ അവയെ ഒന്നായി പരിഗണിക്കാം).

## പിശാചും ക്രിസ്തുവും

പിശാചാണ് ലോകത്തിന്റെ അധികാരി. ലോകത്തിന്റെ പ്രഭു (യോഹന്നാൻ 12:13; 14:30; 16:11). ലോകത്തിന്റെ ദൈവം (2 കൊരിന്ത്യർ 4:4); ദുഷ്ടൻ (1 യോഹന്നാൻ 5:19); കൊലപാതകൻ, ഭോഷ്ക്കു പറയുന്നവൻ (യോഹന്നാൻ 8:44). മോഷ്ടിപ്പാനും, അറുപ്പാനും, മുടിപ്പാനും വരുന്നവൻ (യോഹന്നാൻ 10:10) എന്നൊക്കെയാണ് ബൈബിൾ അവനെ വിളിക്കുന്നത്. യേശുക്രിസ്തുവാണ് ദൈവരാജ്യത്തിന്റെ അധികാരി. അവന്റെ ലക്ഷ്യം ജീവൻ സമൃദ്ധിയായി തരുക എന്നതാണ് (യോഹന്നാൻ 10:10). മറ്റു നാമധേയ അധികാരികൾ ഉണ്ടെങ്കിലും, "........അവൻ സകലത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതും ആകുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കു ഉണ്ടു; അവൻ മുഖാന്തരം സകലവും, അവൻ മുഖാന്തരം നാമും ആകുന്നു.." (1കൊരിന്ത്യർ 8:6).

## ഈ രാജ്യങ്ങളിലെ അംഗങ്ങൾ ആരാണ്?

വീണ്ടും ജനിക്കാത്തവർ ലോകരാജ്യത്തിലെ അംഗങ്ങളാണ് (1യോഹന്നാൻ 5:14). സ്വാഭാവിക ജനനത്തിലൂടെയാണ് ഈ അംഗത്വം ലഭിക്കുക. ലോകത്തെ ഭവനമായി കരുതുന്ന ഭൂവാസികളാണ് അവർ. സങ്കീർത്തനക്കാരൻ അവരെക്കുറിച്ച് പറയുന്നു. "ലൗകീക പുരുഷന്മാർ..... അവരുടെ ഓഹരി ഈ ആയുസ്സിൽ അത്രേ...." (17:14). അവർ ലോകത്തെ സ്നേഹിക്കുകയും ലോകം അവരെ സ്നേഹിക്കുകയും ചെയ്യുന്നു (യോഹന്നാൻ 15:19).

ഒരുവൻ വീണ്ടും ജനിക്കുമ്പോൾ ഇത് ജലസ്നാനത്താൽ ചിത്രീകരിക്കപ്പെടുന്നു. ലോകരാജ്യത്തിൽ നിന്ന് ദൈവരാജ്യത്തിലെ അംഗമായിത്തീരുന്നു (യോഹന്നാൻ 3:3,5). തുടർന്നും ലോകത്തിൽ തന്നെയാണെങ്കിലും അതിന്റെ അംഗഘടനയുടെ ഭാഗമല്ല (യോഹന്നാൻ 14:18; 17:11). മറിച്ച് ഇവിടെ പ്രവാസിയും, പരദേ

ശിയും ആണ് (പത്രൊസ് 2:11); ലോകത്തിന് അപരിചിതൻ; ലോകത്തിന്റെ ഒരു സ്വഭാവവും സ്വീകരിക്കാതെ സ്വർഗ്ഗത്തിലേക്ക് യാത്രചെയ്യുന്നവൻ; ദൈവത്തിനു ശത്രുവായി തീരും എന്ന് മന സിലാക്കി ലോകത്തെ സ്നേഹിക്കാത്തവൻ (1യോഹന്നാൻ 2:15); ലോകത്തിന്റെ നിന്ദ മനഃപ്പൂർവ്വമായി സ്വീകരിക്കുന്നവൻ (യോഹ ന്നാൻ 15:18,19; 17:14; 1യോഹന്നാൻ 3:13). വ്യക്തമായി പറ ഞ്ഞാൽ ഈ ലോകത്തിന് അനുരൂപനാകാതെ, അതിന്റെ മൂശ യിൽ അമർത്തപ്പെടുവാൻ സ്വയം എറിഞ്ഞുകൊടുക്കാത്തവൻ (റോമർ 12:2). ഒരു തരത്തിലും സഹകരിക്കാതെ ലോകത്തോടു ഒരു ശത്രുതാ മനോഭാവം വെച്ചുപുലർത്തുകയും ലോകത്തിന്റെ പ്രവർത്തികൾ ദുഷ്ടത നിറഞ്ഞതാണെന്നു സാക്ഷ്യപ്പെടുത്തുന്ന വരുമാണ് ക്രിസ്തുവിന്റെ രാജ്യത്തിലെ അംഗങ്ങൾ (യോഹന്നാൻ 7:7). മാത്രമല്ല, ഈ ലോകത്തിന്റെ ബന്ധനത്തിൽ നിന്ന് രക്ഷ പെട്ട് ക്രിസ്തുവിൽ ലഭിക്കുന്ന വാസ്തവമായ സ്വാതന്ത്ര്യം സ്വീക രിക്കുവാനുള്ള മാർഗ്ഗം ഈ ലോകത്തോടു പങ്കുവെക്കുന്നവരുമാ യിരിക്കണം ( 2കൊരിന്ത്യർ 5:18-21).

ലോകം അതിന്റെ സകലമോടിയും പ്രദർശിപ്പിച്ച് ആകർഷി ക്കും. അതിന്റെ വശീകരണവലയം സദാസമയം ചുറ്റിനുമുണ്ട്. അതിൽ നിന്നുമുള്ള പൂർണ്ണമായ വേർപാട് ഒരു നഷ്ടമായി കരു തുന്ന ചില ക്രിസ്ത്യാനികളുമുണ്ട്. അവർ അതിൽ ലംഘിച്ച് പോകാൻ തക്കം പാർക്കാറുണ്ട്. ഇരു രാജ്യങ്ങളിൽനിന്നും നന്മ ആഗ്രഹിക്കുന്നവരാണ് അവർ. അങ്ങനെയുള്ള ചിലർ ലോകത്തി ലേക്കു ചേരുമ്പോൾ മറ്റുചിലരാകട്ടെ ലോകത്തിലെ കാര്യങ്ങൾ ക്രിസ്തുരാജ്യത്തിലേക്കു വലിച്ചിഴക്കാൻ ശ്രമിക്കാറുണ്ട്. ഒരാൾ പറയുകയുണ്ടായി, “ഞാൻ സഭയ്ക്കുവേണ്ടി നോക്കി, അതിനെ ലോകത്തിൽ കണ്ടെത്തി; ഞാൻ ലോകത്തെ നോക്കി സഭയിൽ കണ്ടെത്തി". രണ്ടു രാജ്യങ്ങളുടേയും വ്യത്യാസമറിയാതെയുള്ള പ്രവർത്തികൾ ക്രിസ്തുനാമത്തിനു കളങ്കം ചാർത്താറുണ്ട്.

Words worth പറയുന്നു:

“ലോകം അധികമായി നമ്മോടൊപ്പം ഉണ്ട്, അതിനുവേണ്ടി സമയം കളയുകയും, സമ്പത്ത് ചിലവഴിക്കുകയും ചെയ്യുന്നു; നമ്മുടെ ശക്തി വൃഥാവാക്കുന്നു"

ഒരു ദൈവപൈതൽ ലോകത്തോടു ഇടപഴകുവാൻ ആഗ്രഹിച്ചാൽ ചിലപ്പോൾ ദൈവം അനുവദിക്കാറുണ്ട്. കയ്പു നിറഞ്ഞ അനുഭവങ്ങളിലൂടെ ലോകം അർത്ഥരഹിതമാണെന്നു അവൻ മനസ്സിലാക്കാൻ വേണ്ടിയാണ്. അതിന്റെ സുഖഇമ്പങ്ങൾ താല്ക്കാലികവും കൃത്രിമവുമാണ്. നീണ്ടുനിൽക്കുന്ന സംതൃപ്തി തരുവാൻ ലോകത്തിനാവില്ല. കാഴ്ചയിൽ നല്ലതെന്നു തോന്നുമെങ്കിലും അനുഭവത്തിൽ കയ്പാണ്.

നീർച്ചാലില്ലാത്ത അരുവികളിൽ നീർപൊട്ടാനായി ഞാൻ തേടി
കുടിക്കുവാൻ കുനിഞ്ഞപ്പോൾ പൊട്ടിച്ചിരിച്ചവർ
ക്രിസ്തു അല്ലാതെന്നെയാരും തൃപ്തനാക്കാഞ്ഞപ്പോൾ
നിത്യ സന്തോഷജീവനും ക്രിസ്തുവിൽ മാത്രം ഞാൻ കണ്ടേ...!

## ലോകത്തിൽ എന്താണുള്ളത്?

അപ്പോസ്തലനായ യോഹന്നാൻ പറയുന്നു ഈ ലോകത്തിലുള്ളത് ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയാണ് (1യോഹന്നാൻ 2:16). അർത്ഥം, ലൈംഗീകം, അക്രമം, യുദ്ധം, സമ്പത്ത്,സാമൂഹിക സ്ഥിതി, ശക്തി തുടങ്ങിയവയെ ഈ ലോകം മഹത്വപ്പെടുത്തുന്നു. ലോകജനത സമയത്തിനനുസരിച്ച് ജീവിക്കും, നിത്യതയ്ക്കു വേണ്ടിയല്ല, സമയം കൊല്ലുവാനാണ്, സമൂഹത്തിനുവേണ്ടിയല്ല, സ്വയത്തിനുവേണ്ടി, ദൈവത്തിനു വേണ്ടിയല്ല അവരുടെ എല്ലാപദ്ധതികളും ശവകുടീരത്തിൽ അവസാനിക്കുന്നതാണ്.

ഒരു ക്രിസ്ത്യാനിക്ക് വ്യത്യസ്ത വീക്ഷണമാണുള്ളത്. അവന്റെ മൂല്യനിർണ്ണയങ്ങളും മാനദണ്ഡങ്ങളും ലോകത്തിൽ നിന്ന് വ്യത്യസ്തമാണ്. ജഡീക മോഹമല്ല സ്നേഹമാണവന്റെ മുഖമുദ്ര. ദുഷ്ടതയും, കാപട്യവും, കലഹവുമല്ല, ഐക്യമാണ് ലക്ഷ്യം. ഭൗതീകത്തിനല്ല ആത്മീയതക്കാണ് മുൻതൂക്കം. "നീതിയും, സമാധാനവും, പരിശുദ്ധാത്മാവിൽ സന്തോഷവുമാണ്" വിശ്വാസിയുടെ ആപ്തവാക്യം (റോമർ14:17). കണ്മോഹത്തിനു പകരം വിശ്വാസദർശനങ്ങൾക്കാണ് അവൻ പ്രാധാന്യം നൽകുന്നത്. ജഡമോഹത്തേക്കാൾ ആത്മാവിന്റെ ആഗ്രഹങ്ങളാണ് പ്രാവർത്തികമാക്കുന്നത്. ജീവനത്തിന്റെ പ്രതാപത്തേക്കാൾ ദൈവനാമം മഹത്വപ്പെടുക എന്നതാണ് പരമോന്നതമായ ലക്ഷ്യം.

## എന്താണ് ലൗകീകം?

പുകവലി, മദ്യപാനം, നൃത്തം, ചീട്ടുകളി, സിനിമ തുടങ്ങിയവയെ ലൗകീകമായി വ്യാഖ്യാനിക്കുന്ന രീതിയാണ് കഴിഞ്ഞകാലങ്ങളിൽ ദർശിക്കുവാൻ കഴിയുന്നത്. വാസ്തവത്തിൽ "ഞാൻ മദ്യപിക്കില്ല, പുകവലിക്കില്ല, മുറുക്കില്ല, പെൺകുട്ടികളോടൊപ്പം പോകില്ല" എന്ന പശ്ചാത്താപം പരിഹാസ്യമാണ്. ലൗകീകത്തിന്റെ പരിണിത ഫലങ്ങളാണവ. തെറ്റായ മനോഭാവങ്ങൾ, ലക്ഷ്യങ്ങൾ, ചിന്തകൾ തുടങ്ങിയവയെയാണ് പ്രഥമമായി മാറ്റേണ്ടത്. അതിന്റെ ഫലമായി പ്രവർത്തിപഥത്തിൽ മാറ്റംവരും. പാപമെന്ന വടവൃക്ഷത്തിന്റെ പഴുത്തുവീഴുന്ന ഫലങ്ങളെയാണ് നാം സാധാരണഎതിർക്കുന്നത്. അവയെ ഛേദിച്ചു കളഞ്ഞാലും ഋതുക്കൾ മാറിവരുമ്പോൾ വൃക്ഷംവീണ്ടും ഫലം പുറപ്പെടുവിക്കും. വൃക്ഷംവെട്ടിക്കളഞ്ഞാലും വീണ്ടും കിളിച്ചുവരും. പുതിയനിയമമനുസരിച്ചുള്ള ഒരനുഭവത്തിലേക്ക് വരണമെങ്കിൽ പാപത്തിന്റെ ഉറവിടമായ മനോഭാവങ്ങളേയും, ചിന്തകളേയും, ലക്ഷ്യങ്ങളേയും വേരോടെ പിഴുതെറിയണം.

## ഏതു ലോകത്തോടൊപ്പം?

ലോകത്തിന് വ്യത്യസ്തമായ രൂപഘടനകളുണ്ട്. രാഷ്ട്രീയ ലോകം; അതിന്റെ സ്വഭാവംകൊണ്ട് തന്നെ നശിക്കപ്പെട്ടതാണ്. വാണിജ്യലോകം; തികച്ചും അധാർമികമാണ്. മതപരമായ ലോകം; പാപപങ്കിലമാണ്.സംഗീത,സാംസ്കാരിക,കലാ ലോകം; ക്രിസ്തുവിനെ പാടെ ദുഷിക്കുന്നതാണ്. അസന്മാർഗികതയുടെ വിളനിലങ്ങളാണ്. വിനോദ ലോകം; അശ്ലീലവും, അസഭ്യവും, ലൈംഗീക ആസക്തിയും നിറഞ്ഞതാണ്. മാധ്യമലോകം അവയെയെല്ലാം പൂർണ്ണമായി പിന്തുണക്കുന്നു.

ലോകത്തിന്റെ ഈ ബഹുവിധ മുഖങ്ങളോട് ഒരു വിശ്വാസി എങ്ങനെ പ്രതികരിക്കണം? രാഷ്ട്രീയ ലോകത്തിൽ ക്രിസ്തുവോ, അപ്പോസ്തലന്മാരോ ഉൾപ്പെട്ടിട്ടില്ല എന്നവൻ ഓർക്കണം. കർത്താവ് പറഞ്ഞിട്ടുണ്ടല്ലോ, "എന്റെ രാജ്യം ഐഹീകമല്ല" (യോഹന്നാൻ 18:3).പൗലോസ് ഓർമ്മിപ്പിക്കുന്നുണ്ടല്ലോ, നമ്മുടെ പൗര

ത്വമോ സ്വർഗ്ഗത്തിൽ ആകുന്നു" (ഫിലിപ്പിയർ 3:20). മനുഷ്യന്റെ പരമപ്രധാനമായ പ്രശ്നത്തിനു പരിഹാരം രാഷ്ട്രീയത്തിലല്ല ഉള്ളത്, സുവിശേഷത്തിന്റെ വീണ്ടെടുപ്പിൻ കൃപയിലാണ്.

വാണിജ്യ ലോകത്തിൽ നിന്ന് ദൈവജനത്തിന് പൂർണ്ണമായി മാറി നിൽക്കാനാവില്ല. അതിനാൽ പൗലോസ് ബുദ്ധിയോടെ ഉപദേശിക്കുന്നു, "ലോകത്തെ അനുഭവിക്കുന്നവർ അതിനെ അനുഭവിക്കാത്തവരെപ്പോലെയും ആയിരിക്കേണം" (1കൊരിന്ത്യർ 7:31). പടയാളികൾ ലോകകാര്യങ്ങളിൽ ഇടപെടരുതെന്നും ഓർമ്മിപ്പിച്ചിട്ടുണ്ട് (2തിമോഥെയോസ് 2:4).

മതപരമായ ലോകം എന്നർത്ഥമാക്കുന്നത് ബൈബിളിലെ ക്രിസ്തുവിനെ ഒഴിവാക്കിയ ലോകമാണ്. "ഒരു വിശ്വാസിയോ അവന്റെ നിന്ദവഹിച്ചു പാളയത്തിനു പുറത്തേക്കു പോകണം" (എബ്രായർ11:14).

സാംസ്കാരിക, സംഗീത, കലാലോകത്തോടുള്ള ബന്ധത്തിൽ ജീവിതത്തിൽ എന്തിനാണ് മുൻഗണന കൊടുക്കുന്നത്? എന്താണ് ചിന്തിക്കേണ്ടത്; കർത്താവിനോ....ഈ ലോകങ്ങൾക്കോ? സംസ്കാരത്തിന്റെ കേന്ദ്രഭൂമിയായ ഏഥൻസിലെത്തിയപ്പോൾ കലയുടെ ബഹുമുഖങ്ങൾ ദർശിച്ച് പൗലോസ് ദുഃഖിതനായില്ല. എന്നാൽ അവിടുത്തെ വിഗ്രഹാരാധന തന്നെ വേദനിപ്പിക്കുകയും അരയോപഗകുന്നിന്മുകളിൽ വെച്ച് രക്ഷയുടെ സുവിശേഷം പ്രസംഗിക്കുകയും ചെയ്തു (അപ്പൊ. പ്രവൃത്തികൾ 17).

വിനോദലോകമോ? അത് ജനങ്ങളെ നരകത്തിലേക്ക് "വിനോദ" യാത്രയാക്കുന്നു. വിനോദമാണോ ജീവിതം? ഈ ലോകത്തിനാണോ സംതൃപ്തി നൽകുവാൻ കഴിയുക? മാധ്യമങ്ങൾ, സിനിമാശാലകൾ, മാസികകൾ തുടങ്ങിയവ ഏതെങ്കിലും ആത്മീക അഭിവൃദ്ധി നൽകുന്നുണ്ടോ? അശ്ലീലവും, അനാശാസ്യവും പ്രായോഗികമാക്കുന്നവർ ദൈവത്തിനുവേണ്ടി ചരിത്രം സൃഷ്ടിക്കുന്നില്ല എന്നതാണ് ഉത്തരം.

ഒരു ശിഷ്യൻ ലോകത്തിന് വെളിയിലായിരിക്കണം. ഓരോ പ്രവൃത്തിയിലും ഉൾപ്പെടുന്നതിനുമുമ്പ് പരിശോധിക്കുക; ഈ പ്രവൃ

ത്തി ഏതെങ്കിലും ആത്മീക അഭിവൃദ്ധി എനിക്കു നൽകുന്നുവോ? എന്റെ യജമാനൻ പ്രസാദിക്കുമോ? ആർക്കിമിഡീസ് പറഞ്ഞു, "ഈ ലോകത്തെ ചലിപ്പിക്കണമെങ്കിൽ ഞാനതിനു വെളിയിലായിരിക്കണം". ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ഇത് വാസ്തവമാണ്. ലോകത്തിൽ നിന്ന് വേർപെടാതെ ഒരിക്കലും അവനത് ചലിപ്പിക്കുവാനാവില്ല.

## രണ്ടു തരത്തിലുള്ള ജ്ഞാനം

ദൈവീകജ്ഞാനത്തേയും അതിനെതിരായി നിലകൊള്ളുന്ന ലോകജ്ഞാനത്തേയും ഉദാഹരണങ്ങളിലൂടെ ഒരു താരതമ്യപഠന വിധേയമാക്കുന്നത് ഉചിതമായിരിക്കും.

## ലോകജ്ഞാനം

കാഴ്ച, സ്പർശനം.കൈകാര്യം തുടങ്ങിയവയിലൂടെ അനുഭവിക്കുന്നതാണ് യാഥാർത്ഥ്യം, വാസ്തവം.

മനുഷ്യന്റെ മനസ്സിലും, ബുദ്ധിയിലുമാണ് ജ്ഞാനം.

സേവിക്കപ്പെടുവാൻ തക്കവണ്ണം യജമാനനും കർത്താവുമായി തീരുന്നതിലാണ് മഹത്വം.

ഏതു സമയത്തും സാംസ്കാരികമായി സ്വീകാര്യമായിരിക്കുന്നതിലാണ് സത്യം.

വലിപ്പത്തിലും, വലിയ സംഖ്യയിലുമാണ് ലക്ഷ്യം. വലുത് മനോഹരമാണ്.

സ്വയത്തിനേല്പിച്ച് ജീവിതത്തെ രക്ഷിക്കുക. സ്വയത്തോടു വിശ്വസ്തത പുലർത്തി അതിനു പ്രഥമസ്ഥാനം നൽകുക.

പേരിനും പെരുമക്കും ഉന്നതസ്ഥാനത്തിനും വേണ്ടി നിന്നാൽ വിജയം വരിക്കാം.

വസ്തുവകകൾ കുന്നുകൂട്ടി സമ്പത്ത് ഉണ്ടാക്കാം.

കാണുന്നത് വിശ്വസിക്കുന്നു. ഈ ലോകത്തിന്റെ മനുഷ്യൻ കാഴ്ചയിലാശ്രയിച്ച് നടക്കുന്നു.

അന്ത്യത്തിൽ എല്ലാം നീതീകരിക്കപ്പെടുന്നു. ഏതു നീചമാർഗ്ഗമായാലും ഒരു കാര്യം നേടുവാൻ വേണ്ടി സ്വീകരിക്കാം.

## ദൈവീകജ്ഞാനം

കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ..... കാണുന്നതു താല്ക്കാലികം, കാണാത്തതു നിത്യം (2 കൊരിന്തിൽ4:18).

യഹോവ ഭക്തിജ്ഞാനത്തിന്റെ ആരംഭം (Psalms 111-10).

സേവ ചെയ്യുവാൻവേണ്ടി, ചെറിയ സ്ഥാനം തിരഞ്ഞെടുക്കുന്നതിലാണ് മഹത്വം (ലൂക്കോസ് 22:26,27).

ദൈവം എന്തിനെക്കുറിച്ച് പറഞ്ഞാലും സത്യമാണ് (യോഹന്നാൻ 17:17). അതിന് ഒരിക്കലും മാറ്റം വരുന്നില്ല.

അളവിലല്ല ഗുണത്തിലാണ് കാര്യം. (ഗിദെയോന്റെ സൈന്യം-ന്യായാധിപന്മാർ 7:1-7). ദൈവത്തിനു വേണ്ടത് സമർപ്പണമുള്ള ഒരു ശേഷിപ്പിനെയാണ്.

ക്രിസ്തുവിനും, സുവിശേഷത്തിനും വേണ്ടി ജീവനെ നഷ്ടമാക്കുക (മർക്കോസ് 8:35). മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ (ഫിലിപ്പിയർ 2:3). മറ്റുള്ളവർക്കുവേണ്ടി ജീവിക്കുക.

ശിഷ്യത്വമെന്നാൽ തന്നെത്താൻ ഒഴിച്ച് (ഒന്നുമില്ല എന്നുകരുതി) ഒരു താഴ്ന്ന ജീവിതമാണ് (ഫിലിപ്പിയർ2:7).

ആത്മാവിനെ നേടുക എന്നതാണ് യഥാർത്ഥ സമ്പന്നത. ഒരു വിശ്വാസി സ്വർഗ്ഗത്തിലാണ് നിക്ഷേപങ്ങൾ കൂട്ടിവെക്കേണ്ടത് (മത്തായി 6:20). ഭൗതികകാര്യങ്ങളുടെ സമൃദ്ധിയിലല്ല ആത്മീക നിക്ഷേപങ്ങളിലാണ് വിശ്വാസി സമ്പന്നൻ. സകലതും നഷ്ടപ്പെടുത്തുമ്പോൾ എല്ലാം നേടുന്നു.

വിശ്വസിക്കുന്നത് കാണുന്നു. കാഴ്ചയാലല്ല വിശ്വാസത്താലത്രെ ഒരു ദൈവപൈതൽ നടക്കുന്നത് (2കൊരിന്ത്യർ 5:7).

ശരിയായതു മാത്രം ചെയ്യുക. ദൈവവചനത്തെ അനുസരിക്കുക. അനന്തരഫലങ്ങൾ അവന് വിട്ടുകൊടുക്കുക (അപ്പൊ. പ്രവൃത്തികൾ 5:39).

ലോകജ്ഞാനത്തെ ദൈവീകജ്ഞാനത്തോട് താരതമ്യപ്പെടുത്തിയിട്ട് പൗലോസ് എഴുതി: "......ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വ

സിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി......... ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു: യെഹൂദന്മാർക്കു ഇടർച്ചയും ജാതികൾക്കു ഭോഷത്വവുമെങ്കിലും യെഹൂദന്മാരാകട്ടെ, യവനന്മാരാകട്ടെ വിളിക്കപ്പെട്ട ഏവർക്കും ദൈവശക്തിയും ദൈവജ്ഞാനവുമായ ക്രിസ്തുവിനെ തന്നേ. ദൈവത്തിന്റെ ഭോഷത്വം മനുഷ്യരെക്കാൾ ജ്ഞാനമേറിയതും ദൈവത്തിന്റെ ബലഹീനത മനുഷ്യരെക്കാൾ ബലമേറിയതും ആകുന്നു" (1കൊരിന്ത്യർ 1:21,23-25).

## ഇരുരാജ്യങ്ങളുടെ വ്യവസ്ഥിതികൾ

ഇരുരാജ്യങ്ങളുടേയും ജ്ഞാനം പരസ്പരവിരുദ്ധമാണെങ്കിൽ തീർച്ചയായും അവയുടെ വ്യവസ്ഥിതികളും വ്യത്യസ്തമായിരിക്കും. രണ്ടു വ്യവസ്ഥിതികളുടെയും ഒരു താരതമ്യ പഠനപട്ടിക ചുവടെ ചേർക്കുന്നു.

## ലോകത്തിന്റെ വ്യവസ്ഥിതികൾ

നിന്നെ സഹായിക്കുന്നവരെ സഹായിക്കുക..!

പ്രതികാരം ചെയ്യുക, പകരത്തിനു പകരം ചെയ്യുക.

ആവശ്യമെങ്കിൽ ആക്രമിക്കുക

അത്യാഗ്രഹത്തിനനുസരിച്ച് നൽകുക.

കൈക്കൂലിയുടേയും, അഴിമതിയുടെയും മാർഗ്ഗങ്ങളിലൂടെ തടസ്സങ്ങളെ അതിജീവിക്കുക.

മത്സരമാണ് എന്തിലും വേണ്ടത്.

അല്പം പ്രവൃത്തിക്കുക. കഴിയാവുന്നിടത്തോളം നേടുക.

കാണുന്നതനുസരിച്ച് ന്യായം വിധിക്കുക.

## ക്രിസ്തുവിന്റെ വ്യവസ്ഥിതി

തിരിച്ചു തരാൻ കഴിയാത്തവരെ സഹായിക്കുക (ലൂക്കോസ് 14:12-14).

തിന്മക്കു പകരം നന്മചെയ്യുക (റോമർ 12:20; 1തെസ്സലൊനിക്യർ 5:15).

ഒരു ചെകിട്ടത്തടിച്ചാൽ മറ്റെ ചെകിട് കാണിച്ചുകൊടുക്കുക (ലൂക്കോസ് 6:27, 29).

ആവശ്യത്തിനനുസരിച്ച് നൽകുക (മത്തായി 20:1-16).

സന്ധിയിലേർപ്പെടാൻ തുനിയാതെ ധാർമ്മികമായതു മാത്രം ചെയ്യുക (1യോഹന്നാൻ 2:1).

ദൈവനിയമങ്ങൾ ബലികഴിക്കാതെയുള്ള പരസ്പര സഹായവും സഹകരണവുമാണ് ദൈവീകം (1 കൊരിന്ത്യർ 12:25).

ക്രിസ്തുവിനെപ്പോലെ പ്രവർത്തിക്കുക (കൊലോസ്സ്യർ 3:22-24). ദൃഷ്ടിസേവയല്ല, ഹൃദയത്തിൽനിന്ന് പ്രവർത്തിച്ച് നല്ല സാക്ഷ്യം സൂക്ഷിക്കുക.

നീതിയോടെ ന്യായം വിധിക്കുക (യോഹന്നാൻ 7:24).

## ഏതുതരത്തിലുള്ള ആയുധങ്ങളാണ് വേണ്ടത്?

ഈ ലോകത്തിന്റെ ആയുധങ്ങൾ തോക്കുകളും, പീരങ്കികളും മാത്രമല്ല. പണം, പ്രശസ്തി, മനശാസ്ത്രപരമായ വശീകരണം, സത്യസന്ധതയില്ലാത്ത പ്രവൃത്തികളും കൂടിയാണ്. വിശ്വാസിയുടെ ആയുധങ്ങളോ ദൈവവചനം, പ്രാർത്ഥന, വിശ്വാസം, സ്നേഹം എന്നിവയാണ്. അവ, "കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ"-(2 കൊരിന്ത്യർ 10:4).

## ബഹുമതികൾ

ലോകം തരുന്ന ബഹുമതികളെക്കുറിച്ച് അടുത്തതായി ചിന്തിക്കാം. ആ ബഹുമതികൾ എന്ത് പ്രയോജനമാണ് അതിന്റെ പ്രജകൾക്ക് നൽകുന്നത്? പട്ടുനാട, ഫലകങ്ങൾ, അവകാശപത്രം, തങ്കപ്പതക്കം, ട്രോഫി, ഡിപ്ലോമ, പ്രത്യേകവേഷം, സ്ഥാനമാനങ്ങൾ തുടങ്ങിയവയാണ് ലോക ബഹുമതികളായി നൽകുന്നത്. ഒരിക്കൽ നെപ്പോളിയൻ ഒരു പട്ടുനാട എടുത്തുകാട്ടിയിട്ട് പറയുകയുണ്ടായി, "ഇതുപോലെയുള്ള തുണിക്കഷണങ്ങൾ കൊണ്ട് ഒരു സാമ്രാജ്യം കെട്ടിപ്പെടുക്കാൻ എനിക്കു കഴിഞ്ഞു". വിചിത്രം! ഈ തുണിക്കഷണങ്ങൾ അടുത്തുള്ള കടയിൽനിന്നു വാങ്ങുവാൻ കഴിയും! ഇലകൾകൊണ്ട് കൂട്ടിതുന്നിയ ബഹുമതികളും ലോകത്തിലുണ്ട്. നശ്വരമായ ഇത്തരം ബഹുമതികൾക്കു പിന്നാലെയാണ് ജനലക്ഷങ്ങൾ

പായുന്നത്. അവ നേടുവാനായി അവരുടെ സമയവും സമ്പത്തുമെല്ലാം ചിലവഴിക്കുവാൻ ഒട്ടും അമാന്തിക്കുന്നില്ല. പൗലോസ് പറയുന്നു, "അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിനു തന്നേ" (1കൊരിന്ത്യർ 9:25). 'നീതിയുടെ', 'ജീവന്റെ', 'സന്തോഷത്തിന്റെ', 'മഹത്വത്തിന്റെ കിരീടങ്ങൾ' നേടുവാൻ പ്രയത്നിക്കുവാനാണ് ദൈവവചനം പ്രേരിപ്പിക്കുന്നത്. അവ നിത്യകാലത്തേക്കുള്ളതാണ്. മനുഷ്യരുടെ മുമ്പാകെ ക്രിസ്തുവിനെ ഏറ്റുപറയുന്നവരെ പിതാവാം ദൈവത്തിന്റെയും വിശുദ്ധ ദൂതന്മാരുടേയും മുമ്പാകെ അവൻ ഏറ്റു പറയും (മത്തായി 10:32; ലൂക്കോസ് 12:8). "നല്ലവനും വിശ്വസ്തനുമായ ദാസനേ...." എന്ന രക്ഷിതാവ് നൽകുന്ന ബഹുമതിയോടു ഏതിനെയാണു തുല്യപ്പെടുത്താനാവുക? (മത്തായി 25:21,23). ഒരു വിശ്വാസിയെ തന്റെ വിശ്വാസം ഇങ്ങനെ പറയുവാൻ പ്രാപ്തനാക്കും.

ഓ! ലൗകീക ആഡംബരവും മഹത്വവുമേ!
നിന്റെ ആകർഷത വെറും മിഥ്യയാണ്!
ഇമ്പമുള്ള ഒരു സത്യം ഞാൻ കേട്ടു...
വാസ്തവമായ ഒരു ഇടം ഞാൻ കണ്ടെത്തി
ക്രിസ്തു എനിക്കുവേണ്ടി തയ്യാറാക്കുന്ന സ്ഥലം
അനുഗ്രഹിക്കപ്പെട്ട എന്റെ വാസസ്ഥലം........
അവിടെ ഞാനെന്റെ യേശുവിനെ ദർശിക്കും
അവിടെ ഞാനെന്റെ ദൈവത്തോടൊപ്പം വസിക്കും!
Hannah K. Burlingham

## മാതൃകാ പൗരൻ

"വലിയവനെന്ന്" അവകാശപ്പെടുന്നു, പേരും പെരുമയും സമ്പത്തുമൊക്കെയുള്ള ഒരു വ്യക്തിയാണ് ഈ ലോകത്തിലെ മാതൃകാ പൗരൻ. എന്നാൽ ക്രിസ്തുരാജ്യത്തിലെ മാതൃകയുടെ മാനദണ്ഡങ്ങൾ ഇതൊന്നുമല്ല. ആത്മാവിൽ ദരിദ്രരായവർ, ദുഃഖിക്കുന്നവർ, സൗമ്യതയുള്ളവർ, നീതിക്കു വിശന്നു ദാഹിക്കുന്നവർ, കരുണയുള്ളവർ, ഹൃദയശുദ്ധിയുള്ളവർ, സമാധാനം ഉണ്ടാക്കുന്നവർ, നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ എന്നിവരാണ് ക്രിസ്തുരാ

ജ്യത്തിലെ മാതൃകാ പൗരന്മാർ (മത്തായി 5:3-12). പുറംതള്ളപ്പെട്ടവർ, പീഡിതന്മാർ, ദരിദ്രർ, താഴെക്കിടയിലുള്ളവർ, ബലഹീനതർ, കുലഹീനർ, ഒന്നും അവകാശമായിട്ടില്ലാത്തവർ എന്നിവരോട് യേശുകർത്താവിന് ഒരു പ്രത്യേക കരുണയുണ്ട് (1കൊരിന്ത്യർ 1:27-29; യാക്കോബ് 2:5). ഉയർച്ചയെക്കാൾ താഴ്ചയാണ് ക്രിസ്തുരാജ്യത്തിലെ മാതൃക.

## ഉപസംഹാരം

ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു നമ്മെ വിടുവിക്കേണ്ടതിനാണ് ക്രിസ്തു മരിച്ചത് (ഗലാത്യർ 1:4). ലോകം നമുക്കും നാം ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാത്യർ 6:14). കുരിശിലാണ് നമ്മുടെ സർവ്വ പ്രശംസയും.

നമ്മുടെ രക്ഷിതാവിന് ഈ ലോകം നൽകിയത് ഒരു മുൾകിരീടവും, കുരിശും, കല്ലറയും മാത്രമാണ്. ഈ ലോകത്തിൽ ഒരു ഭവനം കണ്ടെത്തുന്നത് ദൈവത്തിനിഷ്ടമല്ല.

ഇവിടെ നമ്മൾ പരദേശികളാണ്, ഈ ലോകത്തിനായി വാഞ്ചിക്കരുത്

ഒരു ശവകുടീരമാണ് രക്ഷിതാവേ, നിനക്കീ ലോകം നൽകിയത്

ഞങ്ങളെ കീഴടക്കിയത് നിന്റെ കുരിശാണ്, ആ കുരിശിൽ ഞങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുന്നു

മനോഹരതീരത്ത് നിന്നിൽക്കൂടെ ഒരു നിക്ഷേപം ഞങ്ങൾ ദർശിക്കുന്നു.

James G. Deck–

ദൈവികശിക്ഷക്കധീനമാണീ ലോകം. അപ്പോസ്തലനായ യോഹന്നാൻ പറയുന്നു, “ലോകം.......ഒഴിഞ്ഞു പോകുന്നു”. Donald Gray Barnhouse ഇതിനോടു കൂട്ടിചേർക്കുന്നു: “ഈ ലോകത്തിൽ നാം തല്പരരാകരുത്. ക്രൂശിക്കപ്പെട്ട കർത്താവ് ഇതിനെ ന്യായം വിധിക്കുവാനും, നശിപ്പിക്കുവാനും പോകുകയാണ്. ലോകവുമായി വ്യഭിചാരം ചെയ്യാതെ നമ്മുടെ പ്രമാണങ്ങളൊ, മാതൃകകളൊ, വ്യവസ്ഥിതികളൊ ഇതിനോടു കൂട്ടികലർത്തുവാനാവില്ല”.

ലോകവും ക്രിസ്തുരാജ്യവും രണ്ടു ധ്രുവങ്ങളിലേക്കാണ് യാത്ര ചെയ്യുന്നത്; ഒരിക്കലും സന്ധിചേരുവാനാവാത്ത വിധത്തിലുള്ള രണ്ടു ലക്ഷ്യങ്ങളുമായി!

"ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു" (1യോഹന്നാൻ 2:17). നാം സ്വർഗ്ഗീയപൗരന്മാരായി ജീവിക്കേണ്ടത് അത്യാവശ്യമാണ്-ലോകത്തിലാണെങ്കിലും ലോകത്തിലുള്ളവരെ പോലെയല്ല; ലോകം നമ്മുടേതല്ല. എന്നാൽ കണ്ടില്ലെന്നു നടിക്കുവാനാകാത്ത വേറൊരു വിഷയം വിശുദ്ധിയോടുള്ള ബന്ധത്തിലുണ്ട്-പാപത്തിന്റെ സ്വഭാവവും, വാസ്തവമായ മാനസാന്തരവും.

## അദ്ധ്യായം 13

# പാപത്തിന്റെ ശരീരഘടനയും മാനസാന്തരവും

എന്താണ് പാപം? ദൈവത്തിന്റെ പൂർണ്ണതക്കെതിരായ ഏതു തരത്തിലുള്ള ചിന്തയും, വാക്കും, പ്രവൃത്തിയും, ലക്ഷ്യവും പാപമാണ് (റോമർ 3:23). ദൈവഹിതത്തിന്റെ ലംഘനമാണിത്, തിന്മ ചെയ്യുന്നതു മാത്രമല്ല നന്മ ചെയ്യുവാൻ അറിഞ്ഞിട്ടും ചെയ്യാതിരിക്കുന്നതും പാപമാണ് (യാക്കോബ് 4:17). സത്യസന്ധമായി പറഞ്ഞാൽ സംശയമുള്ള എന്തു ചെയ്താലും പാപമാണ് (റോമർ 14:23). "പാപം അധർമ്മം തന്നേ"- ദൈവഹിതത്തിനെതിരായ മനുഷ്യഇച്ഛ (1 യോഹന്നാൻ 3:4).

പാപം സാർവ്വത്രികമാണ്. "പാപം ചെയ്യാതെ നന്മ മാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമിയിൽ ഇല്ല" (സഭാപ്രസംഗി 7:20).

**പാപം ജന്മനാ ഉള്ളതാണ്.** എല്ലാവരും അകൃത്യത്തിൽ ഉരുവാകുന്നു. പാപത്തിൽ ഗർഭം ധരിക്കപ്പെടുന്നു (സങ്കീർത്തനങ്ങൾ 51:5).

**പാപം വ്യാപകമാണ്.** മനുഷ്യൻ പൂർണ്ണമായി അധഃപതിച്ചിരിക്കുകയാണ്. മനുഷ്യന്റെ വ്യക്തിത്വത്തെ മുഴുവൻ പാപം ബാധിച്ചിരിക്കുന്നു (റോമർ 3:13-18). പട്ടികയിലുള്ള പാപമെല്ലാം അവൻ ചെയ്തില്ലെങ്കിലും എല്ലാം ചെയ്യുവാൻ അവനാൽ കഴിയും.

**പാപം മനസ്സിലാണ് ആരംഭിക്കുന്നത്** (യാക്കോബ് 1:13-15). ദർശനേന്ദ്രിയങ്ങൾ എത്തിചേരാത്ത നിലയിൽ പാപത്തിന്റെ ഉദ്യാനങ്ങളിലൂടെ മനുഷ്യന് തന്റെ ചിന്താമണ്ഡലത്തിന്റെ സഹായത്തോടെ അലഞ്ഞു തിരിയാനാവും. ഒരു പാപത്തെ കൂടുതലായി ചിന്തിച്ച് അയവിറക്കുമ്പോൾ അതു ചെയ്യുവാൻ കൂടുതൽ പ്രേരിപ്പിക്കപ്പെടുന്നു.

**പാപം ഗൗരവമേറിയ വിഷയമാണ്,** കാരണം അത് ദൈവത്തിനെതിരാണ് (സങ്കീർത്തനങ്ങൾ 51:4). അതിന്റെ ഗൗരവം, മനുഷ്യന്റെ കഷ്ടപ്പാടുകളിലും യേശുക്രിസ്തു പാപത്തിനുവേണ്ടി അനുഭവിച്ച ക്രൂരപീഢനങ്ങളിലും രക്ഷിക്കപ്പെടാത്തവർ നിത്യനരകത്തിൽ നേരിടുവാൻ പോകുന്ന യാതനയിലും ദർശിക്കുവാൻ കഴിയും.

**പാപം അടിമപ്പെടുത്തുന്നു** (റോമർ 6:15,16). മോഹത്തിന്റേയും, ദ്രവ്യാഗ്രഹത്തിന്റേയും, സകല ദുഷ്ട ശീലങ്ങളുടേയും കരാളഹസ്തങ്ങളാൽ അത് മനുഷ്യനെ ബന്ധിക്കുന്നു.

**പാപം വഞ്ചനാത്മകമാണ്.** സുഖഭോഗങ്ങൾ വാഗ്ദാനം ചെയ്യുന്നു, എന്നാൽ ഒന്നും നിത്യമായ സംതൃപ്തി നൽകുന്നില്ല. ശിക്ഷയിൽ നിന്നു രക്ഷപ്പെടുവാൻ സാധ്യമെന്നു പറയുന്നു; പക്ഷെ രക്ഷിക്കുന്നതിൽ പരാജയപ്പെടുന്നു. കാഴ്ചയിൽ മനോഹരമായി തോന്നും; അടുത്തറിയുമ്പോൾ അർത്ഥരഹിതവും അപകടകരവുമാണ്.

**പാപം കുരുടാക്കുന്നു.** നമ്മുടെ ഉള്ളിലെ പാപത്തേക്കാൾ മറ്റുള്ളവരുടെ പാപം വേഗം മനസിലാക്കുവാൻ നമുക്ക് കഴിയുന്നു. നമ്മുടെ പാപപ്രവൃത്തികൾ മാന്യമായി നമുക്കു തോന്നും; മറ്റുള്ളവരുടെ പ്രവൃത്തികൾ അറപ്പുളവാക്കും. നമ്മുടെ പ്രവൃത്തികളിൽ ന്യായങ്ങൾ കണ്ടെത്തും; മറ്റുള്ളവരുടെ പ്രവൃത്തികൾ നീചമായിതോന്നും. പാപംവാഴുന്ന ഹൃദയത്തിന് ഇത്തരം ചിന്തകൾ ആശ്വാസം പകരുന്നു.

**പാപം ഹൃദയത്തെ കഠിനമാക്കുന്നു.** ആദ്യപാപം ചെയ്യുമ്പോൾ മനഃസാക്ഷിക്കുത്തുണ്ടാകുന്നു. എന്നാൽ അതിൽ തുടർന്നുകൊണ്ടേയിരുന്നാൽ മനഃസാക്ഷിയുടെ ശബ്ദം നേർത്തതായി

തീരും, നിലക്കും. പിന്നീട് പാപം ചെയ്യുന്നതിൽ ഒരു മനഃപ്രയാസമോ, കുറ്റബോധമോ തോന്നില്ല. എല്ലാം പഴഞ്ചനായി തീരുന്നു.

**പാപം മറ്റുള്ളവരുടെ മേൽ പഴിചാരുവാൻ പ്രേരിപ്പിക്കുന്നു.** ആദാം പാപത്തിൽ വീണപ്പോൾ ദൈവത്തേയും അവന്റെ ഭാര്യയേയും കുറ്റം പറയുകയുണ്ടായി; "......എന്നോടുകൂടെ ഇരിപ്പാൻ 'നീ' തന്നിട്ടുള്ള 'സ്ത്രീ' (ഉല്പത്തി 3:12). ഹവ്വ പിശാചിനെ കുറ്റം ചുമത്തി"; "പാമ്പ് എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി" (ഉല്പത്തി 3:13). അവരുടെ സന്താനങ്ങൾ ചുറ്റുപാടിനെയും, മാതാപിതാക്കളേയും, സഹമനുഷ്യരേയുമാണ് കാരണമായി ചൂണ്ടിക്കാട്ടുന്നത്. സ്വന്തജീവിതാനുഭവങ്ങളിലേക്കൊരു തിരിഞ്ഞുനോട്ടം ഈ വസ്തുത വ്യക്തമാക്കും.

**പാപം എന്നും മറഞ്ഞിരിക്കയില്ല.** എന്നെങ്കിലും അത് വെളിപ്പെട്ടേ ആവൂ (എബ്രായർ 4:13). ഭൂമിയിൽ വെച്ചുള്ള രഹസ്യപാപം സ്വർഗ്ഗത്തിൽ അപകീർത്തിയായി വെളിപ്പെടുത്തുന്നു.

**പാപം നിശ്ചലമോ നിർജ്ജീവമോ അല്ല.** ഇത് പുളിപ്പു പോലെ പടരും. ഒരു കള്ളത്തെ മറക്കണമെങ്കിൽ നൂറുകള്ളം പറയണം. അസന്മാർഗികമായ പാപം ചെയ്യുന്ന ഒരു വ്യക്തി ചിന്തിക്കുന്നത്, "ഇത്രത്തോളം ചെയ്തു...ഇനിയും ഇതുപോലെ തന്നെ മുന്നോട്ടു പോകാം". ഒരിക്കൽ രുചി മനസിലാക്കിയാൽ തുടർന്നും ആസ്വദിക്കാൻ തോന്നും. പാപം അതിന്റെ സർവ്വശക്തിയോടും പ്രവർത്തനനിരതമാണ്.

**പാപം നിഷ്കളങ്കരേയും, ഭാവിതലമുറകളേയും ബാധിക്കുന്നു.** ഒരു മദ്യപാനിയുടെ മക്കൾ അപ്പന് ലഭിച്ച നാമവിശേഷണത്താൽ പിൽക്കാലത്ത് അറിയപ്പെടുന്നു, "കുടിയന്റെ മക്കൾ". രക്ത-സ്വീകരണത്തിലൂടെ AIDS എന്ന മാരകരോഗം കുറ്റം ചെയ്യാത്തവർക്കും ലഭിക്കുന്നു. മയക്കു മരുന്ന് ഉപയോഗിക്കുന്നവൻ അവന്റെ ജനിക്കാതെപോകുന്ന കുഞ്ഞിന് നാശം വിതക്കുന്നു. ആരും ഒറ്റപ്പെട്ടിരിക്കുന്നില്ല. ഒരുവന്റെ പ്രവൃത്തി, നല്ലതാകിലും, തീയതാകിലും മറ്റുള്ളവരെ ബാധിക്കുന്നു.

**പാപത്തിന്റെ അനന്തരഫലങ്ങൾ ഈ ജീവിതത്തെയും വരാനിരിക്കുന്ന ജീവിതത്തെയും ബാധിക്കുന്നു.** ഈ ജീവിതത്തിൽ പാപം ഒരുവന്റെ ആത്മാവ്, മനസ്സ്, ശരീരാദികളെ ബാധിക്കുന്നു.

ഭാവിയിൽ നിത്യമായ മരണത്തിലേക്കും നരകത്തിലേക്കും കൊണ്ടെത്തിക്കുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ പാപത്തിന്റെ പരിണിതഫലങ്ങളിൽ നിന്ന് ഒഴിഞ്ഞുപോകാനെ സാധ്യമല്ല.

**യിസ്രായേലിന്റെ രാജാവായിരുന്ന ദാവീദിന്റെ ജീവിതത്തിൽ പാപം നൽകിയ കൈയ്പിന്റെ അനുഭവങ്ങളെ ഒന്ന് വീക്ഷിക്കാം:**

ദാവീദിന് സകലവും ഉണ്ടായിരുന്നു - നല്ലചുറ്റുപാട്, സമ്പത്ത്, ശ്രേഷ്ഠത, പദവി, കുടുംബം, കൂട്ടുകാർ. പുൽപ്പുറങ്ങളിൽനിന്ന് കൊട്ടാരക്കെട്ടുകളിലേക്കായിരുന്നു അവന്റെ ജൈത്രയാത്ര. ദൈവത്തിങ്കൽ നിന്ന് സകല ആനുകൂല്യങ്ങളും അനുഭവിച്ച അവന്റെ ഭാവി വാഗ്ദാനങ്ങൾകൊണ്ട് നിറഞ്ഞതായിരുന്നു. തൊടുന്നതെല്ലാം പൊന്നാകുന്ന കാലഘട്ടം.

എന്നാൽ അവൻ അലസതയുടേയും, കരുതലില്ലായ്മയുടേയും ഒരു കാലഘട്ടം തന്റെ ജീവിതത്തിൽ ഉണ്ടാകുവാൻ അനുവദിച്ചു. രാജാക്കന്മാർ യുദ്ധത്തിനു പോയിരുന്ന സമയത്ത് അവൻ അരമനയിൽതന്നെ കഴിഞ്ഞു. സ്വയം തിരക്കുള്ളവനായിരുന്നെങ്കിൽ ഈ പരിതാപകരമായ അവസ്ഥ അവനുണ്ടാകുമായിരുന്നില്ല. ശരീരത്തെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ട അവൻ സ്വയം പിശാചിനേല്പിച്ചു കൊടുക്കുകയായിരുന്നു.

പരീക്ഷണം! സുരക്ഷിതമല്ലാത്തൊരു നിമിഷത്തിൽ, കൊട്ടാരത്തിന്റെ മുകളിലൂടെ ഉലാത്തുമ്പോൾ, താഴേക്ക് നോക്കിയപ്പോൾ അവൻ കണ്ടു: കണ്ണുകളെ വിശ്വസിക്കാനാവാത്ത ആ ഒരു ദൃശ്യം! അസാധാരണമായ സൗന്ദര്യത്തിനുടമയായ ഒരു സ്ത്രീരത്നം. അവൾ കുളിക്കുകയായിരുന്നു.

മനസ്സ് പിടയുവാൻ തുടങ്ങി! സ്വപ്നങ്ങൾ ഒന്നിനു പിറകെ ഒന്നായി മിന്നിമറഞ്ഞു. അവളെ വേണം! എന്തുകൊണ്ട് അവളെ കിട്ടിക്കൂടാ? എന്തുകൊണ്ട് സന്തോഷിച്ചുകൂടാ? ഇതുകൂടാതെ ജീവിതത്തിലെന്തർത്ഥം? അവളെ പ്രാപിച്ചേ മതിയാകൂ......!

എങ്കിലും ശോണപ്രഭ മനസ്സിൽ മിന്നി....അപായ സൈറണുകൾ മുഴങ്ങി.....വേണ്ടാ..വേണ്ടാ...പാടില്ല....മനഃസാക്ഷി ഒരായിരം വട്ടം വിതുമ്പി നിലവിളിച്ചു........നിർത്തൂ....വ്യഭിചാരമാണിത്. നീ

ചെയ്യാൻ പാടില്ല..." കർണ്ണപുടങ്ങളിൽ വീണ്ടും വീണ്ടും മുഴങ്ങി.. അവളെ വിളിച്ചുകൊണ്ടുവരുവാൻ വിട്ട ഒരുവൻപോലും മുന്നറിയിപ്പു നൽകി. "നിന്റെ സേവകന്റെ ഭാര്യയാണ്...." ആരു കേൾക്കാൻ? അന്ധനുണ്ടോ നിറം മനസിലാകുന്നു? തെറ്റേത്........ ശരിയേത്....ചോദ്യമില്ല....അധികാരസ്വരം. അനുസരിച്ചേ മതിയാവൂ.....അവൾ വന്നു....മനഃസാക്ഷിയുടെ നിലവിളികൾക്ക് ചെവി പൊത്തി......വാതിലുകൾ കൊട്ടിയടക്കപ്പെട്ടു. ജഡികാഗ്രഹം അതിന്റെ ഉത്തുംഗത്തിലേക്കു കുതിച്ച ഒരു നിമിഷം...എല്ലാം മറന്നു. സ്വന്തം സന്തോഷം, കുടുംബം, പ്രശസ്തി, പദവി സർവ്വോപരി ദൈവത്തെ മറന്നു.......! നൈമിഷകമായ സുഖത്തിനുവേണ്ടി എല്ലാം ത്യജിക്കുവാൻ അവൻ തയ്യാറായി.

## ഭ്രാന്തമായ എടുത്തുചാട്ടം

ദാവീദിന്റെ ഭ്രാന്തമായ ഒരു എടുത്തുചാട്ടമായിരുന്നു. അത് വികാരങ്ങൾക്കടിമയായി: ദൈവശബ്ദത്തിനു ചെവികൊടുത്തില്ല.....പരിണിത ഫലങ്ങളെക്കുറിച്ച് ചിന്തിച്ചില്ല. ദുർമോഹങ്ങൾ അവനെ കീഴ്പെടുത്തി. സ്വർഗ്ഗീയ പ്രത്യാശയും നരകത്തെക്കുറിച്ചുള്ള ഭയവും അവന് ഇല്ലാതായി. ജഡീകാഭിലാഷങ്ങളെ ഹൃദയത്തിൽ വാഴുവാൻ അനുവദിച്ചു. ദൈവം ചെയ്ത ഉപകാരങ്ങൾ....., പല വർഷങ്ങളായി നേടിയെടുത്ത സാക്ഷ്യം......,കുടുംബത്തിന്റെ ശ്രേഷ്ഠത......, ബഹുമാന്യരായ സുഹൃത്ത്ബന്ധങ്ങൾ..., തന്റെ സ്വഭാവമഹിമ....... എല്ലാം ഒറ്റ നിമിഷത്തേക്കു വിസ്മരിച്ചു.

Alexander Maclaren ഈ സംഭവത്തെ നിരീക്ഷിക്കുന്നു, "നീതിക്കു വേണ്ടിയുള്ള വാഞ്ചയെ അവൻ മറന്നു; ദൈവവുമായിട്ടുള്ള ബന്ധത്തിൽ നിന്ന് ഓടിയകന്നു. ആത്മാവിനെ ഇരുട്ടിലാഴ്ത്തി; അനുഗ്രഹങ്ങളെ തടഞ്ഞു; വരാൻ പോകുന്ന അപകടങ്ങളെ ഓർത്തില്ല. ജീവിതത്തിൽ എന്നേക്കും നിൽക്കുന്ന ഒരു കറുത്ത അദ്ധ്യായം അവൻ എഴുതി ചേർക്കുകയായിരുന്നു. അവന്റെ പേരും ദൈവഭക്തിയും വരുവാനുള്ള തലമുറകളിലെ പരിഹാസികളുടെ അവഹേളനത്തിന് ലക്ഷ്യമായിത്തീർന്നു. മനുഷ്യൻ, രാജാവ്, പടയാളി എന്നുള്ള നിലകളിൽ അവൻ കുറവുള്ളവനായി.

ഏശാവിനെപ്പോലെ ഒരു പാത്രം പായസത്തിനുവേണ്ടി അവന്റെ ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞു!

പാപം കാഴ്ചയിൽ വളരെ മനോഹരമായിരുന്നു. എന്നാൽ തിരിഞ്ഞു നോക്കിയപ്പോൾ ബീഭത്സമായിരുന്നു. കുറ്റബോധം അവനെ കാർന്നുതിന്നു. പാപത്തിന്റെ കയ്പിനാൽ മനഃസാക്ഷി വിഷമിച്ചു. പാപം പരിഹരിക്കുവാൻ പാപവഴികൾ തന്നെ തേടുന്നു. പടക്കളത്തിലേക്കൊരു ദൂതനെ അയച്ച് അവളുടെ ഭർത്താവിനെ വിളിപ്പിച്ച് "ഭാര്യയോടൊപ്പം കഴിയുവാൻ" പ്രേരിപ്പിച്ചു. അതിനു തുനിയാത്ത രാജ്യസ്നേഹിക്കൊരു ചതിക്കുഴി, "കൊല്ലപ്പെടുവാൻ സാധ്യതയുള്ളിടത്ത് ഇവനെ നിർത്തുക". തന്റെ മരണവിധിയുമായി പടക്കളത്തിലെത്തിയ അവനെ യോവാബ് രാജകല്പനപ്രകാരം പട കഠിനമായിടത്തു നിർത്തി. സഹപടയാളികളിൽ നിന്ന കന്നുപോയ അവനെ ശത്രുവിന്റെ വാൾ വീഴ്ത്തി. ഒരു പക്ഷെ, "ദാവീദ് രാജാവ് ജയിക്കട്ടെ" എന്നായിരുന്നിരിക്കാം ആ രാജ്യസ്നേഹിയുടെ ചുണ്ടുകൾ അവസാനവും മന്ത്രിച്ചത്! ഇനിയും ആളുകൾ ചിന്തിക്കുമല്ലോ, സ്വന്തം ഭർത്താവിന്റെ കുഞ്ഞുതന്നെയായിരിക്കും അവളുടെ വയറ്റിൽ വളരുന്നത്. വിധവയെ വിവാഹം കഴിക്കുന്നതിനും തടസ്സമില്ലല്ലോ!

രാജാവ് നിനച്ചു! ഒറ്റ കുഞ്ഞുപോലും അറിയില്ല! ശുദ്ധ മണ്ടത്തരം! സർവ്വജ്ഞാനിയായ ദൈവം അറിഞ്ഞു . അവന്റെ കോപം ദാവീദിനു നേരെ ജ്വലിച്ചു. എന്നാൽ ദൈവം ദാവീദിനെ സ്നേഹിച്ചു. അനുതപിക്കുവാൻ ഒരു വർഷത്തോളം കൊടുത്തു. കെട്ടിയിടപ്പെട്ട മൂരിക്കുട്ടനെപ്പോലെ അവൻ ഒഴിഞ്ഞുമാറി. കുറ്റബോധം അവനെ പിൻതുടർന്നെങ്കിലും, ലജ്ജ അവനെ പിടിച്ചെങ്കിലും പശ്ചാതപിക്കുവാൻ, മാനസാന്തരപ്പെടുവാൻ അവൻ തയ്യാറായില്ല. അത് അവന്റെ അഹങ്കാരം കൊണ്ടായിരുന്നോ? അല്ലെങ്കിൽ പാപത്തിന്റെ പിടിവാശിയായിരുന്നോ? അതോ രണ്ടു കാരണത്താലുമായിരുന്നോ?

അവസാനം യഹോവ തന്റെ പ്രവാചകനായ നാഥാനെ ഒരു ഉപമയുമായി അവന്റെ മുമ്പിലേക്കയച്ചു. "സമ്പന്നനായ ഒരുവൻ ദരിദ്രനായ ഒരുവന്റെ എല്ലാമായിരുന്ന പെൺകുഞ്ഞാടിനെ മോഷ്ടിച്ചു" എന്ന് പറഞ്ഞു. ദാവീദിന്റെ നീതിബോധം കത്തിജ്വലിച്ചു. അവൻ വിധിച്ചു, "സമ്പന്നനെ കൊല്ലുക".

സർവ്വശക്തൻ തയ്യാറാക്കിയ ഒരു കെണി; രാജാവ് അതിൽ വീണു. നാഥാന്റെ ചൂണ്ടുവിരൽ ദാവീദിന്റെ മുഖത്തിനു നേരെ ഉയർന്നു, "നീയാണ് ആ കുറ്റവാളി" മറ്റുള്ളവന്റെ കുറ്റം കാണുവാൻ കഴിഞ്ഞ അവന് സ്വന്തംകുറ്റം മനസിലായില്ല. ആ മനുഷ്യനെ കുറ്റം വിധിച്ചപ്പോൾ സ്വയം മരണത്തിനു വിധിക്കുകയായിരുന്നു. എല്ലാം തകിടം മറിഞ്ഞു! ആയിരം കൂരമ്പുകൾ ഒരുമിച്ച് ഹൃദയത്തിൽ പതിച്ച പ്രതീതി.. നിസ്സഹായനായി നിശബ്ദനായി അവൻ നിന്നു. പാപപങ്കിലമായ മനസ്സും, രക്തകറപുരണ്ട കരങ്ങളും, കുനിഞ്ഞ ശിരസ്സും.

## വാസ്തവമായ മാനസാന്തരം

ദാവീദിനു പിടിച്ചു നിൽക്കാനായില്ല. അവൻ തകർന്നുപോയി. പതിനായിരം കഷണങ്ങളായി തന്റെ ഹൃദയം നുറുങ്ങിയതായി അവനു തോന്നി. ആ കൺകോണുകളിൽ അനുതാപത്തിന്റെ കണ്ണുനീർത്തുള്ളികൾ നിറഞ്ഞിട്ട് കാഴ്ച മങ്ങികാണും. അവൻ തന്റെ തെറ്റുകൾ ഏറ്റു പറഞ്ഞ് മാനസാന്തരപ്പെട്ടു. ഇത്രവലിയ പാപത്തിൽ വീണുപോയിട്ടും "എന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ" എന്ന് ദാവീദിനെ യഹോവ സംബോധന ചെയ്യുവാൻ കാരണമായി തീർന്നത് വാസ്തവമായ മാനസാന്തരവും അവന്റെ പിൽക്കാല ജീവിതവുമായിരിക്കും. ഈ മാനസാന്തരത്തെ 51-ാം സങ്കീർത്തനത്തിൽ ഏവർക്കും ഒരു മാതൃകയായി സൂക്ഷിച്ചിട്ടുണ്ട്. അതിനെ പരാവർത്തനം ചെയ്യുവാൻ എന്നെ അനുവദിച്ചാൽ ഇങ്ങനെയാണത്:

1. കരുണയുള്ള യഹോവേ, നിന്റെ കരുണക്കായി ഞാൻ അപേക്ഷിക്കുന്നു! ശിക്ഷിക്കപ്പെടുവാൻ ഞാൻ അർഹനാണ്. എന്നാൽ നീ അളവില്ലാത്ത സ്നേഹമുള്ള ദൈവമാണ്, അതിനാൽ ഞാൻ അപേക്ഷിക്കുന്നു. എന്റെ അകൃത്യത്തിനനുസരിച്ച് എന്നോട് പെരുമാറരുതേ! നിന്റെ കരുണ നിറഞ്ഞു കവിയുന്നതാണ്, അളവിനും അപ്പുറമാണ്. അതിനാൽ നിന്റെ വിശുദ്ധ ന്യായപ്രമാണത്തോടുള്ള എന്റെ ലംഘനങ്ങളെ മായിച്ചുകളയണമേ.
2. നീ വെച്ചിരിക്കുന്ന അതിർവരമ്പുകൾ എത്രയോ തവണ ഞാൻ ലംഘിച്ചു. എന്നെ നന്നായി കഴുകി എന്റെ അകൃത്യങ്ങളെല്ലാം പോക്കേണമേ; മാർഗ്ഗം തെറ്റി എത്രയോ തവണ ഞാൻ പാപം ചെയ്തു. എന്റെ പാപം നീക്കി എന്നെ ശുദ്ധീകരിക്കേണമേ.

3. ഓ! എന്റെ ദൈവമേ, ഞാൻ നിന്റെ ന്യായപ്രമാണങ്ങളെ ലംഘിച്ചു എന്ന് പരസ്യമായി സമ്മതിക്കുന്നു. എന്റെ പാപവും മാനസാന്തരവും എല്ലാവർക്കും മുമ്പെയാകുന്നു. രാത്രിയും, പകലും എന്റെ പാപബോധം എന്നെ വിടാതെ വേട്ടയാടുന്നു. എനിക്ക് താങ്ങാനാവുന്നില്ല.

4. നിനക്കെതിരെയാണ് ഞാൻ പ്രവർത്തിച്ചതെന്ന് വ്യക്തമായി എനിക്കു മനസിലാകുന്നു. നിന്നോടു തന്നെയാണ് ഞാൻ പാപം ചെയ്തിരിക്കുന്നത്. ബേത്ത്-ശേബയോടും അവളുടെ വിശ്വസ്ത ഭർത്താവായിരുന്ന ഊരിയാവിനോടും ഞാൻ പാപം ചെയ്തു എന്നത് വാസ്തവമാണ്. എന്റെ വീരനായ പടയാളിയോടു ഞാൻ ചെയ്ത വിശ്വാസ വഞ്ചന ദൈവമേ എന്നോടു ക്ഷമിക്കേണമേ. എന്നാൽ ആദ്യമായി നിന്നോടാണു ഞാൻ പാപം ചെയ്തിരിക്കുന്നതെന്നു ഞാൻ സമ്മതിക്കുന്നു. നിന്റെ നിയമങ്ങളെ ലംഘിച്ചു. നിന്റെ ഹിതത്തെ മാനിച്ചില്ല. നിന്റെ നാമത്തെ ദുഷിച്ചിരിക്കുന്നു. നീ സംസാരിച്ചിട്ടുള്ളതെല്ലാം നീതിയോടുകൂടിയാണ്. നിന്റെ തീരുമാനങ്ങളിൽ ഒരു തെറ്റുമില്ല. അവ ഒട്ടും കറയില്ലാത്തതാണ്.

5. യഹോവയെ ഞാൻ നല്ലവനല്ല. അകൃത്യത്തിലാണ് ഞാനുണ്ടായത്. പാപത്തിലാണ് എന്നെ ഗർഭം ധരിച്ചത്. ഇങ്ങനെ പറഞ്ഞ് എന്റെ മാതാവിന്റെ മേൽ ലജ്ജകൊണ്ടുവരുകയോ, പാപത്തെ ലഘൂകരിക്കുകയോ അല്ല ഞാൻ ചെയ്യുന്നത്. ഞാനർത്ഥമാക്കുന്നത് പാപം ചെയ്തു എന്നു മാത്രമല്ല, എന്റെ സ്വഭാവം തന്നെ പാപത്തിലധിഷ്ഠിതമാണ്.

6. നീ പാപത്തെ വെറുക്കുന്നു. ഒരുവന്റെ ഉള്ളിലെ വിശ്വസ്തതയാണ് നിനക്കിഷ്ടം. അതിനാൽ നിന്റെ അടുത്തേക്കു ഞാൻ വരുന്നു. ഹൃദയത്തിന്റെ ഉള്ളിൽ എനിക്ക് ജ്ഞാനം തരേണമേ

7. ഒരു കുഷ്ഠരോഗിയുടെ രോഗം തീർന്നു എന്ന് നിർണ്ണയിക്കുന്ന ചടങ്ങിൽ ശുദ്ധീകരണത്തിനായി ഈസോപ്പും ഉറവു വെള്ളവും ഉപയോഗിക്കുവാൻ നീ കല്പിച്ചുവല്ലോ (ലേഖ്യപുസ്തകം 14:1-8). അതേ കർത്താവേ , ഒരു കുഷ്ഠരോഗിയായി എന്നെ

തന്നെ പരിഗണിക്കുന്നു. "ഞാൻ നിർമ്മലനാകേണ്ടതിനു ഈ സോപ്പുകൊണ്ടു എന്നെ ശുദ്ധീകരിക്കേണമേ; ഞാൻ ഹിമത്തേക്കാൾ വെളുക്കേണ്ടതിനു എന്നെ കഴുകേണമേ".

8. ഞാൻ പാപം ചെയ്തപ്പോൾ എനിക്കെന്റെ ഗീതം നഷ്ടമായി. യഥാർത്ഥ സന്തോഷവും സമാധാനവും അനുഭവിച്ചറിഞ്ഞിട്ട് കാലം കുറെയായി. ഒരിക്കൽ കൂടെ സന്തോഷത്തിന്റെ സംഗീതം ഞാൻ ശ്രവിക്കട്ടെ. എന്റെ പിന്മാറ്റവസ്ഥയിൽ നീ എന്റെ അസ്ഥികളെ ഒടിച്ച് വികലാംഗനെപ്പോലെയാക്കിയതായി തോന്നി. വിശുദ്ധ ഉത്സവങ്ങൾക്കു വരുവാൻ എനിക്ക് കഴിഞ്ഞില്ല. ഇപ്പോൾ എന്നെ സൗഖ്യമാക്കേണമേ! നിന്റെ ജനത്തെ കൂട്ടി നിന്റെ നാമത്തെ സ്തുതിച്ച് നൃത്തമാടട്ടെ.

9. എന്റെ ദൈവമേ, എന്നെ ന്യായം വിധിക്കുവാനും, ശിക്ഷിക്കുവാനും നീ എന്നെ നോക്കരുതേ! നിന്റെ മുഖത്തെ എന്നിൽ നിന്ന് തിരിച്ചു കളയേണമേ എന്നു ഞാൻ യാചിക്കുന്നു. അസംഖ്യമായ എന്റെ അകൃത്യങ്ങളെയെല്ലാം ഒന്നുപോലും ശേഷിക്കാതെ മായിച്ചുകളയേണമേ. ഞാൻ ചിന്തിക്കുമ്പോഴെല്ലാം അവ എന്നെ എത്രമാത്രം വേദനിപ്പിക്കുന്നു.

10. തിരിഞ്ഞു നോക്കുമ്പോൾ സകലപ്രശ്നവും എന്റെ മനസിലാണ് ആരംഭിച്ചതെന്ന് മനസ്സിലാവുന്നു. എന്റെ ചിന്താമണ്ഡലം അശുദ്ധമാക്കപ്പെട്ടു. പാപങ്ങൾ ചെയ്യുന്നതുവരെ ദുഷ്ടചിന്തകളെ എന്നുള്ളിൽ ഓമനിച്ചു. അതിനാൽ നിർമ്മലമായൊരു മനസ്സിനെ എന്നുള്ളിൽ സൃഷ്ടിക്കണമേ! ഉറവ നിർമ്മലമെങ്കിൽ അരുവിയിലെ വെള്ളവും നിർമ്മലമായിരിക്കും എന്നെനിക്കറിയാം. അതേ, യഹോവെ, എന്റെ ഉള്ളത്തെ മുഴുവൻ നിർമലമാക്കി ലംഘനങ്ങൾ ജീവിതത്തിൽ വീണ്ടും വരാത്തവിധം എന്നെ സൂക്ഷിക്കുവാൻ ഉറപ്പുള്ള, സ്ഥിരമായ ഒരു മാനസിക സ്ഥിതി നൽകേണമേ.

11. യഹോവേ, എന്നെ ഉപേക്ഷിക്കരുതേ, നിന്റെ സന്നിധിയിൽ നിന്ന് പുറത്താക്കരുതേ! നിന്നെ കൂടാതെ ജീവിക്കുന്ന കാര്യം എനിക്കോർക്കാനെ കഴിയുന്നില്ല. നിന്റെ പരിശുദ്ധാത്മാവിനെ

എന്നിൽ നിന്നെടുക്കുന്നതും എനിക്ക് ചിന്തിക്കാൻ കഴിയുന്നില്ല. ജനം നിന്നെ അനുസരിക്കാതെയിരിക്കുകയാണെങ്കിൽ നിന്റെ പരിശുദ്ധാത്മാവിനെ അവരിൽനിന്ന് നീ എടുക്കുന്ന കാലഘട്ട ത്തിലാണ് ഞാൻ ജീവിക്കുന്നത്. ശൗലിനോട് നീ അത് ചെയ്തു (1 ശമുവേൽ 16:14). അതിന്റെ അനന്തരഫലങ്ങൾ ചിന്തിക്കു മ്പോൾ ഞാൻ നടുങ്ങിപ്പോകുന്നു. യഹോവേ, ദയവായി എന്നെ അതിൽ നിന്നൊഴിവാക്കണമേ!

12. മുമ്പു പറഞ്ഞതുപോലെ എനിക്കെന്റെ ഗീതം നഷ്ടമായി. പ്രാണനല്ല ഗീതമാണ് നഷ്ടപ്പെട്ടത്. നിന്റെ രക്ഷയല്ല രക്ഷ യുടെ സന്തോഷമാണ് നഷ്ടമായത്. പശ്ചാത്തപിച്ച് മാനസാ ന്തരപ്പെട്ട് പാപമെല്ലാം ഉപേക്ഷിച്ചാണ് ഞാൻ നിൻ സന്നിധി യിൽ വന്നിരിക്കുന്നത്. രക്ഷയുടെ സന്തോഷം തിരികെ തരേ ണമേ. മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണ മേ. നിന്നെ പ്രസാദിപ്പിക്കുന്ന കാര്യങ്ങളെല്ലാം ചെയ്യുവാനുള്ള മനസ്സ് എനിക്കു തരേണമേ. അപ്പോൾ ഞാൻ നീതിപാതക ളിൽ നടക്കും.

13. എനിക്കു ലഭിക്കുന്ന പാപക്ഷമയുടെ ഫലമായി അതിക്രമക്കാ രോട് ക്ഷമയുടെയും സമാധാനത്തിന്റെയും മാർഗ്ഗത്തെക്കുറിച്ച് ഞാൻ സാക്ഷ്യപ്പെടുത്തും. എനിക്കുവേണ്ടി നീ ചെയ്തത് കേൾക്കുമ്പോൾ അവരും നിന്നിലേക്കു തിരിയാൻ ആഗ്രഹിക്കും.

14. രക്തപാതകത്തിൽ നിന്ന് നീ എന്നെ വിടുവിച്ചാലും, കർത്താ വേ, നീ എന്നെ വീണ്ടെടുത്ത എന്റെ സാക്ഷ്യം ലോകം മുഴു വൻ കേൾക്കും. എന്റെ രക്ഷയുടെ ദൈവമേ ഊരിയാവിന്റെ രക്തം എന്റെമേൽ ഭാരമായിരിക്കുന്നു. നിന്നെ എന്നേക്കും സ്തുതിക്കുന്നതിനുവേണ്ടി അത് എന്നിൽനിന്നും മായിച്ചുകള യേണമെ.

15. പാപംമൂലം എന്റെ അധരങ്ങൾ മുദ്രയിടപ്പെട്ടിരിക്കുന്നു. നിന്റെ ക്ഷമമൂലം എന്റെ വായെ തുറന്നാൽ നിന്റെ സ്തുതിയെ വർണ്ണി പ്പാൻ അതിനെ സമർപ്പിക്കും.

16. കർത്താവേ എനിക്കു ക്ഷമ ലഭിക്കുവാൻ ആചാരാനുഷ്ഠാനങ്ങളിൽ ഞാൻ ആശ്രയിക്കില്ല. യാഗങ്ങൾ നീ ആഗ്രഹിക്കുന്നവനല്ല. ആഗ്രഹിക്കുന്നവനായിരുന്നെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു. യാഗങ്ങൾ നിന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്നില്ല.

17. യാഗങ്ങൾ നീയാണ് സ്ഥാപിച്ചത്, എന്നാൽ അവയൊന്നും നിന്റെ ആത്യന്തികമായ മാതൃകയെ പ്രതിനിധീകരിക്കുന്നില്ല. അതിനാൽ തകർന്ന ഹൃദയത്തോടെ നിന്റെ അടുക്കൽ വരുന്നു-അതാണല്ലോ നീ ആവശ്യപ്പെടുന്ന യാഗം. പശ്ചാത്തപിക്കുന്ന ഹൃദയത്തെ നീ ഉപേക്ഷിക്കുകയില്ല.

18. കർത്താവേ, ഇപ്പോൾ നിന്റെ പ്രിയജനത്തിനായും, എനിക്കായും പ്രാർത്ഥിക്കുന്നു. അവരുടെ മേൽ നന്മ ചൊരിയണമേ. യെരുശലേമിന്റെ മതിലുകളെ വീണ്ടും പണിയണമേ! എന്റെ പ്രവർത്തികൾ നിന്റെ പ്രവൃത്തിയുടെ പുരോഗതിയെ സംശയരഹിതമായി തടസ്സപ്പെടുത്തിയിരിക്കുന്നു. നിന്റെ നാമത്തിനു നിന്ദ ഞാൻ ഉണ്ടാക്കി. ഇപ്പോൾ നിന്റെ പ്രവൃത്തികൾ തടസ്സം കൂടാതെ തുടരട്ടെ.

19. ഞങ്ങൾ എല്ലാവരും നിന്നോടുള്ള കൂട്ടായ്മയിൽ നടക്കുമ്പോൾ, പശ്ചാത്തപിച്ച് പാപത്തെ ഉപേക്ഷിക്കുമ്പോൾ ഞങ്ങളുടെ നീതി യാഗങ്ങളിൽ നീ പ്രസാദിക്കും. ഞങ്ങളെ പൂർണ്ണമായി സമർപ്പിച്ച യാഗങ്ങൾ നിന്റെ ഹൃദയത്തെ സന്തോഷിപ്പിക്കും. ഞങ്ങൾ കാളകളെ നിന്റെ യാഗപീഠത്തിൽ അർപ്പിക്കും-പാപത്തെ ക്ഷമിക്കുന്ന അതിക്രമികളെ മോചിക്കുന്ന ദൈവത്തിനു സ്തുതി പാടും.

ലൈംഗികപരമായ പാപങ്ങളെ മൊത്തമായി പരിഗണിക്കുവാൻ ഈ മാനസാന്തരം നമ്മെ പ്രേരിപ്പിക്കുന്നു. ഇത്തരം പാപങ്ങൾ വർദ്ധിച്ചു വരുന്ന നമ്മുടെ സമൂഹത്തിൽ അനുപേക്ഷണീയമായ ഒരു വിഷയമാണിത്.

# അദ്ധ്യായം 14

## സാന്മാർഗ്ഗിക വിശുദ്ധിയുടെ വിസ്തൃതി

സാത്താന് സ്വയം പ്രശംസിക്കാവുന്ന തരത്തിൽ നേടിയിട്ടുള്ള ബഹുഭൂരിപക്ഷം വിജയങ്ങളും ഏത് പോർക്കളത്തിലാണ്? സംശയലേശമെന്യേ വിശുദ്ധ വേദപുസ്തകവും, സഭാചരിത്രവും സാക്ഷിക്കുന്നു; "ലൈംഗികതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ". ലൈംഗിക അസാന്മാർഗ്ഗികത സാത്താന്റെ പ്രധാനപ്പെട്ട ഒരായുധമാണ്. അനിയന്ത്രിതമായ ലൈംഗിക അഭിനിവേശം കാരണം ഇടറിപ്പോയവരുടെ കൂട്ടത്തിൽ ശിംശോൻ, ദാവീദ്, ശലോമോൻ തുടങ്ങിയവർ വ്യക്തമായ ഉദാഹരണങ്ങളായി നിൽക്കുന്നു. മാത്രമല്ല, നിയമവിധേയമല്ലാത്ത അത്തരം ബന്ധങ്ങളിൽ വീണ് തകർച്ച നേരിട്ട അനേക ക്രിസ്തീയ നേതാക്കന്മാരെ സംബന്ധിച്ച് നമ്മിൽ പലരും സാക്ഷ്യം വഹിക്കുന്നുമുണ്ട്. തന്മൂലം ഈ വിഷയത്തെക്കുറിച്ച് വിശുദ്ധ വേദപുസ്തകം എന്തു പറയുന്നുവെന്ന് അറിയേണ്ടത് അത്യാവശ്യമാണ്.

നമ്മെ സൃഷ്ടിച്ചപ്പോൾ ചില തൃഷ്ണകൾ ദൈവം നമ്മിൽ ആക്കിവെച്ചിട്ടുണ്ട്. ലൈംഗികത അതിൽ ഒന്നാണ്. ദൈവം തന്ന മറ്റേതു ദാനങ്ങളെപ്പോലെ ഇതും വിശുദ്ധമാണ്. നല്ലതിനായി മാത്രം ഉപയോഗിക്കുക എന്ന ഉദ്ദേശത്തോട് ദൈവം തരുന്ന ദാനങ്ങൾ മനുഷ്യൻ പലപ്പോഴും തീയതിനായി ഉപയോഗിക്കുന്നു. ഉദാഹരണത്തിന് സദ്കാര്യത്തിനായി നല്കപ്പെട്ടിരിക്കുന്ന തീയും വെള്ളവും നശീകരിക്കുക എന്ന ദുർഗുണത്തിനും ഉപയോഗിക്കപ്പെടുന്നുണ്ട്.

ലൈംഗികതയുടെ ശരിയായ ഉപയോഗം വിവാഹജീവിതത്തിൽ മാത്രമേ ഉള്ളൂ. മാറ്റാനാകാത്ത ഒരു നിയമമായി മനുഷ്യജീവിതത്തിൽ ദൈവം അത് വെച്ചിരിക്കുന്നു. മനുഷ്യന്റെ ആത്മീയവും മാനസികവും, ശാരീരികവുമായ നന്മയെ ഉദ്ദേശിച്ചുള്ളതാണ് ഈ ദൈവീക നിയമം.

വിവാഹത്തിന്റെ സ്ഥാപകൻ ദൈവമാണെന്ന് വിശുദ്ധ വേദപുസ്തകം പറയുന്നു. (ഉല്പത്തി 2:18). പാപം ലോകത്തിൽ പ്രവേ

ശിക്കുന്നതിനു മുൻപേ അത് സ്ഥാപിതമായി വിവാഹം വിശുദ്ധ മായ ഒരേർപ്പാടല്ല എന്ന ചിലരുടെ വാദത്തെ ഈ സത്യം ഖണ്ഡി ക്കുന്നു. എബ്രായർ 13:4 ശ്രദ്ധിക്കുക, വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ.... ചുരുക്കത്തിൽ മനു ഷ്യവർഗ്ഗത്തോടുള്ള ദൈവഹിതമാണ് വിവാഹം. ഒരു സമയത്ത് ഏക പത്നിയോ, പതിയോ മാത്രമേ പാടുള്ളൂ എന്നു വിവാഹ ത്തിൽ ദൈവം ഉദ്ദേശിക്കുന്ന (ഉല്പത്തി) 2:24; മത്തായി 19:5,6 ഭാര്യയും ഭർത്താവും ജീവിച്ചിരിക്കുന്ന കാലം മുതൽ അത് സ്ഥിര മായിരിക്കണമെന്നാണ് ദൈവത്തിന്റെ ഉദ്ദേശ്യം. വിശ്വാസികളുടെ മാത്രമല്ല, സകലരുടേയും നന്മയാണ് അവൻ ആഗ്രഹിക്കുന്നത്. ക്രിസ്തുവും സഭയുമായുള്ള ബന്ധത്തിന് സാദൃശ്യമായി അപ്പോ സ്തലനായ പൗലോസ് ഇതിനെ ചൂണ്ടിക്കാണിക്കുന്നു (എഫെ സ്യർ 5:22,23)

(അവിവാഹ അവസ്ഥയിലായിരിക്കാൻ ദൈവം ചിലരെ വിളി ച്ചിട്ടുണ്ടെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ അത് എല്ലാ വർക്കും ബാധകമല്ല, അപൂർവ്വമായ ചിലർക്ക് മാത്രം അത് സത്യ മായിരിക്കുന്നു.)

## ലൈംഗികതയുടെ ശരിയായ ഉപയോഗം

വിവാഹ ബന്ധത്തിൽ മാത്രമുള്ള ലൈംഗികബന്ധം ആനന്ദവും തൃപ്തികരവുമായിരിക്കുമ്പോൾ വിവാഹേതര ബന്ധം സ്വനാശ ത്തിൽ കലാശിക്കുന്നു. ദുർന്നടപ്പുകാരനോ സ്വന്തശരീരത്തിനു വിരോധമായി പാപം ചെയ്യുന്നു. (1 കൊരൃന്ത്യർ 6:18) എന്ന് വേദ പുസ്തകം പ്രസ്താവിക്കുന്നു. ഒരുമിച്ച് ജീവിക്കാൻ, വിവാഹ ഉട മ്പടിയൊന്നും ആവശ്യമില്ലെന്ന് ചിലർ അഭിപ്രായം പറയാറുണ്ട്. രണ്ടു വ്യക്തികൾക്കും പരസ്പര സ്നേഹമുണ്ടെങ്കിൽ അവർക്ക് ഒരുമിച്ച് ജീവിക്കാം. വിവാഹിതരായി ദൈവം അവരെ കണക്കാ ക്കും. കാരണം വിവാഹം സ്വർഗ്ഗത്തിലാണ് നടക്കുന്നത് എന്നത്രേ അവരുടെ വാദഗതി.

എന്നാൽ വിശുദ്ധ വേദപുസ്തകത്തിന് വിരുദ്ധമായ ഒരു ചിന്താ ഗതിയാണിത്. യിസ്ഹാക്കും റിബേക്കായും വിവാഹം കഴിക്കു ന്നതും അതിനോടനുബന്ധിച്ചുള്ള മറ്റു കാര്യങ്ങൾ ചെയ്യുന്നതും ഉല്പത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ഉല്പത്തി 24:53–58). നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ (വാ.58) എന്ന

ചോദ്യത്തിന് ഞാൻ പോകുന്നു എന്ന് വ്യക്തമായി റിബെക്കാ ഉത്തരം നല്കി. വെള്ളിയാഭരണങ്ങളും, സ്വർണ്ണാഭരണങ്ങളും, വസ്ത്രങ്ങളും ദാനമായി കൊടുക്കുന്നതും ആ വിവാഹകർമ്മത്തിലുണ്ടായിരുന്നു. യഹോവയും യിസ്രായേലും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന വിവാഹം എന്ന ആലങ്കാരിക സംഭവത്തിൽ "നിയമവും ചെയ്തു" (യെഹെസ്കേൽ 16:8, ഒ.നോ. മലാഖി 2:14) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കാനാവിൽ നടന്ന കല്യാണത്തിലെ വിവാഹകർമ്മങ്ങളെപ്പറ്റി യോഹന്നാൻ 2:1-10 വരെയുള്ള വാക്യങ്ങളിൽ വായിക്കുന്നു. യഹൂദ കല്യാണങ്ങളിൽ ഏഴു മുതൽ പതിന്നാലു ദിവസംവരെ നീണ്ടു നിൽക്കുന്ന വിരുന്നുകൾ അക്കാലങ്ങളിൽ പതിവായിരുന്നു (ഒ.നോ. മത്തായി 22:1-14; ലൂക്കോസ് 14:8). അതോടൊപ്പം തന്നെ അതിഥികൾക്ക് കല്യാണവസ്ത്രം കൊടുക്കുന്ന ഒരേർപ്പാടും ഉണ്ടായിരുന്നു (ഒ.നോ. മത്തായി 22:11,12). ലൂക്കോസ് 12:36-ൽ കല്യാണത്തിൽ സംബന്ധിച്ചിട്ട് തിരികെ വരുന്ന യജമാനനെപ്പറ്റി വായിക്കുന്നു.

ദൈവം തന്റെ ജനത്തിന് ഏക ഭാര്യ. ഭർത്തൃബന്ധമാണ് ഉദ്ദേശിച്ചിരിക്കുന്നത് (ഉൽപ്പത്തി 2:24). ബഹു ഭാര്യത്വം, തെറ്റായ വിവാഹാചാരങ്ങൾ എന്നിവയെപ്പറ്റി വേദപുസ്തകം രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അവയെ വേദപുസ്തകം യാതൊരു തരത്തിലും അംഗീകരിക്കുന്നില്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ദൈവജനം എല്ലാ തിന്മകളും വർജ്ജിച്ച് ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. (1 തെസ്സലോനിക്കർ 5:22)

## തെറ്റായ ന്യായീകരണങ്ങൾ

ദൈവത്തോടുള്ള അനുസരണക്കേട് ന്യായീകരിക്കാൻ മനുഷ്യൻ ആവോളം ശ്രമിക്കാറുണ്ട്. വിവാഹത്തെ സംബന്ധിച്ച് ദൈവം ഏർപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾക്ക് വിരുദ്ധമായി ജീവിക്കേണ്ടതിന് വേദപുസ്തകസത്യങ്ങളെ സ്വന്ത ഇഷ്ടപ്രകാരം അവർ വളച്ചൊടിക്കുന്നു. അത്തരക്കാരെപ്പറ്റിയുള്ള ചില വിവരണങ്ങൾ ചക്ക് സ്വിൻഡോൾ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക.

ഞാൻ സന്തോഷവാനായി ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അവളെ കല്യാണം കഴിച്ചതുകൊണ്ട് സന്തോഷിക്കുവാൻ എനിക്ക് സാധിക്കുന്നില്ല. ആയതിനാൽ ഞാനവളെ ഉപേക്ഷിക്കുന്നു. ദൈവം എന്നെ മനസ്സിലാക്കും എന്നെനിക്കറിയാം.

ഇത് അസാന്മാർഗ്ഗികമാണെന്ന് വിചാരിച്ചിരുന്ന ഒരു കാലഘട്ട മുണ്ടായിരുന്നു. എന്നാൽ ഇന്നത് മാറിയിരിക്കുന്നു. ഈ ആഗ്രഹം ദൈവമെനിക്കുതന്നു. അങ്ങനെ ഞാൻ സന്തോഷിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു.

ഞാൻ ക്ഷമ യാചിക്കണമെന്നോ? അത് അപഹാസ്യമായ കാര്യ മാണ്. യാതൊരു ഗൗരവമില്ലാത്ത അത്തരം തന്ത്രങ്ങളെക്കാളേറെ ദൈവവുമായുള്ള എന്റെ ബന്ധം ആഴമേറിയതാണ്.

നല്ലതാണെന്ന് തോന്നുന്നുവെങ്കിൽ ചെയ്തോളൂ... ഹേ... നാം യാതൊരു നിയമത്തിനും കീഴിലല്ല.

അല്പം ചെപ്പടിവിദ്യകളൊന്നുമില്ലെങ്കിൽ പിന്നെന്താ ഒരു രസം? അല്പം തമാശയും കളിയുമൊക്കെ വേണ്ടേ? ഇല്ലെങ്കിൽ പിന്നെ ന്താണ് ജീവിതം? ചെയ്യരുത് എന്നുള്ള നിയമങ്ങളൊക്കെ കാലഹ രണപ്പെട്ടിരിക്കുന്നു.

ഇവയോടൊപ്പം ചില വാദങ്ങൾകൂടെ ചേർക്കട്ടെ.

സ്നേഹത്തിൽ ചെയ്യുന്നിടത്തോളം കാലം ഇവയെല്ലാം ശരി യാണ്

ഞങ്ങൾ ബോധമുള്ളവരാണ്. കാലഹരണപ്പെട്ട വർജ്ജന നിയ മങ്ങളാൽ ഞങ്ങൾ ബന്ധിതരല്ല.

എന്റെ മനസ്സാക്ഷിയുടെ തീരുമാനത്തിനനുസരിച്ച് ചെയ്യാൻ എനിക്ക് സ്വാതന്ത്ര്യമില്ലേ?

എല്ലാവരും ചെയ്യുന്നു. പിന്നെന്തുകൊണ്ട് എനിക്ക് മാത്രം സാധിക്കത്തില്ല.

ഇത്തരത്തിലുള്ള എത്ര വാദങ്ങൾ കൊണ്ടുവന്നാലും ശരി ലൈംഗിക അസാന്മാർഗ്ഗികത്വം വിലക്കപ്പെട്ടതുതന്നെ. (1 തെസ്സ ലോനിക്യർ 4:3). "മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും." (ഗ ലാത്യർ 6:7); "ദ്രോഹിയുടെ വഴിയോ ദുർഘടം " (സദൃശ്യവാക്യ ങ്ങൾ 13:15)" ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും" (എബ്രായർ 13:4). ലൈംഗിക അസന്മാർഗ്ഗികത്വം തുട രുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല. (ഒ.നോ. 1 കൊരി ന്ത്യർ 6:9-10). അവർക്ക് "ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ (വെളിപ്പാട് 21:8) എന്ന് വേദപുസ്തകം വ്യക്ത മായി രേഖപ്പെടുത്തിയിരിക്കുന്നു.

ഇതിനെതിരേ എത്ര ന്യായീകരണങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചാലും കുറ്റബോധത്തിൽനിന്നും അശുദ്ധിയിൽനിന്നും മോചനമില്ല എന്നോർക്കുക. ശാരീരികവും മാനസികവുമായ തകർച്ചയിൽനിന്നും രക്ഷപ്പെടാനും സാദ്ധ്യമല്ല (റോമർ 1:27; 1 കൊരിന്ത്യർ 6:18). വൈദ്യമേഖല എത്ര വികസിച്ചാലും ലൈംഗിക രോഗങ്ങൾ അത്തരക്കാർക്ക് ഭീഷണിയായി നിലകൊള്ളുകതന്നെ ചെയ്യും.

എന്നാൽ, ഇതിൽനിന്ന് മോചനമില്ല എന്ന് കരുതരുത്. ഒരു വ്യക്തിക്ക് തെറ്റ് സംഭവിച്ചതുകൊണ്ട് അവൻ പൂർണ്ണമായി തള്ളപ്പെട്ടവനാണ് എന്നും ഇതിന് അർത്ഥമില്ല. രക്ഷിക്കപ്പെടാത്ത ഒരു വ്യക്തിയാണെങ്കിൽ പാപത്തിൽനിന്നും മാനസാന്തരപ്പെട്ട്, യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് ഒരു പുതിയ ജീവിതത്തിലേക്ക് അവന് പ്രവേശിക്കാം അവന്റെ ആ പാപവും മറ്റുള്ള എല്ലാ പാപങ്ങളും ദൈവം "പുറകിൽ എറിഞ്ഞുകളഞ്ഞു" എന്നവനപ്പോൾ ബോധ്യപ്പെടും. ദൈവം അതു ക്ഷമിക്കുക മാത്രമല്ല മറക്കുകയും ചെയ്തു. ആ വ്യവഹാരം അവിടെ അടഞ്ഞു.

രക്ഷിക്കപ്പെട്ട വ്യക്തിയാണെങ്കിൽ ആ പാപത്തെ ഏറ്റുപറഞ്ഞ് പൂർണ്ണമായി ഉപേക്ഷിക്കേണ്ടതാണ്. ക്ഷമ കിട്ടി എന്ന പൂർണ്ണ ബോധ്യം അവന് ലഭിക്കും. പാപത്തെ ക്ഷമിക്കാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു. പാപത്തിന് താൻ മറുവില കൊടുത്തതിനാൽ "എന്റെ പേരിൽ കണക്കിട്ടുകൊൾക" എന്നാണ് അവൻ പറയുന്നത്.

## വിവാഹ മോചനം

എന്നാൽ വിവാഹത്തിന്റെ പ്രചോദനം പോയാൽ എന്ത് സംഭവിക്കും? സന്തോഷരഹിതമായി ദുഖത്തോടെ ജീവിതം കഴിക്കണമെന്ന് ഒരു വിശ്വാസിയെപ്പറ്റി ദൈവം തീർച്ചയായും ആഗ്രഹിക്കുന്നില്ല. വിവാഹമോചനം തന്നെയാണ് നല്ലത് എന്ന്ചിലർ വാദിക്കാറുണ്ട്. മനുഷ്യൻ സ്വന്തഇഷ്ടപ്രകാരം ഇത്തരം വാദങ്ങൾ കൊണ്ടുവരാറുണ്ടെങ്കിലും അത്തരത്തിലുള്ള യാതൊരു അനുവാദവും ദൈവവചനം നല്കുന്നില്ല. വിവാഹത്തിൽ ഏക പങ്കാളി മാത്രമേ പാടുള്ളൂ എന്നും മരണം വേർപിരിക്കുന്നതുവരേയും ഉള്ള ഉടമ്പടിയാണ് അതെന്നും ദൈവവചനം വ്യക്തമാക്കുന്നു. കുടുംബപ്രശ്നങ്ങൾ നിയന്ത്രണാതീതമായിത്തീരുകയോ മറ്റൊരു സ്ത്രീയോ പുരുഷനോ ആകർഷണീയമായി തോന്നുകയോ ചെയ്യുമ്പോൾ വിവാഹ മോചനം മാത്രമാണ് പരിഹാരം എന്ന സമൂഹത്തിന്റെ

ബുദ്ധിയുപദേശത്തിന് ഒരു വിശ്വാസി അടിമപ്പെടരുത്. ദൈവഹിതത്തിന് പൂർണ്ണമായി വിധേയപ്പെട്ടു ജീവിക്കുന്നതാണ് ഒരു യഥാർത്ഥ വിശ്വാസിയുടെ ജീവിതം.

## ലൈംഗിക അപകീർത്തികൾ

അമേരിക്കയിലെ പ്രശസ്തരായ സഭാനേതാക്കൾ ഉൾപ്പെട്ട ലൈംഗിക അപകീർത്തി വാർത്തകൾ അമേരിക്കയിലാകെ ഞെട്ടലുളവാക്കിയിരുന്നു. വളരെ പ്രശസ്തനായ ഒരു റ്റി.വി. പ്രസംഗകൻ വ്യഭിചാരക്കുറ്റത്തിന് പിടിക്കപ്പെട്ടു. പ്രവചന വിഷയങ്ങളെ അധികരിച്ച് എഴുതാറുണ്ടായിരുന്ന, അറിയപ്പെടുന്ന ഒരെഴുത്തുകാരൻ മറ്റൊരു സ്ത്രീയ്ക്കുവേണ്ടി സ്വന്തം ഭാര്യയെ ഉപേക്ഷിച്ചു; കുടുംബപ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിച്ച് എഴുതുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന പ്രസിദ്ധമായ ഒരു വനിത മറ്റൊരു പുരുഷനെ വിവാഹം കഴിക്കേണ്ടതിന് സ്വന്തം ഭർത്താവിനെ ഉപേക്ഷിച്ചു. ഒരു യുവജന സംഘടനയുടെ നേതൃത്വത്തിലിരുന്ന ഒരു വ്യക്തി നിയമവിരുദ്ധമായ ബന്ധത്തിൽ അകപ്പെട്ടതിനാൽ തൽസ്ഥാനം രാജിവെയ്ക്കേണ്ടിവന്നു. ദുഃഖകരമായ ഇത്തരം നിരവധി വാർത്തകൾ പിന്നേയും ഉണ്ട്.

അപകീർത്തി കേസ്സുകൾ ഉണ്ടാകുമ്പോൾ, രഹസ്യത്തിൽ അവയെ ഒതുക്കിതീർക്കാൻ ശ്രമിക്കുന്നത് സാധാരണ കണ്ടുവരാറുണ്ട്. ആ വാർത്തകൾ മറ്റുള്ളവരോട് പറയുന്നത് ഏഷണി പറച്ചിലാകുമെന്ന് ചിലർ ചിന്തിക്കുന്നു. എന്നാൽ ഇതിന് മറ്റൊരു വശവുമുണ്ടെന്ന് വിസ്മരിക്കരുത്. നമ്മുടെ മദ്ധ്യത്തിൽ നേരിട്ടിട്ടുള്ള ഇത്തരം അസാന്മാർഗ്ഗികപ്രവൃത്തികൾ മറയ്ക്കാൻ ശ്രമിക്കുംതോറും വിശ്വാസസമൂഹത്തിന് നാം കൂടുതൽ ഉപദ്രവം ചെയ്യുകയാണ്. ഇത്തരം പ്രവൃത്തികളുടെ വാർത്തകൾ ഉൾപ്പെട്ട വ്യക്തിയുടെ പേര് വെളിപ്പെടുത്താതെ കൂടുതൽ പരക്കുകയാണെങ്കിൽ, വീഴാൻ സാദ്ധ്യതയുള്ള മറ്റനേകർക്ക് അതൊരു മുന്നറിയിപ്പായി വർത്തിക്കും. അസന്മാർഗ്ഗികമായ പ്രവർത്തികളിൽനിന്നും നമ്മെ പിന്തിരിപ്പിക്കുന്നതിനും മുന്നറിയിപ്പിനുമായി പ്രസ്തുത കാര്യത്തിൽ തകർച്ച നേരിട്ട സംഭവങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധിയുടെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കുന്ന ഇത്തരം സംഭവങ്ങൾ കേൾക്കുമ്പോൾ ആശ്ചര്യപ്പെട്ട്

പലതും ചോദിച്ചുപോകാറുണ്ട്. എന്തുകൊണ്ട് ചിലർക്കിത് സംഭവിക്കുന്നു? പക്ഷേ ഓർക്കുക മറ്റുള്ളവർക്കും ഇത് സംഭവിച്ചുകൂടായ്കയില്ല. നാം നിൽക്കുന്നത് അവിടുത്തെ കൃപയാലാണ്. സ്വശക്തിയാൽ പാപപ്രലോഭനങ്ങളെ നേരിടാൻ സാദ്ധ്യമല്ല എന്ന കാര്യം വിനയത്തോട് ഓർക്കേണ്ടതുമാണ്.

ചിലർ, മറ്റുള്ളവരെക്കാൾ പ്രലോഭനങ്ങൾക്ക് കൂടുതൽ വശംവദരാകുവാൻ സാദ്ധ്യതയുണ്ട്. ആത്മീക പോരാട്ടത്തിന് മുൻപന്തിയിൽ നിൽക്കുന്നവർ പിന്നിലുള്ളവരെക്കാൾ സാത്താന്റെ നോട്ടപ്പുള്ളികളാണ്. ധാരാളം കഴിവും, പ്രശസ്തിയും ആകർഷണശക്തിയുള്ള വ്യക്തിത്വം ഉള്ളവരുമായവർ, മറ്റുള്ളവർക്ക് അജ്ഞാതമായിരിക്കുന്ന ആക്രമണങ്ങൾ അഭിമുഖീകരിക്കുന്നതിനും ഇടയുണ്ട്.

മറ്റു വിശ്വാസികളുടെ പ്രാർത്ഥന എന്ന അനുഗ്രഹം ഇല്ലാത്തവരും വീഴാനുള്ള സാദ്ധ്യത ഏറെയാണ്. സാത്താനെ ജയിക്കാനുള്ള ശക്തിയായ ഒരു കോട്ടയാണ് പ്രാർത്ഥന.

അപകടങ്ങളിൽ ഒരുപക്ഷേ ഏറ്റകുറച്ചിലുകൾ ഉണ്ടായേക്കാമെങ്കിലും എല്ലാ വിശ്വാസികൾക്കു നേരെയും അപകടം പതിയിരുപ്പുണ്ട് എന്ന് ഓർപ്പിക്കട്ടെ.

## പ്രാർത്ഥനയില്ലായ്മ

നമ്മെ മുമ്പോട്ട് കൊണ്ടുപോകാനുള്ള കർത്താവിന്റെ കൃപ യാചിക്കുന്നതിനുള്ള മുടക്കം ഗുരുതരമായ ആപത്തിന് വഴിതെളിക്കും. പാപത്തോടുള്ള നമ്മുടെ ആകർഷണതയെപ്പറ്റി നാം നന്നായി ബോദ്ധ്യപ്പെട്ട് അതിൽനിന്നും ജയം പ്രാപിക്കേണ്ടതിന് നിമിഷം തോറും കർത്താവിനോട് യാചിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## വചനതിരസ്ക്കരണം

അടച്ചുവെച്ചിരിക്കുന്ന വേദപുസ്തകം മുന്നറിയിപ്പുകളും, പ്രബോധനങ്ങളും, പ്രോത്സാഹനങ്ങളും നമുക്ക് തരുന്നില്ല. എന്നാൽ തെന്നിവീഴാനുള്ള പ്രലോഭനം നമുക്ക് നേരിടുമ്പോൾ അനുയോജ്യമായ രീതിയിലും, ശബ്ദത്തോടും മുന്നറിയിപ്പുകൾ വേദപുസ്തകധ്യാനവും പഠനവും നമുക്ക് നല്കും.

## വിശ്വാസികളുടെ കൂട്ടായ്മയിൽ നിന്നുള്ള വിച്ഛേദനം

കൂട്ടം തെറ്റി ഒറ്റപ്പെട്ട ആട്ടിൻകുട്ടി ചെന്നായ്ക്ക് എളുപ്പം പിടിക്കാവുന്ന ഒരു ഇരയാണ്. തീയിൽനിന്ന് മാറ്റപ്പെട്ട തീക്കനൽ പെട്ടന്ന്

തണുത്തുപോകും. സഹവിശ്വാസികളോടൊത്തുള്ള കൂട്ടായ്മ ആഗ്രഹിക്കാത്ത ഒരു വിശ്വാസിയെ സാത്താനാക്രമിക്കാനെളുപ്പമാണ്.

## അനിയന്ത്രിതമായ ചിന്തകൾ

പാപം ആരംഭിക്കുന്നത് ചിന്തയിലാണ് (യാക്കോബ് 1:14,15). ലൈംഗിക ചിന്തകളിൽ വിഹരിക്കുന്നവർ താമസിയാതെ ചിന്തകൾ പ്രവൃത്തിയിൽ കൊണ്ടുവരാൻ ശ്രമിക്കും. മോഹത്തോടെയുള്ള നോട്ടത്തിനെതിരേ അതുകൊണ്ടാണ് കർത്താവ് മുന്നറിയിപ്പ് തന്നിരിക്കുന്നത്. (മത്തായി 5:28). വ്യഭിചാര ചിന്തകൾ ഒരു വ്യക്തിക്കില്ലെങ്കിൽ, അവനത് ചെയ്യുകയുമില്ല.

## ദീർഘമായ വേർപാട്

അപ്പൊ. പൗലോസ് എഴുതിയിരിക്കുന്നു. 'പ്രാർത്ഥനക്കു അവസരമുണ്ടാവാൻ ഒരു സമയത്തേക്കു പരസ്പര സമ്മതത്തോടെ അല്ലാതെ തമ്മിൽ (ഭാര്യയും ഭർത്താവും) വേർപെട്ടിരിക്കരുത്' (1കൊരി. 7:5). അജിതേന്ദ്രിതയത്വം നിമിത്തം, സാത്താന്റെ പരീക്ഷണത്തിൽ അകപ്പെടാനുള്ള സാദ്ധ്യത അത്തരം ദീർഘമായ വേർപാടിനാൽ കൂടുതലാണ്.

## ഏകാന്തത

അവിവേകവും നിരാശാപൂർണ്ണവുമായ കാര്യങ്ങൾ പ്രവർത്തിക്കുന്നതിലേക്ക് ഏകാന്തത നയിക്കും. കർത്തൃവേലയിൽ വ്യാപൃതനായിരിക്കുന്നതും, മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിൽ ഏർപ്പെടുന്നതുമാണ് ഏകാന്തതയിൽ നിന്ന് മുക്തി നേടുന്നതിനുള്ള ഒരു നല്ല പരിഹാരമാർഗ്ഗം.

## അതിരു കവിഞ്ഞ സുപരിചിതത്വം

കർത്താവു പറഞ്ഞു "നിന്റെ കൈ നിനക്കു ഇടർച്ച വരുത്തിയാൽ അതിനെ വെട്ടിക്കളക" (മർക്കൊ. 9:43). ഒരു ദൈവവചനപഠനശാലയുടെ അദ്ധ്യയനാരംഭത്തിൽ ഒരു പ്രസംഗകൻ ഇപ്രകാരം പറഞ്ഞു, "സ്ത്രീയെ തൊടരുത്, പണത്തെ തൊടരുത്, പ്രശസ്തിയെ തൊടരുത്". നിരുപദ്രവപരമെന്ന് തോന്നാവുന്ന ചെറുലാളനകളും, തടവലും അതിരുകവിഞ്ഞ സുപരിചിതത്വത്തിലേക്ക് നയിക്കപ്പെടാവുന്നവയാണ്.

## അനുരജ്ഞന സാഹചര്യങ്ങളെ ഒഴിവാക്കുന്നതിലുള്ള പരാജയം

ഓഫീസ് സമയത്തിനുശേഷം സെക്രട്ടറിയോടൊപ്പം ഒറ്റയ്ക്ക് സമയം ചെലവഴിക്കുക, കൗൺസിലിംഗിനായിവന്ന സ്ത്രീയോടൊപ്പം മണിക്കൂറുകൾ ഏകനായി സമയം ചെലവഴിക്കുക, മറ്റൊരു വ്യക്തിയോടൊപ്പം വാഹനത്തിലോ, ഹോട്ടലിലോ ഒറ്റയ്ക്ക് സമയം ചെലവഴിക്കുക, നിരപരാധിത്വമായി ചിലവഴിക്കുന്ന ഈ മണിക്കൂറുകൾ വൻ അഗ്നിബാധയ്ക്ക് ഹേതുവാകാൻ മതിയായവയാണ്.

## മാർഗരറ്റ് ഹെസ്സിന്റെ ഉപദേശം ശ്രദ്ധിക്കുക

എതിർലിംഗക്കാരോടുള്ള ബന്ധത്തിൽ എപ്പോഴും ഒരു അതിർ സൂക്ഷിക്കേണ്ടതാണ്, പരിശോധനയ്ക്കുള്ള അവസാനരോഗി ഒരു സ്ത്രീയാകാതിരിപ്പാൻ മനശ്ശാസ്ത്ര വിദഗ്ധൻ ശ്രദ്ധിക്കുക, കൗൺസിലിംഗിനുവരുന്ന സ്ത്രീയെ മേശയുടെ എതിർവശത്തു മാത്രം ഇരുത്താനും, കതകുകൾ പൂർണ്ണമായി തുറന്നിടാനും കൗൺസിലിംഗ് വിദഗ്ധൻ ശ്രദ്ധിക്കുക, ഒരു രോഗിയായ സ്ത്രീയെ പരിശോധിക്കേണ്ടി വരുമ്പോൾ നേഴ്സിനെകൂടെ നിർത്താൻ ഡോക്ടർ ശ്രദ്ധിക്കുക,ഭർത്താവ് ഉദ്യോഗാർത്ഥം വെളിയിലായിരിക്കുമ്പോൾ അയല്ക്കാരുമായുള്ള പ്രലോഭന സാഹചര്യങ്ങൾ ഭാര്യ ഒഴിവാക്കുക, ജോലിയോടുള്ള ബന്ധത്തിൽ ദീർഘമാസങ്ങൾ ഭർത്താവ് വീടിന് വെളിയിലായിരിക്കാതെയിരിപ്പാൻ സാമർത്ഥ്യമുള്ള ഭാര്യ ശ്രദ്ധിക്കുക. പ്രലോഭനങ്ങൾ ഒഴിവാക്കാനുള്ള ചില മാർഗ്ഗങ്ങൾ ഇതൊക്കെയാണ്.

## നിഷ്ക്രിയത്വം

പ്രവൃത്തി ചെയ്യുന്നതിനോടുള്ള വിരോധം മാരകമായ ഒരസുഖമാണ്. പാപപ്രലോഭനങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുവാൻ ശിക്ഷണമുള്ള നല്ല പ്രവൃത്തികൾ ആവശ്യമാണ്. പക്ഷേ ദൈവവുമായുള്ള കൂട്ടായ്മയ്ക്ക് വിഘ്നം നേരിടാൻ പ്രവൃത്തികൾ ഇടയാകാതിരിപ്പാനും ശ്രദ്ധിക്കണം.

### അഹന്ത

മറ്റുള്ളവരുടെ മുഖസ്തുതി മോഹാലസ്യജനകമായ അഹന്തയ്ക്ക് ഹേതുവാകും. മറ്റുള്ളവരെക്കാളും തനിക്കെന്തോ പ്രത്യേക

തയുണ്ടെന്നും, ഉന്നതനാണെന്നുമുള്ള ചിന്ത പലരിലും ഇതുമൂലം തലപൊക്കും. എന്നാൽ അത്തരക്കാർക്ക് നേരിടാൻ പോകുന്ന അപകടം അതിഭയങ്കരമായിരിക്കും. 'നാശത്തിനു മുമ്പെ ഗർവ്വം, വീഴ്ചയ്ക്കുമുമ്പെ ഉന്നതഭാവം" (സദൃശ്യ. 16:18).

## പ്രശസ്തി

പ്രശസ്തി നേടാൻ ഏതു വിധേനയും പരിശ്രമിക്കുന്നവർ 'നാശം തേടി പ്രയാണം ചെയ്യുന്ന കപ്പൽ" പോലെയാണ് പൊതുവേ പറഞ്ഞാൽ പ്രശസ്തി ക്രിസ്തീയ ജീവിതത്തിന് അപകടമാണ്. ദൈവം അത് ഒരു വിശ്വാസിക്ക് നല്കുകയാണെങ്കിൽ മുമ്പോട്ടു കൊണ്ടുപോകാനുള്ള ദൈവകൃപയും അത്യന്താപേക്ഷിതമാണ്.

## ടെലിവിഷൻ

ലൈംഗിക ചേഷ്ടകളും, കാമവികാരം ജ്വലിപ്പിക്കുന്നതും, രതിക്രീഢകൾ നിറഞ്ഞതുമായ പരിപാടികളുടെ അമിതശ്രദ്ധ പാപത്തോടുള്ള ഗൗരവം കാണികളിൽ കുറയ്ക്കുകയും, മനസ്സിനെ അത് ചൂട് പിടിപ്പിക്കുകയും ചെയ്യുന്നു. അശ്ലീലതയോടുള്ള സുപരിചിതത്വവും തുടർച്ചയായുള്ള സഹവർത്തിത്വവും അസാന്മാർഗ്ഗിക സ്വഭാവത്തിലേക്കും പ്രവൃത്തിയിലേക്കും നയിക്കുന്നു. അശ്ലീലപുസ്തകങ്ങൾ, സിനിമകൾ, മാസികകൾ, വീഡിയോകാസറ്റുകൾ തുടങ്ങിയവയെല്ലാം ഇതിന് സമാനമായവതന്നെ.

## കെണിയിലകപ്പെടുത്തൽ

ക്രിസ്തീയ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവരെ എങ്ങനേയും കെണിയിലകപ്പെടുത്താൻ ശത്രു ശ്രമിച്ചുകൊണ്ടിരിക്കും. സുവിശേഷ വിരോധം തീവ്രമായി വെച്ചുപുലർത്തുന്ന ഒരു രാജ്യത്ത് ഒരു മിഷണറി പ്രവർത്തിച്ചുകൊണ്ടിരുന്നു. ഒരു ദിവസം 'ആത്മീയ സഹായം ഉടൻ ആവശ്യമായിരിക്കുന്നു' എന്നറിയിച്ചുകൊണ്ട് ഒരു സ്ത്രീ അദ്ദേഹത്തിന് ഫോൺ ചെയ്തു. തപാലാഫീസിന് മുമ്പിലായി കാത്തു നില്പുണ്ടെന്നും അടിയന്തിരമായി എത്തണമെന്നും ആ ഫോൺ സന്ദേശത്തിലുണ്ടായിരുന്നു. സ്വന്തം ഭാര്യയെ കൂടെ കൊണ്ടുപോകാൻ വിസമ്മതിച്ച്, വളരെവേഗം കാറിൽ തപാലാഫീസിന് മുന്നിൽ കാത്തു നിന്നിരുന്ന സ്ത്രീയുടെ അടുത്ത് അദ്ദേഹം എത്തി. ഉടൻതന്നെ പോലീസ് രംഗത്തെത്തുകയും വേശ്യയുമായി ബന്ധപ്പെട്ടു എന്ന പേരിൽ അദ്ദേഹത്തെ അറസ്റ്റു ചെയ്തു

കയും ചെയ്തു. തുടർന്ന് അവിടത്തെ ഭരണകൂടം ആ രാജ്യത്തിൽ നിന്നു തന്നെ അദ്ദേഹത്തെ പുറത്താക്കി.

ഈ സംഭവത്തിൽ ആ മിഷണറി അസാന്മാർഗ്ഗിക പ്രവൃത്തി ഒന്നും തന്നെ ചെയ്തില്ല,. പക്ഷെ കെണിയിലകപ്പെടാനിടയായി.

ഇത്തരത്തിലുള്ള ഒരദ്ധ്യായം എഴുതേണ്ടിവന്നതിന്റെ ആവശ്യകത ദുഃഖകരം തന്നെയാണ്. മുകളിൽ പ്രസ്താവിച്ച രീതിയിലുള്ള പ്രശ്നങ്ങൾ ഒന്നും തന്നെയില്ല എന്ന രീതിയിൽ അവയെപ്പറ്റി ഒന്നും പരാമർശിക്കാതെതന്നെ മറ്റു വിഷയങ്ങളിലേക്ക് പോകാമായിരുന്നു. പക്ഷേ അസാന്മാർഗ്ഗികത ഉൾപ്പെടെ ഏതു പാപത്തിലും വിശ്വാസി വീഴാൻ സാദ്ധ്യത ഉണ്ടെന്നുള്ള പുതിയനിയമ വസ്തുത സത്യമായിത്തന്നെ നില്ക്കുന്നു. മുമ്പോട്ടുള്ള പാതയിൽ ഇവ നമ്മെ കാത്തിരുപ്പുണ്ട് എന്ന ജാഗ്രതയോട് സാന്മാർഗ്ഗിക തകർച്ചയിൽ വീഴാതെസൂക്ഷിച്ച് രക്ഷകനുമായുള്ള അടുത്ത സഹവർത്തിത്വത്തിൽ ദൈനംദിനം മുമ്പോട്ട് പോകാം.

## അദ്ധ്യായം 15

# സ്വവർഗ്ഗ സംഭോഗം എന്ന പാപം

സ്വവർഗ്ഗ സംഭോഗം അംഗീകരിക്കപ്പെട്ട ഒരു ജീവിതശൈലിയാണെന്ന് പലരും വാദിക്കാറുണ്ട്. മറ്റുള്ളവരെപ്പോലെ ജീവിക്കാനുള്ള അവകാശങ്ങൾ ഞങ്ങൾക്കും വേണമെന്നുള്ള മുറവിളിയുമായി ഉള്ളറകളിലായിരുന്ന ഇവർ പരസ്യമായി ഇപ്പോൾ രംഗത്തെത്തിയിട്ടുമുണ്ട്.

പക്ഷെ, വർത്തമാന സമൂഹത്തിൽ പറയപ്പെടുന്നതും ചെയ്യപ്പെടുന്നതുമായ ഇത്തരം കാര്യങ്ങൾ വിശ്വാസികളുടെ ജീവിതങ്ങളെ നിയന്ത്രിക്കാനിടവരരുത്. 'അനേകർ ചെയ്യുന്നുണ്ടല്ലോ, പിന്നെന്താ തെറ്റ്' എന്ന പ്രസ്താവന കേട്ട് വിശ്വാസികളുടെ മനസ്സ് ചാഞ്ചാടാൻ പാടില്ല. എല്ലാ കാര്യത്തിലും നമ്മുടെ അടിസ്ഥാന ചോദ്യം, 'വേദപുസ്തകം എന്തു പറയുന്നു'? എന്നുള്ളതാണ്. ആ ഒരു കാര്യത്തിലേക്ക് തന്നെ നമുക്ക് തുടർന്ന് തിരിയാം.

## ഉല്പത്തി ഒന്നും രണ്ടും അദ്ധ്യായങ്ങൾ

ദൈവം മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചിട്ട് അവിടത്തെ ഹിതപ്രകാരം തന്നെ 'വിവാഹം' എന്ന ബന്ധം അവരുടെ ഇടയിൽ ഏർപ്പെടുത്തി. അങ്ങനെയാണെങ്കിൽ ലൈംഗികത എവിടെ വേണമെന്നുള്ള ദൈവിക തീരുമാനത്തിന് വിരുദ്ധമായ ലൈംഗിക വൈകൃതമാണ് സ്വവർഗ്ഗ സംഭോഗം അഥവാ പ്രകൃതി വിരുദ്ധമായ അതിഭയങ്കര അക്രമം.

## ഉല്പത്തി 19:1-26

സ്വവർഗ്ഗസംഭോഗത്തിന് കുപ്രസിദ്ധിയാർജ്ജിച്ചിരുന്ന ഒരു ജന സമൂഹമായിരുന്നു സോദോമിൽ ഉണ്ടായിരുന്നത്. സ്വവർഗ്ഗസംഭോഗത്തിന്റെ ആംഗ്ലേയഭാഷയിലെ ഒരു പേരായ 'സോഡോമി' (Sodomy) എന്ന വാക്ക് ആ സ്ഥലത്തിന്റെ പേരുമായി ബന്ധപ്പെട്ടുവന്നതാണ്. ലോത്തിന്റെ വീട്ടിൽ വന്ന പുരുഷന്മാരായ രണ്ട് അതിഥികളെ ഭോഗിക്കേണ്ടതിന് ആബാലവൃദ്ധം ജനങ്ങൾ ശ്രമിച്ചപ്പോൾ, തന്റെ ജനത്തെ എത്രയും പെട്ടെന്ന് അവിടെ നിന്നും മാറ്റി തീയും ഗന്ധകവും കൊണ്ട് ദൈവം ആ പട്ടണത്തെ നശിപ്പിച്ചു.

ലേവ്യാപുസ്തകം 18:22; 20:13 മോശെയുടെ ന്യായപ്രമാണത്തിൽ സ്വവർഗ്ഗസംഭോഗം മ്ലേച്ഛതയാണെന്നും ഈ ബന്ധത്തിൽ ഏർപ്പെടുന്നവർ മരണശിക്ഷ അനുഭവിക്കണം എന്നും കല്പിച്ചിരിക്കുന്നു. (സ്വവർഗ്ഗ സംഭോഗം ഒരു മാനസിക അസുഖം മൂലം ഉണ്ടാകുന്നതാണെന്ന വാദം കള്ളമാണെന്ന് ഇവിടെ തെളിയിക്കപ്പെടുകയാണ്. രോഗം എന്ന കാരണത്താൽ ദൈവം മനുഷ്യനെ ശിക്ഷയ്ക്ക് വിധിക്കുകയില്ല).

റോമർ 1:18-32 പ്രാചീന മനുഷ്യന് ദൈവത്തെ സംബന്ധിച്ചു ചില സത്യങ്ങൾ അറിയാമായിരുന്നു. എന്നാൽ ഈ അറിവിനെ അവർ തിരസ്കരിച്ചിട്ട് ശിലകളിലും മരത്തടികളിലും കൊത്തിയുണ്ടാക്കിയ രൂപങ്ങളെ ദൈവമായി ആരാധിച്ച് വിഗ്രഹാരാധികളായിത്തീർന്നു. അങ്ങനെ ഏകസത്യദൈവത്തെ ഉപേക്ഷിച്ചു അവരെ ദൈവവും ഉപേക്ഷിച്ചു. സ്വവർഗ്ഗസംഭോഗം ഉൾപ്പെടെയുള്ള മ്ലേച്ഛതകൾ പ്രവർത്തിക്കാരംഭിച്ചതാണ് അതിനവർക്ക് നേരിട്ട തിക്തഫലം. ഈ കാര്യങ്ങൾ പ്രവർത്തിക്കുന്നവർ മരണത്തിന് യോഗ്യരാണെന്ന് അപ്പൊ. പൗലോസ് എഴുതുന്നു.

1കൊരി. 6:9 സ്വവർഗ്ഗഭോഗികൾ (homo sexuals എന്നാണ് ആംഗ്ലേയ . പരിഭാഷയിലുള്ളത്) ദൈവരാജ്യം അവകാശമാക്കുക യില്ല എന്നിവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

1തിമൊ. 1:8 അധർമ്മികൾ, അഭക്തർ........പാപികൾ, അശുദ്ധർ, കുലപാതകർ, ദുർന്നടപ്പുകാർ തുടങ്ങിയവരുടെ പട്ടികയിലാണ് പുരുഷ മൈഥുനക്കാരുടെ സ്ഥാനവും കൊടുത്തിരിക്കുന്നത്.

മേൽ ശ്രദ്ധിച്ച വാക്യങ്ങളിൽകൂടെ ദൈവം തന്റെ സൃഷ്ടിക്ക് നല്കിയിരിക്കുന്ന ലൈംഗികതയ്ക്ക് വിരുദ്ധമായ വൈകൃതമാണ് സ്വവർഗ്ഗസംഭോഗം എന്ന് വ്യക്തമാകുന്നു. വ്യക്തമായി നല്കിയിരിക്കുന്ന ഈ വാക്യങ്ങളെ യുക്തിപരമായി എത്രമാത്രം സ്വന്ത വ്യാഖ്യാനങ്ങൾ കൊണ്ടുവന്നാലും ദൈവവചനസത്യങ്ങൾക്ക് യാതൊരു മാറ്റവും ഭവിക്കുകയില്ല.

ലോകം നല്കുന്ന ധാർമ്മിക ന്യായങ്ങളല്ല, വിശുദ്ധ വേദപുസ്തകസത്യങ്ങളാണ് ഒരു വിശ്വാസിയെ നയിക്കേണ്ടത് എന്ന് ഊന്നിപ്പറയുവാൻ ഞാൻ വീണ്ടും ആഗ്രഹിക്കുന്നു.

ഒരു സ്വവർഗ്ഗ ഭോഗിയ്ക്ക് രക്ഷ സാധ്യമാണോ? തീർച്ചയായും. അവൻ തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ്, വിട്ട്, യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവും ആയി സ്വീകരിക്കുകയാണെങ്കിൽ ദൈവം ഒരുക്കിവെച്ചിരിക്കുന്ന മഹത്തായ രക്ഷ അവനും പ്രാപിക്കാം (1യോഹന്നാൻ 1:12; റോമർ 10:13).

ഒരു വിശ്വാസി ഈ പാപത്തിൽ വീഴാൻ സാദ്ധ്യതയുണ്ടോ? ഒരു നിമിഷം സംഭവിക്കാവുന്ന ബലഹീനതയിൽ ഓരോ വിശ്വാസിയും ഈ ഭയങ്കരപാപത്തിൽ വീഴാനിടയുണ്ട്. എന്നാൽ ആ പാപത്തെ ഏറ്റുപറഞ്ഞ് വിട്ടുകളയുന്നതു മുഖാന്തരം ദൈവിക ക്ഷമ അവന് പ്രാപിക്കാൻ കഴിയും (1യോഹ. 1:9). എന്നാൽ ദൈവം വെറുക്കുന്ന സ്വവർഗ്ഗസംഭോഗം എന്ന ലൈംഗിക വൈകൃതത്തിൽ വിശ്വാസി എന്ന പേരോടുകൂടിയ ഒരുവൻ തുടരുകയാണെങ്കിൽ അവൻ വീണ്ടും ജനനം പ്രാപിക്കാത്ത ഒരുവനാണ് എന്നതിന് ശക്തമായ തെളിവാണത്. കർത്താവ് പറഞ്ഞു, "ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും" (മത്താ. 7:20).

## ചോദ്യവും ഉത്തരവും

ചോദ്യം. സ്വവർഗ്ഗത്തോടുള്ള താല്പര്യവും സ്വവർഗ്ഗഭോഗശീലവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?

ഉത്തരം. അതേ! വലിയ വ്യത്യാസമുണ്ട്. സ്വവർഗ്ഗഭോഗത്തോട് താല്പര്യം ഉള്ള അനേകരുണ്ട്. എന്നാൽ ഒരിക്കലും ആ പ്രവൃത്തിയിലേക്ക് അവർ നിപതിച്ചിട്ടില്ല. സ്വവർഗ്ഗസംഭോഗത്തിനുള്ള ആകർഷണത്തിനാൽ, അവർ കഠിനമായി ദുഃഖിച്ച്, ആ മോഹത്തോട് എതിർത്ത് ദൈവകൃപയാൽ വിശുദ്ധമായൊരു ജീവിതം അവർ നയിച്ചിരുന്നു.

ചോദ്യം. ഒരിക്കൽ സ്വവർഗ്ഗഭോഗിയായവൻ എപ്പോഴും അതു തന്നെ ആയിരിക്കും എന്ന വാചകം എത്രമാത്രം ശരിയാണ്?

ഉത്തരം. സ്വവർഗ്ഗഭോഗ പ്രവൃത്തിയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ ആ വാചകം തികച്ചും തെറ്റാണ്.

കർത്താവായ യേശുക്രിസ്തുവിൽകൂടെ മാനസാന്തരപ്പെട്ട്, പഴയജീവിതശൈലി പൂർണ്ണമായി ഉപേക്ഷിച്ച സ്വവർഗ്ഗരോഗികളായിരുന്ന അനേകവ്യക്തികളുണ്ട്. അപ്രകാരം ചെയ്യുവാനുള്ള ശക്തി ദൈവമായ പരിശുദ്ധാത്മാവ് അവർക്ക് നല്കുന്നു. ക്രിസ്തുവിൽ വരുന്നതിനുമുമ്പ് ചില കൊരിന്ത്യവിശ്വാസികൾ ലൈംഗിക വൈകൃതത്തിൽ ജീവിച്ചിരുന്നവരായിരുന്നു. എന്നാൽ ക്രിസ്തുവിൽ ആയപ്പോൾ അവർ അതിൽനിന്നും വിടുവിക്കപ്പെട്ടു (1കൊരി. 6:9-11). സ്വവർഗ്ഗഭോഗ ആകർഷണത്തിനെതിരെ, വിശ്വാസി ജീവിതകാലം മുഴുവൻ പടവെട്ടണം. മാത്രമല്ല, മഹാരാജാവിന്റെ വേലയിൽ തന്റെ ഊർജ്ജം മുഴുവൻ ചിലവാക്കി വ്യാപൃതനായിരിക്കുമ്പോൾ മഹാജയം പ്രാപിക്കാനും ഒരു വിശ്വാസിക്ക് സാധിക്കുന്നു.

ചോദ്യം. ഒരു സ്വവർഗ്ഗഭോഗിയെ ആ രീതിയിൽ സൃഷ്ടിച്ചിരിക്കുന്നതിനാൽ ദൈവത്തിന് അവനെ എങ്ങനെ കുറ്റം പറയാനാകും?

ഉത്തരം. ദൈവം ആരേയും അത്തരത്തിൽ സൃഷ്ടിച്ചിട്ടില്ല. ദൈവം ആദാമിനെ സൃഷ്ടിച്ചപ്പോൾ അവൻ നിപരാധിയും കളങ്കരഹിതനുമായിരുന്നു. എന്നാൽ ആദാം പാപം ചെയ്തപ്പോൾ അവ

നിൽക്കൂടെ ജനിക്കാനിരുന്ന സകല സന്തതിയും പാപവും അനീതിയും നിറഞ്ഞവരായി, മനുഷ്യൻ സ്വയമായി കുറ്റാരോപിതനായിതീർന്നു. ദൈവം വെറുക്കുന്ന പ്രവൃത്തിയിൽ സ്വയമായി ഏർപ്പെട്ടിട്ട് ദൈവത്തെ കുറ്റംപറയാനാകുകയില്ല. അത് സ്വന്തം പാപപ്രവൃത്തികളുടെ ഉത്തരവാദിത്തം നിഷേധിക്കലുമാണ്.

ചോദ്യം. സ്വവർഗ്ഗ ഭോഗാസക്തി ജന്മനാ ഉള്ളതാണോ, അല്ലെങ്കിൽ പിന്നീട് ആർജ്ജിച്ച ഒരു സ്വഭാവമാണോ?

ഉത്തരം. യഥാർത്ഥത്തിൽ ഇതിന് രണ്ടിനും സാദ്ധ്യതയുണ്ട്. ഈ വീഴ്ചയോട് ഒരു മനുഷ്യന് ജനിക്കാം എന്നു പറയുമ്പോൾ ആശ്ചര്യപ്പെടരുത്. പ്രാകൃതമനുഷ്യൻ പൂർണ്ണമായി അധഃപതിച്ചവനും ഏതു പാപം ചെയ്യുവാനും കഴിവുള്ളവനുമാകുന്നു. ചിലരുടെ ബലഹീനത ഒരു വശമാണെങ്കിൽ മറ്റുചിലർക്ക് മറ്റൊരു വശമായിരിക്കും. സ്വവർഗ്ഗാകർഷണവുമായി ഒരു വ്യക്തി ജനിച്ചാൽ അവനെ കുറ്റവാളിയാക്കാൻ സാധ്യമല്ല, എന്നാൽ ആ പാപം ആചരിക്കാനാണ്അവൻ മുതിരുന്നതെങ്കിൽ തീർച്ചയായും അവൻ കുറ്റവാളിതന്നെ.

സ്വവർഗ്ഗ ഭോഗാസക്തി ആർജ്ജിക്കപ്പെട്ട ഒരു സ്വഭാവവുമാകാം. ഉദാഹരണമായി, ഒരു പ്രായപൂർത്തിയായ വ്യക്തി, പ്രായപൂർത്തിയാകാത്ത ഒരു ബാലനെ ലൈംഗികവൈകൃത ജീവിതത്തിലേക്ക് ആകർഷിക്കാം. ഇത്തരം പ്രവൃത്തി ആരു ചെയ്താലും കർത്താവ് പറഞ്ഞ വാക്കുകൾക്ക് അവൻ യോഗ്യനാണ്. "അവൻ ഈ ചെറിയവരിൽ ഒരുത്തന് ഇടർച്ച വരുത്തുന്നതിനെക്കാൾ ഒരു തിരികല്ല് അവന്റെ കഴുത്തിൽകെട്ടി അവനെ കടലിൽ എറിഞ്ഞുകളയുന്നത് അവനു നന്ന്" (ലൂക്കൊ. 17:2).

## അതിക്രമക്കാരന്റെ വഴി

സ്വവർഗ്ഗഭോഗത്തിലേർപ്പെടുന്ന പുരുഷനോ സ്ത്രീയോ ആരായാലും ഒരു വലിയ വില അവരുടെ ദുർവൃത്തിയായ ജീവിതത്തിന് കൊടുക്കേണ്ടിവരും. റോമർ ഒന്നാം അദ്ധ്യായത്തിൽ ഇത്തരം വിഷയങ്ങളെപ്പറ്റി പരാമർശിച്ചശേഷം അപ്പൊ. പൗലോസ് എഴുതുന്നു, "ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിനു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നെ പ്രാപിച്ചു". ലൈംഗിക രോഗങ്ങൾ, ന്യൂമോസി

സ്റ്റിന് (ന്യൂമോണിയാപോലെയുള്ള ഒരു രോഗം) Kaposi's Sarcoma (ഒരുതരം അർബുദം) എയ്ഡ്സ് ആദിയായ രോഗങ്ങൾ അതിലുൾപ്പെടുന്നു. അതോടൊപ്പം തന്നെ, എപ്പോഴുമുള്ള അപരാധചിന്ത, മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾ, വിലക്ഷണമായ വ്യക്തിത്വമാറ്റങ്ങൾ എന്നിവയും സംഭവിക്കുന്നു.

എന്നാൽ ഇതിൽനിന്നും മോചനം ആഗ്രഹിക്കുന്നവർക്ക് തീർച്ചയായും മോചനം ഉണ്ട്. മറ്റേതൊരു മോഹത്തിൽ നിന്നും വിടുതൽ പ്രാപിക്കാനുള്ള വഴിതന്നെയാണ് സ്വവർഗ്ഗഭോഗാസക്തിയിൽനിന്നും വിടുതൽ പ്രാപിക്കാനുള്ള വഴിയും. അതോടൊപ്പം തുടർച്ചയായുള്ള വേദപുസ്തക ആലോചനയും അത്യന്താപേക്ഷിതമായിരിക്കുന്നു.

## സ്വവർഗ്ഗാനുരാഗികളോടുള്ള നമ്മുടെ മനോഭാവം എങ്ങനെയായിരിക്കണം?

നാം വിശ്വാസികളായിരിക്കുന്നതിനാൽ അവരുടെ ജീവിത ശൈലിയെ അംഗീകരിക്കാതെ അവരിലുള്ള വ്യക്തികളെ അംഗീകരിക്കണം. അവരുടെ രക്ഷയ്ക്കും കൂടി വേണ്ടിയാണ് നമ്മുടെ അരുമനാഥൻ ജീവനെ തന്നത്. ഒരു വിശുദ്ധ ജീവിതത്തിലേക്ക് അവരെ കൊണ്ടുവരാനുള്ള എല്ലാ സാദ്ധ്യമായ മാർഗ്ഗങ്ങളും നാം അന്വേഷിക്കണം. പാപത്തിൽ അകപ്പെടാതെ, നമ്മെത്തന്നെ ദൈവകരങ്ങളിലേല്പിച്ച് വളരെ താഴ്മയോട് അവരെ സമീപിക്കേണ്ടതാണ്. എന്നാൽ ഉഗ്രതയോട് തുടർമാനമായി വേദപുസ്തകത്തെ നിഷേധിക്കുകയും അപമാനിക്കുകയും നിന്ദിക്കുകയും ചെയ്യുകയാണെങ്കിൽ അവരുടെമേൽ സുവിശേഷം സമ്മർദ്ദിക്കുവാൻ നാം ഉത്തരവാദിത്തപ്പെട്ടവരല്ല.

# അദ്ധ്യായം 16

# മനഃസ്സാക്ഷി– അന്തർസ്ഥിതമായ മദ്ധ്യസ്ഥൻ

## ആന്തരിക നിർണ്ണേതാവ്

ചിന്തകളിലും ഉദ്ദേശങ്ങളിലും പ്രവർത്തികളിലും ശരിയേത് തെറ്റേത് എന്ന് വേർതിരിച്ചറിയുന്ന ആന്തരിക നിർണ്ണേതാവാണ് മനസ്സാക്ഷി (റോമർ. 2:15). ഒരു കുട്ടി മിഠായി പാത്രത്തിലേക്ക് കൈയിടുമ്പോഴും ചുറ്റുപാട് വീക്ഷിക്കുവാൻ കൂടി ഇതിനാൽ പ്രേരിതനാകുന്നു. പോലീസ് വാഹനം കാണുമ്പോൾ വേഗത കുറയ്ക്കാൻ ഡ്രൈവർക്ക് ഇതിനാൽ പ്രേരണ ലഭിക്കുന്നു. "മനസ്സാക്ഷി നമ്മെ ഭീരുവാക്കിത്തീർക്കുന്നു" എന്ന് ഷേക്സ്പിയറിന്റെ പ്രസ്താവന ഇവിടെ ശ്രദ്ധേയമാണ്. പരീക്ഷാ സമയത്തും കോടതിയിലും വരവ് ചിലവ് കാര്യങ്ങളിലും ഇതിന്റെ പ്രതിഫലനം ദർശിക്കാം. "യഹോവയുടെ ദീപം" എന്ന് വേദപുസ്തകം ഇതിനെ വിളിക്കുന്നു. തുടർന്ന് പറയുന്നത് ശ്രദ്ധിക്കുക "അതു ഉദരത്തിന്റെ അറകളെ ഒക്കെയും ശോധന ചെയ്യുന്നു" (സദൃശ. 20:27). എല്ലാ മനുഷ്യരും മനസ്സാക്ഷിയോട് കൂടിയാണ് ജനിക്കുന്നത്. കള്ളം പറയുന്നതും, മോഷ്ടിക്കുന്നതും കുലപാതകം ചെയ്യുന്നതുമെല്ലാം തെറ്റാണെന്നുള്ള ആന്തരികബോധം എല്ലാം മനുഷ്യർക്കുമുണ്ട്. ഒരുവനെ ഹിംസിക്കുന്നത് തെറ്റാണെന്ന് അറിയാവുന്ന വ്യക്തിക്ക് മറ്റൊരുത്തനെ ഹിംസിക്കരുതെന്നും അറിയാം.

## തെറ്റിക്കൂടാത്ത വഴികാട്ടിയല്ല

എന്നാൽ മനസ്സാക്ഷി തെറ്റ് പറ്റിക്കൂടാത്ത ഒരു വഴികാട്ടി അല്ല. കാരണം മറ്റെല്ലാ ശരീരഭാഗങ്ങളേയുംപോലെ തന്നെ ഇതിനും വീഴ്ചയാൽ ക്ഷതം ഏറ്റിരിക്കുന്നു. നാം വളർന്ന സാഹചര്യങ്ങളും, പഠിച്ച കാര്യങ്ങളും ഇതിനെ ബാധിക്കാനിടയുണ്ട്. തന്മൂലം നാം സാധാരണ കേൾക്കാറുള്ള "നിന്റെ മനഃസാക്ഷി നിന്റെ വഴികാട്ടിയായിരിക്കട്ടെ" എന്ന പ്രയോഗം തെറ്റാണ്. പരിശുദ്ധാത്മാവിനാൽ തരുന്ന ദൈവവചന പ്രകാശനത്താൽ മനസ്സാക്ഷിയെ അറിവുള്ളതാക്കിത്തീർക്കണം. "ദൈവികമായ വെളിപ്പാടിനാൽ മനസ്സാക്ഷിയെ ഉണർത്തുകയും ബോധം വരുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്" (Barnhouse).

യഥാർത്ഥ മാനസാന്തരത്തിൽ മനസ്സാക്ഷിയും ഉൾപ്പെടുന്നു. ജോൺ ന്യൂട്ടന്റെ വാക്കുകൾ ചിന്തനീയമാണ്. സ്വന്ത അനുഭവത്തിൽനിന്നും അദ്ദേഹം പറയുന്നത് ശ്രദ്ധിക്കുക "എന്റെ തെറ്റ് ബോധ്യപ്പെടുത്തിയ മനസ്സാക്ഷി നിരാശയിലേക്ക് എന്നെ എത്തിച്ചു". തർസൊസുകാരൻ ശൗലിനെ "മുള്ളിന്റെ നേരെ ഉതെക്കുന്നത് നിനക്കു വിഷമം ആകുന്നു. (അ.പ്ര. 9:5) എന്ന വാക്കുകൾ പിടിച്ചുനിർത്തി. മാനസാന്തരാനുഭവത്തിൽ മനസ്സാക്ഷി ശരിയായ ദിശയിലേക്ക് അദ്ദേഹത്തെ നയിച്ചു. ഉന്നത വെളിച്ചത്തിന്റെ ശക്തിയാൽ റോബർട്ട് മാക്ചെയനെ ദൈവകൃപ ഉണർത്തിയപ്പോൾ, നിയമഭാരത്താൽ ഭയന്ന അദ്ദേഹത്തെ മരണഭീതി അലട്ടി. ഇത് മനസ്സാക്ഷിയുടെ വെളിപ്പെടുത്തലാണ്. യേശുക്രിസ്തുവിന്റെ രക്തത്താൽ മാത്രമേ മനസ്സാക്ഷിക്ക് ശുദ്ധീകരണം നേടാൻ സാധിക്കൂ.(എബ്രാ. 9:14) അതിനുശേഷവും നമ്മുടെ സ്വഭാവങ്ങളെ വിലയിരുത്തുന്നവനായി മനസ്സാക്ഷി ഇരിക്കുന്നുവെങ്കിലും, നീതിന്യായവിധിയെപ്പറ്റിയുള്ള ഭയം നമുക്കില്ല. കാരണം യേശുക്രിസ്തു നമുക്ക് പകരക്കാരനായി ശിക്ഷ ഏറ്റു. "അമൂല്യമായ രക്തത്താൽ കഴുകൽ ലഭിച്ച തന്നെ മനസ്സാക്ഷി കുറ്റപ്പെടുത്തുന്നില്ല. ദൈവത്തിന്റെ കണ്ണുകളിൽ ഞാൻ ശുദ്ധനാണ്" തെറ്റില്ലാത്ത കാര്യങ്ങളിൽ അമിതശങ്ക കാണിക്കുന്നതാണ് ബലഹീന മനഃസാക്ഷി (1കൊരി. 8:7,8).

മനസ്സാക്ഷിയുടെ ശബ്ദം തിരസ്കരിക്കുന്തോറും അതിന്റെ ശബ്ദം ബലഹീനമായി വരുന്നു. ഭയങ്കര പാപങ്ങളിൽ തുടർമാനമായി വസിച്ചിട്ട് "ഞാൻ ഒരു ദോഷവും ചെയ്തിട്ടില്ലെന്ന് പറയുന്നു" (സദൃശ്യ. 30:20).

ഒരു മനുഷ്യന്റെ മനസ്സാക്ഷിയുടെ ശബ്ദം ശ്രവിക്കുവാൻ മടിക്കുന്നതിനാൽ, അവന്റെ മനസ്സാക്ഷി സ്പർശനരഹിതമായി വരാൻ സാദ്ധ്യതയുണ്ട്. ഒരുവൻ തന്റെ കാറിൽ കയറി യാത്ര ചെയ്യാൻ തുടങ്ങുമ്പോൾ, കാറിൽനിന്നും സീറ്റു ബെൽറ്റ് ഇട്ടിട്ടില്ലെന്നറിയിക്കുന്നതിനുള്ള ഒരു ശബ്ദം ഉണ്ടാകും. കാലക്രമേണ ആ ശബ്ദം എപ്പോഴും കേൾക്കുന്നതിനാൽ അയാൾ അതിൽ വലിയ ശ്രദ്ധ ചെലുത്താതെ ആയിത്തീരുന്നു. മനസ്സാക്ഷിയുടെ ശബ്ദം തിരസ്ക്കരിക്കുന്തോറും അതിന്റെ ശബ്ദം ബലഹീനമായിവരുന്നു. ഒരു റബ്ബർ ബാൻഡിന്റെ ഇലാസ്തികത കുറഞ്ഞുവരുന്നതുപോലെ

യാണ് പലപ്പോഴും മനസ്സാക്ഷി “അവർ സ്വന്ത മനസ്സാക്ഷിയിൽ ചൂടുവച്ചവരും” (1തിമൊ. 4:2). എല്ലാ അശുദ്ധിയും പ്രവൃത്തിക്കുന്നവരുമാണ് പാപങ്ങളിൽ തുടർമാനമായി വസിച്ചിട്ട് ഞാൻ ഒരു പാപവും ചെയ്തില്ലെന്ന് പറയുന്നു (സദൃശ. 30:20) ഇങ്ങനെ നാം പറയുമ്പോൾ പാപത്തിനെതിരെയുള്ള സുരക്ഷിതത്വത്തെ ഞെട്ടിപ്പിക്കുന്ന ഒന്നായി അതു മാറുന്നു.

തിന്മ പ്രവൃത്തികളാൽ മലിനീകരിക്കപ്പെട്ടതാണ് മലിന മനസ്സാക്ഷി (തീത്തൊ. 1:15). ഒരുവന്റെ ജീവിതം തിന്മയിലാണെങ്കിൽ അവന്റെ മനസ്സാക്ഷി മറ്റൊന്നിലായിരിക്കാൻ സാധ്യതയില്ല (എബ്രാ. 10:22).

നമുക്ക് എപ്പോഴും നല്ല മനസ്സാക്ഷി ഉണ്ടായിരിക്കണം (1പത്രൊ. 3:16) ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷിയാണത്. (അപ്പൊ. പ്രവൃ. 24:16) ഒരു നല്ല മനസ്സാക്ഷി ദൈവവചനത്തോട് പൊരുത്തപ്പെട്ടിരിക്കും.

## അദ്ധ്യായം 17

# ഒരുവൻ ചിന്തിക്കുന്നതുപോലെ

ഒരു വിശ്വാസിയുടെ ചിന്താജീവിതത്തിലുള്ള നിയന്ത്രണം വളരെ പ്രധാനപ്പെട്ട ഒരു ശിക്ഷണമാണ്. ചിന്തയെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ അവന്റെ ജീവിതം ഏത് ദിശയിലേക്കാണെന്നും, സ്വഭാവം എന്താണെന്നും വെളിപ്പെടുത്തുന്നു. വേദപുസ്തകാനുസൃണമായ അനുകൂല ചിന്തകൾ (ഫിലി. 4:8) നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നതിന് കാരണമാകും. എന്നാൽ അശുദ്ധി നിറഞ്ഞ മനസ്സ് അധാർമ്മികമായ സ്വഭാവങ്ങളിലേക്ക് മാത്രമേ നയിക്കൂ.

ഇക്കാരണത്താൽ വേദപുസ്തകം പ്രസ്താവിക്കുന്നു, “അവൻ തന്റെ മനസ്സിൽ കണക്കു കൂട്ടുന്നതുപോലെ ആകുന്നു” (സദൃശ. 23:7)

ആൽഫ്രെഡ് പി. ഗിബ്സ് ഒരിക്കൽ പറഞ്ഞു,

"നിങ്ങൾ എന്താകുന്നു എന്നു വിചാരിക്കുന്നതല്ല നിങ്ങൾ, എന്നാൽ നിങ്ങൾ ചിന്തിക്കുന്നതെന്തോ അതാകുന്നു നിങ്ങൾ" ഒരു മനുഷ്യമനസ്സിന്റെ ഉള്ളടക്കം അവന്റെ സ്വഭാവത്തിന്റെ സൂചികയാണ്. ജ്ഞാനികളിൽ ജ്ഞാനി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക.

"സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക, ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത്" (സദൃശ. 4:23). നമ്മുടെ സ്വഭാവത്തിന്റെ ഒഴുക്ക് മനസ്സെന്ന ഉറവിൽനിന്നുമാണ്. ഉറവിടത്തെ നിയന്ത്രിക്കുമ്പോൾ അതിൽനിന്നും പുറപ്പെടുന്ന  നീരാവിയേയും നിയന്ത്രിക്കാനാകും.

## പത്താമത്തെ കല്പന

പത്തു കല്നകളിലൊന്ന് ചിന്താജീവിത്തെ പരാമർശിച്ചുള്ളതാണെന്ന് ശ്രദ്ധിക്കുമ്പോൾ ഇതിന്റെ പ്രാധാന്യം വർദ്ധിക്കുന്നു.

"കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്, കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ ദാസനെയും ദാസിയെയും അവന്റെ കാളയെയും കഴുതയെയും കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത്" (പുറ. 20:17).

മോഹം മനസ്സിന്റെ ഒരു പ്രവൃത്തിയാണ്. ദൈവഹിതത്തിന് വെളിയിലുള്ള ചിലത് വേണമെന്നാഗ്രഹിക്കുന്നതാണ് ഈ മോഹം. എന്നാൽ ദൈവം കല്പിക്കുന്നു "മോഹിക്കരുത്"

തർശൊശുകാരനായ ശൗലിന്റെ ഹൃദയത്തിൽ കുറ്റബോധം വരുത്തിയത് ഈ കല്പനയാണ്. ഒരു ബഹുമാന്യജീവിതത്തിന് ഉടമയാണ് താനെന്ന ശൗൽ എപ്പോഴും അഹംഭാവിച്ചിരുന്നു. അതികഠിനമായ പാപങ്ങളൊന്നും അദ്ദേഹം ചെയ്തിട്ടില്ല. എന്നാൽ പത്താമത്തെ കല്പനയുടെ അർത്ഥം അദ്ദേഹത്തിന് മനസ്സിലായപ്പോൾ അശുദ്ധവിചാരങ്ങളും മോഹങ്ങളും പ്രവൃത്തികളും പാപമാണെന്ന സത്യം അദ്ദേഹത്തിന് മനസ്സിലായി. ചിന്താജീവിതത്തെപ്പറ്റി വിചിന്തനം ചെയ്തപ്പോൾ പാപത്തെ സംബന്ധിച്ചു ആഴമായ ബോദ്ധ്യം അദ്ദേഹത്തിൽ വന്നു. "എങ്കിലും ന്യായപ്രമാണത്താൽ അല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല; മോഹിക്കരുത് എന്നു ന്യായപ്രമാണം പറയാതിരുന്നെങ്കിൽ ഞാൻ മോഹത്തെ അറികയില്ലായിരുന്നു. പാപമോ അവസരം ലഭിച്ചിട്ടു കല്പനയാൽ എന്നിൽ സകലവിധ മോഹത്തെയും ജനിപ്പിച്ചു. ന്യായപ്രമാണം

കൂടാതെ പാപം നിർജ്ജീവമാകുന്നു. ഞാൻ ഒരുകാലത്ത് ന്യായ പ്രമാണം കൂടാതെ ജീവിച്ചിരുന്നു. എന്നാൽ കല്പന വന്നപ്പോൾ പാപം വീണ്ടും ജീവിക്കയും ഞാൻ മരിക്കയും ചെയ്തു ഇങ്ങനെ ജീവനായി ലഭിച്ചിരുന്ന കല്പന എനിക്ക് മരണഹേതുവായി ത്തീർന്നു എന്ന് ഞാൻ കണ്ടു. പാപം അവസരം ലഭിച്ചിട്ട് കല്പന യാൽ എന്നെ ചതിച്ച് കൊല്ലുകയും ചെയ്തു (റോമ. 7:7-11).]

## ഇത് എങ്ങനെ പ്രവർത്തിക്കുന്നു?

യാക്കൊബ് തന്റെ ലേഖനത്തിൽ പാപത്തിന്റെ മനഃശാ സ്ത്രത്തെ സംബന്ധിച്ച ഒരു വലിയ ഉൾക്കാഴ്ച രേഖപ്പെടുത്തി യിട്ടുണ്ട്. "പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷി ക്കപ്പെടുന്നു എന്നു ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീ ക്ഷിക്കപ്പെടാത്തവൻ ആകുന്നു, താൻ ആരെയും പരീക്ഷിക്കുന്ന തുമില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു (1:13-15).

മനുഷ്യജീവിതത്തിലെ ചക്രമെന്ന നിലയിലാണ് ഇവിടെ പാപത്തെ രേഖപ്പെടുത്തിയിരിക്കുന്നത്. ഗർഭത്തിൽ ഉരുവാകുക, ജനനം, വളർച്ച, മരണം എന്നിവയാണ് ഒരു ജീവിതചക്രത്തിലു ള്ളത്. പാപവും അങ്ങനെതന്നെയാണ്. മനുഷ്യമനസ്സിലാണ് പാപ ത്തിന്റെ ഗർഭധാരണം നടക്കുന്നത്. തുടർന്ന് അത് പ്രവൃത്തിയി ലേക്ക് ജനിക്കുകയും, സ്വഭാവമായി വളർച്ച പ്രാപിക്കുകയും ചെയ്യു ന്നു. പക്ഷെ മരണത്തിലായിരിക്കും അതിന്റെ കലാശം. ചുരുക്ക ത്തിൽ ഒരു പാപത്തെപ്പറ്റി കൂടുതൽ നേരം ചിന്തിച്ചുകൊണ്ടിരു ന്നാൽ ഇന്നോ നാളെയോ അത് ചെയ്യുവാനിടയാകും.

ആംഗ്ലേയഭാഷയിലെ ഒരു പഴഞ്ചൊല്ല് പ്രത്യേകം ശ്രദ്ധേയ മാണ്.

ചിന്തയെ വിതച്ച് പ്രവൃത്തിയെകൊയ്യുക

പ്രവൃത്തിയെ വിതച്ച് ശീലത്തെ കൊയ്യുക

ശീലത്തെ വിതച്ച് സ്വഭാവത്തെ കൊയ്യുക

സ്വഭാവത്തെ വിതച്ച് അന്ത്യം നിർണ്ണയിക്കുക

യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളിൽ, ചിന്താജീവിതത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ധാരാളം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഒരി

ക്കൽ തന്റെ അടുക്കലേക്ക് വന്ന ഒരു കൂട്ടം യഹൂദന്മാരോട് ഈ വിഷയം സംബന്ധിച്ച് യേശുക്രിസ്തു പറഞ്ഞ കാര്യങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. ആന്തരിക ജീവിതത്തിന് വില കല്പിക്കാതെ ബാഹ്യകാര്യങ്ങൾക്ക് വളരെയധികം കർശന നിലപാടുകൾ സ്വീകരിച്ചവരിൽ പ്രമുഖരാണ് യഹൂദന്മാരിലെ പരീശന്മാരും ശാസ്ത്രിമാരും. ചില മാംസം കഴിക്കുന്നത് അശുദ്ധമാണെന്ന് മോശയുടെ ന്യായപ്രമാണത്തിൻ കീഴിൽ അവരെ പഠിപ്പിച്ചിരുന്നു. ന്യായപ്രമാണം അനുസരിച്ച് ആ ഉപദേശം ശരിയുമായിരുന്നു. പക്ഷെ ആ യുഗത്തിന് സമാപ്തി എന്ന കാര്യം ഘോഷിച്ചുകൊണ്ട് ഭക്ഷണ പദാർത്ഥങ്ങളല്ല, ദുഷ്ചിന്തകളാണ് മനുഷ്യനെ അശുദ്ധനാക്കുന്നത് എന്ന് ക്രിസ്തു പ്രസ്താവിച്ചു. പ്രസ്തുതവാക്യങ്ങൾ ശ്രദ്ധിക്കുക.

"പിന്നെ അവൻ പുരുഷാരത്തെ അരികെ വിളിച്ചു അവരോട്: എല്ലാവരും കേട്ടു ഗ്രഹിച്ചു കൊൾവിൻ. പുറത്തുനിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധനാക്കുവാൻ കഴികയില്ല; അവനിൽനിന്നു പുറപ്പെടുന്നതത്രെ മനുഷ്യനെ അശുദ്ധമാക്കുന്നത് (കേൾപ്പാൻ ചെവി ഉള്ളവൻ കേൾക്കട്ടെ) എന്നു പറഞ്ഞു അവൻ പുരുഷാരത്തെ വിട്ടു വീട്ടിൽ ചെന്നശേഷം ശിഷ്യന്മാർ ആ ഉപമയെക്കുറിച്ചു അവനോടു ചോദിച്ചു. അവൻ അവരോടു ഇങ്ങനെ നിങ്ങളും ബോധമില്ലാത്തവരോ? പുറത്തുനിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴികയില്ല എന്നു തിരിച്ചറിയുന്നില്ലയോ? അതു അവന്റെ ഹൃദയത്തിലല്ല വയറ്റിലത്രെചെല്ലുന്നത്; പിന്നെ മറപ്പുരയിലേക്കു പോകുന്നു ഇങ്ങനെ സകല ഭോജ്യങ്ങൾക്കും ശുദ്ധിവരുത്തുന്നു എന്നു പറഞ്ഞു. മനുഷ്യനിൽനിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാക്കുന്നത്. അകത്തുനിന്നു മനുഷ്യരുടെ ഹൃദയത്തിൽ നിന്നുതന്നെ ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത, എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തുനിന്നുപുറപ്പെട്ട് മനുഷ്യനെ അശുദ്ധനാക്കുന്നു എന്നും അവൻ പറഞ്ഞു" (മർക്കൊ. 7:14-23).

പാപചിന്തകൾ ഉണ്ടാകുമ്പോൾ അതിനെ നീതീകരിച്ച് ചിലർ പറയാറുണ്ട്. "ശിരസ്സിന് മീതെക്കൂടെ പറക്കുന്ന പക്ഷികളെ തടുക്കാൻ സാദ്ധ്യമല്ല; എന്നാൽ ശിരസ്സിന്മേൽകൂട് കെട്ടാൻ ശ്രമിച്ചാൽ തീർച്ചയായും അതിനെ തടുക്കാനാകും". ക്ഷണിക്കാതെ വരുന്ന ജഡീകചിന്തകൾ പാപമല്ല എന്നും അവയെ ക്ഷണിച്ച് അതിനനുസരണമായി പ്രവർത്തിച്ചാൽ പാപം എന്നുമാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. പക്ഷെ ഇവിടെ ഒരു ചോദ്യം ഉയരുന്നു. "ആ ചിന്തകൾ പാപമല്ലെങ്കിൽ പിന്നെ അവ പരിശുദ്ധമായവയാണോ?" ഉത്തരം വളരെ വ്യക്തമാണ്. ക്ഷണിക്കപ്പെട്ടോ ക്ഷണിക്കപ്പെടാതെയോവരുന്ന ഏതു പാപപങ്കിലമായ ചിന്തയും അശുദ്ധവും യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരിക്കപ്പെടേണ്ടതുമാണ്. അശുദ്ധി നിറഞ്ഞ പരസ്യങ്ങളും വാചകങ്ങളും കൊണ്ട് നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹത്തിലാണ് വിശ്വാസികൾ ജീവിക്കുന്നത്. തന്മൂലം പാപപങ്കിലമായ ചിന്തകൾ പ്രവേശിക്കാൻ ഏറെ സാദ്ധ്യതയുണ്ട്. അത്തരം ചിന്തകൾ പ്രവേശിക്കുമ്പോൾ തന്നെ അവ ദൈവേഷ്ടത്തിന് എതിരാണെന്ന് മനസ്സിലാക്കി പൂർണ്ണമായി അവയെ പുറന്തള്ളേണ്ടതാണ്.

## അത് ചിന്തിക്കുവാനേ പാടില്ല

അശുദ്ധചിന്തകളെ വളരെ ഗൗരവത്തോടെ നാം കൈകാര്യം ചെയ്യണം എന്നുള്ളത് ഗിരി പ്രഭാഷണത്തിലും യേശുക്രിസ്തു ഊന്നിപ്പറഞ്ഞു.

"കൊല ചെയ്യരുത് എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്കു യോഗ്യനാകും എന്നു പൂർവ്വന്മാരോടു അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും" (മത്താ. 5:21,22).

'കൊല ചെയ്യരുത്' എന്ന് ന്യായപ്രമാണം നിഷ്കർഷിക്കുമ്പോൾ അങ്ങനെയുള്ള ചിന്തപോലും കൊലപാതകത്തിന് സമാനമാണെന്നാണ് കർത്താവ് പറഞ്ഞത്. കാരണം ചിന്തയിലില്ലെങ്കിൽ അത് ചെയ്കയില്ല.

"വ്യഭിചാരം ചെയ്യരുത്" (മത്താ. 5:27) എന്ന് ന്യായപ്രമാണം പറയുന്നു. പക്ഷെ കർത്താവ് പറഞ്ഞത് ശ്രദ്ധിക്കുക "സ്ത്രീയെ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ടു

അവളോടു വ്യഭിചാരം ചെയ്തുപോയി" (മത്താ. 5:28). എന്തെന്നാൽ ചിന്തയിൽ ധ്യാനിച്ചു കൊണ്ടിരുന്ന കാര്യമാണ് പിന്നെ പ്രവൃത്തിയിലേക്ക് വരുന്നത്. അശുദ്ധ ചിന്തകളെ ചിന്താമണ്ഡലത്തിൽ വെച്ചുതന്നെ കൊല്ലുകയാണെങ്കിൽ അതിന്റെ പ്രവൃത്തികളെ ഓർത്ത് അനുതപിക്കേണ്ട ആവശ്യം വരുകയില്ല.

അപ്പൊസ്തലനായ യോഹന്നാനും ഇതേകാര്യം തന്റെ ഒന്നാം ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

"സഹോദരനെ പകെക്കുന്നവൻ എല്ലാം കൊലപാതകൻ ആകുന്നു" (1യോഹ. 3:15). "പകക്കുക" എന്നു പറയുന്നത് "കൊലപാതകത്തിന്" തുല്യം എന്നു പറയുമ്പോൾ അത് അല്പം അതിക്രമിച്ചുപോയി എന്നു നമുക്കു തോന്നാം. എന്നാൽ ഇവകൾ തമ്മിൽ "കാരണവും" "അനന്തരഫലവും" എന്ന നിലയിൽ ബന്ധപ്പെട്ടിരിക്കുന്നു. "പക" എന്നത് "കൊല"യുടെ ഭ്രൂണാവസ്ഥയാണ്.

മനുഷ്യമനസ്സ് ആശ്ചര്യകരവും അത്ഭുതാവഹവുമായ ഒന്നാണ്. കല്പനകൾ പുറപ്പെടുവിക്കുന്ന സൈനികകേന്ദ്രം പോലെയാണത്. പേന എടുക്കാനും, എഴുതാനും മനസ്സ് കല്പന കൊടുക്കുന്നു. എന്തെഴുതണമെന്നും അത് തീരുമാനിക്കുന്നു. അങ്ങനെ എന്തെല്ലാം കാര്യങ്ങളാണ് ക്ഷണനേരംകൊണ്ട് മനസ്സ് ചെയ്തു തീർക്കുന്നത്.

എങ്കിലും പലരും മനസ്സിനെ ഗൗരവമായി എടുക്കുന്നില്ല. ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന ഈ ഭാഗത്തിനു നാം ഉത്തരവാദിത്തമുള്ളവരാണെന്നും, കണക്കു ബോധിപ്പിക്കേണ്ടതാണെന്നും വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. നാം എന്ത് ചിന്തിക്കുന്നു; എങ്ങനെ ചിന്തിക്കുന്നു; എന്നത് വളരെ പ്രധാനപ്പെട്ടതാണ്. നല്ലതിനും, യോഗ്യമായവയ്ക്കും ചിന്തകളെ ഉപയോഗിക്കുമ്പോൾ തന്നെ തീയതിനും അയോഗ്യമായവയ്ക്കും ഉപയോഗിച്ച് അതിനെ ദുർവിനിയോഗം ചെയ്യാവുന്നതുമാണ്. നാം ചിന്തിക്കുന്നത് എന്തു തന്നെയായാലും അതിനെ നിയന്ത്രിക്കുവാനും നമുക്ക് സാധിക്കും.

## മനസ്സിന്റെ നന്മവശം

ഹാൻഡൽ എഴുതിയ "മശീഹ" ഐസക്ക് വാട്ടിന്റെ പ്രസിദ്ധ ഗാനമായ " when I survey the wonderous cross" ജോൺ മിൽട്ടൺ എഴുതിയ " Paradise lost" മൈക്കിൾ ആഞ്ചലോയുടെ ജീവസ്സുറ്റ

ചിത്രങ്ങൾ, പ്രസംഗികളുടെ പ്രഭുവെന്ന് വിശേഷിപ്പിക്കുന്ന ചാൾസ് സ്പർജ്ജന്റെ പ്രസംഗങ്ങൾ, മാത്രമല്ല മനുഷ്യന്റെ ഇന്നത്തെ ആശ്ചര്യകരമായ കണ്ടുപിടുത്തങ്ങൾ ആദിയായവ ശ്രദ്ധിക്കുമ്പോൾ മനസ്സിന്റെ നന്മ പ്രവർത്തിക്കാനുള്ള അപാരമായ കഴിവിനെപ്പറ്റി ഞാൻ ആശ്ചര്യപ്പെടുന്നു.

## മനസ്സിന്റെ തിന്മവശം

എന്നാൽ അതേ സമയത്തു തന്നെ തിന്മ പ്രവർത്തിക്കാനുള്ള കഴിവും മനസ്സിനുണ്ട്. മനുഷ്യനെ ഏറ്റവും കഠിനമായരീതിയിൽ ഉപദ്രവിക്കാനുപയോഗിച്ച ജയിലറകൾ, തടങ്കൽപാളയങ്ങൾ, ഗ്യാസ് ചേമ്പറുകൾ, ജീവനോടു ചുടുന്ന അടുപ്പുകൾ മുതലായവ ഉപയോഗിച്ച് ലക്ഷക്കണക്കിനു നിരപരാധികളായ മനുഷ്യരെ കൊന്നൊടുക്കിയ കഠിന ഹൃദയരായ സ്വേച്ഛാധിപതികളെ നമുക്ക് ഓർമ്മ വരുന്നു. മറ്റുള്ളവരുടെ വിശ്വാസത്തെ തകർത്തുകളയുവാനായി തങ്ങളുടെ കഴിവുകളെ ഉപയോഗിച്ച വോൾട്ടയർ, റ്റോം പെയിൻ, റോബർട്ട് ജുംഗർബോൾ മുതലായവരെ നമുക്ക് ഓർമ്മ വരുന്നു. ദൈവം കൊടുത്ത നല്ല മനസ്സിനെ അവിശ്വാസവും നാസ്തികവാദവും പ്രചരിപ്പിക്കുന്നതിന് അവർ ഉപയോഗിച്ചു. ഇന്നത്തെ ലോകത്തിൽ അശ്ലീല സാഹിത്യങ്ങളും ചില ചിത്രങ്ങളും ഉണ്ടാക്കി പരസ്യപ്പെടുത്തി ലോകത്തിൽ അധാർമ്മികത വർദ്ധിപ്പിക്കുന്നവരേയും നമുക്ക് കാണാൻ കഴിയും.

പൊതുവെ പറഞ്ഞാൽ മനുഷ്യമനസ്സിന് അധാർമ്മികമായ കാര്യങ്ങൾ ചിന്തിക്കുന്നതിനുള്ള പ്രാപ്തി വളരെയുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ ഒരാഴ്ചയിൽ മനസ്സിൽ കൂടി കടന്നുപോയ ഏറ്റവും മോശമായ ചിന്ത എന്താണെന്നെഴുതിയ ഒരു പരസ്യവുമായി പൊതുസ്ഥലത്ത് നടക്കുവാൻ നമ്മിൽ ആരും തയ്യാറാകുകയില്ല. മനുഷ്യകണ്ണുകൾക്ക് എത്തുവാൻ കഴിയാത്ത പാപത്തിന്റെ അന്ധകാരം നിറഞ്ഞ വഴികളിൽ നമ്മെ എത്തിക്കുവാൻ മനുഷ്യമനസ്സിനു കഴിയും.

എന്തിനേറെ തെറ്റായ കാര്യങ്ങൾ കണ്ടും കേട്ടും ഇരിക്കുന്ന നമ്മുടെ മനസ്സുകളെപ്പറ്റി തന്നെ നമുക്കറിയാം. മറ്റുള്ളവരെ ഇത്തരം കാര്യങ്ങളിൽ വിമർശിക്കുവാൻ നാം മുൻപന്തിയിൽ

പ്രത്യക്ഷപ്പെടാറുണ്ടെങ്കിലും ഏകാന്തതയിൽ ആയിരിക്കുമ്പോൾ അന്ധകാരത്തിന്റെ മറവിൽ നമ്മിൽ പലരുടേയും മനസ്സിൽ ചെയ്യുന്നതും ഇതൊക്കെത്തന്നെ. എവിടെയും സഞ്ചരിക്കാനും ഹൃദയാഭിലാഷം പൂർത്തികരിക്കുവാനും നമ്മുടെ മനസ്സിന് യാതൊന്നും തടസ്സമായിരിക്കുന്നില്ല. ഒരു വിശ്വാസിയുടെ ചിന്താജീവിതത്തിലുണ്ടാകാനിടയുള്ള കാര്യങ്ങൾ ഓർക്കാൻ തന്നെ ഭയമാണ്. ആ ചിന്തകൾ ഒരു ശീലമായി പരിണമിക്കുകയാണെങ്കിലോ ഭയങ്കര വിനാശമായിരിക്കും ഫലം. ലക്ഷക്കണക്കിന് ജനങ്ങളോട് പ്രസംഗിച്ചുകൊണ്ടിരുന്ന ഒരു റ്റി. വി. പ്രസംഗകൻ വ്യഭിചാരക്കുറ്റത്തിൽ പിടിക്കപ്പെട്ടു. ചെറുപ്രായം മുതല്ക്കേ അശ്ലീല പ്രസിദ്ധീകരണങ്ങൾ വായിക്കുന്ന ശീലമുണ്ടായിരുന്നു എന്ന അദ്ദേഹത്തിന്റെ വെളിപ്പെടുത്തൽ ഞെട്ടലോടെയാണ് ശ്രദ്ധിക്കപ്പെട്ടത്.

പല വിശ്വാസികളും കഠിനമായ പാപങ്ങളുടെ ബന്ധനത്തിൽ കിടന്ന് ഞെരങ്ങുകയാണ്. അവയിൽ നിന്ന് വിടുതൽ വേണമെന്ന് അവർ പറയുന്നു. പക്ഷേ ചിന്താ ജീവിതത്തെ നിയന്ത്രിക്കുവാൻ അവർ താല്പര്യപ്പെടുന്നില്ല. ഒരു ക്രിസ്ത്യാനി വിമാനത്തിൽ യാത്ര ചെയ്യുമ്പോൾ സമീപത്തിരുന്ന ഒരു സൈനികനെ പരിചയപ്പെട്ടു. പരസ്പരം അഭിവാദനം ചെയ്തശേഷം അദ്ദേഹം ഒരു മാസിക ആ വിശ്വാസിക്ക് നല്കി. അത് അശ്ലീലമാസികയാണെന്നു മനസ്സിലാക്കിയ ക്രിസ്ത്യാനി അത് തിരിച്ചുകൊടുത്തു. തന്റെ മര്യാദ പ്രകാരം ഒരു ചെറിയ ബൈബിൾ ആ സൈനികനു നല്കി. തെറ്റു മനസ്സിലാക്കിയ അദ്ദേഹം തന്റെ പാപത്തെപ്പറ്റി അനുതപിച്ചെങ്കിലും തന്റെ പഴയ സ്വഭാവം വിട്ടുകളയാൻ മനസ്സില്ലായിരുന്നു.

"ചിന്തകളെ നിയന്ത്രിക്കാം" എന്നതിനെപ്പറ്റി ജോർജ് ഗുഡ്മാൻ എന്നൊരു ഭക്തൻ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക. പെട്രോളിൽ മുക്കിയെടുത്ത തുണിക്കഷണങ്ങൾ പോലെയാണ് ദുഷ്ടചിന്തകൾ. പരീക്ഷണം എന്ന തീപ്പൊരിയിൽ അവ കത്തിച്ചാമ്പലാകും. ദുഷ്ടചിന്തകളെ നിയന്ത്രിക്കാനാകും. അവയെ എങ്ങനെ നിയന്ത്രിക്കണം എന്ന് അറിയില്ലെങ്കിൽ തീർച്ചയായും അത് പഠിക്കണം. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ എല്ലാ ചിന്തകളെയും ക്രിസ്തുവിനെ അനുസരിക്കുന്നതിന് അടിമപ്പെടുത്തണം എല്ലാ ചിന്തകളും പരിശുദ്ധാത്മ നിയന്ത്രണത്തിലായിരിക്കട്ടെ.

ചിന്തിച്ചതിന്റെ ചുരുക്കം ഇത്രമാത്രമേയുള്ളു. വൃക്ഷത്തിന്റെ വേരിനെതന്നെ മുറിക്കണം. അർത്ഥാൽ ചിന്ത ജീവിതത്തെ നിർണ്ണായകമായി ഇടപെടുന്നതിനുള്ള താല്പര്യം ഉണ്ടായിരിക്കണം.

ഒരു അവിശ്വാസിയെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തുവിങ്കലുള്ള വിശ്വാസത്താലുള്ള വീണ്ടും ജനനമാണ് ആദ്യം സംഭവിക്കേണ്ടത്. അപ്പോൾ മാത്രമേ, അവിശുദ്ധമായ ചിന്തകളോട് എതിർത്തു നില്ക്കാനുള്ള പരിശുദ്ധാത്മശക്തി പ്രാപിക്കാൻ അവന് സാധിക്കൂ.

ഒരു വിശ്വാസിക്ക് ഇതിനായി പല പടികളുണ്ട്. ആദ്യമായി, പ്രാർത്ഥനയാൽ എല്ലാ വിഷയങ്ങളും കർത്താവിന്റെ അടുക്കലേക്ക് കൊണ്ടുവരിക. ദാവീദിന്റെ പ്രാർത്ഥന എല്ലാ വിശ്വാസികൾക്കും അനുയോജ്യമായ ഒന്നാണ്. "ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ" സങ്കീർത്തനം 51:10. വ്യഭിചാരത്തിലും കൊലപാതകകുറ്റത്തിലും നിപതിച്ച ദാവീദ് പാപങ്ങളെ കർത്താവിനോടു ഏറ്റുപറയുന്ന ഒരു പ്രാർത്ഥനയുടെ ഭാഗമാണിത്. അനിയന്ത്രിതമായ ചിന്താജീവിതത്തിൽ നിന്നാണ് ആ പാപങ്ങൾ ആരംഭിച്ചത് എന്ന കാര്യം അദ്ദേഹം സമ്മതിക്കുന്നു എന്ന് ഈ പ്രാർത്ഥനയിൽക്കൂടെ ഞാൻ മനസ്സിലാക്കുന്നു.

രണ്ടാമതായി ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിലാണെന്ന ബോധത്തിൽ മനസ്സിൽ വരുന്ന എല്ലാ ചിന്തകളേയും വിധിക്കുക. 2കൊരി. 10:5ൽ വായിക്കുന്നു. "അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചു കളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി". ക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കുന്നതിനായി എല്ലാ ചിന്തകളേയും അടിമകളാക്കി തീർക്കണം.

മൂന്നാമതായി, ദൈവത്തിന് ഹിതകരമല്ലാത്ത ചിന്തകൾ പാപവും അശുദ്ധവുമാണെന്ന് മനസ്സിലാക്കി, അവിടത്തോട് ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. യാത്രയിലോ ജോലിയിലോ, ഭവനത്തിലോ, എവിടെയും ആയിക്കൊള്ളട്ടെ. അശുദ്ധ ചിന്തകൾ മനസ്സി

ലേക്ക് പ്രവേശിക്കുമ്പോൾ "കർത്താവേ, എന്റെ മനസ്സിൽ പാപ ചിന്ത എത്തിയിരിക്കുന്നു, എന്റെ മനസ്സിനെ അത് അശുദ്ധമാക്കുന്നു, എന്നോടു ക്ഷമിച്ചു എന്റെ മനസ്സിനെ യേശുക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കേണമേ" എന്ന് അനുതാപപ്രാർത്ഥന നടത്തി അവയെ ഏറ്റുപറയണം.

ചിന്തകളെ മനസ്സിൽനിന്ന് പൂർണ്ണമായും പുറത്താക്കുകയും വേണം. ഏറ്റുപറഞ്ഞതുകൊണ്ടു മാത്രമായില്ല, അവയെ ഉപേക്ഷിക്കുകയും കൂടി ചെയ്യുമ്പോൾ മാത്രമേ കർത്താവിന്റെ കരുണ പ്രാപിക്കാൻ നമുക്ക് സാദ്ധ്യമാകൂ.

"യഹോവാഭക്തി ദോഷത്തെ വെറുക്കുന്നതാകുന്നു. ഡംഭം, അഹങ്കാരം, ദുർമ്മാർഗ്ഗം, വക്രതയുള്ള വായ് എന്നിവയെ ഞാൻ പകെക്കുന്നു" സദൃശവാക്യങ്ങൾ 28:13. അശുദ്ധമായി ചിന്തിക്കാനുള്ള പരീക്ഷണം വരുമ്പോൾ "ഞാൻ അവയെ ചിന്തിക്കുകയില്ല യേശു ക്രിസ്തുവിന്റെ നാമത്തിൽ ഞാനവയെ പുറത്താക്കുന്നു" എന്ന് ദൃഢനിശ്ചയത്തോടെ പറയണം.

## അനിഷേധാത്മകചിന്തകൾ

ശരിയായ നിലയിൽ ചിന്തിക്കുവാൻ നാം പഠിച്ചിരിക്കേണ്ടതാണ്. ഫിലിപ്പിയർ 4:8ൽ അതെങ്ങനെയാണെന്ന് പൗലോസ് വ്യക്തമാക്കുന്നു. "ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽക്കീർത്തിയായത് ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവീൻ".

ഈ കാര്യങ്ങളെ സംബന്ധിച്ചും അതേ സമയം പാപത്തെ സംബന്ധിച്ചും ഒരേ സമയത്ത് ഒരു വ്യക്തിക്ക് ചിന്തിക്കുവാൻ സാധ്യമല്ല എന്ന വസ്തുത ഇവിടെ ഓർക്കുക. ക്രിസ്തുവും അവന്റെ വിശുദ്ധിയും മനസ്സിൽ നിറയണമെങ്കിൽ പാപവും അശുദ്ധിയും മനസ്സിൽനിന്നും നീങ്ങിയിരിക്കണം. കർത്താവിനോട് കൂടുതൽ അടുക്കുംതോറും, ക്രിസ്തുവിനോട് കൂടുതൽ സാദൃശരായി നാം മാറുന്നു (2കൊരി. 3:18).

നമ്മുടെ ചിന്താജീവിതത്തിൽ വിജയം ആവശ്യമാണെങ്കിൽ വായിക്കുന്നതിലും കാണുന്നതിലും നാം സഹകരിക്കുന്നവരെ തിര

ഞ്ഞെടുക്കുന്നതിലും അച്ചടക്കബോധം ഉണ്ടായിരിക്കണം. അശ്ലീലമാസികകളും, ഹോളിവുഡ് ചലച്ചിത്രങ്ങളും ശരാശരി ടി.വി. പ്രോഗ്രാമുകൾ എല്ലാം ജീവിതത്തെ തൽക്ഷണം മലിനമാക്കുന്നതാണ്. മനുഷ്യരുടെ ജീവിതത്തിൽ പാപവാസന ജ്വലിപ്പിക്കുവാൻ കഴിയുന്ന സാമഗ്രികൾ അഗ്നിയിൽ ഇട്ട് നശിപ്പിക്കാൻ യോഗ്യത ഉള്ളവയാണ്.

അവസാനമായി കർത്താവിനായി നാം സമയം ചെലവഴിക്കണം. നിഷ്ക്രിയാസമയങ്ങളിൽ, ഭയങ്കര അപകടങ്ങൾ സംഭവിപ്പാനുള്ള സാധ്യത ഏറെയാണ്. എന്നാൽ കർത്താവിന്റെ പ്രവർത്തനങ്ങളിൽ ബദ്ധശ്രദ്ധനായിരിക്കുന്ന ഒരു വ്യക്തിക്ക് ബൃഹത്തായ സംരക്ഷണമാണുള്ളത്. സദൃശ. 16:3 ശ്രദ്ധിക്കുക.

"നിന്റെ പ്രവൃത്തികളെ യഹോവയ്ക്ക് സമർപ്പിക്കുക

എന്നാൽ നിന്റെ ഉദ്ദേശങ്ങൾ സാധിക്കും"

നിന്റെ മനസ്സിനെ ജാഗ്രതയോടെ സൂക്ഷിക്കുവാനുള്ള ഏകമാർഗ്ഗം ഇതാണ്.

"എല്ലാ ചിന്തകളും നിഗൂഢതകളും പരിശോധിക്കണമേ

അതിനെ നിയന്ത്രണവിധേയമാക്കേണമേ

ആത്മാവിനെ മലിനമാക്കുന്ന കാര്യങ്ങളിൽ നിന്നും

മോചനം നല്കേണമേ"

## അദ്ധ്യായം 18

# ശരിയായ വിധത്തിലുള്ള ധ്യാനം

വേദപുസ്തക ധ്യാനത്തിൽ സമയം ചിലവഴിക്കാത്ത ഒരു വിശുദ്ധനേയും ഇതുവരേയും എനിക്കറിയത്തില്ല. വേദപുസ്തകധ്യാനത്തിനും ഒരു വ്യക്തിയുടെ ആത്മീക ജീവിതത്തിനും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്.

ആത്മീയാഭിവൃദ്ധിയ്ക്കും ദൈവമഹത്വത്തിനുതകുന്നതുമായ വിഷയങ്ങളിന്മേൽ ഉദ്ദേശശുദ്ധിയോടെ ചിന്തകളെ നയിക്കുന്നതി

നെയാണ് ധ്യാനം എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്.

ക്രിസ്തീയ ധ്യാനം എന്നുപറയുന്നത് കർത്താവിലും ദൈവവചനത്തിലും, ദൈവിക വിഷയങ്ങളിലും ചിന്ത കേന്ദ്രീകരിക്കതക്ക രീതിയിൽ മനസ്സിനെ ഉപയോഗിക്കുന്നതിനെയാണ്. യാതൊരു ഉദ്ദേശവും ഇല്ലാതെ പ്രയോജനരഹിതമായ കാര്യങ്ങളാൽ ഉഴലാതെ പ്രധാന്യമുള്ള വിഷയങ്ങളെ ചിന്തിക്കുവാൻ മനസ്സുകളെ പരിശീലിപ്പിക്കേണ്ടതാണ്. തന്മൂലം കൃപയിലും ജ്ഞാനത്തിലും വളരുവാൻ ഇടയാകുന്നു.

പശുക്കൾ അയവിറക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ? അതിനാവശ്യമായ ആഹാരം കഴിച്ച് അല്പസമയം കഴിഞ്ഞശേഷം അവയെ വീണ്ടും വായിലേക്ക് കൊണ്ടുവന്ന് തൃപ്തികരമായ രീതിയിൽ ആസ്വദിച്ച് അത് ചവച്ചരയ്ക്കുന്നു. ഓരോ വിശ്വാസിയും താൻ കേട്ട വചനങ്ങൾ വീണ്ടും വീണ്ടും പരിചിന്തനം ചെയ്യേണ്ടതാണ്. ആത്മീക ജീവിതത്തിന് അത് പോഷകസമൃദ്ധമാണെന്ന് മാത്രമല്ല. സ്വച്ഛതയും, സംതൃപ്തിയും അനുഭവിക്കുന്നതിനും അത് ഇടയാക്കുന്നു.

## തെറ്റായവശം

വേദപുസ്തകധ്യാനത്തെ, പൗരസ്ത്യദേശങ്ങളിൽ പ്രചാരമായിരിക്കുന്ന അതീന്ദ്രിയ ധ്യാനങ്ങൾപോലെയുള്ളവയുമായി കൂട്ടിക്കുഴയ്ക്കരുത്. ദൈവം ഓരോ വ്യക്തിയിലുണ്ടെന്നു ധ്യാനത്തിൽക്കൂടി ദൈവിക ശക്തിയെ ഉണർത്താനാകുമെന്നും അത്തരത്തിലുള്ള മതം പഠിപ്പിക്കുന്നു. മനസ്സിനെ ശൂന്യമാക്കി കാത്തിരിക്കുമ്പോൾ മാത്രമേ അവരുദ്ദേശിക്കുന്ന തരത്തിലുള്ള ധ്യാനം പൂർണ്ണമാകൂ. എന്നാൽ ശൂന്യമാക്കപ്പെടുന്ന മനസ്സുകളിൽ സാത്താൻ പ്രവേശിക്കും എന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. മത്തായി സുവിശേഷം 12:43-45 വരെയുള്ള വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക.

"അശുദ്ധാത്മാവു ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ടശേഷം നീരില്ലാത്ത സ്ഥലങ്ങളിൽക്കൂടി തണുപ്പ് അന്വേഷിച്ചുകൊണ്ടു സഞ്ചരിക്കുന്നു. കണ്ടെത്തുന്നില്ലാതാനും. ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്ക് മടങ്ങി ചെല്ലും എന്നു അവൻ പറയുന്നു; ഉടനെ വന്നു, അതു ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായികാണുന്നു.

പിന്നെ അവൻ പുറപ്പെട്ടു, തന്നിലും ദുഷ്ടതയേറിയ വേറെ ഏഴു ആത്മാക്കളെ കൂട്ടികൊണ്ടുവരുന്നു; അവരും അവിടെ കയറി പാർക്കുന്നു; ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പിലത്തേതിലും വല്ലാതെ ആകും; ഈ ദുഷ്ടതലമുറയ്ക്കും അങ്ങനെ ഭവിക്കും"

ക്രിസ്തീയ ധ്യാനത്തിൽ ദൈവചനം സത്യമായത് ഘനമായത്, നീതിയായത് നിർമ്മലമായത്, രമ്യമായത്, സൽകീർത്തിയായത്, സൽഗുണമായത്, പുകഴ്ചയായത്, എന്നിവയിൽ മനസ്സ് നിറഞ്ഞിരിക്കും (ഫിലിപ്പർ 4:8)

ആത്മീകാഭിവൃദ്ധി ധ്യാനത്തിന്റെ ലക്ഷ്യമാണ്

"ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളതു നിന്റെ വായിൽ നിന്നു നീങ്ങിപ്പോകരുത്, അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചുനടക്കേണ്ടതിനു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും" (യോശുവ.1:8).

ധ്യാനം ഒരു വിശ്വാസിയെ ദൈവുമായി കൂടുതൽ അടുപ്പിക്കുകയും ഫലം പുറപ്പെടുവിപ്പിക്കുകയും ചെയ്യുന്നു. "അവൻ, ആറ്റരികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും, ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും" (സങ്കീ. 1:3).

ധ്യാനം ദൈവവുമായി ആശയവിനിമയം നടത്തുവാനുള്ള വഴികളെ തുറക്കുന്നു. ദൈവത്തോട് ഏറ്റവും അടുത്ത് സമ്പർക്കം പുലർത്തുന്നവർക്ക് അവന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നു (സങ്കീ. 25:14). അവ, മാർഗ്ഗനിർദ്ദേശമോ പ്രോത്സാഹനമോ, പ്രബോധനമോ, ശാസനയോ ആയിരിക്കാം. വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതിന് വിരുദ്ധമായതോ, കൂടുതലോ അവിടുന്ന് വെളിപ്പെടുത്തുന്നില്ല. വിശ്വാസം ഒരിക്കലായി വിശുദ്ധന്മാർക്ക് ഭരമേല്പിച്ചിരിക്കുന്നു. (യൂദാ. വാ. 3).

നാം വചനം ധ്യാനിക്കുമ്പോൾ നിസ്സാരമായകാര്യങ്ങൾക്ക് സമയം വൃഥാവാക്കാതിരിപ്പാൻ സഹായിക്കുന്നു. ദൈവത്തെ പ്രസാദിപ്പിക്കാനുള്ള ഒരു മാർഗ്ഗം കൂടിയാണ് ധ്യാനം. തന്മൂലം സങ്കീർത്തനക്കാരൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു; സങ്കീർത്തനം 19:14.

"എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ ധ്യാനവും നിനക്കു പ്രസാദമായിരിക്കുമാറാകട്ടെ" ഇതു തന്നെയായിരിക്കട്ടെ നമ്മുടെ ധ്യാനവും പ്രാർത്ഥനയും. വചനധ്യാനം നമ്മെ കർത്താവിന് അനുരൂപരാക്കുന്നു. എത്രമാത്രം സമയം അവനുമായി ചെലവഴിക്കുന്നുവോ; അത്രമാത്രം നാം അവനെപ്പോലെയായിത്തീരും. (2കൊരി. 3:18).

## എങ്ങനെ ധ്യാനിക്കണം?

എല്ലാവർക്കും ഒരുപോലെ നല്ലത് എന്ന് നിർദ്ദേശിക്കുന്ന ഒരു ധ്യാനരീതി ഇല്ല. ഓരോത്തർക്കും അനുയോജ്യമായ തരത്തിലുള്ള രീതി. അവരവർ കണ്ടെത്തേണ്ടതാണ്. എന്നാൽ എല്ലാവരും അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഇവിടെ നിർദ്ദേശിക്കട്ടെ.

ധ്യാനത്തിന് തടസ്സം നേരിടുന്ന സംഗതികൾ വരാത്ത ഒരു സ്ഥലവും, ഒരു നിശ്ചിതസമയവും വേർതിരിച്ചിരിക്കണം. ധ്യാനിക്കേണ്ടതിന് വൈകുന്നേരം സമയവും വെളിമ്പ്രദേശവും യിസഹാക്ക് കണ്ടെത്തി (ഉല്പത്തി. 24:63) പകലോ, രാത്രിയോ നമുക്ക് സമയം കണ്ടെത്താവുന്നതാണ്. രാത്രിയാമങ്ങൾ ദാവീദിന് ദൈവത്തെ ധ്യാനിക്കാനുള്ള സമയങ്ങളായിരുന്നു. (സങ്കീർത്തനം 63:5)

കുറിപ്പുകൾക്ക് ഒരു നോട്ട്ബുക്കും, പേനയും കരുതുന്നത് ശീലമാക്കുക.

ധ്യാനിക്കുന്നതിന് എണ്ണമറ്റവിഷയങ്ങളാണ് വേദപുസ്തകത്തിലുള്ളത്.

"തിരുവചനം ധ്യാനിക്കേണ്ടതിന്... (സങ്കീ. 119:148).

"യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ" സങ്കീർത്തനം. 1:2

സങ്കീർത്തനം. 119:78 ൽ സങ്കീർത്തനക്കാരൻ ദൈവകല്പനകളെ ധ്യാനിക്കുന്നതായികാണുന്നു. ദൈവത്തിന്റെ സകല പ്രവൃത്തികളും ധ്യാനവിഷയമാണെന്ന് സങ്കീർത്തനം 143:5വായിക്കുന്നു.

ധ്യാനത്തിന് ആവശ്യമായുള്ള അനേകകാര്യങ്ങൾ നമ്മുടെ "അത്യത്ഭുതമായ വീണ്ടെടുപ്പ്" നല്കുന്നു. അപ്പോസ്തലനായ പൗലോസ് തിമോഥെയോസിനോട് ക്രിസ്തീയശുശ്രൂഷയ്ക്ക് ഉതകുന്ന കാര്യങ്ങൾ ധ്യാനിക്കുവാൻ ഉപദേശിച്ചിട്ടുണ്ട് (1തിമൊ. 4:16).

ആരംഭത്തിൽ വേദപുസ്തകത്തിൽ നിന്ന് ഒരു ചെറിയ ഭാഗം ധ്യാനവിഷയമാക്കുന്നതായിരിക്കും ഉചിതം. ഓരോ വാക്കും വാചകവും അതിശ്രദ്ധയോട് നിരീക്ഷണ പാടവത്തോട് വായിക്കുക. ഉദാഹരണത്തിന് ഗലാത്യർ 2:20ലുള്ള ഒരു ഭാഗം എടുക്കാം.

"എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള........"

ദൈവപുത്രൻ ഇവിടെ പ്രത്യേകാൽ ശ്രദ്ധിക്കുക. സാധാരണ ഒരു മനുഷ്യനല്ല, പിന്നെ ജഡത്തിൽ വെളിപ്പെട്ട ദൈവം. ദൈവപുത്രൻ ജീവന്റേയും മഹത്വത്തിന്റേയും കർത്താവ്. പ്രപഞ്ചത്തിന്റെയും സ്രഷ്ടാവും സംരക്ഷകനുമായിരിക്കുന്നവൻ.

സ്നേഹിച്ചു, അവിടുത്തെ സ്നേഹത്തെ വ്യക്തമാക്കുന്ന ചില വിശേഷണങ്ങൾ കൂടി ചേർത്ത് ഇത് വായിച്ചു നോക്കു. "അളവില്ലാത്ത സ്നേഹം", "അതുല്യസ്നേഹം" "അപ്രമേയസ്നേഹം" "അവർണ്ണനീയ സ്നേഹം".........1കൊരി. 13:4-8 വരെയുള്ള വാക്യങ്ങളും ഇതോടൊപ്പം ചിന്തിക്കാം. "എന്നെ" നമ്മെപ്പറ്റി വേദപുസ്തകം പ്രസ്താവിക്കുന്ന ചില കാര്യങ്ങൾ കൂടി ഇതോടൊപ്പം ചിന്തിക്കുക. 'പാപികൾ' 'അഭക്തർ' 'മരിച്ചവർ' 'ദൈവവിരോധികൾ' 'ദൈവമില്ലാത്തവർ' 'ക്രിസ്തുവിനെ കൂടാതെയുള്ളവർ' 'പ്രത്യാശയില്ലാത്തവർ' 'ബലഹീനർ' എന്നെ (നമ്മെ)പ്പറ്റി വിവരിക്കാൻ ഇതൊക്കെയുള്ളു.

'തന്നെത്താൻ' ഏല്പിച്ചുകൊടുത്തു – സ്നേഹം എപ്പോഴും തരുന്നു. എന്നാൽ അവിടുത്തെ സ്നേഹം എന്താണ് തന്നത്? പണമോ മറ്റു ഭൗതികകാര്യങ്ങളോ അല്ല. അവൻ തന്നെത്തന്നെ തന്നു. അവിടുത്തെ രക്തം, ജീവിതം, സർവ്വസ്വവും എന്നതിനർത്ഥം. നമ്മുടെ വീണ്ടെടുപ്പിന് വിലയേറിയതു തന്നെ അവിടുന്നു നല്കി. "എനിക്കുവേണ്ടി അതിശയകരം" യാതൊരു ലജ്ജയുമില്ലാത്ത എനിക്കുവേണ്ടി അവൻ തന്നെത്തന്നെ നല്കി. ആ സ്നേഹത്തിന് പകരമായി ഞാൻ എന്താണ് തിരികെ കൊടുക്കുക? ഐസക് വാട്ട്സിന്റെ വാക്കുകൾ ഞാൻ സ്വന്തമായി സ്വീകരിക്കുന്നു.

"ഈ ലോകമണ്ഡലം മുഴുവനായി കർത്താവിന് സമർപ്പിക്കാൻ സാധിച്ചാലും, അവന്റെ അതുല്യവും അത്ഭുതകരവുമായ സ്നേഹത്തിനു പകരമായി ഏതുമില്ല, എനിക്ക് ചെയ്യുവാൻ കഴിയുന്നത് ഒന്നു മാത്രമേയുള്ളു. എന്റെ ദേഹവും ദേഹിയും ആത്മാവും എനിക്കുള്ളതെല്ലാം അവനായി സമർപ്പിക്കുക".

ഒരു പുതിയ വിശ്വാസിക്ക് ഈ പഠനരീതി ബുദ്ധിമുട്ടായി തോന്നുകയാണെങ്കിൽ ഏതെങ്കിലും വേദപുസ്തക സംഭവങ്ങളെ പഠനത്തിന് തിരഞ്ഞെടുക്കുക. ഉദാഹരണമായി മത്തായിയെ കർത്താവ് വിളിക്കുന്നത്. ലൂക്കൊസ് 5:27-28ൽ ആ സംഭവം നാം വായിക്കുന്നു.

ചുങ്കം (കരം) പിരിക്കാനായി മത്തായി ഇരിക്കുന്നത് മനസ്സിൽ ചിത്രീകരിക്കുക. ധാരാളം ആളുകൾ ആ വഴി പോകുന്നുണ്ട് ആ സമയം യേശുക്രിസ്തു ആ വഴിയായി കടന്നുവരുന്നു. മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി എന്താണ് യേശുക്രിസ്തുവിൽ കാണുവാൻ മത്തായിക്ക് കഴിഞ്ഞത്? "എന്നെ അനുഗമിക്കുക" എന്നു മാത്രമേ കർത്താവ് പറഞ്ഞു. ഇത്രമാത്രമേയുള്ളു. ആ അവസരത്തിൽ മത്തായിയുടെ മനസ്സിൽകൂടെഎന്തായിരിക്കും കടന്നുപോയത്? യേശുക്രിസ്തുവിനെ അനുഗമിച്ചതുകൊണ്ട് മത്തായി എന്തു നഷ്ടപ്പെടുത്തി? എന്തു നേടി? ഇത്തരത്തിലുള്ള ഭാവന ഇന്നുള്ള ചില ചിന്താഗതികളുമായി കൂട്ടി കുഴയ്ക്കരുത്. ചിലരുടെ പഠിപ്പിക്കലിൻപ്രകാരം നമുക്കെന്തു ആവശ്യമെന്നു തോന്നുന്നുവോ, അത് ഭാവനയിൽ കാണുക. ആരോഗ്യമോ, പണമോ, പ്രശസ്തിയോ, വിനോദമോ അങ്ങനെ എന്തായാലും അതുമൂലം ലഭിക്കാനിടയാകും. പക്ഷേ വിശുദ്ധവേദപുസ്തകത്തിൽ ഇതിന് യാതൊരു അടിസ്ഥാനവുമില്ലെന്നുള്ളതുകൂടി സാന്ദർഭികമായി സൂചിപ്പിക്കട്ടെ.

## തിരക്കു പിടിച്ച ജീവിതത്തിന്റെ ഫലം

ധ്യാനത്തിന് ഏറ്റവും വലിയ ഒരു തടസ്സം അമിതമായ തിരക്കാണ്. തിരക്കുപിടിച്ച ജീവിതത്തിലെ ഫലശൂന്യമായ അവസ്ഥ നാം അനുഭവിച്ചിട്ടുണ്ട്. വീടിന്റെയും കുടുംബത്തിന്റെയും ആവശ്യങ്ങളാൽ പലപ്പോഴും നാം ഞെരുങ്ങുന്നു. ക്രിസ്തീയ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവരും അമിത പ്രസംഗത്തിന്റെ ഒരുക്കം, വിശ്വാസികളുടെ ഭവനങ്ങൾ സന്ദർശിക്കൽ, സുവിശേഷീകരണം,

യോഗങ്ങൾ, മറ്റ് എഴുത്തുകുത്തുകൾ തുടങ്ങി ഒരു നൂറുകൂട്ടം കാര്യങ്ങളാൽ വലഞ്ഞ് തിരക്കിലായിരിക്കുന്ന അവർക്ക് കർത്താവിന്റെ പാദപീഠത്തിലിരിക്കാൻ സമയം വളരെ കുറച്ചേ ലഭിക്കുന്നുള്ളു. തിരക്കിന്റെ നിഷ്ഠൂരവാഴ്ചയുടെ കീഴിലാണ് ഇത്തരക്കാർ എന്ന് ചാൾസ് ഹമ്മെൽ പറഞ്ഞിട്ടുണ്ട്.

തിരക്കിനടിമപ്പെട്ടവരായി നാം തീരുന്നു. ജീവിതം യാന്ത്രികമായി മാറുന്നു. എന്നാൽ ദൈവവചനം ധ്യാനിക്കുന്നതിന് ഇതൊന്നും ഒരു ഒഴികഴിവല്ല എന്ന കാര്യം വിസ്മരിക്കരുത്. എത്ര തിരക്കായാലും ദൈവവചനം ധ്യാനിക്കാനാവും. സമയക്രമീകരണത്തിന്റെ അജ്ഞത മൂലമാണ് ദൈവവചനധ്യാനത്തിന് സമയം ലഭിക്കുന്നില്ല എന്ന് നാം പറയുന്നത്. ഉയരത്തിലുള്ള കാര്യങ്ങളുടെ ധ്യാനത്തിന് സമയം വീണ്ടെടുക്കാൻ നാം പഠിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. "ഒരു ധൃതിയുള്ള മനുഷ്യന് ദൈവം തന്റെ തേജസ്സ് വെളിപ്പെടുത്താറില്ല. ജിജ്ഞാസുക്കൾക്കും യാദൃശ്ചിക സന്ദർശകർക്കും ദൈവഹൃദയം തുറക്കപ്പെടുന്നില്ല. പർവ്വതത്തിൽ കയറി, തന്നോടൊപ്പം ആയിരിക്കുവാൻ കഴിയുന്നവർക്കു മാത്രമേ അവന്റെ തേജസ്സ് കാണുവാൻ കഴികയുള്ളു. പർവ്വതത്തിൽ നിന്നിറങ്ങി വന്നപ്പോൾ മോശയുടെ മുഖത്തുണ്ടായിരുന്ന ആ തേജസ്സ് ഒരു ചെറിയ കൂടിക്കാഴ്ചയുടെ ഫലമല്ല, പ്രത്യുത നാല്പതു ദിവസങ്ങൾ ദൈവവുമായി നടത്തിയ കൂട്ടായ്മയുടെ ഫലമാണ്.

## സ്വർഗ്ഗത്തിൽനിന്നു നേരിട്ടുള്ള രേഖ

ദൈവവുമായുള്ള ആശയവിനിമയ സമയമാണ് ധ്യാനം എന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ഇവിടെ നാം പ്രത്യേകം ശ്രദ്ധാലുക്കളായിരിക്കണം, കാരണം ജഢീകജീവിതം നയിക്കുന്ന ചില വിശ്വാസികളും "ദൈവം എന്നോട് പറഞ്ഞു" "എന്നെ ബോദ്ധ്യപ്പെടുത്തി" എന്നൊക്കെ പറയാറുണ്ട്. എന്നാൽ അവർക്ക് അത്തരത്തിലുള്ള യാതൊരു വിനിമയം ദൈവത്തോട് ഇല്ലായിരുന്നുവെന്ന് ദൈവവചനവും അവരുടെ തുടർന്നുള്ള ജീവിതാനുഭവവും വെളിപ്പെടുത്തുന്നു. എന്നാൽ ദൈവവുമായി വളരെ അടുത്ത ബന്ധം പുലർത്തി ജീവിക്കുന്നവർക്ക് ദൈവസാന്നിദ്ധ്യം വിശേഷതയോട് അനുഭവിക്കാനാകും.

ഉപോത്ബലകമായി മൂന്ന് ഉദാഹരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഈ ഭാഗം അവസാനിപ്പിക്കട്ടെ. തന്റെ കുടുംബത്തിലുള്ള എല്ലാ കുഞ്ഞുങ്ങളും രക്ഷയിലേക്കു വരുമെന്ന് കർത്താവ് തന്റെ

ഹൃദയത്തിൽ ഉറപ്പു നല്കിയതായി മിസ്സിസ് ഷെപ്പേർഡ് എന്ന ആത്മീയ വനിത വിശ്വസിച്ചിരുന്നു. ഈ കാര്യം അവൾ പ്രസംഗകനോട് പങ്കുവെച്ചപ്പോൾ അദ്ദേഹം അത് അവഗണിക്കുകയാണുണ്ടായത്. മറ്റൊരു പട്ടണത്തിൽ താമസിക്കുന്ന അവരുടെ സുഖമില്ലാത്ത സഹോദരൻ യെശയ്യാവ് 49-ാം അദ്ധ്യായം ഒരു ദിവസം ധ്യാനിച്ചുകൊണ്ടിരുന്നു. അവസരത്തിൽ അദ്ദേഹം തന്റെ ഭാര്യയെ വിളിച്ച് ഒരു സന്ദേശം തന്റെ സഹോദരിക്ക് അയക്കാനായി പെട്ടെന്ന് ആവശ്യപ്പെട്ടു. യെശയ്യാവ് 49:25ന്റെ അവസാനഭാഗമായിരുന്നു ആ സന്ദേശം. "........നിന്നോടു പോരാടുന്നവരോടു ഞാൻ പോരാടുകയും, നിന്റെ മക്കളെ രക്ഷിക്കയും ചെയ്യും". അധികം താമസിയാതെ ആ സഹോദരിയുടെ എല്ലാ മക്കളും രക്ഷിക്കപ്പെട്ടു.

കർത്താവിനോട് വളരെ അടുത്ത ബന്ധം പുലർത്തിജീവിച്ചിരുന്ന ഒരു മാന്യ ദേഹമായിരുന്നു ആൽഫ്രഡ്. അദ്ദേഹത്തിന്റെ സ്നേഹിതനും അത്യുന്നതന്റെ മറവിൽ വസിച്ചിരുന്നതുമായ അലക്സ് വളരെ മൈലുകൾക്ക് അകലെയാണ് താമസിച്ചിരുന്നത്. വയോധികനായ ആൽഫ്രഡ് ഒരിക്കൽ തന്റെ മകളോട് പറഞ്ഞു. "മൂന്നു മാസമായി അലക്സിനു വേണ്ടി പ്രാർത്ഥിക്കാൻ എനിക്ക് സാധിക്കുന്നില്ല". ചില ദിവസങ്ങൾക്കുള്ളിൽ ആൽഫ്രഡ്സിന് ഒരു എഴുത്തു കിട്ടി, "മൂന്നു മാസങ്ങൾക്കുമുമ്പ് അലക്സ് നിത്യതയിൽ ചേർക്കപ്പെട്ടു" എന്നതായിരുന്നു അതിലെ സന്ദേശം.

ഒരു ശനിയാഴ്ച ഉച്ചകഴിഞ്ഞ സമയം. യൗവനക്കാരനായ വിശ്വാസി വേദനയോട് തന്റെ ഓഫീസിൽ പ്രാർത്ഥനയിൽ പോരാടിക്കൊണ്ടിരുന്നു. ദൈവം തന്നെ ഉപേക്ഷിച്ചിരിക്കുന്നതായി അദ്ദേഹത്തിന് തോന്നി. ഫോൺ ആ അവസരത്തിലാണ് ശബ്ദിച്ചത്. സങ്കീർത്തനധ്യാനം ജീവിതചര്യപോലെയാക്കിമാറ്റിയ അലൻ സ്മിത്ത് എന്ന പ്രായം ചെന്ന വ്യക്തിയായിരുന്നു വിളിച്ചത്. അദ്ദേഹം പറഞ്ഞു, "നിന്നെ ഓർത്ത് പ്രാർത്ഥിക്കുവാനുള്ള ഒരു ഭാരം" ദൈവം എനിക്ക് തന്നിരിക്കുന്നു, ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കയാണ് ആ യൗവനക്കാരൻ അത്ഭുതത്താൽ നിറഞ്ഞു. കാരണം അലനുമായി വളരെ അടുത്ത പരിചയമൊന്നും അവനുണ്ടായിരുന്നില്ല ഇപ്പോഴുള്ള തന്റെ അവസ്ഥ അദ്ദേഹം അറിയാനും യാതൊരു വഴിയുമില്ല, മാത്രമല്ല, ശനിയാഴ്ച സായാഹ്നമായിരുന്നതിനാൽ ഓഫീസിൽ അയാളെ ലഭിക്കുമെന്നതിന് ഉറപ്പുമില്ലായിരുന്നു.

മർഡോ മക്ലൗഡ് ഇങ്ങനെ പറഞ്ഞു "വിശ്വാസത്താൽ കർത്താവിനോടൊപ്പം നടക്കുന്നവരും, കർത്താവിനെ സ്നേഹിതനുമായി അറിയുന്നവരും കർത്താവിന്റെ വ്യക്തിപരമായ സ്നേഹവും സുരക്ഷിതത്വവും അറിയാതെ പോകുകയില്ല. അവർക്ക് ദൈവം നിശ്ശബ്ദനോ അപരിചിതനോ ആയിരിക്കയില്ല. ലോകത്തിന് അജ്ഞാതമായിരിക്കുന്ന ഒരു മാർമ്മികവശം ക്രിസ്തീയാനുഭവത്തിൽ ഉണ്ട്".

## അദ്ധ്യായം 19

# നാവിനെ മെരുക്കുക

ഒരു വിശ്വാസിയുടെ സ്വഭാവത്തെ "അവന്റെ വാക്കുകൾ" കൊണ്ട് അളക്കാൻ കഴിയും എന്ന് സംശയം കൂടാതെ പറയാവുന്നതാണ്. വിശുദ്ധ വേദപുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

".......ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്" മത്താ. 12:34

ഒരു വ്യക്തിയുടെ വാക്കുകൾ ശ്രവിക്കുമ്പോൾ തന്നെ, അവന്റെ ആത്മീക നിലവാരം മനസ്സിലാക്കാൻ സാധിക്കുന്നു.

നാവിനെ സംബന്ധിച്ച് യാക്കോബ് രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം പ്രസ്താവിക്കേണ്ടതിവിടാവശ്യമാണ്.

"സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്നു അറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്. നാം എല്ലാവരും പലതിലും തെറ്റിപ്പോകുന്നു. ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു. കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ടു അതിന്റെ ശരീരം മുഴുവനും തിരിക്കുന്നുവല്ലോ. കപ്പലും എത്ര വലിയത് ആയാലും കൊടുങ്കാറ്റടിച്ചു ഓടുന്നതായാലും അമരക്കാരൻ ഏറ്റവും ചെറിയ ചുക്കാൻകൊണ്ട് തനിക്കു ബോധിച്ച ദിക്കിലേക്കു

തിരിക്കുന്നു. അങ്ങനെതന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു. നാവും ഒരു തീ തന്നെ, അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതിലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിനു തീ പിടിക്കയും ചെയ്യുന്നു. മൃഗം, പക്ഷി, ഇഴജാതി, ജലജന്തു ഈവക എല്ലാം മനുഷ്യജാതിയോടു മരുങ്ങുന്നു, മരുങ്ങിയുമിരിക്കുന്നു. നാവിനെയോ മനുഷ്യർക്കാർക്കും മരുക്കാവതല്ല. അതു അടങ്ങാത്ത ദോഷം, മരണകരമായ വിഷം നിറഞ്ഞത്. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു, ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു. ഒരു വായിൽനിന്നു തന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു. സഹോദരന്മാരെ, ഇങ്ങനെ ആയിരിക്കുന്നതു യോഗ്യമല്ല. ഉറവിന്റെ ഒരേ ദ്വാരത്തിൽനിന്നു മധുരവും കൈപ്പുമുള്ള വെള്ളം പുറപ്പെട്ടു വരുമോ?" (യാക്കോ. 3:1-11).

സ്വയമായി നാവിനെ അടക്കാൻ നമുക്ക് സാധിച്ചില്ലെങ്കിലും ദൈവത്തിന് അത് അസാദ്ധ്യമല്ല എന്നത് നന്ദിയോട് സ്മരിക്കേണ്ടതാണ്. പരിശുദ്ധാത്മസഹായത്തോടെ മൂർച്ചയേറിയ നാവിനെ കൃപയോടുകൂടിയതും നുണപറയുന്ന നാവിനെ ആത്മീക വളർച്ചക്ക് ഉതകുന്നതാക്കി മാറ്റാനും കർത്താവിനു സാധിക്കും.

നമ്മുടെ സംസാരത്തിൽ ഉണ്ടായിരിക്കേണ്ട ചില ഉത്തമ സ്വഭാവങ്ങളെ തുടർന്ന് ചിന്തിക്കാം.

## സത്യസന്ധതയുള്ളതായിരിക്കണം

"ആകയാൽ ഭോഷ്കു ഉപേക്ഷിച്ചു ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ" എഫെ. 4:25.

ഭോഷ്കു പറയാനോ, അതിനുള്ള അനുവാദം ആർക്കെങ്കിലും കൊടുക്കുവാനോ ദൈവത്തിന് സാദ്ധ്യമല്ല. ക്രിസ്തീയ പ്രവർത്തന റിപ്പോർട്ട് അതിശയോക്തി കലർത്തി അവതരിപ്പിച്ചാൽ അത് കള്ളമാണ്. "മേലധികാരി" അകത്തിരിക്കുന്ന സമയത്ത് അദ്ദേഹം ഇവിടെ ഇല്ല എന്ന് സെക്രട്ടറി പറയുന്നതും വീട്ടിൽ അതിഥികൾ വരു

മ്പോൾ അച്ഛനും അമ്മയും ഇവിടെ ഇല്ല എന്ന് മക്കളെക്കൊണ്ട് പറയാൻ പ്രേരിപ്പിക്കുന്നതും കള്ളം തന്നെ.

ഒരു വ്യക്തി സത്യസന്ധനാണെങ്കിൽ അദ്ദേഹത്തിന് നല്ല ഓർമ്മയില്ലെങ്കിലും സാരമില്ല. ഇ. സ്റ്റാൻലി ജോൺസ് ഒരിക്കൽ പറഞ്ഞു, "നിങ്ങൾ കള്ളം പറയുന്നവരാണെങ്കിൽ അത് മറച്ചുവെയ്ക്കാനുള്ള നല്ല ഓർമ്മശക്തി നിങ്ങൾക്ക് ഉണ്ടായിരിക്കണം. എന്നാൽ നിങ്ങൾ സത്യം മാത്രം പറയുന്നവരാണെങ്കിൽ ഓർമ്മശക്തിയില്ലെങ്കിലും ബുദ്ധിമുട്ടേണ്ട ആവശ്യമില്ല. നിങ്ങൾ സത്യം മാത്രം പറയുക, അത് തികച്ചും ലളിതം".

## യോഗ്യതയുള്ളതായിരിക്കണം

"കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന് ആവശ്യം പോലെ ആത്മീകവർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്" എഫെ. 4:29.

ഇവിടെ "ആകാത്തത്" എന്ന വാക്കിന്റെ അർത്ഥം "ഗുണമില്ലാത്തത് ഉപയോഗമില്ലാത്തത്" എന്നൊക്കെയാണ്. യേശുക്രിസ്തു പറഞ്ഞു "എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോടു പറയുന്നു" മത്താ. 12:36. അതുകൊണ്ട് അശുദ്ധമായ വാക്കുകൾ പാപമാണെന്ന് മനസ്സിലാക്കി, ഏറ്റുപറഞ്ഞ് അവയെ നമ്മുടെ ജീവിതത്തിൽനിന്നും ഉപേക്ഷിക്കണം.

## ആത്മികവർദ്ധനയ്ക്കുള്ളതായിരിക്കണം

"കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന് ആവശ്യംപോലെ ആത്മിക വർദ്ധനയ്ക്കായി നല്ലവാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്" എഫെ. 4:29. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നമ്മുടെ വാക്കുകളെ മറ്റുള്ളവരുടെ ആത്മികവർദ്ധനയ്ക്ക് മുഖാന്തരമോ എന്ന കാര്യം എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. H.A. Ironside എന്ന കർത്തൃദാസൻ തന്റെ സംഭാഷണങ്ങൾ ആത്മീക വർദ്ധനയുള്ളതായിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ വാക്കുകൾ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾ ചിന്തിക്കുന്നു? സാധാരണ അദ്ദേഹം ചോദിച്ചിരുന്ന ഒരു ചോദ്യമാണിത്. പ്രയാസമേറിയ ഒരു ചോദ്യത്തിന് എടുത്തു ഉത്തരം പറയു

വാൻ കേൾവിക്കാരന് ബുദ്ധിമുട്ടാണെന്ന് മനസ്സിലാക്കിയാൽ ഉത്തരം നല്കി "ഇതായിരിക്കുമോ ഇതിന്റെ അർത്ഥം?" എന്ന് വളരെ കൃപയോടെ അദ്ദേഹം ചോദിക്കും. അദ്ദേഹത്തിന്റെ വിവരണങ്ങൾ മറക്കാൻ പറ്റാത്തവയാണ്.

മറ്റൊരു വ്യക്തിയെ സംബന്ധിച്ച ചില തെറ്റായ കാര്യങ്ങൾ ഒരു സ്നേഹിതൻ എന്നോട് സംസാരിക്കുവാൻ ആരംഭിച്ചു. അല്പം കടത്തിപറച്ചിലും, നുണയും അതിലുണ്ടാകാനുള്ള സാദ്ധ്യതയിലേക്ക് വന്നപ്പോൾ സ്നേഹിതൻ സംഭാഷണം ഇടയ്ക്ക് നിർത്തി പറഞ്ഞു "ഇല്ലാ ഈ സംഭാഷണം ആത്മികവർദ്ധനയ്ക്ക് ഉതകുകയില്ല". വളരെ ആകാംക്ഷയോട് കേട്ടുകൊണ്ടിരുന്ന ഞാൻ, നാവിനെ എങ്ങനെ നിയന്ത്രിക്കണം എന്ന് വിലയേറിയ പാഠം അതു മുഖാന്തരം പഠിക്കുവാൻ സാധിച്ചു.

## അനുയോജ്യമായതായിരിക്കണം

"..............ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത്" എഫെ. 4:29. ശരിയായ സമയത്ത് ശരിയായ കാര്യം ശരിയായ വിധത്തിൽ പറയുന്നത് ഒരു ദാനം തന്നെയാണ്.

അന്ത്യനിമിഷങ്ങളോടടുത്തു കൊണ്ടിരിക്കുന്ന ഒരു വിശ്വാസിയോട് സഭാ മൂപ്പൻ, ഉത്തമഗീതം 8:5 വായിച്ചുകേൾപ്പിക്കുന്നതും, ദുഃഖത്തിലിരിക്കുന്നവർക്ക് സങ്കീർത്തനം 30:5 വായിച്ച് ആശ്വസിപ്പിക്കുന്നവരും പ്രവർത്തിച്ച് യാതൊരു ഫലവും കാണാതെ നിരാശയിലിരിക്കുന്ന സുവിശേഷകന് യെശയ്യാവ് 49:4 ഉദ്ധരിച്ച് എഴുത്തയ്ക്കുന്നതും സന്ദർഭോചിതം തന്നെ.

ഒരു നിയമജ്ഞന്റെ ഓഫീസിലെത്തിയ ഡോ. അലക്സാണ്ടർ വൈറ്റിനോട് ഒരു ചോദ്യം ഉന്നയിച്ചു. "ഒരു പഴയ പാപിയോട് പറയാൻ എന്തെങ്കിലും സന്ദേശം താങ്കൾക്കുണ്ടോ?" തന്റെ ധ്യാനവിഷയമായിരുന്ന ഒരു വാക്യശകലം ഡോ. വൈറ്റ് അവസരത്തിൽ ഉദ്ധരിച്ചു "ദയയിലല്ലോ അവനു പ്രസാദമുള്ളത്" (മീഖാ. 7:18).

തനിക്ക് ആശ്വാസം ഏറെ പകർന്ന ആ വാക്കുകൾക്ക് നിയമജ്ഞൻ അദ്ദേഹത്തിന് വളരെയധികം നന്ദി പറഞ്ഞു. ആ വാക്യം ആ സമയത്തിനനുയോജ്യമായിരുന്നു. (സദൃശ്യ. 25:11; 15:23).

## കൃപയോടുകൂടിയതായിരിക്കണം

നമ്മുടെ വാക്കുകൾ അനുയോജ്യമായുള്ളതായി മാത്രമല്ല കൃപ നിറഞ്ഞതുമായിരിക്കണം. "ഓരോരുത്തനോടു നിങ്ങൾ എങ്ങനെ ഉത്തരം പറയണം എന്ന് അറിയേണ്ടതിനു നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ" കൊലൊ. 4:6. നമ്മുടെ കർത്താവ് കൃപ നിറഞ്ഞവനായിരുന്നു. തന്മൂലം "........അവന്റെ വായിൽ നിന്നു പുറപ്പെട്ട ലാവണ്യവാക്കുകൾ നിമിത്തം ആശ്ചര്യപ്പെട്ടു......" ലൂക്കൊ. 4:22. വെറുക്കപ്പെട്ട കുലത്തിൽ ജീവിച്ച ശമര്യാസ്ത്രീയോട് യഹൂദനായി ജനിച്ചവൻ വെള്ളം ചോദിക്കുന്നത് കൃപയല്ലാതെന്താണ്? (യോഹ. 4:7). വ്യഭിചാരത്തിൽ പിടിക്കപ്പെട്ട് ഭയം നിറഞ്ഞവളായി മുമ്പിൽ നിന്ന സ്ത്രീയോട് പറഞ്ഞവാക്കുകളും അവിടുത്തെ കൃപയെ വെളിപ്പെടുത്തുന്നു. "........ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല, പോക, ഇനി പാപം ചെയ്യരുത് എന്നു യേശു പറഞ്ഞു" യോഹ. 8:11. മുറിപ്പെടുത്തുന്ന വാക്കുകൾ, ഭയരഹിതമായ കുത്തുവാക്കുകൾ വേദനിപ്പിക്കുന്ന പരിഹാസങ്ങൾ പൂർണ്ണമായി ഉപേക്ഷിക്കുകയാണെങ്കിൽ മാത്രമേ കൃപയോടുകൂടി സംസാരിക്കാനാകൂ. ലേഡി ആസ്റ്റർ പറഞ്ഞു "വിൻസ്റ്റൺ, ഞാൻ നിങ്ങളുടെ ഭാര്യയായിരുന്നുവെങ്കിൽ കാപ്പിയിൽ വിഷം കലർത്തി തന്നേനെ". അതിന് വിൻസ്റ്റൺ ചർച്ചിൽ കൊടുത്ത ഉത്തരം, "ലേഡി ആസ്റ്റർ, ഞാൻ നിന്റെ ഭർത്താവായിരുന്നുവെങ്കിൽ അത് കുടിക്കുമായിരുന്നു" ഈ വാക്കുകൾ തമാശയ്ക്ക് വകനല്കുന്നതാണ്, പക്ഷേ കൃപയോടുകൂടിയതല്ല.

നമ്മുടെ വാക്കുകൾ കൃപയോടുകൂടിയതും അതേസമയം ഉപ്പിനാൽ രുചി വരുത്തിയതുമായിരിക്കണം. "..........നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കട്ടെ" കൊലൊ. 4:6.

"എനിക്ക് കുടിപ്പാൻ തരുമോ" (യോഹ. 4:7) എന്ന് ചോദിച്ച കർത്താവ്, പിന്നെ ശമര്യസ്ത്രീയോട് പറഞ്ഞത് "പോയി ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക" (യോഹ. 4:16) എന്നാണ്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട് "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല" എന്നു മാത്രമല്ല "പോക, ഇനി പാപം ചെയ്യരുത്" (യോഹ. 8:11) എന്നുകൂടി യേശു പറഞ്ഞു.

ഉപ്പ്, സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നു. ചീഞ്ഞളിയുന്നതിനെ അത് തടസ്സപ്പെടുത്തുന്നു. ദാഹം ഉളവാക്കുവാനും അതിന് കഴിയുന്നു. സദാചാരപരമായ ആത്മാർത്ഥത നമ്മുടെ വാക്കുകളിൽ സൂക്ഷിക്കേണ്ടതാണ്. മാത്രമല്ല, ക്രിസ്തു നല്കുന്ന ജീവജലം കുടിക്കാനുള്ള ആഗ്രഹവും കേൾവിക്കാരിൽ ഉളവാക്കുവാൻ നമ്മുടെ വാക്കുകൾക്ക് കഴിയണം.

## വിശുദ്ധമായതായിരിക്കണം

തീർച്ചയായും, വിശ്വാസിയുടെ സംസാരം വിശുദ്ധിയോടു കൂടിയത് ആയിരിക്കണം. എന്നാൽ, "ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്. അങ്ങനെ ആകുന്നു വിശുദ്ധന്മാർക്ക് ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുത്. സ്തോത്രമത്രേ വേണ്ടത് (എഫെ. 5:3-4). നാം പാപത്തെക്കുറിച്ചും, അശുദ്ധിയെക്കുറിച്ചും കൂടുതൽ സംസാരിക്കുന്തോറും അവ വളരെ ഗൗരവമില്ലാത്തതായി കേൾവിക്കാർക്ക് തോന്നലുളവാക്കും. അത് സാധാരണ ഒരു കാര്യമായി തീരുകയും, ഭയമില്ലാതാകുകയും ചെയ്യുന്നു. വിശുദ്ധവേദപുസ്തകം ഹീനമായ പാപത്തെക്കുറിച്ചു സംസാരിക്കുന്നുണ്ടെങ്കിലും അവയെ ന്യായീകരിക്കുന്നതിനോ ലഘൂകരിക്കുന്നതിനോ അല്ല, അവയെ വെറുക്കുന്നതിനും നിന്ദിക്കുന്നതിനും വേണ്ടിയാണ്.

## ആണയിടാൻ പാടില്ല

"ഞാനോ നിങ്ങളോടു പറയുന്നത്. അശേഷം സത്യം ചെയ്യരുത്, സ്വർഗ്ഗത്തെക്കൊണ്ട് അരുത്, അതു ദൈവത്തിന്റെ സിംഹാസനം, ഭൂമിയെക്കൊണ്ട് അരുത്, അത് അവന്റെ പാദപീഠം, യെരുശലേമിനെക്കൊണ്ട് അരുത്, അതു മഹാരാജാവിന്റെ നഗരം. നിന്റെ തലയെക്കൊണ്ടും സത്യം ചെയ്യരുത്. ഒരു രോമവും വെളുപ്പിക്കാനോ, കറുപ്പിക്കാനോ നിനക്കു കഴികയില്ലല്ലോ. നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ, ഇതിൽ അധികമായതു ദുഷ്ടനിൽ നിന്നു വരുന്നു" മത്താ. 5:34-37

"വിശേഷാൽ സഹോദരന്മാരേ, സ്വർഗ്ഗത്തെയോ ഭൂമിയെയോ മറ്റു യാതൊന്നിനെയുമോ ചൊല്ലി സത്യം ചെയ്യരുത്. ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ നിങ്ങൾ ഉവ്വ് എന്നു പറഞ്ഞാൽ ഉവ്വ് എന്നും ഇല്ല എന്നു പറഞ്ഞാൽ ഇല്ല എന്നും ഇരിക്കട്ടെ" യാക്കൊ. 5:12.

ഒരു വിശ്വാസിയുടെ വാക്കുകൾ എപ്പോഴും ആത്മാർത്ഥവും സത്യസന്ധവുമായിരിക്കേണം. അവ ആണയിട്ട് ഉറപ്പിക്കേണ്ട ആവശ്യം അവന് ഉണ്ടാകരുത്. കർത്താവിന്റെ നാമം വൃഥാ എടുക്കുന്നതും നിന്ദ്യമായ രീതിയിൽ ഉപയോഗിക്കുന്നതും ഗുരുതരമായ കുറ്റംതന്നെ. വേദപുസ്തക വിഷയങ്ങളെ കളിയാക്കി സംസാരിക്കുന്നതും ആ പരിധിയിൽ തന്നെ വരുന്നു.

ഒരു കോടതിയിൽ സത്യപ്രതിജ്ഞ ചെയ്യുന്നതിനെക്കുറിച്ച് എന്തു പറയുന്നു? നമ്മുടെ കർത്താവ് ന്യായവിസ്താരത്തിൽ ആയിരുന്നപ്പോൾ മഹാപുരോഹിതൻ ചോദിച്ചു. "നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ? പറക എന്ന് ഞാൻ ജീവനുള്ള ദൈവത്തെക്കൊണ്ടു നിന്നോട് ആണയിട്ടു ചോദിക്കുന്നു". ന്യായപ്രമാണപ്രകാരം യഹൂദനായിരുന്ന യേശു "ആണ" മൂലം സാക്ഷ്യപ്പെടുത്താൻ ബാദ്ധ്യസ്ഥനായിരുന്നു (ലേവ്യ.5:1) പല വിശ്വാസികൾക്കും ഇതുമൂലം സംശയം മാറുന്നു. എന്നാൽ ആർക്കെങ്കിലും ഇതിനെ കുറിച്ച് പ്രയാസമുണ്ടെങ്കിൽ ദൈവനാമം ഉപയോഗിക്കാതെ സത്യപ്രതിജ്ഞ ചെയ്യാൻ നിയമം അനുവദിച്ചിട്ടുണ്ട്.

## ബഹുമാന്യനായിരിക്കണം

വിശുദ്ധകാര്യങ്ങളെ, ലഘുവാക്കിയും, ബഹുമാനമില്ലാതെയും സംസാരിക്കരുത്, വേദപുസ്തക വാക്യങ്ങളെ സന്ദർഭത്തിൽ നിന്നും അടർത്തിമാറ്റി തമാശയ്ക്കായിട്ടോ മറ്റുള്ളവരെ കളിയാക്കി ഉപദേശിപ്പാനോ പാടില്ല. ദൈവീക വിഷയമെങ്കിൽ ഗൗരവമായി തന്നെ ഇരിക്കണം.

നല്ല തമാശയ്ക്ക് ആരും എതിരല്ല. പക്ഷേ അമിതമായ ഗൗരവമില്ലായ്മ, ആത്മീയ ശക്തിയുടെ ചോർച്ചയ്ക്ക് ഇടയാക്കും. ഗൗരവരഹിതമായ തമാശകൾ പ്രസംഗങ്ങളിലും മറ്റും അവതരിപ്പിച്ച് പരിശുദ്ധാത്മാവിനെ പലപ്പോഴും ദുഃഖിപ്പിക്കുകയാണ്.

കർത്തൃദാസന്മാർ, കുത്തുവാക്കുകളും, മറ്റുള്ളവരെപ്പറ്റി തെറ്റായ അഭിപ്രായങ്ങൾ പറയുന്നതും ഉപേക്ഷിക്കണം. ബുദ്ധിചാതുര്യം വെളിപ്പെടുത്തുവാൻ ശ്രമിക്കുന്ന സംസാരങ്ങളും, അനാവശ്യമായ സംഭാഷണങ്ങളും തമാശകളും ആത്മീക മതിപ്പ് സ്വയം നഷ്ടപ്പെടുത്തുന്നവയാണെന്ന് മറക്കരുത്.

## ചുരുക്കവും വിഷയാധിഷ്ഠവും ആയിരിക്കണം

"വാക്കു പെരുകിയാൽ ലംഘനം ഇല്ലാതിരിക്കയില്ല; അധരങ്ങളെ അടക്കുന്നവനോ ബുദ്ധിമാൻ" സദൃശ. 10:19. കൂടുതൽ സംസാരിക്കുംതോറും പാപം ചെയ്യാനുള്ള സാദ്ധ്യതയും കൂടിവരുന്നു. എപ്പോഴും എന്തെങ്കിലും പറയണം എന്ന തൃഷ്ണയെ മെരുക്കുന്നതു മുഖാന്തരം ഈ അപകടം ഒഴിവാക്കാം. "അതിവേഗത്തിൽ ഒന്നും പറയരുത്. ദൈവസന്നിധിയിൽ ഒരു വാക്ക് ഉച്ചരിപ്പാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത്; ദൈവം സ്വർഗ്ഗത്തിലും നീ ഭൂമിയിലും അല്ലോ; ആകയാൽ നിന്റെ വാക്ക് ചുരുക്കമായിരിക്കട്ടെ" സഭാ. 5:2. ദൈവത്തോട് ചെയ്യുന്ന പ്രതിജ്ഞയെപ്പറ്റിയാണ് ഈ വാക്യം സൂചിപ്പിക്കുന്നതെങ്കിലും, എല്ലാ സംസാരത്തിനും ഇത് ബാധകമാണ്.

എപ്പോഴും സംസാരിക്കുന്നവൻ വിരസതയുളവാക്കുന്നതാണ്. മറ്റുള്ളവർക്ക് സംസാരിക്കാൻ അനുവാദം കൊടുക്കാത്ത അത്തരക്കാർ, മറ്റുള്ളവരുടെ സമയവും ശ്രദ്ധയും കവർന്നെടുക്കുന്നു.

ഉപസംഹാരമായി ഒരു ഉദ്ധരണി ചുവടെ ചേർക്കുന്നു. ആരാണിത് എഴുതിയതെന്ന് എനിക്ക് അറിയില്ല.

'ഒരു വിശ്വാസി തന്റെ നാവുകൊണ്ട് എന്തു ചെയ്യണം? അതിനെ നിയന്ത്രിക്കാൻ പഠിക്കണം. സംഭാഷണത്തിൽ അധികാരം പിടിച്ചെടുക്കാൻ ശ്രമിക്കരുത്. അതിനു പറയാൻ കഴിയുന്നതിലും കുറച്ചുപറയാൻ അതിനെ പരിശീലിപ്പിക്കുക. കള്ളം പറവാനോ, അർദ്ധസത്യങ്ങൾക്കോ കുത്തുവാക്കുകൾക്കോ പരിഹാസത്തിനോ, അശുദ്ധ സംസാരത്തിനോ, അർത്ഥശൂന്യവാക്കുകൾക്കോ അതിനെ ഉപയോഗിക്കരുത്. കർത്താവിനെക്കുറിച്ച് സാക്ഷ്യം പറയാനും, പ്രോത്സാഹനത്തിനും, ആത്മീയ വർദ്ധനയ്ക്കും പ്രയോജനത്തിനും അതുപയോഗിക്കണം. "നന്ദി" പറയാൻ ബുദ്ധിമുട്ടുള്ള വ്യക്തിയാണെങ്കിൽ അതിനെ തടയുന്ന അഹംഭാവത്തെ ചെറുത്ത് അതു പറയാൻ നാവിനെ പ്രോത്സാഹിപ്പിക്കണം.

നാവ് ചിന്തയെ പിന്തുടരണം. അല്ലാതെ ചിന്തയെ നയിക്കുന്നതാകരുത്. നിശബ്ദതയെക്കാൾ കൂടുതലായി മനുഷ്യൻ ദുഃഖിച്ചിട്ടുള്ളത് തന്റെ വാക്കുകൾ മുഖേനയാണ്.

സംസാരിക്കുന്നവൻ വിതക്കുന്നു, കേൾവിക്കാരൻ കൊയ്യുന്നു.

# അദ്ധ്യായം 20

## ഞങ്ങളുടെ പരദൂഷണങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ

ചില വർഷങ്ങൾക്കുമുമ്പ് പ്രസിദ്ധപ്പെടുത്തിയ 'അന്റലാന്റാ' ജേർണലിൽ താഴെ വരും പ്രകാരം എഴുതിയിരിക്കുന്നു.

"പീരങ്കിയിലെ ഷെല്ലുകളെക്കാളും ഞാൻ മാരകമാണ്. കൊല ചെയ്യാതെ തന്നെ ഞാൻ ജയിച്ചിരിക്കുന്നു. ഞാൻ കുടുംബങ്ങളെ തകർക്കുന്നു. ഹൃദയങ്ങളെ വേദനിപ്പിക്കുന്നു. ജീവിതങ്ങളെ നശിപ്പിക്കുന്നു. കാറ്റിന്റെ ചിറകുകളിൻ മേലാണ്എന്റെ യാത്ര. ഒരു നിരപരാധിത്വത്തിനും എന്നെ ഭീഷണിപ്പെടുത്തുവാൻ സാദ്ധ്യമല്ല; ഒരു വിശുദ്ധിക്കും എന്നെ കീഴടക്കാനാകുകയില്ല. സത്യത്തെക്കുറിച്ച് എനിക്ക് പരിഗണനയില്ല. നീതിയെ ഞാൻ ബഹുമാനിക്കുന്നില്ല. അശരണരായവർക്ക് എന്നിൽ കരുണയില്ല, നിരപരാധികളായ എന്റെ ഇരകൾ കടൽതീരത്തെ മണൽപോലെ എണ്ണമറ്റവയാണ്, ഞാൻ ക്ഷമിക്കുകയില്ല, മറക്കുകയില്ല, എന്റെ പേരാണ് പരദൂഷണം".

ഒരു പക്ഷേ പരദൂഷണം എന്ന പാപത്തെപ്പറ്റി ചിന്തിച്ചിട്ടായിരിക്കാം യാക്കോബ് എഴുതിയത്, "നാം എല്ലാവരും പലതിലും തെറ്റിപ്പോകുന്നു; ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു" (യാക്കോബ് 3:2).

പരദൂഷണം പറയുവാൻ എളുപ്പമാണ്. പലപ്പോഴും അത് സാധാരണമായി തീരുകയും ചെയ്യുന്നു. ആ സ്വഭാവത്തെ അകറ്റുക അത്ര എളുപ്പമുള്ള കാര്യമല്ല. എന്താണ് പരദൂഷണം? ബിൽ ഗോതർഡ് പറഞ്ഞു "പ്രശ്നത്തിൽ പങ്കില്ലാത്തവരും പ്രശ്നപരിഹാരം നിർദ്ദേശിക്കാൻ അറിയാത്തതുമായ ഒരാളോട് അന്യരുടെ കാര്യങ്ങൾ പറയുന്നതാണ് പരദൂഷണം". അല്പം വിശാലമായി പറഞ്ഞാൽ, അവിടെ സാന്നിദ്ധ്യം ഇല്ലാത്ത ഒരു വ്യക്തിയെക്കുറിച്ച് മോശമായി സംസാരിക്കുന്നതാണ്. പ്രതികൂലമായി സംസാരിക്കുക, ആത്മീയ

വർദ്ധനയ്ക്ക് ഉതകാത്ത, യാതൊരു പ്രയോജനവും നല്കാത്ത ദയാരഹിത വാക്കുകൾ ഒരു വ്യക്തിയെക്കുറിച്ച് ഉപയോഗിക്കുക. ഒരു വ്യക്തിയുടെ മുഖത്ത് നോക്കി കാര്യം പറയാതെ, ആ വ്യക്തിയുടെ അസാന്നിദ്ധ്യത്തിൽ ആ വ്യക്തിയെപ്പറ്റി അനാവശ്യകാര്യങ്ങൾ സംസാരിക്കുക- പരദൂഷണത്തിന്റെ മറ്റു വിവരങ്ങളാണിവ. പരദൂഷണം ഒരു സ്വഭാവഹത്യയാണ്. വേദപുസ്തക വാക്യങ്ങൾ ശ്രദ്ധിക്കുക.

"നിന്റെ ജനത്തിന്റെ ഇടയിൽ എഷണി പറഞ്ഞു നടക്കരുത്" (ലേവ്യപുസ്തകം 19:16).

"ഏഷണിക്കാരനായി നടക്കുന്നവൻ രഹസ്യം വെളിപ്പെടുത്തുന്നു; വിശ്വസ്തമാനസനോ കാര്യം മറച്ചുവയ്ക്കുന്നു" (സദൃശ്യവാക്യങ്ങൾ 11:13, ഒ.നോ. 20:19).

"വക്രതയുള്ള മനുഷ്യൻ വഴക്ക് ഉണ്ടാക്കുന്നു; ഏഷണിക്കാരൻ മിത്രങ്ങളെ ഭേദിപ്പിക്കുന്നു" (സദൃശ്യവാക്യങ്ങൾ 16:28).

"ഏഷണിക്കാരന്റെ വാക്കു സ്വാദുഭോജനം പോലെയിരിക്കുന്നു; അതു വയറ്റിന്റെ അറകളിലേക്കു ചെല്ലുന്നു" (സദൃശ്യവാക്യങ്ങൾ 18:8).

"വിറക് ഇല്ലാഞ്ഞാൽ തീ കെട്ടുപോകും; നുണയൻ ഇല്ലാഞ്ഞാൽ വഴക്കും ഇല്ലാതെയാകും" (സദൃശ്യവാക്യങ്ങൾ 26:20).

റോമർ 1:29 ൽ പരദൂഷണത്തെ (ഏഷണി) ദുഷ്ടതയോടും ...........കൊലയോടും ഒപ്പം പറഞ്ഞിരിക്കുന്നു.

## ഞാൻ പറഞ്ഞത് ആരോടും പറയരുത്

പ്രാർത്ഥനയ്ക്കായി പറയുകയാണ് എന്നൊരു കപടമൂടുപടത്തോടെയാണ് ചിലരുടെ പരദൂഷണം. "പ്രാർത്ഥനയ്ക്കായി ഞാൻ ഒരു വിഷയം പറയുകയാണ്. എന്നാലും നിനക്ക് അറിയണോ........". അത്തരക്കാരുടെ ആമുഖം ഇങ്ങനെയാണ് ചിലപ്പോൾ പരദൂഷണം താഴെ വരുംപ്രകാരം സംഭവിക്കാറുണ്ട്.

രണ്ടു സ്ത്രീകളുടെ പരദൂഷണ സംസാരം ശ്രദ്ധിക്കുക.

"ടില്ലിയോട് പറയരുതെന്ന് പറഞ്ഞ് ഞാൻ നിന്നോടു പറഞ്ഞ രഹസ്യം നീ അവളോട് പറഞ്ഞത് അവൾ എന്നോട് പറഞ്ഞല്ലോ".

"ച്ഛെ! അവളല്ലെങ്കിലും അങ്ങനെയാ എന്റേടി ഞാൻ അവളോട് പറഞ്ഞത് നിന്നോട് പറയരുതെന്ന് ഞാൻ പ്രത്യേകം അവളോട് പറഞ്ഞതാ".

"അതേയോ! എന്തായാലും നീ പറഞ്ഞത് എന്നോട് പറഞ്ഞെന്ന് നിന്നോട് പറയില്ലെന്ന് ഞാനവളോട് പറഞ്ഞിട്ടുണ്ട്. ഞാൻ നിന്നോടു പറഞ്ഞ ഈ കാര്യം അവളോട് നീ പറയണ്ടാ".

സീസൺസ് ഓഫ് ലൈഫ് എന്ന ഗ്രന്ഥത്തിൽ ചാൾസ് സ്വിൻഡോൾ പരദൂഷണത്തെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നു.

'പരദൂഷണം പറഞ്ഞു നടക്കുന്നവർ സംശയരോഗികളും, ചെറുതായവരുമാണ്. അഭിപ്രായം പറയുകയാണെന്ന് പറഞ്ഞ്, തകർക്കാൻ ശേഷിയുള്ള പരദൂഷണം എന്ന ബോംബുകൾ മറ്റുള്ളവരുടെ മനസ്സിൽ വർഷിച്ച് അവർ തൃപ്തിയടയുന്നു'. തീർച്ചയില്ലാത്ത വിവരങ്ങൾ മറ്റുള്ളവരെ അറിയിക്കുന്നു. "നിരപരാധികളായ" വാഹകരെപ്പോലെയാണവർ "അവരങ്ങനെ പറഞ്ഞു" "നിങ്ങൾ കേട്ടോ" "മറ്റുള്ളവരിൽ നിന്നും ഞാനങ്ങനെ മനസ്സിലാക്കി എന്നീ വാക്കുകൾ അത്തരം പരദൂഷണക്കാർക്ക് സുരക്ഷിത വാക്കുകളായി തോന്നുന്നു".

"അവിടെയുള്ള സഭ രണ്ടാക്കാൻ പോകുകയാണെന്ന വാർത്ത നിങ്ങൾ കേട്ടോ...?

"ഫെർണാണ്ടസും, ഫ്ളോറിയും വിവാഹമോചനം നേടാൻ പോകുകയാണെന്ന് കേട്ടു............അവളുടെ ജീവിതം ശരിയല്ലെന്നാണ് ചിലരൊക്കെ പറയുന്നത്"

"അവർക്ക് ഒത്തിരി പണമുണ്ടെന്ന് മറ്റവര് പറയുന്നത് ഞാൻ കേട്ടായിരുന്നു".

"ആ സുവിശേഷകനെ സഭ പുറത്താക്കാൻ പോകുകയാണെന്ന് കേട്ടായിരുന്നോ".

"അവൻ മദ്യപിക്കുമെന്നാണ് ഞാൻ രഹസ്യമായി കേട്ടത്".

"അവളെങ്ങനെയിരുന്നാലും ഭയങ്കര ഏഷണിക്കാരിയാ" "എനിക്ക് ഈ പരദൂഷണം പറയുന്നതേ ഇഷ്ടമല്ല, എന്നാൽ അവൾ അങ്ങനെയല്ല,......എന്റമ്മേ വാതുറന്നാൽ ഏഷണിയേ പറയൂ.........."

പരദൂഷണം, പലകാതുകളിൽ കൂടി സഞ്ചരിച്ച് എത്ര വലുതാകുമെന്ന് നമുക്കറിയാം. ഓരോരുത്തരും തങ്ങളുടെ കഴിവ് അനുസരിച്ച്. അല്പാല്പം ചേർത്ത് അവസാനം വരുമ്പോൾ യഥാർത്ഥ സംഭവത്തിൽ നിന്ന് വ്യത്യസ്തമായ ഒരു വാർത്തയായി അത് മാറ്റപ്പെടുന്നു.

## പൗലോസ് ചിലരെ പേരെടുത്തു പറയുന്നു എന്തിന്?

ചിലർ പറയാറുണ്ട് "അപ്പോസ്തലനായ പൗലോസ്, ഹുമനയോസ്, അലെക്സന്തർ". ("1തിമോഥെയൊസ് 1:19,20); "ഫുഗലൊസ്, ഹെർമ്മൊഗനേസ്".... (2 തിമോഥെയൊസ് 1:15); "ചെമ്പു പണിക്കാരൻ അലെക്സന്തർ" (2 തിമോഥെയൊസ് 4:14) എന്നിവരെപ്പറ്റിയും അപ്പോസ്തലനായ യോഹന്നാൻ "ദിയൊത്രെഫേസിനേയും (3 യോഹന്നാൻ 9,10). പേരെടുത്ത് വിമർശിക്കുന്നുണ്ടല്ലോ"? എന്നാൽ അപ്പോസ്തലന്മാർ അവരെ ആക്രമിക്കുകയില്ല, പ്രത്യുത വിശ്വാസികൾക്ക് മുന്നറിയിപ്പ് കൊടുക്കുകയാണ് ചെയ്യുന്നത്.

തെറ്റിൽ അകപ്പെട്ടിരിക്കുന്നവരെക്കുറിച്ച് ചർച്ച ചെയ്യാൻ സഭാനേതാക്കൾ കൂടാറുണ്ട്. പക്ഷേ അവരെ ശരിയായ മാർഗ്ഗത്തിലേക്ക് കൊണ്ടുവരുവാൻ സഹായിക്കാനാണ്, അല്ലാതെ അവരെ തകർക്കാനല്ല, ആ ചർച്ചകളുടെ ലക്ഷ്യം.

പരദൂഷണത്തെ കൈകാര്യം ചെയ്യുമ്പോൾ ചില അനിഷേധകാത്മക നിലപാടുകൾ ശ്രദ്ധിക്കേണ്ടതുണ്ട്. ആദ്യമായി,വാർത്തയുടെ ഉറവിടം എവിടെനിന്നെന്ന് അന്വേഷിക്കുക. അപ്പൊസ്തലനായ പൗലോസ് ഇതിന് മാതൃക കാണിച്ചു തരുന്നു, "സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ പിണക്കം ഉണ്ടെന്നു ക്ലോവയുടെ ആളുകളാൽ എനിക്കു അറിവു കിട്ടിയിരിക്കുന്നു" (1കൊരിന്ത്യർ 1:11).

രണ്ടാമതായി, "ആ വ്യക്തിയെപ്പറ്റി താങ്കൾ ഇങ്ങനെ സൂചിപ്പിച്ചു എന്ന് ആ വ്യക്തിയോട് പറയുന്നതിൽ എന്തെങ്കിലും വിരോധമുണ്ടോ"? എന്നന്വേഷിക്കുക. വേണ്ട, ഞങ്ങളുടെ ബന്ധം അതുമൂലം തകരും എന്നാണ് ഉത്തരമെങ്കിൽ ശരിയായ വാർത്തയായിരിക്കില്ല.

മൂന്നാമതായി, പരദൂഷണം പറയുന്നത് നിരുത്സാഹപ്പെടുത്തുക. മറ്റുള്ളവരുടെ കുറ്റം കേൾക്കാനിഷ്ടപ്പെടുന്നില്ലെന്ന് മര്യാദയോട് പറയുകയോ, അല്ലെങ്കിൽ ആത്മീകവർദ്ധന വരുത്തുന്ന മറ്റു വിഷയങ്ങളിലേക്ക് നിങ്ങളുടെ സംഭാഷണത്തെ തിരിച്ചു വിടുകയോ ചെയ്യാം.

വില്ല്യം. R. മാർഷൽ ഒരിക്കൽ പറഞ്ഞു,

"പരദൂഷണം ശ്രദ്ധിക്കുകയില്ലെങ്കിൽ ആരും അത് പറയുകയില്ല. പരദൂഷണം കേൾക്കുന്നതിൽ ശ്രോതാവ് ചെകിടനാണെങ്കിൽ, പരദൂഷകനെ ഊമനാക്കാൻ സാധിക്കും".

"നിങ്ങളോട് ഏഷണി പറയുന്നവർ നിങ്ങളെപ്പറ്റിയും ഏഷണി പറയും" (തുർക്കി പഴഞ്ചൊല്ല്!).

## അദ്ധ്യായം 21

# ക്ഷോഭിക്കുന്ന സാഹചര്യങ്ങൾ

ഒരു സഭയുടെ കാര്യാലോചന മീറ്റിംഗിൽ സ്വന്ത ഇഷ്ടപ്രകാരം കാര്യങ്ങൾ പോകാതെ വന്നപ്പോൾ: അവൻ ക്ഷോഭംകൊണ്ട് നിറം മാറി, കൈകൾ ഉയർത്തി അസഭ്യമായ വാക്കുകൾ പറഞ്ഞു, കണ്ണുകൾ ജ്വലിച്ചു, താടി വിറച്ചു; ഉച്ചത്തിൽ "ഞാൻ പോകുന്നു; കർത്താവും എന്നോടൊപ്പം" എന്നുപറഞ്ഞ് ഇറങ്ങിപ്പോയി. എന്നാൽ ആരും അവനെ വിശുദ്ധനായി കരുതിയില്ല, അത്രമാത്രം കോപം ജ്വലിച്ച ഒരുവനോടൊപ്പം കർത്താവു പോകുമെന്ന് ആരും വിശ്വസിച്ചില്ല.

### വേറൊരു രംഗം

ഞായറാഴ്ച രാവിലെ ആരാധനയ്ക്കു പോകാൻ ധൃതിപ്പെടുന്ന സമയം. കുട്ടികൾ ചുറ്റിക്കറങ്ങി, കളിച്ച് അവർ സമയം പാഴാക്കുന്നു. അതിനാൽ ദേഷ്യപ്പെടുന്ന ഭർത്താവ്. ഭക്ഷണം ശരിയാക്കാൻ തത്രപ്പെടുന്ന ഭാര്യ ഒരുതരത്തിൽ എല്ലാം ശരിയാക്കി

ഹാളിൽ എത്തുമ്പോഴേക്ക് മുഖത്ത് പരിശുദ്ധിയായി. ഞങ്ങൾ ആത്മീകമായി സന്തോഷം അനുഭവിക്കുന്നുവെന്ന് മുഖത്ത് കാണിക്കുവാൻ അവർ വെമ്പുന്നു. ആരാധന കഴിയുന്നതുവരെ തഥൈവ.

നമ്മുടെ കോപപ്രകൃതിയെ പരീക്ഷിക്കുന്ന ധാരാളം അവസരങ്ങൾ ജീവിതത്തിൽ ഉണ്ടാകുന്നു. അവയെ നാം തിരക്കുള്ള ജീവിതത്തിലെ പ്രശ്നങ്ങളായി മൂടുപടം ഇടുന്നു. ഭംഗിയായി സൂക്ഷിക്കുന്ന ബൈക്കിന്റെ ഗ്ലാസ് കുസൃതി കുട്ടികൾ എറിഞ്ഞുടച്ച്, പെയിന്റും ചുരണ്ടിക്കളഞ്ഞിരിക്കുന്നു. അടിയന്തിരമായി ഒരു സ്ഥലത്തുപോകാൻ ഓടി ബസ്സ് സ്റ്റാൻഡിലെത്തിയപ്പോൾ വാഹനം നേരത്തെപോയി എന്നറിയുന്നു; അതിരാവിലെ മൂന്നുമണിയ്ക്കുള്ള ഫോൺബെൽ കേട്ട് ഉറക്കം നഷ്ടപ്പെടുത്തി റിസീവർ എടുത്തപ്പോൾ "റോങ്നമ്പർ" ആണെന്ന് അറിയുന്നു. ഇങ്ങനെയുള്ള നിരവധി സാധാരണ സംഭവങ്ങൾ ക്ഷോഭം ഉണ്ടാക്കാതിരിക്കുമോ?

ക്രിസ്തീയ വിശ്വാസത്തെ തരംതാണ രീതിയിൽ പരസ്യപ്പെടുത്താൻ 'ക്ഷോഭം'പോലെ മറ്റൊന്നില്ല. പ്രതികൂലത നിറഞ്ഞ സാഹചര്യത്തിൽ ശാന്തതയോടും, ആത്മ നിയന്ത്രണത്തോടും ഒരു വിശ്വാസി നിൽക്കുമ്പോൾ ക്രിസ്തുവിൽ ആയതുമൂലം ലഭിച്ച വലിയരൂപാന്തരത്തെയാണ് അത് ഉയർത്തിക്കാട്ടുന്നത്. വേദപുസ്തകം പ്രസ്താവിക്കുന്നു, "ദീർഘ ക്ഷമയുള്ളവൻ യുദ്ധവീരനിലും ജിതമാനസൻ പട്ടണം പിടിക്കുന്നതിലും ശ്രേഷ്ഠൻ (സദൃശ്യവാക്യങ്ങൾ 16:32).

## കോപിക്കാനുള്ള സമയം

എഫെസ്യർ 4:26 ൽ കോപിക്കാൻ പറഞ്ഞിട്ടുണ്ടല്ലോ എന്ന് ചിലർ വാദിച്ചേക്കാം,(Be angry എന്നാണ് ഇംഗ്ലീഷ് ബൈബിളിൽ, കല്പനയുടെ ഒരു ധ്വനിയുണ്ട് ഇതിൽ) ശരിയാണ്, പക്ഷേ കോപിക്കാനുള്ള സമയമുണ്ട്. കർത്താവിനെ അപമാനിക്കുന്നതു കാണുമ്പോൾ നാം കോപിക്കണം. ദൈവാലയം കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കുന്നത് കാണുമ്പോൾ കർത്താവ് കോപിച്ചതായി കാണുന്നു (മത്തായി 21:13). നമ്മുടെ സഹജീവികൾ അപമര്യാദക്കാരാകുമ്പോൾ, നാം കോപിക്കണം. ചുരുക്കത്തിൽ കർത്തൃകാര്യത്തിനോ, മറ്റുള്ളവർക്കു വേണ്ടിയോ കോപിക്കുന്നതിന് നാം അർഹതപ്പെട്ടവരാണ്, പക്ഷേ അതൊരിക്കലും സ്വന്തകാര്യത്തി

നുവേണ്ടിയായിരിക്കരുത്. ദൈവീകസംബന്ധ വിഷയങ്ങളിൽ നാം സിംഹങ്ങളായിരിക്കുമ്പോൾ സ്വന്ത കാര്യങ്ങളിൽ ആട്ടിൻകുട്ടിയെ പോലെയായിരിക്കുക. ഇവിടെ പ്രത്യേകാൽ ശ്രദ്ധിക്കേണ്ട ഒരു കാര്യം നീതിപൂർവ്വമായ കോപം പാപപങ്കിലമായ ക്രോധത്തിലേക്ക് വീഴാൻ ഇടവരരുത്.

അതുകൊണ്ടാണ് അപ്പോസ്തലനായ പൗലോസ് പറയുന്നത്, "കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ; സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുത്".

കോപിക്കാൻ അനുമതി നൽകുന്ന ഒരു വാക്യമുള്ളപ്പോൾ ദീർഘക്ഷമയോടിരിപ്പാൻ അനേക വാക്യങ്ങൾ നമ്മെ ഉപദേശിക്കുന്നു.

"എല്ലാ കയ്പും, കോപവും, ക്രോധവും, അട്ടഹാസവും, ദൂഷണവും, സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ട് ഒഴിഞ്ഞു പോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ" (എഫെസ്യർ 4:31,32).

"ആത്മാവിന്റെ ഫലമോ.........ദീർഘ ക്ഷമ........" ഗലാത്യർ 5:22. ".....പൂർണ്ണ വിനയത്തോടും, സൗമ്യതയോടും, ദീർഘക്ഷമയോടും കൂടെ നടക്കയും, സ്നേഹത്തിൽ അന്യോന്യം പൊറുക്കുകയും" (എഫെസ്യർ 4:2).

"സകല സഹിഷ്ണുതയ്ക്കും, ദീർഘക്ഷമയ്ക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിന് ഒത്തവണ്ണംപൂർണ്ണശക്തിയോടെ ബലപ്പെടേണമെന്നും" (കൊലാസ്യർ 1:11).

"മുൻകോപി ഭോഷത്വം പ്രവർത്തിക്കുന്നു". (സദൃശ്യവാക്യങ്ങൾ 14:17).

"ദീർഘക്ഷമയുള്ളവൻ മഹാബുദ്ധിമാൻ; മുൻകോപിയോ ഭോഷത്വം ഉയർത്തുന്നു" (സദൃശ്യവാക്യങ്ങൾ 14:29).

"ക്രോധമുള്ളവൻ കലഹം ഉണ്ടാക്കുന്നു; ദീർഘക്ഷമയുള്ളവനോ കലഹം ശമിപ്പിക്കുന്നു" (സദൃശ്യവാക്യങ്ങൾ 15:18).

"മൂഢൻ തന്റെ കോപത്തെ മുഴുവനും വെളിപ്പെടുത്തുന്നു; ജ്ഞാനിയോ അതിനെ അടക്കി ശമിപ്പിക്കുന്നു" (സദൃശ്യവാക്യങ്ങൾ 29:11).

"കോപമുള്ളവൻ വഴക്കുണ്ടാക്കുന്നു; ക്രോധമുള്ളവൻ അതിക്രമം വർദ്ധിപ്പിക്കുന്നു" (സദൃശ്യവാക്യങ്ങൾ 29:32).

ദൈവം യോനയോടു ചോദിച്ചു "നീ..... കോപിക്കുന്നതു വിഹിതമോ"? (യോനെ 4:9). സമചിത്തത കൈവെടിയാനുള്ള അടുത്ത സന്ദർഭം വരുമ്പോൾ ഈ ചോദ്യം സ്വയമായി ചോദിക്കുക. ഇംഗ്ലീഷ് ഭാഷയിൽ കോപത്തിന് ഉപയോഗിച്ചിരിക്കുന്ന 'anger' എന്ന വാക്കിനും, 'അപകടം' എന്നതിന് ഉപയോഗിച്ചിരിക്കുന്ന 'danger' എന്ന വാക്കിനും ഒരു അക്ഷരത്തിന്റെ വ്യത്യാസമേയുള്ളൂ. കോപം അപകടത്തിലേക്ക് നയിക്കും.

ഒരിക്കൽ ഒരു വ്യക്തി പറഞ്ഞു. 'ഞാൻ കോപം മനസ്സിൽ വെച്ചുകൊണ്ടിരിക്കയില്ല, അത് അല്പനേരത്തേക്കേയുള്ളൂ' അതുകേട്ടു ആത്മീകൻ ഉത്തരം കൊടുത്തു 'പ്രിയ സ്നേഹിത, ഭൂമികുലുക്കം അല്പനേരത്തേക്കേയുള്ളു, പക്ഷേ അതുമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കണക്കറ്റതാണ്, ദീർഘകാലം നിലനിൽക്കുന്നതും!

## അദ്ധ്യായം 22

# ഞാൻ എന്തു വസ്ത്രം ധരിക്കണം?

എന്ത്? വിശുദ്ധിയ്ക്ക് നാം ധരിക്കുന്ന വസ്ത്രത്തോടും ബന്ധമുണ്ടെന്നാണോ നിങ്ങൾ അർത്ഥമാക്കുന്നത്? "അത് ശരിയല്ല! നമ്മുടെ അന്തരംഗത്തെയാണ് കണക്കിലെടുക്കേണ്ടത്. നാം ധരിക്കുന്ന വസ്ത്രത്തെക്കാളും, നാം എന്തായിരിക്കുന്നുവെന്നുള്ളതാണ് ദൈവം കണക്കിലെടുക്കുന്നത്.

ഇതൊരു നല്ല വാദമല്ലേ എന്നു തോന്നാം. പക്ഷേ ദൈവം രണ്ടും ശ്രദ്ധിക്കുന്നു എന്നതാണ് യഥാർത്ഥ്യം. ആന്തരീക ജീവിതവും ബാഹ്യജീവിതവും പ്രധാനപ്പെട്ടതു തന്നെ. നാം ആന്തരികമായി എന്തായിരിക്കുന്നു എന്നതിന്റെ അളവുകോലാണ് നമ്മുടെ ബാഹ്യരൂപം.

സീയോൻ പുത്രിമാരെ യഹോവ ശാസിക്കുന്നത് ശ്രദ്ധിക്കുക. “അന്നു കർത്താവ് അവരുടെ നെറ്റിപ്പട്ടം, ചന്ദ്രക്കല, കാതില, കടകം, കവണി, തലപ്പാവ്, കാൽത്തള, പട്ടുകച്ച, പരിമളപ്പെട്ടി, തകിട്ടുകൂട്, മോതിരം, മൂക്കുത്തി, ഉത്സവ വസ്ത്രം, മേലാട, ശാലാ, ചെറുസഞ്ചി, ദർപ്പണം, ക്ഷോമപടം, കല്ലാവ്, മൂടുപടം എന്നിവ നീക്കിക്കളയും. അപ്പോൾ സുഗന്ധത്തിനു പകരം ദുർഗന്ധവും അരക്കച്ചയ്ക്കു പകരം കയറും പുരികുഴലിനു പകരം കഷണ്ടിയും ഉടയാടയ്ക്കു പകരം രട്ടും സൗന്ദര്യത്തിനു പകരം കരിവാളിപ്പും ഉണ്ടാക്കും” (യെശ. 3:18-24).

യഹോവ, ഇങ്ങനെ ശാസിക്കാൻ കാരണമെന്താണെന്ന് വാക്യം 16ൽ രേഖപ്പെടുത്തിയിരിക്കുന്നു, സീയോൻ പുത്രിമാർ നിഗളിച്ചു കഴുത്തുനീട്ടിയും, എറികണ്ണിട്ടും കൊണ്ടു സഞ്ചരിക്കയും തത്തിത്തത്തി നടക്കയും കാൽകൊണ്ടു ചിലമ്പൊലി കേൾപ്പിക്കയും ചെയ്യുന്നു. ആന്തരിക അഹങ്കാരത്തിന്റെയും പൊങ്ങച്ചത്തിന്റെയും വ്യക്തമായ തെളിവായിരുന്നു അവരുടെ ബാഹ്യ ഉടയാടകൾ.

വസ്ത്രധാരണത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ

വിശ്വാസിയുടെ വസ്ത്രധാരണത്തിൽ യേശുക്രിസ്തുവിന്റെ കർത്തൃത്വത്തെ സംബന്ധിച്ച് വേദപുസ്തകം പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാം. നമ്മുടെ വസ്ത്രം യോഗ്യമായതും വിവേകമായതുമായിരിക്കണം. “അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടുംകൂടെ തങ്ങളെ അലങ്കരിക്കണം” (1തിമൊ. 2:9).

“യോഗ്യമായ” എന്നതിന് “ഉചിതമായത്”, “സഭ്യമായത്” “ആഭാസമല്ലാത്തത്” എന്നൊക്കെയാണ് അർത്ഥങ്ങൾ. മറയ്ക്കേണ്ട ശരീരഭാഗങ്ങളുടെ പ്രദർശനം യോഗ്യമായ വസ്ത്രം തടയുന്നു. മറ്റൊരു വ്യക്തിയുടെ വിശ്വാസജീവിതത്തിന് അത്തരത്തിലുള്ള വസ്ത്രധാരണം തടസ്സമായിരിക്കുകയില്ല.

ശ്രദ്ധ ലഭിക്കേണ്ടതിനും, സ്വയപ്രദർശനത്തിനുമുള്ളതായിരിക്കരുത് നമ്മുടെ വസ്ത്രധാരണം. മറ്റുള്ളവരുടെ ശ്രദ്ധനേടിയെടുക്കുകയല്ല, ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നതായിരിക്കണം നമ്മുടെ

ലക്ഷ്യം (യോഹ.3:30; കൊലൊ.1:18) ജെ.റസ്സൽഹൗഡൻ ഇങ്ങനെ എഴുതി.

ഒരു വിശ്വാസിയുടെ ഉത്തരവാദിത്തം തന്റെ സമ്പത്തോ, വസ്തുവോ, തന്നെത്തന്നെ ഉയർത്തി കാണിക്കുന്നതോ അല്ല, പിന്നെയോ ക്രിസ്തുവിനെമാത്രം ഉയർത്തികാണിക്കുന്നതാണ്.

വസ്ത്രധാരണത്തോടുള്ള ബന്ധത്തിൽ രണ്ട് പ്രധാന കാര്യങ്ങൾ ഒരു വിശ്വാസി വർജ്ജിക്കേണ്ടതാണ്. ആധുനിക ഫാഷനിലുള്ള വസ്ത്രങ്ങളണിഞ്ഞ് ലോകത്തിനനുരൂപമായ രീതിയിൽ നാം നടക്കരുത്. അതേസമയം തന്നെ കാലഹരണപ്പെട്ടവരും, ഉപേക്ഷിക്കപ്പെട്ടതുമായ പ്രാചീനഫാഷൻ വസ്ത്രങ്ങളും നാം ഉപേക്ഷിക്കണം. ഹൗഡൻ വീണ്ടും ഉദ്ധരിക്കുന്നു. "പ്രാകൃതവേഷമോ വൃത്തികെട്ട വേഷമോ ദൈവം കല്പിക്കുന്നുമില്ല, പുകഴ്ത്തുന്നുമില്ല.

ഒരു വ്യക്തിയിലെ ബാഹ്യവൃത്തികേടോ, വസ്ത്രമോ ആത്മീകത്തിന്റെ ചിഹ്നമല്ലെങ്കിലും നമ്മുടെ ശരീരങ്ങൾ പരിശുദ്ധാത്മാവിന്റെ ആലയമാണെങ്കിൽ, യോഗ്യവും അനുയോജ്യവും ഉചിതവുമായ വസ്ത്രങ്ങളായിരിക്കണം ഒരു വിശ്വാസി ധരിക്കുക.

അതേ കാരണത്താൽ അമിതമായ വിലകൊടുത്തുള്ള വസ്ത്രങ്ങൾ ആവശ്യമില്ല. "......പിന്നിയ തലമുടി, പൊന്നു, മുത്ത്, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല............." (1തിമൊ. 2:10). "നിങ്ങളുടെ അലങ്കാരംതലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല" (1പത്രൊ. 3:3).

എപ്പോഴും വിലതീരെ കുറഞ്ഞ വസ്ത്രങ്ങൾ മാത്രമേ വാങ്ങാനും ധരിക്കാനും പാടുള്ളു എന്നല്ല ഇതിന്റെയർത്ഥം. അങ്ങനെയാണെങ്കിൽ, അത് ശരിയായ വിധത്തിലുള്ള സാമ്പത്തിക വിനിയോഗമായിരിക്കുകയില്ല. വിലയും ഗുണവും നാം ശ്രദ്ധിക്കണം. ഉദാഹരണമായി, വളരെ വിലകുറഞ്ഞ ഒരു ജോഡി ചെരുപ്പുകൾ നാം വാങ്ങിച്ചാൽ, അല്പം വിലകൂടിയതും, നല്ല ഗുണവുമുള്ളതായ ചെരുപ്പ് വാങ്ങിക്കുന്നതിലധികമായ രൂപ, കാലിനുള്ള മരുന്നിനും മറ്റും ചെലവാക്കേണ്ടിവരും. നമ്മുടെ വസ്ത്രം വൃത്തിയും വെടിപ്പും ഉള്ളതായിരിക്കണം.

വ്യത്തിഹീനവും, മുഷിഞ്ഞതും ആയ വസ്ത്രങ്ങൾ വിശ്വാസിക്ക് അനുയോജ്യമല്ല. ഓസ്വാൾഡ് ചേമ്പേഴ്സ് എഴുതി "വൃത്തിഹീനത പരിശുദ്ധാത്മാവിനെ നിന്ദിക്കലാണ്".

ഒരു വ്യക്തിയുടെ വസ്ത്രധാരണം ആ വ്യക്തിയുടെ ലിംഗഭേദം നിർണ്ണയിക്കുന്നതായിരിക്കണം. ഇത് വ്യക്തമാക്കുന്ന ദൈവവചനഭാഗം ആവർത്തനപുസ്തകം 22:5ആണ്. "പുരുഷന്റെ വസ്ത്രം സ്ത്രീയും, സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത്; അങ്ങനെ ചെയ്യുന്നവരൊക്കെയും നിന്റെ ദൈവമായ യഹോവയ്ക്കു വെറുപ്പാകുന്നു" എതിർലിംഗത്തിന്റെ വസ്ത്രവും സ്വഭാവവും സ്വീകരിക്കുന്നതിനെയാണ് ഈ വാക്യം പ്രഥമമായി പറയുന്നത്. പക്ഷേ വസ്ത്രധാരണം മുഖാന്തരം ഒരു വ്യക്തി ഏതു ലിംഗത്തിൽ ഉള്ള ആളെന്ന് വ്യക്തമാക്കണമെന്നും ഈ വാക്യം സൂചിപ്പിക്കുന്നു.

ഇന്നത്തെ സമൂഹത്തിൽ വസ്ത്രധാരണം ശ്രദ്ധിച്ചാൽ ആണാണോ, പെണ്ണാണോ എന്ന് തിരിച്ചറിയാൻ സാധിക്കാതെയായിരിക്കുന്നു. അത് തീർച്ചയായും അവജ്ഞയാണ്. ദൈവം ആണിനെ ആണായും, പെണ്ണിനെ പെണ്ണായും സൃഷ്ടിച്ചു. ഒന്ന് മറ്റൊന്നാകാൻ അനുവദിക്കപ്പെട്ടിട്ടില്ല. വസ്ത്രധാരണത്തിലും അതു തന്നെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ കർത്താവിന്റെ സ്ഥാനപതികളായിരിക്കുന്ന നാം, നമ്മുടെ വസ്ത്രധാരണത്തിൽകൂടെ കർത്താവിന്റെ പ്രതിനിധികളാണെന്ന് വെളിപ്പെടുത്തേണ്ടതാണ്. നാം ജീവിക്കുന്ന സംസ്കാരത്തിനും, കാലഘട്ടത്തിനുമനുസരിച്ച് വസ്ത്രധാരണം വ്യത്യാസപ്പെട്ടിരിക്കും എന്നുകൂടി ഓർപ്പിക്കട്ടെ.

ഒരു സർക്കസ്സുകൂടാരത്തിന് തീ പിടിച്ചപ്പോൾ ജനങ്ങളുടെ സഹായം ആവശ്യപ്പെട്ട് ഒരു കോമാളിയെ അയച്ചു. കോമാളി വേഷത്തിൽ ചെന്ന ആ വ്യക്തി എത്ര കരഞ്ഞു പറഞ്ഞിട്ടും ആ വേഷവും പ്രകടനവും മറ്റും കണ്ട് ചിരിച്ചതല്ലാതെ, വിഷയം ഗൗരവമായി ആരും എടുത്തില്ല. അല്പസമയത്തിനുള്ളിൽ പട്ടണം തീയ്ക്കിരയായി എല്ലാം നശിച്ചു.

## ആന്തരിക പ്രാധാന്യം

നമ്മുടെ ബാഹ്യം ആന്തരികത്തെ വെളിപ്പെടുത്തുന്നെങ്കിലും ആന്തരിക വിഷയങ്ങളെപ്പറ്റിയാണ് വേദപുസ്തകം ഏറെ ഊന്നിപ്പറയുന്നത്. കൊലൊ. 3:12-14 വരെ ശ്രദ്ധിക്കുക.

"അതുകൊണ്ട് ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവും ദയ, താഴ്മ, സൗമ്യത, ദീർക്ഷമ എന്നിവ ധരിച്ചുകൊണ്ടു അന്യോന്യം പൊറുക്കയും ഒരുവനോടു ഒരുവനു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്വീൻ, കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്വീൻ. എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ" 1തിമൊ. 2"9-10 വീണ്ടും ആവർത്തിക്കട്ടെ.

"അവ്വണ്ണം സ്ത്രീകളും...........ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെകൊണ്ടത്രെ അലങ്കരിക്കേണ്ടതും" വിശുദ്ധ വസ്ത്രാലങ്കാരത്തോട് യഹോവയെ ആരാധിക്കുക! അവന്റെ മുമ്പിൽ നമിച്ച് അവിടുത്തെ മഹത്വം പ്രസിദ്ധമാക്കുക; അനുസരണത്തിന്റെ വസ്ത്രധാരണത്തോടും താഴ്മയുടെ സുഗന്ധത്തോടും അവനെ നമിച്ച് വണങ്ങുക; യഹോവ എന്നാകുന്നു അവന്റെ നാമം.

## അദ്ധ്യായം 23

# സത്യം സംസാരിക്കേണ്ടതിന്

കള്ളം പറയുന്നത് എപ്പോഴെങ്കിലും ശരിയാകുമോ? ഈ ചോദ്യത്തിന് ഒരുത്തരമേയുള്ളു. ദൈവത്തിന് കള്ളം പറയുക അസാദ്ധ്യമാണ്. അതിനാർക്കെങ്കിലും അധികാരം കൊടുക്കാൻ അവന് കഴിയുകയുമില്ല. "കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്" (പുറ. 20:16) എന്നതാണ് 9-ാമത്തെ കല്പന. "ആകയാൽ ഭോഷ്കു ഉപേക്ഷിച്ചു ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ" (എഫെ. 4:25) എന്ന് പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "പിശാചു...... ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു" (യോഹ. 8:44). അവന്റെ സ്വഭാവത്തെ ദൈവമക്കളായ നാം അനുകരിക്കാൻ പാടില്ല.

ഡെന്നീസ് ജെ. ഡേ ഹാൻ ഓർമ്മിപ്പിക്കുന്നു. "സത്യസന്ധതയില്ലായ്മ ധാരാളം മുഖംമൂടികൾ ധരിക്കുന്നു. ഒരിക്കലും ചെയ്യാ

നുദ്ദേശമില്ലാത്ത വാഗ്ദത്തങ്ങൾ അത് തരും. മോഷണത്തെ അത് ജനിപ്പിക്കുന്നു........വ്യക്തിനേട്ടങ്ങൾക്കായി സത്യത്തെ അവഗണിക്കുന്നു. തെറ്റുകൾ മൂടിവയ്ക്കാൻ കള്ളങ്ങൾ പറയുന്നു".

ചില "കള്ളങ്ങൾ" വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് സത്യമാണ്, പക്ഷെ അവയെ വേദപുസ്തകം ഒരിക്കലും അംഗീകരിക്കുന്നില്ല. അബ്രാഹാം സാറായെപ്പറ്റി കള്ളം പറഞ്ഞു (ഉല്പ.12:10-20; 20:2) യിസ്ഹാക്ക് റിബെക്കയെപ്പറ്റി കള്ളം പറഞ്ഞു (ഉല്പ. 26:7). തങ്ങളുടെ സമർപ്പണത്തെ വെളിപ്പെടുത്താൻ അനന്യാസും സഫീരയും, അവരുടെ സമർപ്പണത്തിന്റെ വ്യാപ്തിയെക്കുറിച്ച് ദൈവത്തോട് കള്ളം പറഞ്ഞു (അപ്പൊ.5:1-11).

ചില അവസരങ്ങളിൽ ദൈവമക്കൾ കള്ളം പറഞ്ഞതായി കാണുന്നില്ലെങ്കിലും സത്യം മുഴുവനായി പറയാത്ത രംഗങ്ങൾ വേദപുസ്തകത്തിൽ ഉണ്ട്. സൂതികർമ്മിണികൾ, എബ്രായസ്ത്രീകളുടെ അടുക്കൽ എത്തുംമുമ്പേ അവർ പ്രസവിച്ചു കഴിയും എന്ന് അവർ ഫറവോനോടു പറഞ്ഞു (പുറ. 1:190. "ദൈവം സൂതികർമ്മിണികൾക്ക് നന്മ ചെയ്തു" എന്ന് 20-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അവർ കള്ളമല്ല പറഞ്ഞത് എന്ന് വ്യക്തമാകുന്നുണ്ട്.

മൂന്നു ദിവസത്തെ വഴി മരുഭൂമിയിൽപ്പോയി ദൈവമായ യഹോവയ്ക്കു യാഗം കഴിക്കാൻ ജനത്തെ വിട്ടയയ്ക്കുന്നതിന് മോശെ ഫറവോനോട് അനുവാദം ചോദിച്ചു (പുറ. 5:3). ഈ ചെറിയ അനുവാദം ഫറവോൻ നിഷേധിക്കുകയാണെങ്കിൽ പൂർണ്ണമായ പുറപ്പാടിനുള്ള വലിയ അനുവാദം ഒരിക്കലും അംഗീകരിക്കുകയില്ലെന്ന് മോശെയ്ക്കു ഇതിനാൽ മനസ്സിലാക്കാം.

ദൈവത്തിന്റെ അരുളപ്പാട് രഹസ്യമായി അറിയിക്കാനുണ്ടെന്ന് ഏഹൂദ് എഗ്ലോനോട് പറഞ്ഞു. എന്നാൽ അത് മരണ സന്ദേശമാണെന്ന് ഏഹൂദ് വെളിപ്പെടുത്തിയില്ല (ന്യായാ. 3:12-30).

ദാവീദിനെ അഭിഷേകം ചെയ്യാനായി പുറപ്പെടുക എന്ന് ശമുവേലിനോട് പറഞ്ഞശേഷം, ശൗൽ ചോദിച്ചാൽ "യഹോവയ്ക്ക് യാഗം കഴിപ്പാൻ വന്നിരിക്കുന്നു" (1ശമു. 16:1-3) എന്ന് പറയാനായി യഹോവ ശമുവേലിന് കല്പനകൊടുക്കുന്നു. അത് സത്യമായിരു

ന്നു. ശമുവേൽ യഹോവയ്ക്ക് യാഗം കഴിച്ചു. എന്നാൽ യാത്ര യുടെ ഉദ്ദേശ്യം അത് മാത്രമായിരുന്നില്ല. എന്നാൽ എല്ലാം വെളി പ്പെടുത്താനുള്ള ബാദ്ധ്യസ്തത ശമുവേലിനുണ്ടായിരുന്നില്ല.

ചിലർ കള്ളം പറയുന്നതിനെ ന്യായീകരിക്കാറുണ്ട്. അവരുടെ അഭിപ്രായപ്രകാരം, "ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു" എന്നാൽ ഈ അഭിപ്രായം ദൈവവചനവിരുദ്ധമാണ് (റോമ. 3:8).

സത്യം പറഞ്ഞാൽ മനുഷ്യജീവിതം അപകടത്തിലാകുന്ന ഘട്ട ങ്ങളാണ് നമ്മെ പ്രതിസന്ധിയിലാക്കുന്നത്. നാസ്സി പട്ടാളത്തിന്റെ ആക്രമണത്തിൽനിന്നും യഹൂദന്മാരെ ഒളിപ്പിച്ചു ക്രിസ്ത്യാനികൾ ക്ക് ഈ പ്രതിസന്ധി നേരിടേണ്ടിവന്നു. നാസ്സി പട്ടാളം ക്രിസ്ത്യാ നികളുടെ വീട്ടുവാതിൽക്കൽ മുട്ടി ചോദിച്ചു.

"ഏതെങ്കിലും യഹൂദന്മാർ ഈ വീട്ടിലുണ്ടോ? "ഇല്ല" എന്നു പറ ഞ്ഞാൽ അത് കള്ളമാണ്. മറിച്ചാണ് ഉത്തരമെങ്കിലോ യഹൂദന്മാ രുടെ മരണം ഉറപ്പ് എന്തു ചെയ്യും? പ്രതിസന്ധി! അല്ലേ?

ചിലർ പറയും, "സത്യം പറയുക, പരിണിതഫലം ദൈവത്തിന് വിട്ടു കൊടുക്കുക" ഇവിടെ മരണം സുനിശ്ചിതമാണ്. "കള്ളം പറ യാതിരിപ്പാനും, അതേസമയം യഹൂദന്മാർക്ക് ജീവഹാനി ഉണ്ടാ കാതിരിപ്പാൻ സഹായിക്കുന്ന ഉത്തരം പറയുന്നതിന് ദൈവത്തിൽ ആശ്രയിക്കുക എന്നാണ് മറ്റൊരു ഉത്തരം. പക്ഷേ പലപ്പോഴും ഇത് സംഭവിക്കുന്നില്ല.

കള്ളവും കൊലയും തിന്മയും നിറഞ്ഞ നമ്മുടെ ഈ ലോക ത്തിൽ, രണ്ടു തിന്മകളിൽ "കുറഞ്ഞ തിന്മ" തിരഞ്ഞെടുക്കുന്നത് ആവശ്യമാണ് എന്ന് മറ്റു ചിലർ അഭിപ്രായപ്പെടുന്നു. ഈ സാഹ ചര്യത്തിൽ കള്ളം പറയുന്നത് തെറ്റാണെങ്കിലും കൊലയിൽനിന്ന് ഒരു വ്യക്തിയെ രക്ഷിക്കുന്നതല്ലേ ഉത്തമം. പക്ഷെ ജീവൻ നഷ്ട പ്പെടാനുള്ള സാഹചര്യങ്ങളിലെ ഈ ഉത്തരം സാധുതയാകൂ.

ചിലർ അപ്പൊ. പ്രവൃ. 5:29 ചൂണ്ടിക്കാണിക്കുന്നു. ."........മനു ഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു". ദൈവം അരുളിച്ചെയ്യുന്നു. "കൊല ചെയ്യരുത്" (പുറ. 20:13). അവിടുന്ന് വീണ്ടും അരുളിച്ചെയ്യുന്നു, "മരണത്തിനു കൊണ്ടു പോകുന്നവരെ

വിടുവിക്ക; കൊലയ്ക്കായി വിറച്ചു ചെല്ലുന്നവരെരക്ഷിപ്പാൻ നോക്കുക". ഞങ്ങൾ അറിഞ്ഞില്ലല്ലോ എന്നു നീ പറഞ്ഞാൽ ഹൃദയങ്ങളെ തൂക്കിനോക്കുന്നവൻ ഗ്രഹിക്കയില്ലയോ? നിന്റെ പ്രാണനെ കാക്കുന്നവൻ അറികയില്ലയോ? അവൻ മനുഷ്യനു പ്രവൃത്തിക്കു തക്കവണ്ണം പകരം കൊടുക്കയില്ലയോ?" (സദൃശ. 24:11,12).

ഉപസംഹാരമായി, ചില പ്രവൃത്തികൾ അതിൽ തന്നെ നല്ലതല്ല, എന്നാൽ വിശ്വാസത്താലുള്ള രക്ഷയെ വെളിപ്പെടുത്തുന്ന പ്രവർത്തനമാകുമ്പോൾ അവ നല്ലതായിത്തീരുന്നു. യിസ്ഹാക്കിനെ യാഗം കഴിക്കുന്നത് അബ്രാഹാം സ്വന്തമകനെ കൊല ചെയ്യുന്നതുപോലെയാണ്. എന്നാൽ അബ്രഹാമിന്റെ വിശ്വാസത്തെ വെളിപ്പെടുത്തിയ ആ പ്രവൃത്തി ദൈവം അംഗീകരിച്ചു (യാക്കൊ. 2:21). രാഹാബ് ഒറ്റുകാരെ കൈക്കൊണ്ട് ഒളിപ്പിച്ച് വെച്ചത് രാജ്യദ്രോഹമാണ്. എന്നാൽ ആ പ്രവൃത്തി മുഖാന്തരം അവൾ നീതീകരിക്കപ്പെട്ടു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (യാക്കൊ. 2:26). യഹോവയിൽ അവൾക്കുണ്ടായിരുന്ന അചഞ്ചലമായ വിശ്വാസത്തെ അത് വെളിപ്പെടുത്തി, ഈ രണ്ടു സംഭവങ്ങളിൽ നിന്നും വിശ്വാസം എന്ന ഘടകം മാറ്റിയാൽ അവ തിന്മയല്ലാതെ മറ്റൊന്നുമല്ല.

ആദ്യമേ സൂചിപ്പിച്ചതുപോലെ ഇതൊരു പ്രതിസന്ധിതന്നെ. ഭാഗ്യവശാൽ നമ്മിൽ ഭൂരിപക്ഷം പേർക്കും ഈ സാഹചര്യം ഉണ്ടാകുകയില്ല. ജീവിതത്തിൽ എത്ര ഗുരുതരമായ സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നാലും പരിഹാരം ഇതാണ്, "സത്യം മാത്രം പറയുക, കള്ളം ഒരിക്കലും പറയരുത്" ഡെന്നിസ് ഡേ ഹാനിനെ വീണ്ടും ഉദ്ധരിച്ചുകൊണ്ട് ഈ ഭാഗം അവസാനിപ്പിക്കുന്നു, "കള്ളം പറയുന്നത് ആത്മവിശ്വാസത്തെ തുരങ്കം വെയ്ക്കുന്നു, സംശയം ജനിപ്പിക്കുന്നു, ബന്ധങ്ങളെ തകർക്കുന്നു. എന്നാൽ അവയെല്ലാക്കാളും നിർഭാഗ്യമായ കാര്യം, എല്ലാ സത്യത്തിന്റേയും ഉറവിടമായ ദൈവത്തെ അതു മുഖാന്തരം നിന്ദിക്കുന്നു".

# അദ്ധ്യായം 24

## സദാചാരപ്രതിസന്ധികൾ

ധർമ്മശാസ്ത്രത്തെ സംബന്ധിച്ചു അല്പമായ വിശകലനംകൂടി ഇല്ലാതെ ക്രിസ്തീയ വിശുദ്ധിയെ സംബന്ധിച്ചു നമ്മുടെ പഠനം പൂർണ്ണമാകുകയില്ല. ശരിയും, തെറ്റും, നല്ലതും തീയതും ഏതാണെന്നുള്ള പഠനമാണ് ധർമ്മശാസ്ത്രം. പ്രലോഭനങ്ങളും വഞ്ചനയും കാര്യസാധ്യത്തിനുവേണ്ടിയുള്ള അനുരഞ്ജനവും എല്ലാ സമൂഹങ്ങളിലുമുണ്ട്. പണം ഉൾപ്പെട്ട വിഷയമാണെങ്കിൽ പ്രലോഭനം അല്പം കൂടി ശക്തിയുള്ളതായിരിക്കും. വോൾട്ടയർ ഒരിക്കൽ ഇപ്രകാരം പറഞ്ഞു. "പണവിഷയം വരുമ്പോൾ എല്ലാ മനുഷ്യരും ഒരു മതമാണ്" എന്നാൽ വോൾട്ടയിർ പറഞ്ഞ ഈ സിദ്ധാന്തം തെറ്റാണെന്ന് തെളിയിക്കേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണ്.

ഒരു വ്യവസായി തന്റെ തത്ത്വത്തെക്കുറിച്ച് ഒരിക്കൽ പറയുകയുണ്ടായി. "ബിസിനസ്സ്" എന്നത് മടക്കിവെച്ചിരിക്കുന്ന ഒരു തിരശ്ശീലപോലെയാണ്. വക്രതയുണ്ടെങ്കിൽ മാത്രമേ അത് നേരെ നില്ക്കൂ. മറ്റു ചിലർ പറയുന്നു. "ഗിരിപ്രഭാഷണം അനുസരിച്ച് ബിസിനസ്സ് ചെയ്താൽ എല്ലാം തകരും" വേറൊരു വിധത്തിൽ പറഞ്ഞാൽ നേരായ മാർഗ്ഗത്തിൽകൂടെ കൊണ്ടുപോയാൽ ബിസിനസ്സ് ചെയ്യാൻ സാധിക്കുകയില്ല.

ഇന്ന് സാധാരണമായിരിക്കുന്ന ചില നിയമലംഘനങ്ങൾ ശ്രദ്ധിക്കാം. ശരിയായ നികുതി അടയ്ക്കാതിരിക്കുവാൻ ചെയ്യുന്ന ക്രമക്കേടുകൾ, കണക്കുകൾ ശരിയായി അവതരിപ്പിക്കാതിരിക്കുക, കള്ളങ്ങൾ കലർത്തിയ പരസ്യപ്രചരണം, കൈക്കൂലി കൊടുക്കുകയും, വാങ്ങിക്കുകയും ചെയ്യുന്നത് തൂക്കത്തിലും അളവിലും ഉള്ള കൃത്രിമം ഗുണനിലവാരമില്ലാത്ത സാധനങ്ങൾ നിർമ്മിക്കുക, ചതിക്കുക, ബിസിനസ്സ് വളർച്ചയ്ക്കുവേണ്ടി എന്തു മാർഗ്ഗവും സ്വീകരിക്കുക. ചോദിച്ചാൽ ഇതൊന്നും ഇല്ലാതെ പറ്റത്തില്ല ഇതൊക്കെ സാധാരണമാണ് എന്ന് പറയുക, ജോലി ചെയ്യേണ്ട സമയത്ത് സുവിശേഷം പറയുക, അവിശ്വസ്തത കാണിക്കുക, കള്ളം പറഞ്ഞ് അവധി എടുക്കുക, കർത്തൃവേല ചെയ്യേണ്ട സമയത്ത് ചെയ്യാതിരിക്കുക, കൃതൃത പുലർത്താതിരിക്കുക തുടങ്ങി നിരവധി കാര്യങ്ങൾ ഈ പട്ടികയിൽ നിരത്താൻ ആകും. ചില പ്രതിസന്ധികൾകൂടെ ചുവടെ ചേർക്കട്ടെ.

തെറ്റുകാരനെന്ന് ബോദ്ധ്യപ്പെട്ട കുറ്റവാളിക്കുവേണ്ടി വിശ്വാസിയായ ഒരു വക്കീൽ ശിക്ഷ കൊടുക്കരുതെന്ന് കോടതിയിൽ വാദിക്കാമോ?

ഹോട്ടലിലോ, വിമാനത്തിലോ പരിചാരക ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വിശ്വാസിയ്ക്ക് മദ്യം വിളമ്പാമോ? ഒരു ബിസിനസ്സിനു വേണ്ടി സാധനങ്ങൾ വാങ്ങാൻ ഉത്തരവാദിത്തമുള്ളയാൾ വില്ക്കുന്ന വ്യവസായിയിൽനിന്നും കമ്മീഷൻ വാങ്ങുന്നതു ശരിയാണോ?

ഡ്രൈവിംഗ് ലൈസൻസ് എടുക്കുന്നതിന്, അല്പം രൂപ കൂടി കൊടുത്ത് പരീക്ഷകളില്ലാതെ ലൈസൻസ് എടുക്കാൻ വിശ്വാസിക്ക് സാധിക്കുമോ?

വസ്തുവിന്റെ ആധാരവും വിൽപത്രവും മറ്റും ശരിയാക്കുന്നതിന് 'ഉദ്യോഗസ്ഥരെ രഹസ്യമായിക്കണ്ട്' കാര്യം നേടാൻ വിശ്വാസിക്ക് സാധ്യമോ

"കാൻസറും മറ്റു രോഗങ്ങളും പരത്തുന്ന വസ്തുക്കളുടെ വില്പനയിൽ ഒരു വിശ്വാസിക്ക് ഏർപ്പെടാമോ? കെട്ടിടം പണിയും അതിനനുബന്ധ സാധനങ്ങളുടെ കോൺട്രാക്ട് എടുത്തിരിക്കുന്നവർ സാധനങ്ങൾ വാങ്ങാൻ ഏൽക്കുകയും അവർക്ക് കിട്ടിയ വില പറയാതെ കൂടുതൽ പണം വസൂലാക്കുന്നത് ഒരു വിശ്വാസിക്ക് സാധ്യമോ?

പരീക്ഷയിൽ കൃത്രിമം കാണിക്കുന്നതും നിയമവിധേയമല്ലാതെ വിദ്യാർത്ഥികളെ പരീക്ഷയിൽ സഹായിക്കുന്നതും ക്രിസ്ത്രീയ അദ്ധ്യാപകന് സാദ്ധ്യമോ?

## സത്യസന്ധതയ്ക്കും വഞ്ചനയ്ക്കും നല്കേണ്ട അമൂല്യ വില

ഒരു ചെറിയ ഹോട്ടൽ ഉടമയുടെ റസ്റ്റോറന്റ് പരിശോധിക്കുന്നതിന് പട്ടണത്തിലെ ഇൻസ്പെക്ടർ വന്നു. പരിശോധനയ്ക്കു ശേഷം അയാൾ "കുറവുകളുടെ" ഒരു വലിയ ലിസ്റ്റു കൊടുത്തു. ഈ "കുറവുകൾ" പരിഹരിക്കുന്നതിന് ആയിരക്കണക്കിന് പൗണ്ട് ചിലവാക്കണമായിരുന്നു. "ഇതിന് നിങ്ങൾക്ക് നൂറു പൗണ്ട് വിലയുണ്ടോ?" എന്ന് ഇൻസ്പെക്ടർ ഉടമയോടു പറഞ്ഞു. (അതായത് നൂറു പൊണ്ട് കൊടുത്താൽ ആ ലിസ്റ്റിൽ ഉള്ള കുറവുകൾ നികത്തണ്ട എന്നർത്ഥം). ഉടമസ്ഥൻ "ഇല്ല" എന്നു പറഞ്ഞാൽ രണ്ടാഴ്ചയ്ക്കുള്ളിൽ കുറവുകൾ തീർക്കണം. അല്ല എങ്കിൽ റസ്റ്റോറന്റ് അടയ്ക്കും

ഒരു വിശ്വാസി ലോകത്തിൽ ജീവിക്കുമ്പോൾ പ്രയാസമേറിയ ധാരാളം തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്. എന്നാൽ തെറ്റായ തീരുമാനങ്ങൾഎടുക്കുകയാണെങ്കിൽ അത് കൂടുതൽ പ്രയാസം ഉണ്ടാക്കും. എന്തു വിലകൊടുത്തും ശരിയായ തീരുമാനങ്ങൾ എടുത്ത ചിലരുടെ ദൃഷ്ടാന്തങ്ങൾ താഴെ ചേർക്കുന്നു.

ആഡം ക്ലാർക്ക് എന്ന ആത്മികൻ ഒരു തുണിക്കടയിൽ ജോലി ചെയ്യുകയായിരുന്നു. ബിസിനസ്സിനോടനുബന്ധിച്ച് കുറച്ചു കൃത്രിമം കാണിക്കാൻ ഉടമസ്ഥൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അത് ദൈവത്തിനിഷ്ടമില്ലാത്ത പ്രവൃത്തിയാണെന്ന് ബോധ്യം ഉണ്ടായിരുന്ന ആഡംസ്മിത്ത് അത് ചെയ്യാൻ വിസമ്മതിച്ചു. അതുകൊണ്ട് ദൈവം അദ്ദേഹത്തെ പിന്നെ ഉയർത്തി. വേദപുസ്തകത്തിന് ഒരു വ്യാഖ്യാനഗ്രന്ഥം എഴുതാൻ ദൈവകരങ്ങളിൽ അദ്ദേഹം ഉപയോഗിക്കപ്പെട്ടു.

ഡിക്ക് ജോലി പരിശീലനത്തിനായി പരിശീലകനോടൊപ്പം പല ഇടങ്ങളിൽ യാത്ര ചെയ്തു. ഓരോ ദിവസാന്ത്യത്തിലും ജോലി ചെയ്ത സമയം പരിശീലകർ രേഖപ്പെടുത്തും. ഏഴോ അതിൽ കുറവോ മണിക്കൂറുകൾ മാത്രം ജോലി ചെയ്തിരുന്നുവെങ്കിലും റിക്കോർഡിൽ എട്ടു മണിക്കൂർ ജോലി ചെയ്തു എന്നദ്ദേഹം എഴുതും. എന്നാൽ ഡിക്ക് അതിന് സമ്മതിച്ചില്ല. വിശ്വസ്തതയോടെ അദ്ദേഹം തന്റെ ജോലി ചെയ്തു. പിന്നീട് ഇക്വഡോറിലേക്ക് ഒരു മിഷനറിയായി ദൈവം ഡിക്കിനെ അയച്ചു.

"ബോബിന്" ഒരു വസ്ത്രവില്പനശാലയിലായിരുന്നു ജോലി. ഒരിക്കൽ മാനേജർ ബോബിനോടു പറഞ്ഞു.നൂറ്റി അമ്പതു ഡോളർ വിലവരുന്ന വസ്ത്രങ്ങളിൽ വിലമാറ്റി ഇരുന്നൂറു ഡോളർ എന്നാക്കുക. ഡിസ്ക്കൗണ്ട് എന്ന പേരിൽ നൂറ്റി എഴുപത്തഞ്ച് ഡോളറിന് അത് വില്ക്കാം. ഇതു തെറ്റായതിനാൽ ബോബ് പ്രതിഷേധിച്ചശേഷം ജോലി രാജിവച്ചു. എന്നാൽ പിന്നീട് ആ ദാസനെ ദൈവം തന്റെ വേലയ്ക്കായി വിളിച്ചു വേർതിരിച്ചു.

ദൈവം തന്ന വാഗ്ദത്തം സത്യമാണ്. "എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും" 1 ശമു. 2:30. തൽക്കാലത്തേക്ക് വിശ്വാസ ജീവിതത്തിന് ഒരു വില നല്കേണ്ടിവന്നാലും നീതിപൂർവ്വം ജീവിക്കുന്ന തന്റെ മക്കൾക്ക് നിത്യമായ പ്രതിഫലം അവിടുന്ന് നല്കും എന്നതിൽ ലവലേശം സംശയമില്ല.

## അദ്ധ്യായം 25

# കർത്താവേ, എന്നെ തകർക്കേണമേ!

റുവാൻഡയിൽ ഉണർവ്വിന്റെ അഗ്നിജ്വാല ആളിക്കത്തി കൊണ്ടിരുന്ന സമയം. വിശ്വാസികളുടെ ഹൃദയങ്ങൾ ആത്മീകമായി നിറഞ്ഞ് തകരുന്നതും നുറുങ്ങുന്നതും ആ ഉണർവ്വിന്റെ ഒരു പ്രത്യേകതയായിരുന്നു. ഇതിനെക്കുറിച്ചുകേട്ട ഇംഗ്ലണ്ടിലെ ഒരു സഭ, ചെറുപ്പക്കാരെ പരിശീലിപ്പിക്കുന്നതിന് റവ. കെവിൻ ബേക്കറെ റുവാൻഡയിലേക്ക് അയച്ചു.

ബേക്കർ നവീകരണവാദ ദൈവശാസ്ത്രം (ലിബറൽ തിയോളജി) പഠിപ്പിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു. ദൈവവചനത്തെ നിഷേധിക്കാനായി സംശയത്തിന്റെ വിത്തുകൾ അദ്ദേഹം വിദ്യാർത്ഥികളുടെ ഹൃദയങ്ങളിൽ പാകി. എന്നാൽ ആ സെമിനാരി വിദ്യാർത്ഥികളുടെ ഇടയിൽ "അബാലോഖേലേ" (Abalokele) എന്ന പേരിൽ ചെറിയ സംഘം വിദ്യാർത്ഥികളുണ്ടായിരുന്നു. "അബാലോഖേലെ" എന്നതിന് 'വീണ്ടും ജനിച്ചവർ' എന്നർത്ഥം. പ്രതിദിനം രാവിലെ നാലുമണിക്ക് പ്രാർത്ഥനയ്ക്കായി ഈ പുരുഷന്മാർ കൂടി വന്നിരുന്നു. അവർ തനിയ്ക്കുവേണ്ടിയും പ്രാർത്ഥിക്കുന്നുണ്ടെന്ന് അറിഞ്ഞ കെവിൻ ബേക്കർ അപമാനിക്കപ്പെട്ടവനായി തോന്നി - കാരണം താൻ സഭയിലെ ഒരു പുരോഹിതനും പ്രാർത്ഥിക്കുന്നവർ അജ്ഞാനികളായ തദ്ദേശവാസികളും.

ഒരു ദിവസം പ്രാർത്ഥനാസംഘത്തിന് നേതൃത്വം കൊടുത്തിരുന്ന വിദ്യാർത്ഥിയെ കെവിൻബേക്കർ മുറിയിലേക്ക് വിളിച്ചു വരുത്തി കഠിനമായി ശാസിക്കുകയും അപമാനിക്കുകയും ചെയ്തു. എല്ലാം നിശ്ശബ്ദനായി കേട്ടിരുന്ന ആ വിദ്യാർത്ഥി അവസാനം ഇത്രമാത്രം പറഞ്ഞു, "സാർ, നിങ്ങൾക്ക് സഹായം തീർച്ചയായും ആവശ്യമാണെന്ന് ഇപ്പോൾ ഞാൻ കൂടുതൽ മനസ്സിലാക്കുന്നു" ഇതുകേട്ട പ്രൊഫസർ കൂടുതൽ ക്ഷുഭിതനായി.

എന്നിരുന്നാൽ തന്നെയും, രക്ഷിക്കപ്പെട്ടവർ പ്രാർത്ഥന തുടർന്നു കൊണ്ടിരുന്നു. തന്മൂലം ദൈവാത്മാവ് ബേക്കറുടെ ഹൃദയത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. സത്യവിശ്വാസത്തിൽനിന്നും

എത്രമാത്രം വ്യതിചലിച്ചിരിക്കുന്നു എന്ന വസ്തുത അദ്ദേഹത്തിന് ബോധ്യപ്പെട്ടു. അവസാനം, താൻ ഉൾപ്പെട്ടിരിക്കുന്ന, സംഘടന അംഗീകരിച്ചിരിക്കുന്ന ഉപദേശങ്ങൾ വേദപുസ്തക സത്യങ്ങൾക്ക് വിരുദ്ധമായവയാണെന്ന് ബിഷപ്പിനെ അറിയിക്കുവാൻ കെവിൻ ബേക്കർ തീരുമാനിച്ചു. കെവിൻ ബേക്കറിൽ വന്നിരിക്കുന്ന മാറ്റം മനസ്സിലാക്കിയ ബിഷപ്പ് നിരാശയോടെ തലകുനിച്ച്, "കെവിൻ, നിനക്കിനി ബിഷപ്പാകാൻ ഒരിക്കലും സാധിക്കുകയില്ലല്ലോ, നീ സ്വയമായി അതു നഷ്ടപ്പെടുത്തിയല്ലോ" എന്നു പറഞ്ഞു. അതിന് കെവിൻ നല്കി മറുപടി "ദൈവത്തിനു സ്തോത്രം" എന്നത്രെ.

## തകരുന്നതിന് സമ്മർദ്ദം

ദൈവാത്മാവിന്റെ നിരന്തരമായ ബോദ്ധ്യപ്പെടുത്തൽ മുഖാന്തരം താൻ ചെയ്ത തെറ്റ് കെവിൻ ബേക്കർക്ക് ബോദ്ധ്യപ്പെടുകയും രക്ഷിക്കപ്പെട്ടവരുടെ നേതാവിനോട് ക്ഷമ ചോദിക്കാൻ തീരുമാനിക്കുകയും ചെയ്തു. വളരെ പേരുകേട്ട ഒരു സഭയുടെ വികാരിയും സെമിനാരിയിലെ പ്രൊഫസറും ആയിരിക്കുന്ന ഒരു വ്യക്തി കറുത്ത ഒരു മനുഷ്യനോട് ക്ഷമ ചോദിക്കുക അദ്ദേഹത്തെപ്പോലൊരു വ്യക്തിയുടെ അന്തസ്സു കുറയ്ക്കുന്ന ഒരേർപ്പാടാണത്. പോകണോ, വേണ്ടായോ അദ്ദേഹത്തിന്റെ മനസ്സിൽ ഒരു പ്രതിസന്ധി ഉടലെടുത്തു. എന്നാൽ ഒരുവശത്ത് ദൈവാത്മാവിന്റെ ശക്തിയായ ബോദ്ധ്യപ്പെടുത്തൽ! അവസാനം പോകാൻ തീരുമാനിക്കുന്നതുവരെയും സമാധാനരഹിതനായി അദ്ദേഹം തീർന്നു.

വാതിൽ തുറന്ന് അകത്തുവരുന്ന പ്രൊഫസറെകണ്ട് പ്രാർത്ഥനാഗ്രൂപ്പ് നയിച്ചിരുന്ന വിദ്യാർത്ഥി "ഹലേലുയ്യാ" എന്ന് ഉറക്കെപ്പറഞ്ഞ് കർത്താവിന് സ്തോത്രം ചെയ്തു. തങ്ങളുടെ പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നല്കിയിരിക്കുന്നു എന്നവന് ബോദ്ധ്യമായി. അന്ന് ജീവതത്തിലാദ്യമായി ഒരു കറുത്തമനുഷ്യനെ കെവിൻ ബേക്കർ ആലിംഗനം ചെയ്തു.

വെളുപ്പിന് നാലുമണിക്കുള്ള പ്രാർത്ഥനയ്ക്ക് സംബന്ധിക്കാൻ പ്രൊഫസറെ അവർ ക്ഷണിച്ചു. പക്ഷേ അത് അദ്ദേഹത്തിന് ചിന്തിക്കുന്നതിലപ്പുറമായിരുന്നു. വരാതിരിക്കാനായി ധാരാളം ഒഴിവുകഴിവുകൾ അദ്ദേഹം പറഞ്ഞുനോക്കി.ക്ഷമയോടെ അവരെല്ലാം കേട്ടതിനുശേഷം അഭ്യർത്ഥിച്ചു, "സർ എങ്കിൽ ഒരാഴ്ച

മാത്രം വരിക" അതിന്, യാതൊരു ഒഴിവുകഴിവും പറയാനാകാതെ കെവിന് സമ്മതിക്കേണ്ടിവന്നു. അതുവരെയും അനുഭവിച്ചിട്ടില്ലാത്ത പ്രാർത്ഥനയിലെ അത്യാനന്ദം കെവിൻ ബേക്കർ ആ ദിവസങ്ങളിൽ അനുഭവിച്ചു.

സെമിനാരിയിലെ ഒരു അദ്ധ്യാപകൻ, വിദ്യാർത്ഥികളോടൊപ്പം വെളുപ്പിന് നാലുമണിയ്ക്ക് പ്രാർത്ഥനയ്ക്കായ് കൂടുന്നുവെന്ന് അറിഞ്ഞ അധികാരികൾ സെമിനാരി നിയമങ്ങൾക്ക് എതിരാണെന്ന് വിധിച്ചു. മി. ബേക്കറിനെ മറ്റൊരു സ്കൂളിലേക്ക് മാറ്റുകയും പ്രഭാതത്തിൽ ഏഴുമണിക്കുമുമ്പ് യാതൊരു മീറ്റിംഗുകളും ക്യാമ്പസിൽ നടത്താൻ പാടില്ലഎന്ന് തീരുമാനിക്കുകയും ചെയ്തു.

വീണ്ടും ജനനം പ്രാപിച്ചിരുന്ന ആ വിദ്യാർത്ഥികൾ ഈ വിഷയം കർത്തൃകരങ്ങളിലേല്പിച്ച് മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കണമെന്ന് തീരുമാനിച്ചു, അവർ തങ്ങളുടെ പ്രാർത്ഥന തുടർന്നതിനാൽ ഗ്രാജുവേഷന് ചില ദിവസങ്ങൾക്കു മുമ്പ് ആ വിദ്യാർത്ഥികൾ പുറത്താക്കപ്പെട്ടു. ആരോടും അവർക്ക് പ്രതികാരം തോന്നിയില്ല, പക്ഷേ അവരുടെ ഹൃദയം നുറുങ്ങിയിരുന്നു. എന്നാൽ ബിഷപ്പിനോട് കെവിൻബേക്കറിന്റെ ഹൃദയത്തിൽ നീരസമുണ്ടെന്ന് പ്രാർത്ഥനാസംഘം മനസ്സിലാക്കി. അത് ബിഷപ്പിനോട് ഏറ്റുപറഞ്ഞ് നിരപ്പു പ്രാപിക്കുവാൻ അവർ അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. കെവിന് അത് ചെയ്യുവാൻ ഇപ്പോൾ പ്രയാസമൊന്നുമുണ്ടായില്ല. തന്മൂലം ദൈവവുമായി കൂടുതൽ അടുക്കുവാനും പുത്തനുണർവ്വ് പ്രാപിക്കുവാനും കെവിൻബേക്കർക്ക് സാധിച്ചു.

## അവന്റെ ഹൃദയത്തിൽ തന്നെ അടിക്കുക

വിശുദ്ധിയുടെ എല്ലാ ഘടകാംശങ്ങളിലും "ഹൃദയം തകരുക" എന്നുള്ളത് വളരെ പ്രാധാന്യവും സ്വാധീനം ചെലുത്തുന്നതുമാണ്. ഹൃദയം തകരുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഒരു വിശ്വാസിയുടെ ഹിതം ദൈവഹിതത്തിന് പൂർണ്ണമായി അടിമപ്പെടുക എന്നതാണ്. എതിരാളികൾ ചുറ്റും നില്ക്കുമ്പോഴും താഴ്മയോടും ക്ഷമയോടുംകൂടെ അവന് നില്ക്കാനാകുന്നു. ഒരു ചെകിട്ടത്ത് അടിക്കുന്നവന് മറ്റേ ചെകിടും കാണിച്ചുകൊടുക്കുവാൻ അവൻ സന്നദ്ധനാണ്.

സ്റ്റാൻലി ഇ. ജോൺസ് ഇങ്ങനെ പറഞ്ഞു: "മറ്റേ ചെകിട്ടും കാണിച്ചുകൊടുക്കുമ്പോൾ ശത്രുവിനെ നിങ്ങൾ നിരായുധനാക്കുകയാണ് ചെയ്യുന്നത്. അതു ചെയ്യുമ്പോൾ വിശുദ്ധിയുടെ ധീരതയാൽ അവന്റെ ഹൃദയത്തിൽ തന്നെ നിങ്ങളടിക്കുന്നു. അവന്റെ ശത്രുത്വം അതോടെ ഉരുകപ്പെടുന്നു. നിങ്ങളുടെ ശത്രുവിന്റെ അവസാനം അതാണ്. നിന്നിൽ അവനോടുള്ള ശത്രുത്വം നീക്കിയതുകൊണ്ട് നിന്റെ ശത്രുവിനെ ഇല്ലാതാക്കി. തിരിച്ചടിക്കുവാൻ ശക്തിയുള്ളപ്പോൾ, തിരിച്ചടിക്കാതിരിക്കുന്ന ശക്തിയുടെ മുമ്പിൽ ലോകം വീഴും അതാണ് ശക്തി.....അതേ! ആത്യന്തികമായി ശക്തി. ഹൃദയതകർച്ചയ്ക്കുള്ള ഒരുക്കം നല്ല സ്വഭാവത്തിന്റെ വശമാണ്. സ്വാഭാവികമായി ഉണ്ടാകാറുള്ള പ്രതികാരവാഞ്ചയേയും സ്വയനീതീകരണത്തെയും മറ്റും അത് ഇല്ലാതാക്കുന്നു. നുറുങ്ങിയ പാത്രങ്ങളെയാണ് ദൈവത്തിന് ആവശ്യം.

ഒരു ദിവസം ഡോ. അലക്സാണ്ടർവൈറ്റ് ശുശ്രൂഷിച്ചിരുന്ന സഭയിലെ ഒരു വ്യക്തി ചില വാർത്തകളുമായി അദ്ദേഹത്തിന്റെ അടുക്കൽ എത്തി. ഡോ. വൈറ്റിനോടൊപ്പം പ്രവർത്തിച്ചിരുന്ന ഒരു പ്രവർത്തകൻ രക്ഷിക്കപ്പെട്ടവനല്ലെന്ന് സന്ദർശകനായ ഒരു പ്രസംഗകൻ പരസ്യമായി പറഞ്ഞുവന്നതായിരുന്നു വാർത്ത. അതുകേട്ട് ഡോ. അലകാസാണ്ടർ വൈറ്റ് ധാർമ്മിക രോഷത്താൽ നിറഞ്ഞു. വിശ്വസ്തനായ ഒരു ദൈവഭൃത്യനെതിരെ പറഞ്ഞ അപവാദത്താൽ അദ്ദേഹം ക്രുദ്ധനായി. ചില വാക്കുകളിൽ മനസ്സിലെ രോഷം ഡോ. വൈറ്റ് വെളിപ്പെടുത്തി. "സർ അത്രയുമല്ല...." വന്ന വ്യക്തി തുടർന്നു, "താങ്കളും ഒരു യഥാർത്ഥ വിശ്വാസിയല്ലെന്ന് അദ്ദേഹം പറഞ്ഞു". ആ വാക്കുകൾ കേട്ടപ്പോൾ ഒരു നിമിഷം നിശ്ശബ്ദനായ ഡോക്ടർ വൈറ്റ് പറഞ്ഞു "ദയവുചെയ്ത് എന്നെ അല്പനേരം ഏകനായി വിട്ടാലും. കർത്താവിന്റെ മുമ്പിൽ എന്റെ ഹൃദയത്തെ എനിക്കു പരിശോധിക്കണം".

"ഹൃദയതകർച്ച" എന്ന പാഠം നമ്മളിൽ പലർക്കും വേഗത്തിൽ പഠിക്കുവാൻ കഴിയുന്നില്ല. ഒരിക്കൽ രണ്ടു കർത്തൃദാസന്മാരോടൊപ്പം ഒരു ഭവനസന്ദർശനത്തിന് ഞാൻ പോയിരുന്നു. ഞങ്ങളുടെ സംഭാഷണത്തിൽ ഞാൻ പ്രസിഡന്റായിരുന്ന ബൈബിൾ സ്കൂളിനെ രൂക്ഷമായി വിമർശിച്ചു.

ഒരമ്മയോട് "നിങ്ങുടെ കുഞ്ഞിനെ കാണാൻ കൊള്ളുകയില്ല" എന്ന് ആരെങ്കിലും പറഞ്ഞാൽ ആ അമ്മയുടെ മാനസികാവസ്ഥ എന്താകുമോ, അതുപോലെ വികാര പ്രക്ഷുബ്ധനായി ഞാൻ തീർന്നു, നിശിതമായി ആ വിമർശനങ്ങൾക്ക് ഞാൻ മറുപടി കൊടുത്തു. തിരിച്ചു വരുന്ന വഴി, നീതിപൂർവ്വം ഉത്തരം കൊടുക്കാൻ സാധിച്ചു എന്ന നിർവൃതിയോടെ ഞാൻ എന്നെത്തന്നെ പ്രശംസിച്ചു.

ചില മാസങ്ങൾക്കുശേഷം അയോവാ എന്ന സ്ഥലത്തെ യോഗങ്ങൾക്കായി ഞാൻ ക്ഷണിക്കപ്പെട്ടു. യാത്രയിലായിരിക്കുന്ന സമയത്ത് ദൈവാത്മാവിന്റെ സാന്നിദ്ധ്യം ഞാൻ മനസ്സിലാക്കുകയും എന്റെ ഹൃദയത്തിൽ സംസാരിക്കുന്നതായി ബോദ്ധ്യപ്പെടുകയും ചെയ്തു. "മാക്ഡോണാൾഡ്" എങ്ങനെ ക്രിസ്തീയ ജീവിതം നയിക്കണം? എന്ന് നീ പ്രസംഗിക്കുവാൻ പോവുകയാണ് പക്ഷേ എന്റെ രണ്ട് ദാസന്മാരോട് നീ എങ്ങനെ പെരുമാറി എന്ന് ഓർക്കുക. നീ അന്ന് അവരോട് സംസാരിച്ചത് ശരിയായില്ല. ആ യോഗങ്ങൾക്ക് പ്രസംഗിക്കുന്നതിനുമുമ്പ്, ആ രണ്ട് ദൈവഭൃത്യർക്കും ക്ഷമ ചോദിച്ചുകൊണ്ട് കത്തുകൾ എഴുതുവാൻ ദൈവാത്മാവ് എന്നെ സഹായിച്ചു.

## തകർച്ച ബന്ധങ്ങളെ ഉറപ്പിക്കുന്നു

ഞങ്ങളുടെ സ്നേഹബന്ധം അവിടെ അവസാനിച്ചുവോ? ഇല്ല, ഞങ്ങൾക്കു മുമ്പ് ഉണ്ടായിരുന്നതിലും ആഴമായ ഒരു ബന്ധത്തിന് അത് തുടക്കം കുറിച്ചു. എന്റെ ക്ഷമ സ്വീകരിച്ചെന്നും എനിക്കു വേണ്ടി പ്രാർത്ഥിക്കുന്നുവെന്ന് വെളിപ്പെടുത്തിയും ഒരു നല്ല മറുപടി എനിക്കവർ അയച്ചു. ദൈവത്തിന്റെ മാർഗ്ഗമാണ് ഏറ്റവും ഉത്തമം. ഹൃദയം തകരുമ്പോൾ ബന്ധത്തെ അത് കൂടുതൽ ഉറപ്പിക്കുന്നു. എന്നാൽ അഹന്ത ബന്ധങ്ങളെ തകർക്കും.

ഞാൻ ഒരു പാഠം പഠിച്ചുവെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടാകും. എന്നാൽ ഇല്ല! ഒരു ശവസംസ്കാരച്ചടങ്ങിൽ പ്രസംഗിക്കാനുള്ള തയ്യാറെടുപ്പിനിടയിലാണ് എന്റെ ഫോൺ ശബ്ദിച്ചത്. ഇംഗ്ലണ്ടിൽ നിന്നും ഞങ്ങളുടെ സ്ഥലത്ത് സന്ദർശിക്കുന്ന ഒരു പ്രസംഗകനായിരുന്നു വിളിച്ചത്. കർത്താവിന്റെ വരവിനെപ്പറ്റി ചില തെറ്റായ ഉപദേശങ്ങൾ അദ്ദേഹം കൈക്കൊണ്ടിരുന്നുവെന്ന് എനിക്കറിയാമായിരുന്നു. സംസാരത്തിനിടയിൽ ആ വിഷയം കടന്നുവന്നു.

എന്റെ വാദങ്ങൾക്ക് ചൂടു പിടിച്ചു. എന്നാൽ അവരവരുടെ വാദങ്ങളിൽ കൂടുതൽ ഉറപ്പിക്കപ്പെട്ടതല്ലാതെ ആ "ചൂട്"കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായില്ല.

തന്മൂലം ശവസംസ്കാരശുശ്രൂഷയ്ക്ക് ശരിയായി തയ്യാറെടുക്കുവാൻ എനിക്ക് കഴിഞ്ഞില്ല.

വർഷങ്ങൾക്കുശേഷം ആ പ്രസംഗകൻ താമസിച്ചിരുന്ന ലണ്ടനിലെ തെരുവീഥിയിൽകൂടി ഞാൻ നടന്നുപോരുകയായിരുന്നു. വർഷങ്ങൾക്കു മുമ്പുള്ള ടെലിഫോൺ വാഗ്വാദം എന്റെ സ്മൃതിമണ്ഡലത്തിൽ തെളിഞ്ഞു.

"വില്യം, ആ സഹോദരനെ വിളിച്ച് ക്ഷമ പറയണമെന്ന് നിനക്ക് തോന്നുന്നില്ലേ?" ദൈവാത്മാവിന്റെ ശബ്ദം ഞാൻ കേട്ടു.

"പക്ഷേ! കർത്താവേ, ശരിയായ കാര്യമല്ലേ ഞാൻ ചെയ്തത്. വേദപുസ്തകസത്യത്തിനുവേണ്ടി നില്ക്കുകയായിരുന്നല്ലോ ഞാൻ ചെയ്തത്".

"അതല്ല ഇവിടെ പ്രാധാന്യം മനോഭാവം ശരിയാകാതെയുള്ള പ്രസംഗം ഇവിടെ പ്രസക്തമല്ല" വീണ്ടും പരിശുദ്ധാത്മാവ് സംസാരിച്ചു.

അദ്ദേഹം അവിടെ ഉണ്ടായിരിക്കരുതെ എന്ന ആഗ്രഹത്തോടെ ടെലിഫോൺ ബൂത്തിൽ ചെന്ന് അദ്ദേഹത്തെ വിളിച്ചു. പക്ഷേ വീട്ടിൽ അദ്ദേഹം ഉണ്ടായിരുന്നുവെന്നുള്ളത് മാത്രമല്ല, ഫോൺ എടുത്തതും അദ്ദേഹമായിരുന്നു. വിളിച്ചതിന്റെ കാരണം ഞാൻ വിവരിച്ചു. എന്റെ അഹന്തയ്ക്ക് മേലുള്ള ഭയങ്കര അടിയായിരുന്നു അത്. എന്റെ ക്ഷമ അദ്ദേഹം സ്വീകരിക്കുകയും അടുത്ത ദിവസത്തെ ഉച്ചഭക്ഷണത്തിന് എന്നെ ക്ഷണിക്കുകയും ചെയ്തു. മാത്രമല്ല അദ്ദേഹം സംബന്ധിച്ചിരുന്ന സഭയിൽ പ്രസംഗിക്കാനായി ഒരവസരവും എനിക്കു ലഭിച്ചു.

ചിലർ ചോദിക്കാം, "തകരുന്ന അനുഭവം എനിക്കില്ല, അതിന് ഞാൻ എന്തു ചെയ്യണം?" നാലുപടികൾ ഞാനതിനു നിർദ്ദേശിക്കുന്നു.

## തകർച്ചയിലേക്കുള്ള പടവുകൾ

(ഒന്നാമത്) പ്രാർത്ഥിക്കുക, "ദൈവമേ എന്നെ തകർക്കേണമേ" മറ്റുള്ള വിശ്വാസികളെപ്പോലെ ഒരു മാറ്റം ആവശ്യമാണെന്ന്

നിങ്ങൾക്ക് ബോദ്ധ്യപ്പെടണം. ആ മാറ്റം നിങ്ങൾക്കു അനുഭവമാകാൻ പ്രാർത്ഥനാനിരതനാകുക. എന്നാൽ അതിന് വിലകൊടുക്കേണ്ടിവരുമെന്ന കാര്യം വിസ്മരിക്കരുത്. തകർച്ചാ പ്രക്രിയ വേദനാജനകം തന്നെയാണ്.

(രണ്ടാമത്) കഴിഞ്ഞകാല ജീവിതത്തെ സൂക്ഷ്മ പരിശോധന ചെയ്യുക. തെറ്റുകൾ തിരുത്തണം, ജഡത്തെ അനുസരിച്ച് പ്രവൃത്തിച്ചതിന് ക്ഷമ യാചിക്കണം.

(മൂന്നാമത്) ദൈവത്തോടും സഹവിശ്വാസികളോടും ചെയ്ത കുറ്റം ഏറ്റുപറയുക. ദൈവത്തോട് കുറ്റം ഏറ്റുപറയുന്നത് അത്ര പ്രയാസമല്ല, എന്നാൽ കൂട്ടു വിശ്വാസികളോട് പറയുവാൻ അല്പം കൂടെ പ്രയാസമായിരിക്കും. എന്നാൽ അതു പറയുകതന്നെ വേണം. അല്ലെങ്കിൽ ദൈവാത്മാവിനെ നാം ദുഃഖിപ്പിക്കുകയാണ്

(അവസാനമായി) നിങ്ങളുടെ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തയ്യാറാകുക. നിങ്ങളുടെ "സ്വയത്തിന്" അതിനാൽ ഒന്നും നേടാൻ കഴിഞ്ഞില്ലന്ന് വരാം. പക്ഷേ "തകർച്ചയിൽ" നിന്ന് ലഭിച്ച അനുഗ്രഹങ്ങളുടെ അനുഭവം പങ്കുവെയ്ക്കൽ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കാൻ ഇടയാക്കും.

വാൻസ് ഹാവ്നർ എഴുതുന്നു

"ഉഴുത് മറിക്കപ്പെട്ട ഭൂമി നല്ല വിളവ് നല്കുന്നു. തകർന്ന മേഘങ്ങൾ മഴ നല്കുന്നു, തകർന്ന വിത്ത് ശക്തിയായി മുളക്കുന്നു, തുകൽവെൺകൽപെട്ടി തൂമണം പരത്തുന്നു. ജാബോക്കിൽനിന്ന് മുടന്തിവന്ന യാക്കോബിനാണ് ദൈവത്തോടും മനുഷ്യരോടും ശക്തിയുണ്ടായത്. പത്രോസിന്റെ അനുതാപം എക്കാലത്തേക്കാളും അവനെ ശക്തിയുള്ളവനാക്കിത്തീർത്തു.

ഹൃദയം തകർന്നവരെ ദൈവം സ്നേഹിക്കുന്നു. ദൈവികശക്തിയും പുതുക്കവും അവർക്ക് അനുഭവമാകുകയും ചെയ്യുന്നു.

# അദ്ധ്യായം 26

## ലഹരി പദാർത്ഥങ്ങളോട്...."വേണ്ട" എന്നു പറയുക

സന്തുഷ്ടദാമ്പത്യ ജീവിതം നയിച്ചിരുന്ന ഒരു ചെറുപ്പക്കാരനായ ബിസിനസ്സുകാരനായിരുന്നു സ്റ്റീവ്. ഒരു സ്നേഹിതന്റെ വീട്ടിൽ വെച്ച് നടത്തപ്പെട്ട വിരുന്നിലാണ് കൊക്കൈയിൻ എന്ന ലഹരിപദാർത്ഥം ആദ്യമായി അദ്ദേഹത്തിന് ഉപയോഗിക്കാൻ അവസരം ലഭിച്ചത്. ലഹരി നൽകുന്ന താൽക്കാലികമായ ആനന്ദത്തിലേക്ക് സ്റ്റീവിനും നിലംപതിക്കാൻ പിന്നെ അധികം സമയം നേരിട്ടില്ല. ലഹരിക്കായി ദിനംപ്രതി 60 ഡോളർ ചിലവാക്കുന്നത് കുടുംബതകർച്ചയിലേക്കാണ് വഴിതെളിച്ചത്. സ്നേഹിതരും ഒന്നൊന്നായി വിട്ടുപോയി. മറ്റുള്ള അനേകരെപ്പോലെ കലഹത്തിലും, വിവാഹമോചനത്തിലും, ദാരിദ്ര്യത്തിലും സ്റ്റീവിന്റെയും കഥ അവസാനിച്ചു.

ലഹരിപദാർത്ഥം ഒരുതരം ആനന്ദത്തിലേക്ക് നയിക്കും എന്നത് ആരും നിഷേധിക്കുന്നില്ല. ലോകം ആനന്ദം നൽകും എന്ന് വേദപുസ്തകവും പ്രസ്താവിക്കുന്നുണ്ട്. പക്ഷേ, അത് "താൽക്കാലിക ഭോഗം" (എബ്രായർ 11:25) ആണെന്നുമാത്രം. അവ നിലനിൽക്കാത്ത സന്തോഷങ്ങളാണ്. അതിനു മനുഷ്യൻ നൽകേണ്ട വില യോ അതി ഭയങ്കരവും!

ലഹരിപദാർത്ഥങ്ങളോട് വിശ്വാസികളുടെ മനോഭാവം എന്തായിരിക്കണം? അവയെപ്പറ്റി വേദപുസ്തകം എന്താണ് പറയുന്നത്? അപ്പോസ്തലനായ പൗലോസ് രേഖപ്പെടുത്തിയിരിക്കുന്ന ജഡത്തിന്റെ പ്രവർത്തികളിൽ (ഗലാത്യർ 5:19-21) 'ആഭിചാരത്തെയും' (വാ.20) ഉൾപ്പെടുത്തിയിട്ടുണ്ട്. ആഭിചാരത്തിന് ഗ്രീക്കിൽ 'ഫാർമാകെയാ' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. (മയക്കു)മരുന്ന്, കഷായം, മന്ത്രം, ക്ഷുദ്രം ആദിയായ അർത്ഥങ്ങളെ ഇത് സൂചിപ്പിക്കുന്നു. സാത്താന്യലോകത്തിന്റെ ഭാഗമായ ആഭിചാരകർമ്മങ്ങളിൽ മയക്കുമരുന്നുകൾക്ക് സ്ഥാനമുണ്ട്. ഡോക്ടർമാർ നിർദ്ദേശിക്കുന്ന ചില മരുന്നുകൾക്ക് ശരിയായ ഉപയോഗമുണ്ട്, എന്നാൽ വേദപുസ്തകം വെളിപ്പെടുത്തുന്നത്, മന്ത്രവാദത്തിനും മറ്റും ഉപയോഗിക്കുന്ന മരുന്നുകളെപ്പറ്റിയാണ്.

## ഉപയോഗിക്കുന്നവർ നഷ്ടപ്പെടുന്നവരാണ്

മാനസിക സുഖത്തിനുള്ള മയക്കുമരുന്നുപയോഗം അതീന്ദ്രീയമായ ഒരവസ്ഥയിലേക്കോ സാത്താന്യശക്തി പ്രവേശിക്കുന്നതിന് ജീവിതത്തെ തുറന്നിടുന്ന അവസ്ഥയിലേക്കോ നയിക്കുന്നു.

ചില രക്ഷിക്കപ്പെട്ട മയക്കുമരുന്നുകൾക്കടിമയായിരുന്നവർ പറയുന്നത് ഭൂതബാധിതമാകാത്ത ഒരു മയക്കുമരുന്നുപയോഗവും ഇല്ലെന്നാണ്.

നശിപ്പിക്കുക എന്നുള്ളതാണ് പിശാചിന്റെ ലക്ഷ്യം (മർക്കോസ് 9:22; യോഹന്നാൻ 10:10 ആ). ലഹരി ഉപഭോക്താവെന്നോ മറ്റാരെങ്കിലുമെന്നോ അവന് വ്യത്യാസമില്ല, 'നശിപ്പിക്കുക' എന്ന ലക്ഷ്യവുമായി അവൻ ചുറ്റിത്തിരിയുന്നു. ഇന്ന് സമൂഹത്തിൽ നടക്കുന്ന മൃഗീയവും, വിവേകരഹിതവുമായ കുറ്റകൃത്യങ്ങളും ഇത് വിവരിക്കുന്നു. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെടാതിരിക്കുന്നതാണ് ഏറ്റവും അഭികാമ്യം. "ലഹരിപദാർത്ഥങ്ങളും, പിശാചും,നശിപ്പിക്കലും" തമ്മിലുള്ള ബന്ധത്തെ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

ലഹരിപദാർത്ഥങ്ങളിൽ നിന്നും വിശ്വാസി അകന്നിരിക്കേണ്ടതിന് മറ്റുചില കാരണങ്ങൾ കൂടിയുണ്ട്. അവ ഒരുവനെ അടിമയാക്കുന്നവയാണ്. ഒരു ശീലത്തിനും ഒരു വിശ്വാസി അടിമയാകാൻ പാടില്ല എന്ന് ദൈവവചനം കല്പിക്കുന്നു (റോമർ 6:16-23). ലഹരിപദാർത്ഥങ്ങൾക്ക് അടിമപ്പെട്ട പുരുഷന്മാർ അത് നേടുന്നതിന് കൊള്ളയിലേക്കും, അക്രമത്തിലേക്കും തിരിയുമ്പോൾ ചില സ്ത്രീകൾ വേശ്യാവൃത്തിയിലേക്ക് തിരിയുന്നു. ഉപയോഗിക്കുന്ന സൂചിയിൽനിന്നും പകരുന്ന പകർച്ചവ്യാധികൾ, ശരീരം ശോഷിക്കുന്നത്, രോഗപ്രതിരോധശക്തി നഷ്ടപ്പെടുക തുടങ്ങി ലഹരിപദാർത്ഥങ്ങളുടെ ഉപയോഗംമൂലം ലഭിക്കുന്ന തകർച്ചകൾ നിരവധിയാണ്. എടുത്തുമാറ്റാൻ കഴിയാത്ത മാനസികതകർച്ചയാണ് ഏറ്റവും വലിയ ആഘാതം. ലഹരിപദാർത്ഥങ്ങളിൽ അടിമകളായവർക്ക് ബോധക്ഷയം സംഭവിക്കുകയോ, വിചിത്രമായി പെരുമാറുന്നവരായി തീരുകയോ ചെയ്യുന്നത് സാധാരണമാണ്. ചിലർ ആത്മഹത്യയിൽ ജീവിതം അവസാനിപ്പിക്കുന്നു. മയക്കുമരുന്നുപയോഗം

നിയമവിരുദ്ധമായതുകൊണ്ട്, അറസ്റ്റും, തടവും, മറ്റുശിക്ഷകളും അവർ ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നു.

വിശ്വാസിയുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാകയാൽ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാൻ പാടില്ല (1കൊരിന്ത്യർ 6:19). മറ്റുള്ളവരെ നശിപ്പിക്കുന്നതും ക്രിസ്തീയസാക്ഷ്യം നഷ്ടപ്പെടുത്തുന്നതുമായ യാതൊരു ലഹരിപദാർത്ഥങ്ങളുടെ വില്പനയും വിശ്വാസി നടത്തരുത്. ക്രിസ്തുവിലേക്ക് മനുഷ്യരെ നേടുക എന്നതാണ് നമ്മുടെ ഉത്തരവാദിത്തം, അല്ലാതെ ലഹരിക്ക് അവരെ അടിമകളാക്കുക എന്നുള്ളതല്ല.

സാത്താന്യവും, മയക്കുമരുന്നും ബന്ധപ്പെട്ടതാണെന്ന് മുകളിൽ സൂചിപ്പിച്ചല്ലോ. സാത്താന്യശക്തികളുമായി ബന്ധപ്പെട്ടതും, വിശ്വാസികൾ വിട്ടുമാറി നിൽക്കേണ്ടതുമായ മറ്റുചിലതുകൂടി ശ്രദ്ധിക്കുക. പക്ഷിശാസ്ത്രം, ജ്യോതിഷം, ക്ഷുദ്രപ്രയോഗം, യോഗ, ഭാവി പറയുന്നത്, ഊയിജാഫലകം, ഹസ്തരേഖാശാസ്ത്രം, അതിന്ദ്രീയ ജ്ഞാനം, പരേതാത്മാക്കളിലുള്ള വിശ്വാസം, മരിച്ചവരുമായി സംസാരിക്കുന്നത് (ശകുനം നോക്കൽ, മുഹൂർത്തം, പാലുകാച്ചൽ, നാൾ, നക്ഷത്രം നോക്കൽ, അന്ധവിശ്വാസങ്ങൾ എന്നിവയും ഉൾപ്പെടുത്തട്ടെ) (ഒ.നോ. ആവർത്തനപുസ്തകം 18:9-14).

## മദ്യപാനം

മദ്യപാനിയായിരുന്ന രക്ഷിക്കപ്പെട്ട ഒരു വ്യക്തിയോട് ചോദിച്ചു, "യേശുക്രിസ്തു വെള്ളത്തെ വീഞ്ഞാക്കി മാറ്റിയെന്ന് നീ വിശ്വസിക്കുന്നോ?" അദ്ദേഹത്തിന്റെ മറുപടി, "തീർച്ചയായും ഞാൻ വിശ്വസിക്കുന്നു. വിസ്ക്കിയെ പലചരക്കു സാധനങ്ങളാക്കി മാറ്റുന്നതും, ചൂതാട്ടക്കുറികളെ വീട്ടുപകരണങ്ങളക്കി മാറ്റുന്നതും, തകർന്ന ഹൃദയത്തോടിരുന്ന എന്റെ ഭാര്യയെ പ്രകാശം നിറഞ്ഞ വിശ്വാസിയാക്കി മാറ്റിയതും, എനിക്ക് കാണാൻ കഴിഞ്ഞു. തന്മൂലം, വെള്ളത്തെ വീഞ്ഞാക്കി മാറ്റിയെന്നുള്ളത് വിശ്വസിക്കാൻ എനിക്ക് ഒട്ടും പ്രയാസമില്ല".

ഇന്ന് വളരെ സാധാരണമായിരിക്കുന്ന ഒരു ലഹരിപദാർത്ഥമാണ് മദ്യം. ഇതിനു മുകളിൽ വിവരിച്ച ലഹരിപദാർത്ഥങ്ങളെപ്പോലെ ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്ന് ഒളിച്ചോടുവാൻ സഹായിക്കുന്ന ഒരു മാർഗ്ഗമാണ്. സംഘർഷങ്ങളിൽ നിന്നും, പ്രശ്നങ്ങ

ളിൽ നിന്നും ഒരു താല്ക്കാലിക വിടുതൽ മദ്യം നല്കുന്നുണ്ട്. എന്നാൽ മറ്റു ലഹരിപദാർത്ഥങ്ങളെപ്പോലെതന്നെ ഇതും ആത്മ വീര്യം കെടുത്തുന്നതും മാനുഷികമൂല്യങ്ങൾ ഇല്ലാതാക്കുന്നതും, നാശകരവുമാണ്.

മദ്യത്തെപ്പറ്റിയുള്ള വേദപുസ്തക വീക്ഷണം വിശ്വാസികൾ തീർച്ചായായും സ്വീകരിക്കേണ്ടതാണ്. മനുഷ്യനെ സന്തോഷിപ്പി ക്കാനായാണ് വീഞ്ഞിനെ ദൈവം നൽകിയിരിക്കുന്നത് (സ ങ്കീർത്തനം 104:15). എന്നാൽ വീഞ്ഞിന്റെ അമിതമായ ഉപയോഗം ശരിയായ തീരുമാനം എടുക്കാനുള്ള കഴിവിനെ നഷ്ടപ്പെടുത്തുന്നു (സദൃശ്യവാക്യങ്ങൾ 31:4,5; ഹോശെയാ 4:11). അജീർണ്ണതയും കൂടെക്കൂടെയുള്ള ക്ഷീണം അകറ്റാനും (1 തിമൊഥെയോസ് 5:23) ഔഷധമായി ഉപയോഗിക്കാനും വീഞ്ഞ് (സദൃശ്യവാക്യങ്ങൾ 31:6,7) നല്ലതാണ്. എന്നാൽ ദൈവം നൽകിയിരിക്കുന്ന ഈ അനു ഗ്രഹത്തെ മദ്യപാനം ആക്കുമ്പോഴാണ് അപകടമായി മാറുന്നത്. ഇതിനെ സംബന്ധിച്ച മുന്നറിയിപ്പ് വിശ്വാസികൾക്ക് ദൈവവചനം നല്കുന്നുണ്ട് (റോമർ 13:13). മദ്യപാന്മാർ ദൈവരാജ്യം അവകാ ശമാക്കുകയില്ല എന്ന് 1 കൊരിന്ത്യർ 6:10-ൽ രേഖപ്പെടുത്തിയിരി ക്കുന്നു. ഒരു മനുഷ്യൻ വിശ്വാസിയാണെന്ന് പറഞ്ഞിട്ട് മദ്യപാന ത്തിലേർപ്പെടുകയാണെങ്കിൽ തന്റെ വിശ്വാസം കപടമാണെന്നാ ണ് അദ്ദേഹം വെളിപ്പെടുത്തുന്നത്. രണ്ടുവാക്യങ്ങൾകൂടി ശ്രദ്ധി ക്കുക.

"വീഞ്ഞു പരിഹാസിയും മദ്യം കലഹക്കാരനും ആകുന്നു;
അതിനാൽ ചാഞ്ചാടി നടക്കുന്ന ആരും
ജ്ഞാനിയാകില്ല" (സദൃശ്യവാക്യങ്ങൾ 20:1)

"...........വീഞ്ഞുകുടിക്കാതെയും സഹോദരന്നു ഇടർച്ച വരു ത്തുന്ന യാതൊന്നും ചെയ്യാതെയും ഇരിക്കുന്നതു നല്ലതു" (റോ മർ 14:21).

വീഞ്ഞു കുടിച്ചു മത്തരാകാതെ, ആത്മാവുനിറഞ്ഞ ഒരു ജീവി തമാണ് വിശ്വാസിക്ക് വേണ്ടതെന്ന് അപ്പോസ്തലനായ പൗലോസ് ഉത്ബോധിപ്പിക്കുന്നു (എഫെസ്യർ 5:18).

## രോഗമോ പാപമോ

മദ്യപാനശീലത്തെ പാപം എന്ന് വിളിക്കാതെ ഒരു രോഗമാണെന്ന് പലരും പ്രചരിപ്പിക്കുന്നുണ്ട്. എന്നാൽ മദ്യപാനം പാപമാണെന്നും മദ്യപന്മാർ ദൈവരാജ്യം അവകാശമാക്കുകയില്ലെന്നും തിരുവെഴുത്ത് വ്യക്തമാക്കുന്നു (1 കൊരിന്ത്യർ 6:10).

മനുഷ്യന്റെ പെരുമാറ്റത്തിന് ധാർമ്മികപരമായി അവൻ തന്നെയാണ് ഉത്തരവാദി. ചെയ്യുന്ന പാപത്തെ രോഗമെന്ന് വിളിച്ച് അതിന്റെ ഉത്തരവാദിത്തത്തിൽ നിന്നും രക്ഷപ്പെടാൻ അവന് സാദ്ധ്യമല്ല.

മദ്യപാനശീലത്തെ ഒരു രോഗമെന്ന് വിളിക്കുന്നത് കള്ളന്യായമാണെന്ന് ചില വർഷങ്ങൾക്കു മുമ്പ് നാഷണൽ വോയ്സ് മാസികയിൽ എഴുതിയിരുന്നത് ചുവടെ ചേർക്കുന്നു.

"മനുഷ്യന് സ്വന്തഹിതത്താൽ ഉണ്ടാകുന്ന രോഗം ഇതുമാത്രം. പ്രചരിപ്പിക്കാൻ അനുമതിപത്രം ആവശ്യമുള്ള രോഗം ഇതു മാത്രമാണ്.

കുപ്പികളിലാക്കി വില്പന നടത്തുന്ന രോഗം ഇതുമാത്രമാണ്

സർക്കാരിന് വരുമാനം ഉണ്ടാക്കിക്കൊടുക്കുന്ന രോഗം ഇതു മാത്രമാണ്

അതിക്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്ന രോഗം ഇതുമാത്രമാണ്

ശീലം രൂപപ്പെടുത്തുന്ന രോഗം ഇതുമാത്രമാണ്.

പരസ്യംകൊണ്ട് പ്രചരിപ്പിക്കുന്ന രോഗം ഇതുമാത്രമേയുള്ളൂ

രോഗാണുക്കളില്ലാതെ ഉണ്ടാകുന്ന രോഗം ഇതുമാത്രമേയുള്ളൂ

രോഗിയെ സ്വർഗ്ഗത്തിൽ വിടാത്തരോഗം ഇതുമാത്രമേയുള്ളൂ

ക്രിസ്തുമസ്സ് സമ്മാനമായി നല്കുന്ന രോഗം ഇതുമാത്രമേയുള്ളൂ".

മദ്യപാനം മനുഷ്യനെ അടിമയാക്കുന്ന ഒരു ശീലമാണ്. ഒരു വിശ്വാസി കർത്താവിനല്ലാതെ എന്തെങ്കിലും കാര്യങ്ങൾക്കോ, ആർക്കെങ്കിലുമോ അടിമയാകാൻ പാടില്ല (1കൊരിന്ത്യർ 9:26,27).

ചെലവേറിയ ഒരു ശീലമാണ് മദ്യപാനം. കുടുംബത്തിനോ, വ്യക്തിപരമായ ആവശ്യങ്ങൾക്കോ ചെലവാക്കേണ്ട പണം ഈ

നശീകരണപ്രവർത്തിക്കുവേണ്ടി ഉപയോഗിക്കുന്നു. "വീഞ്ഞ്........... പ്രിയപ്പെടുന്നവൻ ധനവാനുകകയില്ല" (സദൃശ്യവാക്യങ്ങൾ 21:17). എന്ന് ശലോമോൻ രേഖപ്പെടുത്തിയിരിക്കുന്നു. വീഞ്ഞിനുവേണ്ടി വെറിപിടിച്ചവർ ബാലയെ വിറ്റ് വീഞ്ഞു വാങ്ങും എന്ന് യോവേൽ പ്രവചനത്തിൽ വായിക്കുന്നു (യോവേൽ 3:3).

മദ്യപാനം ആരോഗ്യത്തിന് എത്രമാത്രം ഹാനികരമാണെന്ന് നമുക്ക് അറിവുള്ളതാണല്ലോ. കരൾവീക്കം, വൃക്കരോഗങ്ങൾ, ഹൃദയരോഗങ്ങൾ, തലച്ചോറിന് ബാധിക്കുന്ന രോഗങ്ങൾ അങ്ങനെ മദ്യപാനം മൂലമുണ്ടാകുന്ന രോഗങ്ങൾ നിരവധിയാണ്. അമേരിക്കൻ ഐക്യനാടുകളിൽ ഒരു മദ്യപാനിയുടെ ജീവിതകാലയളവ് ഏകദേശം 51വർഷം മാത്രമാണ്. ഗർഭിണികളുടെ മദ്യപാനശീലം ഗർഭസ്ഥശിശുക്കൾക്ക് മാരകമായ രോഗത്തെ ഉണ്ടാക്കുന്നു. "ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കും പക്ഷേ നമ്മുടെ ശരീരം ക്ഷമിക്കുകയില്ല" എന്ന് ആരോ ഒരാൾ പറഞ്ഞിട്ടുണ്ട്.

ജോലിയിൽ തുടരാനുള്ള വൈഷമ്യം, കുടുംബജീവിതത്തിലെ തകർച്ചകൾ, മദ്യപാനികളായ ഡ്രൈവർമാർ മുഖാന്തരം ഉണ്ടാകുന്ന അപകടങ്ങൾ, ആത്മഹത്യകൾ, കൊലപാതകങ്ങൾ-മദ്യപാനം നല്കുന്ന തകർച്ചയുടെ പട്ടിക ഇനിയും നീളും. അടുത്തിടയ്ക്ക് നടത്തിയ ഒരു സ്ഥിതിവിവര കണക്കിൻ പ്രകാരം, കുറ്റം ചെയ്ത് ജയിൽ ശിക്ഷ അനുഭവിക്കുന്നവരിൽ 80 ശതമാനം പേരും മദ്യത്തിലും ലഹരിയിലുമാണ് അത് ചെയ്തത്.

മദ്യപാനിയെപ്പറ്റിയുള്ള ഒരു നല്ല വിശദീകരണം സദൃശ്യവാക്യങ്ങൾ 23:29-35 വരെയുള്ള വാക്യങ്ങളിൽ വായിക്കുന്നു.

"ആർക്കു കഷ്ടം, ആർക്കു സങ്കടം, ആർക്കു കലഹം?

ആർക്ക് ആവലാതി, ആർക്ക് അനാവശ്യമായ മുറിവുകൾ, ആർക്ക് കൺചുവപ്പ്?

വീഞ്ഞുകുടിച്ചുകൊണ്ടു നേരം വൈകിക്കുന്നവർക്കും

മദ്യം രുചിച്ചുനോക്കുവാൻ പോകുന്നവർക്കും തന്നെ

വീഞ്ഞു ചുവന്നു പാത്രത്തിൽ തിളങ്ങുന്നതും

രസമായി ഇറക്കുന്നതും നീ നോക്കരുത്.

ഒടുക്കം അതു സർപ്പംപോലെ കടിക്കും;

അണലിപോലെ കൊത്തും.

നിന്റെ കണ്ണു പരസ്ത്രീകളെ നോക്കും;

നിന്റെ ഹൃദയം വക്രത പറയും.

നീ നടുക്കടലിൽ ശയിക്കുന്നവനെപ്പോലെയും

പാപമരത്തിന്റെ മുകളിൽ ഉറങ്ങുന്നവനെപ്പോലെയും ആകും.

അവർ എന്നെ അടിച്ചു, എനിക്കു നൊന്തില്ല;

അവർ എന്നെ തല്ലി, ഞാൻ അറിഞ്ഞതുമില്ല

ഞാൻ എപ്പോൾ ഉണരും? ഞാൻ ഇനിയും അതുതന്നെ തേടും

എന്നു നീ പറയും"

## സുരക്ഷിതമാർഗ്ഗം

ഒരുവന് മദ്യപാനിയായിത്തീരാതിരിക്കുന്നതിന് ചെയ്യാവുന്ന ഏറ്റവും ഉത്തമകാര്യം മദ്യത്തിൽ നിന്നും പൂർണ്ണമായി അകന്നിരിക്കുക എന്നതാണ്. ഈ സ്വഭാവം മറ്റുള്ളവർക്ക് ഇടർച്ചവരുത്താതിരിക്കാനും ഇതു മാത്രമേയുള്ളൂ സുരക്ഷിതമാർഗ്ഗം. വിശ്വാസി എന്ന പേരോടുകൂടിയ ഒരുവൻ മദ്യപിക്കുന്നത് ഒരു ബലഹീന വിശ്വാസി കണ്ടാൽ 'അദ്ദേഹത്തിന് ചെയ്യാമെങ്കിൽ എനിക്കെന്തുകൊണ്ട് ചെയ്തു കൂടാ' എന്ന തീരുമാനത്തിൽ അവനെത്തും. ഒരു മദ്യപാനിയായിതീരാൻ അത് അവനെ വളരെയധികം സഹായിക്കും. അവന്റെ തകർച്ചയ്ക്ക് ഉത്തരവാദി വിശ്വാസി എന്നു പറയുന്നവനാണെന്ന് സംശയമില്ലല്ലോ? അതുകൊണ്ട് അപ്പോസ്തലനായ പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നത് "മാംസം ഭക്ഷിക്കാതെയും, വീഞ്ഞു കുടിക്കാതെയും, സഹോദരന് ഇടർച്ചവരുത്തുന്ന യാതൊന്നും ചെയ്യാതെയും ഇരിക്കുന്നത് നല്ലത്" (റോമർ 14:21). മറ്റൊരു ഭാഗത്ത് പറയുന്നു, "ആകയാൽ ആഹാരം എന്റെ സഹോദരന് ഇടർച്ചയായിത്തീരും എങ്കിൽ എന്റെ സഹോദരന് ഇടർച്ചവരുത്താതിരിക്കേണ്ടതിനു ഞാൻ ഒരുനാളും മാംസം ഭക്ഷിക്കയില്ല" (1കൊരിന്ത്യർ 8:13). നിങ്ങളൊരു മദ്യപാനിയായിരിക്കുന്നതിനേക്കാൾ ഭയാനകമാണ് മറ്റൊരുവനെ മദ്യപാനിയാക്കുന്നത്.

## ജയത്തിനുള്ള മാർഗ്ഗം

മെൽ ട്രോട്ടർ ഒരു മദ്യപാനിയായിരുന്നു. മദ്യം കഴിക്കാതെയിരിക്കുമ്പോഴുള്ള അലസത അകറ്റുന്നതിനായി എപ്പോഴും മദ്യപാനംചെയ്തുകൊണ്ടിരുന്ന ഒരു മദ്യാസക്തനായിരുന്നു അദ്ദേഹം. ഒരു ദിവസം അദ്ദേഹത്തിന്റെ മകൻ മരിച്ചു, ദുഃഖിതനായിതീർന്ന ട്രോട്ടർ മദ്യം കുടിക്കാൻ അതിയായി ആഗ്രഹിച്ചു. പക്ഷെ അതിനുള്ള പണം അദ്ദേഹിന്റെ കൈയ്യിലുണ്ടായിരുന്നില്ല. എങ്ങനെയെങ്കിലും മദ്യം വാങ്ങണം എന്ന് ഉറച്ച്, ശവപ്പെട്ടിയിൽ കിടത്തിയിരുന്ന മകന്റെ ശവശരീരത്തിലുണ്ടായിരുന്ന ഷൂസുകൾ എടുത്ത് മദ്യത്തിനായി പണയംവെച്ചു. തിരിച്ചു വരുന്ന വഴിയിൽ തന്റെ നികൃഷ്ടതയെ ഓർത്ത് പരിതപിച്ച മെൽ ട്രോട്ടർ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു. പോകുന്ന വഴിയിൽ മദ്യപാനികളുടെ മോചനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു ക്രിസ്തീയ രക്ഷാകേന്ദ്രം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അവിടെ പ്രവേശിച്ച ട്രോട്ടർ സുവിശേഷം കേട്ട് വളരെഅത്ഭുതകരമായി രക്ഷിക്കപ്പെടുവാനിടയായി. അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ പരിവർത്തനം ഉണ്ടായി. മദ്യപാനത്തിൽ നിന്നും വിമുക്തനായ മെൽ ട്രോട്ടർ തെരുവീഥികളിൽകൂടി നടന്ന് ക്രിസ്തുവിനെ ഘോഷിച്ച് അനേകരെ ക്രിസ്തുവിങ്കലേക്ക് നടത്തി. പരിശുദ്ധാത്മശക്തിയാൽ മദ്യപാനാസക്തിയിൽ നിന്ന് വിജയം നേടാം എന്നതിന്റെ ഒരു വലിയ തെളിവാണ് മെൽ ട്രോട്ടറുടെ ജീവിതം. ഒരു മദ്യപാനിക്ക്, മദ്യപാനപ്രലോഭനത്തിൽ നിന്നും ഒരിക്കലും വിടുതൽ സാദ്ധ്യമല്ല എന്നത് തികച്ചും തെറ്റായ ധാരണയാണെന്ന് അദ്ദേഹം തെളിയിച്ചു വിടുതൽ നൽകാനുള്ള പരിശുദ്ധാത്മശക്തിക്കു മുമ്പിൽ അത്തരം വാദങ്ങൾക്കൊന്നും യാതൊരു സ്ഥാനവുമില്ല.

മദ്യപാനിയായിരുന്ന മറ്റൊരു വ്യക്തി രക്ഷിക്കപ്പെട്ടപ്പോൾ പഴയ മനുഷ്യൻ തിരിച്ച് ഒരു പുതിയ മനുഷ്യനായി മാറിയിരിക്കുന്നു എന്ന് പരസ്യമായി അറിയിക്കേണ്ടിതിന് അനന്തര കല്പനയായ സ്നാനം സ്വീകരിക്കാൻ ആവശ്യപ്പെടുകയുണ്ടായി. എല്ലാം കഴിഞ്ഞതിനു ശേഷം, സ്നാനത്തൊട്ടി വൃത്തിയാക്കിയ സൂക്ഷിപ്പുകാരന് അതിന്റെ അടിയിൽനിന്നും ഒരു വിസ്കികുപ്പി ലഭിച്ചു. ജീവിതത്തിലെ മദ്യപാനം എന്ന അദ്ധ്യായം പൂർണ്ണമായി അടച്ചു എന്ന് വെളിപ്പെടുത്തിയ മറ്റൊരു വ്യക്തിയുടെ സാക്ഷ്യമാണിത്.

മദ്യപാനത്തിൽ വീണിരിക്കുന്ന ഏതെങ്കിലും വിശ്വാസി ഇത് വായിക്കുകയാണെങ്കിൽ പരിഹാരത്തിന് ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കട്ടെ.

1. മദ്യത്തിന്റെ ഏതെങ്കിലും തരത്തിലുള്ള ശേഷിപ്പ് കൈവശമുണ്ടെങ്കിൽ ഇപ്പോൾതന്നെ ചവറ്റുകുട്ടയിൽ അതുപേക്ഷിക്കുക. വിടുതൽ വേണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ അത് നിങ്ങൾ ചെയ്തിരിക്കും.

2. പ്രലോഭനത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ആത്മീയ ശക്തിക്കായി ദൈവത്തോട് കരഞ്ഞപേക്ഷിക്കുക.

   "എന്നെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു എന്നെ വിടുവിക്കേണമേ" എന്ന് പ്രാർത്ഥിക്കുക.

3. എതു പ്രലോഭനങ്ങളേയും എതിർക്കുക (സദൃശ്യവാക്യങ്ങൾ 1:10). കർത്താവിനെ വിളിച്ചപേക്ഷിക്കുമ്പോൾ നിങ്ങൾക്കത് സാദ്ധ്യമാകും (സദൃശ്യവാക്യങ്ങൾ 18:10). ഓരോ പ്രലോഭനത്തെ ജയിക്കുമ്പോഴും, അടുത്ത പ്രലോഭനത്തെ ജയിക്കാൻ അത് സഹായിക്കുന്നു (1കൊരിന്ത്യർ 10:10).

4. എല്ലാ പരാജയത്തേയും ഉടൻതന്നെ ദൈവത്തോട് ഏറ്റുപറയുക (1യോഹന്നാൻ 1:9). ആത്മീയ പക്വതയുള്ള ഒരു പ്രാർത്ഥനാ പങ്കാളിയോട് നിങ്ങൾക്ക് സംഭവിക്കുന്ന പരാജയങ്ങളെപ്പറ്റി പറയുന്നത് ഒരു നല്ല മാർഗ്ഗമാണ്.

5. പ്രലോഭിക്കുവാൻ സാദ്ധ്യതയുള്ള സ്ഥലത്തേയും, സ്നേഹിതരേയും ജീവിതത്തിൽ നിന്നും അകറ്റി നിർത്തുക.

6. നിങ്ങളുടെ വൈഷമ്യഘട്ടത്തിൽ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പാനും, ഏതു സാഹചര്യത്തിലും സ്നേഹിതരായിരിപ്പാൻ കഴിയുന്ന ഒരു ആത്മീയ പക്വതയുള്ള ഒരു വിശ്വാസിയോട്, കഴിയുമെങ്കിൽ, കണക്കുബോധിപ്പിക്കുന്നവനായിരിക്കുക (സദൃശ്യവാക്യങ്ങൾ 17:17).

വളരെ നിരാശയോട്, അതേസമയം വിടുതൽ വേണമെന്നുള്ള ആഗ്രഹത്തോടെ നിങ്ങളായിരിക്കുകയാണെങ്കിൽ ജയിക്കാനാവശ്യമായ ശക്തി ദൈവം നിങ്ങൾക്കു തരും. പക്ഷെ, നിങ്ങൾക്ക് യഥാർത്ഥമായ ആവശ്യബോധം ഉണ്ടായിരിക്കണമെന്നു മാത്രം.

## അദ്ധ്യായം 27

# ചൂതാട്ടം എന്ന തട്ടിപ്പ്

"ഒരു ലക്ഷം രൂപയുടെ ഭാഗ്യശാലി നിങ്ങളായിരിക്കാം. ഇതിലുൾപ്പെടുത്തിയിരിക്കുന്ന ഭാഗ്യനമ്പറുകൾ, വരിസംഖ്യയോടൊപ്പം തിരിച്ചയച്ചാൽ മാത്രംമതി. അങ്ങനെ വിജയികളുടെ പട്ടികയിലേക്ക് നിങ്ങൾക്കും സ്വാഗതം."

ഇതുപോലെ പലരീതിയിലുള്ള ചൂതാട്ടങ്ങളുടെ ക്ഷണം നമ്മുടെ ചുറ്റും ധാരാളം കാണുന്നു. സാധനങ്ങൾ വാങ്ങിച്ചിറങ്ങുമ്പോൾ ലഭിക്കുന്ന കാർഡോ, ബില്ലോ സമ്മാനങ്ങൾ ലഭിക്കാൻ സാദ്ധ്യതയുള്ള ഭാഗ്യക്കുറി ആണെന്നറിയുമ്പോൾ സാധനങ്ങൾക്കെടുത്ത കൂടിയ വില സാരമായി നാം ഗണിക്കാറില്ല.

വിശ്രമവേളകളിൽ പത്രങ്ങളോ, മാസികകളോ വായിക്കാനെടുക്കുമ്പോൾ ലക്ഷങ്ങൾ സമ്മാനമായി നേടിയവരുടെ പേരും വിവരവും.

അലസമായി കിടന്നപ്പോഴാണ് കോളിംങ് ബെൽ ശബ്ദിച്ചത്. വാതിൽ തുറന്നപ്പോൾ യൂണിഫോമണിഞ്ഞ ഒരു സ്കൂൾകുട്ടി, സ്കൂളിന്റെ ആവശ്യത്തിലേക്ക് പണം പിരിക്കുന്നതിന് ഭാഗ്യക്കുറിയുമായി നില്ക്കുന്നു. ഓമനത്തമുള്ള കുട്ടി! യോഗ്യമായ കാര്യവും! എങ്ങനെ നിരസിക്കും!!

## ശീഘ്രത്തിൽ പണ സമ്പാദനത്തിനുള്ള പ്രലോഭനം

"വേഗത്തിൽ പണം നേടാനോ, ശീഘ്രത്തിൽ ധനവാനാകാനോ ഉള്ള സാഹചര്യങ്ങൾ ഇന്നത്തെ സമൂഹം വാഗ്ദാനം ചെയ്യുന്നുണ്ട്. കുതിരപന്തയങ്ങൾ, നായ്പന്തയങ്ങൾ, ഭാഗ്യക്കുറികൾ, പണം വെച്ചുള്ള ചീട്ട്കളി സർവ്വസാധാരണമാണ്. ഫുട്ബോൾ, ക്രിക്കറ്റ് മൽസരങ്ങളിൽ പന്തയം വെച്ച് ലക്ഷങ്ങൾ നേടാം. അല്പംകൂടി ഉയർന്നതാണ് നോക്കുന്നതെങ്കിൽ ഓഹരിക്കമ്പോളത്തിൽ ഊഹക്കച്ചവടത്തിലേർപ്പെടാം.

ചൂതാട്ടത്തിന്റെ വിവിധവും, ആധുനികവുമായ ഇത്തരം മുഖങ്ങളിൽകൂടി ലക്ഷങ്ങളും കോടികളും സമ്പാദിക്കുന്നവരെപ്പറ്റി കേൾക്കുമ്പോൾ, ആർക്കും അത് ചെയ്യുവാനുള്ള താല്പര്യം ഉണ്ടാകാം. ഒരു വിശ്വാസിക്ക് പെട്ടെന്ന് പണം സമ്പാദനത്തിനുള്ള മാർഗ്ഗത്തിൽ ഏർപ്പെടാമോ?

## വചനത്തിൽനിന്നുള്ള ഉൾക്കാഴ്ചകൾ

ഇതിനെ സംബന്ധിച്ച് ദൈവവചനം എന്താണ് പറയുന്നത്? ചൂതാട്ടത്തിന് സമാനമായ പ്രവർത്തിയിൽ പങ്കെടുക്കുന്നതോ ഏർപ്പെടുന്നതോ ഒരു വിശ്വാസിക്ക് ഏതെങ്കിലും തരത്തിൽ നിയമാനുസൃണമാകുമോ? ചൂതാട്ടത്തെ സംബന്ധിച്ച് സ്പഷ്ടമായി വേദപുസ്തകം ഒന്നും പറയുന്നില്ലെങ്കിലും പത്താമത്തെ കല്പന ശ്രദ്ധിക്കുക. "....യാതൊന്നിനെയും മോഹിക്കരുത്" (പുറപ്പാട് 20:17). ചൂതാട്ടം അത്യാഗ്രഹത്തിന്റെ മറ്റൊരു രൂപമാണ്. ധനത്തിനായുള്ള അമിതമായ എന്റെ ആഗ്രഹവും ദൈവം തന്നിരിക്കുന്നത് പോരാ എന്ന ചിന്തയുമാണ് അതിൽ ഞാൻ ഏർപ്പെടുമ്പോൾ വെളിപ്പെടുന്നത്. മറ്റുള്ളവരുടെ ചെലവിൽ എനിക്ക് സമ്പന്നനാകണം എന്നതാണ് അതിന്റെ മറ്റൊരർത്ഥം. സ്വർഗ്ഗീയ പിതാവിനെ ദർശിക്കുന്നതിലുപരി ഭാഗ്യത്തിലേക്കും മറ്റ് അവസരങ്ങളിലേക്കും ഞാൻ എന്റെ കണ്ണുകളെ നയിക്കുന്നു.

അത്യാഗ്രഹത്തിനെതിരെ വേദപുസ്തകം വ്യക്തമാക്കുന്നതെല്ലാം ചൂതാട്ടത്തിനു ബാധകമാണ്. ലൂക്കൊസ് 12:15ൽ വായിക്കുന്നു. "സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞുകൊൾവിൻ" ദ്രവ്യാഗ്രഹത്തിൽനിന്നും സ്വതന്ത്രമായിരിക്കണം വിശ്വാസിയുടെ ജീവിതമാർഗ്ഗം ഉള്ളതുകൊണ്ട് അവൻ തൃപ്തിപ്പെടണം. (എബ്രാ. 13:5). അത്യാഗ്രഹം വിഗ്രഹാരാധനയാണ്. (കൊലൊ. 3:5); നമ്മുടെ ജീവിതത്തിലുള്ള ദൈവത്തിന്റെ സ്ഥാനം അത് കയ്യടക്കും. അത്യാഗ്രഹത്തെ ദുർന്നടപ്പിനോടും, വാവിഷ്ടാണക്കാരനോടും, മദ്യപനോടും, പിടിച്ചുപറിക്കാരനൊടൊപ്പമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥലം സഭയുടെ കൂട്ടായ്മയിൽനിന്ന് അകറ്റി നിർത്താനിടയുള്ള പാപങ്ങളാണിതൊക്കെ. 1 കൊരി. 5:11). 1കൊരി. 6:10-ൽ അത്തരക്കാർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നാണ് പറഞ്ഞിരിക്കുന്നത്.

വേദപുസ്തകം മറ്റൊരു ഭാഗത്ത് പറയുന്നത് ശ്രദ്ധിക്കുക. "അന്യായമായി സമ്പാദിച്ച ധനം കുറഞ്ഞു കുറഞ്ഞുപോകും. അദ്ധ്വാനിച്ചു സമ്പാദിക്കുന്നവനോ വർദ്ധിച്ചു വരും" (സദൃശ്യവാക്യങ്ങൾ 13:11). എന്നാൽ സത്യസന്ധമായിട്ടുള്ള പ്രവർത്തനം തീർച്ചയായും ഫലവത്തായതിരിക്കും. സദൃശ്യവാക്യങ്ങൾ 28:22

ശ്രദ്ധിക്കുക" കണ്ണുകടിയുള്ളവൻ ധനവാനാകുവാൻ ബദ്ധപ്പെട ന്നു, ബുദ്ധിമുട്ടുവരുമെന്ന് അവൻ അറിയുന്നതുമില്ല" ചൂതാട്ടത്തിനെ പ്രേരിപ്പിക്കുന്നത് അത്യാഗ്രഹമാണ്. അത്യാഗ്രഹം പാപമായിരി ക്കുന്നതിനാൽ ദൈവശിക്ഷയെ അത് കാണിക്കുന്നു. ഇവിടുത്തെ ദൈവശിക്ഷ ദാരിദ്രമായിരിക്കും.

വേദപുസ്തകം വ്യക്തമാക്കുന്നു. "ന്യായമായിട്ടല്ലാതെ ധനം സമ്പാദിക്കുന്നവൻ, താൻ ഇടാത്ത മുട്ട പൊരുന്നിരിക്കുന്ന തിത്തി രിപ്പക്ഷിയെപ്പോലെയാകുന്നു; അവന്റെ മദ്ധ്യായുസ്സിങ്കൽ അത് അവനെ വിട്ടുപോകും. ഒടുക്കം അവൻ ഭോഷനായിരിക്കും" (യിര. 17:11). ചൂതാട്ടത്തിലൂടെ സമ്പാദിക്കുന്ന പണം ഒരിക്കലും സംതൃ പ്തി തരികയില്ല. ജീവിതത്തിൽ കൂടുതൽ കഷ്ടത മാത്രമായി രിക്കും ഫലം.

ഒരു വിശ്വാസി "ഉണ്ണാനും ഉടുപ്പാനും" ഉള്ളതിൽ സംതൃപ്തനാ യിരിക്കണം എന്ന് തിമൊഥെയോസിനെ ഓർപ്പിച്ചതിനുശേഷം ധനാവാന്മാരാകാൻ ശ്രമിക്കുന്നവർക്ക് അപ്പൊസ്തലനായ പൗലോ സ് മുന്നറിയിപ്പ് കൊടുക്കുന്നു. "ധനികന്മാരാകുവാൻ ആഗ്രഹിക്കു ന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു" (1തിമൊ. 6:9)

യേശുക്രിസ്തുവിനെ ക്രൂശിച്ചതിനുശേഷം റോമൻ പടയാളി കൾ അവന്റെ അങ്കിക്കായി ചീട്ടിടുന്ന രംഗം (ഒരു തരത്തിലുള്ള ചൂതാട്ടം) ഓർത്താൽ ചൂതാട്ടം തിന്മയാണെന്നുള്ള ബോധം വിശ്വാ സിക്കുണ്ടാകും. (യോഹ. 19:23,24).

## നഷ്ടം നേരിടുന്ന വ്യാപാരം

ആർക്കെങ്കിലും ഭാഗ്യക്കുറി അടിച്ചാൽ അദ്ദേഹത്തിന്റെ "ഭാഗ്യം" വലിയ പ്രചരണമാക്കും. എന്നാൽ നഷ്ടം നേരിടുന്നവരെപ്പറ്റി ആരും ശബ്ദിക്കാറില്ല. 1974 ൽ നടന്ന ഒരു ചൂതാട്ടത്തിൽ 1,920,000 ഡോളർ നഷ്ടപ്പെട്ട ഇറ്റലിക്കാരൻ വ്യവസായിയെപ്പറ്റിയോ, അതേ വർഷത്തിൽ 1 മില്യൻ ഡോളർ നഷ്ടമാക്കിയ അറബ് രാജകുമാ രനെപ്പറ്റിയോ അധികമാർക്കും അറിയില്ല. നിത്യവൃത്തിക്ക് കഷ്ട പ്പെടുന്ന അനേകരുടെ സമ്പാദ്യമാണ് ചൂതാട്ടത്തിൽ നഷ്ടപ്പെ ടുന്നത് ധനം നേടാനുള്ള അവരുടെ അവസരം തുലോം ചുരുക്ക വുമാണ്.

ചൂതാട്ടം പെട്ടെന്ന് തന്നെ ദുശ്ശീലമായി മാറാം. ഒരു മോഹാലസ്യത്തിൽ അകപ്പെട്ടതുപോലെ അനേകർ ചൂതാട്ടത്തിലേക്ക് പണം പിന്നെയും പിന്നെയും നിക്ഷേപിക്കുന്നു. ലഭിച്ചതിനേക്കാൾ കൂടുതൽ ലഭിക്കുമെന്നോ, നഷ്ടപ്പെട്ടതെങ്കിലും തിരികെ കിട്ടുമെന്നോ ഉള്ള ചിന്തയിലാണ് പണം അവർ നഷ്ടപ്പെടുത്തുന്നത്. യാദൃച്ഛികമായി ഒരു പ്രാവശ്യം കിട്ടിയാൽ തുടർനഷ്ടത്തിലേക്ക് ആകർഷിക്കപ്പെടാൻ പിന്നെ മറ്റൊന്നും വേണ്ട. ഒരു വിശ്വാസിയും ചൂതാട്ടത്തിന്റെ ശക്തിയിൽ അടിമപ്പെടാൻ പാടില്ല. അപ്പൊസ്തലനായ പൗലോസ് കൊരിന്ത്യ വിശ്വാസികളെ ഓർപ്പിക്കുന്നു. "സകലത്തിന്നും എനിക്കു കർത്തവ്യം ഉണ്ട് എങ്കിലും സകലവും പ്രയോജനമുള്ളതല്ല; സകലത്തിന്നും എനിക്കു കർത്തവ്യം ഉണ്ട്. എങ്കിലും ഞാൻ യാതൊന്നിന്നും അധീനനാകയില്ല" (1കൊരി. 6:12).

ചൂതാട്ടകളിക്കാർ തങ്ങൾക്കും കുടുംബത്തിനും കൊണ്ടുവരുന്ന ദാരിദ്ര്യത്തിന്റെയും ദുഃഖത്തിന്റെയും വില നിർണ്ണയിക്കാൻ സാദ്ധ്യമല്ല. കുടുംബം ജീർണ്ണാവസ്ഥയിലാകുന്നു ഭക്ഷണം കുറയുന്നു, കടഭാരം വർദ്ധിക്കുന്നു, സമ്പാദ്യനഷ്ടം അപ്പോഴും തുടരുന്നു, ഒരു രാത്രികൊണ്ട് ധനവാനാകും എന്ന പ്രതീക്ഷയോടെ ചൂതാട്ടത്തിൽ നഷ്ടപ്പെട്ട പണം തിരിച്ചുണ്ടാക്കുന്നതിന് ചിലർ മോഷണം, കൊള്ള, പിടിച്ചുപറി മുതലായവയിൽ ഏർപ്പെടുന്നു. അങ്ങനെ ദ്രവ്യാഗ്രഹം സകലദോഷത്തിലേക്കും അവരെ വലിച്ചിഴയ്ക്കുകയാണ്.

ചൂതാട്ടത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന സംഘങ്ങളെപ്പറ്റിയും ഒരു വാക്ക് ചേർക്കട്ടെ. അധോലോകസംഘങ്ങൾക്കും, മാഫിയാ സംഘങ്ങൾക്കും പല ചൂതാട്ടങ്ങളുടെയും പിന്നിൽ പങ്കുണ്ട്. നരകത്തിന്റെ ഗന്ധം പുറപ്പെടുവിക്കുന്ന ഇതിൽ ഏർപ്പെടാൻ ഒരു വിശ്വാസിക്ക് എന്തു ന്യായീകരണമാണ് ഉള്ളത്?

ഭക്തിയുടെ കപടമുഖം അണിഞ്ഞാണ് ചിലപ്പോൾ പ്രലോഭനങ്ങൾ വരുന്നത്. "ആ പണം ലഭിച്ചാൽ കർത്താവിന്റെ വേലയിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാകും" തിന്മ ചെയ്യുന്നതിൽ കൂടി നന്മവരും എന്ന പഴയ കള്ളന്യായം തന്നെയാണത്. താനെടുത്തിരിക്കുന്ന ലോട്ടറിക്ക് ജയം നേടാനായി പ്രാർത്ഥിക്കണമെന്നാവശ്യപ്പെട്ട് ഒരു സ്ത്രീ ഒരിക്കൽ ഒരു പ്രസംഗകന്റെ അരികിലെത്തി.

"ഈ ലോട്ടറി അടിച്ചാൽ" അവർ തുടർന്നു. "പകുതി പള്ളിയിലേക്ക് ഞാൻ സംഭാവന ചെയ്യും" അതിന് പ്രസംഗകൻ മറുപടി കൊടുത്തു. "മതം പൊതുവായി എന്താണെന്നും അതിൽ പ്രത്യേകിച്ച് ക്രിസ്ത്യാനിത്വം എന്താണെന്നുമുള്ള ധാരണ നിങ്ങൾക്ക് ലഭിക്കുന്നതിനുമായി ഞാൻ പ്രാർത്ഥിക്കാം." ചൂതാട്ടത്തിൽ കൂടി നേടിയ പണം കർത്തൃവേലയ്ക്ക് ആവശ്യമില്ല. അങ്ങനെ ചെയ്താൽ ദൈവം യാതൊരു വിധത്തിലും അനുഗ്രഹിക്കുകയില്ല. കാരണം അത് അശുദ്ധമായ പണമാണ്.

ചൂതാട്ടത്തിലേക്ക് പ്രലോഭിക്കപ്പെടുന്നവർ അപ്പൊസ്തലനായ പൗലോസിന്റെ വാക്കുകളെ ഓർക്കുക. "അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നു......." (1 തിമൊ. 6:6).

നിങ്ങൾ ഒരു ദൈവഭക്തനും, സംതൃപ്തനുമാണെങ്കിൽ പണം ഒരിക്കലും നേടിത്തരാത്ത ചില കാര്യങ്ങൾ നിങ്ങൾക്കുണ്ട്. ഒരു ദൈവഭക്തന് ചൂതാട്ടത്തിൽ ഏർപ്പെടാൻ സാദ്ധ്യമല്ല. നിങ്ങൾ സംതൃപ്തനാണെങ്കിൽ അതിനുള്ള ആവശ്യവും താല്പര്യവും ഉണ്ടാകുകയുമില്ല.

## അദ്ധ്യായം 28

# ജനന നിയന്ത്രണം – അനുകൂലവും പ്രതികൂലവും

ക്രിസ്തീയ വിശുദ്ധിയെ സംബന്ധിച്ച പഠനത്തിൽ ജനന നിയന്ത്രണത്തെപ്പറ്റിയുള്ള ഒരദ്ധ്യായം ആവശ്യമാണോ? ധാർമ്മികവും സദാചാരപരവുമായ ഒത്തിരി സംഗതികൾ ഉൾപ്പെട്ട വിഷയമാകയാൽ അതിനെ അധികരിച്ച് ഒരദ്ധ്യായം വേണമെന്ന് അനേകം വിശ്വാസികൾ ആവശ്യപ്പെടുകയുണ്ടായി.

ജനനനിയന്ത്രണം, തന്റെ ജനത്തോടുള്ള ദൈവഹിതത്തിന് എതിരാണെന്ന് ഒരു കൂട്ടർ വാദിക്കുമ്പോൾ ഇത് ഓരോരുത്തരുടെയും സാഹചര്യത്തെയും തീരുമാനത്തെയും അടിസ്ഥാനമാക്കിയുള്ളതാണെന്ന് മറുവശത്ത് മറ്റൊരുകൂട്ടർ വാദിക്കുന്നു (ഒ.നോ. റോമർ. 14:5).

## ജനനനിയന്ത്രണത്തിന് എതിരെയുള്ള വാദം

ഇരുവാദങ്ങളും പഠനവിധേയമാക്കുന്നതാണ് ഈ വിഷയത്തെ സംബന്ധിച്ച് മനസ്സിലാക്കുന്നതിനുള്ള ഉത്തമമാർഗ്ഗം. ജനനനിയന്ത്രണത്തിനെതിരെയുള്ള ചില വാദങ്ങളാണ് ഈ ഭാഗത്ത് നാം ശ്രദ്ധിക്കാൻ പോകുന്നത്.

1. ഉല്പ. 1:28 ദൈവം പറഞ്ഞു, "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു കല്പിച്ചു" ഇത് ഒരിക്കലും റദ്ദാക്കിയിട്ടില്ല.

**എതിരായ വാദഗതി**

സൃഷ്ടിയുടെ ആരംഭത്തിലും ജലപ്രളയത്തിനുശേഷവും കൊടുത്ത ഒരു കല്പനയാണിത്. അന്നത് ആവശ്യമായിരുന്നു. ഇപ്പോൾ അത് ആവശ്യമായിരിക്കുന്നില്ല

2. വലിയ കുടുംബങ്ങൾ ദൈവീകാനുഗ്രഹത്തിന്റെ ലക്ഷണമാണ്.

"മക്കൾ, യഹോവ നല്കുന്ന അവകാശവും ഉദരഫലം, അവൻ തരുന്ന പ്രതിഫലവും തന്നേ. വീരന്റെ കയ്യിലെ അസ്ത്രങ്ങൾ എങ്ങനെയോ അങ്ങനെയാകുന്നു യൗവനത്തിലെ മക്കൾ. അവയെക്കൊണ്ടു തന്റെ ആവനാഴി നിറച്ചിരിക്കുന്ന പുരുഷൻ ഭാഗ്യവാൻ, നഗരവാതില്ക്കൽ വച്ചു ശത്രുക്കളോടു സംസാരിക്കുമ്പോൾ അങ്ങനെയുള്ളവർ ലജ്ജിച്ചു പോകയില്ല" (സങ്കീ. 127:3-5).

" നിന്റെ ഭാര്യ നിന്റെ വീടിനകത്തു ഫലപ്രദമായ മുന്തിരിവള്ളി പോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവുതൈകൾ പോലെയും ഇരിക്കും. യഹോവ ഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും" (സങ്കീ. 128:3,4).

3. വലിയ കുടുംബങ്ങളിൽ വളർത്തപ്പെടുന്ന കുഞ്ഞുങ്ങൾ നല്ല വ്യക്തിത്വമുള്ളവരും, സാമർത്ഥ്യമുള്ളവരുമായി വളരുന്നു. മറ്റുള്ളവരുമായി ഇടപെടാനും തെറ്റിപ്പോകാനുമുള്ള സാദ്ധ്യത കുറവായും കാണുന്നു.

4. ഓനാൻ ജനനനിയന്ത്രണം പാലിച്ചതിനാൽ ദൈവശിക്ഷ ഏല്ക്കേണ്ടിവന്നതിന്റെ ഉദാഹരണമാണ് (ഉല്പ. 38:1-11)

ഓനാന് ലഭിച്ച ശിക്ഷ അതിനായിരുന്നില്ല. ദേവര സമ്പ്രദായമനുസരിച്ച് സഹോദരന്റെ വിധവയായ ഭാര്യയെ വിവാഹം കഴിക്കാൻ തയ്യാറാകാത്തതായിരുന്നു ഓനാന്റെ കുറ്റം

5. കൊരിന്ത്യലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ് എഴുതിയിരിക്കുന്നു. "പ്രാർത്ഥനയ്ക്ക് അവസരമുണ്ടാകുവാൻ ഒരു സമയത്തേക്കു പരസ്പര സമ്മതത്തോടെ അല്ലാതെ തമ്മിൽ വേർപെട്ടിരിക്കരുത്. നിങ്ങളുടെ അജിതേന്ദ്രിയത്വം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേണ്ടതിനു വീണ്ടും ചേർന്നിരിപ്പിൻ" (1കൊരി. 7:5).

*ഉത്തരം.* വിവാഹം എന്ന പ്രവൃത്തിയാണ് ഇവിടുത്തെ വിഷയം ഗർഭനിരോധനമാർഗ്ഗം അതിൽ ഉണ്ടാകുകയോ, ഇല്ലാതിരിക്കുകയോ ചെയ്യാം.

6. ഗർഭധാരണത്തിലൂടെയാണ് ഒരു സ്ത്രീയുടെ ജീവിതം ധന്യമാകുന്നത് സ്ത്രീകളുടെ സഭയിലെ സ്ഥാനം സംബന്ധിച്ച വിവരണത്തിൽ "അവർ മക്കളെ പ്രസവിച്ച് അവരാൽ സംരക്ഷിക്കപ്പെടും" (1തിമൊ. 2:15) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. കുഞ്ഞുങ്ങളെ ദൈവഭക്തിയിൽ വളർത്തിക്കൊണ്ടു വരുന്നത് വളരെ പ്രാധാന്യം അർഹിക്കുന്നതു തന്നെയാണ്. സ്ത്രീകൾ ഗർഭം ധരിച്ച് കുഞ്ഞുങ്ങളെ പ്രസവിക്കണമെന്നും അവിടുത്തെ മഹത്വത്തിനുവേണ്ടി അവരെ വളർത്തിക്കൊണ്ടുവരണമെന്നും ദൈവം ആഗ്രഹിക്കുന്നു (1തിമൊ. 3:15; 5:14; തീത്തൊ. 2:4).

*ഉത്തരം.* വിവാഹം കഴിക്കാനും കുഞ്ഞുങ്ങളെ വളർത്താനും സാഹചര്യം കിട്ടാത്ത സ്ത്രീകളെ സംബന്ധിച്ച് പിന്നെ എങ്ങനെ?

7. ഗർഭം തുറക്കുന്നതും അടയ്ക്കുന്നതും ദൈവം ആണ് (ഉല്പ. 20:18; 29:31; 1ശമു. 1:6).

ഈ അധികാരം ദൈവം മനുഷ്യന് കൊടുത്തിട്ടില്ല. ജനനനിയന്ത്രണത്തെപ്പറ്റി വേദപുസ്തകം ഒന്നും പറയുന്നില്ല. അതിനെ സംബന്ധിച്ച വാദങ്ങൾക്കൊന്നും വേദപുസ്തക അടിസ്ഥാനവുമില്ല.

**ജനനനിയന്ത്രണത്തിനനുകൂലമായ വാദം**

ജനനനിയന്ത്രണം ശരിയാണെന്നു വാദിക്കുന്ന ചില വാദങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

1. വ്യക്തമായ കല്പനകൾ ഈ കാര്യത്തോട് അനുബന്ധിച്ച് ദൈവവചനം നല്കുന്നില്ല. വിവാഹിതരെ സംബന്ധിച്ച ദൈവഹിതം എന്താണെന് മനസ്സിലാക്കാൻ ദൈവം അവർക്ക് സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട്.

2. ജനനനിയന്ത്രണം ആവശ്യമാണെന്ന് ഈ കാലത്തുള്ള ജനപ്പെരുപ്പം ആവശ്യപ്പെടുന്നു. ദാരിദ്ര്യത്താലും, പോഷകമൂല്യ ആഹാരങ്ങളുടെ അഭാവത്താലും അനേകരാണ് ദിവസംപ്രതി മരിക്കുന്നത്. ഈ പെരുപ്പത്തെ നിയന്ത്രിച്ചില്ല എങ്കിൽ മഹാവിപത്തിനുതന്നെ അതു ഇടയാക്കും.

   **എതിർവാദം**

   ആഹാര ദൗർല്ലഭ്യമല്ലാ പ്രശ്നം. അത്യാഗ്രഹവും ആഹാരം വിതരണം ചെയ്യാതെ അടക്കി വെച്ചിരിക്കുന്നതും, മാംസവും മറ്റ് പോഷകാഹാരങ്ങളും വർജ്ജിക്കണമെന്നാവശ്യപ്പെടുന്ന ഭോഷ്കു മതങ്ങളുമാണ് വിപത്തായിരിക്കുന്നത്.

3. മാതാപിതാക്കളുടെ സാമ്പത്തികനില അനുസരിച്ച് കുഞ്ഞുങ്ങളുടെ എണ്ണം പരിമിതപ്പെടുത്തണം. ഒരു കുഞ്ഞിനെപ്പോലും ശരിയായി ശ്രദ്ധിക്കാൻ ബുദ്ധിമുട്ടുള്ളപ്പോൾ ധാരാളം കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടുവരുന്നത് ദൈവത്തെ ആദരിക്കലല്ല.

   **എതിർവാദം**

   ചെറിയ കുടുംബത്തെയും വലിയ കുടുംബത്തേയും പോറ്റി പുലർത്താൻ ദൈവം മതിയായവൻ ആണ് (മത്താ. 6:33; ഫിലി. 4:19).

4. ഒരു കർഷക കുടുംബത്തിൽ ധാരാളം കുഞ്ഞുങ്ങൾ ഉള്ളത് നല്ലതായിരിക്കും. കൃഷിയിലും മറ്റും സഹായിക്കാൻ അവർക്കാകും. എന്നാൽ ഒരു പട്ടണത്തെ സംബന്ധിച്ച് അങ്ങനെയല്ല. ചെറിയ വീടുകളും, ഇടുങ്ങിയ മുറികളുമായിരിക്കും താമസിക്കാൻ അവിടെ കിട്ടുന്നത്.

5. സന്താനോല്പാദനം വിവാഹത്തിന്റെ ഏകലക്ഷ്യമല്ല. ഐക്യത്തോടെ താമസിച്ച് സഖിത്വവും ആനന്ദവും അനുഭവിക്കണമെന്ന് തന്റെ ജനത്തെപ്പറ്റി ദൈവം ആഗ്രഹിക്കുന്നു.

6. മാതാവിന്റെ ആരോഗ്യം അപകടത്തിലാണെങ്കിൽ ജനനനിയന്ത്രണം വേണമെന്ന് നിയമം അനുശാസിക്കുന്നു.

7. പാപവും അക്രമവും നിറഞ്ഞ ഈ ലോകത്ത് മക്കളെ കൊണ്ടുവരുന്നത് ആഗ്രഹിക്കത്തക്കകാര്യമല്ല.

   *എതിർവാദം.* "യഹോവയുടെ ദയയോ എന്നുമെന്നേക്കും അവന്റെ നീതി മക്കളുടെ മക്കൾക്കും ഉണ്ടാകും" (സങ്കീ. 103:17) എന്ന് വേദപുസ്തകം വാഗ്ദത്തം നല്കിയിരിക്കുന്നു

8. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ ജനനനിയന്ത്രണം എല്ലാവരും പാലിക്കുന്നു.

   *എതിർവാദം.* എല്ലാവരും ചെയ്യുന്നതുകൊണ്ട് ഒരു കാര്യം ശരിയാകണമെന്നില്ല.

9. ജനനനിയന്ത്രണത്തെപ്പറ്റി വേദപുസ്തകം വ്യക്തമായി പഠിപ്പിക്കുന്നില്ല എങ്കിലും ആത്മാവിന്റെ ഫലമായി ഇന്ദ്രിയജയത്തെ (ആത്മനിയന്ത്രണം) രേഖപ്പെടുത്തിയിട്ടുണ്ട് (ഗലാ. 5:23).

ജനനനിയന്ത്രണത്തിന് അനുകൂലവും പ്രതികൂലവുമായ ചില വാദങ്ങളാണ് നാം മുകളിൽ കണ്ടത്. എന്താണ് ഇവയ്ക്കുള്ള ഉത്തരം? വിവാഹിതരായവർ ദൈവസന്നിധിയിൽ വന്ന്, അവിടുത്തെ ഹിതം എന്താണെന്നു ചോദിക്കുക.

എങ്ങനെ മുന്നോട്ടു പോകണം എന്ന് അവിടുന്ന് വെളിപ്പെടുത്തി തരും.

ഇരുവാദങ്ങളുടെ വശത്തും ആത്മീകരായ വിശ്വാസികൾ ഉണ്ടെന്ന കാര്യം യാഥാർത്ഥ്യമാണ്. ഇതിനെ ഒരു ഉപദേശ വിഷയം ആക്കാനോ, നമ്മുടെവാദം മറ്റുള്ളവരുടെമേൽ അടിച്ചേൽപിക്കാനോ ശ്രമിക്കരുത്.

കർത്താവിന്റെ ദൃഷ്ടിയിൽ ശരിയായിരിക്കുന്നത് ചെയ്യുക.

# അദ്ധ്യായം 29

## വിശ്വാസിയും രാഷ്ട്രീയവും

ഒരു വിശ്വാസിക്ക് രാഷ്ട്രീയത്തിൽ എർപ്പെടാമോ?

ഏർപ്പെടാം എന്നു സമ്മതിക്കുന്നവർ സാധാരണ പറയാറുള്ളത്, "നല്ല മനുഷ്യർ ഒന്നും ചെയ്യാതിരുന്നാൽ തിന്മജയം പ്രാപിക്കും". അവരുടെ ഈ വാദം അംഗീകരിക്കപ്പെടുന്നില്ലെങ്കിൽ രാജ്യഭരണത്തിലും മറ്റും ഏർപ്പെട്ടിരുന്ന യോസഫ്, മോശെ, ദാനിയേൽ എന്നിവരെ വേദപുസ്തകത്തിൽനിന്നും ഉദാഹരണമായി ചൂണ്ടിക്കാണിക്കും.

പ്രസ്തുത വാദങ്ങൾ ശരിയാണല്ലോ എന്നു തോന്നാം. പക്ഷേ ഇത് ദൈവിക കാഴ്ചപ്പാട് അല്ല, മറിച്ച് മനുഷ്യജ്ഞാനത്താൽ പ്രസ്താവിക്കുന്നതാണ്. രാഷ്ട്രീയത്തെ സംബന്ധിച്ച് വേദപുസ്തക വെളിപ്പാട് എന്നാണ്? അതാണ് ഒരു വിശ്വാസി ശ്രദ്ധിക്കേണ്ടത്. യോസഫും, ദാനിയേലും മറ്റും സ്ഥാനത്തിനുവേണ്ടി ഓടി നടന്നവരല്ല, രാജ്യഭരണ ഉദ്യോഗസ്ഥരായി ജോലി നോക്കിയിരുന്നവർ മാത്രമാണ്. മോശെയെ സംബന്ധിച്ചിടത്തോളം ആ കാലത്തുണ്ടായിരുന്ന ഭരണത്തെ "ശല്യപ്പെടുത്തിയ" ഒരാളായിരുന്നു.

### വേദപുസ്തക ഉത്തരം

ഒരു വിശ്വാസി രാഷ്ട്രീയത്തിൽ ഏർപ്പെടാമോ എന്നതിനെപ്പറ്റി വേദപുസ്തകം പറയുന്ന കാര്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. കർത്താവായ യേശുക്രിസ്തു രാഷ്ട്രീയത്തിൽ ഏർപ്പെട്ടിരുന്നില്ല. അക്കാലത്തുണ്ടായിരുന്ന ഭരണകർത്താക്കൾ യേശുക്രിസ്തുവിനെ കണ്ടത് തങ്ങൾക്ക് എതിരായഒരു വ്യക്തിയായിട്ടാണ് ശിഷ്യന്മാർ രാഷ്ട്രീയത്തിൽ ഏർപ്പെട്ടിരുന്നില്ല. സുവിശേഷ ഘോഷണത്തിൽ ശ്രദ്ധ പതിപ്പിച്ചിരുന്നതുകൊണ്ട് ദൈവത്തിൽ നിന്നുള്ള നന്മ അവർ നഷ്ടപ്പെടുത്തിയോ?

അപ്പോസ്തലനായ പൗലോസ് രാഷ്ട്രീയത്തിൽ ഏർപ്പെട്ടിരുന്നില്ല. തന്റെ വിളിയോടും തന്നെ ഏല്പിച്ച സന്ദേശത്തോടും വിശ്വസ്തത പുലർത്തിയതിനാൽ പരീശസമൂഹത്തോട് "ഇടയേണ്ടി" വന്നു.

തന്റെ രാജ്യം ഈ ലോകത്തിന്റേതല്ല എന്നത്രേ യേശുക്രിസ്തു പഠിപ്പിച്ചത് (യോഹ. 18:36). തന്നിൽ വിശ്വസിക്കാത്ത തന്റെ സഹോദരന്മാരോട് യേശുക്രിസ്തു പറഞ്ഞു "നിങ്ങളെ വെറുക്കുവാൻ ലോകത്തിനു കഴിയുന്നതല്ല, എന്നാൽ അതിന്റെ പ്രവൃത്തികൾ ദോഷമുള്ളവ എന്നു ഞാൻ അതിനെക്കുറിച്ചു സാക്ഷ്യം പറയുന്നതുകൊണ്ട് അത് എന്നെ വെറുക്കുന്നു" (യോഹ. 7:7). "സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു" (1യോഹ. 5:19) എന്ന് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. രാഷ്ട്രീയം ലോകവ്യവസ്ഥിതിയിലെ ഒരു ഭാഗമാണ്.

ലോകത്തിൽ സ്വാധീനം ചെലുത്തണമെങ്കിൽ നാം ലോകത്തിൽ നിന്ന് വേർപെട്ടവരായിരിക്കണം (2കൊരി. 6:17). ഭൂമിക്ക് വെളിയിൽ ഒരു തൂണ് ഉണ്ടായിരുന്നുവെങ്കിൽ തനിക്ക് ഭൂമിയെ ചലിപ്പിക്കാൻ കഴിയുമായിരുന്നുവെന്ന് ആർക്കമെഡീസ് ഒരിക്കൽ പറഞ്ഞു. ലോകവ്യവസ്ഥിതിക്ക് വെളിയിൽ നിന്നെങ്കിൽ മാത്രമെ നമുക്ക് ലോകത്തെ കർത്താവിനായി നീക്കുവാൻ സാധിക്കുകയുള്ളു. അപ്പൊസ്തലനായ പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നു. "പട ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിനു യാതൊരു പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു" (2തിമൊ. 2:4). എല്ലാ വിശ്വാസികളും കർമ്മനിരതരായിരിക്കേണ്ടതാണ്. മറ്റൊന്നിലേക്ക് വ്യതിചലിക്കുവാൻനമ്മെ നാം അനുവദിക്കരുത്.

കലുഷമാക്കപ്പെട്ടതും അനുരഞ്ജനം നിറഞ്ഞതുമാണ് രാഷ്ട്രീയം. ഓരോരുത്തരുടെ കാര്യനേട്ടത്തിന് ഉതകുന്നതല്ലാതെ ജനങ്ങൾക്ക് നന്മ വരത്തക്ക രീതിയിലുള്ള തീരുമാനങ്ങളല്ല, രാഷ്ട്രീയക്കാർ സാധാരണ എടുക്കുന്നത്. ദൈവീകപ്രമാണങ്ങൾക്കുപരി മാനുഷിക പ്രമാണങ്ങളെയാണ് രാഷ്ട്രീയക്കാർ പിൻപറ്റുന്നതും. മിഷിഗനിലെ സെനറ്ററായിരുന്ന വാൻഡെൻ ബെർഗ് ഇപ്രകാരം പറഞ്ഞു. "രാഷ്ട്രീയത്തിന്റെ തനി സ്വഭാവം അഴിമതി തന്നെയാണ്. ദൈവസഭ തങ്ങളുടെ യഥാർത്ഥ ചുമതല മറന്ന്, രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഇടപെടരുത്. അതിൽ ഇടപെട്ടാൽ സഭയുടെ വിശുദ്ധി നഷ്ടപ്പെടും".

ലോകത്തിന്റെ പ്രശ്നങ്ങൾക്കു ദൈവം നല്കുന്ന പരിഹാരം രാഷ്ട്രീയമല്ല പ്രത്യുത ആത്മീയമാണ്. പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവരല്ല, പുതുജനനമാണ് അവിടുത്തെ ഉത്തരം. രാഷ്ട്രീ

യം, അർബുദത്തിന് മുകളിൽ ചുറ്റപ്പെടുന്ന കേവലം ബാൻഡ്-എയ്ഡ് പോലെ മാത്രമേയുള്ളൂ, അർബുദത്തിന് അത് പരിഹാരമാകുകയില്ല. കർത്താവ് നമുക്കു നല്കിയിരിക്കുന്ന കല്പന ശ്രദ്ധിക്കുക, "മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ, നീയോ പോയി ദൈവരാജ്യം അറിയിക്കുക..........." (ലൂക്കൊ. 9:60).

വാഴപ്പഴത്തൊലി നിർമ്മാർജ്ജനത്തിന് ശ്രമിച്ച ഒരു വ്യക്തിയുടെ രസകരമായ കഥ ഈ വസ്തുത വ്യക്തമാക്കിത്തരും. പുസ്തക പ്രസാധനത്തിലുംവിതരണത്തിലും ഏർപ്പെട്ടിരുന്ന ഒരു വ്യക്തി അത്യാവശ്യം ചെയ്തു തീർക്കേണ്ട ചില ജോലികൾക്ക് തിരക്കു പിടിച്ച് പോവുകയായിരുന്നു. പാതയോരത്തു കിടന്ന ഒരു വാഴപ്പഴത്തൊലി അപ്പോഴാണ് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്. അതവിടെ തന്നെ കിടന്നാൽ ആരെങ്കിലും തെന്നിവീഴുമല്ലോ എന്നു കരുതി, ചപ്പു ചവറുകൾ നിക്ഷേപിക്കുന്ന പാത്രത്തിലേക്ക് അതിനെ അദ്ദേഹം എടുത്തിട്ടു.

"ഇതുപോലെയുള്ള പഴത്തൊലികൾ ആ പട്ടണത്തിന്റെ നടപ്പാതകളിൽ കാണുവാൻ സാധ്യതയുള്ളതിനാൽ, അതിൽ ചവിട്ടി ആരെങ്കുലും വീണാൽ എല്ലുകളൊടിഞ്ഞ് ആശുപത്രിയെ അഭയം പ്രാപിക്കേണ്ടിവരും. അതുകൊണ്ട് തന്റെ സമയം ഉപയോഗിച്ച് അവയെ പാതയിൽ നിന്ന് മാറ്റണം" എന്ന ചിന്ത അദ്ദേഹത്തിനുണ്ടായി. പക്ഷേ ഒരു നിമിഷം ഓർക്കുക.

പുസ്തകപ്രസാധനത്തോടുള്ള ബന്ധത്തിൽ വളരെയധികം ജോലികൾ ചെയ്ത് തീർക്കേണ്ടതുണ്ട്. അതിനായിട്ടാണ് മുമ്പോട്ട് താൻ പോയിക്കൊണ്ടിരിക്കുന്നത്. തന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തം അച്ചടിശാല പ്രവർത്തിപ്പിച്ച് പുസ്തകങ്ങൾ തയ്യാറാക്കി വായനക്കാർക്ക് ലഭ്യമാക്കുക എന്നുള്ളതാണ്. ഈ ബോദ്ധ്യം അദ്ദേഹത്തെ വാഴപ്പഴത്തൊലി നിർമ്മാർജ്ജന പദ്ധതിയിൽ നിന്നുംപിൻതിരിപ്പിച്ചു. വാഴപ്പഴത്തൊലി മാറ്റുന്നത് തെരുവ് വൃത്തിയാക്കുന്നവരുടെ ചുമതലയാണ്. അവരുടെ ഉത്തരവാദിത്തം അവർ ചെയ്യട്ടെ.

ചില പ്രായോഗിക കാര്യങ്ങൾ കുറിക്കട്ടെ. ഒരു വിശ്വാസിയുടെ ഏറ്റവും വലിയ ഉത്തരവാദിത്തം കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസിദ്ധപ്പെടുത്തുക എന്നുള്ളതാണ്. അത് അവൻ ചെയ്യുന്നില്ലെങ്കിൽ ഒരിക്കലും അത് ചെയ്ത് തീർക്കപ്പെടുകയില്ല.

അതുകൊണ്ടാണ് കർത്താവ് അരുളിച്ചെയ്തത്, "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും" (മത്താ. 6:33). അനേകർ രാഷ്ട്രീയത്തിൽ ഏർപ്പെടുന്നു.... പക്ഷെ, മരണത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന സ്ത്രീകളെയും പുരുഷന്മാരെയും സുവിശേഷം അറിയിക്കാനാണ് അവിടുന്ന് നമ്മോട് കല്പിച്ചിരിക്കുന്നത്. മറ്റു യോഗ്യതയുള്ള പദ്ധതികളൊക്കെയുണ്ടായിരിക്കാം, എന്നാൽ നാം ഇതിൽ പരാജയപ്പെടുകയാണെങ്കിൽ ഈ സ്ഥാനം എടുക്കാൻ മറ്റാരുമില്ല.

ലോകത്തെ കൂടുതൽ വാസയോഗ്യമാക്കിത്തീർക്കുക എന്നതല്ല ഈ യുഗത്തിൽ ദൈവത്തിന്റെ ഉദ്ദേശ്യം, പിന്നെയോ അവിടുത്തെ നാമത്തിനായി ജാതികളിൽ നിന്ന് ഒരു ജനത്തെ വേർതിരിക്കുക എന്നതാണ് (അപ്പൊ. 15:14). ഈ ലക്ഷ്യം നിറവേറാനായി ക്രിസ്തുവിനോടൊപ്പം പങ്കാളികളായിത്തീരുകയാണ് നാം ചെയ്യേണ്ടത്.

ജോവറ്റ് എന്ന ഒരു ഭക്തൻ എഴുതിയത് ശ്രദ്ധിക്കുക:-

"ലോകത്തിന്റെ വീണ്ടെടുപ്പിന് ദൈവത്തോടൊപ്പമുള്ള പങ്കാളികളാണ് നാം...... ഇതാണ് നമ്മുടെ ദൗത്യം". ദൈവം നല്കിയിരിക്കുന്ന ഉന്നതമായ വിളിയെ മനസ്സിലാക്കാതെ അതിൽ കുറഞ്ഞ കാര്യങ്ങളെ ആലിംഗനം ചെയ്ത് രാജാക്കന്മാരായിരിക്കേണ്ടവർ അടിമകളായിത്തീരുന്നതിനേയും പറക്കേണ്ടവർ ഇഴയുന്നതും കണ്ട് അദ്ദേഹം വിലപിക്കുന്നു.

ഒരു വിശ്വാസിയുടെ പൗരത്വം സ്വർഗ്ഗത്തിലാണ് (ഫിലി. 3:20). ലോകത്തിൽ അവൻ അന്യനും പരദേശിയുമാണ് (1പത്രൊ. 2:11) ഗവൺമെന്റിനെ അനുസരിക്കുവാൻ ഉത്തരവാദിത്തവും അതിന്റെ നിയമാവകാശങ്ങൾ സ്വീകരിക്കുവാൻ അവകാശവും ഉള്ളപ്പോൾ തന്നെ രാഷ്ട്രീയവ്യവസ്ഥയിൽ പങ്കാളികളാകുവാൻ വിശ്വാസി ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

രാഷ്ട്രീയത്തിൽ ഞാൻ പങ്കാളിയാകുകയാണെങ്കിൽ ലോകത്തിന്റെ പ്രശ്നങ്ങളെ പരിഹരിക്കുവാൻ അതിന് കഴിവുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. എന്നാൽ നൂറ്റാണ്ടുകളായി ആ രംഗത്ത് പരാജയപ്പെട്ടുകൊണ്ടിരിക്കുന്നതും പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാക്കുന്നതുമായ രാഷ്ട്രീയത്തിൽ ഞാൻ വിശ്വാസം അർപ്പിക്കുന്നതിന് ഒരു കാരണവുമില്ല.

ഇപ്പോഴുള്ള സാഹചര്യം കൂടുതൽ വഷളായിത്തീരുകയേയുള്ളു എന്നാണ് വേദപുസ്തകം വ്യക്തമാക്കുന്നത് (1തിമൊ. 4:1-3; 2തിമൊ. 3:1-5). കർത്താവ് ഏല്പിച്ചിരിക്കുന്ന മഹാനിയോഗത്തിലേക്കുള്ള വിശ്വാസിയുടെ ഉത്തരവാദിത്തം ഇത് കൂടുതൽ അടിയന്തരമാക്കിത്തീർക്കുന്നു.

വിശ്വാസികൾ യാതൊന്നും ചെയ്യാതെ നിഷ്ക്രിയരായിരിക്കണമെന്നാണോ ഞാൻ പറഞ്ഞതിന്റെ അർത്ഥം? അല്ല! പ്രാർത്ഥനയിൽക്കൂടെ ലോകസ്ഥിതിഗതികൾക്ക് ധാരാളം മാറ്റം വരുത്താനാകും? ലോകവ്യവസ്ഥിതിയെ പ്രാർത്ഥനയിൽകൂടെ നമുക്ക് നിയന്ത്രിക്കുവാൻകഴിയും. ഒരു വിശ്വാസിക്ക് ധാരാളം ചെയ്യാനുണ്ടെന്നുള്ള കാര്യംകൂടി ഓർപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. വേദപുസ്തകം പറയുന്നത് ശ്രദ്ധിക്കുക.

"ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡീകങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവതന്നെ" (2കൊരി. 10:4).

ഭരണത്തിൽ പങ്കാളികളാകാനുള്ള സമയം വിശ്വാസികൾക്ക് വന്നിട്ടില്ല (1കൊരി. 4:8). ഭാവി ഭരണത്തിലേക്കുള്ള പരിശീലനസമയമാണ് ഈ ജീവിതകാലയളവ്.

വില്യം കെല്ലിയുടെ ഒരു ഉദ്ധരണിയോടെ ഈ അദ്ധ്യായം അവസാനിപ്പിക്കട്ടെ!

ലോകഭരണത്തിൽ ഇടപെടേണ്ട ആവശ്യം വിശ്വാസിക്കില്ല........ ക്രിസ്തുവിനോടൊപ്പം കഷ്ടം സഹിക്കാനാണ് അവൻ വിളിക്കപ്പെട്ടിരിക്കുന്നത്. ഇപ്പോൾ പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്ന ക്രിസ്തു ഈ ലോകത്തെ ന്യായം വിധിക്കുകയും, സകലത്തേയും തന്റെ കാല്ക്കീഴാക്കുന്ന സമയം വരുകയും ചെയ്യുന്നു. അവിടത്തോടൊപ്പം വിശ്വാസികളും ഭരണത്തിൽ പങ്കാളികളാകും (വെളി. 3:21).

# അദ്ധ്യായം 30

## സ്വയത്തിൽ വിഹരിക്കുന്നവൻ: വഞ്ചകൻ

വിശുദ്ധ ജീവിതത്തിനായുള്ള ശ്രമത്തിനിടയിൽ നമ്മെ ദുർബലമാക്കാൻ സ്വയം പുരോഗതി ലക്ഷ്യമാക്കിയുള്ള ചില കാര്യങ്ങൾ കൂടിയുണ്ട്. ജയത്തിനുവേണ്ടി സ്വയത്തിലേക്ക് നോക്കുന്നവർ തെറ്റായ സ്ഥലത്താണ് നോക്കുന്നത്. നിരാശയേയും, നിരുത്സാഹത്തേയും പരാജയത്തെയും ക്ഷണിക്കുകയായിരിക്കും അതിന്റെ പരിണിതഫലം. മനുഷ്യനെയും അവനിലുള്ള ശക്തിയേയും ലോകം ഊന്നിപ്പറയുന്നു. തിരിച്ചറിയപ്പെടാനും, പ്രസിദ്ധിയ്ക്കും അംഗീകാരത്തിനും വേണ്ടിയുള്ള മനുഷ്യശ്രമം പരിതാപകരം തന്നെ. സഭകളിലും ഇത് കണ്ടുവരുന്നു എന്നുള്ളതാണ് വിരോധാഭാസം.

സുവിശേഷ സംബന്ധമായ വാക്കുകളെക്കൊണ്ട് ആവരണം ചെയ്ത്, മതേതരമാനവികത (Secular Humanism) ഇന്ന് പലസഭകളിലും പ്രസംഗിക്കപ്പെടുന്നു. സ്വാഭിമാനം വിഷയമാക്കിയുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ മത പ്രസിദ്ധീകരണ ശാലകളും മുൻപന്തിയിലുണ്ട്. ഒരു ക്രിസ്തീയ ഗ്രന്ഥശാലയിൽ ആദ്യമായി നടത്തിയ ഒരു സന്ദർശനത്തിൽ താഴെ കൊടുത്തിരിക്കുന്ന ചില പുസ്തകങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടു.

നിന്നെത്തന്നെ സ്നേഹിക്കുക

സ്വസ്നേഹത്തിനുള്ള പഠനകല

സ്വസ്നേഹം - അഭിവൃദ്ധിയിലേക്കുള്ള പ്രേരകശക്തി

ഞാൻ ശരി, നിങ്ങളും ശരി

ഞാൻ ശരിയെന്ന് പറയുന്നതാര്?

നിങ്ങളെ സംബന്ധിച്ച് ശരിയായ വീക്ഷണം

നിങ്ങളുടെ പ്രതിബിംബത്താൽ സ്നേഹിതരെ ഉണ്ടാക്കുക

നിങ്ങളെത്തന്നെ മനസ്സിലാക്കാനുള്ള കല

ഭൂതകാലം മനസ്സിലാക്കുക, അത് ഭാവിയിലേക്കുള്ള താക്കോൽ

എന്റെ മനോഹരമായ വികാരങ്ങൾ

നിങ്ങൾ വിശേഷതയുള്ളവനാണ്

നിങ്ങളിൽ തന്നെ ജീവിക്കുകയും ഇഷ്ടപ്പെടുകയും

മറ്റു ചില ഗ്രന്ഥങ്ങൾ കൂടിയുണ്ടായിരുന്നു. ഇവയ്ക്കെതിരായി ഒരു ചെറിയ പുസ്തകം മാത്രമേ ഷെൽഫിൽ കാണാൻ സാധിച്ചുള്ളു അതിന്റെ തലക്കെട്ട്.

നിങ്ങളെത്തന്നെ ഏകാന്തമായി ഉപേക്ഷിക്കുക.

സ്വയത്തിലേക്കുള്ള അന്വേഷണമാണ് ഒട്ടുമിക്ക ആധുനിക കൗൺസിലിംങ്ങുകളും ചെയ്യുന്നത്.

## ലോകം ഭ്രാന്തു നിറഞ്ഞ അഭയസ്ഥാനം

പീറ്റർ ജിന്റ് എന്നൊരു വ്യക്തി ഒരു മാനസിക രോഗാശുപത്രി സന്ദർശിച്ചതിന്റെ കഥ നോർവേയിലെ നാടകകൃത്തായ ഇബ്സൻ അവതരിപ്പിക്കുന്നുണ്ട്, ആശുപത്രിയിൽ ചെന്ന പീറ്റർ, മാനസിക വിഭ്രാന്തിയുള്ള ആരേയും കാണാത്തതിൽ അത്ഭുതപ്പെട്ടു.

വളരെ വിവേകത്തോട് സംസാരിക്കുകയും സൂക്ഷ്മമായി ഭാവി പദ്ധതികളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്യുന്നവരെയാണ് അവിടെ കാണാൻ സാധിച്ചത് അവരെല്ലാവരും നല്ല വിവേകശാലികൾ തന്നെയാണെന്ന് പീറ്റർ ഉറപ്പിച്ചു. അക്കാര്യം അദ്ദേഹം ഡോക്ടറോടും പറഞ്ഞു. "പക്ഷേ അവർ ഭ്രാന്തന്മാർ തന്നെയാണ് പീറ്റർ" ഡോക്ടർ തുടർന്നു വളരെ വിവേകത്തോട് തന്നെ അവർ സംസാരിക്കും എന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ, എല്ലാം അവരെപ്പറ്റിതന്നെയായിരിക്കുമെന്നു മാത്രം. സ്വയത്തിൽ നിന്നുള്ള ഒരു മോചനം അവർക്കില്ല. സ്വയത്തെപ്പറ്റിയുള്ള ചിന്ത എപ്പോഴും വലിച്ചിഴയ്ക്കപ്പെടുന്നു, സ്വപ്നത്തിൽപോലും. അതേ സർ! വിവേകത്തോടുതന്നെ സംസാരിക്കും, പക്ഷേ സംശയമില്ല! ഭ്രാന്തന്മാർ തന്നെ"

പീറ്റർ ജിന്റ് സന്ദർശിച്ച ആശുപത്രിപോലെതന്നെയാണ് ലോകവും. അത് അതിൽതന്നെ കൈവശപ്പെട്ടിരിക്കുകയാണെന്ന് മനസ്സിലാക്കുന്നതുവരേയും സുബോധമുള്ളതാണെന്ന് നമുക്കും തോന്നാം. ലോകത്തിന്റെ ഭാഗമായ, രാഷ്ട്രീയം, യുദ്ധങ്ങൾ, സാമ്പത്തികകാര്യങ്ങൾ തുടങ്ങിയവ മാത്രമാണ് അതിന് പറയാനുള്ളത്. ദൈവത്തിന് അതിൽ ഒരു സ്ഥാനവുമില്ലാതായിരിക്കുന്നു.

മാനസിക വൈകാരിക മേഖലകളിൽ ക്രമം തെറ്റിയവരുടെ ജീവിതത്തിൽ "സ്വയം" എന്ന ബോധതലം കേന്ദ്രമായുള്ള ആ ചുറ്റളവിനുള്ളിൽ അവർ ആയിത്തീരുന്നു. സ്വയാവലോകനം ചെയ്യാനായി പ്രേരിപ്പിക്കുന്ന കൗൺസിലിംഗ് തന്ത്രങ്ങൾ അവരുടെ ദുരിതത്തെ കൂടുതൽ ഉഗ്രമാക്കിതീർക്കുക മാത്രമാണ് ചെയ്യുന്നത്. ഒരു പഴഞ്ചൊല്ല് ഇങ്ങനെയുണ്ട്. നാഡീരോഗികൾ ആകാശക്കോട്ട നിർമ്മിക്കുന്നു, മാനസികരോഗികൾ അതിൽ പ്രവേശിക്കുന്നു, മാനസികരോഗവിദഗ്ധർ അതിന്റെ വാടക വാങ്ങുന്നു".

## 77-ാം സങ്കീർത്തനത്തിലെ ദുഃഖാർത്തനായ മനുഷ്യൻ

സ്വാർത്ഥതയും അതിന്റെ പരിഹാരവും വിശദീകരിക്കുന്ന രണ്ട് വിഷിഷ്ടമായ വേദപുസ്തക ഭാഗങ്ങളുണ്ട്. ആദ്യത്തേത് സങ്കീർത്തനം 77 ആണ്. ബുള്ളിഞ്ചർ താഴെവരും പ്രകാരം അതിനെ സംക്ഷേപിച്ചിരിക്കുന്നു.

സ്വയത്തിൽ വിഹരിക്കുന്നവൻ വാ. 1-6

അതിന്റെ പരിണിതഫലം - ദുരവസ്ഥ വാ. 7-9

ദൈവിക പ്രവർത്തനങ്ങളിൽ വ്യാപൃതൻ വാ. 10-12

അതിന്റെ പരിണിതഫലം - സന്തോഷം വാ. 13-20

ഈ നാലുഭാഗങ്ങൾക്ക് മറ്റൊരു വ്യക്തി കൊടുത്ത പേരുകൾ ശ്രദ്ധിക്കുക.

ദീർഘനിശ്വാസം

അധഃപതനം

ഗാനാലാപനം

മുന്നേറ്റം

ഈ സങ്കീർത്തനത്തിന്റെ ആദ്യപകുതിയിൽ "ഞാൻ" എന്ന പ്രശ്നത്താൽ ആസാഫ് കഷ്ടപ്പെടുകയാണ്. ഇംഗ്ലീഷ് ബൈബിളിൽ "ഞാൻ" "എന്റെ" "എനിക്ക്" എന്നീ വാക്കുകൾ 22 പ്രാവശ്യം ആവർത്തിക്കുമ്പോൾ "ദൈവം" 13പ്രാവശ്യം മാത്രമേ വരുന്നുള്ളു. സങ്കീർത്തനക്കാരൻ "സ്വയ"ത്തിന്റെ (അഹം) മൂർദ്ധന്യതയിൽ എത്തിയതുകൊണ്ട് അത്യുന്നതന്റെ നന്മയേയും, കൃപയേയും, കരുണയേയും ചോദ്യം ചെയ്യുന്ന അവസ്ഥയിൽവരെയെത്തി.

രണ്ടാമത്തെ പകുതിയിൽ ആസാഫിന്റെ കണ്ണുകൾ കർത്താവിങ്കലേക്കാണ്. തന്നെപ്പറ്റി മൂന്നു പ്രാവശ്യം രേഖപ്പെടുത്തുമ്പോൾ ദൈവത്തെപ്പറ്റി 24 പ്രാവശ്യമാണ് ഈ ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത്.

## റോമർ 7-ാം അദ്ധ്യായത്തിലെ അരിഷ്ടമനുഷ്യൻ

റോമർ 7:9-25 വരെയുള്ള വാക്യങ്ങളാണ് രണ്ടാമത്തെ വേദഭാഗം. ഏതാണ്ട് 40ഓളം വ്യക്തിപരമായ സർവ്വനാമങ്ങുപയോഗിച്ച് ശേഷം അപ്പൊസ്തലനായ പൗലോസ് വിലപിക്കുന്നു, "അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ" 'സ്വയത്തിൽ' അദ്ദേഹത്തിന് വിജയം കണ്ടെത്താനായില്ല. അതുകൊണ്ടാണ് അദ്ദേഹം എഴുതിയത്.... എന്നിൽ അല്ലെങ്കിൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു. എന്നാൽ അദ്ധ്യായത്തിന്റെ അവസാനഭാഗത്തേക്ക് വരുമ്പോൾ അദ്ദേഹം സ്വയത്തിൽ നിന്നും മാറി കർത്താവായ യേശുക്രിസ്തുവിൽക്കൂടെ ജയം പ്രാപിക്കുന്നു.

ജയത്തിനായി സ്വയത്തിലേക്ക് ശ്രദ്ധിക്കുന്നത് കപ്പലിനകത്ത് നങ്കൂരം ഇടുന്നതുപോലെയാണ്, ആത്മീയമായ ഒലിച്ചുപോക്കിൽ അത് കലാശിക്കുന്നു. തന്നെക്കാൾ വലിയവനെയാണ് തനിക്കാവശ്യമെന്ന് യിസ്രായേൽ രാജാവ് മനസ്സിലാക്കി അദ്ദേഹം പറഞ്ഞു. "എന്റെ ഹൃദയം ക്ഷീണിക്കുമ്പോൾ ഞാൻ ഭൂമിയുടെ അറ്റത്തു നിന്നു നിന്നെ വിളിച്ചപേക്ഷിക്കും, എനിക്കു അത്യുന്നതമായ പാറയിങ്കലേക്ക് എന്നെ നടത്തേണമെ" (സങ്കീ. 61:2). പാറ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദൈവത്തെയാണെന്ന് വ്യക്തമാണല്ലോ.

സ്വശ്രദ്ധയിൽ വ്യാപൃതനായിരിക്കുന്ന ഒരു വ്യക്തി ദൈവാനുഗ്രഹങ്ങളെ മറക്കുന്നവനും, അവയോട് നന്ദിയില്ലാത്തവനുമായിരിക്കും, അത് മറ്റുള്ളവരുടെ ആവശ്യങ്ങളെ ഗണ്യമാക്കാത്ത തരത്തിൽ കഠിനമനുഷ്യനാക്കുകയും ചെയ്യും.

## സ്വയം കേന്ദ്രീകൃതനായ അടിമ

സ്വയം കേന്ദ്രീകൃതനായ മനുഷ്യൻ സ്വന്തം വികാരവിചാരങ്ങളോട് അടിമപ്പെട്ടവനാണ്. മറ്റുള്ളവർക്ക് സ്നേഹിതരായിരിക്കാൻ അത്തരക്കാർ ഇഷ്ടപ്പെടുന്നില്ല. തനിക്ക് നേരിടുന്ന ക്ലേശങ്ങൾ

എണ്ണമറ്റ കൗൺസിലിംഗ് വിദഗ്ധരോടും സ്നേഹിതരോടും പറയാറുണ്ടെങ്കിലും നല്കുന്ന ഉപദേശത്തെ അവൻ തിരസ്കരിക്കുന്നു. ദൈവഹിതത്തേയോ മാർഗ്ഗത്തേയോ അംഗീകരിക്കാൻ ഉരുക്കുപോലുള്ള അവന്റെ മനസ്സ് തയ്യാറല്ല. യെഹെ. 33:31,32 വാക്യങ്ങളിൽ ദൈവം അത്തരക്കാരെപ്പറ്റി വിവരിക്കുന്നത് ശ്രദ്ധിക്കുക.

"സംഘം കൂടിവരുന്നതുപോലെ അവർ നിന്റെ അടുക്കൽവന്നു എന്റെ ജനമായിട്ടു നിന്റെ മുമ്പിൽ ഇരുന്നു നിന്റെ വചനങ്ങളെ കേൾക്കുന്നു, എന്നാൽ അവർ അവയെ ചെയ്യുന്നില്ല ,വായ്കൊണ്ടു അവർ വളരെ സ്നേഹം കാണിക്കുന്നു, ഹൃദയമോ ദുരാഗ്രഹത്തെ പിൻതുടരുന്നു.

നീ അവർക്കു മധുരസ്വരവും വാദ്യനൈപുണ്യവും ഉള്ള ഒരുത്തന്റെ പ്രേമഗീതം പോലെ ഇരിക്കുന്നു. അവർ നിന്റെ വചനങ്ങളെ കേൾക്കുന്നു ചെയ്യുന്നില്ലതാനും".

'ഞാൻ' എന്നു ചിന്തിക്കുന്ന ഒരു വ്യക്തിയുടെ പരിതാപകരമായ നിലയാണ് മുകളിൽ നാം കണ്ടത്. ഇതിൽ നിന്ന് എങ്ങനെ ജയം പ്രാപിക്കാനാകും?

## വിടുതലിനുള്ള ചില പടികൾ

ഒന്നാമതായി സ്വയത്തിൽ വിഹരിക്കുന്നവൻ കർത്തൃവേലയിലേക്ക് തിരിയുക (2 കൊരി. 3:18) ക്രിസ്തുവിൽ ദൃഷ്ടിവെയ്ക്കുമ്പോഴാണ് അവന്റെ സാദൃശ്യത്തോടെ നാം അനുരൂപപ്പെടുന്നത്. സ്വയത്തിന്റെ ആയിരം നല്ല ഭാവങ്ങൾ കൊണ്ടുവന്നാലും ക്രിസ്തുവിന്റെ ഒരു ഭാവത്തോളം പോലും അതാകുകയില്ല (A thousand good versions of self are not worth one verson of christ) മറ്റൊരുവിധത്തിൽ പറഞ്ഞാൽ ശുദ്ധീകരിക്കപ്പെട്ട ആ "സ്വയം" തേജസ്കരിക്കപ്പെട്ട ക്രിസ്തുവിന്റെ വളരെ ദുർബലമായ ഒരു പ്രതിരൂപമാണ്.

അവന് തുടർച്ചയായി ഇങ്ങനെ പ്രാർത്ഥിക്കാം.

പ്രിയ കർത്താവേ ഞാൻ എന്നിൽനിന്ന് രക്ഷപെടട്ടെ

നിന്നിൽ ഞാൻ മറയട്ടെ

ഇനിയും ഞാനല്ല

എന്നിൽ ജീവിക്കുന്ന ക്രിസ്തുമാത്രം (A.B. സിംപ്സൺ)

ഓർമ്മിക്കാൻ ഒരു സൂത്രവാക്യം ചേർക്കുന്നു.

'സ്വയത്തിൽ വ്യാപൃതനായിരിക്കുന്നുവന് നിരാശയായിരിക്കും ഫലം. മറ്റുള്ളവരുടെ കാര്യങ്ങളിൽ വ്യാപൃതനായിരുന്നാൽ നിരുത്സാഹമായിരിക്കും ഫലം. ക്രിസ്തുവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരുന്നാൽ അത്യാഹ്ലാദമായിരിക്കും ഫലം'.

നമുക്കാവശ്യമായ സ്വഭാവ സവിശേഷതയെപ്പറ്റിയുള്ള ഒരു സംഭവം പോൾ വാൻഗോർഡർ എഴുതുന്നു. പ്രശസ്ത സംഗീതജ്ഞനായ ബീഥോവന്റെ "ഒൻപതാം സിംഫണി" അവതരിക്കപ്പെട്ട ശേഷം പ്രേക്ഷകർ എല്ലാവരും എഴുന്നേറ്റ് നിന്ന് അത് നടത്തിയ ആളായ 'ആർട്ടുറോ ടോസ്കാനിനി'യേയും അതിലെ സംഗീതജ്ഞന്മാരേയും ആവേശത്താൽ കരഘോഷം നല്കി അഭിനന്ദിച്ചു. ആ അഭിനന്ദനം വിനയമായി സ്വീകരിച്ചശേഷം അദ്ദേഹം തന്നോടൊപ്പമുള്ള സംഗീതജ്ഞനോട് ചെറിയ ശബ്ദത്തിൽ പറഞ്ഞു 'ഞാനൊന്നുമില്ല, നിങ്ങളും ഒന്നുമില്ല' എന്നിട്ട് ഉച്ചസ്വരത്തിൽ 'എല്ലാമാകുന്നത് ബീഥോവനാണ്'. ഇത് സ്വയം ത്യജിക്കലിന്റെ ഒരു ഉദാഹരണമാണ്.

എന്നാൽ ഒരു പരിധിവരെയെങ്കിലും ആത്മപരിശോധന ആവശ്യമാണെന്നും വേദപുസ്തകത്തിൽ അക്കാര്യം ഉണ്ടെന്നും ചൂണ്ടിക്കാണിച്ച് ചിലരെന്നെ പ്രതികൂലിക്കാം. ഞാനത് സമ്മതിക്കുന്നു. മക്ക്ച്ചെയിൻ എഴുതിയ ഒരു നിയമം ഇവിടെ ഓർക്കുന്നത് നല്ലതാണ്, "നിങ്ങളിലേക്ക് നോക്കുന്ന ഓരോ നോട്ടത്തിനും പത്തുപ്രാവശ്യം ക്രിസ്തുവിങ്കലേക്ക് നോക്കണം" ഒരു പഴയ ഗാനത്തിന്റെ ഈരടികൾ പറയുന്നതുപോലെ, "സ്വയത്തിൽനിന്ന് പറന്ന് ക്രിസ്തുവിൽ അഭയം തേടുന്നത് എത്ര മാധുര്യമേറിയതാണ്".

രണ്ടാമതായി വേദപുസ്തകം വ്യക്തമാക്കുന്നതുപോലുള്ള സമതുലിതമായ ഒരു വീക്ഷണം ജീവിതത്തെപ്പറ്റി ഒരു വ്യക്തിക്ക് ഉണ്ടായിരിക്കണം. ദൈവകൃപയാൽ രക്ഷിക്കപ്പെടാനും, പാപം ക്ഷമിക്കപ്പെടാനും, നീതീകരിക്കപ്പെടാനും സ്വർഗ്ഗത്തിന് യോഗ്യനായിത്തീരാനും ദൈവത്തിന്റെ പ്രിയപുത്രനായ ക്രിസ്തുവിൽ എല്ലാ സ്വീകാര്യത്തോടും ദൈവമുമ്പിൽ ആയിരിക്കുവാനും അവന് സാധിക്കുന്നു. ക്രിസ്തുവിൽ പൂർണ്ണനും കൂട്ടവകാശിയും സൃഷ്ടികളിൽ

അതിവിശിഷ്ടനും ജീവിതത്തിൽ വ്യക്തിത്തമുള്ള ഒരു ജോലി നിർവ്വഹിക്കേണ്ടവനും ദൈവത്തിന് ഏറ്റവും വിലയേറിയവനുമാണ് അവൻ.

എന്നാൽ മറുവശത്ത്, തന്നിലോ താനോ ഒന്നും തന്നെയില്ല, തന്റെ ജഡത്തിൽ ഒന്നും നല്ലതായിട്ടില്ല (2കൊരി. 12:11; ഗലാ. 6:3) എന്ന കാര്യം അവൻ അംഗീകരിക്കണം. അത്തരക്കാർക്ക് സ്വയത്തിലേക്ക് നോക്കുമ്പോൾ യാതൊരു നന്മയും കാണാൻ സാധിക്കുകയില്ല, അതിൽ അവർ നിരാശപ്പെടുകയുമില്ല. മൂന്നാമതായി സ്വയം കേന്ദ്രീകൃതനായ വ്യക്തി മറ്റുള്ളവർക്കായുള്ള ശുശ്രൂഷയിൽ തന്നെത്തന്നെ നഷ്ടപ്പെടുത്തണം. സ്വന്തം കാര്യം പോലും ചിന്തിക്കാൻ സമയമില്ലാതെ മറ്റുള്ളവരെ സഹായിക്കുവാൻ തല്പരരായവരുടെ ജീവിതം സഫലീകരിക്കപ്പെടും. സ്വയത്തിൽ വിഹരിക്കുന്നതിനല്ല തന്നെത്തന്നെ പകെക്കുന്നതിൽ നിന്നാണ് ജീവിതത്തിൽ സംതൃപ്തി അനുഭവപ്പെടുന്നത്. കർത്താവ് പറഞ്ഞു 'തന്റെ ജീവനെ പകയ്ക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും' (യോഹ. 12:25).

നിങ്ങളുടെ നാഡീവ്യൂഹത്തിന് തകർച്ച നേരിടാൻ പോവുകയാണെന്നറിഞ്ഞാൽ നിങ്ങളെന്തു ചെയ്യും എന്ന് പ്രശസ്ത മാനസിക രോഗ വിദഗ്ധനായ കാൾ മെനിൻഞ്ചറോട് ഒരിക്കൽ ചോദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മറുപടി, 'എന്നെക്കാൾ മോശമായ സ്ഥിതിയിലിരിക്കുന്ന ഒരുവനെ കണ്ടുപിടിച്ച് ആ വ്യക്തിയെ സഹായിക്കാൻ ഞാൻ ശ്രമിക്കും' എന്നായിരുന്നു.

തന്നെത്തന്നെ പകെക്കുന്ന വ്യക്തി ഞാൻ പ്രാധാന്യമുള്ളവനാണ് എന്ന സ്വയം പ്രശംസയ്ക്ക് മുതിരുകയില്ല. ശാരീരിക സ്ഥിതിയോ, അംഗവൈകല്യമോ, പരിമിതങ്ങളായ കഴിവുകളോ ശ്രദ്ധിക്കാതെ തന്നെ ദൈവം എങ്ങനെ സ്വീകരിച്ചിരിക്കുന്നുവോ അതേപോലെ അവൻ തന്നെ തന്നെ സ്വീരിക്കുന്നു. (1കൊരി. 15:10) ആ വ്യക്തിക്ക് ഓർക്കാനുള്ളത്, "ഞാൻ ആകുന്നതു ദൈവകൃപയാൽ ആകുന്നു" ജീവിതത്തിൽ മാറ്റാൻ പറ്റാത്ത സംഗതികളുണ്ടെങ്കിൽ അവയെ സ്വീകരിച്ച് സമാധാനപൂർണ്ണനാകാൻ' ആ വ്യക്തിയ്ക്ക് കഴിയും. ദൈവിക പരമാധികാരത്താൽ ജീവിതത്തിൽ

ആക്കിവെച്ചിരിക്കുന്നവയ്ക്കെതിരെ കുറ്റം പറയുന്നത് പാപം ആണ്. അവയെ മറ്റൊന്നാഗ്രഹിക്കുന്നത് വ്യർത്ഥവും. നാലാമതായി സ്വശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള പുസ്തകങ്ങളും സെമിനാറുകളും ദൈവത്തിലേക്ക് തിരിച്ചുവിടാതെ സ്വയത്തിലേക്കു ശ്രദ്ധ തിരിച്ചു വിടുന്ന കൗൺസിലിംഗുകളും വർജ്ജിക്കുക. സ്വയത്തെ മറന്ന്, യോഗ്യനായ കർത്താവിങ്കലേക്ക് ശ്രദ്ധ തിരിക്കുക അതാണ് നാം ചെയ്യേണ്ടത്.

## അദ്ധ്യായം 31

# വിശുദ്ധിക്കായി സമയം എടുക്കുക

വില്ല്യം ഡി. ലോങ്സ്റ്റാഫ് എഴുതിയ "Take time to be holy" എന്നാരംഭിക്കുന്ന ഒരു വിഖ്യാത ഇംഗ്ലീഷ് ഗാനമുണ്ട്. വിശുദ്ധജീവിതത്തിന് അത്യന്താപേക്ഷിതമായിരിക്കുന്ന കാര്യങ്ങൾ ഒരു ഗാനമായി എഴുതുന്നതിൽ അദ്ദേഹം വിജയിച്ചു. അവയെ മനസ്സിലാക്കുകയോ, ചിന്താവിധേയമാക്കുകയോ ചെയ്യാതെയാണ് പലപ്പോഴും നാം ഈ സ്തോത്രഗാനം ആലപിക്കാറുള്ളത്. വിശുദ്ധരായിരിപ്പീൻ എന്ന പഠനത്തിന്റെ അവസാനമായ ഈ അദ്ധ്യായത്തിൽ, മുൻ അദ്ധ്യായങ്ങളിൽ ശ്രദ്ധിച്ച പല സുപ്രധാന വിഷയങ്ങളും, തന്മയത്വത്തോട് എഴുതിയിരിക്കുന്ന പ്രസ്തുത ഗാനത്തിന്റെ വരികളിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്. ശ്രദ്ധിക്കാം.

### വിശുദ്ധിക്കായി സമയംഎടുക്കുക

വിശുദ്ധജീവിതം പരിപോഷിപ്പിക്കേണ്ട ഒന്നാണ്. ഒരു നിമിഷം കൊണ്ട് സാദ്ധ്യമാകുന്ന ഒന്നല്ല അത്. ത്വരിതഗതിയിലുള്ള നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന ഒരു ചെറിയ അനുഭവം ശുദ്ധീകരണത്തിലേക്കുള്ള ഒരു വലിയ കാൽവെയ്പാണ് എന്ന് പലപ്പോഴും നാം വിചാരിക്കാറുണ്ട്. എന്നാൽ അത് അത്തരത്തിലാകുകയില്ല. ക്രിസ്തുവിൽ വസിച്ച് പ്രതിനിമിഷം ഉണ്ടാകേണ്ട അനുഭവമാണ് വിശുദ്ധീകരണം. വാൻസ് ഹാവ്നർ പറഞ്ഞു, "വിശുദ്ധരായിരിപ്പാൻ സമയം ആവശ്യമാണ്, എന്നാൽ നമുക്ക് സമയം തീരെ ഇല്ലാതായിരിക്കുന്നു. സരളമായ വിശ്വാസത്തിന്റെ അഗ്നി വീണ്ടും

ജ്വലിപ്പിക്കുന്നവർ എത്രയോ സന്തോഷമുള്ളവരായിരിക്കും, പുരോഗതിയുടെ പേരിൽ വില്ക്കപ്പെടാൻ അവർ വിസമ്മതിക്കുന്നു".

## നിന്റെ കർത്താവിനോട് നിരന്തരം സംഭാഷിക്കുക

പ്രാർത്ഥനയില്ലെങ്കിൽ വിശുദ്ധിയുമില്ല. പ്രാർത്ഥന, കാര്യങ്ങളെ മാത്രമല്ല നന്മയും വ്യത്യാസപ്പെടുത്തുന്നു. പ്രാർത്ഥന കേവലം ഇടയ്ക്കിടെ ഉള്ളതായിത്തീരരുത്, നിരന്തരമായുള്ളതായിരിക്കണം. യാദൃശ്ചികമല്ല, ഗൗരവപൂർണ്ണമായതാണ്, നിർബന്ധത്താലല്ല, എന്നാൽ നിർബന്ധമായും വേണം.

## എപ്പോഴും അവനിൽ വസിക്കുക

'വസിക്കുക' എന്നാൽ തുടർച്ചയായിരിക്കുക എന്നർത്ഥം, പ്രത്യേകിച്ച് ദൈവവചനത്തിലുള്ള തുടർച്ചയായ അനുസരണം. രക്ഷകനെ ആഴമായി അറിയാനും, കൂടുതലായി അവിടത്തോട് അനുരൂപപ്പെടാനും അത് ഇടയാക്കുന്നു. കർത്താവ് പറഞ്ഞു "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും" (യോഹന്നാൻ 15:10).

## ദൈവവചനത്തെ ഭക്ഷിക്കുക

ദൈവവചനം നാം വായിക്കുകയും, പഠിക്കുകയും, മനഃപാഠം ചെയ്യുകയും, ധ്യാനിക്കുകയും, അനുസരിക്കുകയും ചെയ്യേണ്ടതാണ്. യിരമ്യാ പ്രവാചകൻ, വചനത്തെ ആഹാരമായി സ്വീകരിച്ചപ്പോൾ സന്തോഷവും ഹൃദയത്തിൽ ആനന്ദവും അത് പ്രദാനം ചെയ്തു. പാപം ചെയ്യാതിരിപ്പാൻ സങ്കീർത്തനക്കാരനെ സഹായിച്ചത് ദൈവവചനമാണ്. ദൈവവചനമാകുന്ന ആത്മീയാഹാരം നമ്മുടെ "ഉപദേശത്തിനും ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു".

## ദൈവമക്കളുമായി കൂട്ടായ്മ പുലർത്തുക

വിശുദ്ധന്മാരുമായുള്ള കൂട്ടായ്മ നമ്മുടെ ജീവിതവിശുദ്ധിയിൽ ആഴമായ സ്വാധീനംതന്നെ ചെലുത്തും. നല്ല സ്വഭാവങ്ങളെ ദുഷിപ്പിക്കാൻ തെറ്റായ കൂട്ടുകെട്ടുകൾക്കു കഴിയുന്നതുപോലെ, ദൈവഭക്തി നിറഞ്ഞ സ്വഭാവങ്ങളെ ബലപ്പെടുത്തുവാൻ ദൈവമക്കളുമായുള്ള കൂട്ടായ്മ ഇടയാക്കും.

## ബലഹീനരെ സഹായിക്കുക

കർത്തൃശുശ്രൂഷയിലേർപ്പെടുകയും മറ്റുള്ളവരെ സഹായിക്കുകയും ചെയ്യുന്ന ഒരു ജീവിതമായും ഇതിനെ നമുക്ക് വിവരിക്കാം. നിഷ്ക്രിയത്വം ഒരു കണിയാണെന്ന് നാം കണ്ടുകഴിഞ്ഞുവല്ലോ. രാജാവിന്റെ വേലയിൽ വ്യാപൃതനായിരിക്കുന്നില്ലെങ്കിൽ പാപപ്രലോഭനങ്ങൾ ബലമുള്ളതായി നമ്മെ നേരിടും.

## എല്ലാകാര്യങ്ങൾക്കും അവന്റെ അനുഗ്രഹം തേടുക

ക്രിസ്തീയ സ്വഭാവത്തിന്റെ ഒരു പരീക്ഷ, "എന്റെ തലയെ കുനിച്ച്, ഇതിനെ അനുഗ്രഹിക്കണമെന്ന് ദൈവത്തോട് യാചിക്കാൻ എനിക്ക് സാധിക്കുമോ?" നാം എന്തുചെയ്താലും അതെല്ലാം അവിടത്തെ മഹത്വത്തിനായും, അവനെ പ്രസാദിപ്പിക്കുക എന്ന ഏകവും ശുദ്ധവുമായ ലക്ഷ്യത്തോടെയും ചെയ്യേണ്ടതാണ്. അവന്റെ വിശുദ്ധിയിലധിഷ്ഠിതമായി മാത്രമേ അവൻ അനുഗ്രഹിക്കുകയുള്ളൂ.

## യേശുവിനോടൊപ്പം രഹസ്യമായി സമയം ചിലവഴിക്കുക

W. ഗ്രഹാം സ്കോർജ്ജി എഴുതി,

"അനുഗ്രഹം ലഭിക്കേണ്ടതിന് നിങ്ങളെത്തന്നെ ഒറ്റപ്പെടുത്തുക". വിശുദ്ധജീവിതം നയിക്കുന്നവർ ദൈവവചന ധ്യാനത്തിന് ധാരാളം സമയം വേർതിരിക്കുന്നു. ദൈവത്തിൽ ആഴമായി വേരൂന്നിയ ജീവിതമല്ലെങ്കിൽ കേവലം ഉപരിപ്ലവം മാത്രമായിരിക്കും.

## യേശുവിനെ ദർശിച്ച് അവനെപ്പോലെ ആകുക

ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കു മുമ്പ് അപ്പോസ്തലനായ പൗലോസ് എഴുതി, "എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു" (2 കൊരിന്ത്യർ 3:18). വേറൊരു വിധത്തിൽ പറഞ്ഞാൽ, അവനെ ശ്രദ്ധിച്ച് അവന്റെ സദൃശ്യത്തോട് നാം അനുരൂപപ്പെടുക.

## നിന്റെ സ്നേഹിതർ നിന്റെ സ്വഭാവത്തിൽകൂടി അവന്റെ സദൃശ്യം കാണുക

മോശെ സീനായി മലയിൽ നിന്നിറങ്ങി വന്നപ്പോൾ തേജസ്സിനാൽ അവന്റെ മുഖം നിറഞ്ഞിരുന്നു. യഹൂദാപ്രമാണികൾ അപ്പോ

സ്തലരായ പത്രൊസിന്റെയും യോഹന്നാന്റെയും ധൈര്യം കണ്ട പ്പോൾ പഠിപ്പില്ലാത്തവരും സാമാന്യരുമായ ആ മനുഷ്യർ യേശു വിനോട് കൂടെ ആയിരുന്നവർ എന്ന് മനസ്സിലാക്കി (അപ്പൊ. പ്രവർത്തികൾ 4:13). രക്ഷകനോടൊത്ത് വളരെ അടുത്തുള്ള സഹ വാസം ഉണ്ടെങ്കിൽ അവന്റെ സ്വഭാവഗുണങ്ങൾ നമ്മുടെ ജീവിത ത്തിൽകൂടി മറ്റുള്ളവർ ദർശിക്കാനിടയാകും.

## വിശുദ്ധിക്കായി സമയം എടുക്കുക, നിന്നെ നിയന്ത്രിക്കുന്നവൻ അവനാകട്ടെ

ഇതിന്റെ അർത്ഥം, നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം പൂർണ്ണ മായി കർത്താവിന്റെ കരങ്ങളിൽ ഏല്പിക്കുക; നമ്മുടെ ഹിതത്തി നുപകരം അവന്റെ ഹിതം ചെയ്യുക; സ്വയപദ്ധതിയിൽ ആശ്രയി ക്കാതെ, അവിടത്തേതിൽ ആശ്രയിക്കുക എന്നൊക്കെയാണ്.

## അവനെ മറികടന്ന് ഓടാൻ ശ്രമിക്കരുത്

അവനിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശം ഉടൻ കിട്ടിയില്ലെങ്കിൽ സ്വയപ്രേരണയാൽ പ്രവർത്തിക്കാനിടയുണ്ട്. കാര്യങ്ങളെ സ്വയേ ച്ഛയാൽ ചെയ്യാൻ ശ്രമിക്കുന്നു. കാത്തിരിക്കാനുള്ള ക്ഷമ ഇല്ലാ ത്തതിനാൽ അവന് മുൻപേ, കാര്യങ്ങൾ ചെയ്യാൻ ഇറങ്ങുന്നു. വ്യസനത്തോട് കിടക്കേണ്ടിവരുന്നതാണ് അതിന്റെ പരിണിതഫലം (യെശയ്യാവ് 50:11.

## സന്തോഷമായാലും സന്താപമായാലും കർത്താവിനെ അനുഗമിക്കുക

ദൈവത്തോടുള്ള ഭക്തി സാഹചര്യങ്ങളുടെ സമ്മർദ്ദം, താഴ്ച, വീഴ്ച ഇവയിൽ നിന്നും വിടുതൽ പ്രാപിച്ചതായിരിക്കണം. ജോൺ വെസ്ളിയുടെ പ്രാർത്ഥന ഇതായിരുന്നു, "കർത്താവേ ഇടവിട്ടുണ്ടാ ക്കുന്ന ഭക്തിയിൽ നിന്ന് എന്നെ വിടുവിച്ച് ശരിയായ ഒരു ക്രിസ്ത്യാ നിയാക്കി മാറ്റേണമേ".

## യേശുവിൽ നോക്കി അവിടുത്തെ വചനത്തിൽ ആശ്രയിക്കുക

ദൈവവചനത്തിലേക്ക് പാട്ടുകാരൻ വീണ്ടും വരികയാണ്.മനു ഷ്യനെ നിർമ്മലനാക്കുവാനും ശുദ്ധീകരിക്കുവാനും വചനത്തിന്

മാത്രമേ കഴിയൂ എന്നദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടിരുന്നു. 119-ാം സങ്കീർത്തനത്തിന്റെ എഴുത്തുകാരനോടൊപ്പം അദ്ദേഹവും ഈ വിഷയത്തിൽ സമാനത പുലർത്തുന്നു.

## വിശുദ്ധിക്കായി സമയം എടുക്കുക, ആത്മാവിൽ ശാന്തമായിരിക്കുക

വിശുദ്ധജീവിതം സമാധാനവും, ഐശ്വര്യം നിറഞ്ഞതുമാണ്. വിശ്വാസം ഭീരുത്വത്തിൽ നിന്നും, അസ്വസ്ഥതയിൽ നിന്നും നമ്മെ വിടുവിക്കുന്നു. യഥാർത്ഥമായി അവനിൽ ആശ്രയം വെയ്ക്കുന്നു വെങ്കിൽ നാം ദുഃഖിക്കേണ്ടി വരികയില്ല.

## ഓരോ ചിന്തയും, വികാരവും അവന്റെ നിയന്ത്രണത്തിൻ കീഴിലാക്കുക

ദാവീദ് പ്രാർത്ഥിച്ചു, "ദൈവമേ, എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോഎന്നു നോക്കി, ശ്വാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമേ" (സങ്കീർത്തനം 139:2,3,24).

"രഹസ്യത്തിൽ ഉത്ഭവിക്കുന്ന എന്റെ എല്ലാ ചിന്തകളേയും എന്നെ നിയന്ത്രിക്കുന്ന സ്വയേച്ഛകളേയും എന്റെ ആത്മാവിനെ ഭരിക്കുന്ന മലിനതകളുടെ അറകളേയും പരിശോധിച്ചാലും".

F. ബോട്ടോമേ (F. BOTTOME)

പ്രിയരേ, സ്നേഹത്തിന്റെ നീരുറവിലേക്ക് കർത്താവിന്റെ ആത്മാവാൽ നടത്തപ്പെടുക.

## ഉയരത്തിലെ ശുശ്രൂഷയ്ക്കായി അനുയോജ്യമാക്കപ്പെടുക

വിശുദ്ധിയ്ക്കായി സമയം എടുക്കുമ്പോൾ ഈ ജീവിതത്തിൽ നിരന്തരമായ ആത്മീയാനുഗ്രഹങ്ങൾ നാം പ്രാപിക്കുകയും, തേജസ്സ് നിറഞ്ഞ സ്വർഗ്ഗപുരിയിലെ ശുശ്രൂഷകൾക്കായി യഥായോഗ്യമാക്കപ്പെടുകയും ചെയ്യുന്നു. തിമൊഥെയോസിനോട് അപ്പൊസ്തലനായ പൗലോസ് പറഞ്ഞതിന്റെ സാരാംശവും അതുതന്നെയാണ്.

"ദൈവഭക്തിയോ ഇപ്പോഴത്തെ ജീവന്റെയും വരുവാനിരിക്കുന്നതിന്റെയും വാഗ്ദത്തമുള്ളതാകയാൽ സകലത്തിലും പ്രയോജനമുള്ളതത്രേ" (1 തിമൊഥെയോസ് 4:8).

## അന്തിമ വാക്ക്

"വിശുദ്ധരായിരിപ്പിൻ" എന്നത് വിസ്മരിക്കപ്പെട്ട കല്പനയായി മാറിയിട്ടുണ്ടെങ്കിലും അത് അങ്ങനെ സംഭവിക്കാൻ പാടില്ലാത്തതാണ്. കർത്താവിന്റെ കല്പനകളിൽ ഉന്നതസ്ഥാനത്തായി തന്നെ അത് നില്ക്കുന്നു. നിർദ്ദേശമായോ, ഐച്ഛികമായി തിരഞ്ഞെടുക്കുവാനോ നല്കപ്പെട്ട ഒന്നല്ല ഇത്, പ്രത്യുത ഒരു കല്പനതന്നെയാണിത്. അവിടുന്ന് നല്കിയിരിക്കുന്ന മറ്റുള്ള കല്പനകളെപ്പോലെ തന്നെ നമ്മുടെ നന്മ ലക്ഷ്യമാക്കി മാത്രം ഇതും നല്കപ്പെട്ടിരിക്കുന്നു.

"യേശുക്രിസ്തുവിനെപ്പോലെ ആകുക" എന്ന ഉൽകൃഷ്ട ലക്ഷ്യത്തിൽ കവിഞ്ഞ മറ്റൊന്ന് വിശ്വാസികൾക്കില്ല. ദൈവത്തെ വെളിപ്പെടുത്താൻ വിശുദ്ധജീവിതം മാത്രമേയുള്ളു താനും. വിശുദ്ധജീവിതം ക്രിസ്ത്യാനിത്വത്തെ വിശ്വാസയോഗ്യമാക്കുന്നു; ദൈവത്തിന് മഹത്വവും വിശ്വാസികൾക്ക് അനുഗ്രഹവും അത് കൊണ്ടുവരുന്നു. എന്നാൽ മറുവവശത്ത്, വിശുദ്ധജീവിതത്തിലേക്ക് ആനയിക്കപ്പെട്ട ഒരു വ്യക്തി പാപം ചെയ്യുമ്പോൾ, ദൈവനാമത്തിന് അപമാനവും, അനാദരവും, അവജ്ഞയും കൊണ്ടുവരുന്നു. പാപം, ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന് വിള്ളൽ വരുത്തുകയും, മറ്റുള്ളവർക്ക് ഇടർച്ചാഹേതുവായി തീരുകയും ചെയ്യുന്നു.

കർത്താവ് നമ്മോടു കാണിച്ച കൃപയും, അളവറ്റ സ്നേഹവും ഈ ഉന്നതപദവിയിലേക്ക് നമ്മെ കൊണ്ടുവരാൻ അവിടുന്ന് കൊടുത്ത വലിയ വിലയും ആണ് വിശുദ്ധജീവിതം നയിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ.

വിശുദ്ധജീവിതം ഒരു പ്രക്രിയയാണ്, സ്വയം നേടിയെടുക്കുന്നതല്ല, നമ്മുടെ രക്ഷകനെ മുഖാമുഖം ദർശിക്കുന്നതുവരേയും നമ്മുക്ക് പൂർണ്ണവിശുദ്ധരാകുവാൻ സാദ്ധ്യമല്ലെങ്കിലും അവിടത്തെ സാദൃശ്യത്തോട് അനുരൂപപ്പെട്ടുകൊണ്ടിരിക്കണം.

ലോകം, ജഡം, പിശാച് ഇവക്കെതിരെ യുദ്ധം ചെയ്യാൻ പോർക്കളത്തിലായിരിക്കുമ്പോൾ ഒരു ക്രിസ്തുഭടന് സർവ്വായുധവർഗ്ഗം അത്യന്താപേക്ഷിതമാണ്. നീതിപൂർവ്വമായ ക്രിസ്തീയ സ്വഭാവമാണ് ആ സർവ്വായുധവർഗ്ഗം. നാം അത് ധരിക്കുമ്പോൾ എതിരാളികളുടെ ആയുധങ്ങൾ ശക്തിരഹിതമായിരിക്കും.

നമ്മെ വിശുദ്ധരാക്കാൻ ദൈവത്തിന് മാത്രമേ കഴിയൂ, എന്നാൽ നമ്മുടെ സഹകരണമില്ലാതെ അവിടുന്നത് ചെയ്യുകയില്ല. നാം നയിക്കപ്പെടേണ്ടതിന് ചില മാർഗ്ഗനിർദ്ദേശങ്ങൾ ദൈവം നല്കിയിട്ടുണ്ട്. അവയെ അനുസരിച്ച് മുന്നോട്ടു പോകുമ്പോൾ മഹത്വത്തിൽ നിന്ന് മഹത്വത്തിലേക്ക് ദൈവാത്മാവ് നമ്മെ മാറ്റുന്നു. പാപങ്ങളെ ഏറ്റുപറയൽ, നിരപ്പ് പ്രാപിക്കൽ, സമർപ്പണം, കർത്തൃശുശ്രൂഷയിലായിരിക്കുക, ആത്മനിയന്ത്രണത്തിലായ ശരീരം, മനസ്സ്, ദൈവവചന പഠനം, പ്രാർത്ഥന, സഹവിശ്വാസികളുമായുള്ള കൂട്ടായ്മ തുടങ്ങിയവ അതിനുള്ള ദൈവവ്യവസ്ഥകളാണ്.

നമ്മുടെ ലൈംഗീക ജീവിതത്തിലും, സംസാരത്തിലും, വികാരത്തിലും, വസ്ത്രധാരണത്തിലും വിശുദ്ധി ഉൾപ്പെട്ടിരിക്കേണ്ടതാണ്. യഥാർത്ഥത്തിൽ വിശുദ്ധി ആവശ്യമില്ലാതെയിരിക്കുന്ന ഏതെങ്കിലും വശം നമ്മുടെ ജീവിതത്തിലുണ്ടോ?

"ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല" (എബ്രായർ 12:14) എന്ന വചനം ഏതൊരു വിശ്വാസിയേയും പിടിച്ചുലയ്ക്കേണ്ടതാണ്. കർത്താവും, രക്ഷകനുമായ യേശുക്രിസ്തുവിനെ ഒരു വ്യക്തി ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ ലഭിക്കുന്ന സ്ഥാനീയ വിശുദ്ധിയെയാണ് ഇത് സൂചിപ്പിക്കുന്നതെങ്കിലും, അവരുടെ ജീവിതത്തിൽ തുടർമാനമായി സംഭവിച്ചുകൊണ്ടിരിക്കേണ്ട പ്രായോഗിക വിശുദ്ധിയേയും ഇത് സൂചിപ്പിക്കുന്നു.

# Endnotes

| | |
|---|---|
| Chapter 13 | [1]From the author's *Enjoying the Psalms* (Kansas City, KS: Walterick Publishers, 1977), Vol.1, pp.238-40. Used by permission. |
| Chapter 18 | [2]Quoted by J.Oswald Sanders in *The Best That I Can Be* (Singapore : OMF Books, 1965), pp.110, 111. |
| | [3]Quoted in 1200 More Notes, Quotes and Anecsotes by A. Naismith, p. 93. |
| Chapter 25 | [4]The story is true; the name Kevin Baker is fictitious. |
| Chapter 26 | [5]Our word *pharmacy* is merely an Anglicised form of this word. |
| | [6]This chapter is from the author's *Doing Time With Jesus,* an Emmaus Correspondence course, by the author, Emmaus Bible College, 1985. |
| Chapter 27 | [7]This chapter is from *Gambling and Drinking,* by William MacDonald, Arthur Wilder, and Donald Norbie (Published by Everyday Publications, Scarborough, Ontario, Canada, 1980). |
| Chapter 30 | [8]Eugene H. Peterson, *Travelling Light* (Downer's Grove, IL: Inter Varsity Press), pp. 69-71. |